പ്രിയവായനക്കാരെ ശ്രദ്ധിക്കുക.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
E 342
MANNARGHAT

നമ്മുടെ ഭരണഘടന

NAMMUDE BHARANAGHATANA

[A STUDY]

by

Konniyoor, R. Narendra Nath B. Sc., B. L.

First Edition 1000 Copies.

Published by

M. G. R. Nair and Ganga N. Nath,

Malloor House, Vanchiyoor,

TRIVANDRUM.

DISTRIBUTORS

NATIONAL BOOKSTALL

POST BOX 40 KOTTAYAM

Rs. 4/-

നമ്മുടെ ഭരണഘടന

ഒരു പഠനം

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
E-342
MANNARGHAT

കൌൺസിലർ ആർ നരേന്ദ്രനാഥ്
ബി. എസ്സ്‌സി; ബി. എൽ.

NATIONAL BOOK STALL
25 JUL 1957
TRIVANDRUM-1

വിതരണക്കാർ:
നാഷണൽ ബുക്ക്സ്റ്റാൾ
കുമരിക്കൽ ബസാർ, കോട്ടയം.

കോന്നീയ്യൂർ ആർ. നരേന്ദ്രനാഥിന്റെ
ഇതരകൃതികൾ

ആത്മമിത്രം	(ചെറുകഥകൾ)
ചരിത്രം ആവർത്തിക്കുന്നു	,,
വിവാഹത്തിനുശേഷം	(ഏകാങ്കം)
മനുഷ്യരാശിക്കുവേണ്ടി	,,
കടപ്പാടുകൾ	(നോവൽ)

PRINTED AT THE MODERN PRESS, TRIVANDRUM.

നമ്മുടെ ഭരണഘടന

ഉള്ളടക്കം

i പ്രസ്താവന

ii അവതാരിക

iii ഈ പാഠത്തിന് ഉപകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ

iv ഭാരതത്തിന്റെ ഭൂപടം

അദ്ധ്യായം	1	ചരിത്രപശ്ചാത്തലം	1
...	2	ഭരണഘടനയുടെ പീഠിക	30
...	3	ഭാരതരാജ്യം	38
...	4	പൗരത്വം	43
...	5	മൗലികാവകാശങ്ങൾ	48
...	6	സ്റ്റേററിന്റെ നയം സംബന്ധിച്ചുള്ള നിർദ്ദേശകതത്വങ്ങൾ	105
...	7	രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ...	114
...	8	കേന്ദ്രമന്ത്രിസഭ	135
...	9	രാജ്യസഭയും ലോക്സഭയും ...	141
...	10	സുപ്രീംകോടതി	168
...	11	അറ്റോർണിജനറലും അഡ്വൊക്കേററ് ജനറലും ...	182
...	12	ഗവർണ്ണർ	186
...	13	സംസ്ഥാനമന്ത്രിസഭ	205
...	14	സംസ്ഥാന നിയമസഭ	208

അദ്ധ്യായം 15 ഹൈക്കോടതി 225
... 16 പിന്നോക്കവർഗ്ഗങ്ങളെപ്പററിയുള്ള
വ്യവസ്ഥകൾ 237
... 17 കേന്ദ്രവും സംസ്ഥാനങ്ങളും
തമ്മിലുള്ള ബന്ധങ്ങൾ ... 253
... 18 ധനകാര്യം 268
... 19 കംപ്ട്രോളർ ആഡിറ്റർ ജനറൽ ... 289
... 20 കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങ
ളുടെയും കീഴിലുള്ള സർവ്വീസുകൾ ... 294
... 21 തിരഞ്ഞെടുപ്പ് 305
... 22 ഔദ്യോഗികഭാഷ 310
... 23 അടിയന്തിരാവസ്ഥ 315
... 24 ഭരണഘടന ഭേദഗതി ചെയ്യുന്ന
തിനുള്ള വ്യവസ്ഥകൾ ... 323
... 25 ദേശീയഗാനവും ദേശീയപതാകയും ... 328
... 26 കാശ്മീരിൻെറ ഭരണഘടനാ ...
വ്യവസ്ഥകൾ 336
... 27 യൂണിയൻ പ്രദേശങ്ങൾ 345

പ്രസ്താവന

ഭരണഘടനയെ സംബന്ധിച്ചുള്ള ഒരു ലളിതമായ ഗ്രന്ഥം തയ്യാറാക്കുന്നതു് നന്നായിരിക്കുമെന്നു് ആശിച്ചിട്ടു് കുറെ നാളുകളായി. ആ ആശ സഫലമാക്കുന്നതിനുവേണ്ടി ഭരണഘടനയുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ചില വിശിഷ്ടങ്ങളായ ആംഗ്ലേയഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വിഷയത്തെ ഗൗരവപൂർവ്വം സമീപിച്ചപ്പോൾ അതിൻെറ ഭീമസ്വഭാവവും ഗൗരവവും വെളിപ്പെട്ടു. ഭാഷയിൽ ഇതു സംബന്ധമായുള്ള ഗ്രന്ഥങ്ങളുടെ അഭാവംകൊണ്ടുള്ള കുറവും നല്ലതുപോലെ അറിഞ്ഞു. ഭരണഘടനയുടെ വിവിധാംശങ്ങളെ വിശദീകരിക്കുന്നതിനു വേണ്ടിയുള്ള ഉദ്യമത്തിൽ ഇരിക്കുകയാണെന്നു് സ്നേഹിതന്മാരോടുപോലും പറയുകയുണ്ടായില്ല. കാരണം അങ്ങിനെ ചെയ്തുപോയാൽ അതു് പൂർത്തിയാക്കാതിരിക്കുന്നതു് ഭംഗിയല്ലല്ലോ. സുഹൃത്തുക്കൾ തിരക്കുമ്പോൾ തക്കതായ മറുപടിയും പറയേണ്ടിവരും. തുടങ്ങിയിട്ടു് ഇടയ്ക്കുവച്ചു നിർത്തിയെന്നു് അവരോടു് ഏററുപറയുവാൻ സാദ്ധ്യവുമല്ല. അതിനാൽ കുറെ രഹസ്യമായിട്ടാണു് ഈ പുസ്തകം എഴുതിത്തുടങ്ങിയതു്. അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ എൻെറ ബഹുമാന്യസുഹൃത്തായ ശ്രീ. കെ. ദാമോദരൻ (തിരുവനന്തപുരം) ഭരണഘടനാസംബന്ധമായുള്ള ഒരു ലളിതഗ്രന്ഥത്തിന്റെ ആവശ്യത്തെക്കുറിച്ചു് സന്ദർഭവശാൽ സംസാരിച്ചു. അതിനുവേണ്ടി ശ്രമിക്കുന്നതു് നന്നായിരിക്കുമെന്നും എന്നെപ്പോലെയുള്ള ചെറുപ്പക്കാർ ശ്രദ്ധിക്കണമെന്നും അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. ഇത്തരം പുസ്തകങ്ങളുടെ ആവശ്യം ഉണ്ടെന്നു് പലരും ആഗ്രഹിക്കുന്നുണ്ടെന്നുള്ളതിനു് ഒരു ഉദാഹരണമായിട്ടാണു് ഞാൻ ശ്രീ. ദാമോദരൻെറ ആശയെ വ്യാഖ്യാ

നിച്ചതു്. ഇതിനുശേഷം ഈ പുസ്തകമെഴുത്തു് വളരെ ഗൗരവപൂർവ്വം കരുതി പൂർത്തിയാക്കുന്നതിനു തന്നെ തീരുമാനിച്ചു. പ്രധാനപ്പെട്ട ഇംഗ്ലീഷുപുസ്തകങ്ങൾ മിക്കതും വായിച്ചു കുറിപ്പുകളെടുത്തുകഴിഞ്ഞിരുന്നതിനാൽ ഇതു് എഴുതിത്തുടങ്ങുകയും ചെയ്തു. ഔദ്യോഗികകൃത്യങ്ങൾക്കു് ഒരു വിധത്തിലും വീഴ്ച വരുത്താതെ ഇതു നിർവ്വഹിക്കേണ്ടിയിരുന്നതിനാൽ വിചാരിച്ചത്ര സമയം ദിവസംതോറും ഇതിനു വേണ്ടി വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. അക്കാരണത്താൽ 1954 അവസാനത്തിൽ ആരംഭിച്ച ഈ പരിശ്രമം 1956 മാർച്ചോടുകൂടിയാണു് പൂർത്തിയായതു്. സംസ്ഥാനപുനഃസംഘടന സംബന്ധമായ സംഗതികൾ താമസിയാതെ നടപ്പിൽവരുമെന്നു തീർച്ചയായതിനാൽ ആ വ്യത്യാസങ്ങൾകൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാമെന്നു് കരുതുകയും ചെയ്തു. ഇതാണു് ഈ പുസ്തകത്തിൻെറ ചരിത്രം.

കഴിയുന്നത്ര ലളിതമായി കാര്യങ്ങൾ പ്രതിപാദിക്കുവാൻ ഇതിൽ ഞാൻ ശ്രമിച്ചിട്ടുണ്ടു്. പലപ്പോഴും ഇംഗ്ലീഷ് സാങ്കേതികപദങ്ങൾക്കു് ശരിയായ തർജ്ജിമകണ്ടെത്തുക പ്രയാസമായി തോന്നി. സർവ്വസാധാരണങ്ങളും സാധാരണക്കാർക്കുപോലും മനസ്സിലാകുന്നതുമായ ഇംഗ്ലീഷുവാക്കുകൾ അതേരൂപത്തിൽ സ്വീകരിക്കുവാൻ വൈമുഖ്യം കാണിച്ചിട്ടില്ല. അവയുടെ തർജ്ജമ നല്കാതിരുന്നിട്ടുള്ളതു് സമാന്തരങ്ങളായ വാക്കുകൾ മലയാളത്തിൽ ഇല്ലാഞ്ഞിട്ടല്ല. ഇംഗ്ലീഷുവാക്കുകൾ അതുപോലെ സ്വീകരിച്ചാൽ കാര്യം കൂടുതൽ സുഗ്രഹമായിരിക്കുമെന്നുകരുതിയിട്ടാണു്. സുപ്രീംകോടതിയ്ക്കു് പരമോന്നത ന്യായാലയം എന്നു പറയാം. കാര്യം ശരിയുമായിരിക്കും. എന്നാൽ സുപ്രീംകോടതിയെന്നു പറഞ്ഞാൽ ലാഘവംകൂടും; അഭിമാനക്ഷയമൊന്നുമുണ്ടാകാനുമില്ല. ചില ഇംഗ്ലീഷുവാക്കുകളുടെ മലയാളവും ചില സന്ദർഭങ്ങളിൽ ആ വാക്കുതന്നെയും

പ്രയോഗിച്ചിട്ടുമുണ്ടു്. എക്സിക്യൂട്ടീവിനു നിർവ്വഹണവിഭാഗമെന്നും എക്സിക്യൂട്ടീവെന്നും ഞാൻ ഉപയോഗിച്ചിട്ടുണ്ടു്. നിർവ്വഹണവിഭാഗമെന്ന വാക്കു് തൃപ്തികരമായി ചില സന്ദർഭങ്ങളിൽ തോന്നിയിരുന്നതുമൂലമാണു് ഇതു ചെയ്തിട്ടുള്ളതു്. എന്നാൽ എക്സിക്യൂട്ടീവ് എന്ന ഇംഗ്ലീഷുവാക്കിന്റെ സകല അംശങ്ങളും മലയാളതർജ്ജമയിൽ വന്നിട്ടില്ലെന്നു തോന്നുകയാൽ അതിപ്രാധാന്യമുള്ള ചില സന്ദർഭങ്ങളിൽ ഇംഗ്ലീഷുവാക്കുതന്നെ പ്രയോഗിക്കുന്നതിനു് നിർബന്ധിതനായി. ഇതുപോലെ മററു ചില വാക്കുകളുമുണ്ടു്. നിയമസംബന്ധമായ സാങ്കേതികവിഷയങ്ങൾ മലയാളത്തിൽ പ്രതിപാദിക്കുന്നതു് സാധാരണമായിത്തീർന്നിട്ടില്ലാത്തതിനാൽ അതിനുവേണ്ടി മനഃപൂർവ്വം ശ്രമിക്കുന്നവർക്കു് ഇങ്ങനെ ചില സ്വാതന്ത്ര്യങ്ങൾ ഭാഷാസ്നേഹികൾ അനുവദിച്ചുകൊടുക്കുവാൻ മടികാണിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകരചനയിൽ ഞാൻ ഏററവും അധികം ആശ്രയിച്ചിട്ടുള്ളതു് ശ്രീ. ബാസുവിൻെറ വിഖ്യാതമായ പ്രാമാണികഗ്രന്ഥത്തെയാണു്. കൂടാതെ മററുചില പ്രധാനപ്പെട്ട പുസ്തകങ്ങളും ഞാൻ പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. അത്തരം പുസ്തകങ്ങൾ തിരഞ്ഞുപിടിച്ചു് സംശയനിവൃത്തി വരുത്തുവാനും ബാസുവിൻെറ ഗ്രന്ഥം സഹായിച്ചിട്ടുണ്ടു്. അവയിൽ പ്രധാനമായവ വായനക്കാർക്കു് ചിലർക്കെങ്കിലും ഉപയോഗപ്പെട്ടേയ്ക്കുമെന്നു കരുതി ഈ പുസ്തകത്തിൻെറ മറെറാരു ഭാഗത്തു് ചേർത്തിരിക്കുന്നു. ആ പുസ്തകങ്ങളോടു് എനിക്കുള്ള കടപ്പാടു് സസന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ. ഈ പുസ്തകത്തിലെ നല്ല അംശങ്ങൾക്കു് പ്രധാനമായി അവയും തെററുകൾക്കു് ഞാനും ആണു് ഉത്തരവാദിത്വം വഹിക്കേണ്ടതു്.

എനിക്കു് സാഹിത്യപരമായ കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള അഭിരുചിയെ യഥാവിധി പരിപോഷിപ്പിക്കുന്നതിനു വേണ്ട

പ്രോത്സാഹനവും അനുഗ്രഹവും നല്കി എന്നും ആശീർവദിക്കാറുള്ള എൻെറ പിതാവിനോട്—ശ്രീ. എം. എൻ. രാഘവൻ നായർ, കോന്നി—എനിക്കുള്ള ബാദ്ധ്യത ഈ പുസ്തകത്തിന്റെ കാര്യത്തിലും എടുത്തുപറയേണ്ടതായിട്ടുണ്ട്. അതിനു് എനിക്കുള്ള അതിരില്ലാത്ത നന്ദി രേഖപ്പെടുത്തുവാൻ തുനിയുന്നതു് സാഹസമായിരിക്കും. എൻെറ മററു പല വീഴ്ചകളുമെന്നപോലെ ഇതും ആ സ്നേഹനിധി ക്ഷമിക്കട്ടെ!

ഇതിന്റെ കയ്യെഴുത്തുപ്രതി പല സ്നേഹിതന്മാരും വായിച്ചുനോക്കുകയുണ്ടായി. അവരുടെ പ്രോത്സാഹനം എനിക്കു് കുറച്ചൊരു ആത്മവിശ്വാസം നല്കുകയും ചെയ്തു. എന്റെ ശ്വശ്രുരൻ ശ്രീ. മള്ളൂർ ജി. രാമചന്ദ്രനായർ (അഡ്വക്കേററ്) ഇതു വായിച്ചു് വിലയേറിയ അനവധി നിർദ്ദേശങ്ങൾ നല്കി എന്നെ വളരെയധികം സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തോടു് എനിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ശ്രീ. പി. ദാമോദരൻനായർ (ഹെഡ്ട്രാൻസ്ലേററർ) എൻെറ സ്യാലൻ ശ്രീ. ററി. ആർ. നാരായണപിള്ള എന്നിവരുടെ കാര്യം പ്രത്യേകം എടുത്തുപറയാതിരിക്കുന്നതു് നന്ദികേടായിരിക്കും. ഇവരുടെയെല്ലാം നിർദ്ദേശങ്ങളുംമററും ഈ പുസ്തകത്തിന്റെ മാററു വർദ്ധിപ്പിക്കുവാൻ ഏറ്റവും അധികം സഹായിച്ചിട്ടുണ്ടു്. ഇതിനു് അവസാനരൂപം കൊടുക്കുന്നതിനു അവരുടെ സഹകരണമില്ലായിരുന്നെങ്കിൽ സാധിക്കുമായിരുന്നോ എന്നു സംശയിക്കുന്നു. എന്റെ ഒരു ഉത്തമസുഹൃത്തും അഗാധപണ്ഡിതനും സുപ്രസിദ്ധനിരൂപകനുമായ ശ്രീ. പി. ദാമോദരൻപിള്ള (ലെക്സിക്കൻ ആഫീസ്) ഈ പുസ്തകത്തിൻെറ പ്രൂഫുനോക്കുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും ഒരു സഹോദരനെപ്പോലെ സഹായിച്ചിട്ടുണ്ടു്. അതിനു് എനിക്കു അദ്ദേഹത്തിനോടുള്ള കടപ്പാടു് രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്റെ അഭ്യത്ഥനയനുസരിച്ച് ഈ പുസ്തകത്തിന് ഏററവും വിശിഷ്ടമായ ഒരു അവതാരിക എഴുതിത്തന്ന് എന്റെ പ്രയത്നത്തെ അനുഗ്രഹിച്ചതിന് സർദാർ കെ. എം. പണിക്കരോട്ട് എനിക്കുള്ള കൃതജ്ഞത വ്യക്തമാക്കാൻ കഴിവുള്ളതല്ല. ഭാരതത്തിന്റെ ഭരണഘടനാശില്പികളിൽ പ്രധാനിയായ അദ്ദേഹം എന്റെ ഈ കൃതി അവതരിപ്പിച്ചതു് എന്റെ മഹാഭാഗ്യമായി ഞാൻ കരുതുന്നു. അതിന് എന്റെ നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ!

ഈ പുസ്തകത്തിന്റെ പ്രധാനഭാഗങ്ങൾ വായിച്ചുനോക്കി അമൂല്യമായ പല നിർദ്ദേശങ്ങൾ നല്കിയും മററും എന്നെ അനുഗ്രഹിച്ചതിന് വാത്സല്യനിധിയായ മള്ളൂർ ഗോവിന്ദപ്പിള്ള അവർകളോട്ട് ഏതുവിധത്തിലാണ് നന്ദി ഞാൻ രേഖപ്പെടുത്തേണ്ടതെന്നറിയുന്നില്ല. അദ്ദേഹം എപ്പോഴും എന്നോട്ട കാണിക്കുന്ന സ്നേഹത്തിനും വാത്സല്യത്തിനും എന്റെ കൂപ്പുകൈ അപ്പിക്കുകയല്ലാതെ മറെറന്തെങ്കിലും ചെയ്യുവാൻ ഞാൻ അശക്തനാണ്.

ഈ പുസ്തകത്തിൽ തെററുകളും കുററങ്ങളും കുറയ്ക്കുവാൻ വളരെയധികം ഞാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇതു് കുററമററതാണെന്ന് അവകാശപ്പെടുന്നില്ല. വായനക്കാരിൽനിന്നും പണ്ഡിതന്മാരിൽനിന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സസന്തോഷം സ്വാഗതംചെയ്തുകൊള്ളുന്നു.

ഈ പുസ്തകത്തിന് മലയാളത്തിലെ ഭരണവ്യവസ്ഥാപരമായ ഗ്രന്ഥശേഖരത്തിന്റെ കുറവ് അല്പമെങ്കിലും നികത്താൻ കഴിയുന്നെങ്കിൽ ഞാൻ കൃതാത്ഥനാണ്.

തിരുവനന്തപുരം
30—11—56.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഈ പാഠത്തിന് ഉപകരിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ

1. Theory and Practice of Modern Governments—Finer
2. Laws of England—Halsbury.
3. Grammar of Politics—Laski
4. Jurisprudence—Salmond.
5. Law of the Constitution—Dicey.
6. Cabinet Government—Jennings
7. Some Characteristics of the Indian Constitution—
Jennings.
8. Constitution of Ceylon—Jennings.
9. Constitutional Law—Keith
10. Law of the Canadian Constitution—Clements.
11. Constitution of United States—Munro
12. Law of the American Constitution—Burwick.
13. American Federal Government—Ferguson and Mechenry.
14. Australian Constitution—Nicholas
5. Economic Aspects of the Indian Constitution—
B. R. Misra.
16. Commentary on the Constitution of India—D. D. Basu.
17. Indian Constitution—G. N Joshi
18. Eundamental Rights and Constitutional Remedies—
O P. Aggarwal
19. Constitution of India—K Santhanam
20. Constitutional History of India—Shri Ram Sharma.
21. Outlines of Indian Legal History—M. P. Jain.
22. Our Judicial System—G. D Khosla.
23. The Constitution and Fundamental Rights—
Alladi Krishnaswami Ayer.
24. Democratic Government of India—N. Srinivasan.
25. Parliament—Ilbert.
26. Modern Democracies—Lord Bryce.
27. Fundamental Rights in India—Alan Gledhill.

അവതാരിക

ശ്രീമാൻ കോന്നിയൂർ നരേന്ദ്രനാഥ് വിരചിച്ച നമ്മുടെ ഭരണഘടന മലയാളഭാഷയിലുണ്ടായിട്ടുള്ള ആദ്യത്തെ സ്വതന്ത്രമായ ഭരണമീമാംസാഗ്രന്ഥമാണു്. ആദ്യത്തെ ഗ്രന്ഥമായതുകൊണ്ടുമാത്രമല്ല അതിനു മേന്മയുള്ളതു്. ഞാൻ വായിച്ചു കണ്ടിടത്തോളംകൊണ്ടു്, അതു പാണ്ഡിത്യവും സൂക്ഷ്മദർശിത്വവും തികഞ്ഞ ഒരു പ്രമാണഗ്രന്ഥമാണെന്നാണു് എനിക്കു തോന്നിയതു്. വിപുലമായ ചരിത്രവിജ്ഞാനം ഭരണനിയമസിദ്ധാന്തങ്ങളിൽ പരിചയം, ഇവ ഈ ഗ്രന്ഥത്തിൽ തെളിഞ്ഞു കാണുന്നുണ്ടു്. കൂടാതെ സുഗമമായ ഒരു ഭാഷാരീതി, സാരാംശങ്ങൾ എടുത്തു കാണിച്ചു വിവരിക്കുന്നതിനുള്ള നൈപുണ്യം, ആവശ്യത്തിനു തികയുന്ന വ്യാഖ്യാനം ഈ ഗുണങ്ങൾകൊണ്ടു് നമ്മുടെ ഭരണഘടന ഒരു നിയമപരമായ പുസ്തകത്തിൽ കവിഞ്ഞു് ഒരു സാഹിത്യഗ്രന്ഥംതന്നെ ആയിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം. നമ്മുടെ ഭരണനിയമത്തിന്റെ ഓരോ ഭാഗങ്ങളും പ്രത്യേകമെടുത്തു വിവരിക്കുകയാണു് ശ്രീ. നരേന്ദ്രനാഥ് ചെയ്തിട്ടുള്ളതു്. ആദ്യത്തെ അദ്ധ്യായത്തിൽ ഭാരതീയ ഭരണകൂടമെങ്ങിനെ വളർന്നു് ഈ രൂപമെടുത്തു എന്നു സമഗ്രമായി വിവരിച്ചിരിക്കുന്നു. ആ ഭാഗം ശ്രീ. നരേന്ദ്രനാഥിന്റെ അനതിദീർഘമെങ്കിലും സാരാംശദ്യോതകമായ വിവരണത്തിനു് ഒരു മാതൃകയാണു്. പീഠിക, മൗലികാവകാശങ്ങൾ ഇങ്ങനെ ഓരോ ഭാഗങ്ങൾ എടുത്തു പ്രത്യേകം ചർച്ചചെയ്താണു് ഭരണഘടനയുടെ സ്വരൂപം അദ്ദേഹം വെളിപ്പെടുത്തുന്നതു്.

ഇന്ത്യയുടെ കോൺസ്റ്റിട്യൂഷൻ അത്ര എളുപ്പം മനസ്സിലാക്കാവുന്ന ഒന്നല്ല. ഒരൊററ മാതൃക അനുസരിച്ചു നിർമ്മിച്ചതുമല്ല. ഇംഗ്ലണ്ടു്, അമേരിക്ക, ബെൽജിയം, അയർലൻറു് മുതലായ പല രാജ്യങ്ങളിലെ മൗലിക നിയമങ്ങളിൽനിന്നു്

പല ഭാഗങ്ങളും നാം സ്വീകരിച്ചിട്ടുണ്ട്. ഒരു സംയുക്ത (Federal) ഭരണകൂടമാകയാൽ ഭാരതത്തിന്റെ ഘടകങ്ങളായ രാജ്യങ്ങൾക്ക് പ്രത്യേകം അധികാരങ്ങളും അവകാശങ്ങളും ഉണ്ട്. കേന്ദ്രവും പ്രാദേശിക ഗവർമ്മെന്റുകളും തമ്മിലുള്ള ബന്ധം നിയമംകൊണ്ടു നിർണ്ണയിച്ചിട്ടുള്ളതാണ്. ആ ബന്ധത്തെ രക്ഷിക്കുന്നതിനും പുലർത്തുന്നതിനുമുള്ള അധികാരം സുപ്രീംകോടതിക്കാണ്. സുപ്രീംകോടതിയ്ക്കു് ഗവണ്മെന്റിനെ കവിഞ്ഞുതന്നെ ഒരു സ്ഥാനമാണ് നമ്മുടെ ഭരണഘടനയിലുള്ളതു്.

ഏതിന്റെ ഛത്രച്ഛായയിൽ നാം ജീവിക്കുന്നുവോ, ഏതൊന്നിന്റെ ശക്തികൊണ്ടു നമ്മുടെ വ്യക്തിസ്വാതന്ത്ര്യവും രാജ്യസ്വാതന്ത്ര്യവും നിലനിൽക്കുന്നുവോ, ഏതൊന്നിന്റെ രക്ഷയിൽ നമുക്കു സാമ്പത്തികാഭിവൃദ്ധിയും സാമുദായികോൽക്കർഷവും നാം ആശിക്കുന്നുവോ, ആ കാൺസ്റ്റിറ്റ്യൂഷൻ (ഭരണഘടന) നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. ആ മൂലപ്രധാനമായ നിയമത്തിന്റെ സൂക്ഷ്മരൂപം മലയാളികൾക്കു മനസ്സിലാക്കിക്കൊടുക്കുവാനാണ് ഈ ഗ്രന്ഥംവഴി ശ്രീ. നരേന്ദ്രനാഥ് ഉദ്യമിച്ചിട്ടുള്ളതു്. ആ ഉദ്യമം സർവ്വഥാ ഫലപ്രദമായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം.

താരതമ്യവിവേചനംചെയ്തു രാജ്യമിമാംസാതത്വങ്ങൾകൂടി പരിശോധിച്ച് എഴുതിയിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണ് ഇതെന്നു പറയുന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. മലയാളഭാഷയ്ക്കു് ഇതു് ഒരു മികച്ച സമ്പാദ്യവുമാണ്. ശ്രീ. നരേന്ദ്രനാഥിന്റെ പഠിപ്പും പരിശ്രമവും ഇതുപോലെയുള്ള മററു വിഷയങ്ങളിലും വിജയത്തോടുകൂടി പ്രവർത്തിച്ചുകാണുവാൻ ആഗ്രഹിക്കുന്നു.

സർദാർ കെ. എം. പണിക്കർ

ഭാരതം.
സംസ്ഥാനങ്ങളും യൂണിയൻപ്രദേശങ്ങളും
ജമ്മു-കാഷ്മീർ
ശ്രീനഗർ
പഞ്ചാബ്
രാജസ്ഥാൻ
ജയ്പൂർ
ഉത്തരപ്രദേശ്
ബിഹാർ
പാറ്റ്ന
ആസ്സാം
ഷില്ലോംഗ്
മദ്ധ്യപ്രദേശ്
ഇൻഡോർ
ബോംബെ
ഒറീസ്സാ
ആന്ധ്രപ്രദേശ്
മൈസൂർ
ബാംഗളൂർ
മദ്രാസ്
കേരളം
പ.
ബംഗാൾ

I Love India

നമ്മുടെ ഭരണഘടന

അദ്ധ്യായം ഒന്നു്

ചരിത്രപശ്ചാത്തലം

ഒരു രാജ്യത്തിന്റെ ഭരണഘടന ആ രാജ്യത്തിന്റെ രാഷ്ട്രീയമായ വളർച്ചയുടെ പരിണതഫലമാണ്. അതിന്റെ വേരു് പൂർവ്വ ചരിത്രസംഭവങ്ങളിലാണ് ഉറച്ചുനില്ക്കുന്നതു്. ആ സംഭവങ്ങളെപ്പററി പഠിക്കാതെയിരുന്നാൽ ഭരണഘടനയുടെ പശ്ചാത്തലം ധരിക്കുവാൻ പ്രയാസമായിരിക്കും. നമ്മുടെ ഭരണഘടനയുടെ ആദർശങ്ങളിൽ പലതും ഭാരതീയസംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുണ്ടു്. എങ്കിലും അതിന്റെ ആരംഭവും വളർച്ചയും ഭാരതത്തിലെ ബ്രിട്ടീഷ് ഭരണവുമായി ഏററവും അധികം ബന്ധപ്പെട്ടുനില്ക്കുന്നു. രൂപത്തിന്റെ കാര്യത്തിൽ അതു് തനി പാശ്ചാത്യമാണ്. അതിനാൽ പാശ്ചാത്യരുമായി ഭാരതത്തിനുണ്ടായിട്ടുള്ള ബന്ധം ചെറുതായി ഒന്നു സൂചിപ്പിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു കരുതുന്നു.

സംസ്കാരത്തിന്റെ കാര്യത്തിൽ ഭാരതം എല്ലാക്കാലങ്ങളിലും ഒരു ഏകീകൃതരാജ്യമായിരുന്നു. മഞ്ഞണിഞ്ഞു നില്ക്കുന്ന ഹിമാലയം തൊട്ട് സാഗരവീചികൾ താലോലിക്കുന്ന കന്യാകുമാരിവരെയും, സൗരാഷ്ട്രം മുതൽ ആസ്സാമിലെ അതിഭീകരവനാന്തരങ്ങൾവരെയും എവിടെ നോക്കിയാലും ഈ ഏകത്വത്തിന്റെ സുവർണ്ണനൂലുകൾ നമുക്കു് കാണാൻ കഴിയും. സംസ്കൃതം ഭാരതനിവാസികൾക്കാകമാനം ഒരു പൊതുപൂർവ്വിക

സ്വത്താണ്. ചരിത്രദൃഷ്ട്യാ നോക്കുന്നപക്ഷം ഭാരതം ഒരിക്കലും രാഷ്ട്രീയമായി ഒരു ഏകീകൃത രാജ്യമായിട്ടിരുന്നിട്ടില്ല. അശോകൻ ഈ രാജ്യത്തെ ഏകീകരിക്കുവാൻ ഒരു ശ്രമം നടത്തി. രാജ്യത്തിൻെറ ഒരു വലിയ ഭാഗം അദ്ദേഹം കീഴടക്കി അദ്ദേഹത്തിൻെറ മേധാവിത്വത്തിനു വിധേയമാക്കി. എങ്കിലും ഭാരതം മുഴുവൻ ഒരു കൊടിക്കീഴിൽ കൊണ്ടുവന്നു എന്നു പറയാവുന്നതല്ല. അശോകനു് ഉണ്ടാക്കുവാൻ കഴിഞ്ഞ ഐക്യം തന്നെ കേവലം താല്ക്കാലികമായിരുന്നു. അശോകൻെറ കാലത്തിനുശേഷം അക്ബറും ഭാരതത്തിൻെറ ഐക്യം സുദൃഢമാക്കുവാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികൾതന്നെ അദ്ദേഹത്തിന്റെ ശ്രമഫലത്തെ ഇല്ലായ്മചെയ്തു എന്നുപറയാം. ഇതിനുശേഷം 1858-ൽ ഇംഗ്ലീഷുരാജ്ഞിയുടെ പ്രഖ്യാപനത്തോടുകൂടിയാണു് ഭാരതത്തിൻെറ എല്ലാ ഭാഗങ്ങളും ഇദംപ്രഥമമായി ഒരു പതാകയുടെ കീഴിൽ ഒരു ഏകീകൃതഘടകമായി നില്ക്കുവാൻ ഇടയായതു്. ഇക്കാലത്തു് ഭാരതത്തിലെ ജനങ്ങളെ എല്ലാം ഒരുമിച്ചുബന്ധിക്കുന്ന ശൃംഖല അവരുടെ അടിമത്വമായിരുന്നു. അവസാനം അവരെ ഈ ശൃംഖലതന്നെ ഒരു ജനതയായി യോജിപ്പിക്കുകയും, കാലാന്തരത്തിൽ ആ ശൃംഖല പൊട്ടിക്കുവാനുള്ള ഒരു ശക്തിയായ ആഗ്രഹം അവരിൽ അങ്കുരിപ്പിക്കുകയും ചെയ്തു.

ഭാരതവുമായി നേരിട്ടു് വ്യാപാരബന്ധത്തിലേർപ്പെട്ട ആദ്യത്തെ യൂറോപ്യന്മാർ പോർട്ടുഗീസ്സുകാരാണു്. അവർക്കു് ഭാരതത്തിലെ പശ്ചിമതീരത്തു് ചില താവളങ്ങൾ ഉറപ്പിക്കുവാൻ സാധിച്ചു. അവരെ പിൻതുടൎന്നു് ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ എന്നിവർ ഇങ്ങോട്ടു വരുകയുണ്ടായി. സങ്കുചിതമനോഭാവം കാരണം പോർട്ടുഗീസ്സുകാർക്കു് ഇവിടെ പറയത്തക്ക പുരോഗതി നേടുവാൻ കഴിഞ്ഞില്ല. അവരുമായി ഭാരതത്തിനുണ്ടായ ബന്ധംമൂലം, ഇവിടുത്തെ

ഉൽപ്പന്നങ്ങൾ ലോകവിപണിയിൽ, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം, ഒരു സ്ഥാനം കരസ്ഥമാക്കുവാൻ ഇടവരുത്തി. 1498-ൽ യൂറോപ്പിലെ ഒരു പ്രധാന നാവികശക്തി ഇങ്ങനെ ഇൻഡ്യൻ സമുദ്രത്തിലേക്ക് പ്രവേശിച്ചതോടെ ഭാരതത്തിൻെറ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം ആരംഭിക്കുകയുണ്ടായെന്ന സംഗതിയും വിസ്മരിച്ചുകൂടാ. പാശ്ചാത്യരാജ്യങ്ങൾ തമ്മിൽ യൂറോപ്പിൽ നടന്നുകൊണ്ടിരുന്ന മത്സരങ്ങളുടെ ചുഴിയിലേക്ക് ഈ നാട്ടും വലിച്ചിഴയ്ക്കപ്പെട്ടു.

പോർട്ടുഗീസ്സുകാർ ഇവിടെ വന്നതിന് മൂന്നു കാരണങ്ങളുണ്ടായിരുന്നു എന്നു പറയാം. വാണിജ്യപരം, രാഷ്ട്രീയം, മതപരം എന്നീ മൂന്ന് വലിയ വിഭാഗങ്ങളിൽ പെടുന്നവയാണ് ഇക്കാരണങ്ങൾ. കൊള്ളലാഭം നേടണമെന്നു മാത്രമല്ല ഇസ്ലാമിനെ നശിപ്പിക്കണമെന്നുള്ള വിചാരവും അവരെ നൂതനസരണികളിലേക്ക് നയിച്ചു. വാസ്ക്കോഡിഗാമാ മലബാർതീരത്ത് എത്തിയതോടുകൂടി ആ മേഖലയിൽ അന്നുവരെ നിലനിന്നിരുന്ന സാഹചര്യങ്ങൾക്ക് മാററം സംഭവിക്കുവാൻ തുടങ്ങി. അന്നുവരെ മലബാറുമായുള്ള വ്യാപാരക്കുത്തക അറബികളുടെയും ഈജിപ്തുകാരുടെയും കയ്യിലായിരുന്നു. പോർട്ടുഗീസ്സുകാർ ആ കുത്തകയ്ക്കു് കുലുക്കം ഉണ്ടാക്കി. അധികം താമസിയാതെ അറബികളും ഈജിപ്തുകാരും ആ രംഗത്തുനിന്ന് നിഷ്ക്രമിക്കേണ്ടതായി വന്നുകൂടി. സമുദ്രവാണിജ്യത്തെ ആശ്രയിച്ചുള്ള സാമ്രാജ്യതന്ത്രത്തിൻെറ അടിസ്ഥാനം ആൽബുകർക്കിൻെറ കാലത്തോടുകൂടി ആരംഭിക്കുകയും ചെയ്തു.

ഭാരതത്തിലെ ഏതെങ്കിലും വിഭാഗക്കാർ പോർട്ടുഗീസ്സുകാരുടെ വരവ് സ്വാഗതം ചെയ്തിട്ടില്ല. ആകപ്പാടെ കലങ്ങിക്കുഴഞ്ഞു കിടന്നിരുന്ന രാഷ്ട്രീയരംഗത്തിൽ കുടിലബുദ്ധിയായ ഒരു കക്ഷികൂടി കടന്നുവന്നെന്നു മാത്രമാണ് അന്ന് അധികം

പേരും കരുതിയതു്. പോർട്ടുഗീസുകാരുടെ ക്രൂരതയും ഗർവ്വും മററും ആക്കാം സ്വാഗതം ചെയ്യത്തക്കതായിരുന്നില്ല. പിന്നീട്ടു് രംഗത്തുവന്ന ഇതര യൂറോപ്യൻരാജ്യക്കാരുടെ അത്ഭുതാവഹമായ പുരോഗതിമൂലം പോർട്ടുഗീസുകാർ അഗണ്യരായി പരിണമിക്കുകയും ചെയ്തു. പോർട്ടുഗീസുകാരെ അവരുടെ സ്വപ്നങ്ങളിൽനിന്നും ഉലച്ചു് ഉണർത്തിയതു് ഡച്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും ഫ്രഞ്ചുകാരുടെയും വരവായിരുന്നു.

ഡച്ചുകാരെ ഭാരതത്തിൻെറ തീരത്തുകൊണ്ടെട്ടപ്പിച്ചതു് വാണിജ്യോദ്ദേശ്യം എന്ന കാററു തന്നെയാണു്. 1596-നുശേഷം ഡച്ചുകാർ ജാവാ, സുമാട്രാ തുടങ്ങിയ ദേശങ്ങളുമായി സാമാന്യം വിജയപൂർവ്വം വ്യാപാരം നടത്തിവന്നിരുന്നു. 1602-ൽ ഈ വ്യാപാരികൾ ഒന്നിച്ചു് ഡച്ചു് ഈസ്റ്റിൻഡ്യാ കമ്പനിയെന്ന പേരിൽ ഒരുപ്രധാന സംഘമായി രൂപം പ്രാപിച്ചു. ആരംഭകാലം മുതൽ അവക്കു് സാമ്പത്തികമായ നല്ല ശേഷിയും,വിപുലമായ അധികാരങ്ങളും ഉണ്ടായിരുന്നു. പോർട്ടുഗീസുകാരുമായി ആദ്യം മത്സരത്തിലേർപ്പെട്ടതും ഡച്ചുകാർതന്നെ. അധികം താമസിയാതെ പോർട്ടുഗീസുകാക്കു് ഈ മത്സരത്തിൽ പരാജയം സംഭവിക്കുകയും ചെയ്തു. പൂർവ്വപ്രദേശങ്ങളിലെ സമുദ്രവാണിജ്യക്കുത്തകമുഴുവൻ ഏറ്റെടുക്കണമെന്നതായിരുന്നു ഡച്ചുകാരുടെ അന്നത്തെ മുഖ്യോദ്ദേശം. ഇക്കാലത്തു് ഇംഗ്ലീഷുകാർ ഏഷ്യയുമായുള്ള വാണിജ്യത്തിൻെറ ഒരു പങ്കു കരസ്ഥമാക്കുന്നതിനു മാത്രമാണു് മത്സരിച്ചതു്. 1641-ൽ ഡച്ചുകാർ മലാക്കാ കൈവശപ്പെടുത്തി. അതു് സിലോണിനെ ആക്രമിക്കുന്നതിനു് എളുപ്പമുള്ള വഴി സൃഷ്ടിക്കുകയും ചെയ്തു. 1656-ൽ കൊളമ്പു് ഡച്ചുകാക്കു് കീഴടങ്ങി. ഡച്ചുകാർ സിലോൺ സ്വാധീനമാക്കിയതോടുകൂടി പോർട്ടുഗീസുകാരുടെ രാഷ്ട്രീയാധികാരവും അസ്തമിച്ചു. മലബാർതീരത്തു് പല താവളങ്ങളും 1663-നോടു കൂടി ഡച്ചുകാരുടെ നിയന്ത്രണത്തിലായി. ആ നൂററാണ്ടിന്റെ ആരംഭ

ത്തോടുകൂടി പോർട്ടുഗീസ്സുകാരുടെ വാണിജ്യകുത്തകയും തീൎന്നെന്നു പറയാം.

ഇംഗ്ലീഷുകാരും ഭാരതത്തിലേയ്ക്കുവന്നതു് വ്യാപാരോദ്ദേശത്തോടുകൂടിത്തന്നെയായിരുന്നു. ആദ്യം അവർ പ്രധാനമായി ശ്രദ്ധിച്ചിരുന്നതു് ഇൻഡോനേഷ്യൻ ദ്വീപസമൂഹങ്ങളിലായിരുന്നു. എന്നാൽ മലാക്കായിൽ നടന്ന 1623-ലെ കൂട്ടക്കൊലയെത്തുടൎന്നു്, അവരുടെ ശ്രദ്ധ ഭാരതത്തിലേക്കു തിരിഞ്ഞു. യൂറോപ്പിലെ രാഷ്ട്രീയ മത്സരങ്ങളൊക്കെ ഏതാണ്ടതേരൂപത്തിൽ ഇൻഡ്യൻ മഹാസമുദ്രത്തിലും പ്രതിഫലിക്കുകയായി. പോർട്ടുഗീസ്സുകാർ പശ്ചാത്തലത്തിലേക്കു പിൻവാങ്ങുവാൻ നിർബ്ബന്ധിതരായിത്തീൎന്നശേഷം ഡച്ചുകാരും ഇംഗ്ലീഷുകാരും തമ്മിലായി വടംവലി. അതു് അവസാനിച്ചതു് യൂറോപ്പിൽ ഡച്ചുകാരുടെ നാവികബലം ക്ഷയിച്ചപ്പോൾ മാത്രമാണു്.

ഇംഗ്ലീഷ് ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ രൂപീകരണത്തെ തുടൎന്നു ഭാരതത്തിലുണ്ടായ സംഭവഗതികൾ മനസ്സിലാക്കുന്നതിനു് നാലുകാലഘട്ടങ്ങളായി വീതിച്ചു് അവ പരിശോധിക്കുന്നതാണു് സൗകൎയ്യപ്രദം. ഒന്നാംഘട്ടത്തിൽ ഈസ്റ്റിൻഡ്യാകമ്പനി വെറും കച്ചവടോദ്ദേശത്തോടുകൂടിമാത്രം പ്രവൎത്തിച്ചുവന്നു (1600-1765). രണ്ടാംഘട്ടത്തിൽ കമ്പനി പ്രാദേശികമായ കോയ്മ വഹിക്കുന്നതാണു കാണുന്നതു് (1765-1858). പിന്നീടു് ബ്രിട്ടീഷ് രാജാവു് ഭരണം ഏറ്റെടുത്തു ഭരിക്കുന്ന കാലമാണു് (1858-1919). അവസാനഘട്ടത്തിൽ ഭരണാധികാരങ്ങൾ ജനപ്രതിനിധികളിലേക്കു് പകൎന്നു് ഒടുവിൽ ഭാരതം സ്വാതന്ത്ര്യം സമ്പാദിക്കുന്നതാണു് കാണുന്നതു് (1919-1947).

ഒന്നാംഘട്ടത്തിൽ ഈസ്റ്റ്ഇൻഡ്യാകമ്പനിയുടെ പ്രധാന ലക്ഷ്യം വാണിജ്യം മാത്രമായിരുന്നെന്നു പറഞ്ഞല്ലോ. 1600-ാം

മാണ്ടിലാണു് എലിസബത്തുരാജ്ഞി കംബർലാൻഡുപ്രഭുവിനും മററു് ഇരുന്തുറോളം കച്ചവടക്കാക്കും പൌരസ്ത്യദേശങ്ങളുമായി പതിനഞ്ചുകൊല്ലം കച്ചവടംചെയ്യുന്നതിനു് തീട്ടൂരം നല്കിയതു്. ഈ തീട്ടൂരം പ്രമാണമാക്കിയുള്ള അവരുടെ കമ്പനി ഒരു റഗുലേററഡു് കമ്പനിയായിരുന്നു. കമ്പനിയിലെ അംഗങ്ങളെ പൊതുവായി ബാധിക്കുന്ന ചട്ടങ്ങൾ അതിനുണ്ടായിരുന്നു. കമ്പനിയിലെ അംഗങ്ങൾക്കോരോരുത്തക്കും സ്വന്തം മൂലധനം മുടക്കി കച്ചവടം ചെയ്യുന്നതിനും സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടിരുന്നു. കമ്പനിക്കു് സംഘടിതമൂലധനം ഉണ്ടായിരുന്നില്ല. ഇവക്കു് ഗുഡ്ഹോപ്പു് മുനമ്പു മുതൽ മെഗല്ലൻ കടലിടുക്കുവരെയുള്ള പ്രദേശങ്ങളുമായി കച്ചവടം ചെയ്യുവാനുള്ള കുത്തകാവകാശം സിദ്ധിച്ചിരുന്നു. കമ്പനിയുടെ പുരോഗതിയ്ക്കു വേണ്ടി ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നതിനും, അതിലെ ഉദ്യോഗസ്ഥന്മാരെയും മററും നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിനും അവക്കു കഴിയുമായിരുന്നെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. ഇവ ഇംഗ്ലണ്ടിലെ സാധാരണ നിയമങ്ങൾക്കും ആചാരമര്യാദകൾക്കും വിരുദ്ധമായിരുന്നുകൂടാ എന്നുമാത്രം. കുററം ചെയ്യുന്നവർക്കു് ജയിൽവാസം, പിഴ തുടങ്ങിയ ശിക്ഷകൾ നൽകുവാൻ പ്രത്യേകമായ അധികാരം കമ്പനിയ്ക്കു് കൊടുത്തിട്ടുണ്ടു്.

1612 വരെ കമ്പനിയിലെ അംഗങ്ങൾ അവരവരുടെ ഉത്തരവാദിത്വത്തിന്മേൽ കച്ചവടം നടത്തിവന്നു. പിന്നീടുണ്ടായ പ്രധാന്യമർഹിക്കുന്ന സംഭവം 1661-ൽ ആണു്. അന്നു് കമ്പനിക്കു കിട്ടിയ അധികാരപത്രംമൂലം ചില സുപ്രധാനങ്ങളായ മാററങ്ങൾ അതിൻെറ ഘടനയിൽ സംഭവിച്ചു. അതു് ജോയിൻറു് സ്റ്റോക്കു് കമ്പനിയായിത്തീന്നു. കമ്പനിയുടെ നിയന്ത്രണത്തിലിരിക്കുന്ന പ്രദേശങ്ങളുടെ മേൽ അതിനു് കൂടുതൽ അധികാരങ്ങൾ പ്രയോഗിക്കുന്നതിനും അനുവാദം

ലഭിക്കുകയുണ്ടായി. യുദ്ധക്കപ്പലുകൾ, ആയുധശാലകൾ, കോട്ടകൾ തുടങ്ങിയവ പുലത്തുന്നതിനു മാത്രമല്ല, ക്രിസ്ത്യേതരരായ ജനങ്ങളുമായി യുദ്ധം പ്രഖ്യാപിക്കുന്നതിനോ സമാധാനക്കരാറിലേർപ്പെടുന്നതിനോ ഉള്ള അധികാരവും അവൎക്കു കിട്ടി. കമ്പനിക്കു് ഭാരതത്തിൽ രാഷ്ട്രീയാധികാരം സിദ്ധിക്കുന്നതു് 1669-ൽ ചാറത്സ് രണ്ടാമൻ ബോംബെ ദ്വീപു് അവൎക്കു നൽകിയതോടുകൂടിയാണു്. ഭാരതത്തിലെ ഇതരഭാഗങ്ങളിൽ കമ്പനിക്കുണ്ടായിരുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരധികാരം അവൎക്കുണ്ടായിരുന്നില്ലെന്നു് ഓൎമ്മിക്കേണ്ടതാണു്. കച്ചവടം നടത്തുന്നതിനും പണ്ടകശാലകൾ സ്ഥാപിക്കുന്നതിനും ഉള്ള അനുവാദത്തിനു പകരം അതതു പ്രദേശങ്ങളിലെ നാടുവാഴികൾക്കു് അവർ കപ്പം കൊടുത്തിരുന്നു. 1678-നോടുകൂടി കമ്പനിയുടെ പ്രവൎത്തനപരിധിയിൽ നീതിന്യായ നിർവഹണച്ചുമതലയുടെ ഉദയംകൂടി നമുക്കു ദൎശിക്കാം. മദിരാശി ഗവർണ്ണറും അദ്ദേഹത്തിന്റെ ഉപദേശക കൗൺസിലും പെററികേസുകൾ തീരുമാനിക്കുന്നതിലേക്കു് സമ്മേളിച്ചിരുന്നു. 1683-ലെ ചാർട്ടർ, അഡ്മിറാലിട്ടി കോടതികൾ സ്ഥാപിക്കുന്നതിലേക്കു വേണ്ട അധികാരം നൽകുകയുണ്ടായി. 1726-ൽ കൽക്കട്ടാ, ബോംബെ, മദിരാശി എന്നിവിടങ്ങളിൽ മുനിസിപ്പാലിററികൾ സ്ഥാപിതമായി. അവിടങ്ങളിൽ മേയേഴ്സ് കോടതികളും മററും സംഘടിപ്പിക്കുകയും ചെയ്തു. ഗവർണറും അഞ്ചു് സീനിയർ കൗൺസിലറന്മാരും സമ്മേളിച്ചു് ആണ്ടിൽ നാലുപ്രാവശ്യം ക്വാർട്ടർ സെഷൻസ് കൂടിവന്നു. അതിന്റെ വിചാരണാധികാരപരിധിയിൽ രാജ്യദ്രോഹം ഒഴിച്ചുള്ള മറെറല്ലാ കേസുകളും കൊണ്ടുവരുകയും ചെയ്തു. 1759-ൽ ഇരുപത്തിനാലു പർഗാനാകളും 1760-ൽ ബർദ്വാൻ, മിഡ്നാപ്പൂർ, ചിററാഗോങ്ങു് എന്നീസ്ഥലങ്ങളും ബംഗാൾ നവാബ് കമ്പനിക്കു വിട്ടുകൊടുക്കുകയുണ്ടായി. മുകിലചക്രവൎത്തിയുടെ മേൽകോ

സ്ഥയുടെ വിധേയമായി അവിടം ഭരിക്കുന്നതിനായിരുന്നു വ്യവസ്ഥ. കമ്പനിക്കു് കച്ചവടസംബന്ധമല്ലാത്ത മററു ഭരണച്ചുമതലകളും അവകാശാധികാരങ്ങളും ഒന്നിനൊന്നു് ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരുന്നു.

ഫ്രഞ്ചുകാരുടെ ആദ്യത്തെ ഉദ്ദേശം സിലോണിൽ അധികാരം ഉറപ്പിക്കണമെന്നായിരുന്നു എന്നു പറയുന്നതിൽ തെററില്ല. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി ജേക്കബ് ഡി ലാ ഹേയ്‌യുടെ കീഴിൽ ഒരു കപ്പൽസൈന്യം വന്നെത്തിയെങ്കിലും അതു് സാധിക്കുവാൻ കഴിഞ്ഞില്ല. ഇൻഡ്യാസമുദ്രത്തിൽ മേധാവിത്വത്തിനുവേണ്ടിയുള്ള പ്രകടമായ മത്സരം കുറേക്കൂടി കഴിഞ്ഞാണുണ്ടായതു്.

ഭാരതത്തിൻെറ കിഴക്കേതീരത്തുണ്ടായ സംഭവവികാസങ്ങൾ വിഗണിക്കാവുന്നവയല്ല. യൂറോപ്പിൽ നടന്നുകൊണ്ടിരുന്ന ആസ്ത്രിയൻ പിൻതുടർച്ചാവകാശവഴക്കിൻെറ പ്രത്യാഘാതങ്ങൾ ഇവിടെയും അനുഭവപ്പെട്ടു. ഇംഗ്ലീഷുകാരുടെ അധീനതയിൽ ഇരുന്ന മദിരാശി ഫ്രഞ്ചുകാർ പിടിച്ചെടുത്തു. ഇംഗ്ലീഷുകാരുടെ അഭ്യർത്ഥനയനുസരിച്ചു് സഹായത്തിനെത്തിയ ആർക്കാട്ടുനവാബിൻെറ സൈന്യങ്ങൾ നിശ്ശേഷം പരാജിതരായി. സമുദ്രത്തിലേപ്പോലെ കരയിലും യൂറോപ്യന്മാരുടെ പ്രഭാവം ഇതോടെ തെളിഞ്ഞെന്നു പറയാം. 1742-ൽ പുതുശ്ശേരിയിലെ ഗവർണ്ണരായി ഡ്യൂപ്ലേ വന്നതോടുകൂടി ദക്ഷിണഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ ചില ഗ്രഹപ്പകർച്ചകൾ അത്യാസന്നമായിത്തീർന്നു. ഏഷ്യയിലെ ഭൂപ്രദേശങ്ങൾ ഫ്രഞ്ചുകോയ്മയുടെ കീഴിൽ കൊണ്ടുവരുന്നതിനെപ്പററി ആദ്യമായി ആഗ്രഹിച്ചതും ചിന്തിച്ചതും ഡ്യൂപ്ലേയാണു്. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഭാരതത്തിലെ രാഷ്ട്രീയകാര്യങ്ങളിൽ മനഃപൂർവ്വം പ്രത്യക്ഷമായി ഇടപെടുന്നതിനു് അദ്ദേഹം ഒട്ടും

വിമുഖത പ്രദർശിപ്പിച്ചില്ല. ഈ മനോഭാവം ഇംഗ്ലീഷുകാരുമായുള്ള സംഘട്ടനത്തിലേക്ക് ഫ്രഞ്ചുകാരെ നയിച്ചു. യൂറോപ്പിൽ ഇവർ തമ്മിൽ ശത്രുതയൊന്നും ഇല്ലായിരുന്നെങ്കിലും 1751-മുതൽ 1754 വരെ തുടർച്ചയായി ഭാരതത്തിൽ മത്സര മനോഭാവത്തിൽത്തന്നെ കഴിഞ്ഞു. ഈ മത്സരത്തിൻെറ പരിണാമം കണ്ണാററിക്കിൽ ഇംഗ്ലീഷുകാരുടെ അധികാരവിപുലീകരണമായിരുന്നു. ഡ്യൂപ്ലേയും അദ്ദേഹത്തിൻെറ മഹേച്ഛയും രംഗത്തുനിന്നു് തിരോഭൂതമായി. യൂറോപ്പിലെ സപ്തസംവത്സര സമരത്തിൻെറ പ്രത്യാഘാതങ്ങൾ ഭാരതത്തിൽ ഫ്രഞ്ചുകാർക്ക് വളരെ പ്രതികൂലമായിട്ടാണു് അനുഭവിക്കുവാൻ ഇടയായതു്. 1757-ൽ ഇംഗ്ലീഷുകാർ കൽക്കട്ടാ ആക്രമിച്ചു. അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ പ്ലാസിയുദ്ധത്തിലാണു് ചെന്നവസാനിച്ചതു്. പ്ലാസിയുദ്ധത്തിലെ വിജയം ഭാരതത്തിൽ ഇംഗ്ലീഷുകാരുടെ പ്രാബല്യത്തിൻെറ അടിത്തറയിടുകയും ചെയ്തു. 1767-ൽ ക്ലൈവ് അവസാനമായി ഭാരതം വിട്ടപ്പോൾ ഈസ്റ്റ് ഇൻഡ്യാ കമ്പനി മിക്കവാറും ബംഗാൾ അടക്കിവാഴുകയായിരുന്നു. 1765-ൽ ഡിവാനി സിദ്ധിച്ചതോടുകൂടി കമ്പനിയ്ക്കുള്ള പ്രാദേശിക മേൽക്കോയ്മയുടെ ഉദയം സമ്പൂർണ്ണമായിത്തീർന്നെന്നു പറയാം. കമ്പനി യഥാർത്ഥ ഭരണാധികാരിയായി പരിണമിച്ചു കഴിഞ്ഞിരുന്നു.

ബ്രിട്ടീഷ് ഭരണചരിത്രത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് നാം അറിയാതെ പ്രവേശിച്ചിരിക്കുന്നു. ഈസ്റ്റ് ഇൻഡ്യാ കമ്പനി അതിൻെറ വാണിജ്യോദ്ദേശമെന്ന മൂടുപടം ക്രമേണ തിരസ്കരിച്ചു് പ്രദേശങ്ങളുടെ യഥാർത്ഥഭരണാധികാരിയായി രൂപാന്തരപ്പെടുന്നതാണു് നാം കാണുന്നതു്. പ്രദേശങ്ങൾ കയ്യടക്കി ഭരണംനടത്തിയാൽ ഉള്ള സുഖം മനസ്സിലായതോടുകൂടി കൂടുതൽ കൂടുതൽ നാടുകൾ അധീനതയിൽ കൊണ്ടുവരുന്നതിനു് അവർക്ക് തീക്ഷ്ണമായ മോഹം ഉണ്ടാകുകയും ചെയ്തു.

ഡിവാണി സിദ്ധിച്ചതോടെ കമ്പനിയുടെ ഉത്തരവാദിത്വങ്ങളും അതിനോടൊപ്പം വർദ്ധിച്ചു. ഫോർട്ടുവില്യമിലെ ഗവർണ്ണർ ഇൻ കൗൺസിലിനു് റവന്യൂ പിരിക്കുന്നതിനും സിവിൽനിയമം പാലിക്കുന്നതിനും ഉള്ള ഉത്തരവാദിത്വങ്ങൾ ഉണ്ടായി. പോലീസും ക്രിമിനലും കാര്യങ്ങൾ നവാബിൽതന്നെ ഇരുന്നു.

കമ്പനിയുടെ ഈ രൂപാന്തരപ്പെടലിൻെറ പ്രത്യാഘാതതരംഗങ്ങൾ ഇംഗ്ലണ്ടിലും ചെന്നടിച്ചു. കമ്പനിയുടെ ഓഹരിയിന്മേലുള്ള ലാഭവീതം 12 ശതമാനംവരെ ഉയൎന്നു. എന്നാൽ ബംഗാളിലെ ഭരണക്രമം കൈക്കൂലികൊണ്ടും മററും വല്ലാതെ ദുഷിച്ചു. കമ്പനി അനുദിനം പാപ്പരത്തത്തിലേയ്ക്കു് നീങ്ങുകയും അതിലെ ഉദ്യോഗസ്ഥന്മാർ സ്വകാര്യവാണിജ്യംകൊണ്ടു് പ്രഭുക്കന്മാരാകയുംചെയ്തു കൊണ്ടിരുന്നു. ഇതു് ഇംഗ്ലണ്ടിൽ വലിയ ഒച്ചപ്പാടുകൾ സൃഷ്ടിച്ചു. ഇൻഡ്യയിലെ കമ്പനിയുടെ ഭരണത്തിൽ പാർലിമെന്റു് ഇടപെടണമെന്നു് പൊതുജനാഭിപ്രായം ഉയൎന്നു. അതിന്റെയെല്ലാം ഫലമായി കമ്പനികാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിനായി ഒരു കമ്മിഷൻ നിയമിതമായി. ഈ അന്വേഷണക്കമ്മിഷൻ കമ്പനിയുടെ കാര്യങ്ങൾ എത്താണ്ടു് വിശദമാക്കുകയും ചെയ്തു. കമ്മീഷൻെറ ശുപാർശകളെ ആസ്പദമാക്കിയുള്ള നിയമനിർമ്മാണങ്ങൾ നടന്നെങ്കിലും, അതു് കമ്പനിയുടെ സാമ്പത്തികനിലയെ ഭേദപ്പെടുത്തിയില്ല. 1772 ആയപ്പോഴേയ്ക്കു് കമ്പനി പാപ്പരാകുമെന്ന നിലയായി. ആ ദുർഘടഘട്ടം തരണം ചെയ്യുവാൻ കമ്പനി കടംവായ്പയ്ക്കായി ഗവർമ്മെൻറിനെ സമീപിച്ചു. നോർത്തുപ്രഭുവായിരുന്നു അന്നത്തെ പ്രധാനമന്ത്രി. അദ്ദേഹം ഈ സന്ദർഭം പ്രയോജനപ്പെടുത്തി കമ്പനിയുടെ കാര്യങ്ങളിൽ ദൂരവ്യാപകങ്ങളായ മാററങ്ങൾ വരുത്തിയ നിയമങ്ങൾ പാസ്സാക്കുകയും ചെയ്തു. 1773-ൽ ഇങ്ങനെയുള്ള രണ്ടു നിയമങ്ങൾ പാസ്സായി.

ഒന്നു് കമ്പനിക്കു് സഹായം നല്കുന്നതിനുള്ളതായിരുന്നു. രണ്ടാമത്തേതു് സാധാരണയായി "റഗ്ഗുലേററിംഗ്ഗ് ആക്ട്" എന്ന പേരിലാണു് അറിയപ്പെടുന്നതു്. ഭാരതത്തിലെ സംഭവവികാസങ്ങൾ കേവലം ഒരു കമ്പനിയെ മാത്രം ബാധിക്കുന്ന കാര്യമല്ലെന്നും, അതു് ബ്രിട്ടീഷു്രാഷ്ട്രത്തിൻെറ പൊതുവായ താൽപര്യമാണെന്നും അംഗീകൃതമായതിൻെറ പ്രത്യക്ഷമായ ഉദാഹരണമാണു് റഗ്ഗുലേററിംഗ്ഗ് ആക്ട്.

ക്ലൈവ് ഭാരതം വിട്ടു് അഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ 1772-ൽ വാറൻഹേസ്റ്റിംഗ്സ് ബംഗാൾ ഗവർണറായി നിയമിക്കപ്പെട്ടു. ഇതിനുമുമ്പു് പതിനഞ്ചുകൊല്ലം അദ്ദേഹം ബംഗാളിൽ കമ്പനിക്കുവേണ്ടി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. നിയമനത്തിനുശേഷം രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ റഗ്ഗുലേററിംഗ്ഗ് ആക്ടനുസരിച്ചു് അദ്ദേഹം ഗവർണർ ജനറൽ ഇൻ കൗൺസിൽ ആയത്തീന്നു. മദിരാശി, ബോംബേ എന്നിവിടങ്ങളിലെ ഭരണം സംബന്ധിച്ചു് ചില കാര്യങ്ങളിൽ ഗവർണർ ജനറലിനു് അധികാരമുണ്ടായി.

റഗ്ഗുലേറ്റിംഗ് ആക്ടനുസരിച്ചു് ഉണ്ടായിത്തീർന്ന ഭരണവ്യവസ്ഥ ചെറുതായി സൂചിപ്പിക്കാം. കോട്ട് ആഫ് പ്രൊപ്രൈറ്റേഴ്സിനു വോട്ടുചെയ്യുന്നതിനു് 500 പവൻ ഓഹരി യോഗ്യത വേണമെന്നുള്ളതു് ആയിരം പവനാക്കി ഉയത്തുന്നതിനു് ഏപ്പാടായി. ഡയറക്ടേഴ്സിനെ കൊല്ലംതോറും തിരഞ്ഞെടുക്കുന്നതിനു പകരം അവരുടെ ഉദ്യോഗകാലാവധി നാലുകൊല്ല്യമായി ക്ളിപ്തപ്പെടുത്തി. അവരിൽ നാലിലൊന്നു് കൊല്ലംതോറും തിരഞ്ഞെടുക്കപ്പെടണം. ബംഗാൾ, ബീഹാർ, ഒറീസ്സാ എന്നിവിടങ്ങളിലെ ഭരണം ഗവണ്ണർ ജനറൽ ഇൻ കൗൺസിലിൽ നിക്ഷിപ്തമായി. മദിരാശി, ബോംബെ എന്നീ പ്രദേശങ്ങളുടെ ഭരണകാര്യത്തിൽ ഗവണ്ണർ ജനറലിനുള്ള അധികാരം

അംഗീകരിക്കപ്പെട്ടതും ഇതോടുകൂടിത്തന്നെ. ഭരണകാര്യങ്ങൾ തീരുമാനിക്കുന്നതു് ഗവർണ്ണർ ജനറലും കൗൺസിൽ അംഗങ്ങളും സമ്മേളിച്ചു് ഭൂരിപക്ഷപ്രകാരമായിരിക്കും. ഗവർണ്ണർ ജനറലിനു് ഒരു വിധിനിർണ്ണായകവോട്ടു് ഉണ്ടു്. ഇവർ ഇംഗ്ലണ്ടിലുള്ള ഡയറക്ടേഴ്സിൻെറ ഉത്തരവുകൾക്കു് വിധേയരായി കൃത്യങ്ങൾ നിർവ്വഹിക്കുന്നു. കമ്പനിയുടെ താൽപ്പര്യങ്ങളെ ബാധിക്കുന്ന എല്ലാ വിവരങ്ങളും ഡയറക്ടേഴ്സിനെ അറിയിക്കുവാൻ ഗവർണ്ണർ ജനറലിനു് ബാദ്ധ്യതയുണ്ടു്. മറെറാരു പ്രധാനമായ പരിഷ്കാരം ഫോർട്ടുവില്യമിൽ സംസ്ഥാപിക്കപ്പെട്ട സുപ്രീംകോടതിയായിരുന്നു. സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസിനെക്കൂടാതെ മററു് നാലു് ജഡ്ജിമാരും ഉണ്ടായിരിക്കും. സിവിലും ക്രിമിനലും ആയ എല്ലാ വിചാരണാധികാരങ്ങളും ഇതിൽ നിക്ഷിപ്തമായി. ഗവർണ്ണർ ജനറലിനും കൗൺസിലിനും കമ്പനിവക പ്രദേശങ്ങളിൽ നിയമപരിപാലനത്തിനും സിവിൽഭരണത്തിനും വേണ്ട റഗുലേഷനുകൾ നിർമ്മിക്കുവാനുള്ള അധികാരങ്ങളും ലഭിച്ചു.

ഗവർണ്ണർജനറലായി നിയമിതനായ ഹേസ്റ്റിംഗ്സിന്റെ ഉത്തരവാദിത്വങ്ങൾ ഒരു വിധത്തിലും നിസ്സാരങ്ങളായിരുന്നില്ല. വ്യാപാരോദ്ദേശത്തോടുകൂടി പ്രവർത്തിച്ചുപോന്ന ഒരു സ്വകാര്യക്കമ്പനിഭരണത്തെ, വളരെ ഉത്തരവാദിത്വമുള്ള തനി സർക്കാർ ഭരണമായി മാറേറണ്ടതു് അത്യാവശ്യമായി; അതിനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹത്തിന്റെ പ്രധാനമായ കർത്തവ്യങ്ങൾ ആഭ്യന്തരവാണിജ്യം സ്വതന്ത്രമാക്കുക, റവന്യൂ പുനസ്സംഘടിപ്പിക്കുക, നീതിന്യായക്കോടതികൾ സ്ഥാപിക്കുക എന്നിവയായിരുന്നു. പുതിയ നീതിന്യായക്കോടതികളുടെ ആവിർഭാവത്തോടുകൂടി അഭിഭാഷകവൃന്ദത്തിൻെറ വളർച്ചയ്ക്കുള്ള സാഹചര്യങ്ങൾ സംജാതമായി. യൂറോപ്യന്മാർ ഭാരതീയഭാഷകൾ പഠിക്കുന്നതിനു് താൽപര്യം

കാണിച്ചുതുടങ്ങി. ഭാരതീയനീതിശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങളും മററും പല പാശ്ചാത്യരും പഠിച്ചു. ഇതു് ഭാരതീയ വിജ്ഞാനത്തിന്റെ പുനരുജ്ജീവനത്തിനു് ഇട നൽകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയുണ്ടായി. 1784-ൽ ബംഗാളിലെ ഏഷ്യാററിക് സൊസൈററി സ്ഥാപിതമായി. സർ വില്യം ജോൺസ് (ഏഷ്യാററിക് ജോൺസ്) തുടങ്ങിയ മഹാന്മാരുടെ സേവനങ്ങൾ ഈ അവസരത്തിൽ സ്മരണീയമാണു്. ഇക്കാര്യങ്ങളിൽ വാറൻഹേസ്റ്റിംഗ്സ് നല്കിയിരുന്ന പ്രചോദനവും പ്രോത്സാഹനവും അഭിനന്ദനാർഹമായിരുന്നു.

ഹേസ്റ്റിംഗ്സിന്റെ ഉദ്യോഗകാലത്തിന്റെ അവസാനഘട്ടങ്ങളിൽ ഭാരതീയ കാര്യങ്ങളെപ്പററി ഇംഗ്ലണ്ടിലെ വിവിധ കക്ഷികൾ തമ്മിൽ തീക്ഷ്ണമായ അഭിപ്രായഭിന്നതകൾ ഉണ്ടായി. റഗുലേററിംഗു് ആക്ട് പ്രയോഗത്തിൽ കൊണ്ടുവന്നപ്പോൾ അനവധി പോരായ്മകൾ തെളിയുകയുണ്ടായി. സ്വന്തം കൗൺസിലിന്റെ മുമ്പിൽ ദുർബ്ബലനായ ഒരു ഗവർണ്ണർ ജനറലിനേയും, സുപ്രീംകോടതിയുടെ മുമ്പിൽ ശക്തിയില്ലാത്ത ഒരു നിർവ്വഹണവിഭാഗത്തേയും ആണു് അതു് സൃഷ്ടിച്ചതു്. ഇവ പരിഹരിക്കുന്നതിനുവേണ്ടി 1781-ലും പിന്നീടു് 1784-ലും ഓരോ നിയമങ്ങൾ പാസ്സാക്കി. ഇതിൽ രണ്ടാമത്തേതു് പിററിന്റെ ഇൻഡ്യാ നിയമം എന്നാണു് അറിയപ്പെടുന്നതു്. 1786-ൽ ചില ഭേദഗതികൾ ഇതിൽവരുത്തി. ആ നിലയിൽ സാരാംശങ്ങളിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ലാതെ അതു് 1858-വരെ തുടരുകയും ചെയ്തു.

പിററിന്റെ ഇൻഡ്യാനിയമംമൂലം ഗവർണർ ജനറലിന്റെ കൗൺസിലിലെ അംഗങ്ങളുടെ എണ്ണം മൂന്നായി കുറച്ചു. ഇതു് ഗവർണ്ണർ ജനറലിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. മററു് പ്രസിഡൻസികളുടെ മേൽ അദ്ദേഹത്തിനു

ണ്ടായിരുന്ന ഉന്നതാധികാരങ്ങൾ കൂടുതൽ വ്യക്തമാക്കി. 1786-ലെ ഭേദഗതി ചില പ്രത്യേക സന്ദർഭങ്ങളിൽ ഗവർണ്ണർ ജനറലിനു് ഉപദേശകസമിതിയുടെ ഭൂരിപക്ഷം നല്കുന്ന നിർദ്ദേശങ്ങളെ വിഗണിക്കാവുന്നതാണെന്നു് വെളിവാക്കി. അക്കാര്യങ്ങളിൽ സ്വന്തം ഉത്തരവാദിത്വത്തിൽ യുക്തിപൂർവ്വം നടപടികൾ അദ്ദേഹത്തിനു സ്വീകരിക്കാം. ഇതു കൂടാതെ ചില സന്ദർഭങ്ങളിൽ സർവ്വസൈന്യാധിപൻെറ അധികാരങ്ങളും അദ്ദേഹത്തിനു പ്രയോഗിക്കാവുന്നതാണു്. ഇവയൊക്കെ ഗവർണ്ണർ ജനറലിനെ ഒരു യഥാർത്ഥ ഭരണത്തലവനാക്കിത്തീർക്കുക മാത്രമല്ല ഒരു സ്വാതന്ത്ര്യമുള്ള ഭരണാധിപനാക്കി ഉയർത്തുകയും ചെയ്തു. കമ്പനിയുടെ ഭരണകാര്യങ്ങൾ ഇംഗ്ലണ്ടിൽ ഒരു ബോർഡ് ആഫ് കൺട്രോളിൻെറ കീഴിലായി. അതിൻെറ പ്രസിഡൻറു് ബ്രിട്ടീഷ് ക്യാബിനററിൽ ഒരാളായിരിക്കും. പ്രസിഡൻറിൽ പല അധികാരങ്ങളും കേന്ദ്രീകരിച്ചിരുന്നെങ്കിലും പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും ബോർഡു് ആഫ് കൺട്രോളുമായി ആലോചിച്ചിട്ടാണു ചെയ്തിരുന്നതു്. വളരെ അപൂർവ്വമായിട്ടു മാത്രമേ കമ്പനിയുടെ ഉദ്യോഗസ്ഥന്മാരിൽനിന്നു് ഗവർണ്ണർ ജനറലിനെ തിരഞ്ഞെടുത്തിരുന്നുള്ളു.

1813-ൽ കമ്പനിയുടെ ചാർട്ടർ നവീകരിച്ചപ്പോൾ ഭാരതവുമായുള്ള വാണിജ്യക്കുത്തക നിർത്തൽ ചെയ്യുകയും ബോർഡ് ആഫ് കൺട്രോളിൻെറ അധികാരങ്ങൾ വിപുലീകരിക്കുകയും ഇന്ത്യാക്കാരുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കായി പ്രതിവർഷം ഒരു ലക്ഷം ഉറുപ്പിക നീക്കിവയ്ക്കുകയുമാണു് പ്രധാനമായി ചെയ്തതു്. ഭാരതീയർക്കു് ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു് ഉത്തമമായിട്ടുള്ളതെന്നതിനെ സംബന്ധിച്ച പ്രശ്നം ഇക്കാലത്തു് മുൻപന്തിയിലേയ്ക്കു വരുകയുണ്ടായി. അന്നു് ഗവർണ്ണർ ജനറലിൻെറ ഉപദേശകസമിതിയിലെ അംഗമായി

രുന്ന മെക്കാളിപ്രഭുവും രാജാറാം മോഹൻറായ് തുടങ്ങിയ പുരോഗമനവാദികളും പാശ്ചാത്ത്യരീതിയിലുള്ള വിദ്യാഭ്യാസത്തിനുവേണ്ടി വാദിച്ചവരായിരുന്നു. ഈ പ്രശ്നത്തിൻെറ നാനാവശങ്ങളെപ്പററി പഠിച്ചു് റിപ്പോർട്ടു ചെയ്യുവാൻ മെക്കാളി നിയമിതനായി. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിനെ ആസ്പദമാക്കി ഭാരതത്തിൽ പാശ്ചാത്ത്യരീതിയിലുള്ള ഇംഗ്ലീഷ്‌വിദ്യാഭ്യാസം സമാരംഭിക്കുവാൻ നിശ്ചയിച്ചു. ഈ നിശ്ചയത്തിൽ നിന്നുമാണു് 1835-ൽ കൽക്കട്ടാ മെഡിക്കൽകാളേജ് ജന്മമെടുത്തതു്. ക്രമേണ പാശ്ചാത്ത്യവിദ്യാഭ്യാസം ഭാരതത്തിൽ രൂഢമൂലമായിത്തീരുകയും 1857-ൽ ബോംബെ, കൽക്കട്ടാ, മദ്രാസ് എന്നീ സർവ്വകലാശാലകൾ സ്ഥാപിതമാകുകയും ചെയ്തു.

1833-ൽ ആണു് പിന്നീടു് ചാർട്ടർ പുതുക്കിയതു്. കമ്പനിയുടെ കാലാവധി ഇരുപതു കൊല്ലത്തേക്കുകൂടി ദീർഘിപ്പിച്ചു. ബംഗാൾ ഗവർണ്ണർ ജനറൽ ഇൻഡ്യയുടെ ഗവർണ്ണർ ജനറലായി അംഗീകരിക്കപ്പെട്ടു. അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനു് ഉപദേശക സമിതിയിൽ ഒരു പുതിയ അംഗത്തെക്കൂടി ഉൾപ്പെടുത്തി. ഈ ആൾ നിയമനിർമ്മാണകാര്യങ്ങളുടെ ചുമതല വഹിച്ചു. സിവിലും മിലിട്ടറിയുമായുള്ള ഭരണവിഷയങ്ങൾ ഗവർണ്ണർ ജനറലിലും അദ്ദേഹത്തിൻെറ കൗൺസിലിലും നിക്ഷിപ്തമായി. നിയമവകുപ്പിൻെറ ചുമതല വഹിക്കുന്ന അംഗം നിയമനിർമ്മാണകാര്യങ്ങൾ ചർച്ച ചെയ്യുമ്പോഴേ ഹാജരായിരുന്നുള്ളൂ. അങ്ങനെയുള്ള സഭ ഗവർണ്ണർ ജനറൽ ഇൻ ലെജിസ്ലേററീവ് കൗൺസിൽ എന്നാണു് അറിയപ്പെട്ടിരുന്നതു്. ഗവർണ്ണർ ജനറലിന്റെ നിർവ്വഹണപരവും (എക്സിക്യൂട്ടീവ്) നിയമനിർമ്മാണപരവും (ലെജിസ്ലേററീവ്) ആയ കർത്തവ്യങ്ങളെ തരംതിരിച്ചു് നിർത്തിയതു് ഒരു പുരോഗതിയാണു്. ഇൻഡ്യ

യിലെ ഏതു ഉദ്യോഗവും വഹിക്കുന്നതിനു് ഇൻഡ്യാക്കാർ യോഗ്യരാണെന്നും വ്യക്തമാക്കപ്പെട്ടു.

കമ്പനിയുടെ ചാർട്ടർ അവസാനമായി പുതുക്കിയതു് 1853-ൽ ആണു്. കമ്പനിയുടെ കാലാവധി പാർലിമെൻറു് "മറവുതരത്തിൽ നിർദ്ദേശിക്കുന്നതുവരെ" മാത്രമായിരിക്കുമെന്നു നിശ്ചയിച്ചു. ഡയറക്ടറന്മാരുടെ എണ്ണം ഇരുപത്തിനാലിൽ നിന്നു് പതിനെട്ടായി കുറയ്ക്കുകയും ചെയ്തു. അവരിൽ ആറു പേരെ ഇംഗ്ലണ്ടിലെ ഗവർമ്മെൻറായിരിക്കും നിയമിക്കുന്നതു്. ഉദ്യോഗസ്ഥന്മാരെ മത്സരപരീക്ഷമൂലം തെരഞ്ഞെടുത്തു് നിയമിക്കുന്ന തത്വവും അംഗീകൃതമായി. ഗവർണ്ണർ ജനറലിൻെറ സഭ, നിയമനിർമ്മാണം ആവശ്യമായി വരുമ്പോൾ, ഓരോ് പ്രവിശ്യയിൽനിന്നും ഈരണ്ടു പ്രതിനിധികൾ, ബംഗാൾ ചീഫ്ജസ്റ്റീസ്, സുപ്രീംകോടതിയിലെ ഒരു ജഡ്ജി മുതലായവരേക്കൂടി അംഗങ്ങളായി ഉൾപ്പെടുത്തി, ഒരു നിയമനിർമ്മാണ സഭയായി പ്രവർത്തനം നടത്തുമെന്നും വ്യവസ്ഥയുണ്ടാക്കി. ഈ വിധത്തിൽ ഭരണസഭയും (എക്സിക്യൂട്ടീവ് കൗൺസിലും) നിയമസഭയും (ലെജിസ്ലേററീവ് കൗൺസിലും) ആവിർഭവിച്ചു എന്നു പറയാം.

1858 വരെ ഭാരതത്തിലെ ബ്രിട്ടീഷുഭരണം പ്രധാനമായി ഇംഗ്ലണ്ടിൽനിന്നുള്ള ഒരു പോലീസ് സ്റ്റേററാണു് നിർവ്വഹിച്ചിരുന്നതെന്നു പറയുന്നതിൽ തെററില്ല. ഭാരതീയരുമായി ആലോചിക്കണമെന്നോ, അവരുടെ സഹകരണം ഉണ്ടായിരിക്കുകയെന്നോ, അവരുടെ മനോഗതികൾ ആരായണമെന്നോ ഉള്ള പ്രശ്നങ്ങൾ ഉദിച്ചിരുന്നില്ല.

വിദേശമേധാവിത്വത്തിൻെറ മൂന്നാംഘട്ടം തുടങ്ങുന്നതു് 1857-ലെ വിപ്ലവത്തിൻെറ അനന്തരഫലമായിട്ടാണു്. ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ സമാപനവും ഇൻഡ്യയുടെ

ഭരണം ഇംഗ്ലണ്ടിലെ ഗവമ്മെൻറ് നേരിട്ട് ഏറെറടുത്തതു മാണ് വിപ്ലവത്തിൻെറ പ്രധാന ഫലങ്ങൾ. വിക്ടോറിയാ രാജ്ഞിയുടെ പ്രഖ്യാപനത്തിൽ നാട്ടുരാജാക്കന്മാരുമായി നേരത്തേ ഏപ്പെട്ടിരുന്ന ഉടമ്പടികളും സന്ധികളും പരി പൂർണ്ണമായി നിറവേററുന്നതാണെന്നും ഗവർമ്മെൻറിൻെറ സകല നടപടികളും പ്രവൃത്തനങ്ങളും മതസഹിഷ്ണുതാടിസ്ഥാന ത്തിലായിരിക്കുമെന്നും പ്രത്യേകം എടുത്തുപറയുകയുണ്ടായി. 1858-ലെ ആക്ട് അനുസരിച്ച് ഇൻഡ്യാഗവണ്മെൻറ് ബ്രിട്ടീഷ്‌രാജാവിൻെറ മേൽനോട്ടത്തിലായി. ഗവർണ്ണർ ജനറൽതന്നെ രാജാവിൻെറ പ്രതിപുരുഷൻ (വൈസ്രായി) കൂടി യായിത്തീന്നു. ഇംഗ്ലണ്ടിൽ ബോർഡ് ആഫ് കൺട്രോളിന്റെ സ്ഥാനത്തു് ഇൻഡ്യാകൗൺസിൽ സംഘടിപ്പിച്ചു. ഈ കൗൺ സിലിലെ ആകെയുള്ള പതിനഞ്ചുപേരിൽ എട്ടുപേരെ രാജാവു് നിയമിക്കുന്നതും മററുള്ളവരെ ഡയറക്ടേഴ്സിൽനിന്നു അവർ തന്നെ തിരഞ്ഞെടുക്കുന്നതുമാണ്. അതിൽ പ്രസിഡൻറ് സെക്രട്ടറി ആഫ് സ്റ്റേററ്സ് ആയിരിക്കും. കൗൺസിൽ അദ്ദേഹത്തിനു് ഉപദേശങ്ങൾ നൽകുന്നു. സെക്രട്ടറി ആഫ് സ്റ്റേററ്സിനു് അദ്ദേഹത്തിൻെറ കൗൺസിലിൻെറ തീരുമാനങ്ങളെ നിരാകരിക്കുന്നതിനും കഴിവുണ്ട്. അദ്ദേഹം ബ്രിട്ടീഷു് മന്ത്രിസഭയിലെ ഒരംഗമായിരിക്കുന്നതുകൊണ്ടു്, ഇൻഡ്യാഗവണ്മെൻറിൻെറ നടത്തിപ്പ് പാർലമെൻറിനധീന മായിത്തീന്നു.

1853-ലെ ചാട്ടർ ആക്ടിനെക്കുറിച്ചു പറഞ്ഞപ്പോൾ ഗവർണ്ണർ ജനറലിന്റെ കൗൺസിലിനെത്തന്നെ ചില പ്രത്യേക വ്യവസ്ഥയിൽ നിയമസഭയായി രൂപാന്തരപ്പെടുത്താനാവുന്നതാ ണെന്നു് പ്രസ്താവിക്കുകയുണ്ടായല്ലോ. ഇങ്ങനെ സംഘടിതമായ നിയമസഭയുടെ അധികാരങ്ങൾ ഏററവും പരിമിതമായി 1861-ലെ ഇൻഡ്യൻ കൗൺസിൽസ് ആക്ടു് നിർവ്വചിച്ചു. അതു

പോലെ മദിരാശി, ബോംബെ എന്നിവിടങ്ങളിലെ ഗവണ്മെൻറുകൾക്ക് കൂടുതൽ നിയമനിർമ്മാണസ്വാതന്ത്ര്യവും മുകളിൽ പറഞ്ഞ ആക്ടുകൊണ്ടു ലഭ്യമായി. ഗവർണ്ണർ ജനറലിന് ഏതു നിയമവും വീറേറാ ചെയ്യുന്നതിനും അധികാരം നൽകി. ബംഗാൾ, പഞ്ചാബ് തുടങ്ങിയ പ്രദേശങ്ങളിൽ ചെറിയ നിയമസഭകൾ സംഘടിപ്പിക്കുകയുംചെയ്തു. ഗവർണ്ണർ ജനറലിന് അടിയന്തിരകാലങ്ങളിൽ ആർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരവും ഈ ആക്ററുമൂലമാണു ലഭിച്ചതു്.

ഇക്കാലങ്ങളിൽ ഭാരതത്തിലെ രാഷ്ട്രീയപ്രബുദ്ധത വിരാമമെന്യേ വളർന്നുകൊണ്ടിരുന്നു എന്നുള്ള പരമാർത്ഥം വിസ്മരിക്കരുതു്. ഇതിൻെറ പ്രത്യക്ഷലക്ഷണം 1885-ൽ സ്ഥാപിതമായ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് ആണു്. ഇൻഡ്യാക്കാരുടെ അവകാശവാദങ്ങൾക്കു പ്രചോദനവും പിൻതുണയും നൽകി, ജനഹിതത്തെ മാനിച്ചു് സക്കാരിനെക്കൊണ്ടു് പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കുക എന്നതായിരുന്നു ഈ സംഘടനയുടെ അന്നത്തെ ലക്ഷ്യം. ഇതിന്റെയെല്ലാം ഫലമായി, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള നിയമസഭകൾ പ്രവത്തനത്തിലും അധികാരത്തിലും വികസിപ്പിക്കുന്നതിനുവേണ്ടി 1892-ൽ ഒരു പുതിയ ആക്ടു് സക്കാർ പാസ്സാക്കി. നിയമസഭയിലെ അംഗങ്ങളിൽ ചിലരെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അധികാരം സ്വയംഭരണസ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തതു് ഈ നിയമത്തിന്റെ ഒരു പുതുമയാണു്. നിയമസഭാസാമാജികന്മാക്കു് സക്കാർ സമപ്പിക്കുന്ന സാമ്പത്തികസ്ഥിതിവിവരങ്ങളെപ്പററി അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള അധികാരവും സിദ്ധിച്ചു. ഈ പരിഷ്കാരങ്ങളിലൊന്നും ഭാരതീയനേതാക്കന്മാക്കു സംതൃപ്തിക്കുള്ള വഴി കണ്ടില്ല. ഭാരതീയരുടെ വളൎന്നുകൊണ്ടിരുന്ന ദേശീയതാബോധം, കൂടുതൽ പ്രയോജനമുള്ള പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു് ആവശ്യപ്പെട്ടു. ഇക്കാലത്തു

ണ്ടായ ബംഗാൾ വിഭജനത്തിനെതിരായുള്ള പ്രക്ഷോഭണവും അതിനെ സക്കാർ നേരിട്ട രീതികളും ഭാരതത്തിൽ പ്രക്ഷുബ്ധ മായ ഒരന്തരീക്ഷം സൃഷ്ടിച്ചു. ഭരണവിഷയങ്ങളിൽ കൂടുതൽ കൂടുതൽ ഭാരതീയ സഹകരണം അനുവദിക്കാതെ സാധിക്ക യില്ലെന്നു മനസ്സിലായതിൻെറ ഫലമായി മോർലി-മിൻേറാ ഭരണപരിഷ്കാരങ്ങൾ 1909-ൽ പ്രഖ്യാപിതമായി. നിയമ സഭകൾ വിപുലപ്പെടുത്തി അതിലെ അംഗങ്ങളെ തിരഞ്ഞെ ടുക്കുന്ന ഏർപ്പാടു് പ്രയോഗത്തിൽ വന്നു. കേന്ദ്രനിയമസഭ യിൽ ഔദ്യോഗികഭൂരിപക്ഷം ഉണ്ടായിരിക്കുമെങ്കിലും, സംസ്ഥാ നങ്ങളിൽ തിരഞ്ഞെടുക്കുന്നവരും നാമനിർദ്ദേശം ചെയ്യപ്പെട്ട വരും ആയ അനൗദ്യോഗിക സാമാജികന്മാക്കു് ഭൂരിപക്ഷം വ്യവസ്ഥചെയ്യുകയുണ്ടായി. ഈ ആക്ടിലാണു് ശപിക്കപ്പെട്ട വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ ആദ്യമായി അംഗീകരിച്ചതു്. ഇതിൻെറ ആശയം അഗാഖാൻ തിരുമേനിയുടെ നേതൃത്വ ത്തിൽ 1906-ഒക്ടോബറിൽ അന്നു് വൈസ്രോയിയായിരുന്ന മിൻേറാപ്രഭുവിനെ സന്ദശിച്ച ഡെപ്യൂട്ടേഷനുശേഷമാണു് ജന്മ മെടുത്തതു്. വൈസ്രോയിയുടെ പ്രോത്സാഹനത്തിൻെറ നിഴൽ പററിനിന്നുകൊണ്ടു പ്രത്യേകനിയോജകമണ്ഡലങ്ങൾക്കു വേണ്ടി യുള്ള ശ്രമങ്ങൾ തല്പരകക്ഷികൾ തുടങ്ങി. അങ്ങിനെ 1906-ഒക്ടോബർ ഒന്നാംതീയതി ഭാരതചരിത്രത്തിൽ പ്രാധാന്യം അഹിക്കുന്ന ഒരു ദിനമായി പരിണമിച്ചു. ആരോ പ്രസ്താ വിച്ചിട്ടുള്ളതുപോലെ അന്നു് ഇന്ത്യാചരിത്രത്തിൽ ഒരു നൂതന യുഗത്തിൻെറ പ്രാരംഭം കുറിച്ചു. മിൻേറാ പ്രഭ്വി അവ രുടെ ഡയറിയിൽ അന്നേദ്ദിവസം ഇങ്ങനെ എഴുതിയി ട്ടുണ്ടു്—"ഇന്നു സായാഹ്നത്തിൽ ഒരു കത്തു് എനിക്കു കിട്ടി. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—ഇന്നു് ഒരു സുപ്രധാന സംഭവം നടന്നിരിക്കുന്നതു് അറിയിക്കുവാൻ ഈ വാക്കു കൾ എഴുതുന്നതാണു്. ഭാരതത്തെയും ഭാരതചരിത്രത്തെയും അനേകകാലത്തേക്കു ബാധിക്കത്തക്ക ഒരു ഭരണനൈപുണ്യ

പരമായ സംഗതി സാധിച്ചിരിക്കുന്നു."—[1] ഭാരതചരിത്രത്തിൽ ഒരു നൂതനാദ്ധ്യായമാണ് അന്ന് ആരംഭിച്ചതു് എന്നു പറയുന്നതു ശരിതന്നെ. എന്നാൽ അതു സുദിനമോ ദുർദ്ദിനമോ എന്നുള്ളതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസമുണ്ടു്. പില്ക്കാലത്തു് ഭാരതത്തിലുണ്ടായ വർഗ്ഗീയവൈരങ്ങൾക്കും കൂട്ടക്കൊലകൾക്കും വിഷബീജം വിതച്ച ഒരു ദുർദ്ദിനമായി മാത്രമേ അതിനെ നമുക്കു് കരുതുവാൻ കഴിയൂ. മിൻേറാപ്രഭുവിൻെറ ആനുകൂല്യം സിദ്ധിക്കുകയാൽ 1909-ലെ ആക്ടിൽ വർഗ്ഗീയ നിയോജകമണ്ഡല വ്യവസ്ഥയ്ക്കു് സ്ഥാനം കിട്ടി. പിന്നീടുണ്ടായ നിയമങ്ങളിൽ അതു നീക്കം ചെയ്യുന്നതിനു പകരം അതിനു് വിപുലീകരണവും പ്രോത്സാഹനവും ആണു സിദ്ധിച്ചതു്. 1935-ലെ ഭരണപരിഷ്കാരത്തിൽ ഒരു അവാർഡ് (വിധി) ആയി വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ വളർന്നു വലുതായി. എന്തിനധികം? അതിൻെറ പരിണാമം 1947-ൽ ഭാരതം വെട്ടിമുറിച്ചതോടുകൂടി സമ്പൂർണ്ണമായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

1909-ലെ മോർലി-മിൻേറാ ഭരണപരിഷ്കാരങ്ങൾ ആരേയും തൃപ്തരാക്കിയില്ല. ഭരണത്തുറകളിലൊന്നിലും ഭാരതീയക്കു് ഗണ്യമായ പങ്കു ലഭ്യമാകാതിരുന്നതാണു് അതിനുള്ള കാരണം. ബഹുജനപ്രക്ഷോഭണം സുശക്തമായി മുമ്പോട്ടു പോയി. എങ്കിലും ഇംഗ്ലീഷുകാരുമായുള്ള തീക്ഷ്ണമായ അഭിപ്രായഭിന്നതകൾ വിസ്മരിച്ചു് ഭാരതം ഒന്നാം ലോകമഹായുദ്ധത്തിൽ അവരുമായി സഹകരിച്ചു. യുദ്ധാനന്തരം ഭാരതത്തിന്റെ ന്യായമായ വാദങ്ങൾ അംഗീകരിക്കുമെന്നായിരുന്നു ജനങ്ങളുടെ പ്രതീക്ഷ. 1917-ൽ ഇൻഡ്യാ സെക്രട്ടറിയുടെ സുപ്രസിദ്ധമായ നയപ്രഖ്യാപനം ഉണ്ടായി.—"ഇന്ത്യാഗവമ്മെൻറിൻെറ പരിപൂർണ്ണമായ യോജിപ്പോടുകൂടി ബ്രിട്ടീഷുരാജാവു് അംഗീ

---

1. Quoted in India Divided--by Dr. Rajendra Prasad

കരിച്ചിരിക്കുന്ന നയം, ഇന്ത്യാക്കാരെ ഭരണകൂടത്തിന്റെ എല്ലാ ശാഖകളിലും കൂടുതൽ കൂടുതൽ പ്രവേശിപ്പിച്ചും, സ്വയംഭരണസ്ഥാപനങ്ങളെ ക്രമപ്രവൃദ്ധമായി വികസിപ്പിച്ചും, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഘടകമായി നിന്നുകൊണ്ടു് ഉത്തരവാദഭരണം ക്രമേണ ഏറ്റെടുക്കുവാൻ ഭാരതത്തെ ശേഷിയുള്ളതാക്കിത്തീർക്കുക എന്നുള്ളതാണു്." മൊൺടേഗു്-ചെംസ്ഫോർഡു് റിപ്പോർട്ടിനെ ആസ്പദമാക്കി 1919-ൽ ഭരണപരിഷ്കാരങ്ങൾ പ്രഖ്യാപിതമായി. അതനുസരിച്ചു് കേന്ദ്രത്തിൽ കൗൺസിൽ ആഫു് സ്റ്റേററ്സ് എന്നും ലെജിസ്ലേററീവു് അസംബ്ളി എന്നും പേരുള്ള രണ്ടു മണ്ഡലങ്ങൾ ഉൾപ്പെടുന്ന നിയമസഭ സംഘടിപ്പിച്ചു. രണ്ടു സഭകളിലും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു് ഭൂരിപക്ഷം ഉണ്ടായിരിക്കും. വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ വഴിയായിരിക്കും തിരഞ്ഞെടുപ്പു് നടക്കുന്നതു്. ഗവർണ്ണർ ജനറലിനു് ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം പഴയതുപോലെ തുടന്നു. വൈസ്രോയിയുടെ വീറേറായ്ക്കും സർട്ടിഫിക്കേഷനും വിധേയമായിട്ടാണു് കേന്ദ്രനിയമസഭയ്ക്കു് ചർച്ചകൾ നടത്തുവാനും നിയമനിർമ്മാണം ചെയ്യുവാനും അധികാരമുണ്ടായിരുന്നതു്.

സംസ്ഥാനങ്ങളിലെ നിയമസഭകളിലും തിരഞ്ഞെടുക്കപ്പെടുന്ന സാമാജികന്മാക്ക് ഭൂരിപക്ഷം ഉണ്ടായിരിക്കും. വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ ഇവിടെയും തുടരുകയാണു ചെയ്തതു്. എക്സിക്യൂട്ടീവിന്റെ (നിർവ്വഹണവിഭാഗത്തിന്റെ) കാര്യത്തിൽ സുപ്രധാനമായ വ്യത്യാസങ്ങൾ ഉണ്ടായി. ധനകാര്യം, പോലീസ്മുതലായ പ്രധാന വകുപ്പുകൾ പ്രവിശ്യയിലെ ഗവർണ്ണറോടുനേരിട്ടു് ഉത്തരവാദിത്വമുള്ള എക്സിക്യൂട്ടീവു് കൗൺസിലറന്മാരുടെ നിയന്ത്രണത്തിലും, വിദ്യാഭ്യാസം, പൊതുജനാരോഗ്യം പ്രാദേശികസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ സംസ്ഥാന നിയമസഭയോടു് ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിമാരുടെ

കീഴിലും ആകുന്നതിനായി വ്യവസ്ഥ. ഈ രണ്ടു വിഭാഗങ്ങളും ഗവർണ്ണറുംകൂടി ചേരുമ്പോൾ സംസ്ഥാന എക്സിക്യൂട്ടീവ് മുഴുവനമായി. ഇങ്ങനെ വീതംവച്ചുള്ള ഭരണരീതി ദ്വിഭരണ സമ്പ്രദായം (ഡയാർക്കി) എന്ന പേരിലാണ് അറിയപ്പെടുന്നതു്.

1919-ൽ പ്രഖ്യാപിതമായ ഭരണപരിഷ്കാരങ്ങളുടെ പ്രധാനപോരായ്മ കേന്ദ്രത്തിൽ ഉത്തരവാദിത്വഭരണതത്വം അംഗീകരിച്ചില്ല എന്നുള്ളതാണ്. ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉണ്ടാക്കുവാൻ ഇടയുള്ളതെന്നു വിശ്വസിക്കപ്പെട്ടിരുന്ന വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ പുലർത്തുവാൻ വ്യവസ്ഥ ചെയ്തതു് അതിലും വലിയ തെറ്റായിപ്പോയി. കുറ്റങ്ങളും കുറവുകളും പരിഗണിക്കാതെ ഭരണപരിഷ്കാരങ്ങൾ സ്വീകരിച്ചു് ഗവൺമെൻറിനോടു സഹകരിക്കേണ്ടതാണ് എന്നു് മിതവാദികളായ പല പ്രബല രാഷ്ട്രീയനേതാക്കന്മാരും അന്നു് ഉപദേശിക്കുകയുണ്ടായി. എന്നാൽ കാൺഗ്രസ്സും ഗാന്ധിജിയും അതു സ്വീകരിച്ചില്ല. രാജ്യമാസകലം പ്രക്ഷോഭണം സംഘടിപ്പിച്ചു് സർക്കാരുമായി നിസ്സഹകരിക്കുന്നതിനാണ് അവർ തീരുമാനിച്ചതു്. ബ്രിട്ടീഷ് ഗവണ്മെൻറ് അമിതവാദികളെ അടിച്ചമർത്തുവാൻ നടപടികൾ സ്വീകരിച്ചു. റൗളററ് ആക്ട്, ക്രിമിനൽ നടപടി നിയമങ്ങൾ, പഞ്ചാബിലെ സൈനിക നിയമം തുടങ്ങിയവ ഇതിനു സ്വീകരിച്ച ആയുധങ്ങളായിരുന്നു. ജാലിയൻവാലാബാഗിൽ നടന്ന കൂട്ടക്കൊല ഭാരതീയരെ ആകമാനം ഇളക്കി. 1920-ൽ ലോകമാന്യതിലകൻ മരിച്ചതോടുകൂടി ബഹുജനപ്രസ്ഥാനമായിരുന്ന കാൺഗ്രസ്സിൻെറ നേതൃത്വം ഗാന്ധിജിയിൽ ചെന്നുചേർന്നു. വ്യവസ്ഥാപിതമാർഗ്ഗങ്ങൾവഴി ഗവണ്മെൻറിനെ സ്തംഭിപ്പിച്ചു് ഭരണഘടന നശിപ്പിക്കുന്നതാണ് നിസ്സഹകരണത്തെക്കാൾ ഭേദമെന്നു വിശ്വസിച്ചു്, സി. ആർ. ദാസ് തുടങ്ങിയ മഹാരഥന്മാർ ഗാന്ധിജിയുടെ അനുമതിയോടുകൂടി സ്വരാജ്പാർട്ടി രൂപീക

രിച്ചു്, 1925-ൽ കേന്ദ്രനിയമസഭയിൽ പ്രവേശിച്ചു. ഈ പാർട്ടിയും, കേന്ദ്രനിയമസഭാദ്ധ്യക്ഷനായിരുന്ന വിത്തൽഭായ് പട്ടേലും പല സന്ദർഭങ്ങളിലും ഗവർമ്മെൻറിനെ വളരെ വിഷമിപ്പിക്കുക മാത്രമല്ല, ഭരണപരിഷ്കാരങ്ങളുടെ പുള്ളു് പുറത്താക്കുകയും ചെയ്തിട്ടുണ്ടു് എന്നു സ്മരണീയമാണു്.

1919-ലെ ഭരണപരിഷ്കാരത്തിൽ, പത്തുകൊല്ലത്തിനു ശേഷം ഭരണപരിഷ്കാരങ്ങളുടെ ഫലം തിട്ടപ്പെടുത്തുന്നതിനും ആവശ്യമെന്നു തോന്നുന്ന പുതുമകൾ വരുത്തുന്നതിനും ആയി ള്ളുപാധികൾ നടത്തുന്നതിലേയ്ക്കു് ഒരു പാർലിമെന്ററി കമ്മിഷനെ നിയമിക്കുന്നതിനു വ്യവസ്ഥ ചെയ്തിരുന്നു. ഇതിൻപ്രകാരം ഏഴു് അംഗങ്ങളുള്ള ഒരു കമ്മിഷനെ 1927-ൽ നിയമിക്കുകയുണ്ടായി. ഇതിൻെറ അദ്ധ്യക്ഷൻ സർ ജോൺ സൈമൺ ആയിരുന്നതിനാൽ സൈമൺ കമ്മിഷൻ എന്ന പേരിലാണു് ഇതറിയപ്പെടുന്നതു്. അവർ ഭാരതമൊട്ടുക്കു സഞ്ചരിച്ചു് തെളിവുകൾ ശേഖരിച്ചു. കാൺഗ്രസ്സ് ഈ കമ്മിഷനുമായി നിസ്സഹകരിക്കുകയാണു ചെയ്തതു്. 1930-ൽ ഇവരുടെ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തി.

പുതിയ ഭരണപരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്ന നിയമം 1935-ൽ പാസ്സായി. ഇതിലാണു് ഭാരതത്തിലെ ഫെഡറൽ ഭരണഘടനയുടെ പിറവി നാം കാണുന്നതു്. ഇതു് ഭാരതത്തിന്റെ സ്വാതന്ത്ര്യസിദ്ധമായ രാഷ്ട്രീയ പരിണാമത്തിന്റെ ഫലമല്ലെന്നും ബ്രിട്ടീഷ് പാർലമെൻറിൻെറ നയപരിപാടികളുടെ പരിണാമമാണെന്നും വ്യക്തമാണു്. ഈ പരിഷ്കാരം മൂലം ഭാരതസായുക്തരാജ്യത്തിലെ ഘടകങ്ങൾ ബ്രിട്ടീഷിന്ത്യൻ സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളും ആയിരിക്കും. നാട്ടുരാജ്യങ്ങൾ ഇതിൽ ചേരുന്നതു് അവരവരുടെ ഹിതാനുസരണമാണു്. അവരെ നിർബന്ധിച്ചു ചേർക്കുന്നതല്ല. അവർ

ചേരേണ്ടതു് പ്രവേശനപ്രമാണത്തിൽ ഒപ്പുവച്ചാണ്. ആ പ്രമാണത്തിൽ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്കു മാത്രം അവർ വിധേയരായിരിക്കും. എല്ലാ നാട്ടുരാജ്യങ്ങളിലേയുംകൂടി ആകെയുള്ള ജനസംഖ്യയുടെ പകുതിയെങ്കിലും വരത്തക്കവണ്ണം നാട്ടുരാജ്യങ്ങൾ ഈ ഫെഡറേഷനിൽ ചേർന്നിരിക്കണം. കൂടാതെ നാട്ടുരാജ്യങ്ങൾക്കായി കൗൺസിൽ ആഫ് സ്റ്റേറ്റ്സിൽ നീക്കിവച്ചിട്ടുള്ള സ്ഥാനങ്ങളിൽ പകുതിയെങ്കിലും നിറഞ്ഞിരിക്കുകയും വേണം. എങ്കിൽ മാത്രമേ ഫെഡറേഷൻ നടപ്പിൽവരൂ. ഇങ്ങനെയുള്ള ഫെഡറേഷൻ നടപ്പിൽവന്നില്ല എന്നുള്ളതു സ്മരണീയമാണ്.

ഗവർണ്ണർ ജനറലും അദ്ദേഹം നിയമിക്കുന്ന ഒരു മന്ത്രിസഭയും ചേർന്നുള്ളതാണ് കേന്ദ്രനിർവ്വഹണസമിതി. മന്ത്രിമാരെ കഴിയുന്നതും കേന്ദ്രനിയമസഭയിലെ ഭൂരിപക്ഷകക്ഷിയിൽ നിന്നായിരിക്കണം നിയമിക്കേണ്ടതു്. മന്ത്രിമാരുടെ ഉപദേശം സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഗവർണ്ണർ ജനറലിനു കഴിവുണ്ട്. രാജ്യരക്ഷ, വിദേശകാര്യം തുടങ്ങിയവ ഗവർണ്ണർ ജനറലിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലിരിക്കുന്ന വിഷയങ്ങളാണ്. അടിയന്തിരഘട്ടങ്ങൾ നേരിടുന്നതിനും അദ്ദേഹത്തിനു പ്രത്യേകാധികാരങ്ങളുണ്ട്. നാട്ടുരാജ്യങ്ങളുമായുള്ള ഇടപാടുകൾ ബ്രിട്ടീഷുരാജാവിൻെറ പ്രതിപുരുഷനെന്നനിലയിൽ (വൈസ്രായി) അദ്ദേഹം നിർവഹിക്കേണ്ടതാണ്.

കേന്ദ്രനിയമസഭ ദ്വിമണ്ഡലങ്ങളുള്ളതാണ്. ഉപരിമണ്ഡലത്തിനു് കൗൺസിൽ ആഫ് സ്റ്റേററ്സ് എന്നും അധോമണ്ഡലത്തിനു് ഫെഡറൽ അസംബ്ളി എന്നും പേരു നൽകിയിരിക്കുന്നു. ഉപരിമണ്ഡലത്തിൽ ആകെ ഇരുനൂററിഅറുപതു് അംഗങ്ങൾ ഉണ്ടായിരിക്കും. ഇതിൽ 156 സാമാജികന്മാർ ബ്രിട്ടീഷ് സംസ്ഥാനങ്ങളിൽനിന്നും ബാക്കി നാട്ടുരാജ്യങ്ങളിൽനിന്നുമാണ്. അധോമണ്ഡലമായ അസംബ്ളി

യിൽ 375 അംഗങ്ങൾക്കാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൽ 250 പേർ ബ്രിട്ടീഷിൻഡ്യയിൽനിന്നും ബാക്കി നാട്ടുരാജ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നു. നാട്ടുരാജ്യപ്രതിനിധികൾ ആരായിരിക്കണമെന്നു നിശ്ചയിക്കുന്നതു് അവിടത്തെ നാടുവാഴിയാണ്. കേന്ദ്ര അസംബ്ലിയിലേക്കുള്ള മെംബറന്മാരെ സംസ്ഥാനനിയമസഭകളിലെ സാമാജികന്മാരാണു തിരഞ്ഞെടുക്കുന്നതു്. കേന്ദ്രനിയമസഭ പാസ്സാക്കുന്ന ബില്ലുകൾ നിരാകരിക്കുന്നതിനു് (വീറ്റോ) ഗവർണ്ണർ ജനറലിനു് കഴിയും. അദ്ദേഹത്തിനു് സഭയോടാലോചിക്കാതെ യുക്തമെന്നു തോന്നുന്ന നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യാം. അടിയന്തിരഘട്ടങ്ങളിൽ ഭരണച്ചുമതല മുഴുവൻ സ്വയം ഏറ്റെടുക്കുവാനും വ്യവസ്ഥയുണ്ടു്.

ഒരു ഫെഡറൽകോടതി സംഘടിപ്പിക്കുന്നതിനും ഈ ഭരണപരിഷ്കാരത്തിൽ ഏർപ്പാടുചെയ്തിരുന്നു.

കേന്ദ്രനിയമസഭയ്ക്കും, സംസ്ഥാനനിയമസഭകൾക്കും, നിയമനിർമ്മാണം നിർവ്വഹിക്കുന്നതിനു് അധികാരമുള്ള വിഷയങ്ങളെ പ്രത്യേകം പ്രത്യേകം വേർതിരിച്ചിരുന്നു. അവ ഏതൊക്കെയെന്നു വിശദീകരിക്കുന്ന പട്ടികകൾ ആക്റ്റിൽ ഉൾപ്പെടുത്തി. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഒരുപോലെ നിയമം നിർമ്മിക്കുന്നതിനു് അധികാരം അംഗീകരിക്കപ്പെട്ടിരുന്ന സംയുക്ത വിഷയങ്ങളും ഏതൊക്കെയെന്നു വ്യക്തമാക്കിയിട്ടുണ്ടു്. ഇവയിലൊന്നും ഉൾപ്പെടാത്ത അവശിഷ്ടവിഷയങ്ങൾ കേന്ദ്രത്തിനെന്നോ സംസ്ഥാനത്തിനെന്നോ തീരുമാനിക്കുന്നതു് ഗവർണ്ണർ ജനറൽ ആണു്.

1935-ലെ ആക്റ്റുമൂലം ബർമ്മായെ ഭാരതത്തിൽനിന്നു വേർപെടുത്തി. പുതിയതായി ഒറീസ്സായും സിൻഡും സംസ്ഥാനങ്ങൾ രൂപീകരിക്കുകയുമുണ്ടായി. ആകെ ഭാരതത്തിലെ ബ്രി:

സംസ്ഥാനങ്ങൾ പതിനൊന്നായിത്തീന്നു. ഗവണ്ണർ ജനറലിനെപ്പോലെ സംസ്ഥാനത്തിലെ ഗവർണ്ണരിലും ചില പ്രത്യേകാധികാരങ്ങൾ നിക്ഷിപ്തമായി. സംസ്ഥാനനിയമസഭയിലെ ഭൂരിപക്ഷകക്ഷിയിൽനിന്നു നിയമിക്കുന്ന മന്ത്രിമാരുടെ സഹായത്തോടുകൂടി ഗവർണ്ണർ ഭരണം നടത്തുന്നു. മന്ത്രിമാരുടെ ഉത്തരവാദിത്വം നിയമസഭയോടാണു്. സ്വയംഭരണതത്വം അങ്ങിനെ അംഗീകൃതമായി.

സംസ്ഥാനത്തിൻെറയും കേന്ദ്രത്തിൻെറയും ധനകാര്യവിഭാഗങ്ങൾ വ്യക്തമായി വേർതിരിച്ചു. ഇൻഡ്യൻസിവിൽ സർവ്വീസ്, പോലീസ് സർവ്വീസ് തുടങ്ങിയ അഖിലേന്ത്യാസർവ്വീസുകളിലേക്കു് തിരഞ്ഞെടുപ്പു നടത്തുന്നതും അവയുടെ സേവനവ്യവസ്ഥകൾ തുടങ്ങിയവ സംബന്ധിച്ചു് നിയമങ്ങൾ രൂപീകരിക്കുന്നതും മററും ഇന്ത്യാസെക്രട്ടറിയാണു്.

ഗവണ്ണറന്മാരെ നിയമിക്കുന്നതു് ഇംഗ്ലണ്ടിലെ രാജാവാണു്. ഗവണ്ണർ, ഗവണ്ണർജനറൽ വഴി ബ്രിട്ടീഷ് ഗവണ്മെൻറിനോടു് ഉത്തരവാദിത്വം വഹിക്കുന്നു. അദ്ദേഹത്തിനു് (ഗവർണ്ണർക്കു്) ചില പ്രത്യേകം ഉത്തരവാദിത്വങ്ങളുണ്ടു്. സംസ്ഥാനത്തിൽ പൊതുവേയോ, ഏതെങ്കിലും ഭാഗത്തോ ഗൗരവമേറിയ സമാധാനലംഘനം, അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥന്മാക്കുള്ള സംരക്ഷണം, ന്യൂനപക്ഷങ്ങളുടെ താല്പര്യസംരക്ഷണം, ബ്രിട്ടീഷ്താല്പര്യങ്ങൾക്കെതിരായുള്ള വിവേചനം തടയൽ, തുടങ്ങിയവ ഈ ഉത്തരവാദിത്വങ്ങളിൽ ചിലതാണു്. സംസ്ഥാനത്തിലെ ഭരണം ഏതെങ്കിലും കാരണത്താൽ തകരുന്നതായാൽ, അതു് ഗവർണ്ണർ സ്വയം ഏറെറടുക്കുന്നു. നിയമനിർമ്മാണം, നിർവ്വഹണം മുതലായ എല്ലാ സംഗതികളും ഗവർണ്ണരിൽ നിക്ഷിപ്തമായിത്തീരുന്നു. ഈ അധികാരങ്ങൾ ഗവർണ്ണർ പ്രയോഗിക്കുന്നതു് ഗവർണ്ണർ ജനറലിൻെറ അധികാരത്തിനു വിധേയനായിട്ടു മാത്രമാണു്.

പുതിയ ഭരണപരിഷ്കാരങ്ങൾക്കു് ജനങ്ങളിൽനിന്നു് സമ്മിശ്രമായ ഒരുസ്വീകരണമാണു ലഭിച്ചതു്. കാൺഗ്രസ്സു് കക്ഷി അതു നിരാകരിച്ചു. കേന്ദ്രത്തിൽ വ്യവസ്ഥചെയ്തിരുന്ന ഫെഡറൽ പദ്ധതിയോടു് മുസ്ലീംലീഗു് വിയോജിച്ചെങ്കിലും സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ളതു് അവർ സ്വാഗതം ചെയ്തു. നാട്ടുരാജാക്കന്മാരുടെ അവകാശാധികാരങ്ങൾക്കു് കുറവു വരുമെന്നുശങ്കിച്ചു് അവർ അതു് അംഗീകരിക്കുവാൻ സന്തോഷം കാണിച്ചില്ല.

പുതിയ വ്യവസ്ഥകൾ അനുസരിച്ചു് 1937-ൽ തിരഞ്ഞെടുപ്പു നടന്നു. അകത്തുനിന്നു് ഭരണഘടനയെ തകൎക്കുന്നതിനുവേണ്ടി തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സു് സജീവമായി പങ്കുകൊണ്ടു. തിരഞ്ഞെടുപ്പിന്റെ ഫലമായി ഏഴു സംസ്ഥാനങ്ങളിൽ കാൺഗ്രസ്സു് മന്ത്രിസഭകൾ അധികാരത്തിൽ വന്നു. ബംഗാളിലും പഞ്ചാബിലും മുസ്ലിം ലീഗിനാണു് ഭൂരിപക്ഷം ലഭിച്ചതു്. ആസ്സാമിലും സിൻഡിലും ആൎക്കുമാകട്ടെ തികഞ്ഞ ഭൂരിപക്ഷം കിട്ടിയില്ല. അതിനാൽ അവിടങ്ങളിൽ സംയുക്തമന്ത്രിസഭകളാണു് അധികാരമേറെറടുത്തതു്. ഈ ഭരണം ഒരു കൊല്ലത്തോളം നീണ്ടുനിന്നു. 1939-ൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഭാരതം സഖ്യകക്ഷികളുടെ പക്ഷത്തുചേൎന്നു് യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുന്നു എന്നു് വൈസ്രായി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം പൊതുജനങ്ങളോടു് ആലോചിക്കാതെയും അവരുടെ ഹിതം ആരായാതെയും നടത്തിയതായിരുന്നതിനാൽ കാൺഗ്രസ്സു് മന്ത്രിസഭകൾ രാജികൊടുത്തു.

1940-നുശേഷം ഉണ്ടായിട്ടുള്ള സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ ഭാരതത്തിന്റെ ന്യായമായ അവകാശങ്ങൾ കുറെയെങ്കിലും അംഗീകരിക്കാതിരിക്കുന്നതു് ആപൽക്കരമായിരിക്കുമെന്നു് ബ്രിട്ടനു ബോദ്ധ്യമായി. ഭരണപരിഷ്കാരങ്ങളെപ്പറ്റി

വിവിധ കക്ഷികളുമായി നേരിട്ടു ചർച്ചചെയ്തു തീരുമാനി ക്കുന്നതിനുവേണ്ടി 1942-ൽ 'ക്രിപ്സ് മിഷൻ' ഇൻഡ്യ യിലെത്തി. ക്രിപ്സിൻെറ അന്നത്തെ നിർദ്ദേശങ്ങൾ ഭാര തീയർക്ക് അസ്വീകാര്യമായിരുന്നതിനാൽ ക്രിപ്സ് ദൌത്യം പരാജയപ്പെട്ടു. ഇതിനെത്തുടർന്ന് ഭാരതത്തിലുണ്ടായ കോളിള ക്കങ്ങൾ ഇവിടെ വിശദീകരിക്കേണ്ട ആവശ്യമില്ല. വിഖ്യാ തമായ 'ക്വിററ് ഇൻഡ്യാ' പ്രമേയവും അതിൻെറ പ്രത്യാ ഘാതങ്ങളും ഭാരതം അധികനാൾ അടിമത്വത്തിൽ തുടരുന്ന തല്ലെന്നു തെളിയിച്ചു. കാൺഗ്രസ്സും മുസ്ലിംലീഗും എത്ര മാത്രം ഭിന്നങ്ങളായ ആദർശങ്ങളിലാണ് ഉറച്ചുനില്ക്കുന്ന തെന്നു സ്പഷ്ടമായിത്തീർന്നതു് ക്രിപ്സ് മിഷനോടുകൂടി യാണ്. ഭിന്നമാർഗ്ഗങ്ങളിൽ കൂടിയുള്ള ഇവരുടെ സഞ്ചാര മാണ് അവസാനം ഭാരതത്തെ രണ്ടു രാജ്യങ്ങളായി രൂപാന്ത രപ്പെടുത്തിയതു്.

യൂറോപ്പിലെ യുദ്ധം അവസാനിച്ചശേഷം ആദ്യമായി ഇംഗ്ലണ്ടിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ തൊഴിലാളി കക്ഷി ഭൂരിപക്ഷം നേടി ഗവൺമെൻറു രൂപീകരിച്ചു. അവർ ഭാരതത്തെ സംബന്ധിക്കുന്ന പ്രശ്നം അടിയന്തിരമായിട്ടുള്ളതാ ണെന്നു മനസ്സിലാക്കി. അതു് ഒരു തീരുമാനത്തിലെത്തിക്കു ന്നതിനായി ക്യാബിനററു മിഷൻ ഭാരതത്തിൽ വന്നു. ഇവി ടുത്തെ രാഷ്ട്രീയനേതാക്കന്മാരുമായി അവഗാഢമായ ചർച്ചകൾ നടത്തി ഭാരതത്തിൻെറ ഭരണഘടനയുടെ അടിസ്ഥാനരൂപം അവർ പ്രഖ്യാപിച്ചു. ജനഹിതം അനുസരിച്ചു് ഭരണഘടന യുടെ അവസാനരൂപം എഴുതിയുണ്ടാക്കുവാൻ ഭരണഘടനാ നിർമ്മാണസമിതിയെ തിരഞ്ഞെടുക്കുന്നതിനും വേണ്ട വ്യവസ്ഥ കൾ ചെയ്തു. ഭാരതത്തിലെ രാഷ്ട്രീയകക്ഷികളുടെ പ്രതിനിധി കൾ അടങ്ങിയ ഒരു ഇടക്കാല ഗവമ്മെൻറു് 1946 സെപ്തംബർ 2-ാംതീയതി രൂപീകരിക്കപ്പെട്ടു. 1946-ൽ ഭരണഘടനാ

നിർമ്മാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പും നടന്നു. ഈ തിരഞ്ഞെടുപ്പ് ഓരോ കക്ഷിക്കുമുണ്ടായിരുന്ന ജനസ്വാധീനം വ്യക്തമാക്കാൻ ഉപകരിച്ചു. 1947 ജൂണിൽ വൈസ്രോയി ചെയ്ത പ്രഖ്യാപനത്തിൽ ആഗസ്റ്റ് 15-ാംനു-ബ്രിട്ടീഷുകാർ അധികാര കൈമാറ്റം നടത്തുന്നതാണെന്നും, ബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകൾ ആ സംസ്ഥാനങ്ങളെ വിഭജിക്കണമോ എന്ന് തീരുമാനിക്കണമെന്നും, വടക്കുപടിഞ്ഞാറെ അതിർത്തി സംസ്ഥാനത്തിലും ആസ്സാമിലെ സിൽഹെററ് ജില്ലയിലും ഹിതപരിശോധന നടത്തി അവ പക്കിസ്ഥാനിലോ ഭാരതത്തിലോ ഏതിലാണു ചേരേണ്ടതെന്നു നിശ്ചയിക്കേണ്ടതാണെന്നും വ്യക്തമാക്കി. 1947-ജൂലൈ മാസത്തിൽ ബ്രിട്ടീഷ് പാർലിമെൻറ് ഇൻഡ്യക്ക് സ്വാതന്ത്ര്യം നൽകുന്ന നിയമം പാസ്സാക്കി. ഒരു ഐക്യഭാരതം നിലനിറുത്തുന്നതിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനാൽ 1947-ആഗസ്റ്റ് 15-ാം തീയതി ഇൻഡ്യയെന്നും പക്കിസ്ഥാനെന്നും രണ്ടു ഡൊമിനിയനുകൾ ഇവിടെ സൃഷ്ടിക്കപ്പെട്ടു. ക്യാബിനററ മിഷൻെറ പദ്ധതിപ്രകാരം 1946-ൽ സംഘടിപ്പിച്ച ഭരണ നിർമ്മാണസമിതി 1947-ആഗസ്റ്റ് 14-ാംതീയതി അർദ്ധരാത്രിയിൽ ഭാരതത്തിൻെറ പരമാധികാരസഭയായിത്തീന്നു. ഈ പരമാധികാരസഭ രണ്ടുവർഷവും പതിനൊന്നു മാസവും പതിനെട്ടു ദിവസവും നീണ്ടുനിന്ന ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും തീരുമാനങ്ങൾക്കും ശേഷം ഭാരതത്തിൻെറ ഭരണഘടന പൂർത്തിയാക്കി. സഭയുടെ ജോലി 1949 നവംബറിൽ കഴിഞ്ഞു. 1950 ജാനുവരി 26-ാംതീയതി ഭാരതം ഒരു സമ്പൂർണ്ണ സ്വാതന്ത്ര്യജനരാജ്യമായിത്തീരുകയും ചെയ്തു.

അദ്ധ്യായം രണ്ട്

ഭരണഘടനയുടെ പീഠിക

ഏതൊരു നിയമത്തിന്റെയും പീഠികയുടെ പ്രധാനമായ ഉദ്ദേശം, പിന്നീടുള്ള വകുപ്പുകൾ ശരിയായി മനസ്സിലാക്കുവാൻ സഹായിക്കുന്ന ചില സംഗതികൾ വിശദീകരിക്കുക എന്നുള്ളതാണ്.[1] നിയമനിർമ്മാണത്തിന്റെ ലക്ഷ്യവും അതിനു പ്രേരകമായ നയവും പീഠികയിൽ അടങ്ങിയിരിക്കും. നിയമം മൂലം എന്തു ദോഷമാണു നീക്കംചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്നും അതിൽ വ്യക്തമാക്കിയിരിക്കും. അമേരിക്കൻ ഭരണഘടനയെപ്പോലെ നമ്മുടെ ഭരണഘടനയും അതിന്റെ പീഠികകൊണ്ട് രണ്ടു സുപ്രധാനകാര്യങ്ങൾ നിറവേററുന്നു. ഒന്നാമത് ഭരണഘടനയുടെ അധികാരത്തിന്റെ ഉല്പത്തി എവിടെനിന്നാണെന്ന് അത് വ്യക്തമാക്കുന്നു. രണ്ടാമത് ഭരണഘടനമൂലം എന്തു ലക്ഷ്യമാണ് സംസ്ഥാപിക്കുവാനും പുലർത്തുവാനും ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

ജനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള പരമാധികാരം ഉപയോഗിച്ച് അവർക്കുവേണ്ടി അവർതന്നെ ജനായത്തപരമായ ഒരു ഭരണഘടന എഴുതിയുണ്ടാക്കിയിരിക്കുന്നു. ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികൾ മൂലമാണ് ഇതു സാധിച്ചത്. പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു എന്നുള്ളതിന് പ്രത്യേകമായ പ്രസ്താവനകളൊന്നും ഇല്ല. എന്നാൽ പീഠികയുടെ പ്രാരംഭത്തിൽ 'ഞങ്ങൾ—ഭാരതത്തിലെ ജനങ്ങൾ—' എന്ന വാക്കുകളിൽ അതിന്റെ പ്രതിധ്വനിയാണു

---

1. Thring—Practical Legislation —p 92

നാം കേൾക്കുന്നതു്.[1] ഭരണഘടനാ നിർമ്മാണസമിതിയിൽ അവതരിപ്പിച്ച ലക്ഷ്യപ്രഖ്യാപനപ്രമേയം ഈ അവസരത്തിൽ സ്മരണീയമാണു്. "പരമാധികാരമുള്ളതും സ്വതന്ത്രവും ആയ ഭാരതത്തിൻെറയും അതിന്റെ ഘടകങ്ങളുടെയും അതിന്റെ ഭരണപരമായ സ്ഥാനങ്ങളുടെയും സകല ശക്തികളും അധികാരങ്ങളും ജനങ്ങളിൽനിന്നു സിദ്ധിച്ചിട്ടുള്ള"താണു് എന്നു് അതിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഭാരതത്തിലെ ജനങ്ങളുടെ നാമധേയത്തിൽ ഭരണഘടനാനിർമ്മാണസമിതി നമ്മുടെ സ്വാതന്ത്ര്യത്തിൻെറ പരമാധികാരപ്രമാണമായ ഭരണഘടന അംഗീകരിക്കുകയും അതിനു് നിയമപ്രാബല്യം നൽകുകയും ചെയ്തു.

ഭാരതം ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരംഗമാണു്. ബ്രിട്ടീഷ് രാജാവിനെ ഒരു ചിഹ്നമെന്ന നിലയിൽ മാത്രമെ അംഗീകരിച്ചിട്ടുള്ളു. നമ്മുടെ പരമാധികാരത്തെ ഒരു വിധത്തിലും അതു് ബാധിച്ചിട്ടില്ല. നാം റിപ്പബ്ളിക്കൻ ഭരണം പ്രഖ്യാപിച്ചപ്പോൾ അതിനനുയോജ്യമായവിധം അവർ കാമൺവെൽത്തിൻെറ ആശയം വ്യത്യാസപ്പെടുത്തി. നമ്മുടെ ഭരണഘടനയനുസരിച്ചു് പരമാധികാരം ഭാരതറിപ്പബ്ളിക്കിൽ അടങ്ങിയിരിക്കുന്നു. ഭാരതറിപ്പബ്ളിക്ക് എന്നു പറയുമ്പോൾ കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടും.

ഭരണഘടനയുടെ പീഠികയിൽ ഭാരതത്തെ ഒരു പരമാധികാരജനായത്തറിപ്പബ്ളിക്കായി രൂപാന്തരപ്പെടുത്തുന്നതാണെന്നാണു് പ്രസ്താവിക്കപ്പെടുന്നതു്. ഡിമോക്രാററിക്ക് റിപ്പബ്ളിക്കുകൊണ്ടു് ഇവിടെ എന്താണു് അർത്ഥമാക്കുന്നതെന്നു് അറിയുന്നതു് അനുചിതമായിരിക്കുകയില്ല. രാഷ്ട്രമീമാംസയിൽ ഡിമോക്രസി (ജനാധിപത്യം) എന്ന വാക്കിനു് വ്യാപ്തമായ അർത്ഥമാണുള്ളതു്. രാഷ്ട്രീയം, സാമൂഹ്യം,

---

1. Preamble

സാമ്പത്തികം എന്നീ മണ്ഡലങ്ങളിൽ അതിനു് വ്യാപ്തിയുണ്ടു്. നമ്മുടെ ഭരണഘടനയിലെ പീഠികയിൽ അതിന്റെ സൂചനകൊണ്ടു് ഭരണക്രമത്തെ മാത്രമല്ല ഉദ്ദേശിക്കുന്നതെന്നു തെളിയും. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും, പദവിയിലും സാഹചര്യത്തിലും നിയമത്തിൻെറ മുമ്പിലും സമത്വവും, അതു് ഉറപ്പുചെയ്യുന്നു. ഭരണത്തിൽ പ്രായപൂർത്തിയായ പൗരന്മാർക്കു് അവരുടെ പങ്കു നിർവ്വഹിക്കാൻ വഴിയുണ്ടു്. അവർ, തിരഞ്ഞെടുക്കുന്ന പ്രതിനിധികളിൽ കൂടി അധികാരം പ്രയോഗിക്കുന്നു. ജനനം, സമ്പത്തു്, വർണ്ണം, വർഗ്ഗം, ലിംഗം എന്നുള്ള വ്യത്യാസങ്ങളൊന്നും പരിഗണിക്കാതെ പ്രായപൂർത്തിയായവർക്കു് വോട്ടുചെയ്യുന്നതിനുള്ള അവകാശം നൽകിയിട്ടുണ്ടു്. ഇതു് ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണു് അംഗീകരിക്കപ്പെടുന്നതു്.

റിപ്പബ്ളിക്കു് എന്ന വാക്കു് സങ്കുചിതമായ അർത്ഥത്തിൽ രാജവാഴ്ചയ്ക്കു വിപരീതമായിട്ടാണു് ഉപയോഗിച്ചു വരുന്നതു്. ജനങ്ങളിൽനിന്നു് അധികാരം സ്വീകരിച്ചു് അവരുടെ നന്മയ്ക്കായി ഒരു കാലഘട്ടത്തേയ്ക്കു് അധികാരത്തിലിരിക്കുന്ന പ്രതിനിധികൾ നിർവ്വഹിക്കുന്ന ഭരണരീതിയാണു് റിപ്പബ്ളിക്കൻ ഭരണം. ആ ഭരണക്രമത്തിന്റെ പിന്നിൽ രാഷ്ട്രത്തിലെ ഏറ്റവും അധികം ആളുകളുടെ അംഗീകാരമുണ്ടായിരിക്കണം. ജനങ്ങളുടെ തൃപ്തി ഉണ്ടായിരിക്കുന്നിടത്തോളമേ പ്രതിനിധികൾക്കു് ഭരണത്തിൽ തുടരാൻകഴിയൂ.[1] അധികാരസ്ഥാനങ്ങൾ പാരമ്പര്യമനുസരിച്ചു് ഒരുത്തർക്കും ലഭിക്കുകയില്ല. എല്ലാ അധികാരങ്ങളുംബഹുജനങ്ങളുടെ ക്ഷേമത്തിനു വേണ്ടിയാണു് പ്രയോഗിക്കപ്പെടുന്നതു്. അവിടെ ജനങ്ങൾ ഒരേ സമയത്തുതന്നെ പ്രജകളും ഭരണാധികാരികളും ആണു്. നമ്മുടെ ഭരണഘടന

---

1 Madison

2 Bluntschl; Theory of the State

യിലെ റിപ്പബ്ളിക്ക് എന്ന വാക്കിൽ മുകളിൽ സൂചിപ്പിച്ച അർത്ഥങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ തലവൻ ഒരു രാജാവല്ല. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഒരാളാണ്. അദ്ദേഹം രാഷ്ട്രപതിയെന്ന പേരിൽ അറിയപ്പെടുന്നു. ഉച്ചനീചതാഭേദമെന്യേ ഏതൊരു ഭാരതീയ പൗരനും ആ മാന്യസ്ഥാനത്തിന് അർഹതയുണ്ട്. ജാതിയോ, മതമോ, വർഗ്ഗമോ, ലിംഗമോ ഒന്നുംതന്നെ അതിനു തടസ്സമായിത്തീരുന്നില്ല.[1] പരമാധികാരം ഭാരതത്തിലെ ജനങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു. പ്രായപൂർത്തിവോട്ടവകാശം അവർക്കു നൽകിയതോടുകൂടി അതു് അരക്കിട്ടുറപ്പിക്കുകയാണുണ്ടായതു്.

ഭരണഘടനയുടെ പീഠികയിൽ പ്രസ്താവിച്ചിട്ടുള്ള നീതിയെ സംബന്ധിച്ചു ചിന്തിക്കാം. എല്ലാ പൗരന്മാൎക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതി ഉറപ്പുചെയ്തിട്ടുണ്ട്. വ്യക്തിയുടെ സ്വതന്ത്രമായ പ്രവൃത്തിയും സമുദായത്തിൻെറ പൊതുതാല്പര്യങ്ങളും തമ്മിലുള്ള സമഞ്ജസമായ സമ്മേളനംകൊണ്ടേ അതു സാധ്യമാകൂ. സമുദായത്തിൻെറ പൊതുതാല്പര്യങ്ങളെ സഹായിക്കത്തക്കവണ്ണം സ്വകാര്യപ്രവൎത്തനങ്ങൾ നടക്കുന്നിടത്തു മാത്രമേ നീതിയുണ്ടായിരിക്കൂ. യഥാൎത്ഥ ജനായത്ത ഭരണത്തിൻകീഴിൽ സമത്വം മാത്രമല്ല ശരിയായ നീതിയും ഉണ്ടായിരിക്കണം. ഭരണഘടനയിൽ യാതൊരുവിധ വിവേചനങ്ങളും അനുവദിച്ചിട്ടില്ല. എന്നാൽ പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളുടെ താല്പര്യങ്ങളെ പുലൎത്തുന്നതിനു മാത്രമല്ല പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിരിക്കുന്നു.[2] സാമൂഹ്യനീതി കൈവരുത്തുന്നതിന് സമ്പത്തു്, സാഹചര്യം, വർഗ്ഗം, ജാതി, മതം,

---

1. Article 16.
2. Article 15 (4); 16 (4); Part XVI.

ബഹുമതി തുടങ്ങിയവ ആസ്പദമാക്കിയുള്ള യാതൊരുവിധ അസമത്വങ്ങളും അംഗീകരിച്ചുകൂടാത്തതാണ്. ഇതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഏർപ്പാടുകളുണ്ട്.[1] മനുഷ്യൻെറ മൂല്യത്തെ സംബന്ധിച്ചിടത്തോളം രണ്ടുപേർ തമ്മിൽ വ്യത്യാസമൊന്നും വകവയ്ക്കുന്നതല്ല. തുല്യമായ വേലയ്ക്കു തുല്യമായ വേതനവും ഉറപ്പുചെയ്യുന്നു.[2] നമ്മുടെ ഭരണഘടന ഒരു പ്രത്യേക സാമ്പത്തികവ്യവസ്ഥിതിക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണെന്നും പ്രഖ്യാപിച്ചിട്ടില്ല. സാമ്പത്തിക നീതിമാത്രമാണ് അതിൻെറ ലക്ഷ്യം. മനുഷ്യനും മനുഷ്യനും തമ്മിൽ രാഷ്ട്രീയരംഗത്ത് വിവേചനമൊന്നുമില്ല. പ്രായപൂർത്തിയായവർക്കെല്ലാം വോട്ടവകാശം ഉള്ളതുകൊണ്ട് അവിടെ സമത്വം കൈവരുത്തുവാൻ സാധിക്കുന്നു. രാഷ്ട്രീയനീതി, അങ്ങിനെ, പ്രായപൂർത്തിവോട്ടവകാശംകൊണ്ടും വർഗ്ഗീയസംവരണനിഷേധംകൊണ്ടും മററും ആണ് അംഗീകരിച്ചിട്ടുള്ളത്.[3]

ഇനി പീഠികയിൽ ഉൾപ്പെടുത്തിക്കാണുന്ന സ്വാതന്ത്ര്യത്തെപ്പററി ചെറുതായി സൂചിപ്പിക്കാം. ചിന്ത, അഭിപ്രായം, വിശ്വാസം, മതം, ആരാധന എന്നിവയിൽ ഉള്ള സ്വാതന്ത്ര്യമാണ് ഇതിൽ പറയുന്നത്. പഴയകാലങ്ങളിൽ സ്വാതന്ത്ര്യം നിഷേധാത്മകമായിട്ടാണു മനസ്സിലാക്കിയിരുന്നത്; ആവശ്യമില്ലാത്തനിയന്ത്രണങ്ങൾ ഒഴിവാക്കുന്ന അവസ്ഥയെന്നു ചുരുക്കം. എന്നാൽ ആധുനിക ചിന്തകന്മാർ സാത്മകമായിട്ടാണ് അതു (നിയന്ത്രണത്തെ) കരുതുന്നത്. വ്യക്തിയുടെ വികസനത്തിനും ദേശീയ ജീവിതത്തിൻെറ പൂർത്തീകരണത്തിനും അതു് അത്യന്താപേക്ഷിതമായി ഇന്നു കണക്കാക്കിവരുന്നു.[4] ഇക്കാരണ

1. Part IV; Article, 23 etc.
2 Article 39 (d)
3. Article 16
4. Grammar of Politics —Laski

ത്താൽ ചിന്ത, വിശ്വാസം, മതം ആരാധന തുടങ്ങിയവയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടതു് വ്യക്തിയുടെയും രാഷ്ട്രത്തിൻെറയും വികസനത്തിനു് ഒഴിച്ചുകൂടാത്തതാണെന്നു് നമ്മുടെ ഭരണഘടന വ്യക്തമാക്കുന്നു. ഇവ പീഠികയിൽ സൂചിപ്പിച്ചിട്ടുള്ളതു് അക്കാരണത്താൽ തന്നെ. ഈ അവകാശങ്ങൾ പൂർണ്ണപ്രഭാവത്തിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നതു് മൗലികാവകാശങ്ങളിലാണു്. അവയുടെ വ്യാഖ്യാനത്തിൽ വല്ല സംശയവും ഉണ്ടാകുന്നപക്ഷം പീഠികയുടെ വെളിച്ചത്തിൽ അവ പരിശോധിച്ചു് സംശയനിവൃത്തി വരുത്തേണ്ടതാണു്.

അടുത്തതായി പീഠികയിൽ പറയുന്നതു്, പദവിയിലും സന്ദർഭത്തിലും ഉള്ള സമത്വത്തെക്കുറിച്ചാണു്. മനുഷ്യർ ജനിക്കുന്നതും ജീവിക്കുന്നതും സമന്മാരായിട്ടാണു്. നിയമം പൊതുവായ ഇച്ഛാശക്തിയുടെ പ്രകടനം മാത്രമാകുന്നു. രക്ഷിക്കാനും ശിക്ഷിക്കാനും അതു് എല്ലാവക്കും സമമായി ലഭിക്കണം. അതിൻെറ ദൃഷ്ടിയിൽ എല്ലാവരും സമന്മാരാകയാൽ അവരവരുടെ യോഗ്യതയനുസരിച്ചു് ഏതു പൊതുസ്ഥാനലബ്ധിക്കും, മാന്യതയ്ക്കും, ഉദ്യോഗത്തിനും എല്ലാവക്കും ഒരുപോലെ അർഹതയുണ്ടു്.[1]

പീഠികയുടെ ഒടുവിൽ പറയുന്നതു് സാഹോദര്യത്തെ സംബന്ധിച്ചാണു്. വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിൻെറ ഐക്യവും സുനിശ്ചിതമാക്കി എല്ലാപേരിലും സാഹോദര്യം പുലർത്തുന്നതായിരിക്കുമെന്നാണു് പ്രസ്താവന. മനുഷ്യരെല്ലാവരും പിറക്കുന്നതു് സ്വതന്ത്രരായും അന്തസ്സിലും അവകാശത്തിലും സമത്വത്തോടുകൂടിയും ആണു്. അവക്കെല്ലാം വിവേകവും മനസ്സാക്ഷിയും ഉണ്ടു്. അവർ പരസ്പരം

1. Articles 14; 15; 16; 17.

പെരുമാറുന്നത് സഹോദരമനോഭാവത്തോടുകൂടി ആയിരിക്കണം.[1] ഐക്യരാഷ്ട്രങ്ങൾ അംഗീകരിച്ചിട്ടുള്ള മനുഷ്യാവകാശപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരിക്കുന്ന ആശയങ്ങളെ ആധാരമാക്കിയാണ് നമ്മുടെ ഭരണഘടനയിൽ "സാഹോദര്യ"ത്തെ സ്വീകരിച്ചിരിക്കുന്നത് എന്നു പറയാം. ഭാരതത്തിലെ പൗരന്മാർ എല്ലാം സമന്മാരാണ്. ഉച്ചനീചത്വങ്ങൾ അനുഭവിക്കാത്തവരാണ്. അയിത്താചരണം കുററകരമാക്കിയിരിക്കുന്നതിനാൽ ജാതിയുടെ പേരിലുള്ള അനീതികൾ ഇല്ലായ്മ ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഭാഷ, മതം, സംസ്കാരം, വർഗ്ഗം, വർണ്ണം എന്നീ നിലകളിലെല്ലാം വൈവിധ്യം ഉള്ള ഭാരതത്തിൽ ജനങ്ങളെല്ലാം സഹോദരത്വേന വർത്തിക്കുമെന്നാണ് ഇതിന്റെ അർത്ഥം.

പീഠികയുടെ സാരാംശങ്ങളെ ഇവിടെ ആവർത്തിച്ചുകൊണ്ടു് ഈ ചർച്ച സമാപിക്കുന്നത് അനുചിതമായിരിക്കയില്ലല്ലോ. "ഭാരതത്തെ ഒരു പരമാധികാര ജനറാജ്യമായി (റിപ്പബ്ലിക്കായി) രൂപാന്തരപ്പെടുത്തുവാനും, ഇവിടെ എല്ലാ പൗരന്മാക്കും സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും ആയ നീതിയും; ചിന്ത, അഭിപ്രായം, വിശ്വാസം, മതം, ആരാധന എന്നിവയിൽ സ്വാതന്ത്ര്യവും; പദവിയിലും, സന്ദർഭത്തിലും സമത്വവും; വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കി എല്ലാപേരിലും സാഹോദര്യവും; സിദ്ധിക്കുന്നതിനായി ഈ ഭരണഘടന സ്വീകരിക്കുകയും നിയമമാക്കുകയും ഞങ്ങൾക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു."

ഭരണഘടനയുടെ വകുപ്പുകൾ വ്യാഖ്യാനിക്കുന്നതു്, ആ വകുപ്പുകൾവഴി പൗരന്മാക്കു നൽകിയിട്ടുള്ള അവകാശങ്ങൾ

---

1. Declaration of Human Rights.

തികഞ്ഞവിധത്തിൽ അനുഭവിക്കുവാനുതകത്തക്കവിധം ഉദാരമായ രീതിയിൽ ആയിരിക്കണം.[1] അവകാശങ്ങൾ അനുഭവിക്കുന്നവരോട് ഇക്കാര്യത്തിൽ കൂടുതൽ ആനുകൂല്യം പ്രകടിപ്പിക്കാവുന്നതുമാണ്.[2] എന്നാൽ ഭരണഘടനയുടെ പൊതുവേയുള്ള ആദർശത്തിനു്, അതിന്റെ വകുപ്പുകളിലെ വാക്കുകളിൽ ഉൾക്കൊള്ളുന്ന അർത്ഥത്തിനെക്കാൾ കൂടുതൽ പ്രാധാന്യം നല്കി വ്യാഖ്യാനിക്കുന്ന രീതി സാധുവായിരിക്കുന്നതല്ല.[3]

---

1. State of West Bengal *Vs* Subodh Gopal Bose 1954, SCR 587.
2. Dwarkadas Shrinivas *Vs* The Sholapur Spinning and Weaving Co: 1954 SCR 674.
3. The State of Bihar *Vs* Kamaleswara Singh. 1952 S. C. J. 354.

അദ്ധ്യായം മൂന്ന്

ഭാരതരാജ്യം

ഭാരതം വിവിധസംസ്ഥാനങ്ങൾ ചേൎന്നുള്ള ഒരു ഐക്യരാജ്യമായിരിക്കുമെന്നാണു വ്യവസ്ഥ.[1] ഐക്യരാജ്യം എന്ന പ്രയോഗം കൊണ്ടുതന്നെ രണ്ടു കാൎയ്യങ്ങൾ വ്യക്തമാകുന്നുണ്ട്. വിവിധഘടകങ്ങൾ തമ്മിലുള്ള കരാറുമൂലമല്ല ഈ ഐക്യരാജ്യം രൂപംകൊണ്ടിട്ടുള്ളത്. അതിലെ ഘടകങ്ങൾക്ക് അതിൽനിന്നു വിട്ടുപോകുന്നതിനു കഴിയുന്നതുമല്ല.[2] ഭാരതത്തിലെ ഭരണക്രമം 1935-ലെ ഭരണനിയമം പാസ്സാകുന്നതുവരെ ഏകചക്രഭരണക്രമത്തെ ആസ്പദമാക്കിയുള്ളതായിരുന്നല്ലോ. എന്നാൽ ആ നിയമം പാസ്സാക്കിയതോടുകൂടി സംയുക്തരീതിയിലുള്ള (ഫെഡറൽ) ഭരണവ്യവസ്ഥിതിയുടെ അടിത്തറയിട്ടു. കേന്ദ്രവും സംസ്ഥാനങ്ങളും ഭരണാധികാരം വീതിച്ചുവാങ്ങി. അന്നുവരെ ബ്രിട്ടീഷ്ചക്രവൎത്തിയിൽ മാത്രം നിക്ഷിപ്തമായിരുന്ന അധികാരങ്ങൾ അങ്ങിനെ രണ്ടു ഘടകങ്ങൾക്കായി വിതരണം ചെയ്യപ്പെട്ടു. സംസ്ഥാനങ്ങൾ അവരുടെ അധികാരങ്ങൾ ചക്രവൎത്തിയിൽനിന്നു നേരിട്ടു സ്വീകരിച്ചെന്നു പറയാം. നിയമനിൎമ്മാണപരവും നിൎവ്വഹണപരവുമായ അധികാരങ്ങൾ കേന്ദ്രത്തിന്റെ അധികമായ കൈകടത്തലില്ലാതെ പ്രയോഗിക്കുവാൻ അവയ്ക്കു സാധിച്ചു. എങ്കിലും

---

1. Article 1
2. Dr. Ambedkar—Constituent Assembly Debates-Vol. VII

സംയുക്തഭരണരീതി പ്രയോഗത്തിൽ വന്നില്ല. കാരണം നാട്ടുരാജ്യങ്ങളും സംസ്ഥാനങ്ങളും തമ്മിൽ അംഗീകരിക്കപ്പെട്ടിരുന്ന വിവേചനം തന്നെ. സംസ്ഥാനങ്ങളെ സംയുക്തരാജ്യത്തിന്റെ ഘടകങ്ങളായി മാററുന്നതിനു് സമ്മർദ്ദം ചെലുത്തുവാൻ വഴിയുണ്ടായിരുന്നെങ്കിലും നാട്ടുരാജ്യങ്ങളുടെ കാര്യത്തിൽ അതുണ്ടായില്ല. സ്വതന്ത്രഭാരതത്തിൻെറ ഭരണഘടന പ്രയോഗത്തിൽ വന്നശേഷം നാട്ടുരാജ്യങ്ങളും ഇതരസംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ മിക്കവാറും അസ്തമിച്ചു. അതിനാൽ സംയുക്തഭരണതത്വം കൂടുതൽ സാർത്ഥകമായിത്തീൎന്നു. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഉള്ള അധികാരത്തെ സംബന്ധിച്ചു് പ്രത്യേകം പ്രത്യേകമുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിട്ടുണ്ടു്. അതു വിട്ടുള്ള അധികാരങ്ങളൊന്നും അവയ്ക്കു പ്രയോഗിക്കാവുന്നതല്ല. ഐക്യരാജ്യത്തിൻെറ ഘടകങ്ങളായ സംസ്ഥാനങ്ങൾക്കു് തുല്യമായ പ്രാതിനിധ്യം രാജ്യസഭയിൽ അനുവദിച്ചിട്ടില്ല. അവിടെ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കൂടാതെ നാമനിർദ്ദേശംചെയ്തു വന്നിട്ടുള്ള സാമാജികന്മാരും ഉണ്ടായിരിക്കും.

സാധാരണ കാലങ്ങളിൽ സംയുക്തസ്വഭാവവും അടിയന്തിരാവസ്ഥകളിൽ ഏകചക്രസ്വഭാവവും മുന്തിനിൽക്കത്തക്ക ഭരണരീതിയാണു് നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. സാധാരണ കാലങ്ങളിൽപോലും കേന്ദ്രത്തിനു് സംസ്ഥാനങ്ങളുടെ മേൽ ചില പ്രത്യേക നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുവാനുള്ള കഴിവുണ്ടു്. ഭാരതത്തിൽ ശക്തിയേറിയ ഒരു കേന്ദ്രഭരണം സൃഷ്ടിച്ചു് ആഭ്യന്തരമായ വിഘടനശക്തികളെ നിരുത്സാഹപ്പെടുത്തുകയും ബാഹ്യമായ ആപത്തുകളെ തടയുകയും ചെയ്യുന്നതിനു സഹായകമായ വിധത്തിൽ ഉള്ള ഒരു ഭരണഘടനയാണു് നമുക്കുള്ളതു്. ഒരു സംയുക്തഭരണത്തേക്കാൾ ഏകചക്രഭരണ

മെന്നു തോന്നത്തക്കവണ്ണം കേന്ദ്രീകൃതവ്യവസ്ഥകൾ അതിൽ അടങ്ങിയിരിക്കുന്നു.[1]

ഇവിടെ പതിന്നാലു സംസ്ഥാനങ്ങളും കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ആറു് യൂണിയൻ പ്രദേശങ്ങളും ഉണ്ടായിരിക്കും. ആന്ധ്രാപ്രദേശ്, ആസ്സാം, ബീഹാർ, ബോംബെ, കേരളം, മദ്ധ്യപ്രദേശ്, മദിരാശി, മൈസൂർ, ഒറീസ്സാ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ, ജമ്മു-കാഷ്മീർ എന്നിവയാണു പതിന്നാലു സംസ്ഥാനങ്ങൾ. ഡൽഹി, ഹിമാചൽപ്രദേശം, മണിപ്പൂർ, ത്രിപുര, അന്തമാൻ-നിക്കോബർ ദ്വീപുകൾ, ലക്ഷദ്വീപുകൾ—മിനിക്കോയ്-അമേനി ദ്വീപുകൾ, എന്നിവയാണു് യൂണിയൻ പ്രദേശങ്ങൾ.

ഭാരതം സ്വാതന്ത്ര്യം നേടിയ കാലത്തു് ചില പ്രദേശങ്ങളുടെ ഭാവി നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞിരുന്നില്ല. അങ്ങനെ ഉള്ള പ്രദേശങ്ങൾക്കു് ഭാരതവുമായി ഐക്യം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ തുറന്നുതന്നെ ഇട്ടിരുന്നു. പാർലിമെന്റിനു് നിയമംമൂലം യൂണിയനിൽ പുതിയ സംസ്ഥാനങ്ങളെ ചേർക്കുകയോ, സ്ഥാപിക്കുകയോ ചെയ്യാവുന്നതാണു്.[2] പഴയ ഫ്രഞ്ചു കൈവശപ്രദേശങ്ങളെ ഭാരതത്തിൽ ലയിപ്പിച്ചതു് ഇവിടെ ഓർമ്മിക്കുമല്ലോ. പുതിയ സംസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതിനു് ചില പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടു്. ഏതെങ്കിലും സ്റ്റേററിൻെറ അതിർത്തിയേയോ പേരിനേയോ വ്യത്യാസപ്പെടുത്തുന്നതിലേക്കുള്ള ബില്ലു് അവതരിപ്പിക്കുന്നതു് രാഷ്ട്രപതിയുടെ അനുമതി നേരത്തേ വാങ്ങിയിട്ടേ പാടുള്ളൂ.

---

1. Constitution of India-by G. N. Joshi-p. 51-3rd Edition.
2. Article 2.

അദ്ദേഹം അതിനുള്ള അനുമതി നൽകുന്നതിനു മുമ്പു്, അങ്ങിനെ ഒരു ബില്ല് അവതരിപ്പിക്കുന്നതിനായുള്ള ഉദ്ദേശത്തെപ്പററിയും ബില്ലിലെ വ്യവസ്ഥകളെപ്പററിയും അതുമായി ബന്ധപ്പെട്ട ഓരോ സംസ്ഥാനനിയമസഭയുടെയും അഭിപ്രായഗതി ആരായണം.[1] കാഷ്മീരിനെ സംബന്ധിച്ചിടത്തോളം ഇതിനു് ആ സംസ്ഥാനത്തിലെ നിയമസഭയുടെ അനുമതികൂടാതെ പാടില്ലതാനും. ഇങ്ങനെയുള്ള വ്യത്യാസങ്ങൾ വരുത്തുന്നതിനു സ്വീകരിക്കുന്ന നടപടികൾ ഭരണഘടനയുടെ ഭേദഗതിയായി പരിഗണിക്കുന്നതല്ല.[2] ഇതു് നമ്മുടെ ഭരണഘടനയുടെ 'അയവി'നുള്ള ഒരുദാഹരണമാണു്.

ഒരു രാഷ്ട്രത്തിൻെറ 'പ്രദേശം' എന്താണെന്നു് ഇവിടെ ചിന്തിക്കേണ്ടതായിട്ടുണ്ടു്. കരയായാലും ജലമായാലും രാഷ്ട്രത്തിൻെറ അധികാരം പ്രയോഗിക്കപ്പെടുന്ന ഭാഗങ്ങളെല്ലാം അതിന്റെ പ്രദേശത്തിൽ ഉൾപ്പെടുന്നതാണു്. ഇതു് കീഴ്നടപ്പുകൊണ്ടോ, ഉടമ്പടികൾകൊണ്ടോ, അംഗീകാരംകൊണ്ടോ ഉണ്ടായിട്ടുള്ളതാകാം. അധികാരപരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ ജനവാസം ഉള്ളതോ ഇല്ലാത്തതോ ആകാം.[3] ആ പ്രദേശത്തു് മറെറാരു രാഷ്ട്രത്തിനും പരമാധികാരം പ്രയോഗിക്കുന്നതിനു കഴിവില്ലായിരിക്കും. ഒരു സ്ഥലത്തു് രണ്ടു കൂട്ടർ ഒരേസമയത്തു് പരമാധികാരികളായിരിക്കാൻ പാടില്ലല്ലോ. ഏതൊരു രാഷ്ട്രത്തിനും അതിൻെറ കരയോടു ചേർന്നു കിടക്കുന്ന സമുദ്രമേഖലയുടെ കാര്യത്തിലും ചില അധികാരങ്ങൾ അനുവദിച്ചിട്ടുണ്ടു്. ഭാരതത്തിൻെറ കാര്യത്തിൽ സമുദ്രതീരത്തെ സംബന്ധിച്ചുള്ള അധികാരപരിധി കടൽതീരത്തിൻെറ സാധുവായ

---

1 Article 3

2. Article: 4

3 Hall–International Law. 1924

അടിസ്ഥാനരേഖ മുതൽ ആറു് നാവികനാഴിക[1] കടലിനുള്ളിലേക്കു വ്യാപിച്ചു കിടക്കുന്നു.[2] തീരസമുദ്രമേഖലയുടെ മേലുള്ള അധികാരപരിധി അന്തർദ്ദേശീയ നിയമത്തിൽ അംഗീകരിച്ചിട്ടുള്ളതാണു്. എന്നാൽ ഇതിൻെറ വ്യാപ്തിയുടെ കാര്യത്തിൽ രാജ്യങ്ങൾ തമ്മിൽ ഐകരൂപ്യം കാണുന്നില്ല. ഭാരതം സ്വീകരിച്ചിട്ടുള്ള നില കടൽത്തീരത്തിന്റെ സാധുവായ അടിസ്ഥാനരേഖ മുതൽ ആറു നാവികനാഴിക കടലിനുള്ളിലേക്കു വ്യാപിച്ചു കിടക്കുന്നു എന്നു പ്രസ്താവിച്ചല്ലോ. അതുവിട്ടുള്ള സമുദ്രമേഖലയെ അന്തർദ്ദേശീയ സമുദ്രമേഖലയെന്നാണു പറഞ്ഞുവരുന്നതു്.

Bengal India

1 One Nautical mile = 2025 yards.

2 Proclamation-See Gazatte of India Extraordinary March 23, 1956

അദ്ധ്യായം നാല്

പൗരത്വം

ഭരണഘടന ഊർജ്ജിതത്തിൽ വന്നപ്പോൾ അതിലെ വ്യവസ്ഥകൾക്കു വിധേയമായി ചില ആളുകളെ പൗരന്മാരായി പരിഗണിക്കുകയുണ്ടായി. ഭാരതത്തിൽ സ്ഥിരമായി താമസിക്കുന്ന ഒരാൾ ഇവിടെത്തന്നെ ജനിക്കുകയോ, മാതാപിതാക്കന്മാരിൽ ആരെങ്കിലും ഒരാൾ ഈ നാട്ടിൽ ജനിക്കുകയോ, ഭരണഘടന പ്രയോഗത്തിൽ വരുന്നതിനു തൊട്ടു മുമ്പ് അഞ്ചുകൊല്ലത്തിൽ കുറയാതെ സാധാരണയായി ഭാരതത്തിൽ താമസിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അയാളെ ഭാരതീയ പൗരനായി പരിഗണിക്കുന്നതായിരിക്കും.[1] ഇവിടെ ഒരു സംഗതി പ്രത്യേകം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ചില സംയുക്തരാജ്യങ്ങളിലെപ്പോലെ ഭാരതത്തിൽ ഇരട്ടപൗരത്വം സ്വീകരിച്ചിട്ടില്ല. അയാൾ താമസിക്കുന്നതു് ഏതു സംസ്ഥാനത്തിലായാലും തരക്കേടില്ല, ഭാരതത്തിലെ ഒരു പൗരൻ ഭാരതപൗരൻ മാത്രമാണ്. ഭാരതം അയാളുടെ ജന്മഭൂമിയാണെന്നും അയാൾ അവിടുത്തെ പൗരനാണെന്നും തികഞ്ഞ വിശ്വാസം ഉണ്ടാക്കുവാൻ ഇതു് അത്യാവശ്യമായ കാര്യം തന്നെയാണെന്നു് ആരും സമ്മതിക്കും.

ഭാരതത്തിൽ താമസമുറപ്പിച്ചിട്ടുള്ളവർ, പാകിസ്ഥാനിൽനിന്നു് അഭയാർത്ഥികളായി ഇവിടെ വന്നിട്ടുള്ളവർ, അന്യദേശങ്ങളിൽ കുടിയേറിയിട്ടുള്ള നമ്മുടെ നാട്ടുകാർ എന്നിവർക്കു് ഇൻഡ്യൻ പൗരത്വത്തിനു് അവകാശം ഉണ്ടു്. ഭാരതം

---

[1] Article: 5

സ്വാതന്ത്ര്യം നേടിയപ്പോഠം ഉണ്ടായ സംഭവവികാസങ്ങഠം കാരണം അനവധിയാളുകഠം അവരുടെ വീട്ടും കുടിയും വിട്ട് വിഷമിക്കേണ്ടിവന്നിട്ടുണ്ട്. ഇന്ന് പാകിസ്ഥാനെന്നറിയപ്പെടുന്ന പ്രദേശത്തുനിന്ന് വളരെപ്പേർ ഭാരതത്തിലേക്കു പോരേണ്ടിവന്നു. അവരെ ഇവിടുത്തെ പൗരന്മാരാക്കിത്തീർക്കേണ്ടതു് അത്യാവശ്യമാണ്. ഇതിനു് ഭരണഘടനയിൽ വ്യക്തമായ വ്യവസ്ഥ ചെയ്തിരിക്കുന്നു.[1] അവിഭക്തഭാരതത്തിൽ അയാളോ, അയാളുടെ മാതാപിതാക്കന്മാരിൽ ആരെങ്കിലുമോ, അല്ലെങ്കിൽ അയാളുടെ അപ്പൂപ്പനോ, അമ്മൂമ്മയോ ജനിച്ചിരിക്കണം. അങ്ങിനെയുള്ള ഒരാഠം 1948-ജൂലൈ 19-ാം തീയതിക്കു മുമ്പു് കുടിനീങ്ങിയെങ്കിൽ അതിനുശേഷം തുടരെ ഭാരതത്തിൽ ആവാസമുറപ്പിച്ചിരിക്കണം. അങ്ങിനെയായാൽ പൗരനായിത്തീരുന്നതിനു് പ്രത്യേക രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ ഒരാഠം 1948-ജൂലൈ 19-ാംതീയതിയോ അതിനുശേഷമോ കുടിനീങ്ങിയെങ്കിൽ, ഈ ഭരണഘടന ഉൗർജ്ജിതത്തിൽ വരുന്നതിനുമുമ്പു് ഭാരതപൗരനായിത്തീരുന്നതിനു് രജിസ്റ്റർ ചെയ്യുവാനുള്ള അപേക്ഷ അയച്ചിരിക്കണം. അതു് അയക്കേണ്ടതു് കേന്ദ്രഗവണ്മെൻറു് അതിലേക്കു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാണ്. അപേക്ഷകൻ, അപേക്ഷിക്കുന്നതിനു് മുമ്പു് ഭാരതഭൂമിയിൽ കുറഞ്ഞതു് ആറു മാസമെങ്കിലും താമസിച്ചിട്ടുണ്ടെന്നു വിശ്വാസമായാൽ രജിസ്റ്റർ ചെയ്യുന്നതായിരിക്കും. ഇങ്ങനെയുള്ള ഒരാളും ഭാരതീയ പൗരനായിരിക്കും. 1948-ജൂലൈ 19-ാം തീയതി മുതലാണു് കുടിനീങ്ങുന്നതിനുള്ള പെർമിററുകഠം കൊടുക്കുന്ന ഏർപ്പാടു് ആരംഭിച്ചതു് എന്നു് ഇവിടെ സ്മരണീയമാണ്. ഇനിയും വേറൊരു കൂട്ടരുടെ കാര്യംകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. 1947-മാർച്ച് ഒന്നാംതീയതിയ്ക്കുശേഷം ഭാരത

---

1. Article: 6

ത്തിൽനിന്നു പാകിസ്ഥാനിലേക്കു കുടിനീങ്ങിയ ഒരാൾ, പുനരധിവാസമോ സ്ഥിരതാമസമോ ലാക്കാക്കി, കേന്ദ്രഗവർമ്മെൻറ് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻെറയോ മറേറതെങ്കിലും നിയമത്തിൻകീഴിലോ അനുവാദപത്രം വാങ്ങി, പിന്നീട് ഭാരതത്തിൽ മടങ്ങിയെത്തി നേരത്തെ പറഞ്ഞ രീതിയിൽ രജിസ്റ്റർ ചെയ്യുന്നതായാൽ, അയാൾക്കും പൗരനാകുന്നതിനു് അവകാശമുണ്ടായിരിക്കും. മുകളിൽ പറഞ്ഞ തീയതിക്കുശേഷം ഭാരതത്തിൽനിന്നു പാകിസ്ഥാനിലേക്കു കുടിയേറിയിട്ടുള്ള ഒരാളിനു് ഇൻഡ്യൻ പൗരത്വം നഷ്ടപ്പെടുന്നതാണു്.[1] 1947-മാർച്ച് ഒന്നാംതീയതി മുതലാണു് അസ്വാസ്ഥ്യങ്ങൾ ആരംഭിച്ചതും ഭാരതത്തിൽനിന്നു പാകിസ്ഥാനിലേക്കു കുടിനീക്കം ഉണ്ടായിത്തുടങ്ങിയതും എന്നു് ഓർമ്മയുണ്ടായിരിക്കുമല്ലോ. അസ്വാസ്ഥ്യങ്ങൾ സംഭവിച്ച കാലത്തു് ഭാരതം വിട്ടുപോയെങ്കിലും പാകിസ്ഥാനിൽ സ്ഥിരമായി താമസിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്തവരെ സഹായിക്കുന്നതിനാണു് ഈ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ജമ്മു-കാഷ്മീർ സംസ്ഥാനത്തു സ്ഥിരതാമസമാക്കിയിരുന്ന ഒരാൾ പാകിസ്ഥാനിലേക്കു കുടിയിളകിപ്പോയെങ്കിലും സംസ്ഥാനനിയമസഭ പാസ്സാക്കിയിട്ടുള്ള നിയമമനുസരിച്ച് തിരിച്ചുവന്നു സ്ഥിരതാമസം ഉറപ്പിക്കുന്നതായാൽ അയാളെയും ഒരു പൗരനായി കണക്കാക്കുന്നതാണു്.

ഭാരതീയരായ ഒട്ടനവധി ആളുകൾ അന്യനാട്ടുകളിൽ അധിവസിക്കുന്നുണ്ടു്. അങ്ങിനെയുള്ളവരിൽ ഭാരതീയപൗരത്വം വേണമെന്നാഗ്രഹിക്കുന്നവരെ ഉദ്ദേശിച്ചു ഭരണഘടനയിൽ വേണ്ടതു ചെയ്തിരിക്കുന്നു. വിദേശത്തു് അധിവസിക്കുന്ന ഒരാളോ, അയാളുടെ മാതാപിതാക്കന്മാരിൽ ആരെങ്കിലുമോ, അയാളുടെ അപ്പൂപ്പനോ, അമ്മൂമ്മയോ ആരെങ്കിലും

1. Article: 7

അവിഭക്തഭാരതത്തിൽ ജനിച്ചിരിക്കണം. അങ്ങനെയുള്ള ആൾ ഭാരതത്തിന്റെ പ്രതിനിധിമന്ദിരത്തിലോ നയതന്ത്ര പ്രതിപുരുഷാലയത്തിലോ, ഭാരതീയപൗരനായി പേരു് രജിസ്റ്റർ ചെയ്യേണ്ടതാണു്. അതിനു നിശ്ചിതരീതിയിൽ ഭരണഘടന നടപ്പിൽ വന്നതിനു മുമ്പോ പിമ്പോ അപേക്ഷിക്കണമെന്നു നിർബന്ധമുണ്ടു്.[1] ആഫ്രിക്ക, മലയാ, സിലോൺ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ഭാരതീയരായ മാതാപിതാക്കന്മാർക്കു പിറക്കുന്ന സന്തതികൾക്കു് ഇൻഡ്യൻ പൗരത്വം നേടുന്നതിനു് ഇതു് ഇടനൽകുന്നു.

ഒരാൾ സ്വമനസ്സാലെ ഏതെങ്കിലും വിദേശരാജ്യത്തിലെ പൗരത്വം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അക്കാരണംകൊണ്ടു് അയാളുടെ ഭാരതീയ പൗരത്വം നഷ്ടപ്പെടുന്നതായിരിക്കും.[2] ഭാരതീയ പൗരത്വത്തെക്കുറിച്ചു് പാർലിമെന്റു് മേലാൽ എന്തെങ്കിലും നിയമങ്ങൾ നിർമ്മിക്കുകയാണെങ്കിൽ അതിനു വിധേയമായിട്ടായിരിക്കും ഒരാളുടെ പൗരത്വം പരിഗണിക്കുന്നതു്.[3] പൗരത്വാവകാശത്തെ നിയമംമൂലം നിയന്ത്രിക്കുന്നതിനുള്ള അധികാരം പാർലിമെന്റിൽ നിക്ഷിപ്തമാണു്.[4]

ഒരു രാജ്യത്തിലെ പ്രജകളെ രണ്ടായിട്ടു് തരംതിരിക്കാം. ഒന്നു് അവിടത്തെ പൗരന്മാർ; രണ്ടു് രാജ്യത്തിൽ താമസിക്കുന്ന വിദേശികൾ. ആദ്യത്തെ വിഭാഗക്കാർക്കു് സമ്പൂർണ്ണമായി സിവിലും രാഷ്ട്രീയവുമായ അവകാശങ്ങൾ അനുഭവിക്കുന്നതിനു സാധിക്കും. രണ്ടാമത്തെ കൂട്ടർക്കു് അതെല്ലാം സിദ്ധിക്കുകയില്ല. ഇവർക്കു രണ്ടുപേർക്കും സർക്കാരിന്റെ സംരക്ഷണം ഒരുപോലെ ലഭ്യമാകും. പൗരന്മാരും സ്റ്റേറ്റും തമ്മിലുള്ള ബന്ധം

---

1. Article: 8. 2. Article; 9.
3 Article: 10. 4. Article: 11

വ്യക്തിപരവും സ്ഥിരവും ആണ്. വിദേശീയരുടെ ബന്ധം പ്രാദേശികവും താല്ക്കാലികവും ആയിരിക്കുന്നു.[1] പൗരന്മാർ തന്നെ ജനനംകൊണ്ട് സ്വയമേവ പൗരത്വം സിദ്ധിക്കുന്നവരും, പൗരത്വം സമ്പാദിക്കുന്നവരും എന്ന് രണ്ടുകൂട്ടരുണ്ട്. ഇതിൽ രണ്ടാമത്തു പറഞ്ഞവർ നേരത്തെ വിദേശികളായിരുന്നിരിക്കും. പൗരത്വം സമ്പാദിച്ചു കഴിഞ്ഞാൽ എല്ലാവരും സമന്മാർ തന്നെ. പൗരനും സ്റ്റേറ്റും തമ്മിലുള്ള ബന്ധം പരസ്പരമുള്ള കർത്തവ്യങ്ങളും കടപ്പാടുകളുംകൊണ്ടു നെയ്തുണ്ടാക്കിയിട്ടുള്ളതാണ്.

പൗരത്വത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ നിർമ്മിക്കുന്നതിന് പാർലിമെൻറിന് ഭരണഘടന അധികാരം നൽകിയിട്ടുണ്ടെന്നു മുമ്പു സൂചിപ്പിച്ചല്ലോ. ഇതനുസരിച്ച് പാർലിമെന്റ് ഭാരതീയപൗരത്വനിയമവും അതിൻെറ കീഴിലുള്ള റൂളുകളും പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.[3]

---

1. Salmond's Jurisprudence — 1948-p. 132
2. The Indian Citizen Ship Act, 1955
3. The Citizenship Rules 1956 — See Gazette Extraordinary, Government of India, July 7, 1956.

അദ്ധ്യായം അഞ്ച്

മൗലികാവകാശങ്ങൾ

നമ്മുടെ ഭരണഘടനയുടെ പ്രത്യേകതകളിൽ ഒന്ന് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൗലികാവകാശങ്ങളാണ്. മററു ചില രാജ്യങ്ങളുടെ ഭരണഘടനകളിലും ഇതുപോലെ മൗലികാവകാശങ്ങൾ ഉറപ്പുചെയ്യുന്ന രീതി സ്വീകരിച്ചിട്ടുണ്ട്. അമേരിക്കൻ ഐക്യനാടുകൾ, അയർലൻറ് എന്നീ രാജ്യങ്ങൾ ഉദാഹരണമായി പറയാം. ഭാരതത്തിൻെറ ഭരണഘടനയിൽ ഇതു് ഉൾപ്പെടുത്തിയിട്ടുള്ളതു് ഒരു പുതിയ രീതിയല്ലെന്നു കാണിക്കാൻ ഇതു പറഞ്ഞെന്നേയുള്ളു. എങ്കിലും നമ്മുടെ ഭരണഘടനയിൽ ഉള്ളത്ര വിസ്തരിച്ച് മറെറാന്നിലുമില്ലതന്നെ. വിഷയങ്ങളുടെ വൈപുല്യത്തിനു കാരണം ഭാരതത്തിലെ എല്ലാ മണ്ഡലങ്ങളിലും ഉള്ള വൈവിധ്യംതന്നെയായിരിക്കണം. മതം, സംസ്കാരം, സാമൂഹ്യനില എന്നീ രംഗങ്ങളിൽ ഭാരതത്തിലെ ജനവർഗ്ഗങ്ങളിൽ കാണുന്ന ഭിന്നതകൾ വിസ്മരിച്ചുകൂടാ. എന്നാൽ ഈ ഭിന്നതകൾക്കും വൈവിധ്യങ്ങൾക്കും പുറകിൽ ഉറപ്പേറിയ ഏകത്വവും ഉണ്ട്.

ചരിത്രപ്രധാനമായ "സാർവ്വത്രിക മനുഷ്യാവകാശപ്രഖ്യാപന"ത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നതു് അസ്ഥാനത്താകുമെന്നു തോന്നുന്നില്ല. മുൻകാലങ്ങളിൽ മാനുഷികമൂല്യങ്ങളെയും മനുഷ്യാവകാശങ്ങളെയും അവഗണിക്കുകയും അവയെ അവജ്ഞയോടെ തിരസ്കരിക്കുകയും ചെയ്തതിൻെറ ഫലമായി മനുഷ്യരാശിയുടെ ധർമ്മബോധത്തെ അവമതിക്കുന്ന അപരിഷ്കൃതകൃത്യങ്ങൾ ധാരാളം നടന്നിട്ടുണ്ടെന്നും, മേലാൽ അപ്രകാ

രമുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും, ലോകത്തിലേതു ഭാഗത്തു നിവസിക്കുന്ന മനുഷ്യനും ഭയവും പട്ടിണിയും കൂടാതെ അഭിപ്രായസ്വാതന്ത്ര്യത്തോടും വിശ്വാസസ്വാതന്ത്ര്യത്തോടും കൂടി സന്തുഷ്ടരായി ജീവിക്കുന്നതിനും ഈ സാർവ്വത്രികമായ മനുഷ്യാവകാശപ്രഖ്യാപനം ചെയ്യുന്നതാണെന്നും, അതിലെ തത്വങ്ങൾ എല്ലാ രാജ്യങ്ങളും സ്വീകരിച്ചു് താന്താങ്ങളുടെ രാജ്യത്തിൽ നടപ്പിലാക്കണമെന്നും മററുമാണു് അതിൻെറ ആമുഖത്തിൽ പറയുന്നതു്. തുടന്നു് ഈ പ്രഖ്യാപനത്തിലെ മുപ്പതു വകുപ്പുകളിൽ മനുഷ്യാവകാശങ്ങൾ വിശദീകരിക്കുന്നു. അവ മൂന്നു വിഭാഗങ്ങളായി വിഭജിക്കാവുന്നതാണു്. ഒന്നു് ശാരീരികം; രണ്ടു് രാഷ്ട്രീയം; മൂന്നു് സാമൂഹ്യവും സാമ്പത്തികവും. ഈ മൂന്നു വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സൂചിപ്പിക്കാം.

ശാരീരികം എന്നതു് അവനവൻെറ ദേഹത്തേയും ദേഹിയേയും സംബന്ധിക്കുന്നതാണു്. അതിൽ താഴെ പറയുന്ന സംഗതികൾ ഉൾപ്പെടുന്നു. (a) ഒരു മനുഷ്യനു് തൻെറ ജീവനിലും ദേഹത്തിലും ഉള്ള അവകാശങ്ങൾ.[1] (b) അടിമത്തത്തിൽനിന്നും ദാസ്യവൃത്തിയിൽനിന്നും ഉള്ള സ്വാതന്ത്ര്യം.[2] (c) അന്യായമായ അറസ്റ്റ്, തടങ്കൽ, നാടുകടത്തൽ ഇവയിൽനിന്നുള്ള സ്വാതന്ത്ര്യം[3] (d) അവനവൻെറ പാർപ്പിടങ്ങളിൽ സ്വൈരജീവിതം നയിക്കുന്നതിനും സ്വകാര്യമായിഎഴുത്തുകുത്തു നടത്തുന്നതിനും ഉള്ള സ്വാതന്ത്ര്യം.[4] (e) വിചാരസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, മനസ്സാക്ഷിസ്വാതന്ത്ര്യം തുടങ്ങിയവ.[5]

---

1 Declaration of Human Rights-Articles 3; 5; 8; & 19.
2. ,, ,, ,, ,, 14.
3. ,, ,, ,, ,, 9; 10; 11.
4. ,, ,, ,, ,, 12.
5. ,, ,, ,, ,, 18.

(f)അഭിപ്രായപ്രകടനസ്വാതന്ത്ര്യം.[1] (g) സമ്മേളനസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും.[2] (h)കുടുംബജീവിതസ്വാതന്ത്ര്യം[3] (i) നിയമപ്രകാരമുള്ള തുല്യാവകാശങ്ങളും തുല്യസംരക്ഷണവും.[4] (j) ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനും വിശ്രമിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം.[5] (k) അഭയംനേടുന്നതിനുള്ള സ്വാതന്ത്ര്യം.[6] (l) സ്വകാര്യസ്വത്തു് സമ്പാദിക്കുന്നതിനും സൂക്ഷിക്കുന്നതിനും ഉള്ള അവകാശം.[7]

മുകളിൽ പറഞ്ഞതു് ഒരു മനുഷ്യന്റെ പ്രധാനമായ ശാരീരികാവകാശങ്ങളാണു്. ഇനി അയാളുടെ രാഷ്ട്രീയാവകാശങ്ങളെപ്പറ്റി സൂചിപ്പിക്കാം. ഓരോ മനുഷ്യനും അയാൾ സ്വമേധയാ തിരഞ്ഞെടുത്ത ആളുകളാൽ ഭരിക്കപ്പെടുവാനുള്ള അവകാശമുണ്ടു്. ക്ലിപ്തകാലത്തേക്കു് ഭരണാധികാരികളെ രഹസ്യബാലട്ടനുസരിച്ചുള്ള വോട്ടുസമ്പ്രദായം മുഖേന തിരഞ്ഞെടുക്കുന്നതിനും ഉള്ള അധികാരം ഉണ്ടായിരിക്കണം. ഇതു് ഉത്തരവാദിത്വഭരണത്തിനുള്ള പൗരന്റെ സ്വാതന്ത്ര്യമാണല്ലോ.[8]

ഇനിയുള്ളതു് സാമ്പത്തികവും സാമൂഹ്യവുമായ അവകാശങ്ങളാണു്. ഓരോ പൗരനും വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും സമാധാനജീവിതത്തിനും ഉള്ള അവകാശം അംഗീകരിക്കപ്പെട്ടിരിക്കുന്നു. തൊഴിൽ, ശരിയായ കൂലി തുടങ്ങിയവ ലഭിക്കുവാനുള്ള അവകാശങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.[9]

1.	Declaration of Human Rights	Articles			9.
2.	"	"	"	"	20; 23.
3.	"	"	"	"	16
4.	"	"	"	"	6; 7.
5.	"	"	"	"	13.
6.	"	"	"	"	14.
7.	"	"	"	"	17.
8.	"	"	"	"	21.
9.	"	"	"	"	26; 27; 28.

പൗരന്മാർക്ക് സമുദായത്തോടുള്ള ഉത്തരവാദിത്വങ്ങൾ ഈ പ്രഖ്യാപനത്തിൽ വിസ്മരിച്ചിട്ടില്ല.[1]

മനുഷ്യാവകാശ പ്രഖ്യാപനത്തെ ലോകത്തിലാകമാനമുള്ള ജനങ്ങളുടെ സ്വാതന്ത്ര്യത്തീട്ടുരമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇവയ്ക്കു് യാതൊരുവിധമായ നിയമപ്രാബല്യവും അംഗീകരിച്ചിട്ടില്ല.

നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങളും, മുകളിൽ പ്രസ്താവിച്ച മനുഷ്യാവകാശപ്രഖ്യാപനത്തിലെ അംശങ്ങളും ഒരേ കേന്ദ്രത്തിൽനിന്നു് ആശയങ്ങൾ സ്വീകരിച്ചാണ് ക്രോഡീകരിച്ചിരിക്കുന്നതു്. ഇതിനു് മൗലികാവകാശങ്ങളിലെ സപ്തസ്വാതന്ത്ര്യങ്ങളും ജീവാവകാശങ്ങളും മററും ഉദാഹരണമായി എടുത്തുപറയാം.[2] അതുപോലെതന്നെ നമ്മുടെ ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങൾക്ക് മനുഷ്യാവകാശപ്രഖ്യാപനത്തിലെ സാമൂഹ്യവും സാമ്പത്തികവും ആയ തത്വങ്ങളോടു തികഞ്ഞ സാമ്യമുണ്ടു്.[3] നമ്മുടെ ഭരണഘടനയിൽ മാത്രമല്ല മനുഷ്യാവകാശപ്രഖ്യാപനത്തിലെ ആദർശങ്ങൾ സ്വാധീനശക്തി പ്രയോഗിച്ചിട്ടുള്ളതു്. പ്രസ്തുത പ്രഖ്യാപനത്തിനുശേഷം എഴുതിയുണ്ടാക്കിയിട്ടുള്ള മിക്ക ജനാധിപത്യ ഭരണഘടനകളിലും അതു പ്രകടമായി ദർശിക്കാവുന്നതാണ്. ഇൻഡോനേഷ്യൻ ഭരണഘടന ഇതിനു് ഉത്തമോദാഹരണമാകുന്നു.

ഐക്യരാഷ്ട്രങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളിൽ നിന്നു് നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങൾക്ക് എത്രമാത്രം വ്യത്യാസമുണ്ടെന്നു് ഈ അവസരത്തിൽ താരതമ്യപ്പെടുത്തി നോക്കുന്നതു് ഉചിതമായിരിക്കുമല്ലോ. ഒന്നാ

1. Declaration of Human Rights-Article: 29.
2. Indian Constitution—Article: 19; 21
3. ,, ,, Part IV.

മതായി മനുഷ്യാവകാശപ്രഖ്യാപനത്തിൽ ആദശ്ങ്ങളും ഉൽബോധനങ്ങളും നിരോധനങ്ങളും കൂടിക്കലൎന്നു കിടക്കുന്നതായിട്ടാണു നാം കാണുന്നതു്. അവ ധാൎമ്മികമായ അനുശാസനത്തിൽ അധിഷ്ഠിതമായിരിക്കുന്നു. അതല്ലാതെ, പ്രായോഗികമാക്കുന്നതിനു് അവയ്ക്കു മററു പിൻബലമൊന്നുമില്ല. എന്നാൽ നമ്മുടെ മൗലികാവകാശങ്ങളിൽ ഉൾക്കൊള്ളുന്ന തത്വങ്ങൾ നീതിന്യായക്കോടതികൾ മുഖേന സ്ഥാപിച്ചുകിട്ടത്തക്കവയാണു്. മനുഷ്യാവകാശപ്രഖ്യാപനത്തിൽ കാണുന്ന ചില തത്വങ്ങൾ നമ്മുടെ ഭരണഘടനയിലെ നാലാംഭാഗത്തിൽ നിർദ്ദേശകതത്വങ്ങളായി സ്വീകരിച്ചിരിക്കുന്നു. അവ കോടതി മുഖാന്തിരം അവകാശപ്പെടാവുന്നതല്ല. എന്നാൽ ഭരണാധികാരികൾ സൽഭരണാദശപ്രാപ്തിക്കായി സ്വീകരിക്കുന്ന നയപരിപാടികളുടെ പ്രചോദനം അവയിൽനിന്നു കൈവരിക്കുന്നു. അവ പ്രധാനമായി ആജ്ഞാപകങ്ങളാണു്. കോടതിമൂലം പ്രബലപ്പെടുത്തുവാൻ കഴിയുന്നില്ലെങ്കിലും ഭരണഘടനയിൽ സ്ഥാനം നല്കിയിരിക്കുന്നതുകൊണ്ടു് നിർദ്ദേശകതത്വങ്ങൾ അഗണ്യങ്ങളല്ല.

മനുഷ്യാവകാശം സംബന്ധിച്ച തത്വങ്ങൾ വളരെ വിശാലമായ രീതിയിലാണു പ്രസ്താവിക്കപ്പെട്ടിട്ടുള്ളതു്. അവയിൽ ഓരോന്നുമോ എല്ലാംതന്നെയോ സാന്മാൎഗ്ഗികതയ്ക്കുവേണ്ടിയോ, പൊതുസമാധാനത്തെ ലാക്കാക്കിയോ, ജനായത്ത സമുദായത്തിൻെറ പൊതുനന്മയെ ലക്ഷ്യമാക്കിയോ, ഐക്യരാഷ്ട്ര പ്രമാണങ്ങളുടെതന്നെ സംരക്ഷണത്തെ ഉദ്ദേശിച്ചോ, കുറെയൊക്കെ പരിമിതപ്പെടുത്തേണ്ടിവന്നേക്കും.[1]

നമ്മുടെ ഭരണഘടനയുടെ മൂന്നാം ഭാഗത്തിലാണു് മൗലികാവകാശങ്ങൾ പ്രസ്താവിച്ചിട്ടുള്ളതു്. ഈ തത്വങ്ങൾ സൂചിപ്പിക്കുന്നതു് ഗവർമ്മെൻറിൻെറ അധികാരങ്ങൾ പരിമിതങ്ങ

---

1. Declaration of Human Rights-Article: 29, 30.

ളാണെന്നാണ്. ഭരണകൂടത്തേയും നിയമനിർമ്മാണസമിതിയേയും സ്വേഛാധിപത്യപ്രവൃത്തികളിൽ നിന്ന തടയുന്നതിനാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അതിനാൽ വ്യക്തിക്ക് സ്വമേധയാ അഭിവൃദ്ധിപ്പെടുന്നതിന് അവസരം സിദ്ധിക്കുന്നു. എന്നാൽ ഈ അവകാശങ്ങൾ നിരുപാധികങ്ങളാണെന്നു വിചാരിക്കരുത്. എല്ലാ വ്യക്തികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, സമുദായത്തിൻെറയും രാജ്യത്തിൻെറയും ഉത്തമതാല്പര്യങ്ങളെ പോഷിപ്പിക്കുന്നതിനുംവേണ്ടി ഏർപ്പെടുത്തുന്ന പരിമിതികൾക്ക് അവ വിധേയമാണ്.

ഭരണഘടന പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് അതിൻെറ അധികാരപരിധിയിൽപെടുന്ന പ്രദേശങ്ങളിൽ ഊർജ്ജിതത്തിലിരുന്ന നിയമങ്ങളും നിയമസാധുതയുള്ള ആചാരമര്യാദകളും നാട്ടുനടപ്പുകളും മററും മൗലികാവകാശങ്ങൾക്കു വിരുദ്ധമായിരിക്കുന്നപക്ഷം, എത്രമാത്രം വിരുദ്ധമായിരിക്കുന്നുവോ അത്രയും അസാധുവായിത്തീരുന്നതായിരിക്കും. കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് ഊർജ്ജിതത്തിൽ വന്നത് 1954 മേയ് 14-ാംനു- മുതലാണ്.[1] നിലവിലിരിക്കുന്ന നിയമങ്ങളെ സംബന്ധിച്ചു മാത്രമല്ല ഈ ഏർപ്പാട്. മൗലികാവകാശങ്ങളെ നിഷേധിക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും നിയമം ഭാവിയിൽ നിർമ്മിച്ചുകൂടാ. ഇതിനു വിപരീതമായി നിയമനിർമ്മാണം നടത്തിയാൽ, അവ എത്രത്തോളം ലംഘനം നടത്തുന്നോ അത്രത്തോളം അസാധുവായിരിക്കും.[2] അത്തരം നിയമങ്ങളെ അസാധുവാക്കി പ്രഖ്യാപിക്കുവാൻ കോടതികൾക്ക് അധികാര

1. Constitution (Application to Jammu & Kashmir) Order 1954.

2. Indian Constitution Article: 13.

മുണ്ട്.[1] മൗലികാവകാശങ്ങളുടെ സംരക്ഷണം നീതിന്യായ കോടതിയിലാണ നിക്ഷിപ്തമായിട്ടുള്ളത്. ഭരണഘടനയിൽ ഉറപ്പു ചെയ്തിട്ടുള്ള ഈ അവകാശങ്ങൾ ശരിയായവിധം അനുഭവിക്കുന്നതിന് ജനങ്ങളെ അവ സഹായിക്കുന്നു.[2]

ഈ വിഭാഗത്തിൽ സ്റ്റേറ്റ് എന്നതിന് വളരെ വിപുലമായ അർത്ഥങ്ങളാണ കല്പിച്ചിരിക്കുന്നത്. അതിൽനിന്ന് ഈ അവകാശങ്ങളുടെ പ്രാധാന്യം ഊഹിക്കത്തക്കതാണ്. സ്റ്റേറ്റ് എന്ന പദംകൊണ്ട് ഭാരതഗവണ്മെന്റിനേയും പാർലിമെൻറിനേയും, ഓരോ സംസ്ഥാനങ്ങളിലെ ഗവണ്മെൻറിനേയും നിയമസഭയേയും ഉദ്ദേശിച്ചിരിക്കുന്നു. കൂടാതെ ഭാരതരാജ്യാതിർത്തിക്കുള്ളിലെ പ്രദേശങ്ങളിൽ നിലവിലിരിക്കുന്ന പ്രാദേശികമോ മറ്റോ ആയ അധികാരസ്ഥാനങ്ങളേയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.[3] ചുരുക്കത്തിൽ ഈ അവകാശങ്ങൾ എല്ലാഅധികൃതസ്ഥാനങ്ങൾക്കും എതിരായിട്ടു ലഭിക്കും. ചിലതു വ്യക്തികൾക്കെതിരായും പ്രയോഗിക്കാം.

നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങൾ രണ്ടു വിഭാഗങ്ങളിൽ ഉൾപ്പെടുന്നവയാണ്. ആധുനിക ഭരണഘടനകളിൽ ഉൾക്കൊള്ളിക്കാറുള്ളവയും ഭാരതത്തിലെ പ്രത്യേക സാഹചര്യങ്ങളാൽ ആവശ്യമായിത്തീർന്നിട്ടുള്ളവയും ആണ് അവ. ഇതിൽ രണ്ടാമത്തേതു് ഭാരതത്തിൻെറ രാഷ്ട്രീയ ചരിത്ര പരിണാമത്തിൻെറ ഫലമാണ്.

ഭരണഘടനയിൽ ചേർത്തിട്ടുള്ള മൗലികാവകാശങ്ങൾ ഏഴു കൂട്ടത്തിൽ ഉള്ളവയാണ്. അവ (1) സമത്വത്തിനുള്ള

1. Gopalan *Vs* State of Madras (1950) S. C. J. 174.
2. Articles 32; 226.
3. Article: 12.

അവകാശം (2) സ്വാതന്ത്ര്യത്തിനുള്ള അവകാശം (3) ചൂഷണത്തിനെതിരായുള്ള അവകാശം (4) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (5) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (6) വസ്തു ഉടമയ്ക്കുള്ള അവകാശം (7) ഭരണഘടനയനുസരിച്ചു പ്രതിവിധികൾക്കുള്ള അവകാശം. ഇവയിൽ ചിലതു് പൗരന്മാൎക്കു മാത്രമേ ലഭിക്കുകയുള്ളു. മററു ചിലതു് പൗരനെന്നോ മറെറാരാളെന്നോ നോക്കാതെ ആൎക്കും അവകാശപ്പെടാം. രണ്ടാമതു പറഞ്ഞ വിഭാഗത്തിൽ പെടുന്നവ (1) ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കുവാനുള്ള അവകാശം (2) നിയമത്തിനു മുമ്പിലുള്ള സമത്വം (3) പൂൎവ്വകാലബാദ്ധ്യതപ്രകാരമുള്ള ശിക്ഷകളിൽനിന്നു സംരക്ഷണം (4) അടിമത്തത്തിനും നിർബന്ധിതവേലയ്ക്കും വിധേയമാകാതിരിക്കാനുള്ള സംരക്ഷണം (5) മനസ്സാക്ഷിയനുസരിച്ചു് സ്വതന്ത്രമായി വിശ്വാസം പുലത്താനും മതത്തിൽ വിശ്വസിക്കുവാനും അതനുസരിച്ചു ജീവിക്കാനും അതിനുവേണ്ടി പ്രചാരണം നടത്താനും ഉള്ള സ്വാതന്ത്ര്യം (6) ഭരണഘടനയനുസരിച്ചു് മേൽപറഞ്ഞ കാൎയ്യങ്ങൾ ഉറപ്പിച്ചു കിട്ടുന്നതിനു് നടപടികൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം.

ഈ സന്ദർഭത്തിൽ മററു ചില സംഗതികൾ കൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. അവകാശങ്ങളൊന്നുംതന്നെ തികഞ്ഞതോതിൽ അനുഭവിക്കുവാൻ സാഹചര്യങ്ങൾ സമ്മതിച്ചേക്കാൻ ഇടയില്ലല്ലോ. മൗലികാവകാശങ്ങളുടെ കാര്യത്തിലും ഈ പൊതുതത്വം ശരിയാണു്. അവയുടെ സഫലീകരണം പല നിയന്ത്രണങ്ങൾക്കും വിധേയമായിട്ടാണു സാധിക്കുന്നതു്. യുക്തങ്ങളായ നിയന്ത്രണങ്ങൾ മാത്രമേ ഇതിലേക്കു സ്വീകരിക്കുവാൻ പാടുള്ളു. നിയമനിർമ്മാണസഭ നിശ്ചയിക്കുന്ന നിയന്ത്രണങ്ങൾ യുക്തങ്ങളാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു കോടതികളാണു്.

മൗലികാവകാശങ്ങൾ പരിമിതപ്പെടുത്താനും തടഞ്ഞുവയ്ക്കാനും ചില സന്ദർഭങ്ങളിൽ സാധിക്കും. സായുധസേനയിലോ പൊതുസമാധാനസംരക്ഷണത്തിനു് ഉത്തരവാദപ്പെട്ട ഇതരസേനയിലോ, ഉള്ള അംഗങ്ങൾക്കു് മൗലികാവകാശവ്യവസ്ഥകളിൽനിന്നു ലഭിക്കുന്ന അവകാശങ്ങൾ എത്രത്തോളം അനുഭവിക്കാമെന്നു് പാർലിമെൻറിനു് നിയമംമൂലം നിശ്ചയിക്കാവുന്നതായിരിക്കും. പ്രസ്തുത വിഭാഗങ്ങളിലെ അംഗങ്ങൾ അച്ചടക്കം പാലിക്കുന്നതിനും, കർത്തവ്യം നിർവ്വഹിക്കുന്നതിനും ആയിട്ടാണു് അവരുടെ മൗലികാവകാശങ്ങളിൽ പരിമിതി ഏർപ്പെടുത്തുന്നതും ചിലപ്പോൾ എടുത്തുകളയുന്നതും. ഇതു ചെയ്യുന്നതിനു് പാർലിമെന്റിനു നിയമനിർമ്മാണംകൊണ്ടു മാത്രമേ സാധിക്കൂ.[1] നിലവിലിരിക്കുന്ന പല നിയമങ്ങളും ഈ വ്യവസ്ഥമൂലം സാധുവായി തുടരുന്നു.[2] ഏതെങ്കിലും പ്രദേശങ്ങളിൽ പട്ടാളനിയമം ഊർജ്ജിതത്തിലിരിക്കുമ്പോൾ കേന്ദ്രത്തിൻേറയോ സംസ്ഥാനങ്ങളുടേയോ ഉദ്യോഗത്തിൽ ഇരിക്കുന്ന ഒരാൾ ചെയ്യുന്ന പ്രവൃത്തിക്കു്, അയാൾക്കു നഷ്ടപരിഹാരം വേണ്ടിവന്നാൽ അതു നൽകുന്നതിലേക്കു് നിയമനിർമ്മാണം നിർവഹിക്കുവാൻ പാർലിമെന്റിനു സാധിക്കും. അക്കാലത്തു് എടുത്തിട്ടുള്ള നടപടികൾ നിയമപരമാക്കുന്നതിനും ആ നിയമത്തിനു കഴിയും. അങ്ങിനെ നീതീകരിക്കാതിരുന്നാൽ അത്തരം നടപടികൾ നിയമരഹിതങ്ങളായി സാധാരണ നിയമത്തിൽ തുടരുന്നതായിരിക്കുമല്ലോ. ഭാരതത്തിനുള്ളിൽ സമാധാനം പാലിക്കുന്നതിനും മററും ഉള്ള ശ്രമത്തിൽപെടുന്ന നടപടികളെ മാത്രമേ മുകളിൽ പറഞ്ഞ വ്യവസ്ഥകൾ ബാധിക്കുകയുള്ളു.[3]

---

1. Article 33
2. The Indian Army Act; Indian Air Force Act, The Indian Navy (Discipline) Act etc.
3. Article 34.

അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്ന കാലത്ത് മൗലികാവകാശങ്ങൾ ഒരു ഉത്തരവുമൂലം തടഞ്ഞുവയ്ക്കുന്നതിന് രാഷ്ട്രപതിക്ക് അധികാരമുണ്ട്.[1] ആഭ്യന്തരാസ്വാസ്ഥ്യങ്ങൾകൊണ്ടോ ബാഹ്യമായ ആക്രമണംകൊണ്ടോ സംജാതമാകുന്ന ദുർഘടസന്ധികൾ ശരിയായവിധം നേരിടുന്നതിലേക്കു ശക്തിയുള്ള നടപടികൾ സ്വീകരിക്കാനായിട്ടാണ് പ്രത്യേകമായ അടിയന്തിരാധികാരങ്ങൾ വ്യവസ്ഥചെയ്തിരിക്കുന്നത്.

നിയമനിർമ്മാണത്തിലും, ഔദ്യോഗിക കർത്തവ്യനിർവ്വഹണത്തിലും, ചില സംഗതികളിൽ നീതിന്യായപരിപാലനത്തിലും നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണങ്ങളാണ് ഒരുതരത്തിൽ പറഞ്ഞാൽ ഈ മൗലികാവകാശങ്ങൾ.[2] ഒരു ഭരണഘടനാനിയമപണ്ഡിതൻെറ അഭിപ്രായത്തിൽ നമ്മുടെ ഭരണഘടന, മൗലികാവകാശങ്ങൾ സൃഷ്ടിക്കുന്നില്ല; മൗലികമായ സ്വാതന്ത്ര്യങ്ങളെ സംരക്ഷിക്കുന്നതേയുള്ളു.[3] വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യനിയന്ത്രണങ്ങളും സമനിലയിൽ നിലനില്ക്കുന്നതിനുതകുന്ന ഒരു മദ്ധ്യമാർഗ്ഗം അവലംബിക്കുന്നതിനു ശ്രമിക്കുകയാണ് ജനങ്ങളുടെ ഈ അവകാശപ്രഖ്യാപനംകൊണ്ട് ഭരണഘടന ചെയ്യുന്നത്.[4] ഏതു ഭരണഘടനയിലും ഉൾക്കൊള്ളുന്ന മൗലികാവകാശപ്രഖ്യാപനത്തെക്കാൾ കൂടുതൽ വിശാലമായതാണ് ഭാരതത്തിൻെറ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നു വിസ്മരിച്ചുകൂടാ.

മൗലികാവകാശപ്രഖ്യാപനത്തെക്കുറിച്ചു ഭിന്നാഭിപ്രായങ്ങൾ ഇല്ലാതില്ല. ഇത് ആവശ്യമില്ലാത്ത ആഡംബര

---

1. Article 358; 359.
2. 1952 Madras 613.
3. Jennings.
4. Gopalan *Vs* State of Madras, 1950 Supreme Court 27.

മാണെന്നും നിയമനിർമ്മാണാധികാരത്തെ ക്രമത്തിലധികം നിയന്ത്രിക്കുകയാണു് ഇവ ചെയ്യുന്നതെന്നും ഒരുപക്ഷമുണ്ടു്. ഇതിനുദാഹരണമായി ഇംഗ്ലണ്ടിലെ ഭരണരീതിയെയാണു് ചൂണ്ടിക്കാണിക്കുന്നതു്. അവിടെ എഴുതിയുണ്ടാക്കിയിട്ടുള്ള ഒരു ഭരണഘടനയില്ല. പാർലിമെന്റിന്റെ നിയമനിർമ്മാണാധികാരത്തെ ഒരു തരത്തിലും പരിമിതപ്പെടുത്താനും അവിടെ തുനിഞ്ഞിട്ടില്ല. അതു പാസ്സാക്കുന്ന നിയമങ്ങൾ അസാധുവാണെന്നോ ഏതെങ്കിലും മൗലികാവകാശങ്ങൾക്കു വിരുദ്ധമാണെന്നോ വിധികല്പിക്കുവാൻ ഇംഗ്ലണ്ടിലെ കോടതികൾക്കു് അധികാരവും ഇല്ല. എങ്കിലും അവിടുത്തെ ജനതയുടെ പൗരാവകാശങ്ങൾ ഏററവും സുരക്ഷിതമായി പരിലസിക്കുന്നു. എന്നാൽ ഇംഗ്ലണ്ടിലെ സ്ഥിതിയാണോ എല്ലാ രാജ്യങ്ങളിലും ഉള്ളതു്? ന്യൂനപക്ഷങ്ങൾ ധാരാളം ഉള്ള ഒരു രാജ്യത്തു് മൗലികാവകാശപ്രഖ്യാപനം ഏററവും അത്യാവശ്യമാണെന്നും അതിനു് ഭരണഘടനയിൽ സുപ്രധാനസ്ഥാനമുണ്ടെന്നും വാദിക്കുന്നവർ വളരെ ഉണ്ടു്. മനുഷ്യന്റെ പ്രാഥമികവും മൗലികവും ആയ അവകാശങ്ങളെങ്കിലും സുസ്ഥിരവും സുരക്ഷിതവും ആയിരിക്കണമെന്നും അവ ഒരിക്കലും ഭൂരിപക്ഷത്തിന്റെ താല്ക്കാലികമായ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയമാക്കുവാൻ പാടില്ലെന്നും ആണു് ഇവരുടെ ചിന്താഗതി.

സമത്വത്തിനുള്ള അവകാശം

ഭരണകൂടത്തിന്റെ അടിത്തറയായി ഭരണഘടന അംഗീകരിച്ചിരിക്കുന്നതു് പൗരന്മാർക്കുള്ള സമത്വത്തെയാണു്. ഭാരതത്തിനകത്തു് നിയമത്തിന്റെ മുമ്പിൽ സമത്വമോ നിയമങ്ങളുടെ തുല്യമായ രക്ഷയോ സ്റ്റേററു് നിഷേധിക്കുവാൻപാടില്ലാത്തതാകുന്നു.[1] മതത്തിന്റെയോ ജാതിയുടെയോ വർഗ്ഗത്തി

1. **Article: 14.**

ൻേറയോ ലിംഗത്തിൻേറയോ ജനനസ്ഥലത്തിൻേറയോ കാരണത്താൽ പൗരന്മാർ തമ്മിൽ വിവേചനം കാണിച്ചുകൂടാ. ഷാപ്പുകളോ, ഹോട്ടലുകളോ, പൊതുവിനോദസ്ഥലങ്ങളോ ഉപയോഗപ്പെടുത്തുവാൻ ഏതൊരുത്തനും മററുള്ളവർക്കൊപ്പം അവകാശമുണ്ട്. മുഴുവനുമോ കുറച്ചോ സക്കാർ മുതൽകൊണ്ടു സംരക്ഷിക്കപ്പെടുന്നതോ, പൊതുജനോപയോഗത്തിനായി സമർപ്പിക്കപ്പെട്ടതോ ആയ കിണർ, കുളം, സ്നാനഘട്ടങ്ങൾ, നിരത്തുകൾ, പൊതുവിശ്രമസങ്കേതങ്ങൾ തുടങ്ങിയവ എല്ലാവക്കും ഒരുപോലെ പ്രയോജനപ്പെടുത്താം. ഇവ ഉപയോഗിക്കുന്നതിനു് യോഗ്യതക്കുറവോ, നിയന്ത്രണമോ വ്യവസ്ഥകളോ ഒരാളുടെമേലും ചുമത്താവുന്നതല്ല.[1] സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രത്യേകമായ വ്യവസ്ഥകൾ ചെയ്യുന്നതിനു് ഇവയൊന്നും തടസ്സമായിത്തീരുകയുമില്ല. ഭരണഘടനയുടെ ഒന്നാംഭേദഗതിമൂലം, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിൽപെട്ട പൗരന്മാരുടെയോ പട്ടികജാതിക്കാരുടെയോ പട്ടികവർഗ്ഗക്കാരുടെയോ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രത്യേക നിബന്ധനകൾ നിർമ്മിക്കുന്നതിനും സ്റ്റേററിനു കഴിവുണ്ട്.[2]

നിയമത്തിൻേറ മുമ്പിലെ സമത്വംകൊണ്ടു് എന്താണു് അർത്ഥമാക്കുന്നതു്? തുല്യന്മാരിൽ നിയമം സമമായും തുല്യമായും പ്രയോഗിക്കുക; അഥവാ എല്ലാവരേയും ഒരുപോലെ നിയമകാര്യങ്ങൾക്കു പരിഗണിക്കുക എന്നുതന്നെ.[3] ജനനമോ വിശ്വാസമോ മറെറന്തെങ്കിലുമോ അടിസ്ഥാനമാക്കി ഒരാളിനും ആനുകൂല്യമൊന്നും അനുവദിക്കപ്പെടുന്നില്ല.[4] വർഗ്ഗമോ മതമോ

1. Article: 15.
2. Constitution (First Amendment) Act 1951.
3. Jennings—Law of the Constitution.
4. Diecey—Law of the Constitution.

ധനസ്ഥിതിയോ സമുദായത്തിലെ നിലയോ രാഷ്ട്രീയസ്വാധീനമോ ഗണ്യമാക്കാതെ, ഏതൊരുത്തനും കുററത്തിനു കേസ്സു കൊടുക്കാനും, കേസ്സിനു വിധേയനായിത്തീരാനും, പ്രോസിക്യൂട്ടു ചെയ്യാനും ചെയ്യപ്പെടാനും, ഒരേ നടപടിക്രമങ്ങൾ എല്ലാവക്കും ഒരുപോലെ ബാധകമാക്കിത്തീക്കാനും ഉള്ള അവകാശം ഇവിടെ അംഗീകരിക്കപ്പെട്ടുകയാണെന്നു പറയാം. എല്ലാ പൗരന്മാക്കും ഒരേ നിയമങ്ങളും ഒരേ കോടതികളും ആണുള്ളതു്. നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചു് ഭരണഘടനയുടെ അധികാരപരിധിയിൽ കഴിയുന്ന ഏതൊരാളിനും നിയമത്തിൻെറ മുമ്പിൽ സമത്വവും നിയമപ്രകാരം തുല്യമായ സംരക്ഷണവും ഉണ്ടായിരിക്കും. എന്നാൽ എല്ലാ രാജ്യങ്ങളും ചെയ്യുന്നതുപോലെ ഈ അവകാശത്തിനു് ചില വ്യത്യസ്തതകൾ നമ്മുടെ രാജ്യവും അംഗീകരിച്ചിട്ടുണ്ടു്.[1] ഇവയിൽ ചിലതു് രാജ്യങ്ങൾ തമ്മിലുള്ള ആചാരമര്യാദകളെയും, മററു ചിലതു് രാഷ്ട്രീയമായ കാരണങ്ങളെയും ആസ്പദമാക്കി ഏർപ്പെടുത്തിയിട്ടുള്ളതാണു്.

ഔദ്യോഗികകത്തവ്യങ്ങൾ നിറവേററുന്ന ഉദ്യോഗസ്ഥന്മാക്കു് ചില പ്രത്യേകാവകാശാധികാരങ്ങൾ ഉണ്ടായിരുന്നേ മതിയാവൂ. നമ്മുടെ ഭരണഘടന അതു് അംഗീകരിച്ചിട്ടുണ്ടു്. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ഭരണത്തലവന്മാരും ഉദ്യോഗസ്ഥന്മാരും മററും ആണു് ഇതിൽ പെടുന്നതു്.[2] രാഷ്ട്രപതിയോ, ഗവണ്ണരോ, അവരുടെ ഔദ്യോഗികമായ അധികാരങ്ങളും കത്തവ്യങ്ങളും നടത്തുന്നതിൽനിന്നു് ഉണ്ടായേക്കാവുന്ന ഏതെങ്കിലും കാര്യത്തിനു് കോടതിയിൽ ഉത്തരം പറയേണ്ടിവരുന്നതല്ല. അവക്കെതിരായി നീതിന്യായ

1. Wade & Phillips – Constitutional Law.

2. Article: 361.

നടപടികൾ നടത്തുന്നതിനു് നിർദ്ദിഷ്ടമായ നടപടിക്രമം അനുസരിക്കേണ്ടതുമാണു്. രാഷ്ട്രപതിയുടെയോ ഗവർണ്ണറുടെയോ പേരിൽ അവർ ഉദ്യോഗത്തിൽ തുടരുന്നിടത്തോളംകാലം ഒരു കോടതിയിലും ഒരു ക്രിമിനൽ നടപടിയും ആരംഭിക്കുകയോ തുടർന്നു നടത്തുകയോ ചെയ്യാൻ പാടില്ല. അതുപോലെ അവരെ അറസ്റ്റുചെയ്യുന്നതിനോ തടവിൽ സൂക്ഷിക്കുന്നതിനോ സാധിക്കുന്നതുമല്ല.

അന്തർദ്ദേശീയ നിയമങ്ങളെയും ആചാരമര്യാദകളെയും അടിസ്ഥാനപ്പെടുത്തി ചില വ്യത്യസ്തതകൾകൂടി ഉണ്ടെന്നുള്ളതു് വിസ്മരിച്ചുകൂടാ. നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ളതിൽ ചിലതു സൂചിപ്പിച്ചുകൊള്ളട്ടെ. ഇതു് മററുരാജ്യങ്ങളുമായി ന്യായവും അഭിമാനകരവും ആയ ബന്ധം പാലിക്കാനും അന്താരാഷ്ട്രീയനിയമങ്ങളെയും ഉടമ്പടികളെയും ബഹുമാനിക്കുന്നതിനും വേണ്ടിയാണു ചെയ്തിരിക്കുന്നതു്.[1] ഒരു സ്വതന്ത്രരാജ്യത്തിലെ ഭരണമേധാവി മറെറാരു രാജ്യത്തു് എത്തുമ്പോൾ, സ്വന്തം രാജ്യത്തിലുള്ള സകല നിർബാധതകളും, അവിടെ സിദ്ധിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ മേൽ കോടതികൾക്കു് ഒരു നീതിന്യായപരിപാലനാധികാരവും ഉണ്ടായിരിക്കുന്നതല്ല. സ്ഥാനപതികൾ, മററു രാജ്യങ്ങളിൽ നിന്നു വന്നിട്ടുള്ള പ്രതിനിധികളാണു്. അതിനാൽ അവർ പ്രതിനിധീകരിക്കുന്ന ഭരണാധികാരിക്കുള്ള നിർബ്ബാധതകൾ, അവക്കു സ്വമേധയാ സിദ്ധിക്കുന്നു. ശത്രുതയിൽ കഴിഞ്ഞുകൂടുന്ന രാജ്യത്തിലെ പ്രജകളെ ഇവിടെ വിസ്തരിക്കുന്നതിനു്, സാധാരണ കുറ്റങ്ങൾക്കാണെങ്കിൽ, സാധാരണ കോടതികൾ മതിയാകും. എന്നാൽ യുദ്ധസംബന്ധമായ കുററങ്ങളായിരുന്നാൽ സൈനികനിയമത്തിനു വിധേയമായിട്ടു വേണം അതു ചെയ്യാൻ.

---

1. Article: 51.

വിഭാഗം തിരിച്ചുള്ള നിയമനിർമ്മാണം തടയുവാനാണു് ഭരണഘടന ശ്രമിച്ചിരിക്കുന്നതു്. എന്നാൽ നിയമനിർമ്മാണത്തെ ലക്ഷ്യമാക്കി യുക്തിയുക്തങ്ങളായ തരംതിരിക്കൽ നടത്തിക്കൂടെന്നില്ല. ഉദാഹരണമായി കരാർ നിയമപ്രകാരം (കോൺട്രാക്ട് ആക്ട്) മേജറാകാത്ത ഒരുവനു് കോൺട്രാക്ടിൽ ഉൾപ്പെടുന്നതിനു കഴിവില്ല. ഇവിടെ കക്ഷികളെ തരംതിരിച്ചിരിക്കുന്നതു് വയസ്സിനെ അടിസ്ഥാനമാക്കിയാണു്. ഒന്നു് പ്രായപൂർത്തിയെത്തിയവർ; മറേറതു് പ്രായപൂർത്തിയാകാത്തവർ. ഇതിൽ തരംതിരിക്കൽ യുക്തിയുക്തവും വ്യക്തവുമാണു്. അതിനാൽ ഭരണഘടനപ്രകാരം വിരോധമില്ലാത്തതുതന്നെ.[1]

സ്റ്റേററിന്റെ കീഴിൽ ജോലി ചെയ്യുന്നതിനും ഏതെങ്കിലും ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നതിനും എല്ലാ പൗരന്മാക്കും സന്ദർഭസമത്വം ഉണ്ടായിരിക്കും. മതത്തിന്റെയോ ജാതിയുടെയോ വർഗ്ഗത്തിന്റെയോ ലിംഗത്തിന്റെയോ കുടുംബപാരമ്പര്യത്തിന്റെയോ ജനനസ്ഥലത്തിന്റെയോ താമസസ്ഥലത്തിന്റെയോ കാരണത്താൽ മേല്പറഞ്ഞ കാര്യത്തിനു് ഒരു പൗരനും അയോഗ്യതയും വിവേചനവും ആരും കല്പിച്ചുകൂടാ. അങ്ങിനെ ഗവൺമെൻറുദ്യോഗങ്ങളിൽ ഏതൊരാൾക്കും സന്ദർഭസമത്വം സുനിശ്ചിതമാക്കിയിരിക്കുന്നു.[2] എന്നാൽ കേന്ദ്രനിയമസഭയ്ക്കു് ചില ഉദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം ജനനസ്ഥലം ഒരു പ്രത്യേകയോഗ്യതയായി നിശ്ചയിക്കുന്നതിനും, ചില നിശ്ചിത സ്ഥലങ്ങളിലെ ഉദ്യോഗങ്ങളിൽ പിന്നോക്കസമുദായങ്ങൾക്കു വേണ്ടിടത്തോളം പ്രാതിനിദ്ധ്യമില്ലെന്ന കാരണത്താൽ, അവക്കുവേണ്ടി ചില ഉദ്യോഗങ്ങൾ സംവരണം ചെയ്യുന്നതിനും, ഉള്ള അധികാരങ്ങൾ എടുത്തുകളഞ്ഞിട്ടില്ല.

---

1. 1952 Supreme Court 235.
2. Article 16.

ഹിന്ദുസമുദായത്തിനു പ്രത്യേകിച്ചും ഭാരതത്തിനു പൊതുവെയും ഒരു തീരാക്കളങ്കമെന്നു പരിഗണിച്ചിരുന്ന അയിത്താചരണം ഭരണഘടന നിരോധിച്ചിരിക്കുന്നു. പല ശതാബ്ദങ്ങളായി അധ:പതനത്തിലാണ്ടു് വിമ്മിട്ടപ്പെട്ടുകഴിഞ്ഞിരുന്ന ഏതാണ്ടു് അഞ്ചുകോടി അധ:കൃതരെ, സമുദായമദ്ധ്യത്തിൽ സമന്മാരായി ഉയർത്തുവാൻ കളമൊരുക്കുകയാണു് ഇതുമൂലം ചെയ്തിട്ടുള്ളതു്. അയിത്താചരണം നിറുത്തൽ ചെയ്യുകയും, അതിൻെറ ഏതെങ്കിലും വിധത്തിലുള്ള അനുഷ്ഠാനം നിരോധിക്കുകയും അസ്പൃശ്യതയിൽനിന്നും ഉളവായിട്ടുള്ള ഏതെങ്കിലും യോഗ്യതക്കുറവിനെ ഉൗജ്ജിതപ്പെടുത്തുന്നതു് നിയമപ്രകാരം കുററകരമാക്കുകയുമാണു് ഭരണഘടന ചെയ്യുന്നതു്.[1] തീണ്ടൽ, തൊടീൽ തുടങ്ങിയവ ആചരിക്കുന്നതു് ശിക്ഷാർഹം ആക്കിക്കൊണ്ടു് പാർലിമെൻറു് നിയമം പാസ്സാക്കിയിട്ടുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണു്.[2] പൊതുക്കിണറുകൾ, തെരുവുകൾ, വിദ്യാലയങ്ങൾ, ആരാധനസ്ഥലങ്ങൾ, എന്നിവയിൽനിന്നും അധ:കൃതരെ അകററിനിറുത്തുന്ന ആചാരങ്ങളെല്ലാം അപ്പാടെ അസാധുവായിരിക്കുന്നു. സാമൂഹ്യസമത്വം കൈവരുത്തുന്നതിനു് ഇതു് ഏററവും അത്യാവശ്യമാണല്ലോ. ഹിന്ദുസമുദായത്തെ, ശതാബ്ദങ്ങളായി മലിനപ്പെടുത്തിയിരുന്ന നീചമായ അസമത്വത്തിൽനിന്നു്, ഭരണഘടന രക്ഷിച്ചിരിക്കുന്നു. മഹാത്മാഗാന്ധി ആശിച്ചിരുന്ന സാമുദായിക വിപ്ലവം ഇതുമൂലം നിയമത്തിൻെറ മുദ്ര നൽകി ഭരണഘടന പ്രയോഗത്തിൽ കൊണ്ടുവരുകയാണു ചെയ്തതു്.

സ്ഥാനമാനങ്ങൾ സ്റ്റേറു് ആക്കും നൽകുന്നതല്ല.[3] എന്നാൽ സൈനികമോ വിദ്യാഭ്യാസപരമോ ആയ ബഹുമതി

1. Article: 17.
2. The Untouchability (Offences) Act 1955.
3. Article: 18.

ഇതിൽ പെടുന്നില്ല. അവയിലുള്ള പ്രശസ്തനേട്ടങ്ങൾക്ക് ബഹു മതി നൽകുന്നതിന് നിരോധനം കല്പിച്ചിട്ടില്ല. ഭാരതീയ നായ യാതൊരാൾക്കും ഏതെങ്കിലും വിദേശരാജ്യത്തുനിന്ന് സ്ഥാനമാനങ്ങൾ സ്വീകരിച്ചുകൂടാ. അതുപോലെ ഭാരതീയന ല്ലാത്ത ഒരാൾ, ഭാരതസർക്കാരിൻെറ കീഴിൽ ശമ്പളം പററുന്ന ജോലിയിൽ ഏപ്പെട്ടിരിക്കുമ്പോൾ, രാഷ്ട്രപതിയുടെ അനുമതികൂടാതെ വിദേശഗവമെൻറിൽ നിന്ന് അവ സ്വീക രിക്കാൻ പാടില്ല. ഗവമെൻറിൻെറ കീഴിൽ ആദായകരമായ ഉദ്യോഗം വഹിക്കുന്ന ഒരാൾ രാഷ്ട്രപതിയുടെ അനുവാദം കൂടാതെ വിദേശഗവമെൻറിൽനിന്ന് പാരിതോഷികമോ, ശമ്പളമോ, ഉദ്യോഗമോ സ്വീകരിക്കരുത്.[1] ഇപ്പറഞ്ഞ നിരോധനങ്ങൾ വാസ്തവത്തിൽ അവകാശങ്ങളല്ലെന്നും, അവ ഭരണനിർവ്വഹണവകുപ്പിൻെറയും നിയമനിർമ്മാണവകുപ്പി ൻെറയും അധികാരത്തിന്മേലുള്ള നിയന്ത്രണങ്ങൾ മാത്രമാ ണെന്നും ഒരഭിപ്രായഗതിയുണ്ട്. അതു് എങ്ങനെ ആയിരു ന്നാലും ഒരു സംഗതി സ്പഷ്ടമാണ്. സ്ഥാനമാനങ്ങളിൽ പററി പ്പിടിച്ചു നില്ക്കുന്ന ബഹുമാന്യവർഗ്ഗത്തെ സൃഷ്ടിക്കാതിരി ക്കാൻ ഇവയ്ക്കു കഴിയുമെന്നുള്ളതു തീർച്ചതന്നെ.

സ്വാതന്ത്ര്യത്തിനുള്ള അവകാശം

മൗലികാവകാശങ്ങളിൽ അതിരററ പ്രാധാന്യമാണ് സ്വാതന്ത്ര്യത്തിനുള്ളതു്. നമ്മുടെ ഭരണഘടനയിൽ സപ്ത സ്വാതന്ത്ര്യങ്ങൾ പ്രഖ്യാപിച്ച് ഉറപ്പുചെയ്തിരിക്കുന്നു. എല്ലാ വക്കും ഇവ അനുഭവിക്കാവുന്നതാണ്. സപ്തസ്വാതന്ത്ര്യ ങ്ങൾ താഴെ പറയുന്നവയാണ്:—(1) അഭിപ്രായപ്രകടന സ്വാതന്ത്ര്യം. (2) സമ്മേളന സ്വാതന്ത്ര്യം. (3) സംഘടനാ

---

1 Article 18.

2. Jennings-Some Characteristics of Indian Constitution.

സ്വാതന്ത്ര്യം. (4) സഞ്ചാര സ്വാതന്ത്ര്യം. (5) കുടിപാർപ്പു സ്വാതന്ത്ര്യം. (6) വസ്തുസമ്പാദനസ്വാതന്ത്ര്യം. (7) തൊഴിൽ സ്വാതന്ത്ര്യം.[1] മററു ഭരണഘടനകളിലെക്കാൾ കൂടുതൽ സമഗ്രമായിട്ടുണ്ടു് നമ്മുടെ ഭരണഘടനയിലെ ഈ അവകാശങ്ങളെന്നു പ്രത്യേകിച്ചു പറയേണ്ടിയിരിക്കുന്നു.

മുകളിൽ പറഞ്ഞ അവകാശങ്ങൾക്കെല്ലാം ചില പരിമിതികളും വ്യവസ്ഥചെയ്തിരിക്കുന്നു. ഇങ്ങനെ അവകാശങ്ങളിലോരോന്നിൻെറയും ചുററും മുള്ളുവേലികെട്ടി അതിൻെറ അർത്ഥവും വ്യാപ്തിയും പരിമിതപ്പെടുത്തിയിട്ടുള്ളതു് ആക്ഷേപകരമാണെന്നു് ഒരുപക്ഷമുണ്ടു്. വലത്തുകൈകൊണ്ടു കൊടുത്തതു് ഇടത്തുകൈകൊണ്ടു് എടുത്തുകളയുന്നതിനു തുല്യമാണു് ഈ നിയന്ത്രണങ്ങൾ എന്നു് അവർ വാദിക്കുന്നു. എന്നാൽ ഒരു സംഗതി നാം വിസ്മരിക്കരുതു്. സ്വാതന്ത്ര്യത്തിനുള്ള അവകാശം ഓരോ പൗരനും ഉണ്ടായിരിക്കുമെന്നുള്ള വ്യവസ്ഥതന്നെ നോക്കുക. ഈ സ്വാതന്ത്ര്യത്തിന്റെ സീമ എന്തു്? പരിധിയില്ലാത്ത, അനിയന്ത്രിതമായ സ്വാതന്ത്ര്യമാണു് ഇതിൽ ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതു നിശ്ചയമായും ആപൽകരമായിത്തീരും. വേണ്ട രക്ഷാവ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയില്ലെങ്കിൽ ഈ പ്രഖ്യാപനങ്ങൾ സ്റ്റേററിനും വ്യക്തികൾക്കും ദോഷം കൈവരുത്താതിരിക്കുകയില്ല. അതിനാൽ അവകാശങ്ങൾ അനുഭവിക്കുന്നതു് യുക്തിയുക്തങ്ങളായ പരിമിതികൾക്കു വിധേയമായിട്ടായിരിക്കും. അവയ്ക്കു വിധേയമായി കോടതികൾ കണിശമായും ഊർജ്ജിതമായും അവകാശങ്ങൾ സംരക്ഷിക്കുന്നതാണു്. പരിമിതിയാണു് ഫലപ്രദമായ അനുഭവത്തിൻെറ നിദാനമെന്നു മറന്നുകൂടാ. അതിനാൽ സമുദായത്തിൻെറ ഉത്തമതാല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ പരിമിതികളാൽ സ്വാതന്ത്ര്യം എപ്പോഴും നിയന്ത്രിതമാണു്.

---

1 Article 19 (1)

അഭിപ്രായപ്രകടനസ്വാതന്ത്ര്യം

അവനവന്റെ വിശ്വാസങ്ങളെയും അഭിപ്രായങ്ങളെയും സ്വതന്ത്രമായി അന്യരെ അറിയിക്കാനുള്ള സ്വാതന്ത്ര്യമാണ് അഭിപ്രായപ്രകടനസ്വാതന്ത്ര്യം. അതു് നേരിട്ടുള്ള സംഭാഷണമോ, എഴുത്തോ, അച്ചടിയോ, ചിത്രമോ മൂലം ആകാം. പത്രപ്രവർത്തനം മാത്രമല്ല മററു പ്രചാരണരീതികളും ഇതിൽ ഉൾപ്പെടും. ആശയപ്രകടനത്തിൽ പ്രചാരണവും പ്രകൃത്യാ ഉണ്ടായിരിക്കുമല്ലോ. എന്തുകൊണ്ടെന്നാൽ ആശയം ഉണ്ടായാൽ അതു പ്രചരിക്കാതെ ഫലമൊന്നും ഇല്ല. ഭരണഘടനയുടെ ഒന്നാമത്തെ ഭേദഗതിമൂലം അഭിപ്രായപ്രകടനസ്വാതന്ത്ര്യം അനുഭവിക്കുന്നതിനു് ചില ഉപാധികൾ വ്യക്തമാക്കിയിട്ടുണ്ടു്. സ്റ്റേറ്റിന്റെ ഭദ്രത, രാജ്യരക്ഷ, വിദേശരാജ്യങ്ങളുമായുള്ള ബന്ധം, പൊതുസമാധാനം തുടങ്ങിയവയ്ക്കു് ഹാനിയുണ്ടാക്കാനോ, കോട്ട്ലക്ഷ്യം, മാനനഷ്ടം, കുററംചെയ്യുന്നതിനുള്ള പ്രേരണ തുടങ്ങിയവയ്ക്കു് സഹായകമാകുവാനോ ഇടയുള്ള കാര്യങ്ങളിൽ അഭിപ്രായപ്രകടനസ്വാതന്ത്ര്യം കുറവുചെയ്യുന്നതിനു് സ്റ്റേറ്റിനു കഴിവുണ്ടു്. അതു ലക്ഷ്യമാക്കിയുള്ള നിയമങ്ങൾ സാധുവായി തുടരുകയും ചെയ്യും. മേല്പറഞ്ഞ പരിമിതികൾക്കു ശക്തി നൽകുന്ന നിയന്ത്രണങ്ങൾ ഉണ്ടാക്കാൻ നിയമസഭകൾക്കു് അധികാരം നല്കിയിരിക്കുന്നു. വിദേശരാജ്യങ്ങളുമായുള്ള ബന്ധത്തെ വിപരീതമായി ബാധിച്ചേക്കാനിടയുള്ള പ്രവൃത്തികളിൽനിന്നു് വ്യക്തികളെ തടയുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഭാരതത്തിന്റെ ഭരണഘടനയിൽ മാത്രമേയുള്ളു.[1] വിദേശങ്ങളിലെ ഉന്നതസ്ഥാനികന്മാരെ അവമാനിക്കുന്നവരെ ശിക്ഷിക്കുന്നതിനു വേറെ നിയമവും ഉണ്ടു്.[2] പൊതുസമാധാനവ്യവസ്ഥ

---

1. Constitution (First Amendment) Act. 1951—Section-3.
2. Foreign Relations Act (XII of 1932)

യ്ക്കു് (പൊതുവായ അച്ചടക്കത്തിനു്) വളരെ വിപുലമായ അർത്ഥമാണുള്ളതു്. നിയമരഹിതമായ സമ്മേളനം, ലഹള, ശണ്ഠ, വർഗ്ഗങ്ങൾ തമ്മിലുള്ള ശത്രുത തുടങ്ങിയവ പൊതുശാന്തിയെ അപകടത്തിലാക്കുന്നു. അതിനാൽ അവ പൊതുസമാധാന വ്യവസ്ഥയ്ക്കു വിഘാതം ഉണ്ടാക്കും.[1] ഭാരതവുമായി ശത്രുതയിൽ വർത്തിക്കുന്ന വിദേശരാജ്യങ്ങൾക്കനുകൂലമായി ഇവിടെ പ്രചാരവേല ചെയ്യുന്നതു തടയാൻ ഗവണ്മെന്റിനു കർത്തവ്യമുണ്ടു്.[2]

പൊതുശാന്തിയും സമാധാനവും ഭഞ്ജിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു്, സർക്കാരിനു് അധികാരം നൽകുന്ന പല നിയമങ്ങളും നിലവിലുണ്ടു്.[3]

സാന്മാർഗ്ഗികതയ്ക്കോ മാന്യതയ്ക്കോ ഉടവുവരുത്തിയേക്കാവുന്ന സംഗതികൾ തടയുന്നതിനും അഭിപ്രായപ്രകടന സ്വാതന്ത്ര്യം പരിമിതപ്പെടുത്താം. അശ്ലീലപ്രസിദ്ധീകരണങ്ങളും മററും പൊതുജനമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനെ യഥാസമയം നിരോധിക്കുന്നതിനു് ഈ അധികാരം ഒഴിച്ചുകൂടാവുന്നതല്ല. നിലവിലിരിക്കുന്ന പല നിയമങ്ങളും ഇതിനു സഹായകമാണു്.

കോർട്ടലക്ഷ്യത്തിനു പ്രേരകമായ പരിതസ്ഥിതികൾ സംജാതമാകുന്നതു തടയുന്നതിനുവേണ്ടി അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ കുറവു ചെയ്യുവാൻ സാധിക്കുമെന്നു് മുമ്പു

---

1. Indian Penal Code Chapter-VIII.
2 R-*Vs* Amir Hussan 1949 FLJ 137.
3. The Indian Press (Emergency Powers) Act 1931; The Indian Telegraph & Post Office Act 1898 The Indian Penal Code-1860; The Police (Incitement to Disaffection) Act 1922; Security and Public Safety Acts; Cinematograph Act 1918. etc.

സൂചിപ്പിച്ചല്ലോ. കോടതിയെ പുലഭ്യം പറയുന്നതുകൊണ്ടോ, കോടതിയിൽ കക്ഷികളായിരിക്കുന്നവരെ ചീത്ത പറയുന്നതു കൊണ്ടോ, കോടതിയിൽ വിചാരണയ്ക്കുവരുന്ന കേസിലെ കക്ഷികളെ സംബന്ധിച്ചു് പക്ഷപാതപരമായ അഭിപ്രായം നേരത്തെ പ്രചരിപ്പിക്കുന്നതുകൊണ്ടോ കോർട്ടലക്ഷ്യം ഉണ്ടാകാം. സുപ്രീംകോടതിയ്ക്കും ഹൈക്കോടതികൾക്കും കോർട്ടലക്ഷ്യത്തിന് ശിക്ഷിക്കുന്നതിനുള്ള അധികാരം സ്വായത്തമായിട്ടുണ്ടു്.[1] അതു പോലെ ക്രിമിനൽ പ്രൊസീഡിയറിലും, പീനൽകോഡിലും വ്യവസ്ഥകൾ കാണാം.

ഒരാളുടെ അഭിപ്രായപ്രകടനംമൂലം അന്യൎക്കു് അപകീൎത്തിയുണ്ടാകാൻ ഇടയായിക്കൂടാ. അതു കുററകരമാണു്. പീനൽകോഡനുസരിച്ച് അതിനു ശിക്ഷിക്കാം. അത്തരത്തിലുള്ള കുററം ചെയ്യുന്നതു തടയുന്നതിലേക്കു വേണ്ട നിയമനിൎമ്മാണം ചെയ്യുന്നതിന് സ്റ്റേററിനു തടസ്സമൊന്നുമില്ല.

കുററംചെയ്യുന്നതിനു പ്രേരിപ്പിക്കുകയോ ഉത്സാഹിപ്പിക്കുകയോ ചെയ്യുന്നതു തടയേണ്ടതു് അത്യാവശ്യമാണല്ലോ. ഇതിലേക്കു് ആവശ്യമായ വ്യവസ്ഥകളും ഭരണഘടനയുടെ ഒന്നാംഭേദഗതി മൂലം ചെയ്തിരിക്കുന്നു.[2]

സമ്മേളനത്തിനുള്ള സ്വാതന്ത്ര്യം

റിപ്പബ്ലിക്കൻ രീതിയിലുള്ള ജനായത്തഭരണത്തിന്റെ അടിസ്ഥാനമായ ആശയത്തിൽതന്നെ, അവിടത്തെ ജനങ്ങൾക്കു് സമാധാനപൂൎവ്വം സമ്മേളിച്ചു പൊതുനന്മയെ ലാക്കാക്കി പൊതുക്കാൎയ്യങ്ങളെക്കുറിച്ചു ചൎച്ച ചെയ്യുവാനുള്ള

1. Contempt of Courts Act (XII) 1926 as amended in 1937; Article 129 (Supreme Court.) & Article: 215 (High Court)
2. Constitution (First Amendment) Act 1951.

അവകാശം അടങ്ങിയിരിക്കുന്നു. നമ്മുടെ ഭരണഘടനയിൽ ഇതു് സുസ്പഷ്ടമാക്കിയിട്ടുണ്ടു്. എന്നാൽ ഈ സ്വാതന്ത്ര്യം അനുഭവിക്കുന്നതു് ചില വ്യവസ്ഥകൾക്കു വിധേയമായിട്ടായിരിക്കണം. അവ—സമ്മേളിക്കുന്നതു് സമാധാനമായും സമാധാനോദ്ദേശത്തോടുകൂടിയും ആയിരിക്കണം; ആളുകൾ ആയുധധാരികളായിരിക്കരുതു്; അവർ പൊതുസമാധാനപരിപാലനത്തിനുവേണ്ടി സ്റ്റേറ്റു് ഏർപ്പെടുത്തുന്ന യുക്തിയുക്തങ്ങളായ നിയന്ത്രണങ്ങൾക്കു വിധേയരായി പെരുമാറണം. വ്യക്തികൾക്കു് ഉറപ്പുചെയ്തിരിക്കുന്ന സമ്മേളനസ്വാതന്ത്ര്യം, സമാധാനപരിപാലനത്തിനു് ആവശ്യമായ പരിധികൾ ഏർപ്പെടുത്തുന്നതിനുള്ള സ്റ്റേറ്റിൻെറ അധികാരത്തെ കുറവുചെയ്യുന്നില്ല. അതിനു് നിലവിലിരിക്കുന്ന നിയമങ്ങളെ അതു ബാധിക്കുകയില്ല; മേലിൽ വേണ്ട നിയമനിർമ്മാണം നടത്താനും തടസ്സമായിത്തീരുകയുമില്ല. സമാധാനപരമായി പൊതുയോഗം കൂടാനും ഘോഷയാത്ര നടത്താനും ഉള്ള അവകാശം നമ്മുടെ ഭരണഘടനയിൽ പ്രത്യേകിച്ചു് എടുത്തുപറഞ്ഞിട്ടില്ല. മററു ചില ഭരണഘടനകളിൽ അങ്ങിനെ കാണാം.[1] അതിനു കാരണം സമ്മേളനസ്വാതന്ത്ര്യത്തിൽ തന്നെ അവ ഉൾപ്പെട്ടിരിക്കുന്നതായിരിക്കണം.[2]

കാഷ്മീറിനെ സംബന്ധിച്ചിടത്തോളം ഒരു സംഗതി ഇവിടെ പ്രത്യേകിച്ചു് ഓർമ്മിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തിൻെറ ഭദ്രതയെ ലാക്കാക്കി, യോഗംചേരുന്നതിനുള്ള സ്വാതന്ത്ര്യത്തിൻമേൽ നിയന്ത്രണങ്ങൾ വയ്ക്കുവാൻ അവിടെ സക്കാരിനു് അധികാരം നല്കിയിട്ടുണ്ടു്.

സമാധാനഭംഗം ഉണ്ടായേക്കാനിടയുണ്ടെന്നു ബോദ്ധ്യമായാൽ, സമാധാനപരമായ ഒരു പൊതുയോഗത്തെയോ, നിയമ

---

1. Constitution of U. S. S R.—Article: 125.
2. Chalmers and Hood Philips—Constitutional Law.

രഹിതമായ സമ്മേളനത്തേയോ പിരിച്ചുവിടുന്നതിന്ന് മജി സ്റ്റ്രേട്ടിന്നും പോലീസിന്നും അധികാരം ക്രിമിനൽ പ്രൊസീഡി യർ കോഡ് നല്കിയിട്ടുണ്ട്[1] എന്ന് ഓർമ്മിക്കേണ്ടതാണ്.

സംഘടനകൾ രൂപവൽകരിക്കാനുള്ള സ്വാതന്ത്ര്യം

സമ്മേളിക്കുവാനുള്ള സ്വാതന്ത്ര്യത്തെപ്പോലെ ജനായത്ത ഭരണത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത മറ്റൊന്നാണ് സമാജ ങ്ങളോ സംഘങ്ങളോ സംഘടിപ്പിക്കുന്നതിനുള്ള അവകാശം. എന്നാൽ പൊതുസമാധാനത്തിന്റെയും സദാചാരത്തിന്റെയും താല്പര്യത്തെ ലാക്കാക്കി ഇതിൽ ന്യായമായ പരിധികൾ ഏർപ്പെ ടുത്തുന്നതിന്ന് സ്റ്റേറ്റിന്ന് സാധിക്കും. നിലവിലിരിക്കുന്ന നിയ മങ്ങൾ അതിന്ന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണെങ്കിൽ അവ സാധുവായി തുടരുകയുംചെയ്യും. പുതിയ നിയമങ്ങൾ നിർമ്മിക്കു ന്നതിന്നും തടസ്സമില്ല. സംഘടനകൾ രൂപവൽക്കരിക്കുന്നതി നുള്ള സ്വാതന്ത്ര്യത്തിൽ കമ്പനികൾ സംഘടിപ്പിക്കുന്ന തിനോ, ട്രേഡ് യൂണിയൻ സംഘടിപ്പിക്കുന്നതിനോ മാത്രമല്ല രാഷ്ട്രീയകക്ഷികളെ സൃഷ്ടിക്കാനും ഉള്ള സ്വാതന്ത്ര്യം അടങ്ങി യിരിക്കുന്നു. സംഘടിപ്പിക്കുവാൻ മാത്രമല്ല അവ പുലർത്തി ക്കൊണ്ടുപോകുന്നതിന്നും അവകാശം ഉണ്ട്. അവ പ്രവർത്തി ക്കുന്നതു് പൊതുജനതാല്പര്യങ്ങളെ ലാക്കാക്കി നിലവിലുള്ള നിയമങ്ങൾക്കു വിധേയമായിട്ടായിരിക്കണം എന്നുമാത്രം. പൊതുതാല്പര്യങ്ങളെ ലാക്കാക്കി നിലവിലിരിക്കുന്ന നിയമ ങ്ങൾ പലതാണ്.[2] സമ്മേളനസ്വാതന്ത്ര്യത്തിലുള്ള നിയന്ത്ര ണംപോലെ, സംഘടനകൾ രൂപവല്ക്കരിക്കുന്നതിലും കാശ്മീർ സംസ്ഥാനത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന്ന് അവി ടത്തെ സർക്കാരിന്ന ശക്തിയുണ്ടായിരിക്കും.

---

1. Code of Criminal Procedure-Section 127.
2. Companies Act 1913; Co-operative Societies Act 1912; Partner Ship Act 1932; Societies Registration Act 1860 etc.

സഞ്ചരിക്കാനും കുടികെട്ടിപ്പാർക്കാനും ഉള്ള സ്വാതന്ത്ര്യങ്ങൾ

സഞ്ചരിക്കാനും കുടികെട്ടി താമസിക്കുവാനും ഉള്ള സ്വാതന്ത്ര്യങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണല്ലൊ. സഞ്ചാരസ്വാതന്ത്ര്യം പൗരാവകാശത്തിൻെറ ഒരംശം തന്നെയെന്നു പറയുന്നതിൽ തെററില്ല. ഭാരതത്തിലാകമാനം തടസ്സം കൂടാതെ സഞ്ചരിക്കാനും, അതിൻെറ ഏതു ഭാഗത്തും കുടിപാർക്കുവാനും ഉള്ള സ്വാതന്ത്ര്യം മൗലികാവകാശങ്ങളിൽ ഉറപ്പു ചെയ്തിരിക്കുന്നു. ഇതു് പൗരാവകാശത്തിനു് കൂടുതൽ സാഫല്യം നൽകുന്ന കാര്യമായി കണക്കാക്കാം. പൗരന്മാർ ഏതു സംസ്ഥാനത്തിൽ ജീവിച്ചാലും വിവേചനത്തിനു വിധേയരായിത്തീരുകയില്ല.

മററു സ്വാതന്ത്ര്യങ്ങളെപ്പോലെ ഇതും സംപൂർണ്ണമായി അനുഭവിക്കാവുന്നതല്ല. പൊതുജനതാല്പര്യത്തെ ലക്ഷ്യമാക്കിയോ, പട്ടികജാതിക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയോ, ആവശ്യമുള്ളിടത്തോളം യുക്തിയുക്തവും ന്യായവും ആയ പരിധികൾ ഏർപ്പെടുത്തുന്നതിനു് സ്റ്റേററിനു കഴിവുണ്ടു്. കാശ്മീർ സംസ്ഥാനത്തിൻെറ ഭദ്രതയെ ലാക്കാക്കി ഈ സ്വാതന്ത്ര്യത്തിൽ യുക്തങ്ങളായ കുറവു വരുത്തുവാൻ വേണ്ട അധികാരം സംസ്ഥാനത്തിനു് ഉറപ്പുചെയ്തിട്ടുണ്ടു്. അതിനാൽ നിലവിലുള്ള നിയമങ്ങൾ അവിടെ തുടന്നു് പ്രാബല്യത്തിലിരിക്കും. ഭാവിയിൽ പുതിയ നിയമങ്ങൾ നിർമ്മിക്കുകയും ചെയ്യാം. സംരക്ഷണമേഖലകളെന്നു പ്രഖ്യാപിച്ചിട്ടുള്ള ഭാരതത്തിലെ പ്രദേശങ്ങളിൽ രാജ്യരക്ഷാപരമായ കാരണങ്ങളാൽ എല്ലാവക്കും സഞ്ചരിക്കുവാൻ അനുവാദവുമില്ല. അതുപോലെ രോഗങ്ങൾ പടന്നു

പിടിക്കാതിരിക്കുന്നതിനു സഹായിക്കുന്നതിനും മററുമായുള്ള നിയന്ത്രണങ്ങളും ഇവിടെ വിസ്മരിച്ചുകൂടാ.[1]

സ്വത്തു സംബന്ധിച്ച സ്വാതന്ത്ര്യം

സ്വത്തു സമ്പാദിക്കാനും കൈവശം വയ്ക്കാനും അനുഭവിക്കാനും കൈമാററം ചെയ്യാനും ഉള്ള സ്വാതന്ത്ര്യം എല്ലാവക്കും അനുവദിച്ചിരിക്കുന്നു. ഇതനുസരിച്ച് ഒരുവന് ഏതു സ്ഥാവരജംഗമസ്വത്തുക്കൾ സമ്പാദിക്കുവാനുമുള്ള അവകാശം ഉണ്ട്. പാരമ്പര്യാവകാശംമൂലമോ, സ്വപ്രയത്നംമൂലമോ അതുപോലെ മററ് നിയമപരമായ മാർഗ്ഗങ്ങൾ വഴിയോ സ്വത്തു സമ്പാദിക്കാം. അതു് അയാളുടെ സ്വന്തമായി അനുഭവിക്കുന്നതിനും തടസ്സമില്ല. പൊതുജനതാല്പൎയ്യങ്ങൾക്കു വേണ്ടിയോ, പട്ടികജാതിക്കാരുടെ താല്പൎയ്യസംരക്ഷണത്തിനായോ ന്യായമായ നിയന്ത്രണങ്ങൾ വയ്ക്കുന്ന നിലവിലുള്ള നിയമങ്ങൾ തുടന്നു് പ്രാബല്യത്തിൽ ഇരിക്കുന്നതാണു്. അത്തരത്തിലുള്ള പുതിയ നിയമങ്ങൾ നിൎമ്മിക്കുവാൻ നിയമസഭകൾക്ക് അധികാരവും നൽകിയിട്ടുണ്ട്. ഒരു മനുഷ്യൻ സ്വന്തം കായികമായ പ്രയത്നംകൊണ്ടോ ബുദ്ധികൊണ്ടോ ഉല്പാദിപ്പിക്കുന്നതോ അയാൾക്ക് ഉടമസ്ഥാവകാശം ഉള്ള ഒന്നു കൊടുത്തു് മറെറാന്നു സ്വീകരിക്കുന്നതോ ദാനരൂപത്തിൽ ലഭ്യമായിട്ടുള്ളതോ ഏതായാലും അവയൊക്കെ അയാൾക്ക് ഉടമസ്ഥാവകാശമുള്ള സ്വത്തുക്കളായി അംഗീകരിക്കപ്പെടുന്നതാണു്.[2] സ്വത്തിൻെറ സമ്പാദനക്കാൎയ്യത്തിൽ ഭരണഘടനയിൽ നിശ്ചയിച്ചിരിക്കുന്ന നിയന്ത്രണങ്ങൾ പൊതുജനതാല്പൎയ്യസംരക്ഷണവും പട്ടികവൎഗ്ഗക്കാരുടെ താല്പൎയ്യസംരക്ഷണങ്ങളും

---

1. Indian Railways Act (IX of 1890)-Section 71.
   The Epidemic Disceases Act (III of 1897) etc.
2. Cooley—Constitutional Law.

ആണെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. കാഷ്മീർ സംസ്ഥാനത്തിൽ ആ സംസ്ഥാനത്തിന്റെ ഭദ്രതയെ ലാക്കാക്കിയുള്ള നിയന്ത്രണവും സ്മരിക്കുമല്ലോ. അതുപോലെ മറെറാരു സംഗതികൂടി വ്യക്തമാക്കേണ്ടതായിരിക്കുന്നു. സ്വകാര്യസമ്പാദ്യങ്ങളുടെ മേൽ ചുമത്താവുന്ന ചില നിയന്ത്രണങ്ങൾ മററു ചില രാജ്യങ്ങളിലെപ്പോലെ ഇവിടെയും അംഗീകരിച്ചിട്ടുണ്ടു്. നികുതിക്കുവേണ്ടി സ്വകാര്യസ്വത്തുക്കളുടെ മേൽ കരം ചുമത്താം. ചില നിയമരഹിതപ്രവൃത്തികൾക്കു ശിക്ഷയായി പിഴയെന്ന നിലയിൽ അവ (സ്വത്തുകൾ) ഈടാക്കിയെടുക്കുകയോ രാജ്യത്തിനെതിരായി ഗൗരവമേറിയ കുററങ്ങൾക്കു പ്രതിവിധിയായി കണ്ടുകെട്ടുകയോ ചെയ്യാവുന്നതാണു്. സ്വകാര്യസ്വത്തുക്കളുടെ അനുഭവത്തിനു ചില നിയന്ത്രണങ്ങൾ സ്വാഭാവികമായുണ്ടു്. മററുള്ളവക്കു് ഉപദ്രവകരമായവിധം സ്വകാര്യസ്വത്തുക്കൾ ആരും അനുഭവിച്ചുകൂടാ. ഉദാഹരണമായി ഒരു വ്യക്തിക്കോ പൊതുജനങ്ങൾക്കു പൊതുവേയോ അനാരോഗ്യം ഉണ്ടാക്കുവാൻ ഇടയുള്ളവിധത്തിൽ ഒരുവൻ തന്റെ സ്വകാര്യസ്വത്തുക്കൾ ഉപയോഗിക്കരുതു്. ഇതുപോലെ പ്രധാനമായതാണു് പൊതുജനങ്ങളുടെ സന്മാർഗ്ഗജീവിതം തടസ്സപ്പെടുത്തുന്നതോ ഭ്രംശപ്പെടുത്തുന്നതോ ആയ പെരുമാററങ്ങൾ. പ്രകൃതിവിഭവങ്ങൾ നശിക്കാതിരിക്കുന്നതിനുവേണ്ടി സ്റ്റേററിനു് സ്വകാര്യസ്വത്തുക്കളുടെ മേൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. അതിലേക്കു് ആവശ്യമെന്നു തോന്നുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാം.

സ്വകാര്യസ്വത്തുക്കൾ പൊതുക്കാര്യങ്ങൾക്കായി എടുക്കുന്നതിനു് സ്റ്റേററിനു് അധികാരം ഉണ്ടു്. അതു് സർക്കാരിന്റെ ഉന്നതാധികാരലക്ഷണമാണെന്നും വിശ്വസിച്ചുവരുന്നു. എന്നാൽ അതു ചെയ്യുന്നതു് നിയമാനുസരണമായിരിക്കണം. അധികാരപ്രകാരമല്ലാതെ ആയിരിക്കരുതു്. അല്ലാത്തപക്ഷം

സ്വകാര്യസ്വത്തിന്റെ സംരക്ഷണത്തിനു് അർത്ഥമൊന്നും ഉണ്ടായിരിക്കയില്ല. ഒരുവന്റെ സ്വകാര്യസ്വത്തു് ചേതപ്പെടുത്തുന്നതു് നിയമപ്രകാരം മാത്രമേ പാടുള്ളു.[1] പൊതു ആവശ്യത്തിലേക്കായി ഏതെങ്കിലും സ്വത്തു് എടുക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യുന്നതിനു് അധികാരം നൽകുന്ന നിയമത്തിൽ അതിനു പ്രതിഫലമോ നഷ്ടപരിഹാരമോ കൊടുക്കുവാൻ വ്യവസ്ഥ ചെയ്യണം. ആ തുക നിശ്ചയിച്ചു പറയുകയോ അല്ലെങ്കിൽ അതു നിശ്ചയിക്കുന്നതിനുള്ള തത്വങ്ങളെ വിശദീകരിക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം, സ്വത്തു് ഏറെറടുക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണു്. നഷ്ടപരിഹാരം മതിയായിട്ടില്ല എന്ന കാരണത്തെ അടിസ്ഥാനമാക്കി ഒരു നിയമത്തിന്റെ സാധുത്വം കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ല.[2] ഈ കാര്യത്തിനായുള്ള ഒരു നിയമം സംസ്ഥാനനിയമസഭ പാസ്സാക്കിയിട്ടുള്ളതാണെങ്കിൽ, അതു് രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചു് അദ്ദേഹത്തിന്റെ അനുമതി വാങ്ങിച്ചിരിക്കണം. അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽ അത്തരത്തിലുള്ള നിയമം പ്രാബല്യത്തിൽ വരികയില്ല. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും നൽകുന്നതിനും ഉള്ള വ്യവസ്ഥകൾ ന്യായവും നീതിയും ഉള്ളതാണെന്നു് ഉറപ്പു വരുത്തുന്നതിനാണു് രാഷ്ട്രപതിയുടെ അംഗീകാരം ഒഴിച്ചുകൂടാത്തതാണെന്നു തീരുമാനിച്ചിട്ടുള്ളതു്.

ഭരണഘടന ഊർജ്ജിതത്തിൽ വന്നകാലത്തു് ഒരു സംസ്ഥാന നിയമസഭയിൽ ആലോചനയിലിരുന്ന ബില്ലു് ആ നിയമസഭ പാസ്സാക്കിയശേഷം, രാഷ്ട്രപതിയുടെ അനുമതിക്കായി നീക്കിവയ്ക്കുകയും അദ്ദേഹത്തിന്റെ അംഗീകാരം വാങ്ങുകയും ചെയ്തിട്ട

1. Article: 31.
2. Constitution (Fourth Amendment) Act 1955— S. 2.

വ്യത്യാസങ്ങൾ അംഗീകരിച്ചിരിക്കുന്നതു്. നഷ്ടപരിഹാരത്തുക ന്യായമായിട്ടുള്ളതാണോ എന്നു തീരുമാനിക്കുന്നതിനു് കോടതികൾക്കു് ഇതിനുമുമ്പു സാധിക്കുമായിരുന്നു. എന്നാൽ ഈ ഭേദഗതിയുടെ ഒരു പ്രധാനമായ ഉദ്ദേശം കോടതികളെ ഈ ഉത്തരവാദിത്വത്തിൽനിന്നു മോചിപ്പിക്കുകയാണു്. അതിനുള്ള അധികാരം നിയമനിർമ്മാണസഭകൾക്കുതന്നെ നൽകുന്നു.[1]

തൊഴിൽ സംബന്ധിച്ചുള്ള സ്വാതന്ത്ര്യം

ഭാരതത്തിനുള്ളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന സഞ്ചാര സ്വാതന്ത്ര്യവും ഏതുഭാഗത്തും കുടിപാർക്കാനുള്ള സ്വാതന്ത്ര്യവുമായി ഏററവും അടുപ്പമുള്ള ഒന്നാണു് ഒരുവനു് അയാൾക്കിഷ്ടമുള്ള തൊഴിലിൽ ഏർപ്പെടുവാനുള്ള സ്വാതന്ത്ര്യം. ഇതും മററുള്ള മൗലികാവകാശങ്ങളെപ്പോലെ നിയന്ത്രണങ്ങൾക്കു വിധേയമാണു്. ഈ നിയന്ത്രണങ്ങളിൽ ഒന്നാമത്തേതു് പൊതുജനതാല്പര്യത്തെ ലാക്കാക്കിയുള്ള വിഭാഗത്തിൽപ്പെടുന്നു. സ്വതേ അപകടകരങ്ങളോ അസാന്മാർഗ്ഗികങ്ങളോ ആയ തൊഴിലുകളെ തടയാൻ സക്കാരിനു് അധികാരമുണ്ടു്. കുട്ടികളേയും സ്ത്രീകളേയും ചില തൊഴിലുകളിൽ ഏർപ്പെടുവാൻ അനുവദിക്കാതിരിക്കാം.[2] പൊതുജനസംരക്ഷണാർത്ഥം ചില നടപടികൾ എടുക്കുന്നതിനും തടസ്സമില്ല.[3] ഇങ്ങനെ പലതും മുകളിൽ പറഞ്ഞ അധികാരം ആശ്രയിച്ചു് സ്റ്റേററിനു ചെയ്യുവാൻ സാധിക്കും.

രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്ന നിയന്ത്രണങ്ങൾ ഔദ്യോഗികകാര്യങ്ങൾക്കു് ആവശ്യമുള്ള യോഗ്യതകൾ നിശ്ച

---

1. See 31 (2A) As amended.
2. Indian Factories Act (LXIII) of 1948.
3. Cooley—Constitutional Law-p. 384.

യിക്കുന്നതുമൂലം ഉണ്ടാകുന്നവയാണ്. സാങ്കേതിക പരി ജ്ഞാനം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഉദ്യോഗങ്ങളിൽ അതിന് അനുസരണമായ വ്യവസ്ഥകൾ ചെയ്യാതെ തരമില്ല. വക്കീലായും, വൈദ്യനായും സേവനം അനുഷ്ഠിക്കുന്നതിന് ചില നിശ്ചിത യോഗ്യതകൾ വേണ്ടിയിരിക്കുന്നു. അങ്ങിനെയുള്ള നിയന്ത്രണങ്ങൾ ഉൗർജ്ജിതപ്പെടുത്തുവാനാണ് രണ്ടാമത്തെ വിഭാഗത്തിലെ നിയന്ത്രണങ്ങൾ എഴുതിയുണ്ടാക്കിയിട്ടുള്ളത്.[1]

വ്യാപാരം, വാണിജ്യം, വ്യവസായം തുടങ്ങിയ മണ്ഡലങ്ങളിൽ ഇന്ന് സർക്കാർ പ്രവേശിച്ചിട്ടുണ്ടല്ലോ. സർക്കാരിന്, മററുള്ളവരുമായി മത്സരിക്കുന്നതിനോ, കുത്തകയായി കാര്യങ്ങൾ ചെയ്യുന്നതിനോ തടസ്സമില്ല. ഒന്നാംഭരണഘടനാഭേദഗതിയിലെ വ്യവസ്ഥ ഇതിനു സഹായിക്കുന്നു. ഇതനുസരിച്ച് ഏതെങ്കിലും തൊഴിലോ ജോലിയോ ചെയ്യുന്നതിന് അതിലേക്കാവശ്യമായ സാങ്കേതിക യോഗ്യതകൾ സംബന്ധിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്യാം. സർക്കാർ നേരിട്ടോ, അതിൻെറ കീഴിലുള്ളതോ അതു നിയന്ത്രിക്കുന്നതോ ആയ കോർപ്പറേഷൻവഴിയോ, ഏതെങ്കിലും വ്യാപാരമോ, വ്യവസായമോ, ഏറ്റെടുക്കാം. സ്വകാര്യതാല്പര്യത്തെ പൂണ്ണമായോ, ഭാഗികമായോ അതിൽനിന്ന് ഒഴിവാക്കുന്ന വ്യവസ്ഥകൾ സ്വീകരിക്കുകയും ചെയ്യാം.[2] നിലവിലുള്ള നിയമങ്ങൾ പ്രബലമാക്കുക മാത്രമല്ല, പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരവും ഭരണഘടനാഭേദഗതിമൂലം നൽകിയിരിക്കുന്നു.

---

1. Bar Councils Act;
   Legal Practitioners Act;
   Indian Medical Degrees Act;
   Medical Councils Act;
   Pharmacy Act etc.
2. Constitution (First Amendment) Act 1951-Section 3.

നിയമപരമായ സംരക്ഷണാവകാശം

നിയമപ്രകാരമുള്ള നടപടിക്രമങ്ങളനുസരിച്ചല്ലാതെ യാതൊരാളുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ നശിപ്പിക്കാൻ പാടില്ലാത്തതാണെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു.[1] ഇതുപോലെ പ്രധാനമായ മററു ചില കാര്യങ്ങൾ കൂടിയുണ്ട്. ഒരാളുടെമേൽ ആരോപിക്കപ്പെട്ട കുറ്റം അതു ചെയ്ത സമയം നടപ്പിലിരുന്ന ഏതെങ്കിലും നിയമത്തിൻെറ ലംഘനം ആയിരുന്നെങ്കിൽ, അതിനെ അടിസ്ഥാനമാക്കിയല്ലാതെ അയാളുടെമേൽ കുററം ആരോപിക്കുവാൻ പാടില്ല. അതുപോലെ കുററംചെയ്ത സമയത്ത് നടപ്പിലിരുന്ന നിയമമനുസരിച്ച് വിധിക്കാവുന്നതിൽ കൂടുതലായ ശിക്ഷയും നല്കിക്കൂടാ. യാതൊരാളെയും ഒരേ കുററത്തിനു രണ്ടു പ്രാവശ്യം വിചാരണ ചെയ്യുകയോ ശിക്ഷിക്കുകയോ അരുത്. ഏതെങ്കിലും കുററത്തിനു വിചാരണ ചെയ്യപ്പെടുന്നയാളെ അയാൾക്കെതിരായിത്തന്നെ തെളിവു നൽകാൻ നിർബന്ധിക്കാനും പാടില്ല.[2] നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള ചില രക്ഷാമാർഗ്ഗങ്ങൾക്കു വിധേയമായി എല്ലാവർക്കും സ്വാതന്ത്ര്യമായി ജീവിക്കുവാൻ അവകാശമുണ്ടായിരിക്കുമെന്നു ചുരുക്കം. ഒരുവനു നിയമത്തിൻെറ കീഴിലുള്ള സ്വാതന്ത്ര്യവും രാജ്യത്തിലെ നിയമപ്രകാരമുള്ള സംരക്ഷണങ്ങളും നിരോധിക്കപ്പെടുവാനും പാടില്ല. ഈ വ്യവസ്ഥകൾ ഭരണാധികാരികൾ വ്യക്തിയുടെ സ്വാതന്ത്ര്യവും ജീവനും നഷ്ടപ്പെടുത്തുന്ന വിധത്തിൽ പെരുമാറുന്നതിനെ വിലക്കുന്നു. ഭരണാധികാരികളുടെ നടപടികൾക്കു ഏതെങ്കിലും നിയമത്തിൻെറ പിൻബലമുണ്ടായിരുന്നേ മതിയാവൂ.

വ്യക്തിയുടെ ജീവനും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തുന്നതു സംബന്ധിച്ചുള്ള സർവ്വസംഗതികളും ഭരണഘടനയുടെ

---

1. Article: 21. 2. Article: 20.

ഇരുപത്തിയൊന്നും ഇരുപത്തിരണ്ടും വകുപ്പുകളിൽ അടങ്ങിയിരിക്കുന്നു എന്നു വ്യക്തമാണു്. ഇരുപത്തിരണ്ടാം വകുപ്പിലെ അംശങ്ങൾ രണ്ടായി തരംതിരിച്ചു മനസ്സിലാക്കുന്നതിനു സൗകര്യമുണ്ടു്. ഒന്നാമത്തേതു് സാധാരണനിയമങ്ങൾ അനുസരിച്ചു് ഒരാളെ തടങ്കലിൽ വയ്ക്കുന്നതിനെ നിയന്ത്രിക്കുന്ന കാര്യങ്ങളാണു്. രണ്ടാമത്തേതു് കുററം ചെയ്യുന്നതു തടയാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണു്. ഇതിൽ ആദ്യം പറഞ്ഞതു് വ്യക്തിസ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യേക്കാവുന്ന സംസ്ഥാനങ്ങളിലേയും കേന്ദ്രത്തിലേയും നിയമങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പരിമിതികളാണു്.

ആദ്യവിഭാഗത്തിൽപ്പെടുന്ന ചില കാര്യങ്ങളെക്കുറിച്ചു് ഇനി ചിന്തിക്കാം. ഒരാളിനെ അറസ്റ്റുചെയ്താൽ കഴിയുന്നതും നേരത്തെ, അതിനു് ആസ്പദങ്ങളായ കാരണങ്ങൾ അയാളെ അറിയിക്കണം. അറസ്റ്റുചെയ്തയാളിനെ അറസ്റ്റു ചെയ്തു് ഇരുപത്തിനാലു മണിക്കൂറിനകം ഒരു മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കണം.[1] ഇതിൽ, അറസ്റ്റുചെയ്ത സ്ഥലത്തുനിന്നു് കോടതിയിലെത്തുന്ന സമയം കണക്കാക്കുന്നതല്ല. മജിസ്ട്രേട്ടിന്റെ ഉത്തരവുകൂടാതെ ഇരുപത്തിനാലുമണിക്കൂറിൽ കൂടുതൽ സമയം ഒരാളെ തടങ്കലിൽ വയ്ക്കുവാൻ പാടില്ലാത്തതാണു്. അറസ്റ്റുചെയ്യപ്പെട്ട ആളിനു് നിയമോപദേഷ്ടാവുമായി ആലോചിക്കുവാനുള്ള സൗകര്യങ്ങൾ കൊടുക്കണം. അതു് സ്വരക്ഷയ്ക്കു സന്ദർഭം നൽകുന്നതിലേക്കാണു്. ഇവയൊന്നും, ശത്രുരാജ്യത്തിലെ പ്രജയായ ഒരുവനെ ഇവിടെ തടങ്കലിൽ വയ്ക്കുന്നതിനേയും, ഒരാളെ കരുതൽതടങ്കലിൽ വയ്ക്കുന്നതിനേയും വിപരീതമായി ബാധിക്കുന്നതല്ല.[2]

---

1. Article: 22.
2. Articl̲e: 22 (3)

ഇനി കരുതൽതടങ്കലിനെ സംബന്ധിച്ച് ആലോചിക്കാം. സാധാരണയായി ഒരാളിനെ കരുതൽനടപടിയായി മൂന്നുമാസമേ തടങ്കലിൽ വയ്ക്കാവൂ. എന്നാൽ പാർലിമെൻറിനു്, ഏതെല്ലാം കുററങ്ങൾക്കു് ഈ കാലാവധിയിൽ കവിഞ്ഞു് ഒരാളെ തടങ്കലിൽ സൂക്ഷിക്കാമെന്നുള്ളതിനു പൊതുവായ നിയമം നിർമ്മിക്കാം. അങ്ങിനെയുള്ള നിയമം കൂടാതെ, ഒരാളെ മൂന്നു മാസത്തിൽ കവിഞ്ഞകാലം വിസ്തരിക്കാതെ തടവിൽവയ്ക്കുവാൻ, അതിനു തക്ക കാരണങ്ങളുണ്ടെന്നു് ഒരു ഉപദേശകസമിതി ശുപാർശ ചെയ്താൽ മതിയാകും. ഈ ഉപദേശകസമിതി, ഹൈക്കോടതിയിൽ ജസ്റ്റിമാരായിരിക്കുന്നവരോ ഇരുന്നിട്ടുള്ളവരോ ജഡ്ജിയായി നിയമിക്കുവാൻ യോഗ്യതയുള്ളവരോ ആയ ആളുകളുൾപ്പെട്ടതാണു്. തടവിൽ വയ്ക്കുന്ന അധികാരി കഴിയുന്നത്ര നേരത്തെ തടവുപുള്ളിയെ, അയാളെ തടവിൽ വയ്ക്കുന്നതിനുള്ള കാരണങ്ങൾ അറിയിക്കേണ്ടതായിട്ടുണ്ടു്. തടങ്കലിൽ വയ്ക്കുന്നതിനുള്ള ഉത്തരവിനെതിരായി നിവേദനം നടത്താൻ തടങ്കൽപുള്ളിക്കു് സൗകര്യം കഴിയുന്നത്ര നേരത്തെ കൊടുക്കുകയും വേണം. എന്നാൽ എന്തു കാരണങ്ങളാലാണു് അയാളെ തടങ്കലിൽ വച്ചിരിക്കുന്നതെന്നുള്ള വസ്തുതകൾ വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യങ്ങൾക്കു ഹാനികരമാണെന്നു തോന്നുന്നപക്ഷം ആ കാരണങ്ങൾ വെളിപ്പെടുത്തണമെന്നില്ല.

കരുതൽനടപടിയെന്ന നിലയിൽ ഒരാളിനെ തടങ്കലിൽ വയ്ക്കുന്നതിനുള്ള നിയമം അമേരിക്കൻ ഐക്യനാട്ടിലെ ഭരണഘടനയിലോ ഇംഗ്ലണ്ടിലെ നിയമസംഹിതയിലോ സമാധാനകാലത്തു് ഇല്ലാത്ത കാര്യമാണു്. ഈ ഏർപ്പാടു് ജനായത്തസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണെന്നാണു്. ഒരു പക്ഷം. ഒരു ഭരണഘടനയിലും ഇതു് ഉൾപ്പെടുത്തിക്കാണുന്നുമില്ല.[1] നമ്മുടെ

1. Gopalan *Vs* State of Madras 1950.

ഭരണഘടന ഒന്നാംലിസ്റ്റിൽ ഒൻപതാംവകുപ്പിൽ കൊടുത്തിട്ടുള്ള കാര്യങ്ങൾക്കും, മൂന്നാംലിസ്റ്റിൽ മൂന്നാംവകുപ്പിൽ കൊടുത്തിട്ടുള്ള കാര്യങ്ങൾക്കും മററുമായി കരുതൽനടപടിയെന്ന നിലയിൽ തടങ്കൽനിയമം പ്രയോഗിക്കാവുന്നതാണു്.[1] ഇതിനു് യുദ്ധകാലമെന്നോ സമാധാനകാലമെന്നോ ഉള്ള വ്യത്യാസം കണക്കാക്കിയിട്ടില്ലതാനം. ഈ വിഷയങ്ങൾ രാജ്യരക്ഷ, വിദേശനയം, ഭാരതത്തിൻെറ ഭദ്രത, സംസ്ഥാനങ്ങളുടെ ഭദ്രത, പൊതുസമാധാനം, സാമൂഹ്യജീവിതത്തിനു് ഒഴിച്ചുകൂടാൻ വയ്യാത്ത സാധനങ്ങളുടെ വിതരണം എന്നിവയാണു്. സംരക്ഷണത്തടങ്കൽ ഒരു അടിയന്തിരകാലത്തെ നിയമമായല്ല നേരേമറിച്ചു് സമാധാനകാലനിയമമെന്ന നിലയിലാണു് നമ്മുടെ ഭരണഘടന പരിഗണിച്ചിട്ടുള്ളതു്.[2] സമൂഹവിരുദ്ധശക്തികളും വിധ്വംസകപ്രവത്തകരും ഭാരതജനരാജ്യത്തിൻെറ ഭദ്രതയും ശാന്തിയും ഭഞ്ജിക്കാതിരിക്കുവാൻ വേണ്ടിയാണു് ഇങ്ങനെ ചെയ്തിരിക്കുന്നതെന്നു സ്പഷ്ടമാണു്.

ചൂഷണത്തിനെതിരായുള്ള അവകാശം

മനുഷ്യരെ വ്യാപാരസാധനമായി കണക്കാക്കുന്നതും അവരെക്കൊണ്ടു് നിർബ്ബന്ധിതമായി തൊഴിൽ ചെയ്യിക്കുന്നതും ഭരണഘടന നിരോധിച്ചിരിക്കുന്നു. അസാന്മാർഗ്ഗിക നടപടികൾക്കു് സ്ത്രീകളെ പ്രയോജനപ്പെടുത്തുന്നതിനും, സ്വമേധയായല്ലാതെ, കൂലിയില്ലാതെ വേലയെടുപ്പിക്കുന്നതിനും ആക്കും സാധിക്കുകയില്ല. ഇവ അനുസരിക്കാതിരിക്കുന്നതു് കുററമാണു്.[3] എങ്കിലും പൊതുക്കാര്യങ്ങൾക്കായി നിർബ്ബന്ധിത

1. **Entry 9 of List I Entry 3 of List III**
2. **Gopalan *Vs* State of Madras. 1950 S. C. J. 174.; State of Bombay *Vs* Atmaram. 1951 S. C. J. 208.**
3. **Article. 23 (1)**

സേവനം ചെയ്യിക്കുന്നതിനു് സക്കാരിനെ ഇതു തടസ്സപ്പെടു ത്തുകയില്ല. എന്നാൽ അതിൽ മതമോ ജാതിയോ വർഗ്ഗമോ കുലമോ നോക്കി സക്കാർ വിവേചനം കാണിക്കരുതു്. അടി യന്തിരകാലത്തു് രാജ്യരക്ഷയ്ക്കു വേണ്ടിയോ യുദ്ധനടത്തിപ്പിനു വേണ്ടിയോ ആളുകളെ നിർബ്ബന്ധിതമായി സൈന്യത്തിൽ ചേക്കുന്നതിനു നടപടി സ്വീകരിക്കുവാൻ പാർലിമെൻറിനു് അനുമതി കൊടുത്തിട്ടുണ്ടു്.[1]

പതിന്നാലു വയസ്സിനുതാഴെയുള്ള കുട്ടികളെ വ്യവസായ ശാലയിലോ ഖനികളിലോ മറേറതെങ്കിലും അത്യധ്വാനം ആവശ്യമായ ജോലികളിലോ ഏപ്പെടുത്തിക്കൂടാ.[2] ഇതു നിരോ ധിച്ചിരിക്കുകയാണു്. നിലവിലുള്ള ചില നിയമങ്ങളും ഇതി ലേക്കു സഹായിക്കുന്നു.[3]

ഈ സന്ദർഭത്തിൽ ഭരണക്കൂടത്തിൻെറ നയം സംബന്ധി ച്ചുള്ള നിർദ്ദേശകതത്വങ്ങളിൽ അടങ്ങിയിരിക്കുന്ന ഒരു കാര്യം ഓമ്മിക്കുന്നതു നന്നായിരിക്കും. തൊഴിലാളികളുടെ (ആണും പെണ്ണും ഉൾപ്പെടെ) ആരോഗ്യശക്തിയും കുട്ടികളുടെ പ്രായക്കു റവും ദുരുപയോഗപ്പെടുത്തരുതെന്നും, സാമ്പത്തികമായ ഞെരു ക്കത്താൽ വയസ്സിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത ജോലി യിൽ പൗരന്മാർ പ്രവേശിക്കുവാൻ ഇടവരുത്തരുതെന്നും നിർദ്ദേ ശിച്ചിട്ടുണ്ടു്.[4] തൊഴിലാളികളെ സംബന്ധിച്ചുള്ള നിയമ നിമ്മാണങ്ങൾ സാമൂഹ്യവിഷയമാകയാൽ അവയിൽ ഏകീ കരണം വരുത്തുവാൻ വിഷമമില്ല.[5]

---

1. Entry 1 of List I
2. Article. 24.
3. Employment of Children Act, (XXVI of 1938)
   Indian Fact to ries (Amendment) Act. 1940
4. Article. 39 (e) & (f)
5. List III Entry 24-Schedule VII

മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

മതത്തിൻെറ കാര്യത്തിൽ ഭാരതത്തെപ്പോലെ ഇത്ര മാത്രം സ്വാതന്ത്ര്യം പുരാതനകാലംതൊട്ട് അനുവദിച്ചിട്ടുള്ള രാജ്യങ്ങൾ അധികമുണ്ടെന്നു തോന്നുന്നില്ല. ആ പാരമ്പര്യത്തിന്റെ പാത വിടാതെ മുമ്പോട്ടുപോകുകയാണ് നമ്മുടെ ഭരണഘടനയും. പൊതുസമാധാനത്തിനും സദാചാരബോധത്തിനും സുഖജീവിതത്തിനും വിധേയമായി എല്ലാവക്കും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും, അതനുഷ്ഠിച്ചു ജീവിക്കുന്നതിനും അതു പ്രചരിപ്പിക്കുന്നതിനും തുല്യമായ അവകാശമുണ്ടായിരിക്കും.[1] ഓരോ മതവിഭാഗത്തിനും മതസംബന്ധമായ വിഷയങ്ങളിൽ അതാതിൻെറ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും, മതപരവും ധാമ്മികവും ആയ ഉദ്ദേശങ്ങൾക്കായി വസ്തുവകകൾ സമ്പാദിക്കുന്നതിനും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും കഴിവുണ്ട്. മതസംബന്ധമായ ആചാരങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തികമോ രാഷ്ട്രീയമോ ആയ കാര്യമോ മറേറതെങ്കിലും മതേതര കാര്യമോ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള നിലവിലിരിക്കുന്ന നിയമങ്ങളെയോ ഭാവിയിൽ നിയമനിമ്മാണത്തിനുള്ള കഴിവിനെയോ യാതൊന്നുംതന്നെ വിപരീതമായി ബാധിക്കുന്നതല്ല. സാമൂഹ്യസേവനം, പരിഷ്കരണം, ഹിന്ദുമത സ്ഥാപനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം തുടങ്ങിയവയ്ക്കു വേണ്ടി നിലവിലുള്ള നിയമങ്ങൾ ഉൗജ്ജിതത്തിൽ തുടരുന്നതായിരിക്കും. ഭാവിയിൽ അതിനെ ലാക്കാക്കിയുള്ള നിയമനിർമ്മാണത്തിനു തടസ്സവുമില്ല.

ഒരു മതവിഭാഗത്തിന് എന്തൊക്കെ ചടങ്ങുകളും ആഘോഷങ്ങളും ആചാരക്രമങ്ങളും അതിൻെറ വിശ്വാസം അനുസരിച്ച് ആവശ്യമാണെന്നു തോന്നുന്നുവോ അതൊക്കെ നിശ്ച

1. Article: 25.

യിച്ച നടപ്പിൽ വരുത്തുവാൻ സ്വാതന്ത്ര്യമുണ്ട്. മതകാര്യ ങ്ങൾക്കോ ധാർമ്മികകാര്യങ്ങൾക്കോ വേണ്ടി സ്ഥാപനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യാം. ആ സ്ഥാപന ങ്ങളുടെ നിയമവിധേയങ്ങളായ തീരുമാനങ്ങളിൽ ഇടപെടാൻ ബാഹ്യമായ ഒന്നിനും അധികാരമില്ല. അവരുടെ പ്രവർത്തന ങ്ങൾക്കുള്ള പരിമിതി പൊതുസമാധാനത്തിനും സാന്മാർഗ്ഗിക ജീവിതത്തിനും ആരോഗ്യരക്ഷയ്ക്കും വിധേയമായിട്ടായിരിക്ക ണമെന്നുമാത്രമേയുള്ളൂ.[1] നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മതസ്വാതന്ത്ര്യം മതവിശ്വാസസ്വാതന്ത്ര്യംമാത്ര മായി ചുരുക്കിനിർത്തിയിട്ടില്ല. മതവിശ്വാസാചാരങ്ങളനുസരി ച്ചുള്ള ജീവിതവും അത് അനുവദിച്ചിരിക്കുന്നു എന്നു സ്പഷ്ട മാണ്.[2]

ഏതെങ്കിലും ഒരു പ്രത്യേക മതത്തേയോ മതവിഭാഗ ത്തേയോ സംരക്ഷിക്കുന്നതിനോ അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പ്രത്യേകനികുതി കൊടുക്കുന്നതിന് ആരും നിർബ്ബന്ധി തരാകുകയില്ല.[3] സർക്കാർ മുതലുകൊണ്ട് നടത്തപ്പെടുന്ന ഏതെ ങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിൽ മതബോധനം പാടി ല്ലാത്തതാകുന്നു. സർക്കാർ അംഗീകരിച്ചിട്ടുള്ളതോ, സഹായ ധനം നല്കുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപ നത്തിൽ പഠിക്കുന്ന ഒരാളെ, ആ സ്ഥാപനത്തിൽ നടത്തുന്ന മതാദ്ധ്യയനത്തിൽ പങ്കുകൊള്ളുന്നതിനു നിർബ്ബന്ധിച്ചുകൂടാ. പഠിക്കുന്ന ആൾ മൈനർ ആണെങ്കിൽ രക്ഷകർത്താവിന്റെ അനുവാദം വാങ്ങാതെ അതിൽ പങ്കുകൊള്ളിക്കരുത്. മതാ ദ്ധ്യയനത്തിന്റെ കാര്യം മാത്രമല്ല പ്രാർത്ഥനയുടെ കാര്യ ത്തിലും മേൽ പറഞ്ഞ വസ്തുതകൾ ശരിയാണ്.[4]

---

1. Article: 26.
2. 1952 Madras 613.
3. Article: 27.
4. Article: 28.

മതേതരരാഷ്ട്രമെന്ന ആശയത്തിൽ അടിയുറച്ചുനില്ക്കുന്നതിനാൽ ഒരു പ്രത്യേക മതത്തെയോ വിശ്വാസത്തെയോ സ്റ്റേറ്റിന് പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുന്നതല്ല. മനുഷ്യനും മനുഷ്യനും തമ്മിലുള്ള സാമൂഹ്യബന്ധങ്ങളിൽ മാത്രമേ സക്കാരിനു കാര്യമുള്ളു. മനുഷ്യനും ഈശ്വരനും തമ്മിലുള്ള കാര്യങ്ങൾ ഓരോ വ്യക്തിയുടെയും മനസ്സാക്ഷിയെ സംബന്ധിക്കുന്നവയാണല്ലോ. നമ്മുടെ ഭരണഘടന മതേതരത്വത്തിന്റെ കാര്യത്തിൽ അമേരിക്ക, ബമ്മ, അയർലൻഡ് തുടങ്ങിയ നാടുകളുടെ ഭരണഘടനകളെക്കാൾ കൂടുതൽ ശുദ്ധമാണ്. മതസ്വാതന്ത്ര്യത്തിൻെറ പേരിൽ മതാചാരപ്രകാരമുള്ളതെന്നു പറയപ്പെടുന്ന നിയമരഹിതകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ ആരേയും ഇവിടെ അനുവദിക്കുകയില്ല. അയിത്താചരണം, സന്മാർഗ്ഗരഹിതമായ കമ്മങ്ങൾക്കായി സ്ത്രീകളെ ചൂഷണം ചെയ്യുക (ദേവദാസി തുടങ്ങിയവ) മുതലായവ ഇതിൽ പെടുന്നു. സാമൂഹ്യപരിഷ്കാരവും മതാചാരവും തമ്മിൽ പൊരുത്തപ്പെടാതെവരുമ്പോൾ മതാചാരം കീഴടങ്ങിയേ കഴിയൂ. എന്നാൽ മതത്തിൻെറ സാരാംശങ്ങളെ സ്റ്റേററ് ഒരുവിധത്തിലും നിയന്ത്രിക്കുകയില്ല.

സാംസ്കാരികവും വിദ്യാഭ്യാസപരവും ആയ അവകാശങ്ങൾ

ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക സംരക്ഷണത്തെ ലാക്കാക്കിയുള്ള അവകാശങ്ങളാണ് പ്രധാനമായി ഈ വിഭാഗത്തിൽ നാം കാണുന്നതു്. ഭാരതത്തിൻെറ ഏതെങ്കിലും ഭാഗത്തു് അധിവസിക്കുന്ന പൗരന്മാക്ക് സ്വന്തമായ ഭാഷയോ ലിപിയോ സംസ്കാരമോ ഉള്ളപക്ഷം അതു സംരക്ഷിക്കുവാൻ തികഞ്ഞ അവകാശമുണ്ട്. മതം, വർഗ്ഗം, ജാതി, ഭാഷ എന്നിവയിലേതെങ്കിലുമൊന്നുകൊണ്ട് ഒരു പൗരനും, സക്കാർ നടത്തുന്നതോ

സക്കാർ സഹായത്തോടെ നടത്തപ്പെടുന്നതോ ആയ വിദ്യാഭ്യാസസ്ഥാപനത്തിൽ പ്രവേശനം നിഷേധിച്ചുകൂടാ.[1] ഒന്നാമത്തെ ഭരണഘടനാഭേദഗതികൊണ്ട് പിന്നോക്കസമുദായങ്ങൾക്കും പട്ടികജാതിക്കാക്കും പട്ടികവഗ്ഗക്കാക്കും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്ഥാനം സംവരണം ചെയ്യുന്നതു ശരിവച്ചിട്ടുണ്ട്.[2] മതം, ഭാഷ തുടങ്ങിയവയെ ആസ്പദമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരവരുടെ ഇഷ്ടാനുസരണം ഉള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ഉള്ള അവകാശം അംഗീകരിച്ചിരിക്കുന്നു.[3] മതസംബന്ധവും ജീവകാരുണ്യപരവുമായ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് നേരത്തെ പ്രസ്താവിച്ചിട്ടുള്ളതു് സ്മരിക്കുമല്ലോ.[4]

ഒരു സ്ഥലത്തു് പ്രത്യേകസംസ്കാരമുള്ള ഒരു ന്യൂനപക്ഷം അവരുടെ ഭാഷയും സംസ്കാരവും അന്യൂനമായി സംരക്ഷിക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ അവരുടെമേൽ തദ്ദേശീയമായോ അല്ലാതെയോ ഉള്ള മറേറതെങ്കിലും സംസ്കാരം അടിച്ചേല്പിക്കുന്നതിനു് ആരും തയ്യാറാകുന്നതല്ല.

നിയമാനുസൃതമായ പ്രതിവിധികൾക്കുള്ള അവകാശം

ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ള മൗലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിലേക്ക് നിയമപ്രകാരമുള്ള പ്രതിവിധികൾ നേടുന്നതിനു് എല്ലാവർക്കും അവകാശം ഉണ്ടു്.

---

1 Article: 29.

2. Constitution(Amendment)Act 1951 Section 2.

3. Article: 30.

4. Article: 26. Also see Ratilal Panachand Gandhi *Vs* State of Bombay: S. C. R. Vol V, Part X, 1955.

ഈ അവകാശമില്ലെങ്കിൽ മൗലികാവകാശപ്രഖ്യാപനങ്ങൾ കാമ്പില്ലാത്ത കാര്യമായിത്തീരുമല്ലോ. ഇവ സുരക്ഷിതമാക്കാനും പ്രായോഗികമാക്കാനും ഉള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിട്ടുണ്ട്.[1] അവകാശങ്ങൾ വെറും പ്രഖ്യാപനങ്ങളായിരിക്കരുതെന്നും അതിലടങ്ങിയിരിക്കുന്ന ആശയങ്ങൾ വ്യക്തിയുടെ രക്ഷോപാധികളാകണമെന്നും ഉള്ള ലക്ഷ്യത്തോടുകൂടി ഇതിലേക്കാവശ്യമായ അധികാരങ്ങൾ കോടതികൾക്കു പ്രദാനംചെയ്തിരിക്കുന്നു.

മൗലികാവകാശങ്ങൾ സ്ഥാപിച്ചു കിട്ടുവാൻ ഏതൊരാൾക്കും സുപ്രീംകോടതിയോടപേക്ഷിക്കാം. സുപ്രീംകോടതിക്കു് നിർദ്ദേശങ്ങളും ഉത്തരവുകളും റിട്ടുകളും മററും ഇതിനുവേണ്ടി പുറപ്പെടുവിക്കാവുന്നതാണു്. റിട്ടുകൾ ഇംഗ്ലണ്ടിൽ നിലവിലിരിക്കുന്ന ഹേബിയസ്കോർപ്പസ്, മൻഡാമസ്, നിരോധനം, കേ-ാവാറൻേറാ, സെർഷിയോറി തുടങ്ങിയവപോലെയുള്ളവ ആയിരിക്കും. സുപ്രീംകോടതിക്കുള്ള ഈ അധികാരങ്ങൾ മററു കീഴ്ക്കോടതികളെ ഭരമേൽപ്പിക്കുവാൻ പാർലിമെൻറിനു് അധികാരമുണ്ടു്.[2] മററു കോടതികൾ എന്നു് ഇവിടെ ഉദ്ദേശിക്കുന്നതു് ഹൈക്കോടതി കൂടാതെയുള്ള കീഴ്ക്കോടതികളാണു്. ഹൈക്കോടതികൾക്കു് ഈ അധികാരങ്ങൾ ഭരണഘടനതന്നെ വ്യവസ്ഥചെയ്തിട്ടുണ്ടെന്നു ഓർമ്മിക്കുമല്ലോ. നിയമാനുസൃതങ്ങളായ പ്രതിവിധികൾക്കു വേണ്ടിയുള്ള അവകാശങ്ങളുടെ കാര്യത്തിൽ കാഷ്മീർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചില പ്രത്യേകതകളുണ്ടു്. സുപ്രീംകോടതിക്കു നൽകിയിട്ടുള്ള അധികാരങ്ങൾ പാർലിമെൻറിനു്, മറേറതെങ്കിലും കോടതികൾക്കു് അവയുടെ അധികാരസീമയിൽ പ്രയോഗിക്കുന്നതിനു് നിയമംമൂലം

---

1. Article 32. 2. Article 32 (3)

നൽകാവുന്നതാണെന്ന വ്യവസ്ഥ കാഷ്മീറിന്റെ കാര്യത്തിൽ പ്രയോഗിക്കപ്പെടത്തക്കതല്ല. ജമ്മു-കാഷ്മീർ പ്രദേശത്തു് അവിടത്തെ ഹൈക്കോടതിക്കു് സുപ്രീംകോടതി പുറപ്പെടുവിക്കാവുള്ള മാതിരി നിർദ്ദേശങ്ങളും ഉത്തരവുകളും മററും പുറപ്പെടുവിക്കാവുന്നതാണു്.[1]

ഒരു അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന അവസരത്തിൽ രാഷ്ട്രപതിക്കു് ഒരുത്തരവുമൂലം, മൗലികാവകാശസ്ഥാപനത്തിനു് ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ചു് വ്യക്തികൾക്കു് എടുക്കാവുന്നതും അവർ എടുത്തിട്ടുള്ളതും ആയ നടപടികൾ എല്ലാം ആ അടിയന്തിരാവസ്ഥ നിലവിലിരിക്കുന്ന കാലത്തേയ്ക്കോ അതിൽ കുറഞ്ഞ കാലത്തേയ്ക്കോ നിർത്തിവയ്ക്കാവുന്നതാണു്. ആ ഉത്തരവിന്റെ വ്യാപ്തിയിൽ ഭാരതം മുഴവനുമോ ഭാരതത്തിന്റെ കുറച്ചുഭാഗമോ ആകാം.[2] എന്നാൽ കാഷ്മീർ സംസ്ഥാനത്തിന്റെ കാര്യത്തിൽ ഇതു് പ്രയോഗിക്കാവുന്നതല്ല. ഭരണഘടനയിൽ ഉറപ്പു ചെയ്തിട്ടുള്ള മൗലികാവകാശങ്ങളെ, അതിൽതന്നെ വ്യവസ്ഥചെയ്തിട്ടുള്ള വിധത്തിലല്ലാതെ നിർത്തിവയ്ക്കുവാൻ കഴിയുന്നതല്ല.

സായുധസേനയിലേയും പൊതുസമാധാനം പാലിക്കാൻ ഉത്തരവാദപ്പെട്ട പോലീസ്‌വിഭാഗങ്ങളിലേയും അംഗങ്ങൾക്കു്, മൗലികാവകാശങ്ങൾ എത്രത്തോളം ഉപയോഗിക്കാവുന്നതാണെന്നു് പാർലിമെൻറിനു് നിയമംമൂലം നിശ്ചയിക്കാവുന്നതാണു്. അവർ ന്യായമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അവരുടെ ഇടയിൽ അച്ചടക്കം പാലിക്കുന്നതിനും മേൽപറഞ്ഞ അവകാശങ്ങളുടെ പരിധി നിശ്ചയിക്കുന്നതിനും ആ അവകാശങ്ങൾ എടുത്തുകളയുന്നതിനും പാർലിമെൻറിനു

1. Constitution (Application to Jammu & Kashmir) Order 1954.
2. Article: 359

സാധിക്കും. ഇതിലേക്കായി പല നിയമങ്ങളും നിലവിലിരിക്കുന്നുണ്ട് എന്നു മുമ്പു സൂചിപ്പിച്ചിട്ടുള്ളതു് ഓർമ്മിക്കുമല്ലോ.[1] സൈനികനിയമമനുസരിച്ചു് തൻെറ ഔദ്യോഗികാധികാരം പ്രയോഗിക്കേണ്ടുന്ന ഏതൊരു പ്രവൃത്തിക്കും, ഒരു ഉദ്യോഗസ്ഥനു് സംരക്ഷണം കിട്ടുന്നതാണു്. സൈനികനിയമം ഉയർജ്ജിതത്തിലിരിക്കുമ്പോൾ കല്പിക്കപ്പെടുന്ന ഏതൊരു വിധിയും നല്കപ്പെടുന്ന ഏതൊരു ശിക്ഷയും പിന്നീടു സാധൂകരിക്കുന്നതിനും പാർലിമെൻറിനു് അധികാരമുണ്ടു്.[2]

റിട്ടുകൾ

ഭരണപരമായി സങ്കീർണ്ണവും വ്യാമിശ്രവും ആയ കർത്തവ്യങ്ങൾ കാരണം ഭ്സ്റ്ററു്, പൗരൻെറ വ്യക്തിസ്വാതന്ത്ര്യത്തെ അത്ര ഗൗരവമായി ഗണിക്കാതിരിക്കുവാൻ സാധ്യതകളുള്ള സന്ദർഭങ്ങൾ സംജാതമായെന്നു വരാം. അപ്പോൾ പൗരന്മാരുടെ ഏകാശ്രയം കോടതികൾ ആണു്. ആപൽബാന്ധവരായ കോടതികൾ റിട്ടുകളാകുന്ന ആയുധങ്ങളുപയോഗിച്ചു് പൗരസ്വാതന്ത്ര്യധ്വംസകന്മാരെ പരാജിതരാക്കുന്നു. അതിനാൽ ഈ റിട്ടുകളുടെ പ്രാധാന്യം എത്രമാത്രമുണ്ടെന്നു വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള റിട്ടുകൾ (ശാസനാരൂപത്തിലുള്ള ഉത്തരവുകൾ) ഏതെല്ലാമെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായി. ഈ ഉത്തരവുകൾ സുപ്രീംകോടതിക്കു മാത്രമല്ല എല്ലാ ഹൈക്കോടതികൾക്കും പുറപ്പെടുവിക്കാം.[3] ഇംഗ്ലീഷ്നിയമസംഹിതയുടെ ഒരു സംഭാവനയാണു് ഇത്തരത്തി

---

1. The Indian Army Act; Indian Air Forces Act; Indian Navy (Discipline) Act etc
2. Article 34
3. Articles 32 & 226.

ലുള്ള പൗരസ്വാതന്ത്ര്യപ്രധാനങ്ങളായ ആശയങ്ങളെന്നു പറയുന്നതിൽ തെററില്ല.

ഒരു രാജ്യത്തിൻെറ ഭരണഘടന ആ രാജ്യത്തുള്ള മറെറല്ലാ നിയമങ്ങളെയുംകാൾ പ്രാബല്യമുള്ളതാണല്ലോ. ആ സ്ഥിതിക്ക് റിട്ടുകൾ (ശാസനാരൂപത്തിലുള്ള ഉത്തരവുകൾ) പുറപ്പെടുവിക്കുവാനുള്ള അധികാരം ഭരണഘടനയിൽതന്നെ വ്യവസ്ഥചെയ്തിട്ടുള്ളതു് മറെറല്ലാ രാജ്യത്തെക്കാളും പുരോഗമനപരമായ പരിഷ്കാരമായി പരിഗണിക്കാം. ഈ സംഗതിയിൽ ഭാരതം മറെറല്ലാ രാജ്യങ്ങളെ അപേക്ഷിച്ചും മുന്നണിയിൽ എത്തിയിട്ടുണ്ടു്. ഇതു് അഭിമാനത്തിനു വകനൽകുന്ന കാര്യമാണു്.

ഹേബിയസ് കോർപ്പസ്

വ്യക്തിസ്വാതന്ത്ര്യത്തെ പരമപ്രധാനമായി വീക്ഷിക്കുന്ന ഒരു നിയമസാഹിതയാണു് ഇംഗ്ലണ്ടിലുള്ളതു്. രാജാവു് അവിടത്തെ നീതിനിയമങ്ങളുടെ ഉറവിടമാണെന്നാണു് സങ്കല്പം. ഏതെങ്കിലും വിധത്തിൽ സ്വാതന്ത്ര്യം നഷ്ടമായ ഒരാൾക്കോ അയാൾക്കുവേണ്ടി അയാളുടെ ബന്ധുക്കൾക്കോ, തടങ്കലിലിരിക്കുന്നയാളിനെ കോടതിയിൽ ഹാജരാക്കാൻ അപേക്ഷ ബോധിപ്പിക്കാം. കാരണം കൂടാതെയും നിയമനടപടികൾ അനുസരിക്കാതെയും ആണു് അയാളെ തടങ്കലിൽ വച്ചിരിക്കുന്നതെങ്കിൽ അയാളെ മോചിപ്പിക്കുന്നതിനു് ആജ്ഞാപിക്കുവാൻ കോടതിക്കു് അധികാരമുണ്ടു്. അത്തരം ഉത്തരവിനുവേണ്ടി അപേക്ഷിക്കുവാൻ അവിടെ പ്രജകൾക്കു് അവകാശം ഉറപ്പുചെയ്തിരിക്കുന്നു.

സാധാരണനിയമാനുസൃതമായ പരിഹാരങ്ങൾ അപര്യാപ്തങ്ങളോ അപ്രായോഗികങ്ങളോ ആകുന്ന സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താവുന്ന ഒന്നാണു് ഹേബിയസ്കോർപ്പസ് എന്ന റിട്ടു്.

ഇംഗ്ലീഷ് കോമൺലാപ്രകാരം രാജാവ് കിംഗ്സ്ബെഞ്ചിൽ സന്നിഹിതനായി നീതി നിർവ്വഹിക്കുന്നു എന്നാണ് സങ്കല്പം. ഒരാളുടെ തടങ്കലിന്റെ സാധുതയെക്കുറിച്ച് ആ കോടതിയിൽ ഹർജി ബോധിപ്പിച്ചാൽ റിട്ട് (ശാസനാരൂപത്തിലുള്ള ഉത്തരവ്) മൂലം മോചനം നേടാനുള്ള അവകാശം അവിടെ അംഗീകരിച്ചിരുന്നു. ഇംഗ്ലണ്ടിൽ 1925-ലെ ജൂഡിക്കേച്ചർനിയമം പാസ്സായശേഷം ആണ് ഈ അധികാരം അവിടെ ഹൈക്കോടതികൾക്ക നൽകിയിട്ടുള്ളത്.

വളരെ മുമ്പുമുതല്ക്കുതന്നെ പൗരസ്വാതന്ത്ര്യത്തിന്റെ രക്ഷാകവചമായി ഹേബിയസ് കോർപ്പസ് ഇംഗ്ലണ്ടിൽ സ്വീകരിച്ചുവന്നു. ഈ റിട്ട പുറപ്പെടുവിച്ച് തടങ്കൽപുള്ളിയെ കോടതിയിൽ ഹാജരാക്കിയശേഷം അയാളുടെ പേരിൽ നിയമപ്രകാരമുള്ള നടപടികളല്ല സ്വീകരിച്ചിരിക്കുന്നത് എന്നുകണ്ടാൽ ഉടൻതന്നെ അയാളെ മോചിപ്പിക്കുവാൻ ഉത്തരവാകും.[1] തടങ്കൽ അനുഭവിക്കുന്ന പ്രജയുടെ മാന്യതയോ, അയാളുടെ കുറ്റത്തിന്റെ ഹീനതയോ ഒന്നും ഈ നടപടിയിൽ പ്രസക്തമല്ല. ചെയ്ത കുററത്തിന്, നിയമപ്രകാരം അയാൾ ശിക്ഷിക്കപ്പെടണം. വ്യക്തിസ്വാതന്ത്ര്യം മാത്രമാണ് ഇവിടുത്തെ പ്രശ്നം.

ഇംഗ്ലീഷ് നിയമത്തിലെ ഈ മഹത്തായ ആശയം ഭാരതത്തിലേക്കു വ്യാപിച്ചത് 1872-ലെ ക്രിമിനൽ നടപടി നിയമംമൂലമത്രേ. അതിനു മുമ്പ് കല്കട്ട, ബോംബെ, മദിരാശി എന്നീ പ്രസിഡൻസി കോടതികൾ ഇംഗ്ലീഷ് കോമൺലാ അനുസരിച്ചുള്ള ഹേബിയസ്കോർപ്പസ് പുറപ്പെടുവിക്കുവാൻ അധികാരമുള്ളവയായിരുന്നു. എന്നാൽ 1872-നു ശേഷം ആ അധികാരം നീക്കംചെയ്തു. പകരം എല്ലാ കോടതികൾക്കും ക്രിമിനൽ നടപടിനിയമം ആധാരമാക്കി വേണ്ടതു

1. Halsbury's Laws of England—Vol: IX

ചെയ്യാൻ ഏർപ്പാടായി.[1] അതിൻെറ പരിധിക്കു വെളിയിൽ പോയി, റിട്ടുകൾ പുറപ്പെടുവിക്കുവാൻ കോടതികൾക്കു പാടില്ലെന്നും വന്നു. ഭരണഘടന ഊജ്ജിതത്തിൽ വന്നതോടു കൂടി ഇംഗ്ലണ്ടിലെ കോമൺലാ അനുസരിച്ചുള്ള റിട്ടുകൾ പുറപ്പെടുവിക്കുന്നതിനു് ഹൈക്കോടതിക്കു് അനുവാദം കിട്ടി. ഇക്കാരണത്താൽ ക്രിമിനൽ നടപടിപ്രകാരമുള്ള അധികാരം നിർജ്ജീവമായിട്ടുണ്ടു് എന്നു പറയുന്നതിൽ തെറ്റില്ല. അതിനെ ആധാരമാക്കിയുള്ള വിധികളുടെ സാരാംശങ്ങൾ ഭരണഘടനാ വകുപ്പുകളിലെ ആശയങ്ങളുമായി പൊരുത്തപ്പെടുന്നത്രയും മാത്രമേ സ്വീകാര്യമായിട്ടുള്ളൂ.

നിയമം നിർദ്ദേശിച്ചിട്ടുള്ള നടപടിപ്രകാരമല്ലാതെ യാതൊരാളുടെയും ജീവനേയും സ്വാതന്ത്ര്യത്തേയും കുറയ്ക്കുവാൻ പാടില്ലാത്തതാണെന്നു് നാം മുമ്പു കണ്ടുകഴിഞ്ഞു.[2] ഹേബിയസ് കോർപ്പസ്സ് ഈ വ്യവസ്ഥകൾ ശക്തി നൽകുന്നു. ഇതു് ഒരു അവകാശറിട്ടാകയാൽ ഹർജിക്കാരൻ തന്റെ ഹർജിയിൽ അതു് അനുവദിച്ചുകിട്ടുന്നതിനു തക്ക കാരണം കാണിച്ചിരിക്കണം. ഹർജിയിൽ ആവശ്യപ്പെടുന്ന കാര്യം മറെറാരു വിധത്തിലും സിദ്ധിക്കുവാൻ ഇടയില്ലാത്തതും ആയിരിക്കണം. അല്ലെങ്കിൽ അതു് തള്ളപ്പെടാവുന്നതാണു്. തടങ്കൽപ്പുള്ളിയോ അയാൾക്കുവേണ്ടി മററാരെങ്കിലുമോ ആവശ്യപ്പെടുന്നതനുസരിച്ചു് കോടതി തടങ്കലിനുള്ള കാരണങ്ങളും അതിൻെറ നിയമസാധുത്വവും അന്വേഷിക്കുന്നതിനു നടപടി സ്വീകരിക്കുന്നു. കോടതി ഇതിലേക്കുള്ള ഉത്തരവ്, ആരാണോ അപേക്ഷകനെയോ അപേക്ഷകൻെറ ആളിനെയോ തടങ്കലിൽ വച്ചിരിക്കുന്നതു്, ആ ആളിനാണു നൽകുന്നതു്. തടവുപുള്ളിയെ നേരിട്ടു് കോടതിയിൽ ഹാജരാക്കി, എന്തു കാരണങ്ങളാലാണു് അയാളെ

1. Criminal Procedure Code: Section: 491.
2. Article: 20.

തടവിൽ വച്ചിട്ടുള്ളതെന്നു കോടതിയെ ബോധിപ്പിക്കുവാൻ ഉത്തരവാകുന്നു. കോടതിക്കു് ഇതുകൊണ്ടു് തടങ്കലിനുള്ള കാരണങ്ങൾ അറിയാൻ സന്ദർഭം കിട്ടും. അവ തക്കകാരണങ്ങളല്ലെങ്കിൽ തടങ്കൽപ്പുള്ളിയെ മോചിപ്പിക്കുവാനോ, അല്ലെങ്കിൽ നിയമാനുസൃതം മററു നടപടികൾ സ്വീകരിക്കുന്നതിനോ ഉത്തരവിടാം.

റിട്ടഹർജിക്കുവേണ്ടി തടങ്കൽപ്പുള്ളിക്കോ അയാളുടെ ബന്ധുക്കൾക്കോ സ്നേഹിതന്മാർക്കോ അപേക്ഷിക്കാം. തടങ്കൽപ്പുള്ളിയെ നിയമകാര്യങ്ങൾക്കു പ്രതിനിധീകരിക്കുവാൻകഴിവില്ലാത്തവക്കു് അതിനു സാധിക്കുകയില്ല. ഒരു മൈനർപെൺകുട്ടിക്കു വേണ്ടി അവളുടെ നിയമാനുസൃതരക്ഷകർത്താവോ തല്ക്കാല രക്ഷകർത്താവോ അതു നിർവ്വഹിക്കാം. ഇവരാരും ഇല്ലാത്ത പരിതഃസ്ഥിതിയിൽ മാത്രമേ ഒരു സ്നേഹിതനു് അവൾക്കു വേണ്ടി അപേക്ഷിക്കാൻ പററൂ. ഹേബിയസ് കോർപ്പസ് സംബന്ധിച്ചുള്ള സുപ്രീംകോടതിയിലെ നടപടിക്രമങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.[1]

ഹേബിയസ് കോർപ്പസ് സംബന്ധിച്ചുള്ള അപ്പീലുകളെപ്പററി ചിലതു സൂചിപ്പിക്കുന്നതു് അസ്ഥാനത്താകുകയില്ലെന്നു കരുതുന്നു. ഇത്തരത്തിലുള്ള കേസ്സിൽ ഭരണഘടനാപരമായ പ്രശ്നം ഉൾക്കൊള്ളുന്നെങ്കിൽ, അതിലേക്കു് ഹൈക്കോടതി സാക്ഷിപത്രം നൽകുന്നപക്ഷം സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുവാൻ സാധിക്കും.[2] ഭരണഘടനാപ്രശ്നം അടങ്ങിയിട്ടില്ലെങ്കിൽതന്നെ ഹൈക്കോടതിയുടെ

---

1. Order XXXV of Supreme Court Rules
2. Article: 132 (1) &
Tarapada *Vs* State of W. Bengal 1951 S. C. J. 233.

സാക്ഷിപത്രം ഉണ്ടായിരുന്നാൽ അപ്പീൽ കൊടുക്കാം.[1] അതു പോലെതന്നെ പ്രത്യേകാനുമതി നല്കി സുപ്രീംകോടതിക്ക് അതു സ്വീകരിക്കാം. ഇതു് സുപ്രീംകോടതിയുടെ യുക്തം പോലെ അനുവദിക്കാവുന്ന കാര്യമാണു്.[2]

ചുരുക്കത്തിൽ ഹേബിയസ് കോർപ്പസ്സിൻെറ ഉദ്ദേശം അന്യായമായി തടങ്കലിൽ ഇരിക്കുന്ന ഒരാൾക്കു് ഒരു കോടതിയുടെ ഉത്തരവുമൂലം എത്രയുംവേഗം അയാളുടെ സ്വാതന്ത്ര്യം വീണ്ടുകിട്ടുകയെന്നുള്ളതാണു്. തടങ്കൽപ്പുള്ളി എന്ന വാക്കു് ഇവിടെ വിപുലമായ അത്ഥത്തിലാണു് ഉപയോഗിച്ചിട്ടുള്ളതു്. ശിശുക്കൾ, സ്വബുദ്ധിയില്ലാത്തവർ തുടങ്ങിയവരെ സംബന്ധിച്ചും ഇതു ബാധകമാണു്. നിയമപ്രകാരം അവർ ആരുടെ ചുമതലയിലും സൂക്ഷിപ്പിലും ആണോ ഇരിക്കേണ്ടതു് അതിനു വിപരീതമായി ആരെങ്കിലും അവരെ സൂക്ഷിക്കുകയാണെങ്കിൽ ഈ റിട്ടുപ്രകാരം പരിഹാരം തേടാം.

മൻഡാമസ്

ഇതു് ഹേബിയസ് കോർപ്പസ്പോലെ ഒരു അവകാശ റിട്ടല്ല. ഇതു പുറപ്പെടുവിക്കുന്നതു് കോടതിയുടെ യുക്തിയനുസരിച്ചാണു്. ഒരു അപേക്ഷകനു് ഈ ഉത്തരവു കിട്ടുവാൻ അർഹതയുണ്ടോ എന്നു സംശയം ഉള്ള അവസരങ്ങളിലും യാഥാർത്ഥ്യങ്ങളെക്കുറിച്ചു് തർക്കം ഉണ്ടായിരിക്കുമ്പോഴും കോടതി ഈ സന്ദർഭം അപേക്ഷകനെതിരായി പ്രയോഗിച്ചു് അപേക്ഷ തള്ളുകയായിരിക്കും ചെയ്യുന്നതു്.

നിയമപ്രകാരം എന്തെങ്കിലും ചെയ്യുവാൻ കടപ്പെട്ട അധികാരികൾ അതു ചെയ്യാതിരുന്നാൽ അവരെ അതിനു വേണ്ടി ശാസിച്ചുകൊണ്ടു പുറപ്പെടുവിക്കുന്ന ഒരുത്തരവാണു്

---

1. Article: 134 (1) (c)   2. Article: 136.

മൻഡാമസ്.[1] ഔദ്യോഗികമണ്ഡലങ്ങളിലെ അനാസ്ഥ പരിഹരിച്ച് ഉദ്യോഗസ്ഥന്മാരെയും കീഴ്കോടതികളെയും പൊതുസ്ഥാപനങ്ങളെയും മററും നിയമപ്രകാരം പ്രവൎത്തിപ്പിക്കുവാൻ വേണ്ടിയാണ് ഈ ഉത്തരവ് പ്രയോജനപ്പെടുത്തുന്നതു്.[2] ഇതിനു് അപേക്ഷിക്കുന്ന ആൾ താൻ ആൎക്കു വിപരീതമായി ഹൎജി കൊടുക്കുന്നുവോ, ആ ആൾ നീതിപൂൎവ്വവും ന്യായയുക്തവും നിയമപരവും ആയ ഒരു കടമ തന്നോടു് നിൎവ്വഹിക്കേണ്ടിയിരിക്കുന്നതിനെ, നിൎവ്വഹിച്ചില്ലെന്നു ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഹൎജിക്കാരനു് നിയമപരമായ ഒരവകാശം ഉണ്ടായിരിക്കുകയും വേണം.

തക്ക കാരണങ്ങൾ ഉള്ളപക്ഷം ഏതൊരാൾക്കും മൻഡാമസ്റിട്ടിനുവേണ്ടി അപേക്ഷിക്കുവാൻ കഴിയും. ഒരു ഹൎജിക്കാരൻ അപേക്ഷിക്കുന്ന സംഗതിയിൽ നേരിട്ടു് അയാൾക്കു താല്പൎയ്യമുണ്ടായിരിക്കണം. വിദൂരവും അവ്യക്തവും സാങ്കല്പികവുമായ അവകാശങ്ങളുടെ പേരിൽ കൊണ്ടുവരുന്ന അപേക്ഷ കോടതി നിരസിക്കുകയേയുള്ളു. കോടതിയിൽ ഇതിനുവേണ്ടി അപേക്ഷിക്കുന്നതിനു മുമ്പായി ഹൎജിക്കാരൻ ന്യായം നടത്താൻ കടപ്പെട്ട കീഴ്കോടതിയേയോ ഉദ്യോഗസ്ഥനേയോ സമീപിക്കണം. അതു നടത്തിക്കിട്ടുവാൻ ആവശ്യപ്പെട്ടപ്പോൾ അതു നിരസിക്കുകയോ കാലതാമസം വരുത്തുകയോ അതിലേയ്ക്കു വൈമനസ്യം പ്രകടിപ്പിക്കുകയോമൂലം ഉദ്യോഗസ്ഥൻ ചെയ്യുവാനുള്ളതു ചെയ്യുകയില്ലെന്നു ന്യായമായി ബോദ്ധ്യം വരുമ്പോൾ മാത്രമേ മൻഡാമസ്റിട്ടിനു് അപേക്ഷിക്കുവാൻ പാടുള്ളു. ഇതിലല്ലാതെ ഹൈക്കോടതി അത്തരം അപേക്ഷകൾ ഗൗനിക്കുകയില്ല.

---

1. **Halsbury's Laws of England—Vol IX.**
2. **Stephen's Commentaries—Vol I.**

മൻഡാമസ് റിട്ടുപയോഗിച്ച്, നിയമപ്രകാരം ചെയ്യേ കഴിയൂ എന്നുള്ള കർത്തവ്യങ്ങൾ ചെയ്യണമെന്ന് ഏതു സ്ഥാപനത്തേയും ശാസിക്കുവാൻ സുപ്രീംകോടതിയ്ക്കും ഹൈക്കോടതികൾക്കും കഴിവുണ്ട്. മേലുദ്യോഗസ്ഥൻെറ ഉത്തരവു സ്വീകരിച്ച് ജോലി ചെയ്യുന്ന കീഴുദ്യോഗസ്ഥൻെറ നേക്ക് അതു പ്രയോഗിക്കുകയില്ല. ട്രൈബ്യൂണലുകൾ, പൊതുപ്രവർത്തനങ്ങളിൽ ഏപ്പെട്ടിരിക്കുന്ന കോർപ്പറേഷനുകൾ, പ്രാദേശികസ്ഥാപനങ്ങൾ, തിരഞ്ഞെടുപ്പു നടത്തുന്ന അധികാരികൾ, പ്രത്യേകാധികാരങ്ങളുള്ള ബോർഡുകൾ, ആദായനികുതി അധികാരികൾ, സർവ്വകലാശാലകൾ തുടങ്ങിയ അധികാരസ്ഥാപനങ്ങളും മററും മൻഡാമസ് റിട്ടിനു വിധേയമായിട്ടുണ്ട്.

കൽക്കട്ടാ, ബോംബെ, മദിരാശി എന്നിവിടങ്ങളിലെ പ്രസിഡൻസി ഹൈക്കോടതികൾക്ക് ഇംഗ്ലണ്ടിലെ കോമൺ ലായിലെ റിട്ടുകൾ പുറപ്പെടുവിക്കുന്നതിന് അധികാരം കൊടുത്തിട്ടുണ്ടായിരുന്നു. മററു ഹൈക്കോടതികൾക്കൊന്നും അതു് അനുവദിച്ചിരുന്നില്ല. 1877-ലെ ഒരു നിയമംമൂലം പ്രസിഡൻസി ഹൈക്കോടതികളുടെ അധികാരത്തിൻെറ കാര്യത്തിൽ ഒരു വ്യത്യാസം വന്നു. സ്പെസിഫിക് റിലീഫ് എന്ന് അറിയപ്പെടുന്ന പ്രസ്തുത നിയമത്തിലെ അൻപതാംവകുപ്പ് അനുസരിച്ച് മൻഡാമസ് റിട്ട് നിർത്തലാക്കി. അതിനുപകരം ആ നിയമത്തിലെതന്നെ നാല്പത്തിഅഞ്ചാം വകുപ്പ് പ്രസിഡൻസി ഹൈക്കോടതിയുടെ അസ്സൽ അധികാരാതൃത്തികളിൽ മാത്രം മൻഡാമസ് റിട്ടുപോലെയുള്ള ഉത്തരവുകൾക്ക് അനുവാദംനൽകി. നമ്മുടെ ഭരണഘടന നടപ്പിൽ വന്നതോടുകൂടി ഈ അധികാരം എല്ലാ ഹൈക്കോടതികൾക്കും ലഭിക്കുകയുണ്ടായി.

നാട്ടിലെ സാധാരണ നിയമങ്ങൾ മുഖേന ഒരുവന് തൻെറ സങ്കടപരിഹാരം സിദ്ധിക്കുവാൻ സാദ്ധ്യതയുള്ളപക്ഷം മൻഡാ

മസ്്റിട്ട് ഉപയോഗിക്കാനോ പുറപ്പെടുവിക്കാനോ പാടില്ല. അപരിഹാര്യമായ നഷ്ടം തടയുന്നതിനു് മററു് ഉപാധികൾ ലഭ്യമല്ലാത്ത അവസരങ്ങളിൽ പ്രയോജനപ്പെടുത്തേണ്ട അധികാരത്തെ കോടതികളും വളരെ ശ്രദ്ധാപൂർവ്വമേ വിനിയോഗിക്കൂ.

കീഴ്ക്കോടതികൾ, ട്രൈബ്യൂണലുകൾ, ഉദ്യോഗസ്ഥന്മാർ എന്നിവരൊക്കെ ചെയ്യുവാൻ ചുമതലപ്പെട്ട കർത്തവ്യങ്ങൾ നിയമങ്ങളാലും ചട്ടങ്ങളാലും നിബന്ധനകളാലും വ്യക്തമാക്കുന്നതു സാധാരണമാണല്ലോ. സാധാരണയുള്ള ഔദ്യോഗിക ചുമതലകളെ രണ്ടായി തരംതിരിക്കാം. ഒന്നു്—നിർബ്ബന്ധമായി നിർവഹിക്കണമെന്നു് ഉറപ്പുള്ളവയോ അല്ലെങ്കിൽ ചെയ്തുകൂടായെന്നു് അനുശാസിക്കുന്നതോ. രണ്ടു്—ഉദ്യോഗസ്ഥൻെറ യുക്തത്തിനു വിധേയമായിട്ടുള്ളതു്. ഇതിൽ നിർബന്ധമായി നിർവഹിക്കുവാൻ കടപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കാതിരിക്കയോ അതിൽ അലസത കാണിക്കുകയോ മൂലം തക്കതായ നഷ്ടം നേരിടാവുന്ന പൗരനു് കോടതിയെ സമീപിക്കാം. നിയമപ്രകാരം നിർബ്ബന്ധിക്കുന്ന കർത്തവ്യങ്ങൾ നിറവേററാൻ ഉദ്യോഗസ്ഥനോ, കീഴ്ക്കോടതിക്കോ, മററു സ്ഥാപനത്തിനോ, കർശനമായ ഉത്തരവു് കൊടുത്തു് കോടതി പൗരൻെറ സങ്കടനിവൃത്തി വരുത്തും. ഇതിലേക്കു് മൻഡാമസ്്റിട്ടാണു് ഉപയോഗിക്കുന്നതു്. ഉദ്യോഗസ്ഥൻെറ യുക്തിയ്ക്കു വിട്ടിട്ടുള്ള സംഗതികളിൽ കോടതി ഇടപെടുകയില്ലെന്നു് ഓർമ്മിക്കണം. ഹൈക്കോടതി പുറപ്പെടുവിക്കുന്ന ഉത്തരവു് ഉദ്യോഗസ്ഥനോ കീഴ്ക്കോടതിയോ അധികാരം ഉപയോഗിക്കുവാൻ അനുശാസിക്കുകയല്ലാതെ, ആ അധികാരം ഇന്നരീതിയിൽ പ്രയോഗിക്കണമെന്നു നിർദ്ദേശിക്കുകയില്ല. മൻഡാമസ്്റിട്ട് ഹൈക്കോടതി പുറപ്പെടുവിക്കുന്നതു്, പരിശോധനക്കോടതിയെന്ന നിലയിലോ അപ്പീൽകോടതിയെന്ന നിലയിലോ അല്ല.

ഇനിയൊരു പ്രധാനകാര്യംകൂടി ഓർമ്മിക്കണം. ചുമതലകൾ നിയമം അനുശാസിക്കുന്നവയും അല്ലാത്തവയും ഉണ്ടല്ലോ.

ഉദാഹരണമായി കരാറുകളെ ആസ്പദമാക്കി ചുമതലകൾ ഉണ്ടാകാം. അവയുടെ സംരക്ഷണത്തിനും നടത്തിപ്പിനും സാധാരണനിയമങ്ങൾ ഉണ്ടുതാനും. സാധാരണനിയമങ്ങൾമൂലം സാദ്ധ്യമായിത്തീരുന്ന കാര്യങ്ങൾക്ക് മൻഡാമസ്റിട്ട് പ്രയോഗിക്കുകയില്ലെന്ന് മുമ്പു സൂചിപ്പിക്കയുണ്ടായല്ലോ. കരാറുകളിലും മററും ഉത്ഭവിക്കുന്ന ചുമതലകളുടെ നിർവ്വഹണം ഹൈക്കോടതിക്ക് മൻഡാമസ്റിട്ടുപയോഗിച്ച് ആജ്ഞാപിക്കുവാൻ കഴിയുകയില്ല.

മൻഡാമസ് റിട്ടുകൊണ്ടുള്ള പ്രധാനപ്പെട്ട പ്രയോജനങ്ങൾ ചുരുക്കിപ്പറഞ്ഞുകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കാം. തനിക്ക് അവകാശപ്പെട്ട പൊതുസ്ഥാനം തെററായവിധത്തിൽ നഷ്ടപ്പെടുത്തിയാൽ അതു പുനഃസ്ഥാപിച്ചുകിട്ടുവാൻ ഈ റിട്ടുകൊണ്ടു സാധിക്കും. തെറ്റായ വയസ്സ് റിക്കാർഡിൽക്കൊള്ളിച്ചിരിക്കുന്നതു തിരുത്തുവാൻ വിദ്യാഭ്യാസഡയറക്ടരോടും, ബിരുദിനർഹനായ ഒരുവനു് അതു നൽകുവാൻ സർവ്വകലാശാലാധികാരികളോടും, കാളേജിൽ പ്രവേശനം അനുവദിക്കുന്നതിനും, പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതിനും മററും ഉത്തരവാദപ്പെട്ട അധികാരികളോടും ആവശ്യപ്പെടുന്നതിന് ഇതു പ്രയോജനപ്പെടുത്തുന്നതിനു വിഷമമില്ല.[1] പ്രമാണങ്ങൾ യഥാസ്ഥാനത്തു നിക്ഷേപിക്കുന്നതിനും, നൽകുന്നതിനും പരിശോധനയ്ക്കു കൊടുക്കുന്നതിനും ഒരു കക്ഷിയെ അനുശാസിക്കുന്നതിനും ഈ റിട്ടുമൂലം സാധിക്കും. സർക്കാർ ഉദ്യോഗസ്ഥന്മാരെയോ പൊതുസ്ഥാപനങ്ങളെയോ അവരുടെ കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിന് ഇതുമൂലം ശാസിക്കാവുന്നതാണെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ട്.

---

1. **Halsbury's Laws of England—Vol. IX**

നിരോധനം

നിയമപ്രകാരം അധികാരമില്ലാത്ത ഒരു കാൎയ്യം ഒരു കീഴ്ക്കോടതി ചെയ്യുന്നതായാൽ നിരോധനറിട്ടുമൂലം ഹൈക്കോടതിക്കു്, ആ കോടതി അങ്ങിനെ ചെയ്യാതിരിക്കുന്നതിനു നിരോധിക്കാം. ചെയ്യാൻ പോകുന്ന കാൎയ്യങ്ങളെ തടയുവാനല്ലാതെ ചെയ്തുകഴിഞ്ഞ കാൎയ്യത്തിനു് ഈ റിട്ടുമൂലം പരിഹാരം നേടാവുന്നതല്ല. കീഴ്ക്കോടതിയ്ക്കുള്ള വിചാരണാധികാരംകവിഞ്ഞു് കാൎയ്യങ്ങൾ പ്രവൎത്തിക്കാതിരിക്കുന്നതിനുള്ളതാണു് ഈ നിരോധനം. കോടതികൾ അതതിന്റെ വിചാരണാധികാരത്തിൽ തന്നെ ഒതുങ്ങിനിന്നു കൎത്തവ്യങ്ങൾ നിൎവ്വഹിക്കുവാൻ ശാസിക്കുകയാണു് ഇതുമൂലം ചെയ്യുന്നതു്.[1] ഇതനുശാസിക്കുന്നതു് പ്രവൎത്തിക്കുവാനല്ല; പ്രവൎത്തിക്കാതിരിക്കുവാനാണു്. കോടതിയിലെ ജഡ്ജിക്കു് വിചാരണയിലിരിക്കുന്ന കേസ്സിൽ താല്പൎയ്യമുള്ളപ്പോഴും, വിധിയിലെ ഒരബദ്ധം തിരുത്തുകയല്ലാതെ മനഃപൂൎവ്വം വിധി വ്യത്യാസപ്പെടുത്തിയപ്പോഴും, തെററായി കേസ്സിന്റെ തുക തിട്ടപ്പെടുത്തി ആ കേസു് കോടതിയുടെ അധികാരപരിധിയിൽ കൊണ്ടുവരുവാൻ ശ്രമിച്ചപ്പോഴും മററും നിരോധനാധികാരം പ്രയോഗിച്ചിട്ടുണ്ടെന്നുള്ളതു പ്രസ്താവ്യമത്രേ. നിരോധനറിട്ടു് സ്വകാൎയ്യസംഘടനയ്ക്കെതിരായി ലഭിക്കുകയില്ല.

നിരോധനറിട്ടിനു് ആസ്പദമായ കാൎയ്യത്തിൽ അപേക്ഷകനു് വ്യക്തിപരമായ താല്പൎയ്യമോ അവകാശമോ വേണമെന്നില്ല. ദണ്ഡം അനുഭവിച്ച ഏതൊരാളിനും അതിനായി അപേക്ഷിക്കാം. അതില്ലാത്ത ഒരാൾ അപേക്ഷിക്കുന്നപക്ഷം അതനുവദിക്കുന്നതു് കോടതിയുടെ യുക്തംപോലെ ആയിരിക്കും.

---

1. Halsbury's Laws of England—Vol. IX

സെർഷ്യോറി

ഇതുമൂലം താഴ്ന്ന കോടതികളിൽ നടക്കുന്ന കേസുകളിലെ റിക്കാർഡുകൾ വരുത്തി ഹൈക്കോടതി പരിശോധിക്കുന്നു. ഇതിന്റെ ഉദ്ദേശം നിയമവിരുദ്ധമായോ അധികാരപരിധി അതിക്രമിച്ചോ കീഴ്ക്കോടതി പ്രവർത്തിച്ചിട്ടുണ്ടോ എന്നു നോക്കുകയാണ്. ഇതിനുശേഷം തികഞ്ഞ തൃപ്തികരമായ വിചാരണയ്ക്കായി കേസ് ഹൈക്കോടതിക്കുതന്നെ സ്വീകരിക്കാവുന്നതാണ്.[1] ഒരപ്പീൽക്കോടതിപോലെ കേസുകൾ നോക്കുന്ന രീതിയല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. നിയമപരമായ നടപടിക്രമം, അധികാരപരിധി ഈ രണ്ടു കാര്യങ്ങൾ മാത്രമേ പ്രധാനമായി പരിഗണനയ്ക്കു വിധേയമാകുകയുള്ളു. നിരോധനറിട്ടും സെർഷ്യോറിറിട്ടും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. സെർഷ്യോറിറിട്ട് വിചാരണചെയ്തു കഴിഞ്ഞ കേസുകളെ സംബന്ധിച്ചുള്ളതാണ്. നിരോധനറിട്ട് അങ്ങിനെയല്ല. ഒരു കേസു സംബന്ധിച്ചുള്ള വിചാരണ നിരോധിക്കുകയാണ് അതു ചെയ്യുന്നത്. നിരോധനത്തിന്റെ ലക്ഷ്യം തടയലാണ്. സെർഷ്യോറി തടയലോ നിവാരണമോ ആകാം. ഉദാഹരണമായി ഒരു ആരോഗ്യമന്ത്രി അത്യധികാരത്തോടെ ഗൃഹനിർമ്മാണപദ്ധതി പ്രയോഗത്തിൽ വരുത്തിയതു് നിരോധനറിട്ടുമൂലം ഇംഗ്ലണ്ടിൽ തടഞ്ഞിട്ടുണ്ട്.[2]

കോവാറന്റോ

ഉദ്യോഗത്തിൽ ഇരിക്കുന്ന ഒരാൾക്ക് അതിൽ തുടരുന്നതിന് ഉള്ള അവകാശം എന്താണെന്നു നിശ്ചയിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ റിട്ട്. ഇതിനാൽ ഹൈക്കോടതി ആ ഉദ്യോഗസ്ഥനോട്ട് എന്തു് അധികാരത്തെ അടിസ്ഥാ

1 **Halsbury's Laws of England--Vol: IX.**

2. **R *Vs* Minister of Health 1929 I. K. B. 619.**

നമാക്കി ആ ഉദ്യോഗത്തിൽ അയാൾ ഇരിക്കുന്നു എന്നു ചോദിച്ച്, അയാളുടെ സമാധാനത്തിന്മേൽ തീരുമാനമെടുക്കുന്നു. ഈ റിട്ട് ആവശ്യപ്പെടുന്നതിന് രണ്ടു വ്യവസ്ഥകൾ പ്രധാനമായി ഉണ്ട്. (1) ഉദ്യോഗം ഏതെങ്കിലും നിയമപരമായ തീട്ടൂരത്തെ (ചാർട്ടർ) അനുസരിച്ചുണ്ടാക്കിയിട്ടുള്ളതായിരിക്കണം.[1] (2) ഏതു ഉദ്യോഗത്തെ സംബന്ധിച്ച് റിട്ടു ഹർജി കൊടുക്കുന്നുവോ ആ ഉദ്യോഗത്തിൽ അപേക്ഷകനു് ശരിയായ താല്പര്യം ഉണ്ടായിരിക്കണം. രണ്ടാമതു പറഞ്ഞ കാര്യത്തിൽ ഭാരതത്തിലെ ഹൈക്കോടതികൾ തമ്മിൽ അഭിപ്രായൈക്യം ഇല്ലെന്നു കാണുന്നു. മദിരാശിയിൽ ശ്രീ. സി. രാജഗോപാലാചാരിയെ നിയമസഭയിലേക്ക് ഗവർണ്ണർ നാമനിർദ്ദേശം ചെയ്തതിനു വിപരീതമായി ഒരു ചക്കരച്ചെട്ടിയാർ മദിരാശി ഹൈക്കോടതിയിൽ കൊടുത്ത റിട്ട് ഹർജി, ഹർജിക്കാരനു് ആ സ്ഥാനത്തിനു് വ്യക്തിപരമായ താല്പര്യമില്ലെന്നുള്ള കാരണത്താൽ തള്ളുകയുണ്ടായി. എന്നാൽ ഏതാണ്ടു് അതേസ്വഭാവമുള്ള ഒരു കേസ്സിൽ ഒരു വ്യക്തിക്കു് ഇതുപോലുള്ള ഹർജി കൊടുക്കാവുന്നതാണെന്നു് കൽക്കട്ടാ ഹൈക്കോടതിയും തീരുമാനിച്ചിട്ടുണ്ട്. ഉദ്യോഗം സ്വകാര്യ സ്വഭാവമുള്ളതായിരുന്നുകൂടാ. പൊതുവായിട്ടുള്ളതായിരിക്കണം. ഉദാഹരണമായി ഒരു സ്വകാര്യധർമ്മസ്ഥാപനത്തിലെ ഉദ്യോഗത്തിനോ, ഒരു സ്വകാര്യകാളേജിലെ ഫെല്ലോഷിപ്പിനോ വേണ്ടി ഈ റിട്ട് പ്രയോജനപ്പെടുകയില്ല. മുനിസിപ്പൽ പ്രസിഡന്റ്, ജനറൽ മെഡിക്കൽ കൗൺസിലിലെ അംഗത്വം തുടങ്ങിയവയ്ക്കു വേണ്ടി ഇതു പ്രയോജനപ്പെടുത്തുകയും ചെയ്യാം.

---

1. **Halsbury's Laws of England — Vol. IX**

അദ്ധ്യായം ആറ്

സ്റ്റേറ്റിൻെറ നയംസംബന്ധിച്ചുള്ള നിർദ്ദേശകതത്വങ്ങൾ

ഭരണാധികാരികൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെ സാമാന്യമായി നിയന്ത്രിക്കുന്നതിനും അവർ ജനക്ഷേമം കൈവരുത്തുന്നതിനുവേണ്ടി ആദർശമായി സ്വീകരിക്കുന്നതിനുമായിട്ടാണ് നമ്മുടെ ഭരണഘടനയുടെ നാലാം ഭാഗത്തിൽ ചില നിർദ്ദേശകതത്വങ്ങൾ പ്രസ്താവിച്ചിട്ടുള്ളത്. പൗരന്മാർക്കു പ്രയോജനപ്പെടുന്നതിന് ഇവ കോടതിമൂലം പ്രയോഗത്തിൽ വരുത്താവുന്നതല്ല. എന്നാൽ നിയമനിർമ്മാതാക്കളും നിർവ്വഹണവിഭാഗവും അവരുടെ കർത്തവ്യനിർവഹണത്തിൽ ഈ തത്വങ്ങൾ ദീക്ഷിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു.[1] പുതിയ സാമൂഹ്യസാമ്പത്തിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത പ്രമാണങ്ങൾ നിർദ്ദേശകതത്വങ്ങളെന്ന നിലയിൽ വ്യക്തമാക്കിയിരിക്കുകയാണെന്നു പറയാം. സർക്കാരും പൗരന്മാരും തമ്മിലുള്ള ബന്ധങ്ങൾ വ്യവസ്ഥചെയ്യുന്നതിനു നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഭരണഘടനാമര്യാദകളെ ഇതിൽ സമാഹരിച്ചിരിക്കുന്നു. ഭരണനയത്തിൻെറ അടിസ്ഥാനാംശങ്ങളായി ഇവ കണക്കാക്കപ്പെടാവുന്നതാണ്. ജമ്മു—കാഷ്മീർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവ ബാധകമല്ലെന്നും വ്യക്തമാക്കേണ്ടിയിരിക്കുന്നു.

---

1. Article: 37.

ജനായത്തഭരണം സാൎത്ഥകമായിത്തീരണമെങ്കിൽ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ആയ സമത്വം കൂടിയേ കഴിയൂ. അതിലേയ്ക്കു വേണ്ട പ്രചോദനം നൽകുവാൻ ഈ തത്വസംഹിതകൾക്കു കെൽപ്പുണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ തത്വങ്ങൾ നിർദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്തിച്ചേരുവാൻ പ്രത്യേകമായി മാർഗ്ഗങ്ങളൊന്നും ഭരണഘടനയിൽ സൂചിപ്പിച്ചിട്ടില്ല. സ്റ്റേറ്റ് ജനക്ഷേമം കൈവരുത്തുവാൻ പ്രയത്നിക്കുന്നതാണ്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതി സിദ്ധിക്കുന്നതിനും പരിരക്ഷിക്കുന്നതിനും അതു സാധിക്കേണ്ടിയിരിക്കുന്നു.[1]

പ്രത്യേക പ്രാധാന്യം നല്കി താഴെ പറയുന്ന സംഗതികൾ പൗരന്മാൎക്കു സിദ്ധിക്കുവാനുതകുന്ന വിധത്തിൽ നയം രൂപീകരിക്കുവാൻ സൎക്കാർ ശ്രമിക്കുന്നതായിരിക്കും.[2]:—(1) സ്ത്രീപുരുഷഭേദമെന്യേ എല്ലാ പൗരന്മാൎക്കും മതിയായ ഉപജീവനമാൎഗ്ഗങ്ങൾക്കുള്ള സൗകൎയ്യം വേണം. (2) ഭൗതികവിഭവങ്ങളുടെ ഉടമസ്ഥാവകാശവും മററും പൊതുനന്മയെ ഉണപ്പെടുത്തത്തക്ക വിധത്തിൽ വിതരണം ചെയ്യണം. (3) പൊതുതാല്പൎയ്യങ്ങൾക്കു ഹാനികരമായി സമ്പത്തും ഉല്പാദനോപാധികളും കേന്ദ്രീകരിക്കുന്നതിന് ഇടവരുത്താതിരിക്കണം. (4) സ്ത്രീപുരുഷഭേദമെന്യേ തുല്യവേലയ്ക്കു തുല്യശമ്പളം ലഭിക്കണം. (5) കുട്ടികളുടെ ഇളംപ്രായവും സ്ത്രീപുരുഷന്മാരടക്കമുള്ള തൊഴിലാളികളുടെ ആരോഗ്യവും ശക്തിയും ദുർവ്വിനിയോഗപ്പെടുത്തിക്കൂടാ. സാമ്പത്തികമായ ആവശ്യംമൂലം ശക്തിക്കും പ്രായത്തിനും അനുയോജ്യമല്ലാത്ത തൊഴിലുകളിൽ അവർ പ്രവേശിക്കുന്നതിന് ഇടവരരുതു്. (6) ബാല്യവും യുവത്വവും ചൂഷണ

1. Article: 38.
2. Article: 39.

കൃഷിസംബന്ധമായ ഗവേഷണവിദ്യാഭ്യാസം, സസ്യനാശം വരുത്തുന്ന കീടജന്തുക്കളുടെ നിയന്ത്രണം, സസ്യരോഗങ്ങളുണ്ടാകാതെയുള്ള മുൻകരുതൽ തുടങ്ങിയ കാര്യങ്ങളെ സംബന്ധിക്കുന്ന നിയമനിർമ്മാണാധികാരങ്ങൾ സംസ്ഥാനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. കന്നുകാലിസംരക്ഷണം, അവയുടെ അഭിവൃദ്ധി, മൃഗരോഗനിയന്ത്രണം, മൃഗവൈദ്യപരിശീലനം, മൃഗവൈദ്യം എന്നിവയും സംസ്ഥാനവിഷയങ്ങൾ തന്നെ.[1]

ദേശീയാടിസ്ഥാനത്തിൽ ചരിത്രപരമോ കലാപരമോ ആയ, പ്രാധാന്യമുള്ളതെന്നു പാർലിമെൻറു് നിയമംമൂലം പ്രഖ്യാപിക്കുന്ന സ്മാരകങ്ങൾ, സങ്കേതങ്ങൾ, സാധനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനു് സ്റ്റേററിനു് ഉത്തരവാദിത്വമുണ്ടു്. പുരാതനവസ്തുക്കളെന്ന നിലയിൽ അവ സൂക്ഷിക്കപ്പെടേണ്ടവയാണു്. അവയെ നശിപ്പിക്കുന്നതും, വിരൂപപ്പെടുത്തുന്നതും, എടുത്തുമാററുന്നതും, കൈമാററം ചെയ്യുന്നതും, കയററി അയക്കുന്നതും നിരോധിക്കുവാൻ നടപടികൾ കൈക്കൊള്ളുന്നതിനു് സക്കാരിനു് ചുമതലയുണ്ടു്. ദേശീയപ്രാധാന്യമുള്ളതെന്നു് പാർലിമെൻറു് നിയമംമൂലം പ്രഖ്യാപിക്കുന്ന പുരാതനവസ്തുക്കളും, അവശിഷ്ടങ്ങളും സംബന്ധിച്ച നിയമനിർമ്മാണാധികാരം കേന്ദ്രത്തിൻെറ കീഴിലാണിരിക്കുന്നതു്.[2] കാഷ്മീർ സംസ്ഥാനത്തെ ഇതു ബാധിക്കുകയില്ല. പാർലിമെൻറു് നിയമംമൂലം പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പുരാതന വസ്തുക്കളും അവശിഷ്ടങ്ങളും ദേശീയപ്രാധാന്യമുള്ളവയായിരുന്നാൽ അവ സംബന്ധിച്ചുള്ള നിയമനിർമ്മാണാധികാരം സംയുക്തവിഷയങ്ങളിൽ പെടുന്നതാണു്.[3] കേന്ദ്രത്തിനോ സംസ്ഥാ

1. Entries 14 & 15 of List II of 7th Schedule.
2. Entry 67 of List I of 7th Schedule.
3. Entry 40 of List III of 7th Schedule.

നങ്ങൾക്കോ യുക്താപോലെ അതിലേക്കു നിയമനിർമ്മാണം നടത്താവുന്നതാണു് എന്നു ചുരുക്കം.

ഭരണനിർവ്വഹണവകുപ്പിൽനിന്നു് നീതിന്യായപരിപാലനവകുപ്പിനെ വേർതിരിക്കുന്നതിനു് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണു്.[1]

ഭാരതം അന്തർദ്ദേശീയസമാധാനത്തിനും ഭദ്രതയ്ക്കും വേണ്ടി പരിശ്രമിക്കുന്നതാണു്. ഇതിനെ ലക്ഷ്യമാക്കി നീതിപൂർണ്ണവും അഭിമാനകരവും ആയ ബന്ധം എല്ലാ വിദേശരാജ്യങ്ങളുമായി പുലർത്തുകയുംചെയ്യും. അതുപോലെതന്നെ അന്തർദ്ദേശീയ നിയമങ്ങളും കരാറുകളും ബഹുമാനിക്കുന്നതാണു്. അന്തർദ്ദേശീയമണ്ഡലത്തിലെ ഭിന്നിപ്പുകളും അഭിപ്രായവ്യത്യാസങ്ങളും സമാധാനപരമായി മദ്ധ്യസ്ഥതയിൽ പറഞ്ഞൊതുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.[2]

നയപ്രഖ്യാപനപ്രധാനങ്ങളായ ഈ തത്വങ്ങൾ കോടതിമുഖേന സ്ഥാപിച്ചുകിട്ടാവുന്നവയല്ലെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. ഇക്കാരണത്താൽ ഇവകൊണ്ടു ഫലമൊന്നും ഇല്ലെന്നും ഭരണഘടനയിൽ ഇവയ്ക്കു സ്ഥാനം നല്കേണ്ട കാര്യമില്ലെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഒരു പരമാർത്ഥം നമുക്കു വിസ്മരിച്ചുകൂടാ. നമ്മുടെ ഭരണഘടന നാം തന്നെ നിർമ്മിച്ചിട്ടുള്ളതാണു്. ലക്ഷ്യപ്രഖ്യാപനങ്ങളായ ഈ തത്വങ്ങൾ, നമ്മുടെ ആദർശങ്ങളേയും ഉദ്ദേശങ്ങളേയും സ്പഷ്ടമായി പ്രഖ്യാപിക്കുന്ന പ്രമാണമായി കരുതിയാൽമതി. ഭാവിയിലുള്ള നമ്മുടെ നയപരിപാടികൾക്കു വേണ്ട പ്രചോദനവും മാർഗ്ഗോപദേശവും അവ നമുക്കു നിരന്തരം നല്കിക്കൊണ്ടിരിക്കും.

---

1. Article: 50.
2. Article 51.

ഈ നിർദ്ദേശകതത്വങ്ങൾ നമ്മുടെ ലക്ഷ്യപ്രാപ്തിക്കായുള്ള ക്രിയാവത്തായ പുരോഗതിയുടെ ഏകദേശരൂപത്തെയാണു കുറിക്കുന്നതു്. മൗലികാവകാശങ്ങൾ, സ്ഥാപിച്ചുകിട്ടിയിട്ടുള്ള ചില അവകാശങ്ങളെ പരാമർശിക്കുന്നു. ഒരുതരത്തിൽ അവ നിശ്ചലങ്ങളാണു്. അവയുടെ ഉദ്ദേശം കൈവന്ന കൈവല്യങ്ങളുടെ സംരക്ഷണമാണു്. ഒന്നു് നേടിക്കഴിഞ്ഞിട്ടുള്ളതും മറേറതു് നേടാനുള്ളതും ആയ ആദർശങ്ങളത്രേ.[1]

---

1. Jawaharlal Nehru's Speeches 1949—1953;page 492.

അദ്ധ്യായം ഏഴ്

രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും

ലോകത്തിലെ പ്രധാനപ്പെട്ട സംയുക്തരാജ്യങ്ങളിൽ നടപ്പിലിരിക്കുന്ന ഭരണഘടനയിൽനിന്നു സാരാംശങ്ങൾ സ്വീകരിച്ച് ഭാരതത്തിൻെറ പാരമ്പര്യത്തിനു് അനുയോജ്യമായ വിധത്തിൽ ഭരണഘടന എഴുതിയുണ്ടാക്കുവാനാണ് ഭരണഘടനാനിർമ്മാണസമിതി ശ്രമിച്ചിട്ടുള്ളതു്. ഭാരതം ഒരു റിപ്പബ്ലിക്കാകയാൽ ഭരണത്തലവനായി ഒരു രാജാവിനെ അംഗീകരിക്കുന്നില്ല; മറിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രപതിയാണ് നമ്മുടെ ഭരണകൂടത്തിൻെറ തലവൻ.[1] അമേരിക്കൻ ഐക്യനാട്ടിലെ പ്രസിഡണ്ടിനെപ്പോലെ അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി ക്ളിപ്തപ്പെടുത്തിയിരിക്കുന്നു. എന്നാൽ അദ്ദേഹം ബ്രിട്ടീഷ്‌രാജാവിനെപ്പോലെ മന്ത്രിസഭയുടെ ഉപദേശങ്ങൾ സ്വീകരിച്ചാണ് സ്വകൎത്തവ്യങ്ങൾ നിർവഹിക്കുന്നതു്.

യൂണിയനിലെ നിർവ്വഹണാധികാരം രാഷ്ട്പതിയിൽ നിക്ഷിപ്തമായിരിക്കുന്നു. അദ്ദേഹം അതു് നേരിട്ടോ, കീഴുദ്യോഗസ്ഥന്മാർ മുഖാന്തിരമോ പ്രയോഗിക്കുന്നു. ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടാണ് അതു ചെയ്യുന്നതു്.[2] ഭാരതത്തിലെ സൈന്യത്തിൻെറ പരമ സേനാപതി രാഷ്ട്പതിയായിരിക്കും എന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ അദ്ദേഹം പ്രയോഗിക്കുന്ന അധികാരങ്ങൾ പർലിമെൻറ് നിയമംമൂലം നിയന്ത്രിക്കുന്നു.

---

1. **Article: 52**
2. **Article: 53.**

പാർലിമെന്റിന്റെ ഇരുസഭകളിലേയും സംസ്ഥാനനിയമസഭകളിലേയും സാമാജികന്മാർ ആണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.[1] ജനപ്രതിനിധികളായ ഈ സാമാജികന്മാർ ജനങ്ങൾക്കുവേണ്ടി ഈ തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നു. ഇത് പരോക്ഷമായ തിരഞ്ഞെടുപ്പുരീതിയാണ്. ജനങ്ങൾ നേരിട്ട് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്ന രീതി ചില കാരണങ്ങളാൽ സ്വീകരിക്കാത്തതാണെന്നു പറയാം. പ്രായപൂർത്തിവന്ന ആളുകൾ രാഷ്ട്രപതിയെ നേരിട്ടു തിരഞ്ഞെടുക്കുന്നതായാൽ അക്കാര്യത്തിന് വമ്പിച്ച ധനവ്യയവും സമയച്ചിലവും പ്രയത്നവും വേണ്ടിവരുമല്ലോ. പാർലിമെൻറംഗങ്ങളെ തിരഞ്ഞെടുക്കുവാൻ വേറൊരു തിരഞ്ഞെടുപ്പും കൂടാതെ കഴിയുകയില്ല. ഇവയെല്ലാംകൂടിച്ചേരുമ്പോഴുള്ള ഉത്തരവാദിത്വത്തിന്റെ ഭീമസ്വഭാവം ചിന്തനീയമാണ്. ഭാരതത്തിലെപ്പോലെ ഇത്ര വലിയ ജനസംഖ്യയുള്ള രാജ്യത്ത്, ഇത് അപ്രായോഗികമാണെന്നുതന്നെ പറയാം. ഇതുകൂടാതെ മറെറാരു സംഗതികൂടി ഈ അവസരത്തിൽ സ്മരണീയമാണ്. നമ്മുടെ ഭരണഘടനാനിർമ്മാതാക്കൾ ഏററവും അധികം അധികാരങ്ങൾ യഥാർത്ഥത്തിൽ മന്ത്രിസഭയിലും നിയമസഭയിലും നിക്ഷേപിക്കാനാണ് താല്പര്യം കാണിച്ചിട്ടുള്ളത്. പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ ജനങ്ങൾ തന്നെ നേരിട്ടു തിരഞ്ഞെടുക്കുന്ന രാഷ്ട്രപതിയ്ക്കു് അതിനൊത്ത അധികാരങ്ങൾ നൽകാതിരുന്നാൽ അത് വിലക്ഷണമായിരിക്കുമല്ലോ.[2] പാർലിമെൻറിൽ സാധാരണയായി ഏതെങ്കിലും ഒരു കക്ഷിക്ക് പ്രാബല്യം ഉണ്ടായിരിക്കാൻ സാധ്യതയുണ്ട്. അവിടെനിന്നും രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നതായാൽ, ഭൂരിപക്ഷകക്ഷിയിൽ നിന്നു് ഒരാളായിരിക്കും സ്വാഭാവികമായി തിരഞ്ഞെടുപ്പിൽ വിജയി

1. Article: 54.
2. Constituent Assembly Debates Vol IV-No 6.

കുന്നതു്. ആ ഭൂരിപക്ഷകക്ഷിതന്നെയായിരിക്കുമല്ലോ മന്ത്രിസഭ രൂപീകരിക്കുന്നതും. അപ്പോൾ രാഷ്ട്രപതിയും മന്ത്രിസഭയും അഭിപ്രായാദർശങ്ങളിൽ ഏതാണ്ടൊരുപോലെയായിരിക്കുമെന്നുവരും. എന്നാൽ സംസ്ഥാനനിയമസഭാംഗങ്ങളും പാർലിമെൻറിലെ ഇരുസഭകളിലെ അംഗങ്ങളും ചേർന്നുള്ള സംഘത്തിൽ മുകളിൽപറഞ്ഞ സ്ഥിതി ആയിരിക്കണമെന്നില്ല. പാർലിമെൻറിൽ ഭൂരിപക്ഷമുള്ള കക്ഷി, നിയമസഭാംഗങ്ങളെല്ലാംകൂടിച്ചേരുമ്പോൾ ഭൂരിപക്ഷമായിരിക്കുവാൻ ഇടയില്ലെന്നുവന്നേക്കാം. അതിനാൽ എല്ലാവരും ഒന്നുപോലെ ബഹുമാനിക്കുന്ന ഒരാളിനെ തിരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യം കൂടുതൽ സൃഷ്ടിക്കുന്നതിനു് ഇതു വഴിതെളിക്കുന്നു. സംസ്ഥാനനിയമസഭാംഗങ്ങളെക്കൂടി രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനു് ഉൾപ്പെടുത്തിയതു് ഇക്കാരണത്താൽ ആണെന്നു പറയുന്നതിൽ തെററില്ല.

രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽ വിവിധസംസ്ഥാനങ്ങൾക്കു നല്കിയിട്ടുള്ള പ്രാതിനിധ്യത്തിൽ ഐകരൂപ്യം കൈവരുത്തുവാൻ വളരെ അധികം ശ്രദ്ധിച്ചിട്ടുണ്ടു്.[1] ഈ തിരഞ്ഞെടുപ്പിൽ സംസ്ഥാനനിയമസഭയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിനു പ്രയോജനപ്പെടുത്താവുന്ന വോട്ടുകളുടെ സംഖ്യ ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാം. ഒരു സംസ്ഥാനത്തിലെ ജനസംഖ്യ 20,84,9840 ആണെന്നിരിക്കട്ടെ. ഒരു ലക്ഷത്തിനു് ഒരു പ്രതിനിധി എന്നാണു നിശ്ചയിച്ചിട്ടുള്ളതു്. അപ്പോൾ ആ സംസ്ഥാനത്തിലെ നിയമസഭയിൽ 208 അംഗങ്ങൾ ഉണ്ടായിരിക്കും. അങ്ങിനെ തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗത്തിനും രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽ എത്ര വോട്ടുകൾ ഉപയോഗിക്കാം

---

1. Article : 55

എന്നു കണക്കാക്കുന്നതു്, ആകെയുള്ള ജനസംഖ്യയെ (മുകളിൽ കാണിച്ച ഉദാഹരണത്തിൽ 20,84,9840-നെ) നിയമസഭയിലെ ആകെയുള്ള അംഗങ്ങളുടെ എണ്ണംകൊണ്ടു് (അതായതു് 208 കൊണ്ടു്) ഹരിച്ചു്, ആ ഹരണഫലത്തെ ആയിരംകൊണ്ടു വീണ്ടും ഹരിച്ചു വേണം. മുകളിൽ കാണിച്ച ഉദാഹരണം തന്നെ എടുക്കാം. ആദ്യത്തെ ഹരണഫലം 100,239 ആണു്. ഇതിനെ വീണ്ടും 1000 കൊണ്ടു് ഹരിച്ചാൽ ഫലം, 100-ം ശിഷ്ടം 239-ം ആണല്ലോ. അഞ്ഞൂറിൽ കുറവാകയാൽ ശിഷ്ടത്തെ തിരസ്കരിക്കാം. അപ്പോൾ ഓരോ നിയമസഭാംഗത്തിനും 100 വോട്ടുണ്ടെന്നുവരുന്നു. ഇതു പോലെ പാർലിമെൻറിലെ ഓരോ അംഗത്തിനും രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനുവേണ്ടി ഉപയോഗിക്കാവുന്ന വോട്ടുകളുടെ എണ്ണം നിശ്ചയിക്കുന്നതിനും വ്യവസ്ഥയുണ്ടു്. സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള വോട്ടിൻെറ ആകെ എണ്ണത്തെ, പാർലിമെൻറിലെ ഇരുസഭകളിലേയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ആകെ എണ്ണം കൊണ്ടു് ഹരിച്ചിട്ടാണു് ഇതു കണ്ടുപിടിക്കുന്നതു്. തിരഞ്ഞെടുപ്പിൽ ആനുപാതികവ്യവസ്ഥയോടുകൂടിയ കൈമാററം ചെയ്യാവുന്ന ഒററ വോട്ടുസമ്പ്രദായമാണു സ്വീകരിച്ചിട്ടുള്ളതു്. വോട്ടിംഗു് രഹസ്യബാലട്ടുമൂലമായിരിക്കും. ഏററവും അടുത്ത കാലത്തു നടന്നിട്ടുള്ള കാനേഷുമാരിയിൽ കാണുന്ന കണക്കാണു് ടുപ്പിനാസ്പദമായി സ്വീകരിക്കുന്നതു്.

രാഷ്ട്രപതിസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനു മത്സരിക്കുവാൻ ഒരാളിനു് ചില നിശ്ചിതയോഗ്യതകൾ ഉണ്ടായിരുന്നേ മതിയാകൂ.[1] അതിനു മത്സരിക്കുന്ന ആൾ ഒരു ഭാരതീയപൗരനായിരിക്കണം. അദ്ദേഹത്തിനു് മുപ്പത്തിയഞ്ചു വയസ്സു തികഞ്ഞിരിക്കുകയും വേണം. അതുപോലെതന്നെ

1. Article: 58.

ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെടുവാൻ തക്ക യോഗ്യതകളും ഉണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഇവയെല്ലാം ഒത്തിണങ്ങിയിട്ടില്ലെങ്കിൽ രാഷ്ട്രപതിതിരഞ്ഞെടുപ്പിനു നില്ക്കുവാൻ അയോഗ്യനാണ്.[1] ഇവ കൂടാതെ മററു ചില കാര്യങ്ങളും ഓർമ്മിക്കേണ്ടതായിരിക്കുന്നു. മുകളിൽ പറഞ്ഞ യോഗ്യതകൾ തികഞ്ഞ ഒരാൾ ഒരു സക്കാർ ഉദ്യോഗസ്ഥനോ, സക്കാരിൽനിന്നു് ആദായം പററുന്ന ആളോ ആയിരിക്കരുതു്. കേന്ദ്രഗവർമ്മെൻറിൻേറയോ, സംസ്ഥാനഗവർമ്മെൻറിന്റേയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടേയൊ കീഴിൽ ശമ്പളം പററുന്നവക്ക് അയോഗ്യതയുണ്ട്. പാർലിമെൻറംഗമോ, സംസ്ഥാന നിയമസഭാംഗമോ ആയി തുടരുന്നതിനും രാഷ്ട്രപതിക്കു സാധിക്കുന്നതല്ല.[2] രാഷ്ട്രപതിസ്ഥാനമല്ലാതെ മറ്റേതെങ്കിലും ആദായമുള്ള ഔദ്യോഗികപദവി അദ്ദേഹം സ്വീകരിച്ചുകൂടാ.

വാടകകൂടാതെയുള്ള ഔദ്യോഗിക വസതി രാഷ്ട്രപതിക്ക് അനുവദിച്ചിട്ടുണ്ട്. അതു് അറിയപ്പെടുന്നതു് 'രാഷ്ട്രപതി ഭവൻ' എന്ന പേരിലാണ്. രാഷ്ട്രപതിയുടെ പ്രതിമാസശമ്പളം പതിനായിരം ഉറുപ്പികയായിരിക്കും. അദ്ദേഹത്തിൻെറ ശമ്പളം, പടി തുടങ്ങിയ കാര്യങ്ങൾ, കാലാവധി കഴിയുന്നതുവരെ, വിപരീതമായി ബാധിക്കത്തക്കവിധം വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതാണ്. കാലാവധി തീർന്നിട്ടോ രാജിമൂലമോ രാഷ്ട്രപതി ഉദ്യോഗമൊഴിഞ്ഞാൽ, അദ്ദേഹത്തിനു് പ്രതിവർഷം പതിനയ്യായിരം ഉറുപ്പിക അടുത്തൂണായി ജീവിതാവസാനംവരെ നൽകുന്നതായിരിക്കും.[3]

---

1. Presidential & Vice-Presidential Elections Act 1952.
2. Article: 59.
3. President's Pension Act 1951.

...ഷ്ട്രപതിയുടെ ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാണ്. ...നാൽ കാലാവധിക്കു മുമ്പ് അദ്ദേഹത്തിനു ഉദ്യോഗം രാജി വയ്ക്കാം. രാജി രേഖാമൂലം ഉപരാഷ്ട്രപതിക്കാണ് അയക്കേണ്ടതു്.[1] ഈ വിവരം ഉപരാഷ്ട്രപതി ലോക്സഭാദ്ധ്യക്ഷനെ ഉടനെ അറിയിക്കുന്നതാണ്. ഭരണഘടനയിലെ വ്യവസ്ഥകൾ ലംഘിച്ചാൽ രാഷ്ട്രപതിയെ വിസ്തരിച്ച് നീക്കം ചെയ്യുന്നതിനും ഏർപ്പാടുണ്ട്.[2] കാലാവധി കഴിഞ്ഞാൽ വീണ്ടും തിരഞ്ഞെടുപ്പിനു മത്സരിക്കുന്നതിനു തടസ്സമില്ല.[3] അയർലൻറിലും ബർമ്മായിലും ഒരാളിനു രണ്ടു പ്രാവശ്യത്തിൽ കൂടുതൽ പ്രസിഡൻറായിരിക്കുവാൻ കഴിയുന്നതല്ല എന്നുള്ളതു് ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

ഭാരതത്തിലെ രാഷ്ട്രപതിയിൽ വളരെ വിപുലമായ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നു. നീതിന്യായം, നിയമനിർമ്മാണം, ഭരണനിർവ്വഹണം, ധനകാര്യം എന്നീ വിഭാഗങ്ങളിൽ അദ്ദേഹം അതു പ്രയോഗിക്കുവാൻ ശക്തനാണ്. കുററവാളികൾക്കു മാപ്പുകൊടുക്കുന്നതിനും, ശിക്ഷ ഇളവുചെയ്യുന്നതിനും, ശിക്ഷ മാററിവയ്ക്കുന്നതിനും മററും രാഷ്ട്രപതിക്കു സാധിക്കും.[4] അദ്ദേഹം ഇതു പ്രയോഗിക്കുന്നതു് ഗവർണ്ണർമാക്ക് അനുവദിച്ചിട്ടുള്ള അധികാരങ്ങളെ വിപരീതമായി ബാധിക്കാത്ത വിധത്തിലാണ്. കേന്ദ്രഗവണ്മെൻറിൻെറ നിയമങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന കുററങ്ങൾ,[5] മരണശിക്ഷ, സൈനികകോടതിയുടെ ശിക്ഷ എന്നീ മൂന്നു കാര്യങ്ങളിൽ മാപ്പു നൽകുന്നതിനു് രാഷ്ട്രപതിക്കു കഴിവുണ്ട്.

രാഷ്ട്രപതിക്ക് നിയമനാധികാരങ്ങളും വളരെ ഉണ്ട്. ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രധാനപ്പെട്ട നിയമ

---

1. Article: 56.
2. Article: 61.
3. Article: 57.
4. Article: 72.
5. Article: 73 (1)

നാധികാരങ്ങൾ പറയാം. താഴെപറയുന്നവരെ അദ്ദേഹമാണ് നിയമിക്കുന്നു. (1) ഭാരതത്തിലെ പ്രധാനമന്ത്രിയും സഹപ്രവർത്തകന്മാരും.[1] (2) അറേറാർണി ജനറൽ.[2] (3) കംട്രോളർ—ആഡിററർ ജനറാൾ.[3] (4) സുപ്രീംകോടതി ജഡ്ജിമാർ.[4] (5) ഹൈക്കോടതി ജഡ്ജിമാർ.[5] (6) സംസ്ഥാനഗവർണ്ണർ.[6] (7) യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷൻ.[7] (8) തിരഞ്ഞെടുപ്പു കമ്മിഷൻ.[8] (9) ധനകാര്യകമ്മിഷൻ.[9] (10) ഇന്റർസ്റ്റേററ് കൗൺസിൽ.[10] (11) പിന്നോക്കവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും മററുമായുള്ള പ്രത്യേക ഉദ്യോഗസ്ഥൻ.[11] (12) പട്ടികവിഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ ഭരണറിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള കമ്മിഷൻ.[12] (13) ഔദ്യോഗിക ഭാഷാകമ്മിഷൻ.[13]

സൈന്യങ്ങളെ സംബന്ധിക്കുന്ന അധികാരങ്ങളും രാഷ്ട്രപതിയിൽ നിക്ഷിപ്തമായിട്ടുണ്ട്. ഭാരതത്തിലെ രാജ്യരക്ഷാസേനകളുടെ പരമസേനാനി അദ്ദേഹമാണ് എന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഭരണഘടനയിൽ അതുസംബന്ധിച്ചുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. രാജ്യരക്ഷാസേനകളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങൾക്കും ഉള്ള നിയമനിർമ്മാണാധികാരം പാർലിമെന്റിനു പ്രത്യേകമായി നീക്കിവച്ചിരിക്കുന്നു. രാജ്യരക്ഷ, രാജ്യരക്ഷയ്ക്കുള്ള സന്നാഹങ്ങൾ, യുദ്ധകാലത്ത് യുദ്ധത്തിന്റെ വിജയകരമായ പരിസമാപ്തിക്കുവേണ്ടിയുള്ള

---

1. Article: 75. (1)
2. Article: 76. (1)
3. Article: 148. (1)
4. Article: 124. (2)
5. Article: 217. (1)
6. Article: 155.
7. Article: 316. (1)
8. Article: 324. (2)
9. Article: 280. (1)
10. Article: 263
11. Article: 338. (1)
12. Article: 339 (1)
13. Article: 344. (1)

കർത്തവ്യങ്ങൾ, യുദ്ധത്തിനുശേഷം പടപിരിക്കൽ എന്നിവ സംബന്ധിച്ചുള്ള നിയമനിർമ്മാണാധികാരം പാർലിമെൻറിനാണു നല്കിയിരിക്കുന്നതു്.[1] കരസൈന്യം, നാവികസൈന്യം, വിമാനസൈന്യം തുടങ്ങിയ സായുധസേനാവിഭാഗങ്ങളെയും ഇതിൻെറ പരിധിയിൽ പെടുത്തിയിട്ടുണ്ടു്.[2] യുദ്ധവും സമാധാനവും ഇതിൽ നിന്നൊഴിവാക്കിയിട്ടില്ല.[3] യുദ്ധപ്രഖ്യാപനം ചെയ്യുന്നതിനോ, പാർലിമെൻറിന്റെ അനുമതി കൂടാതെ സൈന്യത്തെ യുദ്ധത്തിനുവേണ്ടി ഉപയോഗിക്കാനോ, അനുമതി പ്രതീക്ഷിച്ചുകൊണ്ടു് അങ്ങിനെ ചെയ്യുന്നതിനോ രാഷ്ട്രപതിക്കു സാധിക്കുന്നതല്ല. അടിയന്തിരാധികാരമായിട്ടും രാഷ്ട്രപതിക്കു് അതിനു കഴിയുന്നതല്ല. അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡൻറിനൊ, ഇംഗ്ലണ്ടിലെ രാജാവിനോ ഉള്ള അധികാരങ്ങളുമായി താരതമ്യപ്പെടുത്തിയാൽ നമ്മുടെ രാഷ്ട്രപതിയുടെ അധികാരപ്രയോഗസ്വാതന്ത്ര്യം കുറവാണെന്നു കാണാൻ വിഷമമില്ല.

നിയമനിർമ്മാണാധികാരങ്ങളുടെ കാര്യത്തിൽ രാഷ്ട്രപതിയുടെ സ്വാധീനം സാമാന്യം വിപുലമാണു്. ഭാരതപാർലിമെൻറിൻെറ ഒരു അവിഭാജ്യഘടകമാണു് അദ്ദേഹം. അദ്ദേഹത്തിനുള്ള, നിയമനിർമ്മാണവുമായി ബന്ധപ്പെട്ട ചില അധികാരങ്ങൾ ചുരുക്കത്തിൽ താഴെ പറയുന്നവയാണു്. (1) പാർലിമെൻറിൻെറ സഭകൾവിളിച്ചുകൂട്ടാനും നിർത്തിവയ്ക്കാനും പിരിച്ചുവിടാനും ഉള്ള അധികാരം. അദ്ദേഹത്തിനു യുക്തമെന്നു തോന്നുന്ന കാലത്തു്, യുക്തമെന്നു കരുതുന്ന സ്ഥലത്തു് അവ സമ്മേളിക്കുന്നതിനു് ആവശ്യപ്പെടാം.[4] (2) ജനസഭയിലേക്കുള്ള

1. Entry 1 of List II
2. Entry 2 of List I
3. Entry 15 of List I
4. Article: 85 as substituted by Constitution (First Amendment) Act 1951—S 6

തിരഞ്ഞെടുപ്പുകഴിഞ്ഞു് സഭ ഇദംപ്രഥമമായി സമ്മേളിക്കുമ്പോഴും ഓരോ ആണ്ടിലും സഭ ആദ്യമായി ചേരുമ്പോഴും സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതിനു് രാഷ്ട്രപതിക്കു് അവകാശമുണ്ടായിരിക്കും.[1] (3) പാർലിമെൻറിൻെറ ഏതെങ്കിലും ഒരു സഭയേയോ, സംയുക്തസമ്മേളനത്തേയോ രാഷ്ട്രപതിക്കു് അഭിസംബോധനചെയ്യുന്നതിനു സാധിക്കുന്നതാണു്. ആ സന്ദർഭത്തിൽ സാമാജികന്മാർ സന്നിഹിതരാകുവാൻ അദ്ദേഹത്തിനു് ആജ്ഞാപിക്കാം. അതുപോലെ തന്നെ പാർലിമെൻറിൻെറ പര്യാലോചനയിലിരിക്കുന്ന ഒരു ബില്ലിനേയോ മററു സംഗതികളേയോ സംബന്ധിച്ചു് രാഷ്ട്രപതിക്കു് ഒരു സന്ദേശം അയക്കാവുന്നതാണു്. ആ സന്ദേശത്തെ എത്രയും നേരത്തെ സഭ ആലോചനാവിഷയമാക്കേണ്ടതുമാണു്.[2] (4) പാർലിമെൻറു് ആലോചിച്ചു തീരുമാനമെടുക്കുന്നതിലേയ്ക്കു് ചില റിപ്പോർട്ടുകളും പ്രസ്താവനകളും സഭയിൽ സമർപ്പിക്കുന്നതിനു് രാഷ്ട്രപതിക്കു് അധികാരമുണ്ടു്. ബഡ്ജററു്,[3] കംട്രോളർ ആഡിററർ ജനറാളിൻെറ റിപ്പോർട്ടു്,[4] ധനകാര്യക്കമ്മിഷൻെറ ശുപാർശകൾ,[5] യൂണിയൻ പബ്ളിക്കു്സർവ്വീസ് കമ്മിഷൻെറ വാർഷികറിപ്പോർട്ടു്,[6] പട്ടികജാതിക്കാരുടെയും വർഗ്ഗങ്ങളുടെയും ക്ഷേമത്തിനുവേണ്ടിയുള്ള പ്രത്യേകോദ്യോഗസ്ഥൻെറ റിപ്പോർട്ടു്,[7] പിന്നാക്കസമുദായക്കമ്മിഷൻെറ റിപ്പോർട്ടു്[8] തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നുണ്ടു്. (5) ചില ബില്ലുകൾ അവതരിപ്പിക്കുന്നതിനു് രാഷ്ട്രപതിയുടെ പ്രത്യേകാനുമതി ആവശ്യമാണു്. സംസ്ഥാനങ്ങളുടെ അതിർത്തികൾ വ്യത്യാസപ്പെടുത്തി പുതിയ സംസ്ഥാനം

---

1. Article: 87 as amended
2. Article: 86.
3. Articles 112 (1) & 115 (1)
4. Article: 151 (1)
5. Article 281.
6. Article 323 (1)
7. Article: 338 (2)
8. Article: 340 (3)

സൃഷ്ടിക്കുന്നതിനോ, നിലവിലുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ പേരു മാററുന്നതിനോ ഉള്ള ഒരു ബില്ല് അവതരിപ്പിക്കുന്നതു് രാഷ്ട്രപതിയുടെ അനുമതിയോടുകൂടിവേണം.[1] ധനകാര്യബില്ലുകൾ രാഷ്ട്രപതിയുടെ ശുപാർശ കൂടാതെ പാർലിമെന്റിൽ അവതരിപ്പിക്കുകയോ ആലോചനയ്ക്കു് എടുക്കുകയോ ചെയ്തുകൂടാ.[2] സംസ്ഥാനങ്ങളുടെ നികുതിവരുമാനത്തെ ബാധിക്കുന്ന ബില്ലോ നിയമങ്ങളുടെ ഭേദഗതികളോ അവതരിപ്പിക്കുന്നതിനും അനുവാദം നേരത്തെ വാങ്ങിയിരിക്കണം.[3] ഒരു സംസ്ഥാനത്തിനുള്ളിലോ പുറത്തോ സംസ്ഥാനങ്ങൾ തമ്മിലോ കച്ചവടം നടത്തുന്നതിൽ നിയന്ത്രണം വരുത്തുന്ന സംസ്ഥാനനിയമസഭയിലെ ബില്ലുകൾക്കു് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുവാദം ലഭിച്ചിരിക്കേണ്ടതാണു്. അല്ലാതെ ആ ആവശ്യങ്ങൾക്കുവേണ്ടി ഏതെങ്കിലും ബില്ലോ നിയമഭേദഗതിയോ അവതരിപ്പിക്കുവാൻ പാടില്ല.[4] (6) പാർലിമെൻറിൽ ഒരു ബില്ല് പാസ്സായിക്കഴിഞ്ഞാൽ അതിനു് രാഷ്ട്രപതിയുടെ അംഗീകാരംകൂടി ലബ്ധമായശേഷമേ നിയമമായിത്തീരൂ. അതിലേക്കു് അദ്ദേഹത്തിനു സമർപ്പിക്കുന്ന ബില്ലുകൾക്കു് അംഗീകാരം നൽകുകയോ അതു നൽകാതെ തടഞ്ഞുവയ്ക്കുകയോ ചെയ്യുവാൻ രാഷ്ട്രപതിക്കു സ്വാതന്ത്ര്യമുണ്ടു്.[5] (7) പാർലിമെൻറു് സമ്മേളിച്ചിട്ടില്ലാത്ത കാലഘട്ടങ്ങളിൽ അമാന്തം കൂടാതെ നടപടികൾ സ്വീകരിക്കേണ്ട കാര്യങ്ങൾ സാഞ്ജാതമായിരിക്കുന്നതായി രാഷ്ട്രപതിക്കു ബോദ്ധ്യപ്പെട്ടാൽ, അതിനു് ഓർഡിനൻസുകൾ പുറപ്പെടുവിക്കുവാൻ അദ്ദേഹത്തിനു് അധികാരമുണ്ടു്.[6] ഇങ്ങനെ പുറപ്പെ

---

1. Article: 3
2. Article: 117.
3. Article: 274 (1)
4. Article: 304.
5. Article: 111
6. Article: 123

ട്ടവിക്കുന്ന ഓർഡിനൻസുകൾക്ക്, പാർലിമെന്റ് പാസ്സാക്കിയിട്ടുള്ള നിയമംപോലെയുള്ള ശക്തി ഉണ്ടായിരിക്കും.

ഭാരതവും വിദേശങ്ങളുമായുള്ള ബന്ധങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ രാഷ്ട്രപതിയുടെ ചുമതലയിലുണ്ട്. വിദേശകാര്യങ്ങൾ, നയതന്ത്രം, വാണിജ്യം തുടങ്ങിയവയ്ക്കായുള്ള പ്രതിനിധികളുടെ നിയമനങ്ങൾ, ഐക്യരാഷ്ട്ര സംഘടനയുമായുള്ള ബന്ധങ്ങൾ, അന്താരാഷ്ട്രീയ സമ്മേളനങ്ങളിലും സംഘടനകളിലും ഉള്ള സഹകരണം, അവയുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങൾക്ക് നിയമനിർമ്മാണാധികാരം പാർലിമെന്റിനാണു നൽകിയിരിക്കുന്നത്.[1] എന്നാൽ ഇക്കാര്യങ്ങളൊക്കെ സമാരംഭിക്കുന്നതിന് പാർലിമെൻറിനു സാധിക്കുന്നില്ല. മററു രാജ്യങ്ങളുമായി ഉടമ്പടികളും കരാറുകളും മററും ഒപ്പുവയ്ക്കുന്നതിനുവേണ്ടി ആലോചനകൾ നടത്തുന്നതിനു മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതു് രാഷ്ട്രപതിയും മന്ത്രിമാരുമാണു്. വിദേശങ്ങളിൽ ഭാരതപ്രതിനിധികളെ നിയമിക്കുന്നതും, ഭാരതത്തിൽ വരുന്ന വിദേശ പ്രതിപുരുഷന്മാരുടെ അധികാരപത്രങ്ങൾ സ്വീകരിക്കുന്നതും രാഷ്ട്രപതിതന്നെ.

അടിയന്തിരകാലഘട്ടങ്ങളിൽ കരണീയങ്ങളായ കാര്യങ്ങൾ ചെയ്യുന്നതിന് രാഷ്ട്രപതിക്ക് വിപുലമായ അധികാരങ്ങൾ ഉണ്ട്. യുദ്ധംമൂലമോ പുറമേനിന്നുള്ള ആക്രമണംകൊണ്ടോ, ആഭ്യന്തരകലാപത്താലോ ഭാരതത്തിലാകമാനമോ, അതിന്റെ ഏതെങ്കിലും ഭാഗത്തോ അടിയന്തിരാവസ്ഥ ഉണ്ടാകാം. ഭാരതത്തിന്റെ പൊതുവേയോ അല്ലെങ്കിൽ ഭാരതത്തിന്റെ ഏതെങ്കിലും ഭാഗത്തിൻേറയോ ഭദ്രതയ്ക്കു ഭംഗം സംഭവിച്ചേക്കുമെന്നു് രാഷ്ട്രപതിക്കു വിശ്വാസമായാൽ അദ്ദേഹത്തിന് അടിയന്തി

1. Entries 10, 11, 12, 13 & 14 of List I.

രാവസ്ഥ പ്രഖ്യാപിക്കാൻ കഴിയും.[1] അതിന് കുഴപ്പങ്ങൾ സംഭവിച്ചുകഴിയണമെന്നില്ല; ആസന്നമായിരിക്കുന്നു എന്ന വിശ്വാസത്തിലും പ്രഖ്യാപനം നടത്താവുന്നതാണ്. ഒരു സംസ്ഥാനത്തിലെ ഗവർണ്ണറിൽ നിന്നു് അവിടെ വ്യവസ്ഥാപിതഭരണം സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ കഴിവില്ലാത്ത അവസ്ഥ സംഭവിച്ചിരിക്കുന്നതായുള്ള റിപ്പോർട്ട ലഭിക്കുമ്പോൾ, ഒരു പ്രഖ്യാപനംമൂലം അവിടത്തെ ഭരണം രാഷ്ട്രപതിക്ക് ഏറ്റെടുക്കുന്നതിനു് അധികാരമുണ്ടു്.[2] ഭരണഘടനയിലെ നിബന്ധനകൾ അനുസരിച്ചു് കേന്ദ്രത്തിന്റെ ഭരണനിയ്യന്ത്രണാധികാരം പ്രയോഗിക്കുന്നതിനു നല്കിയിട്ടുള്ള ഉത്തരവുകൾ ഏതെങ്കിലും സംസ്ഥാനം അനുസരിക്കാതിരുന്നാൽ സംസ്ഥാനത്തിലെ ഭരണം സുഗമമായി നടത്താൻ കഴിവില്ലാത്ത അവസ്ഥ അവിടെ സംഭവിച്ചിരിക്കുന്നതായി പ്രഖ്യാപിക്കാവുന്നതാണ്.[3] അടിയന്തിരാവസ്ഥ സാമ്പത്തികമായ കാരണങ്ങളാലും സംജാതമാകാം.[4] ഈ വ്യവസ്ഥകൾ കാഷ്മീറിനെ ഇതേനിലയിൽ ബാധിക്കുന്നതല്ല എന്നു് ഓർമ്മിക്കേണ്ടതാണ്.[5]

അടിയന്തിരാവസ്ഥാപ്രഖ്യാപനത്തെ പിന്നീടൊരു പ്രഖ്യാപനംകൊണ്ടു റദ്ദുചെയ്യാവുന്നതാകുന്നു. അടിയന്തിരാവസ്ഥാപ്രഖ്യാപനം കഴിയുന്നതും നേരത്തെ പാർലിമെൻറിൽ സമർപ്പിക്കേണ്ടതാണ്. പ്രഖ്യാപനമുണ്ടായതിനുശേഷം രണ്ടു മാസം കഴിയുന്നതിനുമുമ്പു് ഇരുസഭകളും അതു് അംഗീകരിക്കാതിരുന്നാൽ അതു് സ്വയം അസാധുവായിത്തീരും. പാർലിമെൻറു് പിരിച്ചുവിട്ടിരിക്കുകയോ അല്ലെങ്കിൽ പാർലിമെൻറു്

---

1. Article 352
2. Article 356
3. Article 365
4. Article 360
5. Constitution (Application to Jammu & Kashmir) Order 1954

തിജ്ഞചെയ്യുന്നതു് ധാർമ്മികമായ ഉത്തരവാദിത്വം സംജാതമാക്കുന്നതിനാണു്. നിയമപരമായ ബാദ്ധ്യത വർദ്ധിപ്പിക്കുകയോ, ഭരണഘടനമൂലമുള്ള ഉത്തരവാദിത്വങ്ങൾ വിപുലപ്പെടുത്തുകയോ അതുകൊണ്ടു ചെയ്യുന്നില്ല.[1]

ഭരണഘടനയെ ലംഘിക്കുന്നതായാൽ അതിനു് രാഷ്ട്രപതിയെ വിസ്തരിക്കുന്നതിനും ഏർപ്പാടുകൾ ഭരണഘടനയിൽ ചെയ്തിരിക്കുന്നു.[2] അതിനു് കുററാരോപണം പാർലിമെൻറിന്റെ ഏതെങ്കിലും സഭയിൽ ഹാജരാക്കാവുന്നതാണു്. ആ സഭയിലെ ആകെയുള്ള അംഗങ്ങളിൽ നാലിൽ ഒരു ഭാഗത്തിൽ കുറയാതെ അംഗങ്ങൾ എഴുതി ഒപ്പിട്ടു് ആ നിശ്ചയം അവതരിപ്പിക്കുവാനുള്ള ഉദ്ദേശം ചുരുങ്ങിയതു് പതിന്നാലുദിവസം മുമ്പു് അറിയിച്ചിരിക്കണം. ആ നിശ്ചയം സഭയിലെ ആകെയുള്ള സാമാജികന്മാരിൽ കുറഞ്ഞതു് മൂന്നിൽ രണ്ടുഭാഗം ഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെടേണ്ടതാണു്. അതിനുശേഷം മാത്രമേ കുററാരോപണം ഗൗനിക്കപ്പെടുകയുള്ളു. പാർലിമെൻറിന്റെ ഏതെങ്കിലും സഭ അങ്ങിനെ കുററാരോപണം നടത്തിയാൽ, മറേറ സഭ അതിനെപ്പററി അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതാണു്. അങ്ങിനെയുള്ള വിചാരണയിൽ രാഷ്ട്രപതിക്കു് നേരിട്ടോ, പ്രതിനിധിമൂലമോ ഹാജരാകുന്നതിനു് അവകാശമുണ്ടായിരിക്കും. വിചാരണക്കുശേഷം അതു നടത്തിയ സഭയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാതെയുള്ള ഭൂരിപക്ഷം രാഷ്ട്രപതിയുടെ മേൽ ചുമത്തിയിട്ടുള്ള ആരോപണങ്ങൾ ശരിവയ്ക്കുന്നപക്ഷം, കുററം യഥാർത്ഥമായിട്ടുള്ളതാണെന്നു പ്രഖ്യാപിക്കുന്നതായിരിക്കും. അന്നുമുതൽ രാഷ്ട്രപതിയെ നീക്കംചെയ്യുകയെന്നുള്ളതാണു് അതിൻെറ ഫലം.

---

1. Willoughby· Constitutional Law of United States Vol-3
2. Article: 61·

രാഷ്ട്രപതിയുടെ ഔദ്യോഗികകാലാവധി കഴിയുന്ന തിനുമുമ്പ് പുതിയ രാഷ്ട്രപതിയെ തിരഞ്ഞെടുക്കേണ്ട താണ്. മരണം, രാജി, നീക്കൽ തുടങ്ങിയ കാരണങ്ങളാൽ ഒഴിവുണ്ടായാൽ കഴിയുന്നതും വേഗം തിരഞ്ഞെടുപ്പു നടത്ത ണം. യാതൊരു കാരണവശാലും തിരഞ്ഞെടുപ്പ് ഒഴിവു ണ്ടായതുമുതൽ ആറുമാസത്തിൽ കവിയുവാൻ അനുവദിച്ചു കൂടാ. അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ട ആളിന് അഞ്ചുകൊ ല്ലത്തേക്ക് ഉദ്യോഗത്തിൽ തുടരാം.[1]

ഉപരാഷ്ട്രപതി

രാഷ്ട്രപതിയെക്കൂടാതെ ഭാരതത്തിൽ ഒരു ഉപരാഷ്ട്ര പതികൂടി ഉണ്ടായിരിക്കുന്നതാണെന്ന് ഭരണഘടനയിൽ വ്യവ സ്ഥചെയ്തിരിക്കുന്നു.[2] അദ്ദേഹം രാജ്യസഭയുടെ എക്സ്അ ഫിഷ്യോ അദ്ധ്യക്ഷൻകൂടിയായിരിക്കും. മറ്റേതെങ്കിലും ആദാ യമുള്ള ഔദ്യോഗികസ്ഥാനം അദ്ദേഹം കയ്യേല്ക്കുന്നതല്ല.[3] രാഷ്ട്രപതിയുടെ അഭാവത്തിൽ ഉപരാഷ്ട്രപതി, രാഷ്ട്ര പതിയായി ജോലിനോക്കുമ്പോൾ രാജ്യസഭയുടെ അദ്ധ്യക്ഷനാ യിരിക്കുന്നതല്ലതാനും. അപ്പോൾ രാജ്യസഭാദ്ധ്യക്ഷൻെറ ശമ്പ ളമോ പടിയോ ഒന്നും അദ്ദേഹം അവകാശപ്പെട്ടുകൂടാ. മരണം, രാജി, നീക്കംചെയ്യൽ തുടങ്ങിയ കാരണങ്ങളാൽ രാഷ്ട്രപതി സ്ഥാനത്ത് ഒഴിവുണ്ടാകുമ്പോൾ ഉപരാഷ്ട്രപതി, പുതിയ രാഷ്ട്രപതി ജോലിയിൽ പ്രവേശിക്കുന്നതുവരെ, രാഷ്ട്രപതി യുടെ കത്തവ്യങ്ങൾ നിറവേററുന്നതാണ്. അനാരോഗ്യം നിമി ത്തമോ മററോ രാഷ്ട്രപതിക്ക് സ്വകൃത്യങ്ങൾ നിർവഹി ക്കുന്നതിനു സാധിക്കാതെവരുന്ന സാഹചര്യങ്ങളിലും ഉപരാ ഷ്ട്രപതി ആ സ്ഥാനം ഏറെറടുക്കുന്നതാണെന്നു വ്യവസ്ഥ

1. Article: 62
2. Article: 63
3. Article: 64

യുണ്ട്.[1] ഈ സന്ദർഭങ്ങളിൽ അദ്ദേഹത്തിനു രാഷ്ട്രപതിയുടെ സകല അധികാരങ്ങളും പ്രയോഗിക്കാവുന്നതും രാഷ്ട്രപതിക്കു നൽകിയിട്ടുള്ള സകല സംരക്ഷണങ്ങളും സ്വീകരിക്കാവുന്നതുമാണെന്നു പറയേണ്ട കാര്യമില്ലല്ലോ.

ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിനു മത്സരിക്കുന്നതിന് ഒരു ഭാരതീയപൗരനു മാത്രമേ സാധിക്കുകയുള്ളു. അയാൾക്കു മുപ്പത്തിയഞ്ചു വയസ്സ് തികഞ്ഞിരിക്കണം. രാജ്യസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതിന് ഒരാൾക്കു വേണ്ട യോഗ്യതകളെല്ലാം വേണംതാനും. കേന്ദ്രഗവണ്മെന്റിൽ നിന്നോ സംസ്ഥാനഗവണ്മെൻറിൽനിന്നോ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ ആദായം സ്വീകരിക്കുന്ന ഔദ്യോഗിക സ്ഥാനത്തിലിരിക്കുന്ന ഓരാൾക്കു ഉപരാഷ്ട്രപതിസ്ഥാനത്തിനു മത്സരിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.[2]

ഉപരാഷ്ട്രപതി പാർലിമെൻറിലെ ഏതെങ്കിലും സഭയിലെ അംഗമോ സംസ്ഥാനനിയമസഭാസാമാജികനോ ആയിരിക്കുവാൻ പാടില്ല. അങ്ങിനെയുള്ള ആരും ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടാൽ സഭയിലെ സാമാജികത്വം സ്വയം അദ്ദേഹം ഒഴിഞ്ഞതായി പരിഗണിക്കുന്നതായിരിക്കും.

പാർലിമെൻറിന്റെ ഇരുസഭകളിലേയും അംഗങ്ങൾ ഒരുമിച്ചു ചേരുന്ന സമ്മേളനത്തിൽവച്ചാണ് ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പ്. ആനുപാതിക പ്രാതിനിധ്യവ്യവസ്ഥയോടുകൂടിയ കൈമാററാവുന്ന ഒററ വോട്ടിൻെറ അടിസ്ഥാനത്തിൽ രാജ്യസഭയുടേയും ലോക്സഭയുടേയും ഒരു സംയുക്ത

---

1. Article: 65   2. Article: 66

യോഗത്തിൽ രഹസ്യബാലട്ട് ഉപയോഗിച്ച് തിരഞ്ഞെടുപ്പു നടക്കുന്നു. സംസ്ഥാനനിയമസഭകൾക്ക് ഇതിൽ നേരിട്ട് പങ്കൊന്നുമില്ല. രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പിൽനിന്നു അങ്ങിനെ ഇതു ഭിന്നമായിരിക്കുന്നു.

ജോലിയിൽ പ്രവേശിച്ച നാൾതൊട്ട് അഞ്ചു കൊല്ലം തികയുന്നതുവരെ ഉപരാഷ്ട്രപതി ഉദ്യോഗം വഹിക്കുന്നതാണ്. അദ്ദേഹത്തിനു് കാലാവധി തീരുന്നതിനുമുമ്പ് സ്ഥാനം രാജി വയ്ക്കാം.[1] രാജി രേഖാമൂലം രാഷ്ട്രപതിയെ അറിയിക്കണം എന്നാണു വ്യവസ്ഥ. രാജ്യസഭയിൽ അപ്പോൾ അംഗങ്ങളായുള്ളവരിൽ ഭൂരിപക്ഷം അനുകൂലിച്ച് ഒരു പ്രമേയം പാസ്സാക്കിയതിനോട്, ലോക്സഭയും അനുകൂലിക്കുന്നപക്ഷം ഉപരാഷ്ട്രപതിയെ ആ സ്ഥാനത്തുനിന്നു നീക്കം ചെയ്യാവുന്നതാണ്. എന്നാൽ ഇത്തരം പ്രമേയം അവതരിപ്പിക്കുന്നതിനുള്ള ഉദ്ദേശത്തെപ്പററി കുറഞ്ഞതു് പതിന്നാലുദിവസത്തെ നോട്ടീസ് നല്കിയിരിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞാൽ തന്നെയും തൻെറ പിൻഗാമി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതുവരെ ഉപരാഷ്ട്രപതി അതേനിലയിൽ തുടരുന്നതായിരിക്കും.

ഉപരാഷ്ട്രപതി സ്ഥാനം ഏറെറടുക്കുന്നതിനു മുമ്പ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന മററാരുടെയെങ്കിലുമോ മുമ്പിൽ സത്യപ്രതിജ്ഞചെയ്യേണ്ടതാണ്.[2] ഉപരാഷ്ട്രപതിയുടെ കാലാവധി കഴിഞ്ഞു് ഉദ്യോഗത്തിൽനിന്നു് അദ്ദേഹം വിരമിക്കുന്നതിനു മുമ്പ് പുതിയ ഉപരാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പു നടത്തേണ്ടതാണ്.[3] മരണം, രാജി, നീക്കൽ തുടങ്ങിയ കാരണ

---

1. Article: 67. 2. Article: 69.
3. Article: 68.

ങ്ങളാൽ ഉണ്ടായിത്തീരുന്ന ഒഴിവിലേക്ക് കഴിയുന്നത്ര നേരത്തെ തിരഞ്ഞെടുപ്പു നടത്തണം. ആ തിരഞ്ഞെടുപ്പുകഴിഞ്ഞു് ഉദ്യോഗത്തിൽ പ്രവേശിക്കുന്ന ആറം, അന്നു മുതൽ അഞ്ചു കൊല്ലത്തേയ്ക്കു് തുടരുന്നതായിരിക്കും.

രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പു സംബന്ധിച്ച് ഉണ്ടായേക്കാവുന്ന എല്ലാ സംശയങ്ങളും തക്കങ്ങളും അന്വേഷിക്കുന്നതും തീരുമാനിക്കുന്നതും സുപ്രീംകോടതിയാകുന്നു. കോടതിയുടെ തീരുമാനം അവസാനത്തേതായിരിക്കുമെന്നുമാണു വ്യവസ്ഥ.[1] തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടവും നിയന്ത്രണവും മററും നിർവ്വഹിക്കുന്നതു് ഇലക്ഷൻ കമ്മിഷനാണു്. തക്കങ്ങളും സംശയങ്ങളും ഉണ്ടാകുമ്പോൾ മാത്രമേ സുപ്രീംകോടതിയുടെ അധികാരം കടന്നുവരുകയുള്ളു. സുപ്രീംകോടതിയുടെ ഒരു വിധികൊണ്ടു് രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തിരഞ്ഞെടുപ്പു് അസാധുവായി പരിണമിക്കുന്നതായാൽ, അവർ ഉദ്യോഗത്തിലിരുന്നകാലത്തു നടത്തിയിട്ടുള്ള ഔദ്യോഗികകൃത്യങ്ങളൊന്നും അസാധുവായിത്തീരുകയില്ല.

അമേരിക്കൻ ഐക്യനാട്ടിലെ പ്രസിഡൻറിൻെറ മാതൃക സ്വീകരിച്ചാണു് നമ്മുടെ രാഷ്ട്രപതിയുടെ സൃഷ്ടിയെന്നു പറയാം. എന്നാൽ അധികാരവ്യാപ്തിയിലും അവയുടെ പ്രയോഗത്തിലും ഐക്യനാട്ടിലെ പ്രസിഡൻറും ഭാരതത്തിലെ രാഷ്ട്രപതിയും തമ്മിൽ സാരമായ പല വ്യത്യാസങ്ങളും ഉണ്ടു്. അമേരിക്കൻ പ്രസിഡൻറു് ഭരണനിർവ്വഹണവകുപ്പിൻെറ (എക്സിക്യൂട്ടീവിൻെറ) യഥാത്ഥ മേധാവിയാണു്. ഭരണഭാരം മുഴുവൻ അദ്ദേഹത്തിൽ നിക്ഷിപ്തവുമാണു്.

---

1. Article: 71.

നമ്മുടെ രാഷ്ട്രപതി, ഇംഗ്ലണ്ടിലെ രാജാവിനെപ്പോലെ വ്യവസ്ഥാപിതഭരണമേധാവി മാത്രമാകുന്നു. ഭാരതജനതതിയേയും രാഷ്ട്രത്തേയും പ്രതിനിധീകരിക്കുന്നെങ്കിലും അദ്ദേഹം ഭരിക്കുന്നു എന്നു പറയാവുന്നതല്ല. അമേരിക്കൻ പ്രസിഡന്റിന്റെ കീഴിൽ ഓരോ ഭരണവകുപ്പിൻെറയും ചുമതല വഹിക്കുന്ന ഓരോ സ്റ്റേററു് സെക്രട്ടറിമാർ ഉണ്ടു്. അവർക്കു് പ്രസിഡൻറിനെ ഉപദേശിക്കാം. പക്ഷേ ആ ഉപദേശം അദ്ദേഹം സ്വീകരിക്കണമെന്നില്ല. ഭാരതത്തിലാണെങ്കിൽ, സെക്രട്ടറിമാരുടെ സ്ഥാനത്തു് മന്ത്രിമാരാണുള്ളതു്. അവരുടെ ഉപദേശവും സഹായവും സ്വീകരിച്ചാണു് രാഷ്ട്രപതി കർത്തവ്യങ്ങൾ നിറവേററുന്നതു്. നമ്മുടെ മന്ത്രിമാരുടെ ഉത്തരവാദിത്വം പാർലിമെൻറിനോടാണു്; രാഷ്ട്രപതിയോടല്ല. പാർലിമെൻറിൽ അവർക്കുള്ള പിൻതുണയും ഭൂരിപക്ഷവും നിലനില്ക്കുന്നിടത്തോളം കാലം അവരെ നീക്കുവാൻ രാഷ്ട്രപതി ശ്രമിക്കയില്ല. അമേരിക്കയിൽ സെക്രട്ടറിമാരെ പ്രസിഡൻറിനു് യുക്തംപോലെ നിയമിക്കുകയും നീക്കുകയും ചെയ്യാം. അതിനു് അനിഷേധ്യമായ അധികാരം അദ്ദേഹത്തിനുണ്ടു്. സെക്രട്ടറിമാർക്കു് പ്രസിഡൻറിനോടല്ലാതെ അമേരിക്കൻ കോൺഗ്രസ്സിനോടോ സെനററിനോടോ യാതൊരു ഉത്തരവാദിത്വവുമില്ല.

അമേരിക്കൻ നിർവ്വഹണവിഭാഗം (എക്സിക്യൂട്ടിവ്) നിയമനിർമ്മാണസമിതിയിൽ നിന്നു വേർപെട്ടു് വിഭിന്നമായി നില്ക്കുന്നു. പ്രസിഡൻറും സെക്രട്ടറിമാരും നിയമസഭയിലെ സാമാജികന്മാരല്ല. ഭാരതത്തിലെ സ്ഥിതി ഇതിൽനിന്നു ഭിന്നമാണെന്നു പറയേണ്ടല്ലോ. ഇവിടുത്തെ മന്ത്രിമാർ പാർലിമെൻറംഗങ്ങളായിരുന്നെങ്കിലേ തുടർച്ചയായി ഉദ്യോഗത്തിൽ ഇരിക്കുവാൻ സാധിക്കൂ. അവർ സഭാനടപടികളിൽ പങ്കുകൊള്ളുകയും വോട്ടുചെയ്യുകയും ചെയ്യുന്നു.

ജനായത്തപരമായ നിർവ്വഹണവിഭാഗത്തിനു് (എക്സിക്യൂട്ടീവിനു്) പാർലിമെൻറിൽ ഭൂരിപക്ഷത്തിൻെറ പിൻതുണയില്ലെങ്കിൽ ഉദ്യോഗമൊഴിഞ്ഞുകൊടുക്കേണ്ടിവരും. എന്നാൽ മാററാൻ പാടില്ലാത്ത എക്സിക്യൂട്ടീവിൻെറ കാര്യം ഇങ്ങനെയല്ല. സ്വിററ്സർലൻഡിലേയും അമേരിക്കൻ ഐക്യനാട്ടിലേയും എക്സിക്യൂട്ടീവ് ഇത്തരത്തിൽപെടുന്നവയാണു്. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ ഉദ്യോഗകാലാവധി കഴിയുന്നതുവരെ പ്രസിഡൻറ് ആ നിലയിൽ തുടരുന്നതായിരിക്കും. പ്രസിഡൻറിൻെറ ഉത്തരവാദിത്വം ജനങ്ങളോടാണു്; അമേരിക്കൻ കാൺഗ്രസ്സിനോടല്ല. കാൺഗ്രസ്സിൻെറ അവിശ്വാസപ്രമേയം അദ്ദേഹത്തെ ബാധിക്കുകയില്ല. കുററവിചാരണമൂലമല്ലാതെ പ്രസിഡൻറിനെ മാററുവാൻ മാർഗ്ഗമൊന്നുമില്ല. രാഷ്ട്രപതിയെ നീക്കംചെയ്യുവാൻ സാധിക്കുകയില്ലെങ്കിലും മന്ത്രിമാരെ അവിശ്വാസപ്രമേയം മൂലം മാററുവാൻ ഭാരതത്തിൽ സാധിക്കും. പാർലിമെൻറിനോടു പരിപൂർണ്ണമായ ഉത്തരവാദിത്വമുള്ള ഭാരതത്തിലെ നിർവ്വഹണവിഭാഗം (എക്സിക്യൂട്ടീവ്) പ്രജായത്തപരമാണു്; എന്നാൽ സുസ്ഥിരമല്ല. അധികാരകേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം അമേരിക്കൻ ഐക്യനാട്ടിലെ വ്യവസ്ഥിതിയോടും, ജനായത്തസ്വഭാവത്തിൻെറ കാര്യത്തിൽ ബ്രിട്ടീഷ് സമ്പ്രദായത്തോടും നമ്മുടെ എക്സിക്യൂട്ടീവ് സാദൃശ്യം വഹിക്കുന്നു എന്നു വ്യക്തമാണു്.

അദ്ധ്യായം എട്ട്

കേന്ദ്രമന്ത്രിസഭ

രാഷ്ട്രപതിയെ അദ്ദേഹത്തിൻെറ കൎത്തവ്യനിൎവ്വഹണത്തിനു് ഉപദേശിക്കുന്നതിനും സഹായിക്കുന്നതിനുമായി ഒരു മന്ത്രിസഭ ഉണ്ടായിരിക്കുന്നതാണു്. ഈ മന്ത്രിസഭയുടെ തലവൻ പ്രധാനമന്ത്രിയായിരിക്കും.[1] ഇംഗ്ലണ്ടിലെ രാജാവിനെപ്പോലെ വ്യവസ്ഥാപിത ഭരണാധികാരിയായിരിക്കണം രാഷ്ട്രപതിയെന്നാണു് ഭരണഘടനാനിൎമ്മാതാക്കളുടെ ഉദ്ദേശമെന്നു സ്പഷ്ടമാണു്. എന്നാൽ അവിടെ പ്രയോഗത്തിലിരിക്കുന്ന എല്ലാ തത്വങ്ങളും രൂപംകൊടുത്തു് ഭരണഘടനയിൽ ഉൾക്കൊള്ളിക്കുന്നതിനു സാധിക്കുകയില്ലല്ലോ. അവിടെ പലതും വഴക്കങ്ങളും ആചാരങ്ങളും ആയി വിട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ രാജാവിനെപ്പോലെ ഔപചാരികമേധാവിയായിട്ടാണു് നമ്മുടെ രാഷ്ട്രപതി സ്ഥാനം അലങ്കരിക്കുന്നതു്. മന്ത്രിമാർ അദ്ദേഹത്തിനു് ഉപദേശം നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതെന്താണു് എന്നു് ഒരു കോടതിയും അന്വേഷിക്കുന്നതല്ല.

പ്രധാനമന്ത്രിയെ നിയമിക്കുന്നതു് രാഷ്ട്രപതിയാണു്. പ്രധാനമന്ത്രിയുടെ ഉപദേശം സ്വീകരിച്ചു് മന്ത്രിസഭയിലെ മററു് അംഗങ്ങളെ രാഷ്ട്രപതിതന്നെ നിയമിക്കുന്നു. മന്ത്രിസഭയ്ക്കു് ജനസഭയോടു് കൂട്ടുത്തരവാദിത്വമാണു് ഉള്ളതു്. രാഷ്ട്രപതിക്കു തൃപ്തിയുള്ളിടത്തോളംകാലം മന്ത്രിമാർക്കു് ഉദ്യോഗത്തിൽ ഇരിക്കാം. ഒരു മന്ത്രി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതു് രാഷ്ട്രപതിയുടെ മുമ്പിൽ സത്യപ്രതിജ്ഞചെയ്തി

---

1. Article: 74.

ട്ടാണ്. പാർലിമെൻറിന്റെ ഏതെങ്കിലും സഭയിൽ ആറുമാസ കാലത്തേക്ക് തുടർച്ചയായി അംഗമല്ലാതിരിക്കുന്ന ഒരു മന്ത്രിക്ക് മന്ത്രിസ്ഥാനം സ്വയം നഷ്ടമാകുന്നതാകുന്നു.[1]

ഇംഗ്ലണ്ടിൽ പ്രധാനമന്ത്രിയായിരിക്കുന്നതിന് രാജാവു ക്ഷണിക്കുന്നത് കോമൺസ് സഭയിൽ ഏററവും അധികം സ്വാധീനമുള്ള കക്ഷിയുടെ തലവനെയാണ്. ഇതാണ് അവിടുത്തെ കീഴ്നടപ്പ്. അതിനാൽ ആ സഭയിൽ ഭൂരിപക്ഷമുള്ള കക്ഷിക്ക് അവരുടെ നേതാവിനെ പ്രധാനമന്ത്രിയായി വാഴിക്കാൻ അവകാശമുണ്ട്. അദ്ദേഹത്തിന് തൻെറ സഹ മന്ത്രിമാരെയും തിരഞ്ഞെടുക്കാം.[2] ഭാരതത്തിലെ രാഷ്ട്രപതി ഏതു വിധത്തിലാണ് പ്രധാനമന്ത്രിയെ നിശ്ചയിക്കേണ്ടത് എന്ന കാര്യത്തെക്കുറിച്ച് ഭരണഘടന മൗനം ദീക്ഷിക്കുക യാണു ചെയ്തിട്ടുള്ളത്. ഇംഗ്ലണ്ടിലെ വ്യവസ്ഥാപിത ഭരണ ക്രമങ്ങൾ തന്നെയാണ് ഇവിടെയും സ്വീകാര്യമായിരിക്കുന്നത് എന്നുള്ളതിനു തക്കമില്ല. മന്ത്രിസഭയ്ക്കു് ഒററക്കെട്ടായി ജന സഭയോട്ട് ഉത്തരവാദിത്വം ഉള്ളതാകയാൽ ഇംഗ്ലണ്ടിലെ വഴക്കംപോലെയല്ലാതെ ഇവിടെയും മറേറതെങ്കിലും വിധ ത്തിൽ രാഷ്ട്രപതിക്കു പെരുമാറുന്നതിന് വലിയ സ്വാത ന്ത്ര്യമില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പാർലിമെൻറിൽ അംഗമല്ലാത്ത ഒരാളിനെ മന്ത്രിയായി നിയമിക്കുന്നതിനു വ്യവസ്ഥയുണ്ട്. എന്നാൽ മന്ത്രിയായി തീർന്നശേഷം ആറുമാസത്തിനകം അദ്ദേഹം പാർലിമെന്റിലെ അംഗമായിത്തീരാതിരുന്നാൽ മന്ത്രിസ്ഥാനം നഷ്ടപ്പെടുന്ന തായിരിക്കും. ഈ വ്യവസ്ഥമൂലം സമർത്ഥനായ ഒരാളുടെ

---

1. Article: 75.
2. Keith-Constitutional Law-1939.

സേവനം ഗവണ്മെൻറിനു സിദ്ധിക്കുന്നതിന് ഇടനൽകിയിരിക്കുന്നു.

മന്ത്രിമാരുടെ ശമ്പളവും പടിയും മററും പാർലിമെൻറു് നിയമംമൂലം നിശ്ചയിക്കുന്നതാണു്.[1] പാർലിമെൻറിലെ വോട്ടിനു വിധേയമാണു് അവരുടെ ശമ്പളം. ഉത്തരവാദിത്വഭരണത്തിൽ ഇതു് ഒഴിച്ചുകൂടാവുന്നതല്ലല്ലോ.[2]

മന്ത്രിസഭയുടെ തീരുമാനങ്ങൾ രാഷ്ട്രപതിയെ അറിയിക്കുന്നതു് പ്രധാനമന്ത്രിയായിരിക്കും. അതു് അദ്ദേഹത്തിൻെറ കടമയാണു്. യൂണിയനിലെ ഭരണം, നിയമനിർമ്മാണം എന്നിവ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഇതിൽ പെടുന്നുണ്ടു്. തീരുമാനങ്ങൾസംബന്ധിച്ച കൂടുതൽ വിവരങ്ങൾ രാഷ്ട്രപതി ആവശ്യപ്പെട്ടാൽ അവ നല്കാനും പ്രധാനമന്ത്രിക്കു ബാദ്ധ്യതയുണ്ടു്. ഒരു മന്ത്രിയുടെ തീരുമാനം മന്ത്രിസഭയുടെ ആലോചനയ്ക്കു വിഷയമാക്കാതെ എടുത്തിട്ടുള്ളതായാൽ അതു് മന്ത്രിസഭയുടെ പരിചിന്തനത്തിനായി എടുക്കുന്നതിനു് രാഷ്ട്രപതിക്കു നിർദ്ദേശിക്കാൻ കഴിയും. ആ നിർദ്ദേശം നടപ്പിൽ വരുത്തേണ്ടതു് പ്രധാനമന്ത്രിയാണു്.[3]

മന്ത്രിമാർ മൂന്നുതരക്കാരുണ്ടു്. ഒന്നാമത്തെ വിഭാഗത്തിൽപെടുന്നവർ ക്യാബിനററു് അംഗങ്ങളാണു്. മിനിസ്റ്റേഴ്സ് ആഫ് സ്റ്റേററ് എന്നാണു് രണ്ടാമത്തെ വിഭാഗക്കാരെ അറിയുന്നതു്. മൂന്നാമത്തെ വിഭാഗം ഡെപ്യൂട്ടിമന്ത്രിമാരാകുന്നു. ഡെപ്യൂട്ടിമന്ത്രിമാരൊഴിച്ചു് മറെറല്ലാ മന്ത്രിമാർക്കും പ്രതിമാസം രണ്ടായിരത്തിഇരുനൂററിഅൻപതുരൂപാ

---

1. Salaries and Allowances of Ministers Act (L VIII of 1952)
2. Lowell Government of England Vol I p. 347.
3. Article 78

ശമ്പളം ഉണ്ട്. ഡെപ്യൂട്ടിമന്ത്രിമാക്ക് പ്രതിമാസം ആയിരത്തെഴുന്നൂററിഅൻപതുരൂപയാണ്. ഉദ്യോഗകാലത്ത് അവക്കു വാടകകൂടാതെ ഔദ്യോഗിക വസതികഠം ഏർപ്പാടുചെയ്യുന്നതായിരിക്കും. ഔദ്യോഗികകാര്യങ്ങഠംക്കു പോകുമ്പോഠം സഞ്ചാരപ്പടിയും ദിവസപ്പടിയും അവക്ക് ലഭിക്കുന്നതാണ്. സക്കാർ ആശുപത്രികളിൽ മന്ത്രിക്കും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങഠംക്കും സൗജന്യമായ ചികിത്സയ്ക്കും അവകാശമുണ്ട്. മന്ത്രിമാരായിരിക്കുമ്പോഠം അവർക്ക് പാർലിമെൻറ് അംഗമെന്ന നിലയിൽ ശമ്പളം പററുവാൻ കഴിയുകയില്ല.[1]

കേന്ദ്രത്തിലെ മന്ത്രിസഭയാണ് പ്രധാനമായി രാഷ്ട്രത്തിൻെറ പൊതുനയപരിപാടികഠം രൂപീകരിക്കുന്നതു്. വിദേശനയങ്ങളും മററും എപ്രകാരമായിരിക്കണമെന്നും ഏതെല്ലാം രാജ്യങ്ങളുമായി ഉററ സമ്പക്കം പുലത്തണമെന്നും മററും തീരുമാനിക്കുന്നതു മന്ത്രിസഭയാണ്. അതുപോലെ തന്നെ നികുതികഠം ഈടാക്കുന്നതും നിത്തൽ ചെയ്യുന്നതും മാത്രമല്ല, ദേശീയവരുമാനത്തിൻെറ വിനിയോഗവിധവും അവർ തീർച്ചപ്പെടുത്തുന്നു. ബഡ്ജററ് സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതും അവർതന്നെ. ഒരു മന്ത്രിക്കുമാത്രമേ ധനവിനിയോഗബില്ല് പാർലിമെൻറിൽ അവതരിപ്പിക്കുവാൻ കഴിയൂ. അതുപോലെ നിയമനിർമ്മാണത്തേയും മന്ത്രിസഭ നിയന്ത്രിക്കുന്നു എന്നു പറയാം. സുപ്രധാനങ്ങളായ ബില്ലുകഠം മന്ത്രിസഭയുടെ ആഭിമുഖ്യത്തിലാണ് അവതരിപ്പിക്കുന്നതു്. അവർ അംഗങ്ങളായുള്ള കക്ഷിയുടെ നയപരിപാടികഠം അതിൽ പ്രതിഫലിക്കുന്നതുകാണാം. ആ കക്ഷിയുടെ സുദൃഢമായ നിലനില്പിനും യശസ്സിനും ഏകീകരണത്തിനും സഹായകമായ വിധത്തിൽ ആയിരിക്കുമല്ലൊ അവർ അതു

1. Salaries and Allowances of Ministers Act 1952

ചെയ്യുന്നതു്. സ്വകാര്യാംഗങ്ങൾ അവതരിപ്പിക്കുന്ന ബില്ലുകൾ മന്ത്രിസഭയുടെ ആനുകൂല്യം ഇല്ലാതിരുന്നാൽ പാസ്സാകുവാൻ സാദ്ധ്യതയില്ല.

ഭരണവകുപ്പുകളുടെ ചുമതല മന്ത്രിമാരിലാണു നിക്ഷിപ്തമായിരിക്കുന്നതെന്നു മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. അതിനാൽ മന്ത്രിസഭ പൊതുവിൽ രാജ്യത്തിൻെറ ഭരണം സ്വാധീനത്തിൽ വച്ചുകൊണ്ടിരിക്കുന്നു എന്നു സ്പഷ്ടമാണു്. മന്ത്രിസഭയുടെ ഏതെങ്കിലും തീരുമാനത്തോടു വിയോജിപ്പുള്ള മന്ത്രിക്കു് രാജിവയ്ക്കുകയല്ലാതെ കരണീയമായി മറെറാന്നുമില്ല. ഒരു നിയമം പാസ്സാക്കുവാൻ മാത്രമല്ല അതു ഏതുവിധത്തിൽ പ്രയോഗത്തിൽ കൊണ്ടുവരണമെന്നും മന്ത്രിസഭയ്ക്കു തീരുമാനിക്കുവാൻ കഴിവുണ്ടു്. ചുരുക്കത്തിൽ മന്ത്രിസഭയാണു് ഭരണയന്ത്രത്തിൻെറ ഭ്രമണകേന്ദ്രം.

ഓരോ ഡിപ്പാർട്ടുമെൻറിനെയും സംബന്ധിക്കുന്ന ദൈനംദിനകാര്യങ്ങൾ അതതു വകുപ്പിൻെറ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിമാർ നിർവ്വഹിക്കുന്നു. എന്നാൽ മൗലികമായ നയരൂപീകരണം, പൊതുപ്രാധാന്യം അർഹിക്കുന്ന വൻകിടപദ്ധതികൾ, പ്രധാന പ്രശ്നങ്ങൾ മുതലായവ മന്ത്രിസഭയുടെ ചർച്ചക്കും തീരുമാനത്തിനും വിധേയമാക്കേണ്ടതാണു്. മന്ത്രിസഭാസമ്മേളനങ്ങളിൽ മന്ത്രിമാർക്കു തുല്യതയും തുല്യാവകാശങ്ങളുമാണു കല്പിച്ചിട്ടുള്ളതു്. പ്രധാനമന്ത്രിയാണു് അതിൽ ആദ്ധ്യക്ഷ്യം വഹിക്കുക. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്കു് പ്രാബല്യം കൂടുന്നതു സ്വാഭാവികം മാത്രമാണു്. രാഷ്ട്രപതിക്കു നല്കുന്ന ഉപദേശം എപ്പോഴും മന്ത്രിസഭയുടെ ഏകകണ്ഠമായ അഭിപ്രായം ആയിരിക്കണം. ഗവർമ്മെൻറിൻെറ എല്ലാ ഉത്തരവുകളും രാഷ്ട്രപതിയുടെ പേരിലായിരിക്കും പുറപ്പെടുവിക്കുന്നതു്.[1]

---

1. Article: 77

മന്ത്രിസഭയിലെ പ്രമുഖവ്യക്തി പ്രധാനമന്ത്രിയാണു്. അദ്ദേഹം രാജിവയ്ക്കുന്നതായാൽ മന്ത്രിസഭ പൊതുവെ രാജി വച്ചതായി കരുതുന്നു. പ്രധാനമന്ത്രിയും മന്ത്രിസഭയിലെ മറെറാരുമന്ത്രിയും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ പ്രധാനമന്ത്രിയുടെ അഭിപ്രായത്തിനായിരിക്കും പ്രാബല്യം. അനുരഞ്ജിച്ചുപോകാനാകാത്തവണ്ണം അഭിപ്രായഭിന്നത രൂപം പ്രാപിച്ചാൽ മന്ത്രിക്കു് രാജിസമർപ്പിക്കാതെ മറെറാരു മാർഗ്ഗവുമില്ല. പ്രധാനമന്ത്രിക്കു് രാജി ആവശ്യപ്പെടുകയും ചെയ്യാം. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം ഊർജ്ജിതത്തിൽ വരുത്തുന്നതിനു് പ്രധാനമന്ത്രിക്കാണു ചുമതല. അതിനു് അദ്ദേഹത്തിൻെറ ഈവിധത്തിലുള്ള പ്രാമാണ്യം അംഗീകരിക്കാതെ തരവുമില്ല. എന്നാൽ മററു മന്ത്രിമാരുമായുള്ള ഇടപാടുകളിൽ ഒരു മേലാളായി അദ്ദേഹത്തെ കരുതിക്കൂടാ. അദ്ദേഹം ഒരു സ്വേച്ഛാധിപതിയുമല്ല.

പാർലിമെൻറിൽ ഭരണകൂടത്തിൻെറ വക്താവു് പ്രധാനമന്ത്രിയാണു്. രാഷ്ട്രം നേതൃത്വത്തിനുവേണ്ടി അദ്ദേഹത്തെയാണു നോക്കുന്നതു്. വ്യക്തിപ്രഭാവത്തിനു് ഇതിൽ അപ്രധാനമല്ലാത്ത ഒരു പങ്കുണ്ടെന്നു പറയാതെ തരമില്ല. പ്രധാനമന്ത്രിയുടെ ഉപദേശം സ്വീകരിക്കാൻ രാഷ്ട്രപതി കൂട്ടാക്കാതെയിരുന്നാൽ ഉടനെ അദ്ദേഹത്തിനു (പ്രധാനമന്ത്രിക്കു്) രാജി സമർപ്പിക്കാവുന്നതാണു്. പ്രധാനമന്ത്രിക്കു് പാർലിമെൻറിൽ ഭൂരിപക്ഷത്തിൻെറ പിൻതുണ ഉണ്ടായിരുന്നാൽ അതുകൊണ്ടു തന്നെ അദ്ദേഹത്തിൻെറ ഉപദേശം അംഗീകരിക്കുന്നതിനു രാഷ്ട്രപതി നിർബ്ബന്ധിതനാകുമെന്നു കരുതാം. എന്നാൽ മന്ത്രിസഭക്കുഴപ്പങ്ങളും ബലഹീനമായ മന്ത്രിസഭയും ഉള്ളപ്പോൾ രാഷ്ട്രപതിയുടെ സ്ഥാനം കൂടുതൽ ശക്തമായിരിക്കും.

അദ്ധ്യായം ഒൻപതു്

രാജ്യസഭയും ലോക്സഭയും

ഭാരതത്തിനു് ഒരു പാർലിമെൻറുണ്ടായിരിക്കും. രാഷ്ട്രപതിയും രണ്ടു സഭകളും കൂടിയതാണതു്. സഭകളുടെ പേർ ലോക്സഭയെന്നും രാജ്യസഭയെന്നുമാണു്.[1] ഇരുസഭകളും പാസ്സാക്കുന്ന ബില്ലുകൾ രാഷ്ട്രപതിയുടെ അംഗീകാരംകൂടി സിദ്ധിച്ചശേഷമേ നിയമങ്ങളായിത്തീരുകയുള്ളു. മിക്ക സംയുക്തഭരണഘടനകളിലും രണ്ടു സഭകൾ ഉണ്ടായിരിക്കുകയെന്ന തത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതിൽ ഉപരിമണ്ഡലം സംയുക്തരാജ്യത്തിൻെറ ഘടകങ്ങളേയും, അധോമണ്ഡലം ജനങ്ങളേയും പ്രധാനമായി പ്രതിനിധീകരിക്കുന്നു. അവ രണ്ടും കൂടിയെങ്കിലേ സമ്പൂർണ്ണത സംജാതമാകൂ. സാധാരണയായി ഘടകങ്ങളുടെ വിസ്തീർണ്ണവും ജനസംഖ്യയും കണക്കാക്കാതെ എല്ലാവർക്കും സമനിലയിലുള്ള പ്രാതിനിധ്യമാണു് ഉപരിമണ്ഡലത്തിൽ നല്കാറുള്ളതു്. ഇതു് ചെറുഘടകങ്ങളുടെ വ്യക്തിത്വം മാഞ്ഞു മങ്ങാതിരിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടാണു്.

രാജ്യസഭ

രാജ്യസഭയിൽ ആകെ ഇരുനൂററി അൻപതു് അംഗങ്ങൾ ഉണ്ടായിരിക്കും. ഇതിൽ പന്ത്രണ്ടുപേർ, രാഷ്ട്രപതി നാമനിർദ്ദേശം ചെയ്തു് സാമാജികന്മാരായിത്തീരുന്നവരാണു്. ബാക്കിയുള്ള ഇരുനൂററിമുപ്പത്തിയെട്ടുപേർ തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കും. നാമനിർദ്ദേശം ചെയ്തു് അംഗങ്ങളായിത്തീരുന്നവർ സാഹിത്യം, കല, ശാസ്ത്രം സാമൂഹ്യസേവനം തുടങ്ങിയ ഏതെങ്കിലും കാര്യങ്ങളിൽ പ്രത്യേകപ്രാവീണ്യമോ

---

1. Article: 79.

അനുഭവജ്ഞാനമോ സിദ്ധിച്ച് പ്രശസ്തിനേടിയവർ ആയിരിക്കാം.[1] ഈ ഏർപ്പാടുമൂലം പ്രശസ്തവ്യക്തികളുടെ സേവനം രാഷ്ട്രത്തിനു ലഭിക്കുന്നതിനു സാധിക്കുന്നതാണ്. മററുള്ള അംഗങ്ങൾ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികളാണ്. ഓരോ സംസ്ഥാനത്തുനിന്നും തിരഞ്ഞെടുത്ത് അയക്കാവുന്ന അംഗങ്ങളുടെ എണ്ണം ഭരണഘടനയുടെ നാലാം ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും യൂണിയൻ പ്രദേശങ്ങളിൽനിന്നും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സമാജികന്മാരുടെ എണ്ണം താഴെപ്പറയുന്നതുപോലെയാണ്:—[2]

സംസ്ഥാനങ്ങൾ

ആന്ധ്രപ്രദേശ്	18	ആസ്സാം	6
ബീഹാർ	21	ബോംബെ	27
കേരളം	9	മദ്ധ്യപ്രദേശ്	16
മദിരാശി	17	മൈസൂർ	12
ഒറീസ്സാ	9	പഞ്ചാബ്	11
രാജസ്ഥാൻ	10	ഉത്തരപ്രദേശ്	31
പശ്ചിമബംഗാൾ	14	ജമ്മു-കാശ്മീർ	4

യൂണിയൻപ്രദേശങ്ങൾ

ഡില്ലി	1	മണിപ്പൂർ }	1
ഹിമാചലപ്രദേശം	1	ത്രിപുര }	

1 Article: 80.

2. See Section 23—States Reorganisation Act 1956 published in Gazette Extraordinary 22-9-1956 (T-C. State)

രാജ്യസഭ സ്ഥിരമായ ഒരു സ്ഥാപനമാണു്. ഇതു് പൂൎണ്ണമായി പിരിച്ചുവിടപ്പെടുന്നില്ല. എന്നാൽ ഈരണ്ടുവർഷം കൂടുമ്പോൾ അവിടുത്തെ അംഗങ്ങളിൽ മൂന്നിലൊരു ഭാഗമെങ്കിലും, അതിലേക്കു് പാർലിമെൻറു് നിർമ്മിച്ചിട്ടുള്ള നിയമമനുസരിച്ചു്, വിരമിക്കുന്നതാണു്.[1] വിരമിക്കുന്നവൎക്കു പകരം പുതിയ അംഗങ്ങളെ തിരഞ്ഞെടുത്തുകൊണ്ടിരിക്കും. അതിനാൽ ആകെയുള്ള അംഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതല്ല. പുതിയ പുതിയ അംഗങ്ങൾക്കു് സഭയിൽ വന്നുചേരുന്നതിനു കഴിയുകയും ചെയ്യും. തന്മൂലം രാജ്യസഭ പഴഞ്ചനായി പരിണമിക്കുകയില്ല എന്നു കരുതാം.

രാജ്യസഭയിലേക്കുള്ള തിരഞ്ഞെടുപ്പിനു് സ്ഥാനാൎത്ഥിയായി നില്ക്കുവാൻ ഒരാളിനു് ചില യോഗ്യതകളെല്ലാം ഉണ്ടായിരിക്കണമെന്നു് നിഷ്കർഷിച്ചിരിക്കുന്നു. അയാളുടെ പ്രായം മുപ്പതുവയസ്സിൽ കുറയരുതു ഭാരതപൗരനും ആയിരുന്നേമതിയാകു. പാർലിമെൻറു് യോഗ്യതകളെക്കുറിച്ചു നിൎമ്മിക്കുന്ന നിയമങ്ങൾക്കു വിധേയനായിരിക്കുകയും വേണം.[2]

ഒരാളിനു് ഒരേസമയം പാർലിമെൻറിൻെറ രണ്ടു സഭകളിലെയും അംഗമായിരിക്കുവാൻ പാടില്ല.[3] ഒരാൾ രണ്ടു സഭകളിലേക്കു തിരഞ്ഞെടുക്കപ്പെടുന്നതായാൽ ഏതെങ്കിലും ഒരു സഭയിലെ സ്ഥാനം ഒഴിഞ്ഞുകൊടുക്കേണ്ടതാണു്.[4] അതുപോലെതന്നെ സംസ്ഥാനനിയമസഭയിലും പാർലിമെൻറിലെ ഏതെങ്കിലും സഭയിലും ഒരേസമയത്തു് ഒരാളിനു് അംഗമായിരിക്കുവാൻ കഴിയുന്നതല്ല. സംസ്ഥാനനിയമസഭയിലെ സ്ഥാനം രാജിവച്ചില്ലെങ്കിൽ നിയമംമൂലം നിശ്ചയിക്കുന്ന കാലാവധി

---

1 Article: 83. (1) 2. Article: 84.

3. Article 101 (1)

4. See also: Prohibition of Simultaneous Membership Rule 1950

കഴിഞ്ഞു് പാർലിമെൻറു് അംഗത്വം സ്വയം നഷ്ടപ്പെടുന്നതായിരിക്കും. ഇതുപോലെ പാർലിമെൻറിലെ ഒരംഗത്തിനു് ചില അയോഗ്യതകൾ ഉണ്ടാകുന്നതായാൽ അദ്ദേഹത്തിൻെറ സാമാജികത്വം നഷ്ടപ്പെടുന്നതാണു്. കേന്ദ്രഗവർമ്മെന്റിൻെറയോ സംസ്ഥാന ഗവർമ്മെൻറിൻെറയോ കീഴിൽ ഉദ്യോഗം സ്വീകരിക്കുക, ചിത്തഭ്രമം ഉള്ളവനായിരിക്കുക, പാപ്പരാകുക, ഭാരതീയപൗരത്വം ത്യജിച്ചു് വിദേശപൌരനായിത്തീരുക, മറേറതെങ്കിലും നിയമങ്ങളുടെ വെളിച്ചത്തിൽ എന്തെങ്കിലും അയോഗ്യത ഉണ്ടായിരിക്കുക തുടങ്ങിയവയാണു് മുകളിൽ പറഞ്ഞ അയോഗ്യതകൾ.[1] ഒരു പാർലിമെൻറംഗത്തിനു് ഏതു സന്ദർഭത്തിലും സ്വസ്ഥാനം രാജിവയ്ക്കാവുന്നതുമാണു്. അനുവാദം കൂടാതെ തുടർച്ചയായി സഭയിൽ ഹാജരാകാതെയിരുന്നാലും സാമാജികസ്ഥാനം നഷ്ടപ്പെടും. കേന്ദ്രഗവർമ്മെൻറിലേയോ സംസ്ഥാന ഗവർമ്മെൻറിലേയോ മന്ത്രിയായിരിക്കുന്നതു്, ഗവർമ്മെൻറിൻെറ കീഴിൽ ആദായം സ്വീകരിക്കുന്ന ഉദ്യോഗമായി പരിഗണിക്കുന്നതല്ല. അംഗങ്ങളുടെ അയോഗ്യത സംബന്ധിച്ച പ്രശ്നങ്ങൾ തീരുമാനിക്കുന്നതു് രാഷ്ട്രപതിയാണു്. അദ്ദേഹം തിരഞ്ഞെടുപ്പു കമ്മിഷൻെറ അഭിപ്രായം ആരാഞ്ഞശേഷം അതനുസരിച്ചാണു് ഈ പ്രശ്നത്തിനു വിധികല്പിക്കുന്നതു്. അതു് അവസാന തീരുമാനവുമായിരിക്കും.[2]

രാജ്യസഭയിലേക്കു് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു ജനങ്ങൾ നേരിട്ടല്ല. ഓരോ സംസ്ഥാനത്തിനും നിശ്ചയിച്ചിട്ടുള്ള പ്രതിനിധികളെ അതാതു സംസ്ഥാനത്തിലെ നിയമസഭാസാമാജികന്മാർ സമ്മേളിച്ചു തിരഞ്ഞെടുക്കുന്നു. കൈമാററം ചെയ്യപ്പെടാവുന്ന ഒററ വോട്ടുവഴി ആനുപാതികപ്രാതിനിധ്യ

---

1. Article: 102   2. Article: 103

രീതിയനുസരിച്ചാണു് വോട്ടിംഗു് നടത്തുന്നതു്.[1] ഒരു സമാജികനു് ഒരൊററ സ്ഥാനാർത്ഥിക്കമാത്രമേ വോട്ടുനല്കുവാൻ സാധിക്കുകയുള്ളു. എന്നാൽ അയാൾക്കു് ആ വോട്ടു് ഏതു ക്രമമനുസരിച്ചു പരിഗണിക്കപ്പെടണമെന്നു സൂചിപ്പിക്കാം.

ഉപരാഷ്ട്രപതി രാജ്യസഭയുടെ അദ്ധ്യക്ഷൻകൂടി ആയിരിക്കുമെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. ഇദ്ദേഹത്തെക്കൂടാതെ സഭയ്ക്കു് ഒരു ഉപാദ്ധ്യക്ഷൻകൂടി ഉണ്ടായിരിക്കുന്നതാണു്. ഉപാദ്ധ്യക്ഷനെ തിരഞ്ഞെടുക്കുന്നതു് രാജ്യസഭയിലെ അംഗങ്ങളിൽ നിന്നായിരിക്കും.[2] സഭയിലെ അംഗത്വം അവസാനിക്കുമ്പോൾ ഉപാദ്ധ്യക്ഷൻ സ്ഥാനം ഒഴിഞ്ഞുകൊടുക്കുന്നതാണു്. ഔദ്യോഗികകാലാവധി കഴിയുന്നതിനു മുമ്പു് അദ്ദേഹത്തിനു് ഉദ്യോഗം രാജിവയ്ക്കാം. രാജി രേഖാമൂലം രാജ്യസഭാദ്ധ്യക്ഷനു സമർപ്പിക്കുകയാണു വേണ്ടതു്. രാജ്യസഭയിലെ ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷംപേർ അനുകൂലിച്ചു് അവിശ്വാസം രേഖപ്പെടുത്തിയാൽ ഉപാദ്ധ്യക്ഷനെ ആ സ്ഥാനത്തുനിന്നു നീക്കാൻ സാധിക്കും. എന്നാൽ അത്തരത്തിലുള്ള പ്രമേയാവതാരണോദ്ദേശത്തെക്കുറിച്ചു് പതിന്നാലു ദിവസത്തെ നോട്ടീസു് നല്കേണ്ടതാണു്. അതില്ലാതെ പ്രമേയാവതാരണത്തിനു് അനുവാദം ലഭിക്കുകയില്ല.[3] ഉപരാഷ്ട്രപതി, രാഷ്ട്രപതിയുടെ അഭാവത്തിൽ രാഷ്ട്രപതിയായി ജോലി നോക്കുമ്പോഴും രാജ്യസഭാദ്ധ്യക്ഷസ്ഥാനം ഒഴിവായിരിക്കുമ്പോഴും രാജ്യസഭയുടെ അദ്ധ്യക്ഷൻെറ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതു് ഉപാദ്ധ്യക്ഷൻെറ കടമയാണു്. ഉപാദ്ധ്യക്ഷനും ഇല്ലാതെയിരുന്നാൽ, ആ സമയത്തു് രാഷ്ട്രപതി നിയമിക്കുന്ന രാജ്യസഭാംഗം, അദ്ധ്യക്ഷനായി ജോലിനോക്കുന്നതായിരിക്കും. രാജ്യ

1. Article: 80. (4)
2. Article: 89. (2)
3. Article: 90.

സഭയുടെ ഏതെങ്കിലും യോഗങ്ങളിൽ അദ്ധ്യക്ഷൻ ഹാജരാകാതെയിരിക്കുമ്പോൾ ഉപാദ്ധ്യക്ഷൻ ആ സ്ഥാനമേറെറടുക്കേണ്ടതാണു്. ഉപാദ്ധ്യക്ഷനും ഹാജരാകാതെയിരുന്നാൽ, രാജ്യസഭയുടെ നടപടിക്രമങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ആൾ അതു നിറവേററുന്നതിനു ബാദ്ധ്യസ്ഥനാണു്.[1]

അവിശ്വാസംമൂലം ഉപരാഷ്ട്രപതിയെ നിക്കംചെയ്യുന്നതിനുവേണ്ടിയുള്ള പ്രമേയം ചർച്ചചെയ്യുന്ന രാജ്യസഭായോഗത്തിൽ, അദ്ധ്യക്ഷനായി ഉപരാഷ്ട്രപതി ഇരുന്നുകൂടാ. അതുപോലെ ഉപാദ്ധ്യക്ഷനെ നീക്കുന്നതിനുവേണ്ടിയുള്ള പ്രമേയാവതാരണമാണെങ്കിൽ ഉപാദ്ധ്യക്ഷനും ഒരു കാരണവശാലും അവിടെ അദ്ധ്യക്ഷത വഹിക്കുവാൻ പാടില്ലാത്തതാണു്. ആ അവസരങ്ങളിൽ മുകളിൽ പറഞ്ഞതുപോലെ യഥാക്രമം അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ഹാജരില്ലാത്തമാതിരി കാര്യങ്ങൾ നടത്തേണ്ടതാണു്. ഉപരാഷ്ട്രപതിക്കു് വോട്ടു ചെയ്യാനും ആ അവസരത്തിൽ അവകാശമില്ല. യോഗത്തിൽ സംസാരിക്കാനും മററുവിധത്തിൽ പങ്കെടുക്കാനും തടസ്സമില്ലതാനും.[2]

ലോക്സഭ

ഇൻഡ്യൻ പാർലിമെൻറു് രാഷ്ട്രപതിയെ കൂടാതെ രണ്ടു സഭകൾകൂടി ചേർന്നുള്ള ഒരു സ്ഥാപനമാണെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. ഇതിൽ ഉപരിസഭയെന്നറിയപ്പെടുന്ന രാജ്യസഭയെപ്പററി പറഞ്ഞുകഴിഞ്ഞു. ഇനിയുള്ളതു് ലോക്സഭയെന്നറിയപ്പെടുന്ന ജനസഭയാണു്. അതിൽ ആകെ അംഗങ്ങളുടെ എണ്ണം അഞ്ഞൂറിൽ കവിയാൻപാടില്ലെന്നാണു വ്യവസ്ഥ.[3] അവിടുത്തെ അംഗങ്ങളെ ജനങ്ങൾ

---

1. Article: 91. 2 Article: 92.
3. Article: 81 (1) (a) as Substituted by Constitution (Seventh Amendment) Act 1956.

നേരിട്ട തിരഞ്ഞെടുത്തയയ്ക്കുന്നു. അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് പ്രാദേശിക നിയോജകമണ്ഡലങ്ങൾ രൂപീകരിക്കുന്നതാണു്. യൂണിയൻപ്രദേശങ്ങളിൽനിന്നു് ഇരുപതിയഞ്ചിൽ കവിയാത്ത എണ്ണം സാമാജികന്മാരെ തിരഞ്ഞെടുത്തയക്കുന്നതിനാണു വ്യവസ്ഥ.[1] ജനസംഖ്യയും പ്രാതിനിധ്യവും തമ്മിലുള്ള അനുപാതം, ഭാരതത്തിലെല്ലായിടത്തും പ്രായോഗികമാകുന്നത്ര ഒരുപോലെയിരിക്കുവാൻ ശ്രദ്ധിക്കുന്നതാണു്. ഏററവും അടുത്തകാലത്തു നടന്നിട്ടുള്ള കാനേഷുമാരിയെ ആസ്പദമാക്കിയായിരിക്കും ഇതു നിശ്ചയിക്കുന്നതു്. ഭാരതത്തിൽ ഉൾപ്പെട്ടന്നതും, എന്നാൽ ഒരു സംസ്ഥാനത്തിലും ഉൾപ്പെടുത്താത്തതുമായ പ്രദേശങ്ങളുടെ പ്രാതിനിധ്യം പാർലിമെൻറു് നിയമംമൂലം വ്യവസ്ഥ ചെയ്യുന്നതാണു്. ഓരോ സംസ്ഥാനത്തിനും അവകാശമുള്ള സ്ഥാനങ്ങൾ നിശ്ചയിക്കുന്നതിനു് പ്രത്യേകം നിയമം ഉണ്ടു്.[2] പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുമുണ്ടു്.

ലോക്സഭയിലേക്കും സംസ്ഥാനങ്ങളിലെ അസംബ്ളികളിലേക്കും ഉള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിലായിരിക്കും നടത്തുന്നതു്. ഭാരതത്തിലെ പൗരന്മാർക്കു മാത്രമേ വോട്ടുചെയ്യുവാനവകാശമുള്ളൂ. എന്നാൽ ആ പൗരനു് ഏതെങ്കിലും നിയമം കല്പിക്കുന്ന അയോഗ്യത ഉണ്ടായിരിക്കരുതു്. പ്രായപൂർത്തിയെത്തുന്നതിനു് ഇരുപത്തൊന്നുവയസ്സിൽ കുറയാതിരിക്കേണ്ടതാണു്. സ്ത്രീപുരുഷഭേദമെന്യേ ഏതൊരാളിനും വോട്ടിനവകാശമുണ്ടു്. ഭാരതത്തിൻെറ ഭരണകാര്യങ്ങളിൽ പൗരന്മാരെ പങ്കാളികളാകുവാൻ ഇടയാക്കുന്ന ഈ വ്യവസ്ഥയെ നമ്മുടെ ജനായത്തഭരണത്തിൻെറ തല്പശിലയെന്നു പറയാവുന്നതാണു്.

---

1. Article 81 as substituted by Constitution (Seventh Amendment) Act 1956
2. The Representation of Pepolaes Act 1950 as amended.

നമ്മുടെ ഭരണഘടനയിൽ സാമുദായികനിയോജകമണ്ഡലങ്ങളോ പ്രത്യേകനിയോജകമണ്ഡലങ്ങളോ അംഗീകരിച്ചിട്ടില്ല. ഉടമയുടെ അടിസ്ഥാനവും ഇതിലേക്ക സ്വീകരിച്ചിട്ടില്ല. ഇത്ര വലിയ സംഖ്യയുള്ള ഒരു ജനതതിക്ക് ഇത്ര വിശാലമായ അടിസ്ഥാനത്തിൽ രാഷ്ട്രീയാധികാരച്ചീട്ട നൽകുന്നതു്, ഭാരതത്തിൽ അല്ലാതെ മറെറങ്ങും നടന്നിട്ടുള്ള കാര്യമല്ല. ഭാരതത്തിൽതന്നെ ഇതു് ആദ്യമായിട്ടാണുതാനം. നമ്മുടെ ഭരണഘടന സകല വിവേചനങ്ങളും തുത്തുതുടച്ചു നീക്കിയിരിക്കുന്നു. കർത്തവ്യബോധത്തോടുകൂടി ഏതൊരു സ്ത്രീയ്ക്കും പുരുഷനും സ്വന്തം മാതൃഭൂമിയുടെ ഭരണകാര്യങ്ങളിൽ കർമ്മനിരതമാംവണ്ണം പങ്കുകൊള്ളുവാൻ അവസരം ഒരുക്കിയിട്ടുണ്ടു്. അതനുസരിച്ചു നാം ഉത്തരവാദിത്വത്തോടെ ജീവിച്ചാൽമാത്രം മതി.

ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പിനു നില്ക്കുന്നതിനു് ഒരാളിനു വേണ്ട യോഗ്യതകൾ എന്തൊക്കെയെന്നു നിശ്ചയിച്ചിട്ടുണ്ടു്. അയാൾക്കു് ഇരുപത്തിഅഞ്ചു വയസ്സു തികഞ്ഞിരിക്കണം. പാർലിമെൻറു് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിൻെറ മുമ്പിൽ, അയാൾ എന്തെങ്കിലും അയോഗ്യതയുള്ളവനായിരിക്കരുതു്.[1] അയാൾ ഭാരതപൗരനായിരിക്കണമെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ.

ലോക്സഭ ആദ്യമായി സമ്മേളിച്ച ദിവസംതൊട്ടു് അഞ്ചുകൊല്ലക്കാലത്തേക്ക തുടരുന്നതായിരിക്കും. എന്നാൽ ഈ കാലാവധിക്കുമുമ്പു് പിരിച്ചുവിടപ്പെട്ടുകൂടെന്നില്ല. സാധാരണഗതിയിൽ അഞ്ചുകൊല്ലം തികയുമ്പോൾ അതു സ്വയം പിരിച്ചുവിടപ്പെടുന്നതാണു്. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിട്ടുള്ള കാലത്തു് ഇതു ബാധകമല്ല. കാരണം, ഒരു തവണ

---

1. Article: 84

ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്കു് അതിന്റെ (പാർലിമെൻററിൻെറ) കാലാവധി ദീർഘിപ്പിക്കുവാൻ സാധിക്കും. എന്നാൽ ഒരു കാരണവശാലും, അടിയന്തിരപ്രഖ്യാപനത്തിന്റെ തന്നെ കാലാവധി കഴിഞ്ഞശേഷം, ആറുമാസത്തിൽ കവിഞ്ഞ കാലത്തേക്കു് അങ്ങിനെ നീട്ടിയലോക്‌സഭയുടെ കാലാവധി തുടരുവാൻ പാടില്ലാത്തതാണു്.[1]

രാഷ്ട്രപതിക്കു് യുക്തമെന്നു കരുതുന്ന കാലത്തു്, അദ്ദേഹം നിർദ്ദേശിക്കുന്ന സ്ഥലത്തു് പാർലിമെൻറിൻെറ ഓരോ സഭയും സമ്മേളിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു. ഒരു കാരണവശാലും അതിന്റെ രണ്ടു സമ്മേളനങ്ങൾ തമ്മിൽ ആറുമാസത്തിൽ കവിഞ്ഞ അന്തരാളസമയം ഉണ്ടായിക്കൂടാ. അതിനാൽ പാർലിമെൻറു് ക്രമമായും തുടർച്ചയായും സമ്മേളിക്കുന്നതിനു നിർബ്ബന്ധിതമാണു്.[2] രാഷ്ട്രപതിക്കു് ഓരോ സഭയെ പ്രത്യേകമായോ രണ്ടു സഭകളെയും ഒന്നിച്ചോ കാലപരിധി ക്‌ളിപ്തമാക്കാതെ മാററിവയ്ക്കുകയോ ലോക്‌സഭയെ പിരിച്ചുവിടുകയോ ചെയ്യാൻ കഴിവുണ്ടു്.[3] ഇവിടെ ഒരു സാംഗതികൂടി അറിയുന്നതു് ഉചിതമായിരിക്കും. ഭാരതത്തിലെ പാർലിമെന്റു് ഒരിക്കലും പിരിച്ചുവിടപ്പെടുന്നില്ല. അതു് ഒരു ശാശ്വതമായ സ്ഥാപനംതന്നെ. സഭകളോ സഭയിലെ അംഗങ്ങളോ മാററങ്ങൾക്കു വിധേയമായിത്തീരുന്നുണ്ടായിരിക്കാം. എന്നാൽ പാർലിമെൻറു് മൊത്തത്തിൽ ഏതെങ്കിലും സമയം ഇല്ലാതിരിക്കുന്നില്ല. പാർലിമെൻറു് എന്നു പറയുന്നതു് രാഷ്ട്രപതിയും ഇരുസഭകളായ ലോക്‌സഭയും രാജ്യസഭയും ചേർന്നതാണെന്നു് ഓർമ്മിക്കുമല്ലോ. രാജ്യസഭ പൂർണ്ണമായി പിരിച്ചുവിടപ്പെടുന്നി

1. Article: 83 (2)
2. Article: 85 (1) as Substituted by Constitution (First Amendment) Act 1951. Section: 6
3. Article: 85 (2)

ല്ലെന്നു് മുമ്പു സൂചിപ്പിച്ചുകഴിഞ്ഞു. രാഷ്ട്രപതിയുടെ ഔദ്യോഗികകാലാവധിയെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ടു്. പിരിച്ചുവിടലിനു് അല്ലെങ്കിൽ സമാപ്തിക്കു വിധേയമായിത്തീരുന്നതു് ലോക്സഭമാത്രമാണു്. അതു പിരിഞ്ഞുപോയാലും പാർലിമെൻറിന്റെ മറവുള്ള അംശങ്ങൾക്കു് വ്യത്യാസങ്ങളൊന്നും സംഭവിക്കുന്നില്ല; രാഷ്ട്രപതിയും രാജ്യസഭയും തുടന്നു പോകുക തന്നെയാണു്. ഇംഗ്ലണ്ടിലെ വഴക്കം ഇതിൽനിന്നു ഭിന്നമാണു്. അവിടെ പാർലിമെൻറാണു പിരിഞ്ഞുപോകുന്നതു്. അതു പിരിഞ്ഞുപോകുമ്പോൾ പാരമ്പര്യത്തെ ആസ്പദമാക്കിയുള്ള സഭയായ പ്രഭുസഭയും ഇല്ലാതാകുന്നു. പിന്നീടു് പാർലിമെൻറു് സമ്മേളിക്കുന്നതുവരെ പ്രഭുസഭ ഉണ്ടായിരിക്കുകയില്ല.[1]

ലോക്സഭയിലേക്കുള്ള പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞശേഷം ആദ്യമായി സമ്മേളിക്കുമ്പോഴും, ഓരോ കൊല്ലവും സഭ ആദ്യമായി ചേരുമ്പോഴും രാഷ്ട്രപതി ഇരുസഭകളുടെയും ഒരു സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതാണു്. ഈ സന്ദർഭത്തിൽ രാഷ്ട്രപതി പാർലിമെൻറു് വിളിച്ചുകൂട്ടാൻ ഇടയായ കാരണങ്ങൾ വ്യക്തമാക്കുന്നതായിരിക്കും.[2] രാഷ്ട്രപതിയുടെ പ്രസംഗത്തെക്കുറിച്ചു ചർച്ചചെയ്യുന്നതിനു് പ്രത്യേക സമയം നീക്കിവയ്ക്കുന്നതാണു്. രാഷ്ട്രപതിക്കു് അദ്ദേഹം ഇച്ഛിക്കുന്ന സമയം ഏതു കാര്യത്തിനും രാജ്യസഭയേയോ ലോക്സഭയേയോ അല്ലെങ്കിൽ അവയുടെ സംയുക്തസമ്മേളനത്തേയോ വിളിച്ചുകൂട്ടി അതിൽ പ്രസംഗിക്കുവാൻ കഴിവുണ്ടു്.[3] പാർലിമെൻറിൻെറ പരിഗണനയിലി

---

1 Jennings-Constitution of Ceylon p 45·

2 Article: 87 as Substituted by the Constitution (First Amendment) Act 1951, Section: 7·

3. Article: 86·

രിക്കുന്ന ബില്ലിനേയോ മറേറതെങ്കിലും സംഗതിയേയോ സംബന്ധിച്ചു് രാഷ്ട്രപതിക്കു് രണ്ടു സഭകളിലേക്കും സന്ദേശം അയയ്ക്കാവുന്നതാണു്. ഏതു സഭയ്ക്കാണോ അങ്ങിനെയുള്ള സന്ദേശം ലഭിച്ചതു്, ആ സഭ, കഴിയുന്നത്രനേരത്തെ സന്ദേശത്തെക്കുറിച്ചു പര്യാലോചിക്കേണ്ടതാകുന്നു.

ലോക്‌സഭയിലെ അംഗങ്ങൾ അവരുടെ ഇടയിൽനിന്നു് സ്പീക്കറേയും ഡെപ്യൂട്ടിസ്പീക്കറേയും തിരഞ്ഞെടുക്കുന്നു.[1] അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ക്രോഡീകരിച്ചിട്ടുമുണ്ടു്.[2] എപ്പോൾ ഈ സ്ഥാനങ്ങളിൽ ഒഴിവുണ്ടാകുന്നുവോ അപ്പോൾ അതിലേക്കു പുതിയ തിരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണു്. പാർലിമെൻറു് ആദ്യം സമ്മേളിക്കുമ്പോൾ സ്പീക്കറെ തിരഞ്ഞെടുക്കുന്നതാണു് ഇംഗ്ലണ്ടിലെ പതിവു്.[3] പാർലിമെൻറിൻെറ കാലാവധിവരെയാണു് അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി. ഒരിക്കൽ തിരഞ്ഞെടുത്ത ആളിനെത്തന്നെ അടുത്തപ്രാവശ്യവും തിരഞ്ഞെടുക്കുകയാണു ഇംഗ്ലണ്ടിലെ ഇന്നുള്ളരീതി. ഏതു കക്ഷി പ്രാബല്യത്തിൽ വരുന്നു എന്നു് കണക്കാക്കുന്നില്ല.[4] പുതിയ ആളിനെ തിരഞ്ഞെടുക്കുവാൻ ഇടയാകുന്നതു്, പഴയ ആൾ മരിക്കുമ്പോഴോ, പഴയ ആൾ പുതിയ പാർലിമെൻറിലേക്കു് തെരഞ്ഞെടുക്കപ്പെടാതിരിക്കുമ്പോഴോ ആയിരിക്കും. ഇംഗ്ലണ്ടിലെ സ്പീക്കർ കാമൺസ് സഭയുടെ വക്താവാണു്. അദ്ദേഹം എല്ലാ സന്ദർഭങ്ങളിലും സഭയെ പ്രതിനിധാനംചെയ്യുന്നു. സഭ സമ്മേളിക്കുമ്പോൾ അതിൽ ആദ്ധ്യക്ഷ്യംവഹിക്കുകയും അവിടുത്തെ നടപടികൾ നിയന്ത്രിക്കുകയും ചെയ്യുന്നു. അധികാരങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ

---

1 Article: 93

2 Rules of Procedure & Conduct of Business of Parliament-1950; —Rules 5 & 6.

3. Keith-Constitutional Law; p. 48.

4. Jennings-Parliament; p. 56.

ലോക്സഭാസ്പീക്കർക്കും ഇംഗ്ലണ്ടിലെപ്പോലെയുള്ളവയൊക്കെ അംഗീകരിച്ചിട്ടുണ്ട്. അദ്ദേഹമാണ് ലോക്സഭയുടെ അദ്ധ്യക്ഷൻ. സഭയിൽ അച്ചടക്കം പാലിക്കാനും നടപടിക്രമങ്ങൾക്ക വിധേയമായി കാര്യങ്ങൾ നടത്താനും അദ്ദേഹത്തിനു ചുമതലയുണ്ട്. അദ്ദേഹത്തിൻെറ അനുവാദമില്ലാതെ ആരും സഭയിൽ സംസാരിച്ചുകൂടാ. തൻെറ അധികാരപരിധിയിൽ പെട്ടന്ന ഏതു കാര്യത്തെക്കുറിച്ചും തീരുമാനമെടുക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ട്. അക്കാര്യങ്ങളിൽ കോടതിക്ക് ഇട പെടാൻ കഴിവില്ല. നടപടിക്രമങ്ങളെക്കുറിച്ച് സ്പീക്കർ നൽകുന്ന വ്യാഖ്യാനങ്ങൾ ശരിയെന്നോ തെററെന്നോ നിശ്ച യിക്കുന്നതിനൊ, പുനഃപരിശോധനചെയ്യുന്നതിനോ കോടതി കൾക്കു കഴിവില്ല. സഭയിലെ സാമാജികന്മാർ സ്പീക്കറെ അഭിസംബോധനചെയ്താണ് സംസാരിക്കേണ്ടതു്. ഒരു ബില്ല് ധനബില്ലാണോ അല്ലയോയെന്നു തീരുമാനിക്കുന്നതും അദ്ദേഹം തന്നെ. അദ്ദേഹത്തിൻെറ ഇതിലുള്ള വിധി അവസാനത്തേതു മായിരിക്കും. ഇക്കാര്യങ്ങളിലെല്ലാം തികഞ്ഞ നിഷ്പക്ഷതയാണ് അദ്ദേഹം അവലംബിക്കേണ്ടതു്.

സ്പീക്കർ സ്വതന്ത്രനും നിഷ്പക്ഷനും ആയിരിക്കുന്നതിനു വേണ്ടി ചില പ്രത്യേക വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൻെറ ശമ്പളവും പടിയും മററും കേന്ദ്രസഞ്ചിതനിധിയിൽ നിന്നുമാണു സ്വീകരിക്കുന്നതു്.[1] സ്പീക്കറുടെ മേൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനു് പ്രത്യേകം ക്ളിപ്തപ്പെടുത്തിയിട്ടുള്ള ഭൂരിപക്ഷം അനുകൂലി ച്ചെങ്കിൽ മാത്രമേ സാധിക്കൂ.[2] സഭയിൽ വോട്ടെടുപ്പ് സമ മായിരിക്കുമ്പോൾ, സംഗതിക്കു് തീർപ്പു കല്പിക്കുന്നതിനായി മാത്രമേ സ്പീക്കർ വോട്ടുചെയ്യുകയുള്ളൂ.[3]

1. Article: 112 (3) (b) 2. Article: 94 (c)
3. Article: 100 (1)

ഔദ്യോഗികസ്ഥാനത്തുനിന്നു് സ്പീക്കർ വിരമിക്കുന്നതിനെക്കുറിച്ചുള്ള വ്യവസ്ഥകളെ സംബന്ധിച്ചു് ഇനി ചിലതു സൂചിപ്പിക്കാം. ലോക്സഭയിലെ അംഗത്വം നഷ്ടപ്പെടുന്നതായാൽ സ്പീക്കർ സ്വസ്ഥാനത്തിനു് അനർഹനായിത്തീരും. അദ്ദേഹത്തിനു് ഉദ്യോഗം രാജിവയ്ക്കാം. രാജിക്കത്തു് സ്പീക്കറുടേതെങ്കിൽ ഡെപ്യൂട്ടിസ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കറുടേതെങ്കിൽ സ്പീക്കർക്കും ആണു് സമർപ്പിക്കേണ്ടതു്. അവിശ്വാസപ്രമേയം പാസ്സാക്കി സ്പീക്കറെ നീക്കം ചെയ്യാനും വേണ്ട വ്യവസ്ഥകളുണ്ടു്. ആ പ്രമേയം അവതരിപ്പിക്കുന്നതിനു് പതിന്നാലു ദിവസത്തെ നോട്ടീസു കൊടുക്കണം.

ഭരണഘടനയിൽ ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്കും പാർലിമെൻറു് നടപടിക്രമങ്ങൾക്കും വിധേയമായി പാർലിമെൻറംഗങ്ങൾക്കു് പ്രസംഗസ്വാതന്ത്ര്യമുണ്ടു്. അവർ സഭയുടെ ഏതെങ്കിലും കമ്മറ്റിയിലോ, യോഗത്തിലോ നടത്തിയ പ്രസംഗത്തേയോ വോട്ടിനേയോ അടിസ്ഥാനമാക്കി ഒരു കോടതിയിലും നടപടികൾ എടുക്കുന്നതിനു പാടുള്ളതല്ല. പ്രസംഗസ്വാതന്ത്ര്യത്തോടൊപ്പംതന്നെ പ്രസിദ്ധീകരണാവകാശവും നമ്മുടെ ഭരണഘടനയിൽ ഉറപ്പുചെയ്തിരിക്കുന്നു.[1] സാമാജികന്മാർക്കു് തങ്ങളുടെ കർത്തവ്യങ്ങൾ ശരിയായവിധം നിറവേററുന്നതിനു വേണ്ട ചുററുപാടു സൃഷ്ടിക്കുന്നതിനാണു് ഇവ നൽകിയിരിക്കുന്നതെന്നു പറയാം.

പാർലിമെൻറു നടപടികളുടെ പൂർണ്ണവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതുമൂലം സിവിലോ ക്രിമിനലോ ആയ നടപടികൾ പത്രങ്ങളുടെ മേൽ എടുക്കാവുന്നതല്ല. ഇതു സംബന്ധിച്ചു് അടുത്തകാലത്തു പാർലിമെൻറു് നിയമം പാസാക്കി

1. Article: 105.

യിട്ടുണ്ട്.[1] ഈ നിയമംമൂലം പാർലിമെൻറുസഭകളുടെ ശരിയായ ഒരു റിപ്പോർട്ട പ്രസിദ്ധീകരിക്കുന്നതുകൊണ്ട് യാതൊരു പത്രവും ന്യൂസ് ഏജൻസികളും പ്രക്ഷേപണകേന്ദ്രങ്ങളും, സിവിൽ നടപടിക്കോ ക്രിമിനൽ നടപടിക്കോ വിധേയമാക്കപ്പെടുന്നതല്ല. പാർലിമെൻറ് പാസ്സാക്കിയിട്ടുള്ള മൂന്നാമത്തെ അനൗദ്യോഗികബില്ലാണിതു്. ഈ നിയമമനുസരിച്ചുള്ള സംരക്ഷണം അവകാശപ്പെടുന്നതിനു്, പാർലിമെൻറ് നടപടികളുടെ പ്രസിദ്ധീകരണം പൊതുജനോപകാരത്തിനായിട്ടാണു്, ദുരുദ്ദേശത്തോടുകൂടിയല്ല നടത്തിയിട്ടുള്ളതു് എന്ന കാര്യം പ്രാധാന്യമർഹിക്കുന്നതാണു്.

പാർലിമെൻറ് അതതു കാലങ്ങളിൽ നിശ്ചയിക്കുന്ന ശമ്പളവും പടിയും പാർലിമെൻറംഗങ്ങൾക്കു സ്വീകരിക്കാവുന്നതാണു്. ഇതിലേക്കു പ്രത്യേകമായ നിയമം നിർമ്മിക്കുന്നതായിരിക്കും.[2] അടുത്തകാലത്തു ചെയ്തിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു് ഒരു അംഗത്തിനു് പ്രതിമാസം നാനൂറു് ഉറപ്പിക ശമ്പളവും പാർലിമെൻറ് സമ്മേളിച്ചിട്ടുള്ള ദിവസങ്ങളിൽ സഭയിൽ ഹാജരാകുമ്പോൾ പ്രതിദിനം ഇരുപത്തിയൊന്നുരൂപാ പടിയും ലഭിക്കുന്നതാണു്. ഔദ്യോഗിക കാര്യങ്ങൾക്കായി സഞ്ചരിക്കുമ്പോൾ സഞ്ചാരപ്പടിയും ക്ളിപ്തനിരക്കനുസരിച്ചു സ്വീകരിക്കാം.[1]

പാർലിമെൻറ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഒരാൾ അംഗമായി സഭയിൽ സ്ഥാനം സ്വീകരിക്കുന്നതിനു മുമ്പു്

---

1. Parliamentary Proceedings (Protection of Publication) Act 1956.
2. Article 106.
3. Salaries and Allowances (of Members of Parliament) Act 1954.

രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അതിലേക്ക് അദ്ദേഹം നിർദ്ദേശിക്കുന്ന മറേറതെങ്കിലും ആളിന്റെയോ മുമ്പിൽ സത്യപ്രതിജ്ഞചെയ്യേണ്ടതാണ്.[1] ഇതിലേക്ക് സ്വീകരിച്ചിട്ടുള്ള സത്യവാചകത്തിന്റെ മാതൃക ഭരണഘടനയുടെ മൂന്നാം പട്ടികയിൽ ചേർത്തിരിക്കുന്നു. ഭാരതഭരണഘടനയിൽ ആത്മാർത്ഥമായ വിശ്വാസവും ഭക്തിയും ഉള്ളവനായിരിക്കുന്നതാണെന്നും താൻ ഭരമേല്ക്കുന്ന കർത്തവ്യത്തെ വിശ്വാസപൂർവ്വം നിർവ്വഹിക്കുന്നതാണെന്നും സ്വയം ഏല്ക്കുകയാണു ഇതിനാൽചെയ്യുന്നതു്.[2]

ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥചെയ്തിട്ടുള്ളതൊഴിച്ച് മററെല്ലാ കാര്യങ്ങളും പാർലിമെന്റു തീരുമാനിക്കുന്നതു് സഭയിൽ ഹാജരായി വോട്ടിംഗിൽ പങ്കെടുക്കുന്നവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമാണ്.[3] അതു തീരുമാനിക്കുന്നതിനു സ്വീകരിക്കേണ്ട നടപടിയും വ്യക്തമാക്കിയിട്ടുണ്ട്.[4] ഭൂരിപക്ഷത്തിന്റെകാര്യത്തിൽ പ്രത്യേക വ്യവസ്ഥകൾ ഒൻപതു കാര്യങ്ങൾക്ക് ഭരണഘടനയിൽ ചെയ്തിട്ടുണ്ട്. സാധാരണ ബില്ലുകൾ രാജ്യസഭയിലോ ലോക്സഭയിലോ ആദ്യമായി അവതരിപ്പിക്കാവുന്നതാണ്. എന്നാൽ അവ പാസ്സായതായി പരിഗണിക്കുന്നതിനു് ഇരുസഭകളുടേയും അംഗീകാരം അനിവാര്യമാണ്. ബില്ല് അവതരിപ്പിച്ച രൂപത്തിലോ രണ്ടു സഭകളും അംഗീകരിച്ചിട്ടുള്ള ഭേദഗതികളോടുകൂടിയോ പാസ്സാക്കപ്പെടുന്നു. പാർലിമെന്റിന്റെ പര്യാലോചനയിൽ ഇരുന്ന ഒരു ബില്ല് പാർലിമെന്റുസമ്മേളനം മാററിവയ്ക്കുന്നതായാൽ അക്കാരണത്താൽ കാലഹരണപ്പെടുകയില്ല. അതുപോലെ

---

1. Article : 99
2. See Third Schedule Form III
3. Article 100 (1)
4. Rules of Procedure & Conduct of Business in Parliament–R. 170

തന്നെ ഒരു ബില്ല് രാജ്യസഭ ചർച്ചചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽ ലോക്സഭ പിരിഞ്ഞുപോകുന്നതായാൽ, അസ്ഥിരപ്പെട്ടുപോകുകയില്ല. എന്നാൽ ഒരു ബില്ല് ലോക്സഭയുടെ പരിചിന്തനത്തിനു വിധേയമായിരിക്കുമ്പോഴോ, ലോക്സഭ പാസ്സാക്കിയശേഷം രാജ്യസഭ ചർച്ചചെയ്തുകൊണ്ടിരിക്കുമ്പോഴോ ലോക്സഭ പിരിഞ്ഞുപോകുന്നതായാൽ, പ്രസ്തുത ബില്ല് ദുർബ്ബലപ്പെട്ടുപോകുന്നതായിരിക്കും.[1] എന്നാൽ ഇങ്ങനെ ദുർബ്ബലപ്പെടുന്നതു് ചില വ്യവസ്ഥകൾക്കു വിധേയമായിട്ടാണു്. ഒരു ബില്ല് ഒരു സഭ പാസ്സാക്കിയെടുത്തശേഷം അതു് മറേറസഭയുടെ പരിചിന്തനത്തിനായി അയച്ചുകൊടുക്കുന്നു. ചർച്ചയ്ക്കുശേഷം രണ്ടാമത്തെ സഭ ബില്ല് നിരാകരിച്ചെന്നു വരാം. അതുപോലെ അതിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ചു് രണ്ടു സഭകൾ തമ്മിൽ യോജിച്ചില്ലെന്നും വരാം. രണ്ടാമത്തെസഭ, ആദ്യത്തെ സഭ പാസ്സാക്കിയ ബില്ല് സ്വീകരിച്ചതിനുശേഷം ആറുമാസം കഴിഞ്ഞിട്ടും അതു പാസ്സാക്കാൻ കൂട്ടാക്കാതെയിരുന്നെന്നും വരാം. ജനസഭ പിരിഞ്ഞുപോയ കാരണത്താൽ ബില്ല് ദുർബ്ബലപ്പെട്ടിട്ടില്ലാത്തപക്ഷം, ബില്ലിനെക്കുറിച്ചു് ആലോചിക്കുവാൻ പാർലിമെന്റിന്റെ സഭകളുടെ സംയുക്തസമ്മേളനം വിളിച്ചുകൂട്ടുവാൻ രാഷ്ട്രപതിക്കു് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണു്. സംയുക്തസമ്മേളനം വിളിച്ചുകൂട്ടുവാനുള്ള ഉദ്ദേശം രാഷ്ട്രപതി വ്യക്തമാക്കിക്കഴിഞ്ഞശേഷം ചർച്ചാവിഷയമായ ബില്ലിനെപ്പററി പാർലിമെൻറു് ഒരു നടപടിയും നടത്തിക്കൂടാ. സംയുക്തസമ്മേളനത്തിൽ സംബന്ധിച്ചിട്ടുള്ള അംഗങ്ങളിൽ ഭൂരിപക്ഷം അനുകൂലിച്ചു പാസ്സാക്കിയെടുക്കുന്ന ബില്ല്, രണ്ടു സഭകളും പാസ്സാക്കിയെടുത്ത ബില്ലിനു സമമായി പരിഗണിക്കപ്പെടുന്നതായിരിക്കും.[2] സംയുക്തസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതു് ലോക്സഭാസ്പീക്കർ ആണു്

1. **Article**: 107. 2. **Article**: 108

അദ്ദേഹത്തിൻെറ അഭാവത്തിൽ ചട്ടപ്രകാരം അതിനു യോഗ്യതയുള്ള ഒരാൾ ആ സ്ഥാനം ഏറെറടുക്കും.[1] സംയുക്തസമ്മേളനാവസരത്തിൽ നേരത്തെ ചർച്ചചെയ്തുകൊണ്ടിരുന്ന ബില്ലിൽ പുതിയ ഭേദഗതികൾ അവതരിപ്പിക്കുന്നതിനു കഴിവില്ല. ഇതു് അമാന്തം ഒഴിവാക്കുന്നതിനാണു്. സഭകളുടെ സംയുക്തസമ്മേളനം വിളിച്ചുകൂട്ടുന്നതിനുള്ള തൻെറ ഉദ്ദേശം രാഷ്ട്രപതി പ്രഖ്യാപിച്ചുകഴിഞ്ഞതിനുശേഷം ലോക്സഭ പിരിച്ചുവിടുന്നതിനു് ഇടയായാൽ നേരത്തെയുള്ള പ്രഖ്യാപനമനുസരിച്ചുള്ള സംയുക്തസമ്മേളനം കൂടുന്നതിനു് തടസ്സം ഉണ്ടായിരിക്കുന്നതല്ല. അതിൽ ബില്ലു് ചർച്ചചെയ്തു പാസ്സാക്കുകയും ചെയ്യാം.[2]

സഭാനടപടികൾക്കു് ആവശ്യമുള്ള ഏററവും കുറഞ്ഞ ഹാജർ (കോറം) തികയാതിരുന്നാൽ, അതു തികയുന്നതുവരെ നടപടികൾ നിർത്തിവയ്ക്കുവാനോ അല്ലെങ്കിൽ സമ്മേളനം മാററിവയ്ക്കുവാനോ സ്പീക്കർക്കു കഴിവുണ്ടു്. ഒരു സഭയ്ക്കു വേണ്ട ഏററവും കുറഞ്ഞ ഹാജർ നിയമംമൂലം മററുവിധത്തിൽ വ്യവസ്ഥചെയ്യുന്നതുവരെ, ആകെയുള്ള അംഗസംഖ്യയുടെ പത്തിൽ ഒരു ഭാഗമാണു്.[3] എന്നാൽ നിയമനിർമ്മാണത്തിനു് അത്യാവശ്യമായ ഏററവും കുറഞ്ഞ ഹാജർ ഇല്ലാതെ സഭ എന്തെങ്കിലും നടപടികൾ നിർവഹിക്കാനിടയായിരുന്നാൽ ആ ക്രമക്കേടു കാരണമായി, നിയമത്തിൻെറ സാധുത്വം ചോദ്യംചെയ്യുവാൻ പാടില്ലാത്തതാകുന്നു എന്നു് ഓർമ്മിക്കേണ്ടതാണു്.[4] സഭയുടെ അദ്ധ്യക്ഷനോ, സ്പീക്കറോ സാധാരണ വോട്ടെടുപ്പിൽ പങ്കുകൊള്ളുകയില്ല. എന്നാൽ അനുകൂലവും പ്രതികൂലവുമായുള്ള വോട്ടുകൾ തുല്യനിലയിൽ നില്ക്കുന്ന സന്ധികളിൽ തീർപ്പുകല്പിക്കുന്നതിനു് അവർക്കു് ഒരു വോട്ടുണ്ടു്.

---

1. Article: 118 (4)
2. Article: 108
3. Article: 100 (3) & (4)
4. Article: 122 (1)

അതു ഉപയോഗിച്ചു് പ്രശ്നം തീരുമാനിക്കപ്പെടുകയാണു് ചെയ്യുന്നതു്. ഇതിനു് സാധാരണയായി കാസ്റ്റിംഗ്‌വോട്ടു് എന്നാണു പറയാറുള്ളതു്. പാർലിമെന്റിന്റെ നടപടികളിൽ പങ്കെടുക്കുവാൻ അവകാശമില്ലാത്ത ഒരാൾ അങ്ങിനെ ചെയ്തതായി പിന്നീടു തെളിഞ്ഞാൽ, അക്കാരണത്താലും ആ നടപടികൾ അസാധുവായിത്തീരുകയില്ല. അയോഗ്യതമൂലമോ നിരോധനം മൂലമോ പങ്കെടുക്കുവാൻ പാടില്ലാത്ത ഒരാൾ സഭാനടപടികളിൽ പങ്കെടുത്താൽ സഭയ്ക്കു് അയാളിൽനിന്നു് പിഴ ഈടാക്കാവുന്നതാണു്. അങ്ങിനെ പങ്കെടുത്ത ഓരോ ദിവസത്തേക്കും അഞ്ഞൂറുരൂപാ പിഴയാണു നിശ്ചയിച്ചിട്ടുള്ളതു്.[1]

പാർലിമെൻറിൻെറ ഇരുസഭകൾക്കും തുല്യമായ അധികാരങ്ങൾ അംഗീകരിച്ചിട്ടില്ല. ചില വിഷയങ്ങളെ സംബന്ധിച്ചു് നിയമനിർമ്മാണം നടത്തുന്നതിനുള്ള പരമാധികാരം ലോക്‌സഭയ്ക്കാണു്. സാമ്പത്തികകാര്യങ്ങളിൽ അതിനുള്ള അവകാശാധികാരങ്ങൾ പരമോച്ചമായിട്ടുള്ളതുതന്നെ. ധനസംബന്ധമായ ബില്ലുകൾ ലോക്‌സഭയിൽ മാത്രമേ ആരംഭത്തിൽ അവതരിപ്പിക്കാവൂ. ലോക്‌സഭയിൽ പാസ്സായ അത്തരം ബിൽ രാജ്യസഭയിൽ ആലോചനയ്ക്കു വരുന്നു. അതിന്മേലുള്ള ശുപാർശകളോടുകൂടി രാജ്യസഭയിൽനിന്നു് പതിന്നാലു ദിവസങ്ങൾക്കകം അതു് ലോക്‌സഭയിലേക്കു മടക്കി അയയ്ക്കേണ്ടതാണു്. രാജ്യസഭയുടെ ശുപാർശകൾ മുഴുവനുമോ ചിലതോ ലോക്‌സഭയ്ക്കു സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ഇങ്ങനെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുക എന്ന ആശയം ആസ്ത്രേലിയാ, അയർലൻഡു് എന്നിവിടങ്ങളിലെ ഭരണഘടനകളിൽ നിന്നാണു സ്വീകരിച്ചിട്ടുള്ളതു്. ഇംഗ്ലണ്ടിലെ പ്രഭുസഭയ്ക്കു് ഒരുമാസം വച്ചുതാമസി

1 Article: 104

THOMAS MEMORIAL SAHRUDAYA P
MANNARGHAT
LIBRARY

പ്പിക്കാമെന്നല്ലാതെ ശുപാർശ ചെയ്യുന്നതിന്ന കഴിവില്ല. രാജ്യസഭയിൽ ബില്ല് സ്വീകരിച്ച ദിവസംതൊട്ട് പതിന്നാലു ദിവസങ്ങൾക്കകം രാജ്യസഭ അതു് മടക്കി അയക്കാതിരുന്നാൽ, ആ കാലാവധി കഴിയുമ്പോൾ ലോക്സഭ പാസ്സാക്കിയിട്ടുള്ള രൂപത്തിൽ തന്നെ, ഇരുസഭകളും ബില്ല് പാസ്സാക്കിയതായി ഗണിക്കുന്നതാണ്.[1] ഇതിൽനിന്നു് ലോക്സഭയുടെ പ്രാമാണ്യത്തിൻെറ ഏകദേശരൂപമെങ്കിലും ധരിക്കാവുന്നതാണല്ലോ. രാജ്യസഭയ്ക്കു് ധനബില്ലിൻെറ കാര്യത്തിൽ, സ്വയപ്രവർത്തനശക്തിയുടെ അഭാവവും ബില്ലുകൾ ലോക്സഭയുടെ ഇംഗിതത്തിനെതിരായി വ്യത്യാസപ്പെടുത്തുവാനുള്ള ശേഷിക്കുറവും വ്യക്തമാണ്. രാജ്യസഭയ്ക്കു് ഒരുപക്ഷക്കാലത്തേക്കു് ധനബില്ലുകൾ വച്ചു് അമാന്തിപ്പിക്കാമെന്നതിൽ കവിഞ്ഞു് മറെറാന്നും ചെയ്യാൻ സാധിക്കുന്നതല്ല.

ധനസംബന്ധമല്ലാത്ത ബില്ലുകൾ രണ്ടു സഭകളും പാസ്സാക്കി രാഷ്ട്രപതി അംഗീകരിച്ചതിന്നശേഷമേ നിയമമായിത്തീരുകയുള്ളു.[2] അവ ആദ്യം അവതരിപ്പിക്കുന്നതു് ഏതു സഭയിൽ വേണമെങ്കിലും ആകാം. ഭേദഗതികളെപ്പററി സഭകൾതമ്മിൽ അഭിപ്രായപ്പൊരുത്തം ഉണ്ടാകാതിരിക്കുന്ന പക്ഷം സ്വീകരിക്കേണ്ട നടപടികൾ ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഒരു സഭ പാസ്സാക്കിയ ബില്ല കിട്ടിയിട്ട് ആറുമാസം കഴിയുന്നതിന്നുമുമ്പ് മറേറ സഭ പാസ്സാക്കാതെയിരുന്നാലും, ചർച്ചയ്ക്കുശേഷം മൊത്തമായി നിരാകരിക്കുന്നതായാലും, രാഷ്ട്രപതിക്കു് ഇരുസഭകളിലേയും അംഗങ്ങളുടെ ഒരു സംയുക്തസമ്മേളനം വിളിച്ചുകൂട്ടി, ബില്ല് അവിടെ ചർച്ചയ്ക്കു വിഷയമാക്കാം. രാഷ്ട്രപതിയുടെ ഇംഗിതം ഒരു സന്ദേശരൂപത്തിലോ ഒരു അറിയിപ്പായിട്ടോ വെളിപ്പെടുത്താവുന്നതാണ്.

---

1. Article 109 (5)   2. Article 107 (2)

ബില്ലിനെപ്പററി തീരുമാനമെടുത്തശേഷം അതു് രാഷ്ട്രപതിക്കു സമപ്പിക്കപ്പെടുന്നതായിരിക്കും.

നിർവ്വഹണവിഭാഗത്തിൻെറ മേലുള്ള നിയന്ത്രണകാര്യത്തിൽ ലോക്സഭയ്ക്കു് രാജ്യസഭയേക്കാഠം ശക്തിയുണ്ടു്. ഭരണഘടനയിലെ വ്യവസ്ഥകഠം പ്രകാരം മന്ത്രിസഭയ്ക്കു് ലോക്സഭയോടാണു് കൂട്ടുത്തരവാദിത്വമുള്ളതു്; ഇരുസഭകളോടുമല്ല. രാജ്യസഭയ്ക്കു് അവരുടെമേൽ സ്വാധീനം ചെലുത്തുവാൻ കുറെയൊക്കെ കഴിയുമെങ്കിലും അവരെ പുറം തള്ളാൻ സാധിക്കുകയില്ല. അതു് ലോക്സഭയ്ക്കു മാത്രമേ സാധിക്കു. ലോക്സഭ ഭാരതത്തിലെ ജനങ്ങളെയാണു് പ്രതിനിധീകരിക്കുന്നതു് എന്നു് നാം ഓർമ്മിക്കേണ്ടതാണു്.

ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള വിഷയങ്ങളിൽ നിയമം നിർമ്മിക്കാൻ പാർലിമെൻറിനു സാധിക്കുമെന്നു് പ്രത്യേകിച്ചു പറയേണ്ട കാര്യമില്ല. കേന്ദ്രത്തിൻെറ സമ്പൂർണ്ണമായ അധികാരപരിധിയിൽപെടുന്ന കേന്ദ്ര വിഷയങ്ങഠംക്കുടാതെ സംയുക്തവിഷയങ്ങളുടെ കാര്യത്തിലും അതിനു് നിയമനിർമ്മാണം നടത്താവുന്നതാണു്. കേന്ദ്രനിയമങ്ങളുമായി പൊരുത്തമില്ലാത്ത സംസ്ഥാനനിയമങ്ങഠം, അവ എത്രമാത്രം പൊരുത്തപ്പെടാതിരിക്കുന്നുവോ അത്രത്തോളം അസാധുവായിരിക്കുന്നതാണു്. ഏതു സംഗതികഠംക്കും, അവ സംസ്ഥാനവിഷയങ്ങളുഠംക്കൊള്ളുന്ന പട്ടികയിൽപെടുന്നവയായിരുന്നാലും, കേന്ദ്രത്തിനു് നിയമനിർമ്മാണം നടത്തുവാൻ സാധിക്കും. ദേശീയ താല്പര്യത്തെ മുൻനിത്തി അവ കേന്ദ്രത്തിനു് ഏറെറടുക്കുവാൻ കഴിവുണ്ടു്. എന്നാൽ അങ്ങിനെ ഒരു നടപടി സ്വീകരിക്കുന്നതിനു് ചില വ്യവസ്ഥകളുമുണ്ടു്. സംസ്ഥാനലിസ്റ്റിൽ പെടുന്ന വിഷയത്തെ സംബന്ധിച്ചു് നിയമനിമ്മാണം നടത്തേണ്ടതു് രാജ്യത്തിൻെറ പൊതുതാല്പ

ത്യത്തിനു് ആവശ്യമോ ഉചിതമോ ആയിരിക്കുമെന്നു് രാജ്യസഭ ഒരു നിശ്ചയംമൂലം സാക്ഷ്യപ്പെടുത്തണം. അങ്ങിനെയുള്ള നിശ്ചയം പാസ്സാക്കുന്നതു് രാജ്യസഭയിൽ ഹാജരാകുകയും വോട്ടിംഗിൽ ഭാഗഭാക്കാകുകയും ചെയ്യുന്ന സാമാജികന്മാരിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ആയിരിക്കണം. ആ നിശ്ചയം പ്രാബല്യത്തിലിരിക്കുമ്പോൾ രാജ്യത്തിനു പൊതുവായോ, ഒരു പ്രദേശത്തിനു മാത്രമായോ നിയമം നിർമ്മിക്കുന്നതിനു് പാർലിമെൻറിനു സാധിക്കുന്നു. ഇതിനു് അടിയന്തിരാവസ്ഥ നിലവിലിരിക്കേണ്ടകാര്യമില്ല.[1] മുകളിൽ പറഞ്ഞ നിശ്ചയത്തിന്റെ കാലാവധി സാധാരണഗതിയിൽ ഒരു കൊല്ലമാണു്. എന്നാൽ തുടർച്ചയായി പ്രസ്തുത പ്രമേയം പാസ്സാക്കുന്നതിനു തടസ്സമില്ല. ഈ വ്യവസ്ഥ ജമ്മു-കാശ്മീർ സംസ്ഥാനത്തിനു ബാധകമല്ല.

സംസ്ഥാനങ്ങളുടെ നിയമനിർമ്മാണാധികാരപട്ടികയിൽപ്പെട്ട സാംഗതികൾ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിട്ടുള്ള കാലഘട്ടങ്ങളിൽ കേന്ദ്രത്തിനു് ഏറ്റെടുക്കാവുന്നതാണു്. ഈ സന്ദർഭത്തിൽ സംയുക്തഭരണവ്യവസ്ഥ സമാപിക്കുന്നു; കേന്ദ്രം ഏകചക്രഭരണക്രമമായി രൂപാന്തരപ്പെടുകയാണു്. രാജ്യത്തിനു പൊതുവേയോ, ഒരുഭാഗത്തേക്കു പ്രത്യേകമായോ ഈ നിയമനിർമ്മാണം നടത്താം. അടിയന്തിരാവസ്ഥ അവസാനിച്ചു് ആറു മാസം തികയുമ്പോൾ അത്തരത്തിലുള്ള നിയമം അസാധുവായിത്തീരും.[2]

മേൽപറഞ്ഞ രണ്ടു സന്ദർഭങ്ങളിലും ഒരു സംസ്ഥാന നിയമസഭയ്ക്കു് ഭരണഘടനയനുസരിച്ചുള്ള അധികാരങ്ങൾ ഇല്ലാതാകുകയില്ല. നിയമനിർമ്മാണാധികാരം നിർത്തിവയ്ക്കുകയോ, അതിൻെറ സ്ഥാനത്തു് മറെറാന്നു് സ്ഥാപിതമാകുകയോ ചെയ്യുന്നില്ല. എന്നാൽ അപ്പോൾ അതു നിർമ്മിക്കുന്ന

---

1. Article: 249 (1) & (2)   2. Article: 250.

നിയമങ്ങൾ കേന്ദ്രനിയമങ്ങൾക്കു വിരുദ്ധമായിക്കൂട; വിരുദ്ധമായിട്ടുള്ള അംശങ്ങൾ ബലഹീനങ്ങളായി ഭവിക്കും. കേന്ദ്രനിയമത്തിന്റെ പ്രാബല്യം നിശ്ചയിച്ചിട്ടുള്ള കാലാവധി കഴിയുമ്പോൾ അവസാനിക്കുകയും, അതിനെ തുടന്നു് സംസ്ഥാനനിയമങ്ങൾ ഉജ്ജീവിപ്പിക്കപ്പെടുകയും ചെയ്യുന്നതാണു്.[1]

സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപെടുന്ന നിയമനിമ്മാണകായ്യങ്ങളിൽ കേന്ദ്രത്തിനു് ഇടപെടുവാൻ ഇട നൽകുന്ന ഒരു സന്ദർഭംകൂടിയുള്ളതു് ഇവിടെ വ്യക്തമാക്കുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുള്ള പരസ്പരധാരണമൂലം, അവരുടെ പൊതുതാല്പര്യങ്ങളെ മുൻനിത്തി, അവക്കുവേണ്ടി നിയമനിമ്മാണം നിവ്വഹിക്കുന്നതിനു് പാർലിമെൻറിനെ അധികാരപ്പെടുത്താം. അങ്ങിനെ അധികാരപ്പെടുത്തുന്നതു് ആ കരാറിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിലെ നിയമസഭകൾ നിശ്ചയം പാസ്സാക്കി ആണു്. ആ നിശ്ചയത്തെ അടിസ്ഥാനമാക്കി പാർലിമെൻറു് അതിൽപറയുന്ന സംസ്ഥാനവിഷയങ്ങൾക്കു് നിയമനിർമ്മാണം നടത്തുകയും ചെയ്യും. ഇങ്ങനെ പാർലിമെൻറു പാസ്സാക്കുന്ന ഒരു നിയമം ഭേദഗതിചെയ്യുന്നതിനു് സംസ്ഥാനനിയമസഭകൾക്കു കഴിവില്ല. അതു് പാർലിമെൻറിനു മാത്രമേ സാധിക്കു.[2] സംസ്ഥാനവിഷയങ്ങളിൽ പെടുന്ന പൊതുജനാരോഗ്യം, കൃഷി തുടങ്ങിയ കായ്യങ്ങളിൽ സംസ്ഥാനനിയമങ്ങൾ തമ്മിൽ ഏകീകരണം വരുത്തുവാൻ ഇതു് കളമൊരുക്കിയിരിക്കുന്നു.

ഭാരതം അംഗീകരിക്കുന്ന അന്താരാഷ്ട്രീയക്കരാറുകളും തത്വങ്ങളും നടപ്പിൽ വരുത്തുവാൻ സക്കാരിനു കടമയുണ്ടു്. അതു് കേന്ദ്രഗവണ്മെൻറിൻെറ അധികാരപരധിയിൽപെടുന്ന

---

1. Article: 251. 2. Article: 252.

സാഗതിയുമാണു്.[1] ഇതിന്നു് ആവശ്യമായ നിയമനിർമ്മാണം നടത്തുമ്പോൾ സംസ്ഥാനവിഷയങ്ങളെയും സ്പർശിച്ചെന്നിരിക്കും. എന്നിരുന്നാലും അങ്ങിനെ ചെയ്യുന്നതിന്നു് ഭരണഘടന പാർലിമെൻറിനെ അധികാരപ്പെടുത്തിയിട്ടുണ്ടു്.[2] ഇങ്ങനെ ചെയ്യുന്നതു് ഭാരതത്തിന്നു മുഴുവനുമോ അല്ലെങ്കിൽ അതിൻെറ ഒരു പ്രദേശത്തിന്നു മാത്രമോ ആകാം. ജമ്മു-കാശ്മീർ സംസ്ഥാനത്തെ ബാധിക്കുന്ന ഒരു നിയമം സംബന്ധിച്ചുള്ള തീരുമാനം അവരുടെ അനുമതിപ്രകാരമേ എടുക്കുവാൻ പാടുള്ളു.

പാർലിമെൻറിൻെറ ഇരുസഭകളും പാസ്സാക്കിയ ഒരു ബില്ലു് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കുന്നു. അദ്ദേഹം അതിന്നു് അംഗീകാരം നൽകുകയോ നല്കാതിരിക്കുകയോ ചെയ്യാം. അംഗീകാരം സിദ്ധിക്കുമ്പോൾ അതു് നിയമമായിത്തീരുന്നു. രാഷ്ട്രപതിക്കു് ആവശ്യമെന്നു തോന്നിയാൽ ധനബില്ലൊഴിച്ചു് മററു് ഏതൊരു ബില്ലും, അദ്ദേഹത്തിന്നു യുക്തമെന്നു തോന്നുന്ന ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടോ അല്ലാതെയോ, സഭകളുടെ പുനഃപര്യാലോചനയ്ക്കുവേണ്ടി മടക്കി അയക്കാവുന്നതാണു്. സഭകൾ ചർച്ചചെയ്തശേഷം രാഷ്ട്രപതി നിർദ്ദേശിച്ച ഭേദഗതി സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ഭേദഗതികളോടുകൂടിയോ അല്ലാതെയോ സഭകൾ രണ്ടാമതു പാസ്സാക്കിയ ബില്ലു് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും വരുമ്പോൾ അതു് അംഗീകരിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായിത്തീരുന്നു. അങ്ങിനെ ആ ബിൽ നിയമമായിത്തീരുകയും ചെയ്യും.[3]

സംസ്ഥാനനിയമസഭകളുടെ നിയമനിർമ്മാണാധികാരപരിധി നിർണ്ണയിച്ചിട്ടുള്ള പട്ടികയിൽപെടാത്ത ഏതൊരു കാര്യ

1. Entry No: 14 List I Seventh Schedule.

2. Article: 253.

3. Article: 111.

ത്തിനും, അനിയന്ത്രിതമായ നിയമനിർമ്മാണത്തിന് പാർലി മെൻറ് ശക്തമാണെന്നു വിചാരിച്ചുകൂട. ബ്രിട്ടീഷ് പാർലി മെൻറിനുള്ളതുപോലെ നമ്മുടെ പാർലിമെൻറിന് അധികാര മില്ല. ബ്രിട്ടീഷ് പാർലിമെൻറിൻെറ മേൽ നിയന്ത്രണം ചെലുത്തുവാൻ ഒരു ശക്തിയുമില്ല. അതിനിഷ്ടമുള്ള ഏതൊരു നിയമവും നിർമ്മിക്കാൻ തടസ്സമില്ല. നമ്മുടെ പാർലിമെൻറിന്റെ കഥ ഇതിൽനിന്നു ഭിന്നമാണ്. അതു പാസ്സാക്കുന്ന നിയമം ഭരണഘടനാതീതമായിരിക്കരുത്. ആയിരുന്നാൽ അവ അസാധുവായി സുപ്രീംകോടതി വിധിക്കുന്നതും അതു് അങ്ങിനെ ദുർബ്ബലമായിത്തീരുന്നതും ആണ്.

നമ്മുടെ നാടിൻെറ പണസഞ്ചിയുടെ ചരട് നിയന്ത്രിക്കുന്നതു് പാർലിമെൻറ് ആണ്. അതിൻെറ അനുവാദം കൂടാതെ പൊതുമുതലിൽ നിന്നു് പണം ചെലവഴിച്ചുകൂട. അതുപോലെ അതിൻെറ അംഗീകാരമില്ലാതെ പുതിയ നികുതികൾ ഏർപ്പെടുത്താനും പാടില്ല. സഞ്ചിതനിധി (കൺസോളിഡേററഡ്ഫണ്ട്) യിൽ നിന്നുള്ള ചിലവിനങ്ങൾ പാർലിമെൻറിലെ വോട്ടിനു വിധേയമല്ല. എന്നാൽ ഈ ചിലവിനങ്ങളുടെ അടങ്കലുകൾ ചർച്ചചെയ്യുന്നതിനു് പാർലിമെൻറിനു സ്വാതന്ത്ര്യമുണ്ട്.

നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്രമന്ത്രിസഭ ലോക്സഭയോട്ട് തികഞ്ഞ ഉത്തരവാദിത്വമുള്ളതാണ്. അതിന്റെ വിശ്വാസമില്ലാതെ മന്ത്രിസഭയ്ക്കു് നിലനില്ക്കുവാൻ കഴിയുന്നതല്ല. പാർലിമെൻറസമ്മേളനത്തിൽ ഭരണകൂടത്തിൻെറ ഏതു വിഭാഗത്തെപ്പററിയും ചോദ്യങ്ങൾ ഉണ്ടാകാം. ഖണ്ഡനോപക്ഷേപം അവതരിപ്പിച്ച് ഒരു വകുപ്പിൻെറ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിയിൽ അവിശ്വാസം രേഖപ്പെടുത്താം. ഭരണകൂടത്തെ ആവുന്നത്ര വിമർശിക്കാം. പാർലി

മെൻറിനോടുള്ള നിർവ്വഹണമണ്ഡലത്തിൻെറ ഉത്തരവാദിത്വം വ്യക്തമാക്കാനും ഓർമ്മിപ്പിക്കാനും ഇങ്ങനെ പല മാറ്റങ്ങൾ സ്വീകരിക്കാവുന്നതാണു്.

ഭരണകൂടത്തിൻെറ സാമ്പത്തിക നയങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനു് പാർലിമെൻറിനു കഴിവുണ്ടു്. ഓരോ വർഷത്തെ വരവുചിലവുകൾ സംബന്ധിച്ച ഒരു പ്രസ്താവന രാഷ്ട്രപതി രണ്ടു സഭകളിലും സമർപ്പിക്കുവാൻ ഏർപ്പാടു ചെയ്യണം. ഈ ധനകാര്യപ്രസ്താവനയ്ക്കു് ആനുവൽ ഫിനാൻഷ്യൽ സ്റ്റേററ്മെൻറു് എന്നാണു് പേർ പറയുന്നതു്.[1] ഇതു് സാധാരണയായി ബഡ്ജററു് എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ആയവ്യയപത്രികയാണു്. ധനസംബന്ധമായ കാര്യങ്ങളിൽ സ്വീകരിക്കേണ്ട നിയമനടപടികൾ ഭാരതത്തിൽ അംഗീകരിച്ചിട്ടുള്ളതു് ഇംഗ്ലണ്ടിൽ നിലവിലിരിക്കുന്നതു പോലെ തന്നെയാണെന്നു പറയുന്നതിൽ തെററില്ല.[2] വാർഷികായവ്യയഗണനയിൽ സഞ്ചിതനിധിയിൽനിന്നു വഹിക്കുന്ന ചിലവുകളുടെയും ഇതര ഇനങ്ങളുടെയും വിശദീകരണം അടങ്ങിയിരിക്കും. സഞ്ചിതനിധിയുടെ ചിലവു് വോട്ടിനു വിധേയമാക്കത്തക്കതല്ല. മററിനങ്ങൾ വോട്ടിനു വിധേയമാക്കാം. വോട്ടിനിട്ടു് അംഗീകാരം വാങ്ങേണ്ട ചിലവിനങ്ങൾ ലോക്സഭയിലാണു് അവതരിപ്പിക്കേണ്ടതു്. ലോക്സഭ അതു് അപ്പടി അംഗീകരിക്കുകയോ, നിരസിക്കുകയോ, ഭേദഗതി ചെയ്യുകയോ ചെയ്യാം. ഗ്രാൻറിനുവേണ്ടി ഉപക്ഷേപങ്ങൾ സമർപ്പിക്കുന്നതു് രാഷ്ട്രപതിയുടെ ശുപാർശപ്രകാരമല്ലാതെ പാടില്ല. അതുകഴിഞ്ഞാൽ ധനവിനിയോഗബില്ലുകൾ (അപ്രോപ്രിയേഷൻ ബിൽ) കൊണ്ടുവരുന്നു. ലോക്സഭ അനുവദിച്ച

1. Article: 112.
2. Illbert and Carr: "Parliament"—Ch. IV

ചിലവിനങ്ങൾക്കുള്ള പണം സഞ്ചിതനിധിയിൽനിന്നു സ്വീകരിക്കുന്നതിനും, സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള ഇതര ചെലവുകൾക്ക് പണം വിനിയോഗിക്കുന്നതിനും ഉള്ളതാണ് ഈ ബിൽ. സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള ചിലവുകൾ കുറയ്ക്കുന്നതിനോ ആ ഗ്രാൻറിൻെറ ചിലവിനമോ സ്വഭാവമോ മാററുന്നതിനോ ഉള്ള ഭേദഗതികളൊന്നും സ്വീകാര്യമല്ല. ധനവിനിയോഗനിയമ (അപ്രോപ്രിയേഷൻ ആക്ട്) ത്തിൻെറ വ്യവസ്ഥകൾക്കു വിധേയമല്ലാതെ സഞ്ചിതനിധിയിൽനിന്ന് യാതൊരു സംഖ്യയും പിൻവലിക്കുവാൻ പാടില്ല.

ഭരണകൂടത്തിൻെറ നികുതിനിർദ്ദേശങ്ങളും ഇതരവിഷയങ്ങളും ഉൾപ്പെടുന്നതാണ് ഫിനാൻസ് ബിൽ. ഇതു് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നു ചർച്ചക്കു വിധേയമാക്കുന്നതിന് രാഷ്ട്രപതിയുടെ ശുപാർശ വേണ്ടിയിരിക്കുന്നു.

ഈ ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പ് ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും യൂണിയൻ പ്രദേശങ്ങളിൽനിന്നും ലോക്സഭയിലേക്കു വരുന്ന അംഗങ്ങളുടെ എണ്ണം എന്തായിരിക്കുമെന്നുകൂടി വ്യക്തമാക്കുന്നതു് ഉചിതമായിരിക്കുമെന്നു കരുതുന്നു. ആന്ധ്രാപ്രദേശത്തുനിന്ന് നാല്പത്തിമൂന്നും, ആസ്സാമിൽനിന്ന് പന്ത്രണ്ടും, ബീഹാറിൽനിന്ന് അൻപത്തിഅഞ്ചും, ബോംബെയിൽനിന്ന് അറുപത്തിആറും, കേരളത്തിൽനിന്ന് പതിനെട്ടും, മദ്ധ്യപ്രദേശത്തുനിന്ന് മുപ്പത്തിയാറും, മദിരാശിയിൽനിന്ന് നാല്പത്തിയൊന്നും, മൈസൂറിൽനിന്ന് ഇരുപത്തിയാറും, ഒറീസ്സായിൽനിന്ന് ഇരുപതും, പഞ്ചാബിൽനിന്ന് ഇരുപത്തിരണ്ടും, രാജസ്ഥാനിൽനിന്ന് ഇരുപത്തിരണ്ടും ഉത്തരപ്രദേശത്തുനിന്ന് എൺപത്തിയാറും, പശ്ചിമബംഗാളിൽനിന്ന് മുപ്പത്തിനാലും ജമ്മു-കാശ്മീ

റിൽനിന്നു് ആറും അംഗങ്ങളെ ലോക് സഭയിലേക്കു തിരഞ്ഞെടുക്കാം. യൂണിയൻ പ്രദേശങ്ങളായ ഡെൽഹിക്കു് അഞ്ചും, ഹിമാചലപ്രദേശത്തിനു് നാലും, മണിപ്പൂരിനും ത്രിപുരയ്ക്കും ഈരണ്ടുവീതവും, അന്തമാനും നിക്കോബാറും ദ്വീപുകൾക്കു് ഒന്നും അംഗങ്ങളെ സഭയിലേക്കു തിരഞ്ഞെടുത്തയയ്ക്കാവുന്നതാണു്.[1]

---

1. States Reorganisation Act 1956-Section 40 and Third Schedule (T-C State Gazette Extraordinary No. 39 dated 22 September 1956)

അദ്ധ്യായം പത്ത്

സുപ്രീംകോടതി

സംയുക്തഭരണവ്യവസ്ഥിതിയിൽ ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒന്നാണ്, കേന്ദ്രവും ഘടകങ്ങളും തമ്മിൽ ഉണ്ടായേക്കാനിടയുള്ള തക്കങ്ങൾ തീരുമാനിക്കുന്നതിലേക്കുള്ള പരമാധികാരക്കോടതി. രണ്ടു വിഭാഗങ്ങൾക്കായി അധികാരങ്ങളും ചുമതലകളും വീതിച്ചിരിക്കുന്നതുകൊണ്ട്, അവർ ഓരോരുത്തരും അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ചിലപ്പോൾ ചില ഉരസ്സലുകൾ ഉണ്ടായേക്കാവുന്നതാണ്. അവയ്ക്കു തീരുമാനം കല്പിക്കുവാൻ വേണ്ട മാറ്റം കൂടാതെ കഴിയുകയില്ല. ഇംഗ്ലണ്ടിലെ മാതിരി ഏകചക്രഭരണം നിലവിലിരിക്കുന്ന നാട്ടുകളിൽ ഇങ്ങനെയൊരാവശ്യം ഉണ്ടാകുന്നില്ല. ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിച്ച് ജനായത്തഭരണം പുലർത്തുന്നതിന് സ്വാതന്ത്ര്യവും സുശക്തവും സുസംഘടിതവും ആയ നീതിന്യായവകുപ്പു കൂടാതെ കഴിയുകയില്ലല്ലോ. ന്യായാധിപന്മാർ ഭരണമേധാവികൾക്ക് ഒരിക്കലും സ്വാധീനരായിരുന്നുകൂട. ഈ തത്വം സാക്ഷാത്കരിക്കുന്നതിനുവേണ്ടി ഭരണഘടനാശില്പികൾ, നീതിന്യായവകുപ്പിനെ ഭരണനിർവ്വഹണവകുപ്പിൽനിന്നു വേർപെടുത്തുന്നതിനു വേണ്ട നടപടികൾ എടുക്കുന്നതിനു നിർദ്ദേശം നല്കിയിട്ടുണ്ട്.[1]

ഭാരതം ഒരു സംയുക്തഭരണവ്യവസ്ഥ സ്വീകരിച്ചിരിക്കുന്നു. 1950 ജാനുവരി 26-ാം തീയതിയാണ് പുതിയ ഭരണഘടന പ്രയോഗത്തിൽ വന്നത്. പഴയതിൽ നിന്നു പുതുമയിലേക്കുള്ള

---

1. Article 50

പരിവൎത്തനം നീതിന്യായവകുപ്പിൻെറ തുടർച്ചയെ വിഘാതപ്പെടുത്തിയിട്ടില്ല. ഭരണഘടന ഉൗൎജ്ജിതത്തിൽ വരുന്നതിനു തൊട്ടുമുമ്പുവരെ ഇവിടെ പ്രാബല്യത്തിലിരുന്ന എല്ലാ നിയമങ്ങളും തുടൎന്നുപോകുന്നതിനു വ്യവസ്ഥയുണ്ടു്. അധികാരമുള്ള നിയമസഭകളോ, അധികാരികളോ ഭേദപ്പെടുത്തുകയോ ദുൎബ്ബലപ്പെടുത്തുകയോ ചെയ്യുന്നതുവരെ അവ അങ്ങിനെ തുടരുകയും ചെയ്യും. ഭരണഘടനയുടെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി രാഷ്ട്രപതിക്കു് നേരത്തെ ഉൗൎജ്ജിതത്തിലിരുന്ന നിയമങ്ങളുടെ വ്യവസ്ഥകളിൽ വേണ്ട മാററം ചെയ്യുവാൻ അധികാരമുണ്ടു്.[1] ഇങ്ങനെയുള്ള ഉത്തരവുകൾ പലതും പാസ്സാക്കിയിട്ടുണ്ടു്.[2] ഭാരതരാജ്യത്തിലാകമാനമുള്ള സിവിലും ക്രിമിനലും റവന്യൂവും കോടതികൾ, അവരുടെ എല്ലാ അധികാരങ്ങളും ഭരണഘടനയ്ക്കു വിധേയമായി തുടൎന്നു നടത്തുന്നതുമാണു്.[3]

ഭാരതത്തിലെ നീതിന്യായക്കോടതികളിൽ ഏററവും ഉന്നതമായ സ്ഥാനത്താണു് സുപ്രീംകോടതിയുടെ നില. ഈ പരമോന്നതന്യായാലയം പൗരന്മാർതമ്മിൽ മാത്രമല്ല, കേന്ദ്രവും സംസ്ഥാനവുംതമ്മിലും, സംസ്ഥാനവും സംസ്ഥാനവും തമ്മിലും ഉള്ള തൎക്കങ്ങൾക്കു് അന്ത്യവും പരമവും ആയ വിധി കല്പിക്കുവാൻ അധികാരപ്പെട്ടതാണു്.[4] നമ്മുടെ സുപ്രീംകോടതി 1950 ജനുവരി 26-ാംതീയതിയാണു് ഉൽഘാടനം ചെയ്യ

---

1. Article: 372 (1)
2. Adaptation of Laws Order 1950 dated 26-1-50. As amended Notification No: S R O 870, dated 4-11-50.
   ,, No: S. R. O. 508 ,, 4-4-51.
   ,, No: S R O 1140B ,, 2-7-52 etc
3. Article: 375.
4. Article: 131. as Amended by Constitution (Seventh Amendment) Act 1956.

പ്പെട്ടതു്. ഒരു ചീഫ്ജസ്റ്റീസും കൂടുതൽ ജഡ്ജിമാരെ നിയമിക്കുവാൻ പാർലിമെൻറ് ഒരു പുതിയ നിയമം നിർമ്മിക്കുന്നതുവരെ, മററു് ഏഴു ജഡ്ജിമാരും ചേർന്നാണു് ഈ കോടതി സംഘടിപ്പിച്ചിരിക്കുന്നതു്. ജഡ്ജിമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം പാർലിമെൻറിനു മാത്രമേയുള്ളു. ഇതിനുവേണ്ടി ഒരു ബില്ലു് പാസ്സാക്കിയിട്ടുണ്ടു്. ജഡ്ജിമാരുടെ സംഖ്യ പത്തായി വർദ്ധിപ്പിക്കുന്നതിനാണു വ്യവസ്ഥ.[1] ചീഫ്ജസ്റ്റീസിനെയും മററു ജഡ്ജിമാരെയും നിയമിക്കുന്നതു് രാഷ്ട്രപതിയാണു്. ഒരു പുതിയ ജഡ്ജിയെ നിയമിക്കുന്നതു്, രാഷ്ട്രപതിക്കു യുക്തമെന്നു തോന്നുന്ന സുപ്രീംകോടതിയിലെ ഇതര ജഡ്ജിമാരോടും ഹൈക്കോടതിയിലെ ജഡ്ജിമാരോടും ആലോചിച്ചായിരിക്കും. ചീഫ്ജസ്റ്റീസുമായും അദ്ദേഹം ആലോചിക്കേണ്ടതാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അറുപത്തിയഞ്ചു വയസ്സു തികയുന്നതുവരെ ഒരു ജഡ്ജിക്കു് ഉദ്യോഗത്തിൽ തുടരുന്നതിനു സാധിക്കും. അതിനുമുമ്പു് രാജിവയ്ക്കുന്നതിനു തടസ്സമില്ല. പ്രത്യേകകാരണങ്ങളാൽ നീക്കപ്പെടുകയും ചെയ്യാം. എന്നാൽ ഇതിനു് ചില പ്രത്യേക നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടു്. സ്വഭാവദൂഷ്യം, കാര്യക്ഷമതയില്ലായ്മ എന്നീ ആരോപണങ്ങൾ തെളിഞ്ഞിരിക്കണം. പാർലിമെൻറിൻെറ ഒരു സമ്മേളനക്കാലത്തു് ഇരുസഭകളും ആ ജഡ്ജിയെ നീക്കം ചെയ്യുന്നതിനു് അപേക്ഷിക്കുന്ന പ്രമേയം പാസ്സാക്കി അതു് രാഷ്ട്രപതിക്കു സമർപ്പിക്കേണ്ടതാണു്. പ്രസ്തുത പ്രമേയം പാസ്സാക്കുമ്പോൾ അതിനു് നിർദ്ദിഷ്ടമായ പ്രത്യേക ഭൂരിപക്ഷാനുകൂല്യം ലഭ്യമാകേണ്ടതായിട്ടുണ്ടു്. സഭയിൽ സന്നിഹിതരായിട്ടുള്ള സാമാജികന്മാരിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷമാണതു്. അതു് ആകെയുള്ള സാമാജികന്മാരുടെ ഭൂരി

---

1. The Supreme Court (Number of Judges) Bill 1956 passed by Lok Sabha on 20-8-56 & Rajya Sabha on 4-9-56.

പക്ഷം ആയിരിക്കണമെന്നുമുണ്ട്. ഈ പ്രമേയം അതേ സെഷനിൽതന്നെ രാഷ്ട്രപതിക്കു സമപ്പിക്കണം. ഈ വ്യവസ്ഥകൾ അനുസരിച്ചു പാസ്സാകുന്ന ഒരു പ്രമേയം രാഷ്ട്രപതിയോട് നടപടി എടുക്കുവാനുള്ള ഒരു അഭ്യത്ഥനയായി കണക്കാക്കപ്പെടും. തുടന്ന് അദ്ദേഹം ജഡ്ജിയെ നീക്കുകയും ചെയ്യും.[1] മുകളിൽ പ്രസ്താവിച്ച കാരണങ്ങളാലല്ലാതെ രാഷ്ട്രീയകക്ഷികളുടെ നയവ്യത്യാസം ഹേതുവാലോ പുരുഷദ്വേഷപരമായ കാരണങ്ങളാലോ സുപ്രീംകോടതിജഡ്ജിയെ സ്ഥാനഭ്രംശം വരുത്താവുന്നതല്ല. സേവനത്തിൻെറ സുരക്ഷിതത്വം ഇത്രയുമധികം കശനമായി കരുതിയിട്ടുള്ള ഒരുദ്യോഗം ഉണ്ടോയെന്നു സംശയമാണ്.

സുപ്രീംകോടതിയിലെ ജഡ്ജിയായി നിയമിതനാകുന്നതിന് ഒരാൾക്ക് ചില നിശ്ചിത യോഗ്യതകളുണ്ടായിരിക്കണമെന്നു നിബ്ബന്ധമുണ്ട്. അദ്ദേഹം ഒരു ഭാരതീയപൗരനായിരിക്കണം. ഒന്നോ അതിലധികമോ കോടതിയിൽ തുടർച്ചയായി അഞ്ചുവർഷമെങ്കിലും ജഡ്ജിയായിരുന്ന ആളോ, അല്ലെങ്കിൽ പത്തുകൊല്ലം ഹൈക്കോടതിയിൽ വ്യവഹരിച്ചിട്ടുള്ള ഒരഭിഭാഷകനോ, അതുമല്ലെങ്കിൽ പ്രശസ്തനായ ഒരു നിയമജ്ഞനോ ആയിരിക്കേണ്ടതാണ്. ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അതിനായി നിയമിക്കപ്പെട്ടിട്ടുള്ള മററ് ആളിൻെറയോ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്യണം. ഭരണഘടനയിൽ ആത്മാത്ഥമായ വിശ്വാസവും ഭക്തിയും ഉള്ളവനായിരിക്കാമെന്നും ഔദ്യോഗിക കത്തവ്യങ്ങൾ മുറപ്രകാരം വിശ്വാസപൂവ്വം ഭയമോ പക്ഷപാതമോ കൂടാതെ നിറവേററാമെന്നും ഏല്ക്കുകയാണ് ഈ പ്രതിജ്ഞമൂലം ചെയ്യുന്നതു്.[2] സുപ്രീംകോടതിജഡ്ജിഉദ്യോഗത്തിൽനിന്നു വിരമിച്ച ഒരാളിന് ഭാരതത്തിലെ ഏതെ

---

1. Article: 124. (4) 2. Third Schedule: No: IV

ങ്കിലും കോടതിയിലോ അധികാരിയുടെ മുമ്പിലോ വ്യവഹരിക്കുവാൻ പാടില്ല. ഇതു് ജഡ്ജിമാരുടെ നിഷ്പക്ഷതയും ആജ്ജവവും പരിരക്ഷിക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള ഒരു നടപടിയാണു്.

സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ ശമ്പളംതുടങ്ങിയ കാര്യങ്ങൾ ഭരണഘടനയുടെ രണ്ടാം ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതനുസരിച്ചു്, ചീഫ്ജസ്റ്റീസിനു് പ്രതിമാസം അയ്യായിരം ഉറുപ്പികയും മററുള്ള ജസ്റ്റിമാർക്കു് നാലായിരം ഉറുപ്പികവീതവും ആണു് നിശ്ചയിച്ചിട്ടുള്ളതു്. ഇതു കൂടാതെ വാടക ഈടാക്കാതെ അവർക്കു് ഔദ്യോഗിക വസതികളും അനുവദിച്ചിട്ടുണ്ടു്. ജസ്റ്റിമാരുടെ പ്രത്യേകാവകാശങ്ങളോ പടികളോ ഒന്നും നിയമനത്തിനുശേഷം, അവരുടെ താല്പര്യങ്ങൾക്കു വിപരീതമായി ഭേദഗതി വരുത്തുവാൻ പാടില്ലെന്നും ഭരണഘടന അനുശാസിക്കുന്നു.[1]

ചീഫ ജസ്റ്റീസിൻെറ ഉദ്യോഗത്തിൽ ഒഴിവുവരുമ്പോഴോ ചീഫ്ജസ്റ്റീസ് അവധിയിലിരിക്കുമ്പോഴോ, ചീഫ്ജസ്റ്റീസിൻെറ കത്തവ്യങ്ങൾ നിവ്വഹിക്കുന്നതിനു് രാഷ്ട്രപതിയ്ക്കു് അവിട്ടത്തെ ഏതെങ്കിലും ഒരു ജസ്റ്റിയെ നിയമിക്കാം.[2] ചില തല്ക്കാല വിഷയങ്ങൾ പ്രത്യേകം തീരുമാനിക്കുന്നതിനുവേണ്ടി അഡ്ഹോക്ക്ജസ്റ്റിമാരെ നിയമിക്കുന്നതിനും വ്യവസ്ഥയുണ്ടു്. ഈ വ്യവസ്ഥ ഒരു നൂതനനടപടിയാണെന്നു പറയുന്നതിൽ തെററില്ല. സുപ്രീംകോടതിയിലെ ഏതെങ്കിലും ബഞ്ചു കൂടുന്നതിനോ തുടന്നു നടത്തുന്നതിനോ ചട്ടപ്രകാരം ആവശ്യമുള്ള ജസ്റ്റിമാരുടെ ഹാജർ (കോറം) തികയാതെവരുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. ആ പരിതസ്ഥിതി തരണംചെയ്യുന്നതിനു്, രാഷ്ട്രപതിയുടെ നേരത്തേയുള്ള അനുവാദത്തോടെ ചീഫ്ജസ്റ്റീ

---

1. Article: 125 2. Article: 126

സിന് ഒരു പ്രത്യേക (അഡ്ഹോക്ക്) ജഡ്ജിയെ നിയമിക്കാൻ കഴിയും. ഹൈക്കോട്ട്ജഡ്ജിമാരെയോ, ഉദ്യോഗത്തിൽ നിന്നു വിരമിച്ചിട്ടുള്ള ജഡ്ജിമാരെയോ ഇതിലേക്കു തിരഞ്ഞെടുക്കാം. ഒരു ഹൈക്കോടതിജഡ്ജിയെ തിരഞ്ഞെടുക്കുന്നതു് ആ ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസുമായി ആലോചിച്ചശേഷമേ ആകാവൂ. നിയമിച്ചുകഴിഞ്ഞാൽ സുപ്രീംകോടതിജഡ്ജിക്കുള്ള എല്ലാ വിശേഷാധികാരങ്ങളും വിചാരണാധികാരങ്ങളും അദ്ദേഹത്തിൽ നിക്ഷിപ്തമായിത്തീരുന്നു.[1] എങ്കിലും അവരെ സ്ഥിരം ജഡ്ജിമാരെപ്പോലെ മററു കാര്യങ്ങൾക്കു പരിഗണിക്കുകയില്ല. മുകളിൽ പ്രസ്താവിച്ചതുപോലെ പ്രത്യേകമായ മറ്റൊരു വ്യവസ്ഥകൂടി ഭരണഘടനയിൽ ചെയ്തിട്ടുണ്ട്. ഇതു് പെൻഷൻ പററിയ ജഡ്ജിമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനാണു്. രാഷ്ട്രപതിയുടെ അനുവാദം ഇതിനു് ചീഫ്ജസ്റ്റീസ് നേടിയിരിക്കണം. സുപ്രീംകോടതിയിലോ, ഫെഡറൽകോടതിയിലോ ഉദ്യോഗം വഹിച്ചിട്ടുള്ള ആളിനെമാത്രമേ ഇക്കാര്യത്തിനു് എടുക്കുവാൻ പററു. സുപ്രീംകോടതിജഡ്ജിക്കുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും അദ്ദേഹത്തിനുണ്ടായിരിക്കുമെങ്കിലും മററുവിധത്തിൽ ജഡ്ജിയായി പരിഗണിക്കാവുന്നതല്ല.[2]

സുപ്രീംകോടതിയുടെ ആസ്ഥാനം ഡൽഹിയിൽ ആയിരിക്കും. എന്നാൽ രാഷ്ട്രപതിയുടെ അനുവാദത്തോടുകൂടി ചീഫ് ജസ്റ്റീസ് നിശ്ചയിക്കുന്ന സ്ഥലത്തു് കോടതികൂടാവുന്നതാണു്.[3] ഈ കോടതി ഒരു 'കോർട്ട് ആഫ് റെക്കാർഡ്' ആയിരിക്കും.[4] അതിൻെറ നടപടികളും വിധികളും ചോദ്യംചെയ്യുന്നതിനു് മറെറാരു കോടതിയ്ക്കും കഴിവില്ല. ശാശ്വതമായി അവ എഴുതി സൂക്ഷിക്കപ്പെടുന്നു. ഓർമ്മയ്ക്കും തെളിവിനും ആയിട്ടാണു്

---

1. Article: 127
2. Article: 128.
3. Article: 130.
4. Article: 129

ഇങ്ങനെ ചെയ്യുന്നതു്. ഇതു കൂടാതെ ഒരു കോർട്ട് ആഫ് റെക്കാർഡിനു കോർട്ടലക്ഷ്യത്തിനു ശിക്ഷിക്കുന്നതിനും പിഴ യിടുവാനും അധികാരമുണ്ടായിരിക്കും.[1]

ഭാരതത്തിൽ നിലവിലിരുന്ന ഫെഡറൽകോടതിയു ടെയും പരമാധികാരം വഹിച്ചിരുന്ന പ്രിവികൗൺസിലിന്റെയും അധികാരങ്ങൾ സുപ്രീംകോടതിയിൽ സമഞ്ജസമായി സംയോ ജിപ്പിച്ചിരിക്കുന്നു. ഭാരതത്തിലെ പരമോന്നതമായ അപ്പീൽകോ ടതിമാത്രമല്ല പ്രത്യേകമായ അസ്സൽ കേസ്സുകൾ കേൾക്കുന്നതിനും ഗവൺമെൻറിനാവശ്യമുള്ള നിയമോപദേശങ്ങൾ നൽകുന്നതിനും സുപ്രീംകോടതിക്കു കഴിവുണ്ടു്. ഇതിൻെറ സ്വാത്മകാധികാര ങ്ങൾ (അസ്സൽ) എന്തൊക്കെയെന്നു് ആദ്യമായി നോക്കാം. ഏതു വിവാദങ്ങളിലും തീർപ്പു കല്പിക്കുന്നതിനുള്ള സ്വാത്മകാ ധികാരം (അസ്സൽ) അതിനില്ല. അതു നിർണ്ണയിച്ചിട്ടുള്ളതു് രണ്ടു കാര്യങ്ങളെ ആസ്പദമാക്കിയാണു്: ഒന്നു്, വിവാദകക്ഷി കൾ; രണ്ടു്, വിവാദവിഷയത്തിൻെറ സ്വഭാവം. കേന്ദ്രഗവ ൺമെൻറും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ; കേന്ദ്രഗവർമ്മെൻറും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും ഒരു ഭാഗത്തും മററു സംസ്ഥാനങ്ങൾ മറു പക്ഷത്തും തിരിഞ്ഞുള്ള തർക്കങ്ങൾ; സംസ്ഥാനങ്ങൾ തമ്മി ലുള്ള തർക്കങ്ങൾ—എന്നിങ്ങനെ മൂന്നു വിധത്തിൽ ഉണ്ടാ യേക്കാവുന്ന വിവാദങ്ങൾ വിചാരണചെയ്തു വിധി പറയുവാനുള്ള സ്വാത്മകാധികാരം (അസ്സൽ) സുപ്രീംകോടതിയ്ക്കുണ്ടു്.[2] അമേരിക്കൻ ഐക്യനാട്ടിലെ സുപ്രീംകോടതിക്കു് ഈ അധികാരങ്ങൾ കൂടാതെ അന്യരാജ്യങ്ങളുടെ പ്രതിപുരുഷന്മാർ, തുടങ്ങിയവരെ ബാധിക്കുന്ന കേസുകളിൽകൂടി ഈ അധികാ

1. Stephen's Commentaries Vol. I.
2. Article: 131.

രമുണ്ട്.[1] ഇംഗ്ലണ്ടിൽ പ്രഭുപദവിയുള്ളവരെ പ്രഭുസഭയിലെ കോടതിയിലാണു വിസ്തരിക്കേണ്ടതു്. റഷ്യയിൽ രാഷ്ട്രീയ കേന്ദ്രസമിതിയിലെ അംഗങ്ങളേയും ഉയൎന്ന ഔദ്യോഗികസ്ഥാനികളേയും സുപ്രീംകോടതിയിൽ മാത്രമേ വിസ്തരിക്കുകയുള്ളൂ. ഈ വ്യത്യാസങ്ങളൊന്നും നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടില്ല. മൗലികാവകാശങ്ങളുടെ ധ്വംസനം നീക്കംചെയ്യുന്നതിനു വേണ്ടി റിട്ടുകൾ പുറപ്പെടുവിക്കുവാനുള്ള അധികാരം സുപ്രീംകോടതിക്കും ഹൈക്കോടതിക്കും ഉണ്ടു്.[2] ഇതു് ഒരു സംയുക്താധികാരമാണു്.

ഇനി അപ്പീലധികാരത്തെക്കുറിച്ചു് ആലോചിക്കാം. ഇതു് മൂന്നു വിഭാഗങ്ങളായി തരംതിരിച്ചു വിശദീകരിക്കുന്നതു് സൗകര്യപ്രദമായിരിക്കുമല്ലോ. ഭരണഘടനാപരങ്ങൾ, സിവിൽ കേസ്സുകൾ, ക്രിമിനൽകേസ്സുകൾ. ഭാരതത്തിലെ ഏതെങ്കിലും ഹൈക്കോടതി, സിവിലോ ക്രിമിനലോ ആയോ മററു നടപടിയിലോ ഉണ്ടായിട്ടുള്ള വിധിയിൽ ഭരണഘടനാനിയമത്തിൻെറ വ്യാഖ്യാനം സംബന്ധിച്ചു് സാരമായ ഒരു നിയമപ്രശ്നം അന്തർലീനമായിട്ടുണ്ടു് എന്നു സാക്ഷ്യപ്പെടുത്തിയാൽ, അതിന്മേൽ അപ്പീൽ അനുവദിച്ചുകൊടുക്കാം.[3] ഇപ്രകാരം ഒരു സംഗതി, കേസ്സിലുണ്ടെന്നു ബോദ്ധ്യപ്പെടുന്നപക്ഷം സുപ്രീംകോടതി അപ്പീലിനു വാദം കേൾക്കുന്നു. മുകളിൽ പറഞ്ഞ സാക്ഷിപത്രം നൽകേണ്ടതു് ഹൈക്കോടതിയാണു്. എന്തെങ്കിലും സാരമായ ഭരണഘടനാനിയമപ്രശ്നം അന്തർലീനമായിട്ടുണ്ടെന്നു ബോദ്ധ്യമായാലേ അതു നൽകൂ. ആ കേസ്സിന്റെ വിധി പ്രസ്തുത പ്രശ്നത്തിനെ ആശ്രയിച്ചായിരിക്കണം നിലകൊള്ളുന്നതു്. ഹൈക്കോടതി സാക്ഷിപത്രം നൽകാൻ വിസമ്മതിച്ചാൽ ചില

---

1. U. S. A. Constitution Art: III Sec 2 (2)

2. Article: 32. 3. Article: 132.

പ്രത്യേക പരിത:സ്ഥിതികളിൽ സ്പെഷ്യൽ അപ്പീലനുവാദം സുപ്രീംകോടതിക്ക നൽകുവാൻ സാധിക്കും.[1] ഇതു ജമ്മു-കാഷ്മീർ സംസ്ഥാനത്തിനു ബാധകമല്ല. മുകളിൽ പറഞ്ഞവ രണ്ടും ഭരണഘടനാനിയമപ്രശ്നങ്ങളെ സംബന്ധിച്ചുള്ള കേസ്സുകളെ മാത്രം ബാധിക്കുന്ന കാര്യങ്ങളാണു്.

സിവിലും ക്രിമിനലും കേസ്സുകളുടെ അപ്പീലിനെക്കുറിച്ചു് ഇനി ചിന്തിക്കാം. സിവിൽകേസ്സിലെ തക്ക്വിഷയത്തിൻെറ സല ഇരുപതിനായിരം രൂപായിൽ കുറവല്ലെന്നു് ഹൈക്കോടതി സാക്ഷിപ്പെടുത്തിയാൽ അതിനു് സുപ്രീംകോടതിയിൽ അപ്പീലവകാശപ്പെടാം. മുകളിൽപറഞ്ഞ തുകയ്ക്കൊപ്പം വിലവരുന്ന സ്വത്തുസംബന്ധിച്ചുള്ള അവകാശത്തക്കം നേരിട്ടോ അല്ലാതെയോ അടങ്ങിയിരിക്കുന്ന വിധിയോ ഡിക്രിയോ അവസാന ഉത്തരവോ ആണെങ്കിലും അപ്പീലുണ്ടു്. ഇതൊന്നുമല്ലെങ്കിൽ മററുവിധത്തിൽ അപ്പീലിനർഹമെന്നു് ഹൈക്കോടതി സാക്ഷിപ്പെടുത്തുന്നതായാലും അതു ലഭിക്കുന്നതാണു്. സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്ന കക്ഷിക്കു്, ഭരണഘടനാനിയമവ്യാഖ്യാനത്തിൽ സാരമായ നിയമപ്രശ്നം തെററായി തീരുമാനിച്ചിട്ടുണ്ടു് എന്ന വാദം അപ്പീലിനുള്ള ഒരു കാരണമായി സമർത്ഥിക്കുവാൻ കഴിയും. പാർലിമെൻറു് നിയമംമൂലം മററുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടത്തോളംകാലം ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജി മാത്രം ഇരുന്നു് നടത്തിയിട്ടുള്ള വിധിയിൽനിന്നോ ഡിക്രിയിൽനിന്നോ അവസാന ഉത്തരവിൽനിന്നോ അപ്പീൽ ഉണ്ടായിരിക്കുന്നതല്ല.[2]

നമ്മുടെ ഭരണഘടന നടപ്പിൽ വരുന്നതിനുമുമ്പു് ക്രിമിനൽകേസ്സുകളിൽ ഹൈക്കോടതിയുടെ വിധിയിന്മേൽ അപ്പീലുകൾ ഉണ്ടായിരുന്നില്ല. വളരെ പരിമിതമായ ചില

1. **Article: 136.** 2 **Article: 133. (3)**

സാഗതികളിൽ പുനഃപരിശോധനാധികാരം പ്രിവികൌൺസിലിനു് ഉണ്ടായിരുന്നു എങ്കിലും സിവിൽകേസുകളുടെ കാര്യത്തിലെന്നപോലെ അതു് അപ്പീൽകോടതിയായി സമ്മേളിച്ചിരുന്നില്ല. ക്രിമിനൽനടപടികളിൽനിന്നു് രണ്ടാമതൊരു അപ്പീലിനു് ഒരു മാറ്റവും ഉണ്ടായിരുന്നുമില്ല.[1]

ഭരണഘടനയിലെ വ്യവസ്ഥപ്രകാരം മൂന്നു കാര്യങ്ങളിൽ ക്രിമിനൽ അപ്പീൽ സുപ്രീംകോടതിയിലേക്കു് അനുവദിച്ചിരിക്കുന്നു. ഒരു ഹൈക്കോടതി, അതിന്റെ താഴെയുള്ള കോടതി നിർദ്ദോഷിയെന്നു കണ്ടു് വെറുതെ വിട്ട പ്രതിയെ അപ്പീലിൽ മരണശിക്ഷയ്ക്കു വിധിക്കുന്ന അവസരത്തിൽ, സുപ്രീംകോടതിയിലേക്കു് അപ്പീലിനു് അവകാശമുണ്ടായിരിക്കും. മുമ്പു സൂചിപ്പിച്ച ക്രിമിനൽ കേസ്സിന്റെ രണ്ടാം അപ്പീലാണു് ഇതെന്നു് ഓർമ്മിക്കുമല്ലോ. കീഴ്ക്കോടതിയിൽ വിചാരണയിൽ ഇരുന്ന ഒരു കേസ്സു് ഹൈക്കോടതി നേരിട്ടു വിചാരണ ചെയ്യുന്നതിനു വേണ്ടി ഏറ്റെടുത്തു്[2] വിചാരണ നടത്തി കുററവാളിയെ മരണശിക്ഷയ്ക്കു വിധിക്കുന്നപക്ഷം സുപ്രീംകോടതിയിൽ അതിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിനു് അവകാശമുണ്ടായിരിക്കുന്നതാണു്. സുപ്രീംകോടതിയുടെ ചട്ടങ്ങൾക്കു വിധേയമായി ഏതെങ്കിലും ഹൈക്കോടതി ഒരു ക്രിമിനൽകേസ്സു് സുപ്രീംകോടതിയിൽ അപ്പീൽ പോകത്തക്കതാണെന്നു സാക്ഷിപ്പെടുത്തുന്ന പക്ഷവും അപ്പീൽ ബോധിപ്പിക്കാവുന്നതാണു്. അങ്ങിനെ സാക്ഷിപത്രം നൽകുന്നതു് പ്രസ്തുത കേസ്സിൽ പ്രധാനപ്പെട്ട നിയമപ്രശ്നങ്ങൾ, അല്ലാത്തപക്ഷം സുപ്രധാനമായ പൊതുതാല്പര്യമോ സ്വകാര്യതാല്പര്യമോ അടങ്ങിയിരിക്കുമ്പോൾ മാത്രമേ പാടുള്ളു. പാർലിമെന്റു നിയമംമൂലം അപ്പീൽ സംബന്ധ

1. Criminal Procedure Code, Ss. 404 & 430.

2 Criminal Procedure Code S. 526.

മായ കൂടുതൽ അധികാരങ്ങൾ സുപ്രീംകോടതിക്കു നൽകുന്നതിനു് ഭരണഘടന സ്വാതന്ത്ര്യം നൽകിയിട്ടുമുണ്ടു്.[1] ജമ്മു-കാശ്മീർ സംസ്ഥാനനിയമസഭയുടെ അപേക്ഷപ്രകാരം മാത്രമേ പാർലിമെൻറു് ആ സംസ്ഥാനത്തെ ബാധിക്കുന്ന നിയമങ്ങൾ പാസ്സാക്കുവാൻ പാടുള്ളു. സുപ്രീംകോടതിയുടെ അഭിപ്രായം ആവശ്യമാണെന്നു തോന്നുന്ന പൊതുപ്രാധാന്യമുള്ള ഏതൊരു നിയമപ്രശ്നമോ വസ്തുതയോ സംശയനിവൃത്തിക്കായി രാഷ്ട്രപതിക്കു് സുപ്രീംകോടതിയിൽ സമർപ്പിക്കാവുന്നതും, കോടതി സുചിന്തിതമായ ഉപദേശം രാഷ്ട്രപതിക്കു നൽകേണ്ടതുമാണു്. ഭരണഘടനയിൽ പ്രത്യേക വ്യവസ്ഥകൾ ഇല്ലാത്തതുമൂലം അവക്ക് സാധാരണഗതിയിൽ ഇടപെടുവാൻ അധികാരമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചുകൂടി ഈ ഉപദേശാധികാരം പ്രയോജനപ്പെടുത്തുവാൻ സാധിക്കും.[2]

പാർലിമെൻറു് നിർമ്മിച്ച നിയമങ്ങൾക്കു വിധേയമായി സുപ്രീംകോടതിക്കു് തങ്ങളുടെ നടപടികളെയും മററും ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ എഴുതിയുണ്ടാക്കുന്നതിനു കഴിവുണ്ടു്.[3] അവയ്ക്കു് രാഷ്ട്രപതിയുടെ അംഗീകാരം സിദ്ധിച്ചിരിക്കേണ്ടതാണു്. ഇതനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടു്.[4] സുപ്രധാനമായ നിയമചർച്ചയോ, ഭരണഘടനാനിയമവ്യാഖ്യാനമോ തീർച്ചചെയ്യപ്പെടേണ്ട സന്ദർഭത്തിലും രാഷ്ടപതിക്കു് ഉപദേശം സമപ്പിക്കേണ്ട സംഗതി പരിഗണിക്കുന്ന സമയത്തും കുറഞ്ഞപക്ഷം അഞ്ചു ജഡ്ജിമാർ ബെഞ്ചിൽ ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടു്. സുപ്രീംകോടതി വിധി പ്രസ്താ

---

1. Article 134. (2)
2. Article 143
3. Article: 145
4. Supreme Court Rules 1950

വിക്കുന്നതു് കോടതി സമ്മേളിച്ചിരിക്കുമ്പോരം പരസ്യമായി ട്ടാണു്. കേസ്സിലെ വാദംകേരംക്കുന്നതിനു സന്നിഹിതരായിരുന്ന ജഡ്ജിമാരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമായിരിക്കും അതു ചെയ്യുന്നതു്. അഭിപ്രായവ്യത്യാസം രേഖപ്പെടുത്തുന്നതിനും തടസ്സമില്ല.[1] ഇംഗ്ലണ്ടിലെ പ്രിവികൗൺസിലിൽ ഏകാഭിപ്രായമേ രേഖപ്പെടുത്താറുള്ളു. പ്രഭുസഭയുടെ കോടതിയിൽ ഭിന്നാഭിപ്രായങ്ങരംക്കും സ്ഥാനം നല്കിയിട്ടുണ്ടു്.

സുപ്രീംകോടതിയിലെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് ചീഫ്ജസ്റ്റീസോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റാരെങ്കിലുമോ ആയിരിക്കും. അവരുടെ സേവനവ്യവസ്ഥകരം പാർലിമെൻറു നിർമ്മിച്ചിട്ടുള്ള നിയമങ്ങരംക്കു വിധേയമായി അദ്ദേഹം തന്നെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളോ ആണു് എഴുതി ഉണ്ടാക്കുന്നതു്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, പടി, അവധി, പെൻഷൻ തുടങ്ങിയവ സംബന്ധിക്കുന്ന വ്യവസ്ഥകരംക്കു് രാഷ്ട്രപതിയുടെ അംഗീകാരം സിദ്ധിക്കേണ്ടതാണു്. കോടതിയുടെ ചിലവുകരംക്കുള്ള പണം കേന്ദ്രസഞ്ചിതനിധിയിൽനിന്നും സ്വീകരിക്കുന്നു. അവിടുത്തെ ആദായം ആ നിധിയിൽ നിക്ഷിപ്തമാകുകയും ചെയ്യുന്നു.[2]

രാജ്യത്തിലെ ഏററവും ഉന്നതമായ കോടതി എന്ന നിലയ്ക്കു് സുപ്രീംകോടതിയുടെ വിധികളും നിയമപ്രശ്നങ്ങളെ സംബന്ധിച്ചുള്ള വ്യാഖ്യാനങ്ങളും ഭാരതത്തിലെ എല്ലാ കോടതികളിലും പ്രാബല്യം ഉള്ളതും കോടതികരം അതു് അനുസരിക്കേണ്ടതുമാണു്.[3] അതിനു് സ്വന്തം വിധിയോ ഉത്തരവോ പുനഃപരിശോധന ചെയ്യുവാനുള്ള അധികാരവും ഉണ്ടു്.[4] അതു

1. Article: 145
2. Article: 146.
3. Article: 141.
4. Article: 137.

പോലെ അതിൻെറ അധികാരപരിധി പാർലിമെൻറിനു് നിയമംമൂലം വിപുലപ്പെടുത്തുവാനും സാധിക്കും.[1] ഭാരതത്തിലെ എല്ലാ സിവിലും ജുഡിഷ്യലും അധികാരികളും സുപ്രീംകോടതിക്കു സഹായകമായി പ്രവൎത്തിക്കുന്നതാണു്.[2] മൗലികാവകാശങ്ങൾ സ്ഥാപിച്ചുകിട്ടുവാൻ അല്ലാതെ മററതെങ്കിലും ആവശ്യങ്ങൾക്കായി സുപ്രീംകോടതിക്കു ഉത്തരവു പുറപ്പെടുവിക്കുവാൻ വേണ്ട അധികാരം പാർലിമെൻറിനു് നിയമംമൂലം നല്കാവുന്നതാണു്. എന്നാൽ ഈ വ്യവസ്ഥ കാശ്മീർസംസ്ഥാനത്തെ ബാധിക്കുന്നതല്ല.

ഭാരതത്തിലെ സുപ്രീംകോടതിയിൽ ഏഴു ജഡ്ജിമാരും ഒരു ചീഫ്ജസ്റ്റീസും ഉണ്ടായിരിക്കുമെന്നു മുമ്പു പറഞ്ഞല്ലോ. അമേരിക്കയിൽ ഒരു ചീഫ്ജസ്റ്റീസുംകൂടെ ഒൻപതു ജഡ്ജിമാരുണ്ടു്. റഷ്യയിൽ ഒരു പ്രസിഡൻറും ഒരു ഡെപ്യൂട്ടി പ്രസിഡൻറും മററു മുപ്പതു ജഡ്ജിമാരുമാണു് നീതിനിർവ്വഹണത്തിനു ചുമതലപ്പെട്ടിരിക്കുന്നതു്. അമേരിക്കൻ സുപ്രീംകോടതിയിൽ എല്ലാ ജഡ്ജിമാരുടെയും സാന്നിദ്ധ്യം ആവശ്യമാണു്. റഷ്യയിൽ കോടതിയുടെ പ്രവൎത്തനത്തിനു മൂന്നിൽ രണ്ടു ഭാഗം ജഡ്ജിമാർ ഹാജരായിരുന്നാൽ മതി. റഷ്യൻ കോടതിയുടെ വിധി ഉപദേശരൂപത്തിലുള്ളതാണു്. ഭരണാധികാരികൾക്കു് അതു് നിഷേധിക്കുകയും ചെയ്യാം. നമ്മുടെ സുപ്രീംകോടതിക്കു് ലോകത്തിലെവിടെയും ഉള്ള സുപ്രീംകോടതികളെക്കാൾ അധികാരങ്ങളുണ്ടു്.[3] സുപ്രീംകോടതി അതിൻെറ അധികാരം ഉപയോഗിച്ചു പുറപ്പെടുവിക്കുന്ന ആജ്ഞകൾ ഭാരതത്തിൽ എവിടെയും പ്രയോഗിക്കുവാൻ ശക്തിയുള്ള

---

1. Article 138.
2. Article 144.
3. **Alladi Krishnaswami Iyer**

താണു്. അവയുടെ ഗൗരവത്തിനനുസരിച്ചു് ഉത്തരവുകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിലേക്കു് പാർലിമെൻറു് നിയമം നിർമ്മിക്കുന്നതായിരിക്കും.[1] ഇതിനു വേണ്ടിയുള്ള നിയമങ്ങൾ പാസ്സാക്കിക്കഴിയുന്നതുവരെ നിലവിലിരിക്കുന്നതിനുള്ള ഉത്തരവുകൾ രാഷ്ട്രപതി പുറപ്പെടുവിച്ചിട്ടുമുണ്ടു്.[2] ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിരുദ്ധമാകാത്തവിധം കൂടുതൽ അധികാരങ്ങൾ നല്കി സുപ്രീംകോടതിയുടെ ശക്തി കൂടുതൽ ഫലവത്താക്കുന്നതിനു നിയമനിർമ്മാണം നടത്താവുന്നതാണു് എന്ന കാര്യവും ഇവിടെ സ്മരണീയമാണു്.[3]

---

1. Article: 142.
2. Supreme Court (Decrees & Orders) Enforcement Order 1954
3. Article: 140.

അദ്ധ്യായം പതിനൊന്നു്

അറേറാർണിജനറലും അഡ്വൊക്കററ്ജനറലും

സുപ്രീംകോടതിയിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെടുവാൻ യോഗ്യതയുള്ള ഒരാളെ രാഷ്ട്രപതി ഭാരതത്തിൻെറ അറേറാർണിജനറലായി നിയമിക്കുന്നതാണു്.[1] അദ്ദേഹത്തിനു് ഔദ്യോഗികകൃത്യനിർവഹണത്തിനായി എല്ലാ കോടതികളിലും ഹാജരാകുവാൻ സാധിക്കും. അവിടെല്ലാം അദ്ദേഹത്തിനു് ശ്രവണാവകാശം ഉണ്ടായിരിക്കുന്നതുമാണു്. രാഷ്ട്രപതിക്കു തൃപ്തിയുള്ളിടത്തോളംകാലം അദ്ദേഹം ഉദ്യോഗത്തിലിരിക്കുന്നതും രാഷ്ട്രപതി നിശ്ചയിക്കുന്ന പ്രതിഫലം സ്വീകരിക്കുന്നതുമാണു്. മന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചു മാത്രമേ ഈ അധികാരം രാഷ്ട്രപതി പ്രയോഗിക്കു. ഇംഗ്ലണ്ടിൽ അറേറാർണിജനറലിൻെറ ഉദ്യോഗം തികഞ്ഞ രാഷ്ട്രീയഛായയുള്ള ഒന്നായിട്ടാണു കരുതിയിട്ടുള്ളതു്. അതിനാൽ ഭരണകക്ഷികൾ മാറുമ്പോൾ അറേറാർണിജനറലും മാറുന്നു. എന്നാൽ ഇവിടെ അങ്ങനെ ആയിത്തീരണമെന്നു നിർബന്ധമില്ല.

അറേറാർണിജനറലിൻെറ ആസ്ഥാനം ന്യൂഡൽഹിയിൽ ആണു്. അതതു കാലങ്ങളിൽ രാഷ്ട്രപതി അഭിപ്രായം ചോദിക്കുന്ന നിയമകാര്യങ്ങളെ സംബന്ധിച്ചു് ഗവർമ്മെൻറിനു വേണ്ട ഉപദേശം നൽകുവാൻ അദ്ദേഹം കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ കർത്തവ്യമായി നീക്കിവച്ചിട്ടുള്ള മററു സംഗതികൾ നിർവഹിക്കുന്നതിനും അദ്ദേഹം ബാദ്ധ്യസ്ഥനാണു്. ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചോ, തൽക്കാലം

---

1. Article: 76.

പ്രാബല്യത്തിലുള്ള മററതെങ്കിലും നിയമങ്ങറം അനുസരിച്ചോ അദ്ദേഹത്തിലർപ്പിച്ചിട്ടുള്ള കൃത്യങ്ങറം അദ്ദേഹം ചെയ്യുകയും വേണം. ഭാരതസക്കാരിനുവേണ്ടി സുപ്രീംകോടതിയിൽ അദ്ദേഹം ഹാജരാകേണ്ടിയിരിക്കുന്നു. അദ്ദേഹത്തിനു് വക്കീൽഫീസ് ദിനത്തിൽ നാലായിരം ഉറുപ്പികയും ആഫീസുപടിയായി മുപ്പത്തിഅഞ്ചുഉറുപ്പികയും നൽകുന്നതാണു്.[1] ഔദ്യോഗികകാര്യങ്ങറംക്കായി ആസ്ഥാനനഗരം വിട്ടു പുറത്തുപോകുമ്പോറം യാത്രപ്പടിയും മററും സുപ്രീംകോടതി ജഡ്ജിമാക്കു ലഭിക്കുന്നതുപോലെ സ്വീകരിക്കുകയും ചെയ്യാം.

സർക്കാരിനെതിരായി അറേറാർണിജനറൽ ഉപദേശം നൽകുകയോ വാദിക്കുകയോ ചെയ്യുവാൻ പാടില്ല. സർക്കാർ വാദിക്കുന്നതിനു് ഉത്തരവാകാൻ ഇടയുള്ള കേസുകളിൽ നേരത്തെ എതിർപക്ഷത്തു് ഹാജരാകുകയോ ഉപദേശം നൽകുകയോ ചെയ്യരുതു്. ക്രിമിനൽ കുററങ്ങളിൽ പ്രതിയായിട്ടുള്ള വക്കുവേണ്ടി കേന്ദ്രസക്കാരിൻെറ അനുമതി കൂടാതെ വാദിച്ചുകൂട. ഏതെങ്കിലും കമ്പനിയിൽ ഡയറക്ടർ ആയിരിക്കുന്നതിനു അദ്ദേഹം ഏൽക്കുന്നതു സക്കാരിൽനിന്നു് അനുവാദം വാങ്ങിയിട്ടു മാത്രമേ ആകാവൂ. സ്വകാര്യനിലയിൽ വ്യവഹരിക്കുന്നതിനെ തടഞ്ഞിട്ടില്ല. എന്നാൽ ചില വ്യവസ്ഥകറംക്കു വിധേയനായിട്ടുമാത്രമേ അതു ചെയ്യുവാൻ പാടുള്ളൂ എന്നാണല്ലോ മുകളിൽ പ്രസ്താവിച്ച കാര്യങ്ങളിൽ നിന്നു തെളിയുന്നതു്.

പാർലിമെൻറിന്റെ ഏതെങ്കിലും സഭകളിലും സഭകളുടെ സംയുക്തയോഗങ്ങളിലും അറ്റോർണി ജനറലിനു് പ്രസംഗിക്കുന്നതിനും മററു വിധത്തിൽ പങ്കെടുക്കുന്നതിനും അവകാശമുണ്ടായി

---

1 Notification No F. 43/50c dated 26-1-'50

രിക്കും.[1] ഈ അവകാശം പാർലിമെൻറു നിയമിക്കുന്ന കമ്മറ്റിയുടെ കാര്യത്തിലും സാധുവാണ്. അതിനു് അദ്ദേഹം ആ കമ്മറ്റിയിലെ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടേയ്ക്കാവുന്നതായിരിക്കണമെന്നുണ്ട്. പാർലിമെൻറിൽ അംഗമല്ലാത്ത യാതൊരാളിനും അതിൻെറ സമ്മേളനങ്ങളിലും മററും സംസാരിക്കുന്നതിനോ പങ്കുകൊള്ളുന്നതിനോ അനുമതിയില്ലെന്നുള്ള പൊതുനിയമത്തിൽനിന്നു ഭിന്നമായ ഒരു നിലപാടാണ് അററാർണിജനറലിൻെറ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ കത്തവ്യങ്ങൾ കണക്കാക്കുമ്പോൾ അതിനെക്കുറിച്ചു് അത്ഭുതത്തിനു് അവകാശമില്ല.

സംസ്ഥാനങ്ങൾക്കു് അഡ്വക്കേററ് ജനറലിനെ നിയമിക്കുന്നതിനു് ഭരണഘടന അനുവദിച്ചിട്ടുണ്ട്.[2] അവരെ നിയമിക്കുന്നതു് ഗവർണ്ണർ ആയിരിക്കും. ഒരു സംസ്ഥാന ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിക്കുവാൻ യോഗ്യതയുള്ള ഒരാളെയാണു് അങ്ങിനെ നിയമിക്കേണ്ടതു്. അദ്ദേഹം ഗവർണ്ണർക്കു തൃപ്തിയുള്ള കാലത്തോളം ഉദ്യോഗത്തിൽ തുടരുന്നു. ഗവർണ്ണർ അദ്ദേഹത്തിൻെറ അഭിപ്രായം ആരായുന്ന നിയമപ്രശ്നങ്ങളിലും കാര്യങ്ങളിലും സർക്കാരിനു് ഉപദേശം കൊടുക്കുകയാണു് പ്രധാനമായി അഡ്വക്കേററു് ജനറലിൻെറ കത്തവ്യം. അതുകൂടാതെ അദ്ദേഹത്തിൻെറ കത്തവ്യമായി നീക്കിവയ്ക്കുന്ന നിയമസ്വഭാവമുള്ള മററു കൃത്യങ്ങൾ നിറവേററാനും അദ്ദേഹത്തിനു കടപ്പാടുണ്ട്. ഹൈക്കോടതിയിൽ സാംസ്ഥാനസർക്കാർ ഒരു കക്ഷിയായി വിചാരണയ്ക്കു വരുന്ന അസ്സൽ കേസ്സുകളിൽ സക്കാരിനെ പ്രതിനിധീകരിക്കേണ്ടതു് അദ്ദേഹം തന്നെ. പ്രധാനമായതെന്നു പരിഗണിക്കപ്പെടുന്ന ക്രിമിനൽ അപ്പീലുകളിൽ സംസ്ഥാന

1. Article 88
2. Article: 165.

ഹൈക്കോടതിയിൽ സർക്കാരിനു വേണ്ടി ഹാജരാകേണ്ടതും അഡ്വക്കേററു ജനറൽതന്നെ.[1] നടപടി എടുക്കാവുന്ന കുററങ്ങൾ, ധർമ്മസ്ഥാപനങ്ങൾ സംബന്ധിച്ച അവകാശങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ അവകാശസംരക്ഷണത്തിന് അദ്ദേഹത്തിന് ഉത്തരവാദിത്വമുണ്ട്.[2] ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച്, നിലവിലുള്ള ചില നിയമങ്ങളിലെ അനുശാസനങ്ങൾമൂലം മററുചില ചുമതലകൾ അദ്ദേഹത്തിൽ അർപ്പിതമായിരിക്കുന്നു.[3]

അഡ്വക്കേററ് ജനറലിന് സംസ്ഥാനഹൈക്കോടതിയിൽ മാത്രമേ വ്യവഹരിക്കുവാൻ കഴിവുള്ളു. ഇതരസംസ്ഥാനകോടതികളിൽ ഉദ്യോഗനിലയിൽ അദ്ദേഹത്തിന് അംഗീകാരമില്ല. അറ്റോർണിജനറലിനെ സംബന്ധിച്ചുള്ള നിരോധനങ്ങളൊക്കെ ഇദ്ദേഹത്തിനും ബാധകമാണ്.

ഗവർണ്ണർ നിശ്ചയിക്കുന്ന വേതനം അദ്ദേഹം വാങ്ങുന്നു. ഇത് സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്നു സ്വീകരിക്കുന്നതല്ല. അതിനാൽ നിയമസഭയ്ക്ക് അഭിപ്രായം രേഖപ്പെടുത്താനും വോട്ടിനു വിധേയമാക്കാനും സാധിക്കും. തന്നിമിത്തം ഭരണകക്ഷിയുടെ രാഷ്ട്രീയസ്വഭാവത്തിനു വിധേയമാണ് ഈ ഉദ്യോഗമെന്നു പറയാം. മന്ത്രിസഭയുടെ അഭിപ്രായം അനുസരിച്ചുതന്നെയായിരിക്കും ഗവർണ്ണർ നിയമനം നടത്തുന്നതും. മന്ത്രിസഭയുടെ ആഗ്രഹംപോലെ അതു നടക്കുമെന്നു ചുരുക്കം.

---

1. J P C Report: Vol I para 400.
2. Entries 8, & 28 in List III of Seventh Schedule.
3. Civil Procedure Code: Ss 9&92; Criminal Procedure Code Ss: 194; 333; 495. Lunacy Act-S. 39

അദ്ധ്യായം പന്ത്രണ്ട്

ഗവർണ്ണർ

സംസ്ഥാനങ്ങൾ ഓരോന്നിനും ഓരോ ഗവർണ്ണർ ഉണ്ടായിരിക്കുന്നതാണു്. എന്നാൽ ഒരാളിനെത്തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ഗവർണ്ണരായി നിയമിക്കുന്നതിനു തടസ്സമില്ല. സംസ്ഥാനത്തെ കാര്യനിർവ്വഹണശക്തി അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നു. അദ്ദേഹം അതു് ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചു് നേരിട്ടോ കീഴുദ്യോഗസ്ഥന്മാർ മുഖേനയോ പ്രയോഗിക്കുന്നതാണു്.[1] സംസ്ഥാനത്തിലെ നിർവ്വഹണമണ്ഡലം കേന്ദ്രത്തിലേതുപോലെ തികഞ്ഞ ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു എന്നു് വിസ്മരിക്കരുതു്. ഗവർണ്ണർ മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണു് സ്വകൃത്യങ്ങൾ നിർവ്വഹിക്കുന്നതു്. ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയനായി അദ്ദേഹത്തിനു് കർത്തവ്യങ്ങൾ നിറവേറേണ്ടതായിട്ടിരിക്കുന്നു. മറ്റേതെങ്കിലും അധികൃതസ്ഥാനത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ, ഗവർണ്ണറിലേക്കു കൈമാററപ്പെടുന്നതല്ല. അതുപോലെതന്നെ ഏതെങ്കിലും അധികൃതസ്ഥാനത്തിനു് നിയമംമുഖേന ചുമതലകൾ നൽകുന്നതിൽ നിന്നു് പാർലിമെൻറിനേയോ സംസ്ഥാനനിയമസഭകളേയോ തടഞ്ഞിട്ടുമില്ല.[2]

ഗവർണ്ണരെ നിയമിക്കുന്നതു് രാഷ്ട്രപതിയാണു്.[3] ഇതു് അമേരിക്കൻ ഐക്യനാട്ടിലെ രീതിയിൽനിന്നു ഭിന്നമായിരി

1. Article: 153 as amended by Seventh Amendment Act 1956
2. Article: 154. 3 Article: 155.

ക്കന്നു. അവിടെ ഗവർണ്ണറെ ജനങ്ങൾ നേരിട്ടു് തിരഞ്ഞെടുക്കുകയാണു ചെയ്യുന്നതു്.[1] നാം സ്വീകരിച്ചിരിക്കുന്നതു് ക്യാനഡായിലെ രീതിയാണു് എന്നുപറയാം.[2] കേന്ദ്രമന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചായിരിക്കും രാഷ്ട്രപതി ഗവർണ്ണരെ നിശ്ചയിക്കുന്നതെന്നു വിശ്വസിക്കാവുന്നതാണു്. കേന്ദ്രം സംസ്ഥാനമന്ത്രിസഭയുടെ അഭിപ്രായം ആരായണമെന്ന വഴക്കം വളരുമെന്നാണു പ്രതീക്ഷ.[3] നിയമിക്കുന്നതിനും നീക്കംചെയ്യുന്നതിനും ഉള്ള ശക്തി രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ഗവർണ്ണറുടെമേൽ കൂടുതൽ സ്വാധീനം രാഷ്ട്രപതിക്കു് ഉണ്ടായേക്കാമെന്നുള്ളതു് സ്വാഭാവികമായ സംഗതിയാണല്ലോ.

രാഷ്ട്രപതിക്കു തൃപ്തിയുള്ളത്രയുംകാലം ഗവർണ്ണർ ഉദ്യോഗം വഹിക്കുന്നതാകുന്നു.[4] ഇതിനു വിധേയമായി ഒരു ഗവർണ്ണർക്കു് അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന നാൾതൊട്ടു് അഞ്ചുകൊല്ലം തുടരാവുന്നതാണു്. ഉദ്യോഗകാലാവധി അവസാനിച്ചാലും അനന്തരഗാമി ഉത്തരവാദിത്വം ഏറ്റെടുക്കുന്നതുവരെ തുടരേണ്ടതാണു്. സ്വന്തം കൈപ്പടയിൽ ഉള്ള ഒരു എഴുത്തുമുഖേന തന്റെ സ്ഥാനം ഗവർണ്ണർക്കു് രാജിവയ്ക്കാവുന്നതാണു്. രാജി രാഷ്ട്രപതിയ്ക്കാണു സമർപ്പിക്കേണ്ടതു്.

ഗവർണ്ണറാകുന്നതിനു് ഒരാൾക്കു് ചില നിശ്ചിതയോഗ്യതകൾ ഉണ്ടായിരിക്കണമെന്നു് ഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു. അദ്ദേഹം മുപ്പത്തിയഞ്ചു വയസ്സുതികഞ്ഞ പൗരനായിരിക്കണം.[5] പാർലിമെൻറിലെ ഏതെങ്കിലും സഭയിലേയോ, സംസ്ഥാനനിയമസഭയിലേയോ അംഗമായിരിക്ക

---

1. Munro-Government of United States-p 674.
2. Clement-Canadian Constitution p 27.
3. Constituent Assembly Debates-Vol VIII
4. Article: 156.
5. Article: 157.

രുത്ത്. അംഗമായ ഒരാൾ ഗവർണ്ണറായി നിയമിക്കപ്പെടുന്ന തായാൽ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ ആ അംഗത്വം സ്വയമേവ ഒഴിഞ്ഞതായി പരിഗണിക്കു ന്നതാണ്. സർക്കാരിന്റെ കീഴിൽ ആദായം സിദ്ധിക്കുന്ന മററ് ഔദ്യോഗിക സ്ഥാനങ്ങളൊന്നും അദ്ദേഹം വഹിച്ചുകൂട. വാടക കൂടാതെ ഔദ്യോഗികവസതി അദ്ദേഹത്തിന് ഉപയോ ഗപ്പെടുത്താം. പാർലിമെൻറ് നിയമംമൂലം നിശ്ചയിക്കുന്ന ശമ്പളം, ബത്തകൾ തുടങ്ങിയവ ഗവർണ്ണക്ക് സ്വീകരിക്കാവു ന്നതാണ്. അതു ചെയ്യുന്നതുവരെ ഒരു സംസ്ഥാനഗവർണ്ണ ക്കുള്ള ശമ്പളം പ്രതിമാസം അയ്യായിരത്തിഅഞ്ഞൂറ് ഉറപ്പിക യായിരിക്കും.[1] രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലെ ഗവർണ്ണറായിരിക്കുന്ന ഒരാളിനു നൽകുന്ന ശമ്പളം തുടങ്ങിയ പ്രതിഫലം സംസ്ഥാനങ്ങൾ തമ്മിൽ വഹിക്കേണ്ടതു് ഏതു തോതിലായിരിക്കണമെന്നു് രാഷ്ട്രപതി ഉത്തരവുമൂലം നിശ്ച യിക്കുന്നതായിരിക്കും. അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തു് വേതനം, ബത്ത തുടങ്ങിയവ കുറവുചെയ്യുവാനും പാടില്ല.

ഗവർണ്ണറോ ഗവർണ്ണറുടെ കൃത്യങ്ങൾ നിർവഹിക്കുന്ന ആളോ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ് സംസ്ഥാന ത്തിലെ ചീഫ്ജസ്റ്റീസിന്റെ സമക്ഷത്തിലോ അദ്ദേഹത്തി ന്റെ അഭാവത്തിൽ ഹൈക്കോടതിയിലെ ഏററവും ഉയന്ന ജഡ്ജിയുടെ മുമ്പിലോ സത്യപ്രതിജ്ഞ ചെയ്യേണ്ട താകുന്നു. ഇതിൽ, ഔദ്യോഗികകൃത്യങ്ങൾ വിശ്വസ്തമായി നിർവ്വഹിച്ചുകൊള്ളാമെന്നും, അദ്ദേഹത്തിന്റെ കഴിവിന്റെ പരമാവധിവരെ ഭരണഘടനയേയും നിയമങ്ങളേയും പുലത്താ

---

1. Article: 158 and Second Schedule as amended by Constitution (Seventh Amendment) Act 1956.

മെന്നും, ജനസേവനത്തിനായും സമുദായത്തിന്റെ സുസ്ഥിതിക്കായും സ്വയം അർപ്പിച്ചിരിക്കുന്നു എന്നും പ്രതിജ്ഞ ചെയ്യുകയാണ്.[1]

നിയമപ്രകാരം സംസ്ഥാനത്തിലെ ഭരണത്തലവൻ ഗവണ്ണർ ആണ്. ആ നിലയിൽ ബ്രിട്ടീഷ് രാജാവിനെപ്പോലെ ചില പ്രത്യേകാവകാശങ്ങൾ അദ്ദേഹത്തിൽ നിക്ഷിപ്തമായിട്ടുണ്ട്. രാഷ്ട്രപതിക്ക് കുററവാളികൾക്കു മാപ്പുനൽകുന്നതിനുള്ള അധികാരങ്ങൾ ഉണ്ടെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. ഗവണ്ണർക്ക് സംസ്ഥാനനിർവഹണശക്തിയുടെ പരിധിയിലുൾപ്പെടുന്ന ഒരു കാര്യം സംബന്ധിച്ചുള്ള ഏതെങ്കിലും നിയമത്തിനെതിരായുള്ള ഏതെങ്കിലും അപരാധത്തിനു് കുററം ചുമത്തപ്പെട്ട വ്യക്തിക്കു നൽകിയിട്ടുള്ള ശിക്ഷകു മാപ്പു കൊടുക്കുന്നതിനോ, പരിഹാരങ്ങൾ അനുവദിക്കുന്നതിനോ, ശിക്ഷയെ വിളംബപ്പെടുത്തുന്നതിനോ, ലഘൂകരിക്കുന്നതിനോ സാധിക്കും.[2] നിയമമനുസരിച്ചു നടത്തുന്ന നീതിനിർവഹണത്തിൽ കടന്നുകൂടിയേക്കാവുന്ന തെററുകളെ പരിഹരിക്കുന്നതിനായിട്ടാണ് പ്രധാനമായി ഇതു് ഉദ്ദേശിച്ചിട്ടുള്ളതു്. നിയമനിർമ്മാണപരമോ നീതിന്യായപരമോ ആയ നിയന്ത്രണങ്ങൾ ഇതിന്റെ പ്രയോഗത്തെ കീഴമത്തുന്നതല്ല. ഗവർണ്ണർ നൽകുന്ന മാപ്പ് ഒരു ദാക്ഷിണ്യമാണ്. അതു ലഭിക്കുന്നതുകൊണ്ട് തെററുകാരൻ കുററത്തിന്റെ ശിക്ഷയിൽനിന്നു വിമോചിതനാകുന്നു. അങ്ങിനെയുള്ള മോചനം സമ്പൂർണ്ണമായിട്ടുള്ളതോ, പരിമിതമോ, സോപാധികമോ ആകാം. ഇവിടെ ഒരു സംഗതി വിസ്മരിക്കരുതു്. ഗവർണ്ണർക്ക് മരണശിക്ഷകു മാപ്പു നൽകുവാൻ കഴിവില്ല. മാപ്പു നൽകുവാൻ രാഷ്ട്രപതിക്കു മാത്രമേ

---

1. Article: 159.
2. Article: 161.

സാധിക്കു.[1] ഗവർണ്ണർക്കു് അതു വിളംബപ്പെടുത്തുവാനും, ലഘൂകരിക്കുവാനും തടസ്സമില്ല.[2]

ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളിൽ പ്രധാനമായതു് നിർവ്വഹണശക്തിയും നിയമനിർമ്മാണയോഗ്യതയും സഹവർത്തികളായിട്ടുള്ളതാണു എന്നുള്ളതത്രേ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഒരു സംസ്ഥാനത്തെ നിർവ്വഹണശക്തി, ആ സംസ്ഥാനത്തെ നിയമനിർമ്മാണസഭയ്ക്കു് നിയമനിർമ്മാണം ചെയ്യുവാൻ അധികാരമുള്ള വിഷയങ്ങളോളം വ്യാപ്തിയുള്ളതായിരിക്കും.[3] എന്നാൽ സംയുക്തവിഷയങ്ങളിൽ സംസ്ഥാനത്തെ നിർവ്വഹണശക്തി, ഭരണഘടനയിലെ വ്യവസ്ഥകളാലോ, പാർലിമെൻറു് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്താലോ കേന്ദ്രത്തിനോ മററു് അധികൃതസ്ഥാനങ്ങൾക്കോ സ്പഷ്ടമായി നല്കപ്പെട്ടിട്ടുള്ള നിർവ്വാഹകശക്തിക്കു് വിധേയവും അങ്ങിനെ പരിമിതപ്പെട്ടതും ആയിരിക്കും.[4] പ്രത്യേകം വ്യവസ്ഥചെയ്തിട്ടില്ലാത്ത ഏതെങ്കിലും ആകസ്മികസംഭവത്തെ നേരിടുന്നതിനു് രാഷ്ട്രപതിക്കു യുക്തമെന്നു തോന്നുന്ന വ്യവസ്ഥകൾ ചെയ്യുന്നതിനും തടസ്സമില്ല. സംസ്ഥാനവിഷയങ്ങളിൽ സംസ്ഥാനനിർവ്വഹണവിഭാഗത്തിനു മാത്രമേയുള്ളൂ അധികാരം.[5]

ഗവർണ്ണർ ഒരു വ്യവസ്ഥാപിതഭരണമേധാവിയാണെന്നു് മുമ്പു സൂചിപ്പിക്കുകയുണ്ടായല്ലോ. യഥാർത്ഥത്തിലുള്ള നിർവ്വാഹകർ മന്ത്രിസഭയാണു്. തത്വത്തിൽ അതു് ഗവർണ്ണരെ

---

1. Article: 72.
2. Cr. P. Code Sections 401-402 and I. P. C. Section 54.
3. Article: 162.
4. Article: 73 (2); 353 (6); 356 (1) (a) & List III Sch VII
5. See List II of Schedule VII

സഹായിക്കാനും ഉപദേശിക്കാനും ഉള്ളതാണു്. പ്രായോഗികമായി നോക്കിയാൽ ഗവർണ്ണർ സ്വകൃത്യങ്ങൾ നിർവ്വഹിക്കുന്നതു് അവരുടെ ഉപദേശങ്ങൾ അനുസരിച്ചായിരിക്കണം. ഇംഗ്ലണ്ടിലേയും ഇതര രാജ്യങ്ങളിലേയും വ്യവസ്ഥാപിത ഭരണക്രമത്തിലെ വഴക്കങ്ങൾ നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഗവർണ്ണർക്കു് യുക്താനുസരണം പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം ഇവിടെ വിസ്മരിച്ചുകൂട. സ്വന്തം അഭിപ്രായം അനുസരിച്ചു് യുക്തിപൂർവ്വം ചെയ്യണമെന്നു് അനുശാസിക്കുന്ന കാര്യങ്ങളിൽ മന്ത്രിസഭയുടെ ഉപദേശം അദ്ദേഹം സ്വീകരിക്കുന്നതിനു ബാദ്ധ്യസ്ഥനല്ല. ഇതു് രാഷ്ട്രപതിയുടേതിൽ നിന്നു ഭിന്നമായ ഒരു നിലയാണു്. ഭരണഘടനയിലെ വ്യവസ്ഥപ്രകാരം രാഷ്ട്രപതിയും കേന്ദ്രമന്ത്രിസഭയും തമ്മിലുള്ള ബന്ധത്തിൽ, ഒരു സംഗതിയിലും ഇപ്രകാരം യുക്തിപൂർവ്വം ചെയ്യുന്നതിനു് രാഷ്ട്രപതിക്കു് സ്വാതന്ത്ര്യം നൽകിയിട്ടില്ല. ഗവർണ്ണർക്കു് ചില കാര്യങ്ങളിൽ സ്വാഭിപ്രായമനുസരിച്ചു യുക്തിപൂർവ്വം പ്രവർത്തിക്കുവാൻ അവസരം കൊടുത്തിരിക്കുന്നു. ഇക്കാര്യങ്ങളിൽ അദ്ദേഹത്തിൻെറ തീരുമാനം ചോദ്യം ചെയ്യപ്പെടാവുന്നതുമല്ല. ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചു് ഏതെങ്കിലും സംഗതി സ്വാഭിമതം അനുസരിച്ചു നടത്താവുന്നതോ അല്ലാത്തതോ എന്ന തർക്കം ഉത്ഭവിച്ചാൽ, ഗവർണ്ണർ സ്വമേധയാ ചെയ്യുന്ന തീരുമാനം അവസാനത്തേതായിരിക്കും. ആ തീരുമാനത്തെ ആസ്പദമാക്കി അദ്ദേഹം എന്തെങ്കിലും ചെയ്യുന്നതിന്റെ സാധുത, സ്വമേധയാ ചെയ്യപ്പെടേണ്ടിയിരുന്നതോ അല്ലാത്തതോ എന്നു തർക്കിച്ചു് ചോദ്യം ചെയ്യപ്പെടുകയില്ല.[1] ഇങ്ങനെ സ്വമേധയാ തീരുമാനിക്കേണ്ട രണ്ടു

1. Article: 163

സംഗതികൾ ഭരണഘടനയിൽ പ്രസ്പഷ്ടമാക്കിയിട്ടുമുണ്ട്. രാഷ്ട്ര പതിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി ഗവ ൎണ്ണർ പൊതുവിജ്ഞാപനം നടത്തി ആസ്സാമിലെ ഗിരിവൎഗ്ഗ പ്രദേശങ്ങളുടെ ഭരണം സംബന്ധിച്ചുള്ള എല്ലാമോ ഏതെങ്കി ലുമോ വ്യവസ്ഥകൾ, വടക്കുകിഴക്കേ അതൃത്തിപ്രദേശത്തിനോ നാഗജാതിപ്രദേശത്തിനോ അവയുടെ ഏതെങ്കിലും ഭാഗ ത്തിനോ ബാധകമാക്കാവുന്നതും, അങ്ങിനെയുള്ള വ്യവസ്ഥകൾ അനുസരിച്ച് അവിടം ഭരിക്കേണ്ടതും ആണ്. അതിലേക്ക് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ അങ്ങനെയുള്ള പ്രദേശത്തിൻെറ ഭരണം രാഷ്ട്രപതി അദ്ദേഹത്തിൻെറ പ്രതി നിധി (ഏജൻറ്) യായ ആസ്സാംഗവർണ്ണർമുഖേന നിൎവ്വഹി ക്കേണ്ടതും ആണ്. തൻെറ കൃത്യനിൎവ്വഹണത്തിൽ, രാഷ്ട്ര പതിയുടെ ഏജൻറ് എന്നപോലെ ഗവർണ്ണർ അദ്ദേഹ ത്തിൻെറ യുക്തമനുസരിച്ച് പ്രവൎത്തിക്കേണ്ടിയിരിക്കുന്നു.[1] ഇനിയുള്ള മറെറാരു വ്യവസ്ഥക്കുടി താഴെ വ്യക്തമാക്കാം. ഇതും ആസ്സാമിലെ ഗിരിവൎഗ്ഗപ്രദേശങ്ങളുടെ ഭരണം സംബ ന്ധിച്ചുള്ളതാണ്. ലോഹവസ്തുക്കൾ തിരയുന്നതിനും കുഴിച്ചെടു ക്കുന്നതിനും വേണ്ടി ആസ്സാംഗവണ്മെൻറ് ഒരു സ്വയംഭരണ ജില്ലയിൽ ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച നൽകുന്ന ലൈസൻസ്, പാട്ടം എന്നിവയിൽനിന്നും പ്രതിവർഷം ലഭി ക്കുന്ന രാജസ്വത്തിൽ, ആസ്സാംഗവർമ്മെൻറും ജില്ലാസമിതിയും തമ്മിൽ കരാർ ചെയ്യുന്ന വിതം ജില്ലാസമിതിക്കു നല്കേണ്ടതാ ണെന്നാണു വ്യവസ്ഥ. എന്നാൽ ജില്ലാസമിതിക്കു നൽകേണ്ട രാജസ്വത്തിൻെറ തോതിനെപ്പററി തൎക്കം ഉണ്ടായാൽ അതു തീരുമാനിക്കുവാൻ ഗവർണ്ണറുടെ സമക്ഷം സമൎപ്പിക്കേണ്ട താണ്. അദ്ദേഹം അതു തീരുമാനിക്കേണ്ടതു് യുക്തംപോലെ ആണ്. അദ്ദേഹത്തിൻെറ യുക്തമനുസരിച്ചുള്ള തീരുമാനം

1. 6th Schedule: 18 (3)

അവസാനത്തേതായിരിക്കുകയും ചെയ്യും.[1] മുകളിൽ പറഞ്ഞ രണ്ടു കാര്യങ്ങൾക്കല്ലാതെ മറേറതെങ്കിലും സംഗതികൾക്കു് സ്വാഭിപ്രായമനുസരിച്ച് യുക്തംപോലെ പ്രവർത്തിക്കുവാൻ ഗവർണ്ണർക്ക് കഴിയുമോയെന്നു സംശയമാണു്.

മുകളിൽ പ്രസ്താവിച്ച രണ്ടുകാര്യങ്ങളിൽ ഒഴിച്ച് മറ്റെല്ലാ സംഗതികൾക്കും ഗവർണ്ണർ തനി വ്യവസ്ഥാപിതഭരണാധികാരിയാണു്. എന്നാൽ അദ്ദേഹം വെറുമൊരു അലങ്കാരവസ്തു മാത്രമാണോയെന്നു സംശയിക്കണം. തന്നത്താനെ നിറവേറ്റേണ്ട കർത്തവ്യങ്ങൾ അദ്ദേഹത്തിനു് ഇല്ലായിരിക്കാം. മന്ത്രിസഭയെ അതിക്രമിച്ച് അനുസരണക്കേടു കാണിക്കുവാനും പാടില്ല. അദ്ദേഹം സമർത്ഥനും പ്രതിഭാസമ്പന്നനും ആയിരുന്നാൽ പല നല്ല കാര്യങ്ങളും ചെയ്യുന്നതിനു് മന്ത്രിസഭയെ സഹായിക്കാൻ സാധിക്കും. മന്ത്രിസഭയേയും പ്രതിപക്ഷത്തേയും തമ്മിൽ അനുരഞ്ജിപ്പിച്ച് സൽഭരണം സാർത്ഥകമാക്കുവാൻ സ്വാധീനം ചെലുത്താം. തൻെറ സ്നേഹപൂർവ്വമുള്ള ഇടപെടലുകൾ ഇതിനു് വളരെ സഹായിക്കും;[2] ഏതെങ്കിലും കക്ഷിയുടെ പ്രതിനിധിയെന്ന നിലയിലല്ല; പൊതുജനങ്ങളുടെ ശുഭകാംക്ഷിയെന്ന നിലയിൽ.[3] ശുദ്ധവും പക്ഷപാതരഹിതവും ഊർജ്ജസ്വലവും ആയ ഭരണം ആണു് അദ്ദേഹത്തിൻെറ കർത്തവ്യങ്ങളുടെ പിറകിലുള്ള പ്രേരകശക്തി.

സംസ്ഥാനഗവർമ്മെൻറിൻെറ എല്ലാ നിർവ്വഹണപ്രവൃത്തികളും ഗവർണ്ണറുടെ നാമത്തിൽ നടത്തപ്പെടുന്നു. അദ്ദേഹത്തിൻെറ പേരിൽ തയ്യാറാക്കപ്പെടുന്നതും നിർവഹിക്കപ്പെടുന്നതും ആയ എല്ലാ ഉത്തരവുകളും ഗവർണ്ണർ നിർമ്മി

---

1. 6th Schedule: 9 (2).
2. Dr. P. K. Sen–Constituent Assembly Debates Vol–VIII.
3. Dr. Ambedkar Constituent Assembly Debates Vol. VIII.

ച്ചിട്ടുള്ള ചട്ടങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിധത്തിൽ പുറപ്പെടുവിക്കേണ്ടതാണ്. അങ്ങിനെ ചെയ്താൽ ഗവർണ്ണരാൽ ഉണ്ടാക്കപ്പെട്ടതോ നിർവ്വഹിക്കപ്പെട്ടതോ അല്ലെന്നുള്ള കാരണത്താൽ അതിന്റെ സാധുത്വം ചോദ്യംചെയ്യപ്പെട്ടുകൂട.[1]

സംസ്ഥാനനിയമസഭ വിളിച്ചുകൂട്ടുന്നതു് ഗവർണ്ണർ ആണ്. ഓരോ കൊല്ലവും രണ്ടു പ്രാവശ്യമെങ്കിലും അതു സമ്മേളിച്ചിരിക്കണം. ഒരു സമ്മേളനത്തിലെ അവസാനദിവസത്തെ യോഗവും അടുത്ത സമ്മേളനത്തിലെ ആദ്യത്തെ യോഗദിവസവും തമ്മിൽ ആറുമാസത്തിൽ കവിഞ്ഞ ഇട ഉണ്ടായിക്കൂടാത്തതാണ്. ഈ വ്യവസ്ഥകൾക്ക വിധേയമായി ഗവർണ്ണർക്ക് അതതുകാലങ്ങളിൽ തനിക്ക യുക്തമെന്നു തോന്നുന്ന സ്ഥലത്തും സമയത്തും സഭകൾ വിളിച്ചുകൂട്ടാം. അതുപോലെ സഭകൾ കാലാവധിയില്ലാതെ നിറുത്തിവയ്ക്കുവാനും അസംബ്ളി പിരിച്ചുവിടുവാനും അദ്ദേഹത്തിനു കഴിയും.[2] കേന്ദ്രത്തിൽ രാഷ്ട്രപതിക്കുള്ള അധികാരങ്ങൾപോലെ തന്നെയാണ് ഇക്കാര്യങ്ങളിൽ ഗവർണ്ണർമാർക്ക സംസ്ഥാനങ്ങളിൽ ഉള്ളതു് എന്നു പറയാം. സഭകൾ പിരിച്ചുവിടുന്നതു് കാലാവധി കഴിയുന്നതുകൊണ്ടോ മററു കാരണങ്ങൾകൊണ്ടോ ആകാം. സഭ വിളിച്ചുകൂട്ടുന്നതു സംബന്ധിച്ചുള്ള അറിയിപ്പ് ഔദ്യോഗിക ഗസററിൽ പ്രഖ്യാപിക്കുന്നു. അതിൽ സമ്മേളനസ്ഥലം, തീയതി, സമയം എന്നിവ വ്യക്തമാക്കിയിരിക്കും. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് നിയമസഭാസെക്രട്ടറി സാമാജികന്മാർക്ക് ഓരോരുത്തർക്കും അയക്കുന്നതുമാണ്.

ഗവർണ്ണർക്ക സംസ്ഥാന നിയമസഭായോഗത്തേയോ രണ്ടു സഭകളുണ്ടെങ്കിൽ ഓരോ സഭകളിലുമോ അല്ലെങ്കിൽ ആ സഭ

1. Article: 166.
2. Article: 174-as Substituted Constitution (First Amendment) Act 1951 S. 8.

കളുടെ സംയുക്തയോഗത്തേയോ അഭിസംബോധന ചെയ്യാവു ന്നതും ആ സന്ദർഭങ്ങളിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ആവശ്യപ്പെടുന്നതും ആകുന്നു. നിയമസഭയുടെ പരിഗണന യിലിരിക്കുന്ന ബില്ലിനെ സംബന്ധിച്ചോ അല്ലാതെയോ സന്ദേ ശങ്ങൾ അയക്കാം. സന്ദേശത്താൽ പരിഗണനത്തിനാവശ്യ പ്പെട്ടിട്ടുള്ള സംഗതി നിയമസഭ കഴിയുന്നത്രവേഗം പരിഗണി ക്കേണ്ടതാകുന്നു.[1] നിയമസഭയിലേക്കുള്ള പൊതുതിരഞ്ഞെടു പ്പിനുശേഷം ആദ്യത്തെ സമ്മേളനത്തിൻെറയും, ഓരോ വഷത്തിലെ ഒന്നാമത്തെ സമ്മേളനത്തിന്റെയും ആരംഭയോഗ ത്തിൽ ഗവണ്ണർ നിയമനിമ്മാണസഭയേയോ സഭകളുടെ സംയു ക്തസമ്മേളനത്തേയോ അഭിസംബോധന ചെയ്യേണ്ടതാണ്. അദ്ദേഹം ആ പ്രസംഗത്തിൽ സമ്മേളനം വിളിച്ചുകൂട്ടുവാനുള്ള കാരണങ്ങൾ അറിയിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽ പരാ മശിച്ച വിഷയങ്ങൾ ചച്ചചെയ്യുന്നതിനുവേണ്ട സമയം നീക്കി വയ്ക്കുന്നതിനു സഹായകമായവിധം സഭാനടപടികൾ ക്രമീകരി ക്കുന്നതിനുള്ള വ്യവസ്ഥകൾനിമ്മിക്കേണ്ടതുമാണ്.[2] സാധാരണ യായി പൊതുതിരഞ്ഞെടുപ്പിനുശേഷമുള്ള പ്രസംഗം പുതിയ ഗവണ്മെൻറിൻെറ ഒരു നയപ്രഖ്യാപനമായിട്ടാണ് പരിഗണി ക്കുക. അതിനെക്കുറിച്ച് വിശദമായി ചച്ചചെയ്യുന്നത് സ്വാഭാ വികം മാത്രമാണല്ലോ. പ്രസംഗത്തെപ്പററി ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ഭേദഗതികൾ സാമാജികന്മാക്ക് അവതരിപ്പിക്കാം. അവ പാസ്സാകുന്നപക്ഷം ഭേദഗതികൾകൂടി ആ പ്രസംഗ ത്തിൽ ചേക്കേണ്ടതാണ്. പാസ്സാക്കിയ പ്രസംഗത്തിൻെറ പൂണ്ണരൂപം സ്പീക്കർ ഗവണ്ണക്കു സമപ്പിക്കുന്നു. അദ്ദേഹ ത്തിൻെറ മറുപടി സ്പീക്കർ സഭയെ അറിയിക്കുകയും ചെയ്യും.

---

1. Article 175.
2. Article 176 as amended by the Constitution (First Amendment) Act 1951. Section 9

നിയമനിർമ്മാണസഭ പാസ്സാക്കിയ ബില്ല്—രണ്ടു സഭകൾ ഉണ്ടെങ്കിൽ രണ്ടും പാസ്സാക്കിയിരിക്കണം—ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിക്കപ്പെടേണ്ടതാണ്. അദ്ദേഹം അതിന് അനുമതി നല്കാം. അങ്ങിനെ ചെയ്യുമ്പോൾ അതു് നിയമമായിത്തീരുന്നു. എന്നാൽ ആ ബില്ലിന് അനുമതി നല്കാതെ അതു പിടിച്ചുവയ്ക്കുന്നു എന്നോ രാഷ്ട്രപതിയുടെ പര്യാലോചനയ്ക്കായി നീക്കിവയ്ക്കുന്നുവെന്നോ ഗവർണ്ണർക്കു പ്രഖ്യാപിക്കാം. അതു് ഒരു ധനബില്ലല്ലെങ്കിൽ, ബില്ലു പൊതുവേയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും വ്യവസ്ഥകളോ പുനരാലോചിക്കുന്നതിനുവേണ്ടി ഒരു സന്ദേശത്തോടുകൂടി തിരിച്ചയക്കാം. അങ്ങിനെ ചെയ്താൽ സഭ അതു പുനരാലോചിക്കേണ്ടതാണ്. അതിനു ശേഷം ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതു് പാസ്സാക്കി ഗവർണ്ണർ സമക്ഷം സമർപ്പിക്കപ്പെടുന്നതായാൽ, ഗവർണ്ണർ അതിന് അംഗീകാരം നൽകുവാൻ ബാദ്ധ്യസ്ഥനായിത്തീരുന്നു.[1] രാഷ്ട്രപതിയുടെ പര്യാലോചനയ്ക്കായി നീക്കിവയ്ക്കുന്ന ബില്ലുകളുടെ ഗതി എന്താണെന്നു നോക്കാം. രാഷ്ട്രപതി അതിന് അനുമതിനല്കിയതായോ അനുമതിതടഞ്ഞുവച്ചിരിക്കുന്നതായോ പ്രഖ്യാപിക്കണം. ബിൽ ഒരു ധനബില്ലല്ലെങ്കിൽ, ഒരു സന്ദേശത്തോടുകൂടി പുനരാലോചനയ്ക്കായി സഭയിലേക്ക് മടക്കുന്നതിന് ഗവർണ്ണരെ നിർദ്ദേശിക്കാം. ആ സന്ദേശം കിട്ടിയ നാൾ തൊട്ട് ആറുമാസത്തിനകം അതു് സഭ പുനരാലോചിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ചെയ്തശേഷം ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതു പാസ്സാക്കാം. അങ്ങിനെ പാസ്സാക്കിയ രൂപത്തിൽ രാഷ്ട്രപതിക്ക് പര്യാലോചനയ്ക്കായി വീണ്ടും സമർപ്പിക്കപ്പെടണം.[2] നിയമദത്തമായ അധികാരമില്ലാതെ യാതൊരാളുടേയും സ്വത്തു പിടിച്ചെടുക്കാവുന്നതല്ലെന്നാണല്ലോ

1. Article: 200 2. Article: 201

ഭരണഘടന പ്രഖ്യാപിച്ചിട്ടുള്ളതു്. പൊതു ആവശ്യങ്ങൾക്കു വേണ്ടി പിടിച്ചെടുക്കുകയോ കൈവശപ്പെടുത്തുകയോ ചെയ്യുന്ന സ്വത്തിനു് നഷ്ടപരിഹാരം കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുകയോ, അതിനുള്ള സംഖ്യ ക്ളിപ്തപ്പെടുത്തുകയോ, അതു നിശ്ചയിക്കുന്നതിനുള്ള തത്വങ്ങളും രീതിയും വ്യക്തമാക്കുകയോ, ചെയ്യുന്ന ഏതെങ്കിലും സംസ്ഥാനബില്ല് രാഷ്ട്രപതിയുടെ പര്യാലോചനയ്ക്കു നീക്കിവച്ചു് അനുമതി വാങ്ങാത്തപക്ഷം സാധുവായി കരുതപ്പെടുകയില്ല.[1] ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനു തൊട്ടു മുമ്പ് നടപ്പിൽ ഇരുന്ന ഏതെങ്കിലും സംസ്ഥാനനിയമം, ഏതെങ്കിലും അന്താസാംസ്ഥാനികനദിയേയോ നദീതടത്തേയോ നിയന്ത്രിക്കുന്നതിനോ പോഷിപ്പിക്കുന്നതിനോ സ്ഥാപിച്ചിട്ടുള്ള അധികാരസ്ഥാനം, ശേഖരിക്കുകയോ ഉൽപാദിപ്പിക്കുകയോ വിതരണംചെയ്യുകയോ വിക്രയം ചെയ്യുകയോ ചെയ്യുന്ന ജലത്തേയും വിദ്യുച്ഛക്തിയേയും സംബന്ധിച്ചു് ഒരു നികുതി ചുമത്തുകയൊ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ഒരു ബില്ലിൽ ചെയ്യുന്നപക്ഷം അതു് രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവച്ചു് അതിനു് അദ്ദേത്തിൻെറ അംഗീകാരം വാങ്ങിക്കണം. അല്ലാത്തപക്ഷം അതു് അസാധുവായിരിക്കും. ഇപ്പോൾ പറഞ്ഞതു് നേരത്തെ നിർമ്മിച്ചിട്ടുള്ള നിയമങ്ങളെ സംബന്ധിച്ചാണു്. ഒരു സംസ്ഥാനനിയമസഭയ്ക്കു്, മുകളിൽ പറഞ്ഞ കാര്യത്തിനു നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യാം. അങ്ങിനെയുള്ള നിയമം പുതുതായി നിർമ്മിക്കാവുന്നതാണു്. അതു ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു നീക്കിവച്ചു അദ്ദേഹത്തിൻെറ അനുമതിക്കായി സമർപ്പിക്കണം. അദ്ദേഹത്തിൻെറ അംഗീകാരം സിദ്ധിച്ചില്ലെങ്കിൽ പ്രസ്തുത സംഗതി പ്രാബല്യ

1. Article: 31. (3)

ത്തിൽ വരുന്നതല്ല.[1] ഇതുപോലെ സുപ്രധാനമായ മറെറാരു കാര്യംകൂടിയുണ്ട്. അതിനും രാഷ്ട്രപതിയുടെ അംഗീകാരം നിർബന്ധിതമാണ്. ഏതെങ്കിലും ബില്ല് നിയമമായിത്തീർന്നാൽ, ഗവർണ്ണറുടെ അഭിപ്രായത്തിൽ അതു് ഹൈക്കോടതിയുടെ ശക്തികളെ അപകടത്തിലാക്കുകയോ അല്പീകരിക്കുകയോ ചെയ്യുമെന്നു തോന്നുന്നപക്ഷം അതിനു് ഗവർണ്ണർ അനുമതി നൽകാതെ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കേണ്ടതാണ്.[2] സംസ്ഥാനത്തിലെ നീതിനിർവ്വഹണവകുപ്പിന്റെ സ്വാതന്ത്ര്യം പരിരക്ഷിക്കുകയും ഉറപ്പുചെയ്യുകയും ആണു് ഇതുമൂലം ചെയ്യുന്നതു്.

സംസ്ഥാനനിയമസഭ പുനഃപരിശോധന ചെയ്യുന്നതിനു രാഷ്ട്രപതി ശുപാർശചെയ്തതനുസരിച്ച് ഗവർണ്ണർ മടക്കിഅയച്ച ഒരു ബില്ല്, വീണ്ടും സഭ പര്യാലോചിച്ചശേഷം രാഷ്ട്രപതിക്കു സമർപ്പിച്ചാൽ, അതിനു് അംഗീകാരം നൽകുന്നതിനു് രാഷ്ട്രപതി ബാദ്ധ്യസ്ഥനല്ല. അംഗീകാരം നൽകുന്നതോ നൽകാതിരിക്കുന്നതോ ഒരു ക്ളിപ്തമായ കാലയളവിനകം ആയിരിക്കണമെന്നും നിബന്ധനയില്ല. ബില്ലിനെക്കുറിച്ച് എന്തെങ്കിലും പറയാതെ അദ്ദേഹത്തിനു് എത്രനാളുവേണമെങ്കിലും വച്ച് അമാന്തിപ്പിക്കാം. അക്കാലമത്രയും അതു് നിയമമാകുകയുമില്ല. ഇതു നിയന്ത്രിക്കുന്നതിനു വഴിയൊന്നുമില്ലതാനും. കേന്ദ്രത്തിനു് സംസ്ഥാനനിയമനിർമ്മാണത്തെ കീഴമർത്തുവാൻ ഇങ്ങനെ സാധിച്ചേക്കുമെന്നു തോന്നുന്നു.

ഓരോ സാമ്പത്തികവർഷവും ആ കൊല്ലത്തേക്കുള്ള വാർഷികസാമ്പത്തികസ്റ്റേറ്റുമെൻറു് എന്ന ഒരു അടങ്ങൽ നിയമ

---

1. Article: 288. (2)
2. Article: 200.

സഭയിൽ വയ്ക്കുവാൻ ഗവർണ്ണർ വേണ്ടതു ചെയ്യേണ്ടതാണു്.[1] ദ്വിമണ്ഡലങ്ങളുള്ള സംസ്ഥാനങ്ങളാണെങ്കിൽ രണ്ടു സഭകളിലും അതു സമർപ്പിക്കണം. ഈ ധനവിവരണപത്രികയിൽ താഴെ പറയുന്നവ പ്രത്യേകമായി കാണിച്ചിരിക്കണം:—

(a) സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ ബാദ്ധ്യത ചുമത്തുന്ന ചിലവുകൾ വഹിക്കുവാൻ വേണ്ട തുക. ഭരണഘടനയിലെ വ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുള്ളവയായിരിക്കണം ഇവ.

(b) സഞ്ചിതനിധിയിൽനിന്നു ചിലവാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള മററു ചിലവുകൾക്കായുള്ള തുകകൾ.

ഇവ രണ്ടിലും റവന്യൂകണക്കിൽ വരുന്ന വ്യയത്തെ മററു വ്യയത്തിൽ നിന്നു വേർതിരിച്ചു കാണിക്കേണ്ടതാണു്. സഞ്ചിതനിധിയിൽ ബാദ്ധ്യത ചുമത്തിയിട്ടുള്ള ഇനങ്ങൾ താഴെപറയുന്നവയാണു് (1) ഗവർണ്ണർക്കുള്ള ശമ്പളം, ബത്ത തുടങ്ങിയവയും അദ്ദേഹത്തിൻെറ ഉദ്യോഗത്തെ സംബന്ധിക്കുന്ന മററു ചിലവുകളും (2) അസംബ്ളി സ്പീക്കറുടേയും ഡെപ്യൂട്ടിസ്പീക്കറുടേയും ശമ്പളങ്ങളും മററും. സംസ്ഥാനത്തിൽ കൗൺസിൽ കൂടി ഉണ്ടായിരുന്നാൽ അതിലെ അദ്ധ്യക്ഷൻെറയും ഉപാദ്ധ്യക്ഷൻെറയും ശമ്പളങ്ങളും മററും (3) പലിശയും നിക്ഷേപനിധി ബാദ്ധ്യതകളും, കടങ്ങളെടുക്കുന്നതിനേയും ഋണമോചനത്തേയും സംബന്ധിക്കുന്ന മററു ചിലവുകൾ ഉൾപ്പടെ ഉത്തരവാദപ്പെടേണ്ട കടബാദ്ധ്യതകൾ (4) ഹൈക്കോടതി ജഡ്ജിമാരുടെ ശമ്പളം, പടി തുടങ്ങിയ ചിലവുകൾ (5) ഭരണഘടനയിലെ വ്യവസ്ഥകൾമൂലം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതോ നിയമനിർമ്മാണസഭ മേലിൽ ബാദ്ധ്യതപ്പെടുത്തുന്നതോ ആയ മററു ഏതെങ്കിലും ചിലവുകൾ.

---

1. Article 202.

സഞ്ചിതനിധിയെന്നാലെന്തെന്നു സൂചിപ്പിക്കാം. ഇതു് ഇംഗ്ലണ്ടിലെ ഭരണവഴക്കത്തിൽനിന്നു സ്വീകരിച്ചിട്ടുള്ള ഒരാശയമാണു്. ഭരണനടത്തിപ്പിനു് ഒരു ഭാഗം ചിലവുകൾ നിയമസഭയുടെ വോട്ടിനു വിധേയമാക്കാതെ നീക്കിവയ്ക്കുന്നതു് ആവശ്യമാണു്. ഇവ സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെടുത്തിയിരിക്കുന്നു. ഈ ചിലവിനങ്ങൾ വോട്ടിനിട്ടു് ആണ്ടുതോറും അംഗീകാരം നേടേണ്ട ആവശ്യമില്ല. അവ ഭരണഘടന സ്ഥിരമായി അനുവദിച്ചിരിക്കുന്നു. ഭരണഘടന ഭേദഗതിചെയ്യാതെ അതിൽ മാററമൊന്നും വരുത്താവുന്നതുമല്ല. വാർഷികസാമ്പത്തിക സ്റ്റേററുമെൻറു് സാധാരണഭാഷയിൽ ബഡ്ജററു് എന്ന പേരിലാണു് അറിയപ്പെടുന്നതു്. അതു് അവതരിപ്പിക്കുന്ന തീയതി ഗവർണ്ണർ നിശ്ചയിക്കുന്നതായിരിക്കും. അവതരിപ്പിച്ച ദിവസം അതിനെപ്പററി ചർച്ച ഉണ്ടായിരിക്കുന്നതല്ല. അനുദാനങ്ങൾക്കുള്ള ധനാഭ്യർത്ഥന നിയമനിർമ്മാണസഭയിൽ അവതരിപ്പിച്ചു് പാസ്സാക്കേണ്ടതാണു്. ധനാഭ്യർത്ഥനയെ സ്വീകരിക്കുകയോ, നിരാകരിക്കുകയോ വെട്ടിക്കുറച്ചു സ്വീകരിക്കുകയോ ചെയ്യുന്നതിനു് സഭയ്ക്കു ശക്തിയുണ്ടു്. ഗവർണ്ണറുടെ ശുപാർശയില്ലാതെ അനുദാനത്തിനായുള്ള ഒരു ധനാഭ്യർത്ഥനയും അവതരിപ്പിക്കാവുന്നതല്ല.[1] അതു കഴിഞ്ഞാൽ സഭ അനുമതി നല്കിയ അനുദാനങ്ങൾക്കും സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെടുത്തിയിട്ടുള്ള ചിലവുകൾക്കും തുകകൾ സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽ നിന്നു വിനിയോഗിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലു് അവതരിപ്പിക്കണം. ഇതിനു് ധനവിനിയോഗബില്ലെന്നു പറയുന്നു. സഞ്ചിതനിധിയിൽനിന്നു് പണം പിൻവലിക്കുവാൻ ധനവിനിയോഗബില്ലു് പാസ്സാക്കിയല്ലാതെ സാധിക്കുന്നതല്ല. ഒരു സംസ്ഥാനഗവമ്മെൻറു്

1. Article: 203 (3)

കൈപ്പററുന്ന എല്ലാ രാജസ്വങ്ങളും ആ ഗവമ്മെൻറ് ട്രഷറിബില്ല പുറപ്പെടുവിച്ച് എടുക്കുന്ന എല്ലാ കടങ്ങളും കടമെടുപ്പും മുൻധനങ്ങളും, കടം തിരിച്ചടച്ച ഇനത്തിൽ ആ ഗവമ്മെൻറ് കൈപ്പററുന്ന എല്ലാ ധനങ്ങളും സംസ്ഥാന സഞ്ചിതനിധിയിയിൽപെടുന്നതാണു്. നിയമപ്രകാരവും ഭരണ ഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രയോജനങ്ങൾക്കുവേണ്ടിയും നിയമം നിശ്ചയിച്ചിട്ടുള്ള രീതിയിലല്ലാതെ സഞ്ചിതനിധി യിൽനിന്നു് ധനം വിനിയോഗിക്കുവാൻ പാടുള്ളതല്ല.[1] ഇക്കാര്യത്തിനുള്ള ഉപാധി ധനവിനിയോഗബില്ല പാസ്സാക്കി നിയമമാക്കുകമാത്രമാണു്.

ഒരു സാമ്പത്തികവർഷത്തിൽ ചിലവാക്കുവാൻ അംഗീ കാരം സിദ്ധിച്ചിട്ടുള്ള തുക ആ കൊല്ലത്തെ ആവശ്യങ്ങൾക്ക പോരാതെ വരികയോ നേരത്തേ പ്രതീക്ഷിക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും പുതിയ അത്യാവശ്യങ്ങൾ വന്നുചേരുകയോ, അനുവദിക്കപ്പെട്ട തുകയെക്കാൾ അധികം ചിലവാകുകയോ ചെയ്യുമ്പോൾ എന്തു നടപടിയാണു സ്വീകരിക്കേണ്ടതെന്നു നോക്കാം. ഈ സന്ദർഭങ്ങളിൽ അങ്ങിനെയുള്ള വ്യയത്തിനു് അടങ്ങൽ കാണിക്കുന്ന മറെറാരു വിവരണപത്രിക സംസ്ഥാന നിയമസഭയിൽ വെപ്പിച്ച് അധികച്ചിലവിലേക്ക് ഒരു ധനാ ഭ്യത്ഥന നടത്തുവാൻ ഗവർണ്ണർ വേണ്ടതു ചെയ്യേണ്ടതാണു്.[2] ഇത്തരത്തിലുള്ള ഉപധനാഭ്യത്ഥനകളെ വളരെ അനുകൂല മായി സാധാരണ വീക്ഷിക്കാറില്ലെന്നും പറയേണ്ടിയിരിക്കുന്നു. കാരണം ജനപ്രതിനിധികളുടെ നിയന്ത്രണത്തിന്നതീതമായി പ്രവത്തിക്കുവാനുള്ള പ്രവണതയാണതെന്നു വ്യാഖ്യാനിച്ചേ ക്കാൻ ഇടയുണ്ടു്. എങ്കിലും ഒരു സംസ്ഥാനത്തെ നിയമനിമ്മാ ണസഭയ്ക്കു് ഏതെങ്കിലും സാമ്പത്തികവർഷത്തിൻെറ ഒരു

1. Article: 266. (3) 2. Article: 205.

ഭാഗത്തിലുള്ള അടങ്ങൽച്ചിലവിനെ ഉദ്ദേശിച്ചു് നടപടികൾ മുഴുവനുമായില്ലെങ്കിലും മുൻകൂറായി അനുദാനങ്ങൾ അനുവദിക്കുവാൻ ഏർപ്പാടുണ്ടു്. ഇതിനു് വോട്ട് ഓൺ അക്കൗണ്ടു് എന്നാണു പറയുന്നതു്. ഈ നടപടിമൂലം ബഡ്ജററിൻെറ വിശദമായ നിരൂപണത്തിനു് കൂടുതൽ സമയം കിട്ടുന്നതിനു് ഇടയാകുന്നു. പൊതുബഡ്ജററു് അവതരണം കഴിഞ്ഞശേഷം, ഏതൊരുദിവസവും ഇതു ചെയ്യാം. ഏതെങ്കിലും സേവനത്തിൻെറ വൈപുല്യമോ അനിർവചനീയമായ സ്വഭാവമോ നിമിത്തം വിശദാംശങ്ങളോടുകൂടി ധനാഭ്യർത്ഥന നടത്താൻ ഇടയാകാത്തപക്ഷം വോട്ടോൺക്രഡിററു് എന്ന പേരിൽ ധനാഭ്യർത്ഥന ചെയ്യാവുന്നതാണു്., ഇതു് വാർഷികാനുദാനംപോലെ പാസ്സാക്കാവുന്നതത്രേ. അതുപോലെ ആപവാദികാനുദാനം ചെയ്യുന്നതിനും സാധിക്കുന്നതാണു്.[1]

ചില പ്രത്യേക സ്വഭാവത്തോടുകൂടിയ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്നതു് ഗവർണ്ണറുടെ നേരത്തേകൂട്ടിയുള്ള അനുവാദത്തോടുകൂടി ആയിരിക്കണം. അവ എന്തൊക്കെയാണെന്നു സൂചിപ്പിക്കാം:—

(1) ഏതെങ്കിലും നികുതി ചുമത്തുകയോ റദ്ദാക്കുകയോ പരിഹരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുന്ന ബില്ലുകൾ. (2) സംസ്ഥാനം വായ്പവാങ്ങുന്നതിനായോ, ഏതെങ്കിലും ധനസംബന്ധമായ ഉറപ്പുകൊടുക്കുന്നതിനായോ, ധനബാദ്ധ്യതകളിൽ ഏതിനെയെങ്കിലും ബാധിക്കുന്ന നിയമത്തിനു ഭേദഗതി ചെയ്യുന്നതിനായോ ഉള്ള ബിൽ. (3) സംസ്ഥാന സഞ്ചിതനിധി, ആകസ്മികനിധി എന്നിവയുടെ സൂക്ഷിപ്പും, അവയിൽ പണം നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതും സംബന്ധിച്ചുള്ള കാര്യങ്ങളും സംബന്ധിച്ചുള്ള ബില്ലു

1. **Article 206.**

കൾ. (4) സംസ്ഥാനസഞ്ചിതനിധിയിലെ പണത്തിന്റെ വിനിയോഗത്തെക്കുറിച്ചുള്ള ബില്ല്. (5) ഏതെങ്കിലും വ്യയത്തെ സഞ്ചിതനിധിയിൽ ബാദ്ധ്യപ്പെടുത്തുന്നതായി പ്രഖ്യാപിക്കുന്നതോ, നിലവിലുള്ള വ്യയം വർദ്ധിപ്പിക്കുന്നതോ ആയ ബില്ലുകൾ. (6) സംസ്ഥാനസഞ്ചിതനിധിയുടെയോ പൊതുകണക്കിന്റെയോ വകയിലേക്ക് പണം വരവുവയ്ക്കൽ, സൂക്ഷിപ്പ്, പുറത്തേയ്ക്കു കൊടുക്കൽ എന്നിവയെപ്പററിയുള്ള ബില്ലുകൾ.[1]

ഗവർണ്ണർക്ക് അടിയന്തിരനിയമങ്ങൾ പാസ്സാക്കുന്നതിനു ചില സന്ദർഭങ്ങളിൽ സാധിക്കും. നിയമസഭ സമ്മേളിച്ചിട്ടില്ലാത്ത അവസരത്തിൽ, ഉടനടി നടപടി എടുക്കേണ്ട സാഹചര്യങ്ങൾ സംജാതമായിരിക്കുന്നതായി ഗവർണ്ണർക്കു ബോദ്ധ്യമായാൽ ആ സാഹചര്യങ്ങൾ നേരിടുന്നതിനു വേണ്ട ഓർഡിനൻസുകൾ (പ്രശാസനങ്ങൾ) അദ്ദേഹത്തിനു പുറപ്പെടുവിക്കുവാൻ അധികാരം ഉണ്ട്. എന്നാൽ ഭരണഘടനാവ്യവസ്ഥകൾമൂലം രാഷ്ട്രപതിയുടെ പൂർവ്വാനുജ്ഞയോടുകൂടിയല്ലാതെ നിയമസഭയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതോ, നിയമസഭയിലെ ചർച്ചയ്ക്കുശേഷം ഗവർണ്ണർ രാഷ്ട്രപതിയുടെ അനുമതിക്കായി നീക്കിവച്ചേയ്ക്കാനിടയുള്ള ഒരു ബില്ലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതോ, രാഷ്ട്രപതിയുടെ അംഗീകാരം ഇല്ലാതെയിരുന്നാൽ അസാധുവായി പരിഗണിക്കപ്പെടേണ്ടിവരുന്ന വ്യവസ്ഥകൾ അടങ്ങിയിട്ടുള്ളതോ ആയ കാര്യങ്ങളെ സംബന്ധിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതു് രാഷ്ട്രപതിയുടെ നിർദ്ദേശംകൂടാതെ പാടില്ലാത്തതാണ്.[2]

ഈ ഓർഡിനൻസുകൾക്ക്, നിയമസഭപാസ്സാക്കിയശേഷം ഗവർണ്ണർ അംഗീകാരം നൽകിയിട്ടുള്ള ഒരു നിയമത്തിനൊപ്പ

---

1. Article: 199. (a) to (f)
2. Article: 213.

മുള്ള ബലവും പ്രഭാവവും ഉണ്ടായിരിക്കും. എന്നാൽ നിയമസഭ വീണ്ടും ചേരുമ്പോൾ അതു് അതിൽ അവതരിപ്പിക്കണം. നിയമസഭ സമ്മേളിച്ചു് ആറു് ആഴ്ച കഴിയുമ്പോൾ ഓർഡിനൻസിന്റെ ശക്തി ഇല്ലാതായിത്തീരും. ഗവർണ്ണർക്കു് ഏതു സമയത്തും അതു പിൻവലിക്കാവുന്നതാണു്. അദ്ദേഹം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നതു് സ്വാഭിപ്രായത്തെ മാത്രം ആസ്പദമാക്കിയല്ല. മന്ത്രിസഭയുടെ സഹായവും ഉപദേശവും സ്വീകരിച്ചായിരിക്കും. സാധാരണയായി സംസ്ഥാനനിയമസഭയുടെ അധികാരസീമയിൽപ്പെടുന്ന വിഷയങ്ങളെപ്പററിമാത്രമേ ഓർഡിനൻസു പുറപ്പെടുവിക്കാവൂ. ചില സന്ദർഭങ്ങളിൽ സംയുക്തപട്ടികയിൽപെട്ട കാര്യത്തിനും അതു പുറപ്പെടുവിക്കുവാൻ അധികാരം നല്കിയിരിക്കുന്നു. ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും യാദൃച്ഛികസംഭവത്തെ നേരിടുന്നതിനു് ഗവർണ്ണർ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ആവശ്യമെന്നു തോന്നുന്ന വ്യവസ്ഥകൾ ചെയ്യുന്നതിനു് രാഷ്ട്രപതിക്കു സാധിക്കും.[1] ഏതെങ്കിലും സംസ്ഥാനത്തിലെ ഗവർണ്ണർക്കു് അവിടത്തെ നിയമനിർമ്മാണസഭയിൽ ആംഗ്ലോ-ഇൻഡ്യാക്കാർക്കു പ്രാതിനിധ്യം ആവശ്യമാണെന്നു അഭിപ്രായമുള്ള പക്ഷം അവർക്കു തൃപ്തികരമായ പ്രാതിനിധ്യം അവിടെ അനുവദിച്ചിട്ടില്ലെങ്കിൽ, ആ സമുദായത്തിൽപ്പെട്ട ആളുകളിൽനിന്നു് ഉചിതമെന്നുതോന്നുന്ന എണ്ണത്തെ സഭാസാമാജികന്മാരായി നാമനിർദ്ദേശം ചെയ്യാവുന്നതാണു്.[2]

---

1. Article 160. 2. Article 333.

അദ്ധ്യായം പതിമ്മൂന്ന്

സംസ്ഥാനമന്ത്രിസഭ

സംസ്ഥാനമുഖ്യമന്ത്രിയെ നിയമിക്കുന്നത് ഗവർണ്ണർ ആണ്. മുഖ്യമന്ത്രിയുടെ ഉപദേശം സ്വീകരിച്ച് മന്ത്രിസഭയിലെ മററു മന്ത്രിമാരെ നിയമിക്കുന്നു. സംസ്ഥാനനിയമസഭയോട് മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം ഉണ്ട്. ഒരു മന്ത്രി തൻെറ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ഉദ്യോഗത്തിൻെറയും രഹസ്യപാലനത്തിൻെറയും പ്രതിജ്ഞ ഗവർണ്ണറുടെ മുമ്പിൽ ചെയ്യേണ്ടതാണ്. ഇൻഡ്യൻഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും വഹിക്കുമെന്നും സംസ്ഥാനമന്ത്രി എന്ന നിലയിൽ വിശ്വാസത്തോടും ആത്മാർത്ഥതയോടും കർത്തവ്യങ്ങൾ നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമങ്ങളും അനുസരിച്ച് എല്ലാ നിലയിലുമുള്ള ജനങ്ങൾക്കും, ഭീതിയോ പക്ഷപാതമോ വാത്സല്യമോ ദോഷവിചാരമോ കൂടാതെ നീതി നൽകുമെന്നും ശപഥംചെയ്യുകയാണ് ഇതിൽ ചെയ്യുന്നത്. രഹസ്യപാലനശപഥത്തിൽ മന്ത്രി എന്ന നിലയിൽ തൻെറ ആലോചനയ്ക്കു വരുന്നതോ അറിവിൽ വരുന്നതോ ആയ ഏതെങ്കിലും കാര്യം കാര്യനിർവ്വഹണത്തിനാവശ്യമാകാവുന്നതൊഴിച്ച് പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും വ്യക്തിക്ക് അറിവുകൊടുക്കുകയോ വെളിപ്പെടുത്തുകയോ ഇല്ലെന്നു പ്രതിജ്ഞചെയ്യുന്നു. മന്ത്രിയായ ഒരാൾ തുടർച്ചയായി ആറുമാസം നിയമസഭയിലെ അംഗമല്ലാതെയിരിക്കുന്നപക്ഷം മന്ത്രിസ്ഥാനം നഷ്ടപ്പെടുന്നതാണ്. മന്ത്രിമാരുടെ ശമ്പളം, പടി തുടങ്ങിയ കാര്യങ്ങൾ

അതതുകാലത്തു് നിയമംമൂഖേന നിൎണ്ണയിക്കുന്നപ്രകാരം ആയിരിക്കും.[1]

സംസ്ഥാനത്തുള്ള കാൎയ്യങ്ങളുടെ ഭരണത്തെ സംബന്ധിച്ചു് മന്ത്രിസഭ ചെയ്യുന്ന എല്ലാം തീരുമാനങ്ങളും നിയമനിൎമ്മാണത്തിനുള്ള നിർദ്ദേശങ്ങളും മുഖ്യമന്ത്രി ഗവൎണ്ണറെ അറിയിക്കേണ്ടതാണു്. ഭരണത്തേയും നിയമനിൎമ്മാണത്തിനുള്ള നിർദ്ദേശത്തേയും സംബന്ധിച്ചു് കൂടുതൽ വിവരങ്ങൾ ഗവർണ്ണർ ആവശ്യപ്പെട്ടാൽ അതു നൽകുന്നതിനും മുഖ്യമന്ത്രിയ്ക്കു ബാദ്ധ്യതയുണ്ടു്. മന്ത്രിസഭയിൽ ആലോചനചെയ്യാതെ ഒരു മന്ത്രി തനിച്ചു തീരുമാനിച്ച ഏതെങ്കിലും കാൎയ്യം ഗവൎണ്ണർ ആവശ്യപ്പെടുന്നുവെങ്കിൽ മന്ത്രിസഭയുടെ പൎയ്യാലോചനയ്ക്കു സമൎപ്പിക്കുവാനും മുഖ്യമന്ത്രി കടപ്പെട്ടിരിക്കുന്നു.[2]

ബീഹാർ, മദ്ധ്യപ്രദേശം, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഗിരിവൎഗ്ഗക്കാരുടെ സുസ്ഥിതിയ്ക്കും ക്ഷേമാഭിവൃദ്ധിക്കുംവേണ്ടി ഒരു മന്ത്രി ഉണ്ടായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടു്. ഈ മന്ത്രിയെ പട്ടികജാതിക്കാരുടെ ക്ഷേമവും മററു കാൎയ്യങ്ങളുംകൂടി ഉത്തരവാദപ്പെടുത്താം.

നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ ആണു് മന്ത്രിസഭാരൂപീകരണാർത്ഥം സാധാരണഗതിയിൽ ഗവൎണ്ണർ ക്ഷണിക്കുന്നതു്. വ്യക്തമായ ഭൂരിപക്ഷം ഇല്ലാതിരുന്നാൽഅദ്ദേഹത്തിനു് യുക്തമായ നടപടി സ്വീകരിക്കാം. മന്ത്രിമാരുടെ വകുപ്പു വിതരണക്കാൎയ്യം മുഖ്യമന്ത്രിയുടെ അധികാരപരിധിയിൽപ്പെടുന്നു. അദ്ദേഹത്തിൻെറ സഹപ്രവൎത്തകരുമായി ഏററവും ഐക്യപൂൎവ്വം ഭരണകാൎയ്യങ്ങൾ നിൎവ്വഹിക്കേണ്ടതു് അദ്ദേഹമാകയാൽ ഈ സ്വാതന്ത്ര്യം ഒഴിച്ചുകൂടാവുന്നതല്ല.

---

1. Article: 164. 2. Article: 167.

നിയമസഭയിൽ അവിടുത്തെ അംഗങ്ങൾക്കു് മന്ത്രിമാരുടെ നയങ്ങളേയോ നടപടികളേയോ ചർച്ചചെയ്യാം. മന്ത്രിമാർ അവതരിപ്പിക്കുന്ന കാര്യങ്ങൾ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. അവിടെ മന്ത്രിസഭയ്ക്കു പരാജയം സംഭവിച്ചാൽ മുഖ്യമന്ത്രിയ്ക്കു് ഗവർണ്ണരോടു് നിയമസഭ പിരിച്ചുവിടുവാൻ ശുപാർശ ചെയ്യാവുന്നതാണു്. സാധാരണയായി ആ ഉപദേശം സ്വീകരിക്കുകയായിരിക്കും ചെയ്യുന്നതു്. തിരഞ്ഞെടുപ്പിൽ നേരത്തെ ഭരണത്തിൽ ഇരുന്നിരുന്ന കക്ഷിയ്ക്കു ഭൂരിപക്ഷം കിട്ടിയാൽ മന്ത്രിസഭയ്ക്കു് സ്വസ്ഥാനത്തു് തുടരുന്നതിനു സാധിക്കും. നേരെമറിച്ചായാൽ നിയമസഭ സമ്മേളിക്കുന്നതിനുമുമ്പുതന്നെ മന്ത്രിസഭ രാജി സമപ്പിക്കും.

മന്ത്രിമാക്കു് സംസ്ഥാനനിയമസഭയുടെ യോഗങ്ങളിൽ—രണ്ടു സഭകൾ ഉള്ളപക്ഷം രണ്ടു സഭകളിലും—പങ്കുകൊള്ളുന്നതിനു് അവകാശമുണ്ടു്. സഭയിൽനിന്നു നിയമിക്കുന്ന കമ്മററികളിലും അവക്കു പങ്കെടുക്കാം. എന്നാൽ അതിലൊന്നിലും അവർക്കു് വോട്ടുചെയ്യാവുന്നതല്ല.[1]

ഗവർണ്ണരെ ഭരണനിർവ്വഹണകാര്യത്തിൽ ഉപദേശിക്കുകയും സഹായിക്കുകയുമാണു് മന്ത്രിസഭയുടെ കർത്തവ്യം. എന്നാൽ അവർ ഏതെങ്കിലും ഉപദേശം നല്കിയിട്ടുണ്ടോയെന്നോ, ഉണ്ടെങ്കിൽ എന്താണെന്നോ യാതൊരാളിനും അന്വേഷിക്കാവുന്നതല്ല. ഇതു് കോടതികളേയും ബാധിക്കുന്ന കാര്യമാണു്.[2]

---

1. Article: 177. 2. Article: 163.

അദ്ധ്യായം പതിന്നാല്

സംസ്ഥാനനിയമസഭ

എല്ലാ സംസ്ഥാനങ്ങളിലും നിയമസഭകൾ ഉണ്ടായിരിക്കുന്നതാണ്. ബീഹാർ, ബോംബെ, മദ്രാസ്, മൈസൂർ, മദ്ധ്യപ്രദേശ്, പഞ്ചാബ്, ഉത്തരപ്രദേശം, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ദ്വിമണ്ഡലനിയമസമിതിയാണുള്ളത്. അവിടെ ഒരു അസംബ്ളിയും ഒരു കൗൺസിലും ഉണ്ട്. മററു സംസ്ഥാനങ്ങളിൽ ഏകമണ്ഡലനിയമസമിതിക്കാണു വ്യവസ്ഥചെയ്തിരിക്കുന്നതു്.[1] അതതുസംസ്ഥാനത്തെ ഗവണ്ണരും നിയമസമിതിയും ചേന്നതാണ് നിമയനിമ്മാണസഭ. മറെറാരുതരത്തിൽ പറഞ്ഞാൽ നിയമനിർമ്മാണസഭയുടെ ഘടകങ്ങളാണ് നിയമസമിതികളും ഗവർണ്ണരും. കൗൺസിലുകളുടെ കാര്യത്തിൽ ഒരു വ്യവസ്ഥ കൂടി ചെയ്തിട്ടുണ്ട്. ഒരു സംസ്ഥാനത്തെ അസംബ്ളിക്ക്, അതിൽ സന്നിഹിതരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്താൽ—അതു സഭയുടെ ആകെ അംഗങ്ങളിൽ ഭൂരിപക്ഷം ആയിരിക്കുകയും വേണം—ഒരു പ്രമേയം പാസ്സാക്കുവാൻ കഴിഞ്ഞാൽ, പാർലിമെൻറിനു് നിയമംമൂലം ആ സംസ്ഥാനത്തിലെ കൗൺസിൽ നിരുത്തലാക്കുന്നതിനുകഴിയും. അതുപോലെതന്നെ മുകളിൽപറഞ്ഞ രീതിയിൽ ഒരു കൗൺസിൽ വേണമെന്നു് ആവശ്യപ്പെട്ടാൽ അതു സംഘടിപ്പിക്കുന്നതിനും സാധിക്കും.[2] ഇങ്ങനെ ഉണ്ടാക്കുന്ന വ്യത്യാസം ഭരണഘടനയുടെ ഭേദഗതിയായി പരിഗണിക്കുന്നതല്ല.

---

1. Article: 168.
2. Article: 169.

ഓരോ സംസ്ഥാനത്തിലേയും അസംബ്ളിയിലുള്ള അംഗങ്ങളെ ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്നതാണു്. തിരഞ്ഞെടുപ്പു് ഓരോ പ്രാദേശികനിയോജകമണ്ഡലത്തിൽനിന്നുമാണു നടക്കുന്നതു്. നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നതു് തിരഞ്ഞെടുപ്പിനു മുമ്പു നടന്ന കാനേഷുമാരിയുടെ കണക്കുകളെ ആസ്പദമാക്കിയത്രേ. ഒരു സംസ്ഥാന അസംബ്ളിയിൽ ആകെ സാമാജികന്മാരുടെ എണ്ണം അഞ്ഞൂറിൽ കവിയാനും അറുപതിൽ കുറയാനും പാടില്ല.[1] ഓരോ പ്രാദേശികനിയോജകമണ്ഡലത്തിനും നീക്കിവക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണവും ജനസംഖ്യയും തമ്മിലുള്ള അനുപാതം സംസ്ഥാനമൊട്ടുക്കു് കഴിയുന്നതും ഒന്നുപോലെയായിരിക്കേണ്ടതാണു്. പാർലിമെൻറു് നിയമംമൂലം ഏൎപ്പെടുത്തുന്ന അധികാരകേന്ദ്രം, പാർലിമെൻറു് നിശ്ചയിച്ചിട്ടുള്ള രീതിയിൽ, ക്ളിപ്തപ്പെടുത്തിയിട്ടുള്ള തീയതി തൊട്ടു്, ഓരോ കാനേഷുമാരിയുടെയും അവസാനത്തിൽ ഓരോ നിയോജകമണ്ഡലത്തിന്റെ പ്രാതിനിധ്യം നിശ്ചയിക്കേണ്ടതാണു്. എന്നാൽ ഇതു് അപ്പോൾ നിലവിലിരിക്കുന്ന അസംബ്ളിയെ ഒരുതരത്തിലും ബാധിക്കുകയില്ല.

സംസ്ഥാനനിയമസഭയിലെ സാമാജികന്മാരുടെ എണ്ണം സംസ്ഥാനത്തിലെ ജനസംഖ്യയെ ആശ്രയിച്ചിരിക്കുന്നു എന്നു് മുമ്പു പറഞ്ഞതിൽനിന്നു വ്യക്തമാണല്ലോ. കൗൺസിലുകളുടെ കഥ അസംബ്ളിയിലെ അംഗങ്ങളെ ആശ്രയിച്ചാണു നില്ക്കുന്നതു്. അതിലെ അംഗങ്ങളുടെ എണ്ണം അസംബ്ളിയിൽ ആകെയുള്ളവരുടെ എണ്ണത്തിൻെറ മൂന്നിൽ ഒരു ഭാഗത്തിൽ കവിയുകയില്ല. എന്നാൽ ഏറ്റവും കുറഞ്ഞ അംഗസംഖ്യ

1. Article: 170 as amended by Constitution (Seventh Amendment) Act 1956.

നാല്പതും ആണ്.[1] അസംബ്ളിയെക്കാൾ പ്രാമാണ്യം കൗൺസിലിനുണ്ടായിക്കൂടെന്നുള്ളതുതാണ് ഈ ഏർപ്പാടിന്റെ ഉദ്ദേശം. ഇതിൽ വ്യത്യാസങ്ങൾ വരുത്തുവാൻ ഉള്ള അധികാരം പാർലിമെന്റിൽ നിക്ഷിപ്തമായിരിക്കുന്നു. പാർലിമെൻറ് ഇതുസംബന്ധിച്ചുള്ള നിയമം പാസ്സാക്കിയിട്ടുമുണ്ട്.[2]

കൗൺസിലിലെ (ഉപരിസഭയിലെ) അംഗങ്ങൾ പലതരക്കാരാണ്. ആകെയുള്ളതിൽ മൂന്നിലൊന്ന് അംഗങ്ങളെ സംസ്ഥാനത്തുള്ള മുനിസിപ്പാലിററികൾ, ജില്ലാബോർഡുകൾ, അതുപോലെയുള്ള മററു പ്രാദേശികാധികൃതസ്ഥാനങ്ങൾ എന്നിവയിലെ സാമാജികന്മാർ തിരഞ്ഞെടുക്കുന്നു. പന്ത്രണ്ടിൽ ഒരുഭാഗത്തെ അംഗീകാരമുള്ള സർവ്വകലാശാലയിൽനിന്ന് ബിരുദ സമ്പാദിച്ച് മൂന്നുകൊല്ലം തികഞ്ഞിട്ടുള്ളവർ തിരഞ്ഞെടുക്കും. സംസ്ഥാനത്തിൽ താമസിക്കുന്നവർക്ക് മാത്രമേ ഇതിനു കഴിവുള്ളു. സംസ്ഥാനത്ത് ഒരു സെക്കൻഡറിവിദ്യാലയത്തിനു താഴെയല്ലാത്ത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുറഞ്ഞതു് മൂന്നുകൊല്ലമെങ്കിലും അദ്ധ്യാപനത്തിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ അടങ്ങിയ നിയോജകമണ്ഡലത്തിൽനിന്ന് പന്ത്രണ്ടിലൊരുഭാഗം അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. സംസ്ഥാന നിയമസഭയുടെ അധികാരപരിധിയിൽ പെടുന്ന മൂന്നിലൊരുഭാഗം ഉണ്ട്. അതു് അസംബ്ളിയിലെ സാമാജികന്മാർ സഭാംഗങ്ങൾ അല്ലാത്തവരിൽനിന്നു തിരഞ്ഞെടുക്കുകയാണു ചെയ്യുന്നതു്. ഗവർണ്ണർക്ക് നാമനിർദ്ദേശംചെയ്ത് കുറെപ്പേരെ അംഗങ്ങളാക്കാൻ

---

1. Article 171 as amended by Constitution (Seventh Amendment) Act 1956.
2. Representation of Peoples Act 1950—Section 10; Third Schedule of the above Act.

സാധിക്കും. അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ സാഹിത്യം, ശാസ്ത്രം, കല, സഹകരണപ്രസ്ഥാനം, സാമൂഹ്യ സേവനം തുടങ്ങിയ കാര്യങ്ങളിൽ വിശേഷവിജ്ഞാനമോ പ്രായോഗികപരിജ്ഞാനമോ നേടിയിട്ടുള്ളവരായിരിക്കും. തിരഞ്ഞെടുപ്പ്° കൈമാററപ്പെടാവുന്ന ഒററ വോട്ടുകൊണ്ടുള്ള ആനുപാതികപ്രാതിനിധ്യസമ്പ്രദായമനുസരിച്ചാണു നടത്തുന്നതു്.

സംസ്ഥാനത്തിലെ അസംബ്ളിയുടെ കാലാവധി അഞ്ചു കൊല്ലമാണു്. ആദ്യം സമ്മേളിച്ച തീയതിതൊട്ടു് അഞ്ചു കൊല്ലം തികയുന്നതുവരെ അതിനു തുടരാവുന്നതാണു്. അഞ്ചു കൊല്ലം തികയുമ്പോൾ അതു് സ്വയം പിരിഞ്ഞുപോകുന്നു. അടിയന്തരാവസ്ഥ ഉൗർജ്ജിതത്തിൽ ഇരിക്കുമ്പോൾ ഒരു പ്രാവശ്യം ഒരു കൊല്ലത്തിൽ കവിയാത്ത കാലഘട്ടത്തേക്കു് അതിന്റെ കാലാവധി ദീർഘിപ്പിക്കാം. എന്നാൽ അടിയന്തരാവസ്ഥ അവസാനിച്ചിട്ടു് അതു് ആറുമാസത്തിൽ കവിഞ്ഞു് തുടരാൻ പാടില്ല. കൗൺസിലിൻെറ (ഉപരിസഭ) കഥ ഇതല്ല. ഇതു് സ്ഥിരമായ ഒരു സ്ഥാപനമാണു്. കേന്ദ്രത്തിലെ ഉപരിസഭയെപ്പോലെ അതു് ഒരിക്കലും പൂർണ്ണമായി പിരിഞ്ഞുപോകുന്നതല്ല. പിരിച്ചുവിടാവുന്ന ഒരു സ്ഥാപനവുമല്ല അതു്. പാർലിമെന്റ്° ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകളനുസരിച്ചു് മൂന്നിലൊരുഭാഗം അംഗങ്ങൾ ഈരണ്ടു കൊല്ലത്തിൻെറ അവസാനത്തിൽ പിരിഞ്ഞുപോകുന്നു.[1]

ഭാരതത്തിലെ ഏതൊരു പൗരനും നിയമസഭയിലെ അംഗമായിരിക്കുവാൻ കഴിവുണ്ടു്. എന്നാൽ ഇതു് ചില പ്രത്യേക വ്യവസ്ഥകൾക്കു വിധേയമായിട്ടു മാത്രമേ അവകാശപ്പെടുന്നതിനു കഴിയൂ. സംസ്ഥാനത്തിലെ അസംബ്ളിയിലേ

---

1. Article: 172.

ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് ഒരാളിനു് ഇരുപത്തിഅഞ്ചുവയസ്സു തികഞ്ഞിരിക്കണം. കൗൺസിലിലേക്കാണെങ്കിൽ മുപ്പതിൽ കുറയാത്ത പ്രായം വേണംതാനും. പാർലിമെൻറു് നിർമ്മിച്ചിട്ടുള്ള നിയമം അനുശാസിക്കുന്ന യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണു്.[1] ഇവയൊക്കെ ഇല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെടുവാനുള്ള യോഗ്യത ഉണ്ടായിരിക്കുകയില്ല. ഇപ്പോഴുള്ളതിൽ കൂടുതൽ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണെന്നു തോന്നുന്നപക്ഷം പാർലിമെൻറിനു് അതു നിശ്ചയിക്കാവുന്നതുമാണു്. വോട്ടവകാശമുള്ള ഏതൊരുവനും തിരഞ്ഞെടുപ്പിനു മത്സരിക്കാമെന്നതാണു് ഒരു സാമാന്യതത്വം. എന്നാൽ അതിൽനിന്നു വ്യത്യസ്തമായ ഒരു നിലയാണു് നമ്മുടെ ഭരണഘടന സ്വീകരിച്ചിരിക്കുന്നതു്[2]

നിയമസഭാസാമാജികന്മാരെ സംബന്ധിച്ചുള്ള മററു് അയോഗ്യതകളെക്കുറിച്ചു് ഇനി ചിന്തിക്കാം. രണ്ടു സഭകളുള്ള ഒരു സംസ്ഥാനത്തിൽ ഒരാളിനു് ഇരു സഭകളിലേയും അംഗമായി തുടരുന്നതിനു സാധിക്കുകയില്ല. അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ടാൽ ഏതെങ്കിലും ഒന്നിലെ അംഗത്വം വേണ്ടെന്നു വയ്ക്കേണ്ടതാണു്. അതിലേക്കു വേണ്ട നിയമം സംസ്ഥാനനിയമസഭ ഉണ്ടാക്കുന്നതായിരിക്കും. ഒരു വ്യക്തിയെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കു തിരഞ്ഞെടുക്കുകയാണെങ്കിൽ ഒന്നിലൊഴികെയുള്ള സ്ഥാനങ്ങൾ അയാൾ രാജിവയ്ക്കേണ്ടതാണു്. അങ്ങിനെ ചെയ്യാത്തപക്ഷം രാഷ്ട്രപതി നിർമ്മിക്കുന്ന ചട്ടങ്ങളിൽ നിർദ്ദിഷ്ടമായ കാലാവധി കഴിയുമ്പോൾ ആ വ്യക്തിയുടെ സ്ഥാനം നഷ്ടപ്പെടുന്ന

1. Article: 173.
2. Constituent Assembly Debates Vol. VIII p. 94.

തായിരിക്കും.[1] സക്കാരിൽനിന്നോ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ ആദായംപററുന്ന ഉദ്യോഗസ്ഥന് സാമാജികനായിരിക്കുവാൻ കഴിയുന്നതല്ല. ചിത്തഭ്രമം ഉള്ള വനും പാപ്പരായവനും അതിന് അഹ്തയില്ല. ഒരു വിദേശ രാജ്യത്തിലെ പൗരത്വം സ്വയം ആജ്ജിക്കുകയൊ, ഒരു വിദേശരാഷ്ട്രത്തോട് കൂറോ ചാർച്ചയോ ഏതെങ്കിലും തരത്തിൽ കൈക്കൊണ്ടിട്ടുണ്ടെന്നു വരികയോ ചെയ്താലും അയോഗ്യനായി പരിണമിക്കും. അതുപോലെ പാർലിമെൻറ് നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും നിയമത്തിൻെറ വെളിച്ചത്തിൽ അയോഗ്യനായി ത്തീന്നിട്ടുള്ള ആളിനും സാമാജികനായിരിക്കുവാൻ സാധിക്കുന്ന തല്ല.[2] കേന്ദ്രത്തിലേയോ സംസ്ഥാനത്തിലേയോ ഒരു മന്ത്രിയാ യിരിക്കുന്നുവെന്നതുകൊണ്ടുമാത്രം സക്കാരിൻെറ കീഴിൽ ആദായ കരമായ ഒരു ഉദ്യോഗത്തിലിരിക്കുന്നതായി പരിഗണിക്കുകയില്ല. മുകളിൽ പ്രസ്താവിച്ച അയോഗ്യതകളെ സംബന്ധിച്ച് ഏതെ ങ്കിലും പ്രശ്നം ഉദിച്ചാൽ അത് ഗവർണരുടെ തീരുമാനത്തിനു സമപ്പിക്കേണ്ടതാണ്. അതിൽ അദ്ദേഹം നല്കുന്ന വിധി അവസാനത്തേതായിരിക്കും. ഗവർണർ തിരഞ്ഞെടുപ്പുകമ്മി ഷൻെറ അഭിപ്രായം സ്വീകരിച്ച് ആയിരിക്കും വിധികല്പിക്കു ന്നതു്.[3]

ഒരു സംസ്ഥാന നിയമസഭയിലെ സാമാജികൻ സ്വസ്ഥാനം സ്വീകരിക്കുന്നതിനു മുമ്പായി ഗവർണ്ണറുടെ മുമ്പിലോ അല്ലെങ്കിൽ അതിലേക്കായി ഗവണ്ണർ നിയോഗിക്കുന്ന ആളിൻെറ മുമ്പിലോ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്.[4] ഭാരതഭരണഘടനയോട് യഥാത്ഥമായ വിശ്വാസവും കൂറും വഹിക്കുമെന്നും, താൻ സാമാജികൻെറ കത്തവ്യങ്ങൾ വിശ്വാ

---

1. Article: 190.
2. Article: 191.
3. Article: 192
4. Article: 188

സത്തോടെ നിർവ്വഹിക്കുമെന്നും ആണു് ആ പ്രതിജ്ഞമൂലം ഏല്ക്കുന്നതു്.[1] സത്യപ്രതിജ്ഞ നിർവ്വഹിക്കാതെയോ, അയോഗ്യതകൾക്കു വിധേയനായിട്ടോ ഒരാൾ അതു് അറിഞ്ഞുകൊണ്ടു് മനഃപൂർവ്വമായി സഭാനടപടികളിൽ പങ്കെടുക്കുന്നതു കുററകരമാണു്. അങ്ങിനെ പങ്കെടുത്തിട്ടുള്ള ഓരോ ദിവസത്തേയ്ക്കും അഞ്ഞൂറു രൂപ പിഴയ്ക്കു് അയാൾ പാത്രമായിത്തീരും. സംസ്ഥാനത്തിനു മടക്കിക്കിട്ടാനുള്ള ഒരു കടമെന്ന നിലയിൽ ഈ തുക ഈടാക്കുന്നതുമാണു്.[2]

പാർലിമെൻറംഗത്തെപ്പോലെ സംസ്ഥാന നിയമസഭാസാമാജികനും സഭയുടെ നടപടിക്രമത്തെ നിയന്ത്രിക്കുന്ന ചട്ടങ്ങൾക്കും സ്ഥിരം കല്പനകൾക്കും വിധേയമായി പ്രസംഗസ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണു്. സഭയിലോ, അതിനോടു ബന്ധപ്പെട്ട ഏതെങ്കിലും കമ്മററിയിലോ ചെയ്ത പ്രസ്താവനകളെയോ വോട്ടുകളെയോ അടിസ്ഥാനമാക്കി ഒരു കോടതിയിലും നടപടി ആരംഭിക്കാവുന്നതല്ല. നിയമസഭാംഗങ്ങളുടെ അവകാശാധികാരങ്ങളും ബാദ്ധ്യതകളും മററും അതതു നിയമസഭ തീരുമാനിക്കുന്നു. അങ്ങിനെ ചെയ്യുന്നതുവരെ ഇംഗ്ലണ്ടിലെ കാമൺസ്സഭയിലെ വഴക്കങ്ങൾ സ്വീകാര്യങ്ങളായിരിക്കും.[3] രണ്ടു സഭകളുണ്ടെങ്കിൽ അവതമ്മിലുള്ള എഴുത്തുകുത്തുകളെ സംബന്ധിക്കുന്ന നടപടിക്രമങ്ങൾ സഭാദ്ധ്യക്ഷന്മാരോടു് ആലോചിച്ചു് ഗവർണ്ണർ നിർമ്മിക്കുന്നതായിരിക്കും.[4] നിയമസഭാസാമാജികന്മാരുടെ ശമ്പളം, പടി തുടങ്ങിയ കാര്യങ്ങൾ അതതു കാലങ്ങളിൽ സംസ്ഥാനനിയമസഭ നിയമംമൂലം നിശ്ചയിക്കുന്നതാണു്. അതുവരെ, ഭരണഘടന പ്രയോഗത്തിൽ വരുന്നതിനു തൊട്ടുമുമ്പു് ആ സംസ്ഥാനത്തിലെ

---

1. Third Schedule: 7
2. Article: 193.
3. Article: 194.
4. Article: 208 (3)

നിയമസഭാംഗങ്ങളുടെ കാര്യത്തിൽ നിലവിലിരുന്ന വ്യവസ്ഥകൾ സ്വീകാര്യമായിരിക്കും.[1]

ഇനി സംസ്ഥാന നിയമനിർമ്മാണസഭയിലെ ഔദ്യോഗിക ഭാരവാഹികളെക്കുറിച്ചു ചിന്തിക്കാം. ഓരോ സഭയും കഴിയുന്നത്രവേഗത്തിൽ ഓരോ അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും അംഗങ്ങളുടെ ഇടയിൽനിന്നു തിരഞ്ഞെടുക്കുന്നു.[2] ഒഴിവു വരുമ്പോൾ മറെറാരാളെ ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കുന്നതാണ്. അസംബ്ളിയിലെ സ്പീക്കറോ ഡെപ്യൂട്ടിസ്പീക്കറോ അവിടുത്തെ അംഗമല്ലാതായാൽ സ്വസ്ഥാനത്തുനിന്ന് ഒഴിയേണ്ടതാണ്. അവർക്ക് ഏതു സമയത്തും സ്ഥാനം രാജിവയ്ക്കാം. സ്പീക്കർ ഡെപ്യൂട്ടിസ്പീക്കർക്കും, ഡെപ്യൂട്ടിസ്പീക്കർ സ്പീക്കർക്കും ആണ് രാജിക്കത്തു സമർപ്പിക്കേണ്ടതു്. അവിശ്വാസംമൂലം സ്പീക്കറേയോ ഡെപ്യൂട്ടിസ്പീക്കറേയോ നീക്കംചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. അവിശ്വാസപ്രമേയം ഹാജരാക്കുന്നതിന് കുറഞ്ഞതു് പതിന്നാലുദിവസത്തെ നോട്ടീസുവേണം. അതു പാസ്സാകുന്നതിന് സഭയിലെ ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷം അനുകൂലിച്ചിരിക്കുകയും ചെയ്യണം.[3] സഭയിൽ സന്നിഹിതരായിട്ടുള്ളവരുടെ ഭൂരിപക്ഷം പോരാ. സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം ചർച്ചചെയ്യുന്ന സഭയിൽ അദ്ദേഹം അഗ്രാസനാധിപനായിരുന്നുകൂടാ. അതുപോലെ ഡെപ്യൂട്ടിസ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള സഭയിൽ അദ്ദേഹവും അദ്ധ്യക്ഷനായിരിക്കരുതു്. സഭാനടപടികളിൽ മററുവിധത്തിൽ പങ്കെടുക്കുന്നതിനു വിരോധമില്ല.[4]

കൗൺസിലും കഴിയുന്നത്രവേഗത്തിൽ അവിടുത്തെ സഭാപതിയും ഉപസഭാപതിയും ആയിരിക്കുവാൻ രണ്ട് അംഗ

---

1. Article: 195.
2. Article: 178
3. Article: 179.
4. Article: 181 & 185

ങ്ങളെ തിരഞ്ഞെടുക്കുന്നതാണ്. ഇവരെ സംബന്ധിച്ചുള്ള വ്യവസ്ഥകളും അസംബ്ളിസ്പീക്കറേയും ഡെപ്യൂട്ടിസ്പീക്കറേയും സംബന്ധിച്ചുള്ളതിനു തുല്യമാണ്.

അസംബ്ളിയിലും കൗൺസിലിലും ആദ്ധ്യക്ഷം വഹിക്കേണ്ടവർ ഹാജരാകാതെയിരിക്കുമ്പോഴും, അതിൽ ഒഴിവുവരുമ്പോഴും എന്താണു ചെയ്യേണ്ടതെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അദ്ധ്യക്ഷപദം ഒഴിവായിരിക്കുമ്പോൾ ഉപാദ്ധ്യക്ഷനാലോ, ഉപാദ്ധ്യക്ഷപദവും ഒഴിവായിരിക്കുകയാണെങ്കിൽ അതിനു വേണ്ടി സഭയിൽനിന്നു ഗവർണ്ണരാൽ നിയമിക്കപ്പെടുന്ന അംഗത്താലോ ആ ഔദ്യോഗികകർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതാകുന്നു.[1] ഒരു യോഗത്തിൽ അദ്ധ്യക്ഷൻ ഹാജരില്ലെങ്കിൽ ഉപാദ്ധ്യക്ഷനും, ഉപാദ്ധ്യക്ഷനും ഹാജരില്ലെങ്കിൽ സഭാനടപടിക്രമത്തിൻെറ ചട്ടങ്ങൾ അനുശാസിക്കുന്നതനുസരിച്ച് മറെറാരാളും അദ്ധ്യക്ഷനായി പകരം നോക്കേണ്ടതാണ്.

സ്പീക്കറുടെയും ഡെപ്യൂട്ടിസ്പീക്കറുടെയും, കൗൺസിലിലെ സഭാപതിയുടെയും ഉപസഭാപതിയുടെയും ശമ്പളം, ബത്ത തുടങ്ങിയവ സംസ്ഥാനനിയമനിർമ്മാണസഭ നിയമംമൂലം നിശ്ചയിക്കുന്നതായിരിക്കും.[2] അതു സംബന്ധിച്ചുള്ള നിയമം ഉണ്ടാക്കുന്നതുവരെ അവരുടെ ശമ്പളം, പടി തുടങ്ങിയവ, ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനു തൊട്ടുമുമ്പ് ആ സംസ്ഥാനത്തിലെ നിയമസഭ നിശ്ചയിച്ചിരുന്നതുപോലെ തുടരേണ്ടതാണ്. ആ സംസ്ഥാനത്തിൽ മുമ്പ് നിയമസഭ ഉണ്ടായിരുന്നില്ലെങ്കിൽ സംസ്ഥാനത്തെ ഗവർണ്ണർ നിശ്ചയിക്കുന്ന വേതനവും പടികളും നൾകേണ്ടതാണ്.[3]

---

1. **Article**: 180 & 184. 2. **Article**: 186

3. **Second Schedule**: C. 8.

സംസ്ഥാന നിയമനിർമ്മാണസഭയുടെ ഭരണപരമായ എഴുത്തുകുത്തുകളും മററും നടത്തുന്നതിനു് ഒരു പ്രത്യേകം ഉദ്യോഗസ്ഥമണ്ഡലം ഉണ്ടായിരിക്കുന്നതാണു്. അസംബ്ളിയും കൗൺസിലും ഉള്ളിടത്തു് അവയുടെ രണ്ടിനും പൊതുവായോ പ്രത്യേകം പ്രത്യേകമായോ അതു സംഘടിപ്പിക്കാം. അതിനു നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ നിയമനവ്യവസ്ഥകളും സേവനക്രമങ്ങളും മററും സഭാദ്ധ്യക്ഷന്മാരോടു് ആലോചിച്ചു് ഗവർണ്ണർ നിയമംമൂലം നിർണ്ണയിക്കും. സഭ നിയമംമൂലം വ്യവസ്ഥപ്പെടുത്തുന്നതുവരെ അവ നിലവിലിരിക്കുന്നതുമാണു്.[1]

നിയമസഭയുടെ കാര്യനിർവ്വഹണരീതികൾ എങ്ങിനെയാണു് എന്നു് ഇനി ആലോചിക്കാം. പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുള്ള കാര്യങ്ങൾ ഒഴികെ മറെറല്ലാ പ്രശ്നങ്ങളും യോഗത്തിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചാണു തീരുമാനിക്കുന്നതു്. വിഷയത്തിന്റെ ഗൗരവമനുസരിച്ചു് അതിനു ചിലവഴിക്കുന്ന ചർച്ചാസമയം ക്ളിപ്തപ്പെടുത്തുന്നു. അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള വോട്ടുകൾ തുല്യമായി വരുമ്പോൾ അദ്ധ്യക്ഷൻ നിർണ്ണായകവോട്ടു പ്രയോഗിച്ചു് തീരുമാനം ഉണ്ടാക്കുന്നു. നിയമനിർമ്മാണസഭയിൽ ഏതെങ്കിലും അംഗത്തിന്റെ സ്ഥാനം ഒഴിവുണ്ടായാൽതന്നെയും അതിന്റെ പ്രവർത്തനശക്തി നഷ്ടപ്പെടുകയില്ല. അതുപോലെതന്നെ അതിന്റെ നടപടികളിൽ പങ്കുകൊള്ളാനോ വോട്ടുചെയ്യാനോ അവകാശമില്ലാത്ത ഒരു വ്യക്തി അങ്ങിനെ ചെയ്തിട്ടുണ്ടു് എന്നു് പിന്നീടു കണ്ടുപിടിക്കപ്പെട്ടാൽ, അതും ഗണ്യമാകുന്നതല്ല. അനധികൃതമായി പങ്കെടുത്താലുള്ള ശിക്ഷയെക്കു

1. Article: 187.

റിച്ചു മുമ്പ് സൂചിപ്പിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാണു്. സംസ്ഥാനത്തിലെ നിയമനിർമ്മാണസഭ നിയമംമൂലം വേറെ വിധത്തിൽ വ്യവസ്ഥപ്പെടുത്തുംവരെ സഭയുടെ കോറം പത്തം ഗങ്ങൾ അല്ലെങ്കിൽ ആകെ സാമാജികന്മാരുടെ എണ്ണത്തിൻെറ പത്തിലൊന്നു് ആയിരിക്കണമെന്നാണു് ഭരണഘടന അനുശാസിക്കുന്നതു്. യോഗത്തിനിടയ്ക്കു് ഏതെങ്കിലും സമയത്തു് കോറം തികയാതിരുന്നാൽ യോഗം നീട്ടിവയ്ക്കുകയോ തല്ക്കാലം നിർത്തിവയ്ക്കുകയോ ചെയ്യാനുള്ള ചുമതല യോഗാദ്ധ്യക്ഷനുണ്ടു്.[1]

ഒരു ധനബില്ലു് സംസ്ഥാനത്തെ കൗൺസിലിൽ ആദ്യം അവതരിപ്പിക്കാവുന്നതല്ല. രണ്ടു സഭകളുള്ള സംസ്ഥാനങ്ങളിലെ നിലയാണിതു്. അസംബ്ളിയിൽ പാസ്സാക്കിയശേഷം കൗൺസിലിൻെറ ശുപാർശകൾക്കായി അതു് അയയ്ക്കണം. അതു് കൗൺസിലിൽ ലഭിച്ച ദിവസംതൊട്ടു് പതിന്നാലുദിവസക്കാലാവധിക്കകത്തു് അവരുടെ ശുപാശകളോടുകൂടി അസംബ്ളിയിലേക്കു് തിരിച്ചയയ്ക്കേണ്ടതാണു്. കൗൺസിലിൻെറ ശുപാർശകൾ അസംബ്ളി സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ഏതെങ്കിലും ശുപാർശകൾ സ്വീകരിച്ചാൽ, ആ ഭേദഗതികളോടുകൂടി ഇരുസഭകളും പാസ്സാക്കിയതായി കരുതുന്നതായിരിക്കും. അങ്ങിനെ സ്വീകരിക്കാത്തപക്ഷം അസംബ്ളി പാസ്സാക്കുന്ന രൂപത്തിൽ ഉഭയസഭകളും അതു് പാസ്സാക്കിയതായി പരിഗണിക്കുകയും ചെയ്യും. അസംബ്ളി പാസ്സാക്കിയ ബില്ലു് ശുപാർശകൾക്കായി കൗൺസിലിൽ അവതരിപ്പിച്ചശേഷം, നേരത്തെ പറഞ്ഞ പതിന്നാലുദിവസക്കാലാവധിക്കകം മടക്കി അയക്കാതിരുന്നാലും, അസംബ്ളി പാസ്സാക്കിയ രൂപത്തിൽ ഇരുസഭകളും ബില്ലു് അംഗീകരിച്ച

---

1. **Article**: 189.

തായി വ്യാഖ്യാനിക്കുന്നതായിരിക്കും.[1] ഗവർണ്ണറുടെ പ്രത്യേക ശുപാശയോടുകൂടിമാത്രം അവതരിപ്പിക്കേണ്ട ബില്ലുകളുമുണ്ട്.[2]

ഇപ്പറഞ്ഞ വ്യവസ്ഥകൾക്ക വിധേയമായി സംസ്ഥാന നിയമനിമ്മാണസഭയുടെ ഏതു സമിതിയിലും ഒരു ബില്ല് ആദ്യം അവതരിപ്പിക്കാവുന്നതാണ്. അസംബ്ളിയിൽപാസ്സാക്കിയ ഒരു ബില്ല് കൗൺസിലിൽ അയച്ചുകൊടുത്തശേഷം കൗൺസിൽ അതു നിരാകരിച്ചാലോ കൗൺസിലിൽ അവതരിപ്പിച്ച തീയതിതൊട്ട് മൂന്നു മാസം ആയിട്ടും അവിടെ പാസ്സാക്കാൻ കൂട്ടാക്കാതെയിരുന്നാലോ, അസംബ്ളി അനുകൂലിച്ചഭേദഗതികളോടുകൂടി കൗൺസിൽ പാസ്സാക്കിയാലോ എന്താണു ചെയ്യുന്നതെന്നു നോക്കാം. ഈ സന്ദർഭങ്ങളിൽ അസംബ്ളിക്കു ആ ബില്ല്, ആ സമ്മേളനകാലത്തുതന്നെയോ പിന്നീടുള്ള ഏതെങ്കിലും സമ്മേളനകാലത്തോ, ഏതെങ്കിലും ഭേദഗതികളോടുകൂടിയോ അല്ലാതെയോ വീണ്ടും പാസ്സാക്കാം. അങ്ങിനെ പാസ്സാക്കി അതു് കൗൺസിലിന്റെ പരിഗണനയ്ക്കു് അയച്ചുകൊടുക്കാവുന്നതാണ്. രണ്ടാംപ്രാവശ്യം അസംബ്ളി പാസ്സാക്കിയ ബില്ല് കൗൺസിലിനു് അയച്ചുകഴിഞ്ഞശേഷം, കൗൺസിൽ അതു നിരാകരിച്ചാലോ, കാലാവധിക്കകം പാസ്സാക്കാതെയിരുന്നാലോ, അസംബ്ളി അനുകൂലിക്കാത്ത ഭേദഗതികളോടുകൂടി പാസ്സാക്കിയാലോ, അസംബ്ളി രണ്ടാംപ്രാവശ്യം പാസ്സാക്കിയ രൂപത്തിൽതന്നെ രണ്ടു സമിതികളും ബില്ല് അംഗീകരിച്ചിരിക്കുന്നതായി കരുതുന്നതായിരിക്കും.[4] ഈ വ്യവസ്ഥകളൊന്നും ധനബില്ലുകളെ സംബന്ധിച്ചുള്ളതല്ലെന്നു് പ്രത്യേകം ധരിക്കേണ്ടതാണ്. മുകളിൽ പ്രസ്താവിച്ച വ്യവസ്ഥകൾക്ക വിധേയമായി ഒരു ബില്ല് ഭേദഗതി കൂടാതെയോ ഇരുസഭകളും

1. Article: 198.
2. Article: 207.
3. Article: 196.
4. Article: 197.

അംഗീകരിച്ച ഭേദഗതികളോടുകൂടിയോ പാസ്സാക്കിയെങ്കിൽ മാത്രമേ സാധുവായിരിക്കുകയുള്ളൂ. ദ്വിമണ്ഡലനിയമസമിതികളുള്ള സംസ്ഥാനങ്ങളിലെ നിലയാണു് ഇപ്പറഞ്ഞതു്.

ഇവിടെ ഒരു സംഗതികൂടി പ്രസ്താവിക്കേണ്ടതുണ്ടു്. അതു് കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും രീതികൾ തമ്മിലുള്ള ഒരു വ്യത്യാസമാണു്. പാർലിമെന്റിന്റെ രണ്ടു സഭകൾ തമ്മിൽ അഭിപ്രായഭിന്നതയുണ്ടായാൽ അതു രാജിപ്പെടുത്തുവാൻ, സഭകളുടെ ഒരു സംയുക്തസമ്മേളനം വിളിച്ചുകൂട്ടുവാൻവ്യവസ്ഥയുണ്ടു് എന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇങ്ങനെ ഒരു മാർഗ്ഗം സ്വീകരിച്ചുകാണുന്നില്ല. അസംബ്ലിയുടെ അഭിപ്രായം പുലരുന്നതായിട്ടാണു് നാം കാണുന്നതു്. സംസ്ഥാനങ്ങളിലേയും കേന്ദ്രത്തിലേയും ഉപരിസഭകൾക്കു തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ തന്നെയാണു് ഈ നിലപാടു സ്വീകരിക്കുവാൻ ഇടയാക്കിയിട്ടുള്ളതു്.

ഏതെങ്കിലും ബില്ലു് ചർച്ചയ്ക്കു വിധേയമായിക്കൊണ്ടിരിക്കുന്നകാലത്തു് നിയമനിർമ്മാണസഭാസമ്മേളനം പിരിച്ചുവിട്ടാൽ ബില്ലിൻെറ കഥ എന്താകുമെന്നു് ഇനി ആലോചിക്കാം. ഒരു സംസ്ഥാനത്തിൻെറ നിയമനിർമ്മാണസഭയുടെ പരിഗണനയിൽ ഇരിക്കുന്ന ഒരു ബില്ലു്, സമിതിയുടെയോ സമിതികളുടെയോ സമ്മേളനം പിരിച്ചുവിട്ടതുകൊണ്ടു് സ്വയം തള്ളിപ്പോകുന്നതല്ല. ഒരു സംസ്ഥാനത്തിലെ കൗൺസിലിൽ ആലോചനയിലിരിക്കുന്നതും അസംബ്ലി പാസ്സാക്കിയിട്ടില്ലാത്തതും ആയ ഒരു ബില്ലു് അസംബ്ലിയുടെ പിരിച്ചുവിടൽകൊണ്ടു് ശക്തിഹീനമായിത്തീരുകയില്ല. എന്നാൽ അസംബ്ലിയുടെ പരിചിന്തനത്തിനു വിധേയമായിരിക്കുന്നതോ, അസംബ്ലി പാസ്സാക്കിയിട്ടും കൗൺസിലിൻെറ പരിഗണന

യിൽ മാത്രം ഇരിക്കുന്നതോ ആയ ഒരു ബില്ല്, അസംബ്ലി യുടെ പിരിച്ചുവിടലോടുകൂടി അസാധുവായിപ്പോകുന്നതാണ്.[1]

സംസ്ഥാനങ്ങളിൽ കൗൺസിലുകൾ ഉള്ളിടത്ത് അവ പ്രധാനമായി ഉപദേശകസമിതികളെന്ന നിലയിൽ മാത്രമാണു വർത്തിക്കുന്നതെന്ന് മുകളിൽ പ്രസ്താവിച്ച വിവരങ്ങളിൽ നിന്നു വ്യക്തമാണല്ലോ. അവയ്ക്ക് അസംബ്ലി പാസ്സാക്കിയ ഒന്നിനേയും വേണ്ടെന്നുവയ്ക്കുവാൻ കഴിവില്ല. ഇംഗ്ലണ്ടിൽ ഒരു ബില്ല്, പ്രഭുസഭയുടെ അധികാരപരിധി കവച്ചുവയ്ക്കുന്നതിന് തുടരെ മൂന്നുപ്രാവശ്യം അധോമണ്ഡലത്തിൽ (കോമൺസിൽ) പാസ്സാക്കേണ്ടിയിരിക്കുന്നു. ഇവിടെ അതു് രണ്ടു പ്രാവശ്യം മതി. അതുപോലെ സമയപരിധിയുടെ കാര്യത്തിലും വ്യത്യാസമുണ്ടല്ലോ.

സംസ്ഥാനനിയമനിർമ്മാണസഭയുടെ അധികാരപരിധിയും ഭരണഘടനയിൽ നിശ്ചയിച്ചിരിക്കുന്നു. പരമാധികാരം ജനങ്ങളിൽ ആണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് അംഗീകരിച്ചുകൊണ്ട് അവരുടെ പ്രതിനിധികൾ ഭരണഘടനാനിർമ്മാണസമിതിയെന്ന നിലയിൽ ഇരുന്നു നിർമ്മിച്ചതാണ് നമ്മുടെ ഭരണഘടന. നിയമനിർമ്മാണസഭകൾക്ക് ഭരണഘടന നിശ്ചയിച്ചിട്ടുള്ള പരിധിവിട്ട് സ്വാതന്ത്ര്യമായി നിയമനിർമ്മിതി നിർവ്വഹിക്കുവാൻ ശക്തിയില്ല. ഭരണഘടന നിർണ്ണയിച്ചിട്ടുള്ള നാലു കോണുകൾക്കുള്ളിൽ നിന്നുകൊണ്ടല്ലാതെ അവർ ഒന്നും ചെയ്തുകൂടാ. ഭരണഘടനയിലെ ഏഴാം പട്ടികയിൽ സംസ്ഥാനലിസ്റ്റിൽ കൊടുത്തിട്ടുള്ള വിഷയങ്ങൾ സംസ്ഥാന നിയമനിർമ്മാണസഭകളുടെ പ്രത്യേകമായ വിഷയങ്ങളാണ്. ഇതിൽ പൊതുസമാധാനം, പോലീസ്, പ്രാദേശികസ്വയംഭരണം, പൊതുജനാരോഗ്യം, സർവ്വകലാശാലാവിദ്യാഭ്യാസം,

---

1. **Article: 196**

ഗതാഗതം, കാർഷികവിദ്യാഭ്യാസം, ഭൂസ്വത്തു്, വനങ്ങൾ, മത്സ്യംപിടിത്തം, കാർഷികാദായനികുതി തുടങ്ങിയ അറുപത്തിയാറു വിഷയങ്ങൾ സംസ്ഥാനങ്ങൾക്കു നീക്കിവച്ചിരിക്കുന്നു.[1] ഈ ലിസ്റ്റിൽപെടുന്ന കാര്യങ്ങൾ കൂടാതെ സംയുക്തലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾക്കും സംസ്ഥാനനിയമനിർമ്മാണസമിതിയ്ക്കു നിയമം നിർമ്മിക്കാം. ഈ സംയുക്തലിസ്റ്റിൽ നാല്പത്തിഏഴു വിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.[2] കേന്ദ്രത്തിനും സംസ്ഥാനത്തിനും ഒരുപോലെ ഇവയ്ക്കു നിയമനിർമ്മാണം നടത്താവുന്നതാണു്. എന്നാൽ കേന്ദ്രം അതിലെ ഏതെങ്കിലും ഒരു വിഷയത്തിനു് നിയമം പാസ്സാക്കിക്കഴിഞ്ഞാൽ സംസ്ഥാനനിയമസഭ അതേവിഷയത്തിനു് പിന്നീടു നിയമം ഉണ്ടാക്കിക്കൂട. എന്നാൽ സംസ്ഥാനനിയമനിർമ്മാണസഭ ഒരു നിയമം പാസ്സാക്കിയതുകൊണ്ടു് പാർലിമെൻറിനു് വീണ്ടും ആ വിഷയത്തിനു് നിയമം നിർമ്മിച്ചുകൂടെന്നില്ല. കേന്ദ്രനിയമവുമായി പൊരുത്തപ്പെടാത്ത അംശങ്ങൾ എന്തെങ്കിലും സംസ്ഥാനനിയമത്തിൽ ഉണ്ടെങ്കിൽ അതു് അത്രത്തോളം അസാധുവായിത്തീരുകയും ചെയ്യും.

സംസ്ഥാനനിയമനിർമ്മാണശക്തിക്കുള്ള മററു ചില പരിമിതികൾ കൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊള്ളട്ടെ. രാഷ്ട്രപതിയുടെ അംഗീകാരം സിദ്ധിക്കുന്നതിനുവേണ്ടി ചില ബില്ലുകൾ നീക്കിവയ്ക്കേണ്ടതാണെന്നു് മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവ രാഷ്ട്രപതിയുടെ അംഗീകാരം സിദ്ധിച്ചതിനു മേലേ ശക്തങ്ങളായിത്തീരു.[3] സംയുക്തപട്ടികയിൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങളിൽ ഒന്നിനെ സംബന്ധിച്ചു്

1. Seventh Schedule: List II
2. Seventh Schedule: List III
3. Article: 31. (3)

ഒരു സംസ്ഥാനത്തെ നിയമനിർമ്മാണസമിതിയിൽ ഉണ്ടാക്കിയിട്ടുള്ള ഒരു നിയമവും, പാർലിമെൻറ് നേരത്തെ പാസ്സാക്കിയിട്ടുള്ള നിയമവും തമ്മിൽ പൊരുത്തക്കേട്ടുണ്ടായാൽ, സംസ്ഥാനനിയമം രാഷ്ട്രപതിയുടെ അംഗീകാരത്തിനായി നീക്കിവച്ച് അദ്ദേഹത്തിൻെറ അനുമതി നേടിയിട്ടുള്ളപക്ഷം അത് ആ സംസ്ഥാനത്തിൽ പ്രഭാവത്തിൽതന്നെ തുടരുന്നതായിരിക്കും.[1] സംയുക്തപട്ടികയിലെ വിഷയങ്ങളെ സംബന്ധിച്ച് മുമ്പു പറഞ്ഞ സാമാന്യതത്വത്തിനുള്ള ഒരു ഒഴിവാണിതു് എന്നു് ഓർമ്മിക്കുമല്ലോ. ഒരു സംസ്ഥാനത്തിലെ നിയമനിർമ്മാണസമിതിയ്ക്കു്, ആ സംസ്ഥാനവുമായോ, ആ സംസ്ഥാനത്തിനുള്ളിൽ ഉള്ളതോ ആയ വ്യാപാരത്തിൻെറയും മററും സ്വാതന്ത്ര്യത്തിന്മേൽ പൊതുതാല്പര്യങ്ങൾക്കു് ആവശ്യമാകുന്ന ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിനു നിയമം സൃഷ്ടിക്കുവാൻ കഴിവുണ്ടായിരിക്കും. എന്നാൽ ഈ ആവശ്യങ്ങളിലേക്കു് രാഷ്ട്രപതിയുടെ പൂർവ്വാനുവാദത്തോടുകൂടിയല്ലാതെ ബില്ലുകൾ അവതരിപ്പിച്ചുകൂട.[2] ഒരു അടിയന്തരവിളംബരം പ്രയോഗത്തിൽ ഇരിക്കുന്നകാലത്തു് പാർലിമെൻറിനു് സംസ്ഥാനവിഷയങ്ങളെ സംബന്ധിച്ചും നിയമങ്ങൾ ഉണ്ടാക്കുവാൻ ശക്തിയുണ്ടായിരിക്കും.[3] സംസ്ഥാനഭരണക്രമം പരാജയപ്പെട്ടതായി പ്രഖ്യാപിച്ച് സംസ്ഥാനത്തിൻെറ ഭരണച്ചുമതല സ്വയം ഏറെറടുക്കുന്നതിനുള്ള അധികാരവും രാഷ്ട്രപതിക്കുണ്ടു്.[4] ആ അവസരങ്ങളിൽ സംസ്ഥാനനിയമനിർമ്മാണസഭ നിർത്തിവയ്ക്കുന്നതായിരിക്കും.

ഭാരതത്തിലെ പതിന്നാലു സംസ്ഥാനങ്ങളിലെ അസംബ്ളികളിൽ ഉണ്ടായിരിക്കുന്ന അംഗങ്ങളുടെ സംഖ്യ താഴെ

---

1. Article: 254. (2)
2. Article: 304. (b)
3. Article: 250.
4. Article: 356 & 365.

പറയുന്നതുപോലെയായിരിക്കും. ആന്ധ്രാപ്രദേശ് 301; ആസ്സാം 108; ബീഹാർ, 330; ബോംബെ 396; കേരളം 126; മദ്ധ്യപ്രദേശ്-288; മദ്രാസ്-205; മൈസൂർ-208; ഒറീസ്സാ-140; പഞ്ചാബ്-154; രാജസ്ഥാൻ-176; ഉത്തരപ്രദേശ്-430; പശ്ചിമബംഗാൾ-238. ഇതു് ഏററവും അടുത്തകാലത്തു നടന്നിട്ടുള്ള കാനേഷുമാരിയെ ആസ്പദമാക്കിയാണു നിർണ്ണയിച്ചിട്ടുള്ളതു്.[1]

1. States Reorganisation Act 1956—Section: 40 & Third Schedule of the Act.

അദ്ധ്യായം പതിനഞ്ച്

ഹൈക്കോടതി

നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥപ്രകാരം ഓരോ സംസ്ഥാനത്തിലും ഓരോ ഹൈക്കോടതി ഉണ്ടായിരിക്കും.[1] ഹൈക്കോടതി എന്നാൽ ഭരണഘടനയുടെ ഉദ്ദേശങ്ങൾക്കുവേണ്ടി സംസ്ഥാനത്തെ ഹൈക്കോടതിയായി ഗണിക്കുന്ന ഏതെങ്കിലും കോടതി എന്നർത്ഥമാണ്. അത് ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് സംവിധാനംചെയ്തിട്ടുള്ളതോ പുനഃസംവിധാനം ചെയ്തിട്ടുള്ളതോ ആകാം. അതുപോലെതന്നെ ഭാരതത്തിൽ ഭരണഘടനയുടെ ആവശ്യത്തിനുവേണ്ടി പാർലിമെന്റ് നിയമമനുസരിച്ച് ഹൈക്കോടതിയായി പ്രഖ്യാപിക്കുന്ന ഏതെങ്കിലും കോടതിയും ആ സ്ഥാനത്തിന് അർഹതയുള്ളതാണ്.[2] യൂണിയൻപ്രദേശങ്ങൾക്കുവേണ്ടി പാർലിമെൻറ് നൂതനമായി ഒരു ഹൈക്കോടതി സംവിധാനംചെയ്യുകയോ ഏതെങ്കിലും സമീപസംസ്ഥാനത്തിലെ കോടതിയെ ഭരണഘടനയിലെ ഏതെങ്കിലുമോ എല്ലാമോ ആവശ്യങ്ങൾക്കുവേണ്ടി ഒരു ഹൈക്കോടതിയായി വിപുലപ്പെടുത്തുകയോ ചെയ്യാവുന്നതാകുന്നു.[3] ലക്ഷദ്വീപുകൾ, മിനിക്കോയ്, അമിനിഡിവി ദ്വീപുകൾ എന്നീ യൂണിയൻപ്രദേശങ്ങൾ കേരളഹൈക്കോടതിയുടെ അധികാരപരിധിയിൽ പെട്ടത്തിയിരിക്കുന്നു.[4] ഹൈക്കോടതി

---

1. Article 214. as amended by Constitution (Seventh Amendment) Act 1956.
2. Article: 366. (14)
3. Article: 241. as amended by Constitution (Seventh Amendment) Act: 1956.
4. States Reorganisation Act-1956 Section 60.

യുടെ പ്രധാന ആസ്ഥാനം എവിടെ ആയിരിക്കണമെന്നുള്ളതു് രാഷ്ട്രപതി നിശ്ചയിച്ചു് പ്രഖ്യാപിക്കുന്നതാണു്. രാഷ്ട്രപതിക്കു് ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസുമായി ആലോചിച്ചു് സംസ്ഥാനത്തിൽ ഒന്നോ അതിലധികമോ സ്ഥലങ്ങളിൽ ഹൈക്കോടതിയുടെ സ്ഥിരം ബഞ്ചോ ബഞ്ചുകളോ സ്ഥാപിക്കാവുന്നതാകുന്നു.[1]

സുപ്രീംകോടതിയെപ്പോലെ ഹൈക്കോടതിയും ഒരു അഭിലേഖനക്കോടതി (കോർട്ടു് ആഫ് റെക്കേർഡ്) ആയിരിക്കും. കോടതിയോടു കാണിക്കുന്ന അലക്ഷ്യത്തിനു ശിക്ഷിക്കുവാനുള്ള ശക്തിയടക്കം അപ്രകാരമുള്ള ഒരു കോടതിയുടെ എല്ലാ ശക്തികളും ഹൈക്കോടതിക്കു് ഉണ്ടായിരിക്കുകയും ചെയ്യും.[2]

ഓരോ ഹൈക്കോടതിയിലും ഒരു ചീഫ്ജസ്റ്റീസും രാഷ്ട്രപതി ആവശ്യമെന്നു കരുതുന്നത്ര മററു ജഡ്ജിമാരും ഉണ്ടായിരിക്കും.[3] ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരെ ബാധിക്കുന്ന വ്യവസ്ഥകളൊഴിച്ചു് അതിൻെറ സംവിധാനവും സംഘടനയും മററും പാർലിമെൻറിൻെറ വിഷയങ്ങളാണു്.[4] ഈ വ്യവസ്ഥ ജമ്മു-കാഷ്മീർ സംസ്ഥാനത്തെ ബാധിക്കുകയില്ല. ചീഫ്ജസ്റ്റീസിനെ നിയമിക്കുന്നതോടുകൂടി ഹൈക്കോടതി സംഘടിക്കപ്പെടുന്നു.

ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസിനെ നിയമിക്കുന്നതു രാഷ്ട്രപതിയായിരിക്കുമെന്നു പറഞ്ഞല്ലോ. നിയമിക്കുന്നതിനു

---

1. States Reorganisation Act-1656 Section 51.
2. Article: 215.
3. Article: 216. as Amended by Constitution (Seventh Amendment) Act 1956.
4. Entry 78: List I: 7th Schedule

മുമ്പ് രാഷ്ട്രപതി ഇൻഡ്യൻ ചീഫ്ജസ്റ്റീസ് സംസ്ഥാനത്തിലെ ഗവർണ്ണർ എന്നിവരോട് ആലോചിക്കുന്നതാണ്. സാധാരണ ജസ്റ്റിയെ നിയമിക്കുന്നതിന് മുമ്പുപറഞ്ഞവരെക്കൂടാതെ ഹൈക്കോടതിയിലെ ചീഫ്ജസ്റ്റീസിനോടുകൂടി ആലോചിക്കുന്നതായിരിക്കും. ജസ്റ്റിയായി നിയമിക്കുന്നതിന് ഒരാളിന് താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം. അദ്ദേഹം ഭാരതത്തിലെ ഒരു പൗരനായിരിക്കുന്നതിനു പുറമെ ഏതെങ്കിലും സംസ്ഥാനത്തുള്ള ഹൈക്കോടതിയിൽ, അല്ലെങ്കിൽ രണ്ടോ അതിലധികമോ ഹൈക്കോടതികളിൽ തുടർച്ചയായി കുറഞ്ഞ പക്ഷം പത്തുകൊല്ലം ഒരു അഭിഭാഷകനായിരുന്നിരിക്കണം. അല്ലെങ്കിൽ ഭാരതത്തിൽ എവിടെയെങ്കിലും കുറഞ്ഞ പക്ഷം പത്തുകൊല്ലം നീതിന്യായക്കോടതിയിലിരുന്നിട്ടുള്ള ഒരാളായിരിക്കണം.[1]

ഒരു ഹൈക്കോടതിജസ്റ്റിയായി നിയമിതനാകുന്നയാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് സംസ്ഥാനഗവർണ്ണറുടെയോ അതിലേക്ക് അദ്ദേഹത്താൽ നിയുക്തനാകുന്ന ആളിന്റെയോ മുമ്പിൽ സത്യപ്രതിജ്ഞചെയ്യണം.[2] നിയമമനുസരിച്ചു സ്ഥാപിതമായ ഭരണഘടനയോട് യഥാർത്ഥമായ വിശ്വാസവും കൂറും വഹിക്കാമെന്നും തികഞ്ഞ വിശ്വാസത്തോടും, പരമാവധി കഴിവും പരിജ്ഞാനവും നിർണ്ണയശക്തിയും ഉപയോഗിച്ചും, തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ ഭീതിയോ പക്ഷപാതമോ ദോഷവിചാരമോ കൂടാതെ നിർവ്വഹിക്കാമെന്നും, ഭരണഘടനയും നിയമങ്ങളും നിലനിറുത്താമെന്നും അതിൻ പ്രകാരം അയാൾ പ്രതിജ്ഞാബദ്ധനാകുകയാണു ചെയ്യുന്നത്.[3]

1. Article: 217.
2. Article: 219
3. Third Schedule: No. 8

അദ്ദേഹത്തിന് അറുപതുവയസ്സു തികയുന്നതുവരെ ഉദ്യോഗത്തിൽ തുടരാവുന്നതാണ്. എന്നാൽ അതിനു മുമ്പ് സ്ഥാനം രാജിവയ്ക്കാം. സ്വന്തം കൈയ്യൂടയിൽ എഴുതിയ രാജിക്കത്ത് രാഷ്ട്രപതിയ്ക്കു സമർപ്പിക്കണം. തെളിയിക്കപ്പെട്ട ദുർവൃത്തിയോ അപ്രാപ്തിയോ കാരണം ഒരു ജഡ്ജിയെ നീക്കംചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. അങ്ങിനെ നീക്കംചെയ്യുന്നതിനുള്ള നിവേദനം പാർലിമെൻറിന്റെ ഓരോ സഭയിലും ഹാജരാക്കണം. സഭയിൽ ആകെയുള്ള സാമാജികന്മാരിൽ ഭൂരിപക്ഷത്താലും സഭയിൽ ഹാജരാകുകയും വോട്ടുചെയ്യുകയും ചെയ്യുന്ന മെമ്പറന്മാരിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഒരു ഭൂരിപക്ഷത്താലും പിൻതാങ്ങപ്പെട്ട് അതു പാസ്സാകണം. അതേ സമ്മേളനകാലത്തുതന്നെ രാഷ്ട്രപതിയ്ക്ക് അതു സമർപ്പിക്കുകയും വേണം. അതിനെ ആസ്പദമാക്കി അദ്ദേഹം നീക്കൽ ഉത്തരവു പുറപ്പെടുവിക്കും. ഈ വ്യവസ്ഥകൾ സുപ്രീംകോടതി ജഡ്ജിമാരുടെ കാര്യത്തിലുള്ളതുപോലെയാണെന്ന് ഓർമ്മിക്കുമല്ലോ.[1]

ചീഫ് ജസ്റ്റീസിന്റെ ശമ്പളം ഭരണഘടനയിൽ വ്യവസ്ഥചെയ്യുന്നതാണ്.[2] ഹൈക്കോടതിയിലെ ഓരോ ജഡ്ജിക്കും സ്വകൃത്യനിർവ്വഹണത്തിനു സഞ്ചരിച്ചാൽ ചട്ടമനുസരിച്ചുള്ള പടി ലഭിക്കുന്നതിന് അവകാശമുണ്ട്. അവധി, പെൻഷൻ എന്നിവ സംബന്ധിച്ചുള്ള അവകാശങ്ങൾ ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനു തൊട്ടുമുമ്പ് ഹൈക്കോടതി ജഡ്ജിമാൎക്കു ബാധകമായിരുന്നതുപോലെതന്നെ. പാർലിമെൻറ് അപ്പഴപ്പോൾ നിർമ്മിക്കുന്ന നിയമപ്രകാരം പടിയും അവധിയും അടുത്തുണും അവൎക്ക് അവകാശപ്പെടാം. എന്നാൽ നിയമനത്തിനുശേഷം അവരുടെ ഈ അവകാശ

---

1. Article: 124. (4) 2. Second Schedule: 10

ങ്ങൾ അവക്കു പ്രതികൂലമാംവിധം ഭേദപ്പെടുത്തുവാൻ പാടില്ല.[1] സാമ്പത്തികമായ ഒരു അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുമ്പോൾ ജഡ്ജിമാരുടെ ശമ്പളവും അലവൻസുകളും ആവശ്യമെന്നുതോന്നുന്നപക്ഷം കുറവുചെയ്യുന്നതിനു കഴിയുമെന്ന കാര്യം വിസ്മരിച്ചുകൂട.[2]

ഇൻഡ്യൻ ചീഫ്ജസ്റ്റീസുമായി ആലോചിച്ച് ഒരു ജഡ്ജിയെ ഒരു ഹൈക്കോടതിയിൽനിന്ന് ഭാരതത്തിനുള്ളിൽ ഉള്ള മറേറതെങ്കിലും ഹൈക്കോടതിയിലേക്ക് രാഷ്ട്രപതിക്ക് സ്ഥലംമാററാൻ കഴിയും.[3] ചീഫ്ജസ്റ്റീസിൻെറ സ്ഥാനം ഒഴിവാകുമ്പോഴോ, അദ്ദേഹം മററു കാരണങ്ങളാൽ സന്നിഹിതനാകാതിരിക്കുമ്പോഴോ, അദ്ദേഹത്തിൻെറ കത്തവ്യങ്ങൾ നിറവേററാൻ കോടതിയിലെ മററ് ഏതെങ്കിലും ജഡ്ജിയെ രാഷ്ട്രപതിക്ക് നിയമിക്കാം.[4] അദ്ദേഹം ചീഫ്ജസ്റ്റീസിൻെറ ജോലികൾ നിവ്വഹിക്കുന്നതാണ്. താല്ക്കാലികമായ ജോലിക്കൂടുതൽ കൊണ്ടോ ജോലിക്കുടിശ്ശികകൊണ്ടോ കോടതിയുടെ ജോലി വർദ്ധിച്ചിരിക്കുന്നതിനാൽ അവിടത്തെ ജഡ്ജിമാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതു് ആവശ്യമായി വന്നാൽ താല്ക്കാലികമായി അതു കൂട്ടാവുന്നതാണ്. ഇതിനു് രണ്ടുകൊല്ലത്തിൽ കൂടാത്ത കാലത്തേക്ക് രാഷ്ട്രപതിക്ക് അഡീഷണൽ ജഡ്ജിയെ നിയമിക്കാം. ആ കോടതിയിലെ സ്ഥിരംജഡ്ജി ചീഫ്ജസ്റ്റീസായി ജോലി നോക്കുമ്പോഴും ഏതെങ്കിലും കാരണത്താൽ സ്വന്തം കത്തവ്യം നിർവഹിക്കുവാൻ അദ്ദേഹത്തിനു സാധിക്കാതിരിക്കുമ്പോഴും ആ ജഡ്ജിയുടെ സ്ഥാനത്തേക്ക് നിയമനം

---

1 Article: 221.

2. Article: 360 (4) (b)

3. Article: 222. as Amended by Constitution (Seventh Amendment) Act 1956

4. Article: 223.

നടത്താവുന്നതാണ്. സ്ഥിരം ജഡ്ജി സ്വസ്ഥാനത്ത് ജോലിക്കു മടങ്ങിവരുന്നതുവരെ ഇങ്ങനെ ചെയ്യാം. എന്നാൽ അഡീഷണൽ ജഡ്ജിയായി നിയമിതനാകുന്ന ഒരാളിനു ഒരു കാരണവശാലും അറുപതുവയസ്സ് തികഞ്ഞതിനുശേഷം ആ ജോലിയിൽ തുടരാവുന്നതല്ല.[1] ഹൈക്കോടതിജഡ്ജിമാരുടെ അവധി തുടങ്ങിയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം പാർലിമെൻറ് പാസ്സാക്കിയിട്ടുണ്ട്.[2]

ഹൈക്കോടതികളുടെ അധികാരപരിധി (ക്ഷേത്രാധികാരം) ഭരണഘടനയിൽ പ്രസ്പഷ്ടമായഭാഷയിൽ വ്യക്തമാക്കിയിട്ടില്ല. നേരത്തെ നിലവിലിരുന്നിരുന്ന ഹൈക്കോടതികളുടെ അധികാരത്തെ നിദാനമാക്കിയാണ് അതിനെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. ഭരണഘടന ഉൗർജ്ജിതത്തിൽ വരുന്നതിനു തൊട്ടുമുമ്പുവരെ ഹൈക്കോടതികൾക്കു് ഉണ്ടായിരുന്ന എല്ലാ അധികാരങ്ങളും അവ തുടന്നു പുലത്തുന്നു.[3] ഇതു് ഒരു ഉപാധിക്കു വിധേയമാണുതാനും. ഒരുഹൈക്കോടതിയുടെ അധികാരപരിധി അതു സ്ഥിതിചെയ്യുന്ന സംസ്ഥാനത്തിനു പുറത്തുള്ള ഏതെങ്കിലും പ്രദേശത്തിലേക്കു് വ്യാപിപ്പിക്കുവാനും, സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെ അതിൻെറ പരിധിയിൽനിന്നു് ഒഴിവാക്കുവാനും ഉള്ള അധികാരം പാർലിമെൻറിനുള്ളതാണ്. ഇതു് കാഷ്മീർസംസ്ഥാനത്തിനു ബാധകമല്ല.[4] അതുപോലെ സംസ്ഥാനലിസ്റ്റിൽ ഉള്ള വിഷയങ്ങളെ സംബന്ധിച്ച് സുപ്രീം കോടതിയൊഴിച്ചുള്ള മററെല്ലാ കോടതികളുടെയും ശക്തിയും ക്ഷേത്രാധികാരവും സംബന്ധിച്ചുള്ള കാര്യങ്ങൾ സംസ്ഥാന

---

1. Article: 224. as Substituted by Constitution (Seventh Amendment) Act 1956.
2. High Court Judges (Conditions of Service) Act 1954.
3. Article: 225.
4. Entry 79 of List I Seventh Schedule.

നിയമസഭകളുടെ അധികാരപരിധിയിൽപ്പെടുന്നതായിരിക്കും.[1] ഹൈക്കോടതിയിലെ ജഡ്ജിമാർക്ക് ഭരണഘടന ഉൗർജ്ജിതത്തിൽ വരുന്നതിനു മുമ്പുവരെ ഉണ്ടായിരുന്ന നീതിന്യായവിചാരണാധികാരങ്ങൾ ഉണ്ടായിരിക്കുമെന്നു സൂചിപ്പിച്ചല്ലോ.

റവന്യൂവിനെയും അതിൻെറ പിരിവിനെയും പററി അസ്സലന്യായങ്ങൾ വിചാരണചെയ്യുന്നതിന് മുമ്പു കല്പിച്ചിരുന്ന പരിമിതി ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുന്നു. അതിന്റെ അധികാരപരിധിയിൽപെടുന്ന സ്ഥലത്തു നിവസിക്കുന്ന ആളിനോ, സക്കാരുൾപ്പെടെയുള്ള അധികാരസ്ഥാനങ്ങൾക്കോ മൗലികാവകാശങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലും നിർബ്ബന്ധപൂർവ്വം നടപ്പാക്കുന്നതിനു നിർദ്ദേശങ്ങൾ നല്കാൻ ഹൈക്കോടതിക്ക് കഴിവുണ്ട്. നിർദ്ദേശങ്ങൾ മാത്രമല്ല ഉത്തരവുകളോ റിട്ടുകളോ നിരോധനങ്ങളോ മൂലം മൌലികാവകാശങ്ങൾ നടപ്പിൽവരുത്താം. റിട്ടുകൾ ഹേബിയസ് കോർപ്പസ്സ്, മൻഡാമസ്, നിരോധനം, കോ-വാറൻേറാ, സെർഷ്യോറായ് എന്നിവയുടെ സ്വഭാവത്തോടു കൂടിയവയാകാം. മൗലികാവകാശങ്ങൾ ഉറപ്പിച്ചുകിട്ടുന്നതിനോ മററു വല്ലതിനുമോ ഇതു സ്വീകരിക്കാം.[2] സുപ്രീംകോടതിക്ക് നല്കിയിട്ടുള്ള ശക്തിയെ ഒരു വിധത്തിലും ഇതു് അല്പീകരിക്കുന്നതുമല്ല. സുപ്രീംകോടതിക്കും ഹൈക്കോടതിക്കും ശാസനക്കുറികൾ (റിട്ടുകൾ) പുറപ്പെടുവിക്കാം. മൌലികാവകാശങ്ങൾ അനുഭവിക്കുന്നതിന് അവ പ്രയോഗത്തിൽ വരുത്തിക്കിട്ടുന്നതിലേക്ക് സുപ്രീംകോടതിയെ നേരിട്ടു സമീപിക്കാം. ഹൈക്കോടതിയിൽക്കൂടി വേണമെന്നില്ല. മൌലികാവകാശനിഷേധത്തിനു പുറമെ ഹൈക്കോടതികൾക്ക് മററു സംഗതി

---

1. Entry 55 of List II Seventh Schedule
2. Article 226.

കളിൽ ന്യായവും വിഹിതവും എന്നു തോന്നുന്നപക്ഷം ഇടപെടാം.[1]

ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനുമുമ്പ് ബോംബെ, കൽക്കട്ട, മദിരാശി എന്നീ ഹൈക്കോടതികൾക്കു മാത്രമേ നിരോധനക്കുറികളും, സെർഷ്യോറി, കോപാവാറന്റോ, മൻഡാമസ്സിന്റെ സ്വഭാവത്തോടുകൂടിയ ശാസനക്കുറി, തുടങ്ങിയവ പുറപ്പെടുവിക്കുവാൻ സാധിച്ചിരുന്നുള്ളു. ഇതു് അവയുടെ അസ്സൽ അധികാരപരിധിയിൽ മാത്രവുമായിരുന്നു. എന്നാൽ ഇന്നു് ഏതു ഹൈക്കോടതിക്കും ആ ഹൈക്കോടതി നീതിന്യായാധികാരം ചെലുത്തുന്ന സംസ്ഥാനമൊട്ടുക്കു് പ്രയോഗിക്കുവാൻ കഴിയും.[2]

കീഴ്ക്കോടതികളുടെയും പ്രത്യേകകോടതികളുടെയും (ട്രൈബ്യൂണൽ) മേൽനോട്ടം ഹൈക്കോടതിയിൽ നിക്ഷിപ്തമായിട്ടുണ്ടു്. ആ കോടതികളിൽനിന്നു് സ്ഥിതിവിവരങ്ങൾ ആവശ്യപ്പെടാനും, അവയുടെ പ്രവർത്തനവുംനടപടികളും ക്രമപ്പെടുത്തുന്നതിനുള്ള പൊതുചട്ടങ്ങൾ നിർമ്മിക്കുകയും മററും ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കും. അതുപോലെതന്നെ അവിടെ ഉപയോഗിക്കേണ്ട ബുക്കുകളുടെയും രേഖപ്പെടുത്തലുകളുടെയും, സൂക്ഷിക്കപ്പെടേണ്ട കണക്കുകളുടെയും മാതൃകകൾ നിശ്ചയിക്കുകയുംചെയ്യാം. കോടതിയിലെ ഷെറിഫിനും, ഗുമസ്തന്മാക്കും ഉദ്യോഗസ്ഥന്മാർക്കും, കോടതിയിൽ വ്യവഹരിക്കുന്ന അഭിഭാഷകന്മാക്കും അനുവദിക്കുന്ന ഫീസ്സിന്റെ നിരക്കു നിർണ്ണയിക്കുന്നതും ഹൈക്കോടതിതന്നെ. സായുധസേനകളെ സംബന്ധിച്ചുള്ള നിയമങ്ങൾപ്രകാരം സംഘടിക്കപ്പെടുന്ന കോടതികളേയോ

---

1. 1953 All 477

2. Constitution of India: G. N. Joshi: P. 227

ട്രൈബ്യൂണലുകളെയോ ഇപ്പറഞ്ഞതൊന്നും ബാധിക്കുകയില്ല. ഹൈക്കോടതിക്ക് അതിൽ യാതൊരു മേൽനോട്ടവുമില്ല.[1]

സംസ്ഥാനത്തിലെ കോടതികളിൽ ഹൈക്കോടതിയ്ക്കു മാത്രമേ ഭരണഘടനയുടെ വ്യാഖ്യാതാവായിരിക്കുവാൻ കഴിവുള്ളൂ. കീഴ്ക്കോടതികളിൽ ഭരണഘടനയുടെ വ്യാഖ്യാനപ്രധാനങ്ങളായ നിയമപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന കേസുകൾ വിചാരണയ്ക്കു വരുന്നപക്ഷം, അവ ഹൈക്കോടതിയിൽ വിചാരണചെയ്യുന്നതിനായി, ഏറ്റെടുക്കുന്നതായിരിക്കും. എപ്പോഴെങ്കിലും അത്തരത്തിലുള്ള സംഗതി ഒരു കേസ്സിൽ ഉണ്ടെന്നു ബോദ്ധ്യമായാൽ ഉടനെ അതു് കീഴ്ക്കോടതി ഹൈക്കോടതിയെ തെര്യപ്പെടുത്തേണ്ടതാണു്. കേസ്സിലെ ഏതെങ്കിലും കക്ഷിയുടെ അപേക്ഷകൊണ്ടും കേസ്സ് ഇങ്ങനെ എടുത്തു നടത്താം. കേസ്സ് പൂർണ്ണമായി വിധിക്കുന്നതിനോ, ഭരണഘടനാപ്രശ്നം മാത്രം തീരുമാനിച്ചശേഷം മടക്കി കീഴ്ക്കോടതിയിലേക്ക് അയയ്ക്കുന്നതിനോ ഹൈക്കോടതിയ്ക്കു കഴിയും. മടക്കി അയയ്ക്കുന്നപക്ഷം ഹൈക്കോടതിയുടെ വിധിക്കനുരൂപമായി കേസ്സ് വിചാരണചെയ്ത് കേസ്സ് വിധിയ്ക്കുവാൻ നടപടി എടുക്കേണ്ടതാണു്.[2]

ഹൈക്കോടതിയുടെ നീതിന്യായനിർവ്വഹണാധികാരവ്യാപ്തി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാനോ കുറവുചെയ്യുവാനോ നിയമം ഉണ്ടാക്കുവാൻ പാർലിമെന്റിനു് ശക്തിയുണ്ടു്.[3] മദിരാശിഹൈക്കോടതിയുടെ അധികാരപരിധിയിൽ കുടകിനെക്കൂടി ഉൾപ്പെടുത്തിയിരുന്നതു് ഇപ്രകാരമുള്ള

---

1. Article 227.
2. Article: 228.
3. Article: 230. as amended by Constitution (Seventh Amendment) Act 1956.

നിയമംമൂലം ആണ്.[1] ഒരു ഹൈക്കോടതിക്ക് അതു് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തിനുവെളിയിൽ അധികാരം പ്രയോഗിക്കുന്നതു് സംസ്ഥാനത്തിലെ നിയമസഭയ്ക്കു് ഒരുവിധത്തിലും നിയന്ത്രിക്കാവുന്നതല്ല. അതിനെല്ലാം വ്യവസ്ഥചെയ്യുവാനുള്ള അധികാരം പാർലിമെൻറിനുമാത്രമാണ് ഉള്ളതു്.

ഒരു ഹൈക്കോടതിയിലെ ഉദ്യോഗസ്ഥന്മാരെയും സേവകന്മാരെയും നിയമിക്കുന്നതു് ചീഫ്ജസ്റ്റിസ് ആണ്. അദ്ദേഹത്തിനു് പ്രസ്തുത ചുമതല ഏതെങ്കിലും ജഡ്ജിയേയൊ മററു ഉദ്യോഗസ്ഥനേയോ ഭരമേല്പിക്കാം. എന്നാൽ ഹൈക്കോടതിയുമായി മുമ്പെ ബന്ധപ്പെട്ടിട്ടില്ലാത്ത ഒരാളെ നിയമിക്കുന്നതു് സംസ്ഥാനപബ്ളിക്ക്സർവ്വീസ്കമ്മിഷനുമായി ആലോചിച്ചേ പാടുള്ളുവെന്നു് ഗവർണ്ണർക്കു് നിർദ്ദേശിക്കാവുന്നതാണ്.[2] കോടതിയുടെ ഭരണച്ചിലവു് സംസ്ഥാനത്തിലെ സഞ്ചിതനിധിയിൽനിന്നുമാണു വഹിക്കുന്നതു്. കോടതിയിൽനിന്നു കിട്ടുന്ന ആദായം ആ നിധിയുടെ ഒരു ഭാഗമായിത്തീരുകയും ചെയ്യുന്നു.

ജില്ലാജഡ്ജിമാരെ നിയമിക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകളും ഭരണഘടനയിൽ നൽകിയിട്ടുണ്ടു്. അതനുസരിച്ചു് ജഡ്ജിമാരുടെ നിയമനം, ഉദ്യോഗക്കയറ്റം, തുടങ്ങിയവ ഹൈക്കോടതിയുമായി ആലോചിച്ചു് സംസ്ഥാനത്തെ ഗവർണ്ണർ നടത്തുന്നു.[3] കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ ജുഡിഷ്യൽ സർവ്വീസിൽ മുമ്പില്ലാത്ത ഒരു വ്യക്തി ഏഴിൽ കുറയാത്ത കൊല്ലം അഭിഭാഷകനായിരുന്നിരിക്കുകയും, നിയമനത്തിനായി ഹൈക്കോടതി ശുപാർശ ചെയ്തിരിക്കുകയും, ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഒരു ജില്ലാജഡ്ജിയായി നിയമിക്കപ്പെടുവാൻ അർഹ

1. Extra—Provincial Jurisdiction Act 1947.
2. Article 229
3. Article; 233.

നായിരിക്കുകയുള്ളൂ. സംസ്ഥാനത്തെ ജുഡീഷ്യൽസർവ്വീസിലേക്ക് ജില്ലാജഡ്ജിമാരല്ലാതെ വേറെ ആളുകളുടെ നിയമനങ്ങൾ സംസ്ഥാനപബ്ലിക്ക്സർവ്വീസുകമ്മിഷനോടും ഹൈക്കോടതിയോടും ആലോചിച്ച് സംസ്ഥാനഗവർണ്ണർ അതിലേക്കായി അദ്ദേഹം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചാണ് നടത്തുന്നത്.[1] ജില്ലാക്കോടതികളുടെയും അവയ്ക്കു താഴെയുള്ള കോടതികളുടെയും മേലുള്ള നിയന്ത്രണം ഹൈക്കോടതിയിൽ നിക്ഷിപ്തമായിരിക്കുന്നു എന്നു പറയേണ്ടതായിട്ടില്ലല്ലോ.[2] ഉദ്യോഗത്തിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ള ജഡ്ജിമാർക്ക് തങ്ങൾ സേവനം അനുഷ്ഠിച്ച ഹൈക്കോടതികളിലൊഴിച്ചുള്ള ഹൈക്കോടതികളിലും സുപ്രീംകോടതിയിലും വ്യവഹരിക്കാവുന്നതാണ്.[3]

സങ്കടം ഉണ്ടായാൽ അതിന് പോംവഴി നിർദ്ദേശിക്കുവാനും, അനാവശ്യമായ കേസ്സുവിചാരണ പ്രോത്സാഹിപ്പിക്കാതിരിക്കാനും, ന്യായപാലകൻ സ്വാതന്ത്ര്യനും പക്ഷപാതരഹിതനും ആയിരിക്കുന്നതിനും പ്രത്യേകം നിഷ്കർഷിക്കുന്ന ഒരു പശ്ചാത്തലമാണ് നമ്മുടെ കോടതികൾക്കുള്ളത്. നീതിനിർവ്വഹണത്തിൽ കടന്നുകൂടിയേക്കാവുന്ന തെററുകൾ തിരുത്തുന്നതിന് ഉപരികോടതികളിലേക്ക് അപ്പീലുകൾ അംഗീകരിച്ചിരിക്കുന്നു. നിയമം, താഴ്ന്നവനെന്നോ, ഉന്നതനെന്നോ ഉള്ള ഭേദമെന്യേ തുല്യനിലയിൽ പ്രയോഗിക്കപ്പെടുവാനുള്ളതാണ്. അതിൽ നിർവ്വഹണവിഭാഗത്തിൻെറ കൈകടത്തലുകൾ ഉണ്ടായിക്കൂടാ. ഈ പറഞ്ഞ ആശയങ്ങളെല്ലാം പുരാതനകാലംമുതൽ ഭാരതത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള

1. Article: 234.   2. Article: 235.

3. Article: 220 as amended by Constitution (Seventh Amendment) Act 1956.

വയാണെന്നു് പറയേണ്ടതായിട്ടുണ്ടു്. പ്രാചീനകാലത്തും, മദ്ധ്യകാലത്തും, ഈ തത്വങ്ങൾ അനുസരിച്ചുതന്നെയാണു് ഭാരതത്തിൽ കോടതികൾ പ്രവത്തിച്ചുപോന്നതു്. ചന്ദ്രഗുപ്ത മൗര്യന്റെ കാലത്തെ കോടതികളുടെ പ്രവത്തനരീതിയെക്കുറിച്ചു് വിശ്വസനീയങ്ങളായ രേഖകൾ നമുക്കുണ്ടു്. അക്കാലത്തു് ഓരോ ഗ്രാമത്തിനും അതതിന്റെ പഞ്ചായത്തുകൾ ഉണ്ടായിരുന്നു. ഗ്രാമത്തിലെ തലവനും മററു പ്രായം ചെന്ന കുറെ അംഗങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. ഇവയ്ക്കു ഉപരിയായി ഉണ്ടായിരുന്നതു് "ജില്ലാക്കോടതി"കളാണു്. ഇവയിലെ അദ്ധ്യക്ഷനെ കേന്ദ്രസക്കാരാണു് നിയമിച്ചിരുന്നതു്. നീതിപാലകന്മാരെ സഹായിക്കുന്നതിനും ആളുകളുണ്ടായിരുന്നു. ഇവിടെ ഗ്രാമക്കോടതികളിൽ നിന്നുള്ള അപ്പീലുകൾ കേൾക്കുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. നീതിനിവ്വഹണവിഭാഗത്തിന്റെ ഏററവും ഉന്നതസ്ഥാനം രാജകീയകോടതിയാണു്. തത്വത്തിൽ രാജാവു് ഇതിനു ആദ്ധ്യക്ഷ്യം വഹിക്കുന്നതായിട്ടാണു് കരുതിയിരുന്നതു്. പ്രയോഗത്തിൽ പ്രാഡ്വിപാകൻ (ചീഫ് ജസ്റ്റീസ്) ആണു് അതു് നിർവ്വഹിക്കുന്നതു്. പ്രാഡ്വിപാകനെ സ്വകൃത്യനിവ്വഹണത്തിൽ സഹായിക്കുന്നതിനു് ധാർമ്മികന്മാരുണ്ടായിരുന്നു. ഈ കേന്ദ്രകോടതി അപ്പീൽ കോടതിയായിട്ടുമാത്രമാണു് പ്രധാനമായി പ്രവത്തിച്ചിരുന്നതു്. എങ്കിലും അതു് സ്ഥിതിചെയ്യുന്ന പ്രദേശത്തിൽ നിന്നു് ചില അസ്സൽ കേസുകളും കേൾക്കാറുണ്ടു്.[1]

---

1 Our Judicial System by G. D. Khosla.

അദ്ധ്യായം പതിനാറ്

പിന്നോക്കവർഗ്ഗങ്ങളെപ്പററിയുള്ള വ്യവസ്ഥകൾ

ഭരണഘടനയിൽ അഞ്ചാംപട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പട്ടികജാതികളും പിന്നോക്കവർഗ്ഗങ്ങളും അധിവസിക്കുന്ന പ്രദേശങ്ങളെ സംബന്ധിക്കുന്നവയാണ്. ഈ പ്രദേശങ്ങൾ സംസ്ഥാനങ്ങളിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ ആസ്സാമിനെ സംബന്ധിച്ച് ആറാംപട്ടികയിലാണ് വ്യവസ്ഥകൾ ചെയ്തിരിക്കുന്നത്.[1] മററു സംസ്ഥാനങ്ങളിൽ ഇപ്രകാരമുള്ള പ്രദേശങ്ങൾ ഏതെന്ന് രാഷ്ട്രപതി പ്രഖ്യാപിക്കുന്നതായിരിക്കും. രാഷ്ട്രപതി അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഒരു പ്രദേശം അടങ്ങിയ സംസ്ഥാനത്തിൽ ഇരുപതിൽ കവിയാത്ത അംഗങ്ങളുള്ള ഒരു ഗോത്രവർഗ്ഗോപദേശകസമിതി സ്ഥാപിക്കേണ്ടതാണ്.[2] അതിൽ കഴിയുന്നിടത്തോളം നാലിൽ മൂന്നുഭാഗമെങ്കിലും ആ സംസ്ഥാനത്തിലെ നിയമസഭയിലെ പട്ടികജാതികളുടെ പ്രതിനിധികൾ ആയിരിക്കേണ്ടതുമാണ്. എന്നാൽ ആ സംസ്ഥാനത്തെ നിയമസഭയിലെ പട്ടികജാതിപ്രതിനിധികളുടെ സംഖ്യ ഗോത്രവർഗ്ഗോപദേശകസമിതിയിൽ അങ്ങിനെയുള്ള പ്രതിനിധികളെക്കൊണ്ട് നിറയ്ക്കേണ്ട സ്ഥാനങ്ങളുടെ സംഖ്യയിൽ കുറവാണെങ്കിൽ ബാക്കി സ്ഥാനങ്ങൾ ഗോത്രവർഗ്ഗത്തിലെ മററ് അംഗങ്ങളെക്കൊണ്ട് പൂരിപ്പിക്കേണ്ടതാണ്. ഗവർണ്ണറെ പട്ടികജാതിക്കാരുടെയും പിന്നോക്കവർഗ്ഗങ്ങളുടെയും ക്ഷേമത്തേയും പുരോഗതിയേയും സംബന്ധിച്ച് ഉപദേശിക്കുകയെന്നുള്ളത് ഉപദേശകസമിതിയുടെ

---

1. Article: 214.
2. Fifth Schedule. Para 4.

കർത്തവ്യമാണു്. ഗവർണ്ണർക്കു് പൊതുവിജ്ഞാപനംമൂലം പാർലിമെൻറിൻെറയോ സംസ്ഥാനനിയമസഭയുടെയോ ഏതെങ്കിലും പ്രത്യേകനിയമം, പട്ടികജാതികളും പിന്നോക്ക വർഗ്ഗങ്ങളും അധിവസിക്കുന്ന ഏതെങ്കിലും പ്രദേശത്തോ, അതിൻെറ ഏതെങ്കിലും ഭാഗത്തിനോ ബാധകമല്ലെന്നോ ആണെന്നോ നിർദ്ദേശിക്കാൻ കഴിയും. ഇതനുസരിച്ചു് നൽകുന്ന നിർദ്ദേശങ്ങൾക്കു് ഭൂതകാലബാദ്ധ്യത ഉണ്ടായിരിക്കാവുന്നതുമാണു്. സൽഭരണത്തിനും സമാധാനത്തിനും വേണ്ടി ചട്ടങ്ങൾ (റഗുലേഷൻ) ഉണ്ടാക്കുവാൻ ഗവർണ്ണർക്കു് കഴിവുണ്ടു്. അതിലെ വ്യവസ്ഥകൾ അനുസരിച്ചു് പട്ടികജാതികളോ അവരുടെയിടയിലെ വിഭാഗങ്ങളോ തമ്മിൽ ഭൂമി കൈമാററം ചെയ്യുന്നതു് നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യാം. അതുപോലെ അവരുടെ ഇടയിലെ ഭൂവിതരണം ക്രമപ്പെടുത്താം. പട്ടികവർഗ്ഗക്കാരുടെ ഇടയിൽ പണം കടം കൊടുക്കുന്ന തൊഴിലിൽ ഇരിക്കുന്നവരുടെ ഇടപാടുകൾ ക്രമപ്പെടുത്തുന്നതിനും സാധിക്കും. മുകളിൽ പറഞ്ഞ സംഗതികൾക്കുവേണ്ടി ചട്ടങ്ങൾ (റെഗുലേഷൻ) ഉണ്ടാക്കുമ്പോൾ ആ പ്രദേശത്തേക്കു് തൽക്കാലം ബാധകമായിട്ടുള്ള കേന്ദ്രനിയമങ്ങളോ സംസ്ഥാനനിയമങ്ങളോ നിരസിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാവുന്നതായിരിക്കും. ചട്ടങ്ങൾ (റെഗുലേഷൻ) നിമ്മിച്ചാൽ ഉടനടി രാഷ്ട്രപതിയ്ക്കു് സമപ്പിച്ചു് അംഗീകാരം വാങ്ങണം. രാഷ്ട്രപതി അനുമതി നൽകുന്നതുവരെ അവ അസാധുവായിരിക്കും. ചട്ടങ്ങൾ (റെഗുലേഷൻ) നിർമ്മിക്കുന്നതു് ഗോത്രവർഗ്ഗോപദേശകസമിതിയോടു് ആലോചിച്ചുതന്നെവേണം.

രാഷ്ട്രപതി ഉത്തരവാകുന്നപക്ഷം പട്ടികവർഗ്ഗങ്ങൾ ഉള്ള ഒരു സംസ്ഥാനത്തിൽ—അവിടെ പട്ടികജാതികളുടെ പ്രദേശം അംഗീകരിച്ചിട്ടില്ലെങ്കിൽതന്നെ—ഗോത്രവർഗ്ഗോപ

ദേശകസമിതി സംഘടിപ്പിക്കാം. ഗോത്രവർഗ്ഗോപദേശകസമിതികൾ ബീഹാർ, മദ്ധ്യപ്രദേശം, മദിരാശി, ഒറീസ്സാ, പഞ്ചാബ്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ആന്ധ്രസംസ്ഥാനത്തിലെ സമിതി അടുത്തുതന്നെ സംഘടിപ്പിക്കപ്പെടുന്നതായിരിക്കും. പശ്ചിമബംഗാളിൽ പട്ടികജാതിപ്രദേശം ഇല്ല. എന്നാൽ അവിടെയുള്ള പട്ടികവർഗ്ഗങ്ങളുടെ ക്ഷേമത്തെ ആസ്പദമാക്കി ഒരു സമിതി സംഘടിപ്പിച്ചിരിക്കുന്നു.

പട്ടികജാതിക്കാർ അധിവസിക്കുന്ന പ്രദേശങ്ങളുള്ള ഓരോ സംസ്ഥാനത്തിലേയും ഗവർണ്ണർമാർ പ്രതിവർഷമോ അല്ലെങ്കിൽ രാഷ്ട്രപതി ആവശ്യപ്പെടുമ്പോഴോ, ആ സംസ്ഥാനത്തിലെ പട്ടികജാതിപ്രദേശങ്ങളുടെ ഭരണത്തെപ്പററി, രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിക്കണം എന്നും വ്യവസ്ഥയുണ്ട്.

പട്ടികജാതിക്കാരുടെയും ഗോത്രവർഗ്ഗങ്ങളുടെയും പ്രദേശങ്ങളെ സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച കാര്യങ്ങളൊന്നും ജമ്മു-കാശ്മീർ സംസ്ഥാനത്തെ ബാധിക്കുന്നതല്ലെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.[1]

പാർലിമെൻറിൽ ഈയിടെ അവതരിപ്പിക്കപ്പെട്ട ഒരു ബില്ലനുസരിച്ച് പട്ടികജാതിക്കാരുടെ പട്ടികകളിൽ ചില വ്യത്യാസങ്ങൾ വരുത്തുന്നതാണ്. സിക്കുകാരുടെയിടയിലുള്ള പട്ടികജാതിക്കാരെ മററവിടെയുമുള്ള പട്ടികജാതിക്കാരെപ്പോലെതന്നെ കണക്കാക്കണമെന്നതാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പ്രധാന മാററം. ഭരണഘടനയിൽ ആ ജനവിഭാഗത്തിനു അനുവദിച്ചിട്ടുള്ള എല്ലാ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അവരും അർഹരായിത്തീരും.

1. Constitution (Application to Jammu & Kashmir) Order 1954

ചില സംസ്ഥാനങ്ങളിലെ പട്ടികജാതിക്കാക്കു നിയമസഭകളിൽ സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനുള്ള അവകാശത്തിന്റെ നിയന്ത്രണത്തിൽ അയവു വരുത്തുകയാണു് ബില്ലിലെ മറെറാരു വ്യവസ്ഥയുടെ ഉദ്ദേശം. രാജസ്ഥാനെ സംബന്ധിച്ചിടത്തോളം ഈ നിയന്ത്രണങ്ങൾ പൂർണ്ണമായി പിൻവലിക്കപ്പെട്ടിരിക്കുന്നു. മദ്ധ്യഭാരതത്തിലെ സ്ഥിതി കൂടുതൽ പരിഷ്കരിച്ചിട്ടുണ്ടു്.

പട്ടികജാതിക്കാരുടെ സംഖ്യയിൽ 25 ലക്ഷത്തിൻെറ വർദ്ധനവുണ്ടാകുമെന്നതാണു് ഈ മാറ്റങ്ങളുടെഫലം. ഇതുമൂലം അവർക്കു ലോകസഭയിൽ 4-ം സംസ്ഥാനനിയമനിർമ്മാണസഭകളിൽ 21-ം സ്ഥാനങ്ങൾ കൂടുതൽ ലഭിക്കുന്നതാണു്.

ഇതുപോലെതന്നെ പട്ടികവർഗ്ഗക്കാരുടെ സംഖ്യ 32 ലക്ഷം കണ്ടു വർദ്ധിക്കുന്നതും അവക്കു ലോകസഭയിൽ 5-ം സംസ്ഥാനനിയമസഭകളിൽ 32-ം സ്ഥാനങ്ങൾകൂടി ലഭിക്കുന്നതും ആണു്.

പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പ്രാതിനിധ്യം പാർലിമെൻറിലും നിയമസഭകളിലും വർദ്ധിക്കുന്നതുമൂലം അവക്കു ദേശീയപ്രശ്നങ്ങൾ തീരുമാനിക്കുന്നതിൽ, പ്രത്യേകിച്ചു സ്വന്തം ക്ഷേമം സംബന്ധിച്ച കാര്യങ്ങൾ നിശ്ചയിക്കുന്നതിൽ കൂടുതൽ വലിയപങ്കു വഹിക്കാൻ കഴിയും.

പിന്നോക്കജാതിക്കാരുടെ ഉന്നമനത്തിനു ഒന്നാം പഞ്ചവത്സര പദ്ധതിയിൽ 4 കോടി ക. വകയിരുത്തിയിരുന്നു. എന്നാൽ ഗവർമ്മെണ്ടംഗീകരിച്ച പിന്നോക്കജാതിക്കാരുടെ പട്ടികയൊന്നുമില്ലാതിരുന്നതിനാൽ ഇതു ഏതു ജനവിഭാഗത്തിൻെറ ഗുണത്തിനുപയോഗിക്കണമെന്നു നിർണ്ണയിക്കുക പ്രയാസമായിരുന്നു. ചില സംസ്ഥാനഗവമ്മെൻറുകൾ ഇത്തരം പട്ടികകൾ തയ്യാറാക്കിയിരുന്നെങ്കിലും പിന്നോക്കനില നിർണ്ണ

യിക്കുന്നതിനു ഐകരൂപ്യമുള്ള അളവുകോലുകൾ ഉണ്ടായിരുന്നില്ല.

പിന്നാക്കസമുദായക്കമ്മിഷൻെറ ശുപാർശകളനുസരിച്ചു ഇന്ത്യാഗവർമ്മെൻറിൻെറ അനുമതി ലഭിക്കുന്നതുവരെ, ഈ തുക, അയിത്തോച്ചാടനത്തിനും മുൻ ക്രിമിനൽ വർഗ്ഗക്കാരുടെ ക്ഷേമത്തിനും മററും സംസ്ഥാനഗവമ്മെണ്ടുകൾക്കു ധനസഹായം നൽകാൻ ഉപയോഗിക്കപ്പെട്ടു. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പിന്നോക്കസമുദായക്ഷേമപദ്ധതികളിലെല്ലാം വിദ്യാഭ്യാസം, വാർത്താവിനിമയം, വൈദ്യസഹായം, പൊതുജനാരോഗ്യം, ഗ്രാമസൗകര്യം തുടങ്ങിയവയുടെ വികസനത്തിനാണു് പ്രാധാന്യം നൽകിയിരുന്നതു്.

ആസ്സാമിലെ ഗോത്രവർഗ്ഗപ്രദേശങ്ങൾ

ഐക്യഖാസിജയിൻഷ്യ മലമ്പ്രദേശജില്ല, ഗാറോകുന്നിൻപ്രദേശജില്ല, മൈസോജില്ല,[2] നാഗാകുന്നിൻപ്രദേശജില്ല, ഉത്തരകച്ചാർ മലമ്പ്രദേശങ്ങൾ, മിക്കീർ കുന്നിൻപ്രദേശങ്ങൾ എന്നിവ സ്വയംഭരണജില്ലകളാണു്. ഈ സ്വയംഭരണ ജില്ലകളിൽ ഓരോ ജില്ലാസമിതികൾ ഉണ്ടായിരിക്കും. അതിൽ ആകെ അംഗങ്ങൾ ഇരുപത്തിനാലിൽ കവിഞ്ഞുകൂടാ. അംഗങ്ങളിൽ കുറഞ്ഞതു് മുക്കാൽപങ്കും പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരായിരിക്കണം. ഒരു സ്വയംഭരണ ജില്ലയിൽ വിവിധപട്ടികജാതികളുണ്ടെങ്കിൽ അവർക്കോരോരുത്തക്കും സ്വയംഭരണപ്രദേശങ്ങൾ അനുവദിക്കുന്നതാണു്. ഓരോ പ്രദേശത്തിനും പ്രത്യേക പ്രാദേശിക സമിതിയും അനുവദിച്ചിരിക്കുന്നു. അവയ്ക്കു് ശാശ്വതമായ പിൻതുടർച്ചയും പൊതുവായ മുദ്രയും ഉണ്ടായി

2. Lushai Hills District (Change of Name) Act 1954. Section 3.

രിക്കുന്നതും അവരുടെ നാമധേയത്തിൽ വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും ആകുന്നു. ഭരണഘടനയിലെ ആറാം പട്ടികയിലെ വ്യവസ്ഥകൾക്കധീനമായി ഒരു സ്വയം ഭരണജില്ലയുടെ ഭരണം ജില്ലാസമിതിയിൽ നിക്ഷിപ്തമായിരിക്കും. സ്വയംഭരണ പ്രദേശത്തിൻെറ ഭരണാധികാരം പ്രാദേശിക സമിതിയിലും ആയിരിക്കും ഇരിക്കുന്നതു്.

പ്രാദേശിക സമിതിക്കു് അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾക്കും ജില്ലാസമിതിക്കു് പ്രാദേശികസമിതിയുടെ നിയന്ത്രണ പ്രദേശമുണ്ടെങ്കിൽ അതൊഴിച്ചുള്ള ജില്ലാപ്രദേശങ്ങൾക്കും കൃഷി, വനം, തുടങ്ങിയ ചില കാര്യങ്ങളിൽ നിയമം നിർമ്മിക്കുവാൻ ശക്തിയുണ്ടായിരിക്കുന്നതാണു്. ഇതിൻ പ്രകാരം നിർമ്മിക്കുന്ന എല്ലാനിയമങ്ങളും ഉടനടി ഗവർണ്ണർക്കു് സമർപ്പിച്ചു് അദ്ദേഹത്തിൻെറ അംഗീകാരം വാങ്ങേണ്ടതാണു്. അല്ലാത്തപക്ഷം അവയ്ക്കു് ശക്തിയുണ്ടായിരിക്കുകയില്ല. ഗ്രാമസമിതികളോ കോടതികളോ സംവിധാനം ചെയ്യുന്നതിനും ഈ സമിതികൾക്കു് അധികാരമുണ്ടു്. ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി പ്രാദേശികസമിതിക്കോ ജില്ലാ സമിതിക്കോ ഗ്രാമസമിതികളുടേയും കോടതികളുടേയും സംഘടനയും ശക്തിയും കേസ്സുകളുടെ വിചാരണയിലും അപ്പീലിലും അവ സ്വീകരിക്കേണ്ട നടപടികളും മററും ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണു്. ചില വ്യവഹാരങ്ങളുടെയും കുററങ്ങളുടെയും വിചാരണയ്ക്കു്, പ്രാദേശിക സമിതികൾക്കും ജില്ലാസമിതികൾക്കും ചില കോടതികൾക്കും ഉദ്യോഗസ്ഥന്മാർക്കും സിവിൽ നടപടി നിയമമനുസരിച്ചും ക്രിമിനൽ നടപടി നിയമം അനുസരിച്ചും ഗവർണ്ണർക്കു് യുക്തമെന്നു തോന്നുന്ന അധികാരങ്ങൾ നല്കാവുന്നതും, അതിനുശേഷം പ്രസ്തുത സമിതിയോ കോടതിയോ അധികാരസ്ഥാനമോ ആ അധികാരങ്ങൾ ഉപയോഗിച്ചു് വിചാരണ ചെയ്യേണ്ടതുമാണു്.

ഇങ്ങനെ നല്കുന്ന അധികാരം ഗവർണ്ണർക്ക് പിൻവലിക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യാം.

ജില്ലാസമിതിക്ക് ആ ജില്ലയിൽ പ്രാഥമികവിദ്യാലയങ്ങളും ആശുപത്രികളും ചന്തസ്ഥലങ്ങളും കടത്തുകളും റോഡുകളും ജലമാർഗ്ഗങ്ങളും സ്ഥാപിക്കുകയോ പണികഴിപ്പിക്കുകയോ ചെയ്യാം. പ്രത്യേകിച്ച് ജില്ലയിൽ പ്രാഥമികവിദ്യാഭ്യാസപ്രചാരത്തിനു സ്വീകരിക്കേണ്ട ഭാഷയും രീതിയും നിർണ്ണയിക്കേണ്ടതു് ജില്ലാസമിതിതന്നെ. പ്രാദേശികസമിതിയോ ജില്ലാസമിതിയോ നിർമ്മിക്കുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും സംസ്ഥാനത്തെ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണു്. അതോടുകൂടിയേ അവയ്ക്കു് നിയമസാഫല്യം സിദ്ധിക്കൂ.

ഏതെങ്കിലും ഘട്ടത്തിൽ ഗവർണ്ണർക്ക് ഒരു ജില്ലാസമിതിയുടെയോ പ്രാദേശികസമിതിയുടെയോ പ്രവൃത്തിയോ പ്രമേയമോ ഭാരതത്തിന്റെ ഭദ്രതയെ വിപത്തിലാക്കുവാൻ ഇടയായേക്കുമെന്നു ബോദ്ധ്യമാകുന്നപക്ഷം, ആ പ്രവർത്തനത്തെയോ പ്രമേയത്തെയോ റദ്ദാക്കുകയോ നിറുത്തിവയ്ക്കുകയോ ചെയ്യാവുന്നതാണു്. അതിലേയ്ക്കു് ആവശ്യമെന്നു വിചാരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ഇതിനു് ഗവർണ്ണർ നിർമ്മിക്കുന്ന ഏതൊരുത്തരവും കാരണങ്ങൾസഹിതം കഴിയുന്നതും വേഗത്തിൽ സംസ്ഥാനനിയമസഭയിൽ സമർപ്പിക്കേണ്ടതും, നിയമസഭ അതു് നിരസിച്ചില്ലെങ്കിൽ പന്ത്രണ്ടുമാസത്തോളം ഊർജ്ജിതത്തിലിരിക്കുന്നതുമാണു്.

വടക്കുകിഴക്കേ അതിർത്തിപ്രദേശം, നാഗവർഗ്ഗപ്രദേശം എന്നിവിടങ്ങൾ പ്രാരംഭത്തിൽ ആസ്സാംഗവർണ്ണർ അദ്ദേഹത്തിന്റെ യുക്താധികാരം പ്രയോഗിച്ചു് ഭരിക്കുന്നതാണു്. രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അംഗീകാരം നേടിയിട്ടുള്ള പൊതുവിജ്ഞാപനം അനുസരിച്ചു്, സ്വയംഭരണ ജില്ലകൾക്കു് ബാധകമായ വ്യവസ്ഥകൾ വടക്കുകിഴക്കേ അതിർത്തിപ്രദേശം,

നാഗവര്‍ഗ്ഗപ്രദേശം എന്നിവയ്ക്കുകൂടി ബാധകമാക്കാവുന്നതായിരിക്കും.[1]

ഭാരതത്തിന്റെ സഞ്ചിതനിധിയില്‍നിന്നു് ആസ്സാംസംസ്ഥാനത്തിന്റെ ആവശ്യത്തിലേയ്ക്കു് സഹായധനം നല്‍കുന്നതാണു്.[2] ഗോത്രവര്‍ഗ്ഗങ്ങളുടെ ഉദ്ധാരണപ്രവര്‍ത്തനങ്ങള്‍ക്കായി അതു് വിനിയോഗിക്കുന്നതായിരിക്കും.

ചില വര്‍ഗ്ഗങ്ങളെ സംബന്ധിച്ചുള്ള വിശേഷ വ്യവസ്ഥകള്‍

നമ്മുടെ ഭരണഘടനയില്‍ വര്‍ഗ്ഗീയ നിയോജകമണ്ഡലങ്ങളോ പ്രത്യേക നിയോജകമണ്ഡലങ്ങളോ അംഗീകരിച്ചിട്ടില്ല. സഹോദരസമുദായങ്ങള്‍ തമ്മില്‍ ഭിന്നിച്ചു അവസാനം ഭാരതത്തെ രണ്ടായി പങ്കുവയ്ക്കുന്നതിനു് ഇടയാക്കിയ സാഹചര്യങ്ങള്‍ സൃഷ്ടിച്ചതു് അവയാണെന്നുള്ളതു് എല്ലാവര്‍ക്കും അറിവുള്ള കാര്യമാണു്. സാമാന്യമായി പറയുന്നപക്ഷം നമ്മുടെ നാട്ടിലെ പൗരന്മാരെയെല്ലാം ഒരൊററ സമ്മതിദായകപ്പട്ടികയില്‍ വര്‍ഗ്ഗവര്‍ണ്ണമതലിംഗഭേദമെന്യേ ഉള്‍പ്പെടുത്തിയിരിക്കുകയാണു്. എന്നാല്‍ ചരിത്രപരമായ കാരണങ്ങളാല്‍ ചില സഹോദരവര്‍ഗ്ഗങ്ങളെ മററുള്ളവക്കൊപ്പം വളര്‍ത്തിയെടുക്കുന്നതുവരെ ചില പ്രത്യേക വ്യവസ്ഥകള്‍ ആവശ്യമായി വന്നിട്ടുണ്ടു്. അതിനായി നമ്മുടെ ഭരണഘടനയില്‍ ഒരു നിശ്ചിത കാലഘട്ടംവരെ ഒരു പ്രത്യേക പരിഗണന നല്‍കുന്നതിനു് ഏര്‍പ്പാടുകള്‍ ചെയ്തിരിക്കുന്നു. അങ്ങിനെയുള്ള വിഭാഗങ്ങള്‍ പട്ടികജാതിയും പട്ടികവര്‍ഗ്ഗവും, ആംഗ്ലോഇന്‍ഡ്യന്‍സും ആകുന്നു.

---

1. Sixth Schedule of the Constitution.

2. Article 275.

സംസ്ഥാനങ്ങളിലെ ഗവർണ്ണറന്മാരുമായി ആലോചിച്ച് പട്ടിക വർഗ്ഗത്തിലും ജാതിയിലും ഉൾപ്പെടുത്തേണ്ടവരുടെ ഒരു പട്ടിക തയ്യാറാക്കുന്നതിന് രാഷ്ട്രപതിയെ ഭരണഘടന അധികാരപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടിക പുതുക്കുന്നതിന് പാർലിമെൻറിന് സാധിക്കുകയും ചെയ്യും.[1] ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രത്യേക വ്യവസ്ഥകൾ പ്രസ്തുത പട്ടികയിൽ ചേർത്തിട്ടുള്ള വർഗ്ഗങ്ങൾക്ക് ബാധകമായിരിക്കും. ഇതിലേക്കുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.[2]

ഭാരതത്തിൽ സാമൂഹ്യവും വിദ്യാഭ്യാസപരവും ആയി പിന്നാക്കം നിൽക്കുന്ന വർഗ്ഗങ്ങളുടെ നിലയേയും അവർ അനുഭവിക്കുന്ന കഷ്ടതകളേയുംപററി അന്വേഷിച്ച് റിപ്പോർട്ട സമർപ്പിക്കുന്നതിനായി രാഷ്ട്രപതിയ്ക്ക് ഒരു കമ്മിഷനെ നിയമിക്കാം. ആ വർഗ്ഗങ്ങളുടെ നില അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ കമ്മിഷന് ശുപാർശ ചെയ്യാം. സ്വീകാര്യങ്ങളായ ശുപാർശകൾ നടപ്പിൽ വരുത്തുവാൻ സഹായധനം എത്രമാത്രം നീക്കിവയ്ക്കണമെന്നും, ഏതു വ്യവസ്ഥകളിൽ വേണം അതു് വിതരണം ചെയ്യേണ്ടതെന്നും, കമ്മിഷന് നിർദ്ദേശിക്കാം. അവരുടെ റിപ്പോർട്ടിൻെറ ഒരു പ്രതി അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദീകരണത്തോടുകൂടി പാർലിമെൻറിൻെറ ഇരുസഭകളിലും രാഷ്ട്രപതി സമർപ്പിക്കേണ്ടതാണ്.[1] സഭാസാമാജികന്മാർക്ക് അതിനെക്കുറിച്ച് സഭയിൽ ചർച്ച നടത്തുകയും ചെയ്യാം.

---

1. Article 341 & 342 as amended by Constitution (Seventh Amendment) Act 1956.
2. Constitution (Scheduled Castes) order 1950 etc
   Constitution (Scheduled Castes) Part C States Order 1951.
3. Article 226.

പട്ടികജാതികൾക്കും വർഗ്ഗങ്ങൾക്കുംവേണ്ടി രാഷ്ട്രപതിയാൽ നിയമിക്കപ്പെടേണ്ട ഒരു പ്രത്യേക ഉദ്യോഗസ്ഥൻ ഉണ്ടായിരിക്കേണ്ടതാണെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പട്ടികജാതികൾക്കും വർഗ്ഗങ്ങൾക്കും വ്യവസ്ഥചെയ്തിട്ടുള്ള സംരക്ഷണവ്യവസ്ഥകളെ സംബന്ധിച്ചുള്ള എല്ലാക്കാര്യങ്ങളെയും പററി അന്വേഷണം നടത്തുന്നതും, സംരക്ഷണവ്യവസ്ഥയുടെ പ്രവൎത്തനത്തിൽനിന്ന് അനുഭവത്തിൽ വന്നിട്ടുള്ള സംഗതികളെ സംബന്ധിച്ച് റിപ്പോർട്ട നൽകുന്നതും ഈ ഉദ്യോഗസ്ഥൻെറ കൎത്തവ്യമാണ്. ആ റിപ്പോർട്ടുകൾ പാർലിമെൻറിൽ സമർപ്പിക്കുന്നതിന് രാഷ്ട്രപതി ഏർപ്പാട്ട ചെയ്യണം. പിന്നോക്കസമുദായക്കമ്മിഷൻെറ ശുപാശയിന്മേൽ രാഷ്ട്രപതി പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഉൾക്കൊള്ളിച്ചേക്കാവുന്ന എല്ലാ ജനവിഭാഗങ്ങളേയും ആംഗ്ലോഇന്ത്യൻ സമുദായത്തേയും ഇതിൻെറ പരിധിയിൽകൊണ്ടുവന്നിട്ടുണ്ടെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.[2] ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് പട്ടികജാതികൾക്കും വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ഒരു കമ്മീഷണരെ 1950 നവംബറിൽ രാഷ്ട്രപതി നിയമിക്കുകയുണ്ടായി. അദ്ദേഹത്തെ സ്വകൃത്യങ്ങളിൽ സഹായിക്കുന്നതിന് ആറ് അസിസ്റ്റൻറ് പ്രാദേശിക കമ്മീഷണറന്മാരേയും നിയമിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാരതമൊട്ടാകെ ആറ് മേഖലകളായി വിതിച്ച് പ്രാദേശികകമ്മീഷണന്മാരെ ഓരോ മേഖലയുടെ ചുമതല ഏല്പിച്ചിരിക്കുകയാണ്. നാളിതുവരെ കേന്ദ്രക്കമ്മീഷണർ രാഷ്ട്രപതിക്ക് നാലു റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഏററവും അടുത്തകാലത്ത് സമപ്പിച്ചതു് 1955 ഫെബ്രുവരി മാസത്തിലായിരുന്നു.

നിയമത്തിൻെറ മുമ്പിൽ ഭാരതത്തിലെ പൗരന്മാരെല്ലാം സമന്മാരാണ്. മതത്തിൻെറയോ ജാതിയുടെയോ വർഗ്ഗത്തി

1. Article: 340. 2. Article: 338

ൻേറയോ ലിംഗത്തിൻേറയോ ജനനസ്ഥലത്തിൻേറയോ കാരണത്തിന്മേൽ സക്കാർ ഒരു വിവേചനം കാണിക്കുന്നതല്ല; ഷാപ്പുകളിലോ ഹോട്ടലുകളിലോ പൊതുവിനോദസ്ഥലങ്ങളിലോ പ്രവേശിക്കുന്നതിനോ കുളങ്ങൾ, കിണറുകൾ, രാജപാതകൾ തുടങ്ങിയവ ഉപയോഗിക്കുന്നതിനോ തടസ്സമുണ്ടായിരിക്കുകയില്ല.[1] സക്കാരിൻെറ സ്വാധീനതയിലുള്ള ഏതെങ്കിലും ജോലിയ്ക്കോ ഉദ്യോഗത്തിനോ എല്ലാ പൗരന്മാക്കും അവസരസമത്വം ഉണ്ടായിരിക്കുന്നതിനു് വ്യവസ്ഥയുണ്ടു്. ഒരാളിനേയും വിവേചനത്തിനു വിധേയനാക്കുന്നതല്ല.[2] എന്നാൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്നവരുടെ ഉന്നമനത്തിന്നായി പ്രത്യേക നിബന്ധനകൾ നിമ്മിക്കുന്നതിനു് സക്കാരിനു് കഴിവുണ്ടു്. ഇതു് 1951-ലെ ഭരണഘടനാഭേദഗതി മൂലമാണു് നല്കിയിരിക്കുന്നതു്.

പട്ടികജാതിക്കാക്കും പട്ടികവഗ്ഗങ്ങൾക്കും മററുള്ളവക്കൊപ്പം പരിപൂണ്ണസമത്വം നല്കിയിരിക്കുന്നു. അയിത്തം നിരോധിക്കുക മാത്രമല്ല അതു് ഏതെങ്കിലും രീതിയിൽ ആചരിക്കുന്നതു് വിലക്കുകയും ചെയ്തിട്ടുണ്ടു്. അയിത്തത്തിൻെറ ആചരണംമൂലം ഉണ്ടായേക്കാവുന്ന ഏതെങ്കിലും അവശതകൾ അംഗീകരിക്കുന്നതു കുററകരവും ആണു്. അയിത്താചരണം ശിക്ഷാർഹം ആക്കിക്കൊണ്ടു് പാർലിമെൻറു് നിയമം പാസ്സാക്കിയിട്ടുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണു്.[3] ഈ നിയമംകൊണ്ടു് അയിത്താചരണം പോലീസ് നേരിട്ടു് കേസ്സെടുക്കാവുന്ന കുററമാക്കിത്തീത്തിട്ടുണ്ടു്. ആറുമാസം തടവോ അഞ്ഞൂറുരൂപാ പിഴയോ അതു രണ്ടും കൂടിയോ കോടതിയ്ക്കു് ശിക്ഷിക്കുകയും ചെയ്യാം.

---

1. Article: 15 2. Article: 16
3. The Untouchability (Offences) Act 1955

ജനസഭയിലും സംസ്ഥാനനിയമസഭകളിലും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സ്ഥാനങ്ങൾ സംവരണം ചെയ്തിരിക്കുന്നു. ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൻറെ പ്രാതിനിധ്യം നാമനിർദ്ദേശത്താലാണ് ഏർപ്പാടുചെയ്തിട്ടുള്ളതു്. ഇവ ഭരണഘടനയുടെ പ്രവർത്തനാരംഭംമുതൽ പത്തുവർഷത്തേക്ക് തുടരുന്നതായിരിക്കും.[1] ഏതെങ്കിലും സംസ്ഥാനത്തിൽ പട്ടികജാതികൾക്കോ വർഗ്ഗങ്ങൾക്കോ സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളുടെ സംഖ്യ, ആ സംസ്ഥാനത്തിലെ പട്ടികജാതികളുടെയോ വർഗ്ഗങ്ങളുടെയോ ജനസംഖ്യ ആ സംസ്ഥാനത്തെ മൊത്തജനസംഖ്യയോട് വഹിക്കുന്ന അതേ അനുപാതംതന്നെ കഴിവുള്ളിടത്തോളം, ആ സംസ്ഥാനത്തിന് ജനസഭയിൽ നീക്കിവച്ചിട്ടുള്ള സ്ഥാനങ്ങളോട് വഹിക്കേണ്ടതാണ്.[2]

ഉദ്യോഗമണ്ഡലത്തിൽ ഉള്ള രക്ഷാവ്യവസ്ഥകൾകൂടി വ്യക്തമാക്കുന്നതു് അസ്ഥാനത്തായിരിക്കുകയില്ലല്ലോ. കേന്ദ്രത്തിൻറെയോ സംസ്ഥാനങ്ങളുടെയോ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് നിയമനങ്ങൾ നടത്തുമ്പോൾ, രാജ്യഭരണത്തിൻറെ കാര്യക്ഷമതയെ വിപരീതമായി ബാധിക്കരുതെന്നുള്ളതിനു വിധേയമായി, പട്ടികജാതികളിലും വർഗ്ഗങ്ങളിലും പെട്ടവർക്കുള്ള അവകാശങ്ങൾ പരിഗണിക്കേണ്ടതാണ്.[3] പിന്നോക്കം നില്ക്കുന്ന ഈ വിഭാഗക്കാരുടെ ഉദ്യോഗങ്ങളിലുള്ള പ്രാതിനിധ്യം തൃപ്തികരമല്ലെന്നു തോന്നുന്നപക്ഷം, സംസ്ഥാനസർക്കാരിന് അവർക്കുവേണ്ടി സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിന് വ്യവസ്ഥചെയ്യുവാൻ തടസ്സമൊന്നുമില്ലെന്നുള്ളതും സ്മരണീയമാണ്.[4] ബീഹാർ, മദ്ധ്യപ്രദേശം, ഒറീസ്സാ എന്നീ സംസ്ഥാ

1. Article: 334
2. Article: 330; 332.
3. Article: 335.
4. Article: 16 (4)

നങ്ങളുടെ കാര്യത്തിലും ഇതുപോലെയുള്ള വ്യവസ്ഥയുണ്ടെന്ന് സൂചിപ്പിച്ചിരുന്നത് ഓർമ്മിക്കുമല്ലോ.[1]

ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള സംരക്ഷണ വ്യവസ്ഥകൾ

ഭാഷാന്യൂന പക്ഷങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് പ്രൈമറി വിദ്യാഭ്യാസം നൽകുന്നത് അവരുടെ മാതൃഭാഷയിൽ ആയിരിക്കേണ്ടതാണ്. സംസ്ഥാന വിദ്യാഭ്യാസമന്ത്രിമാർ 1949-ൽ നടത്തിയ സമ്മേളനത്തിൽ സ്വീകരിച്ച നിലപാട് പ്രവൎത്തനത്തിൽ കൊണ്ടുവരുന്നതിനാണ് ഇതിന്റെ ഉദ്ദേശം. സെക്കണ്ടറി വിദ്യാഭ്യാസത്തിൽ മാതൃഭാഷക്ക് നൽകേണ്ട സ്ഥാനത്തെക്കുറിച്ച് സംസ്ഥാന ഗവൺമെൻറുകളുമായി ആലോചിച്ച് വേണ്ടതു ചെയ്യുന്നതായിരിക്കും. ഭാഷാന്യൂനപക്ഷങ്ങൾ നടത്തുന്ന അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലാക്കുന്നതിനു് വിഷമംകൂടാതെ അനുവദിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യും. അങ്ങനെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവ സ്ഥിതിചെയ്യുന്ന സംസ്ഥാനത്തെ ഗവൺമെൻറ സഹായങ്ങൾ തുടർന്നു് നൽകേണ്ടതുമാണ്.

ഒരേ ഭാഷ സംസാരിക്കുന്നവർ എഴുപതു ശതമാനത്തിലധികം ഒരു സംസ്ഥാനത്തിലുണ്ടെങ്കിൽ ആ സംസ്ഥാനത്തെ ഏകഭാഷസംസ്ഥാനമായും മുപ്പതു ശതമാനമോ അതിൽ കൂടുതലോ അന്യഭാഷ സംസാരിക്കുന്നവർ അവിടെയുണ്ടെങ്കിൽ ആ സംസ്ഥാനത്തെ എല്ലാ ഭരണകാര്യങ്ങൾക്കും ദ്വിഭാഷാസംസ്ഥാനമായും പരിഗണിക്കുന്നതായിരിക്കും. ജില്ലകളിലും ഈ തത്വംതന്നെ സ്വീകരിക്കുന്നതാണ്. എന്നാൽ

1 Article: 164.

ഇതു് ഒരു സങ്കടക്കാരനു് തന്റെ ഹർജി, സംസ്ഥാനമോ യൂണിയനോ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും ഭാഷയിൽ, സമർപ്പിക്കുന്നതിനുള്ള അവകാശത്തെ വിപരീതമായി ബാധിക്കുകയില്ല. പ്രധാനപ്പെട്ട ഗവർമ്മെൻറു് അറിയിപ്പുകളും ചട്ടങ്ങളും മററും ജില്ലകളിലും മുനിസിപ്പൽ പ്രദേശങ്ങളിലും കുറഞ്ഞതു് പതിനഞ്ചുശതമാനത്തിൽ കുറയാതെ ഭാഷാന്യൂനപക്ഷങ്ങൾ അധിവസിക്കുന്നെങ്കിൽ, ആ ന്യൂനപക്ഷഭാഷയിൽ കൂടി പ്രസിദ്ധീകരിക്കുന്നതു് ഉചിതമാണെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇതു് ഭരണപരമായ സൗകര്യങ്ങളെ . പരിഗണിച്ചു് ചെയ്തിട്ടുള്ളതാണു്.

സംസ്ഥാനത്തിലെ അഖിലേന്ത്യാ സർവ്വീസുകളിലേയ്ക്കു് പുതിയതായി പ്രവേശിപ്പിക്കുന്നവരിൽ പകുതിയെങ്കിലും ആ സംസ്ഥാനത്തിനു് പുറത്തുനിന്നു് ആയിരിക്കണമെന്നു് ഒരു ശുപാർശയുണ്ടായിട്ടുണ്ടു്. ഭാവിയിൽ നിയമനങ്ങൾ നടത്തുമ്പോൾ ഇതു് ശ്രദ്ധിക്കുന്നതായിരിക്കും.

ഭാഷാന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ നോക്കുന്നതിനു വേണ്ടി ഒരു ഉദ്യോഗസ്ഥനെ രാഷ്ട്രപതി നിയമിക്കുന്നതായിരിക്കും. ഭാഷാന്യൂനപക്ഷങ്ങൾക്കു് ഭരണഘടനയിൽ നല്കിയിട്ടുള്ള രക്ഷാവ്യവസ്ഥകൾ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും അന്വേഷിക്കുന്നതു് ഈ ഉദ്യോഗസ്ഥന്റെ കർത്തവ്യമാണു്. രാഷ്ട്രപതി നിശ്ചയിക്കുന്ന കാലപരിധി ഇടവിട്ടു് ഇതു സംബന്ധിച്ചു് ഇദ്ദേഹം റിപ്പോർട്ടു സമർപ്പിക്കേണ്ടതുമാണു്. ഈ റിപ്പോർട്ടുകൾ രാഷ്ട്രപതി പാർലിമെൻറിൽ പരിഗണനയ്ക്കായി വെയ്പിക്കുന്നതും ആയിരിക്കും.

ഭാരതത്തിലെ ഭരണപരിഷ്കാരങ്ങൾമൂലം നാട്ടുവാഴികളുടെ നില വളരെ വ്യത്യാസപ്പെട്ടുകയുണ്ടായിട്ടുണ്ടല്ലോ. നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ചും മററും പുതിയ സംസ്ഥാന

ങ്ങളും രൂപം കൊണ്ടിട്ടുണ്ടു്. ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനുമുമ്പ് ഭാരതത്തിലെ നാട്ടുരാജ്യങ്ങളിലെ നാട്ടുവാഴികൾ ഭാരതസർക്കാരുമായി ഉടമ്പടിയിലോ, കരാറിലോ, ഏർപ്പെട്ടിട്ടുള്ളതനുസരിച്ചു് നികുതി ഈടാക്കാതെ അവക്കു് സ്വകാര്യച്ചിലവിലേക്കു് തുകകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നു് നൽകുന്നതായിരിക്കും. ആ തുകകൾ ആദായനികുതിതുടങ്ങിയ എല്ലാ നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടു്.[1] പാർലിമെന്റിന്റെയോ സംസ്ഥാനങ്ങളിലെ നിയമനിർമ്മാണസഭകളുടെയോ, നിയമനിർമ്മാണാധികാരം പ്രയോഗിക്കുമ്പോഴും, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നിർവ്വഹണാധികാരം പ്രയോഗിക്കുമ്പോഴും, മുകളിൽപറഞ്ഞ കരാറിലും ഉടമ്പടികളിലും ഏർപ്പെട്ടിട്ടുള്ള നാട്ടുവാഴികളുടെ വ്യക്തിപരമായ അവകാശങ്ങളും വിശേഷാധികാരങ്ങളും അന്തസ്സും സംബന്ധിച്ചു് നല്കിയിട്ടുള്ള വാഗ്ദാനത്തിനും ഉറപ്പിനും യഥാർത്ഥമായ പരിഗണന നൽകേണ്ടതാണു്.[2] ഈ കരാറുകളെയും ഉടമ്പടികളെയും സംബന്ധിക്കുന്ന വിവാദവിഷയങ്ങളിൽ തീരുമാനം ഉണ്ടാക്കുവാൻ സുപ്രീംകോടതിക്കൊ മറ്റേതെങ്കിലും കോടതികൾക്കോ അധികാരവും ഇല്ല.[3]

കേരളസംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നു് പ്രതിവർഷം നാല്പത്തിയാറുലക്ഷം രൂപാ തിരുവിതാംകൂറിലെ ദേവസ്വംബോർഡിനു് നൽകുന്നതിനു് വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇതു് ദേവസ്വങ്ങളുടെ നടത്തിപ്പിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയാണു്. മദിരാശി സംസ്ഥാനത്തിന്റെ സഞ്ചി

1. Article: 291 as amended by Constitution (Seventh Amendment) Act 1956.
2. Article: 362.
3. Article: 363.

തനിധിയിൽനിന്നു് പതിമ്മൂന്നരലക്ഷം രൂപാ പഴയ തിരു-കൊച്ചിയുടെ ഭാഗമായിരുന്ന ദക്ഷിണതിരുവിതാംകൂറിലെ ക്ഷേത്രങ്ങളുടെ ആവശ്യത്തിലേക്കു് നീക്കിവച്ചിരിക്കുന്നു. ഈ പ്രദേശം സംസ്ഥാന പുനഃസംഘടനയോടുകൂടി മദിരാശിയിൽ ചേർന്നതാണെന്നു് ഓർമ്മിക്കുമല്ലോ.[1]

പാർലിമെൻറ് നിയമംമൂലം വ്യവസ്ഥ ചെയ്യുന്നതിനു വിധേയമായി യൂണിയൻ പ്രദേശങ്ങളുടെ ഭരണം രാഷ്ട്രപതിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലായിരിക്കും നടത്തുന്നതു്. അദ്ദേഹം അധികാരം നടത്തുന്നതു് അഡ്മിനിസ്ട്രേറ്റർ മൂലമോ മററു വിധത്തിലോ ആകാം. സമീപസംസ്ഥാനത്തിലെ ഒരു ഗവർണ്ണരെ യൂണിയൻ പ്രദേശത്തിന്റെ ഭരണച്ചുമതല കൂടി ഏല്പിക്കുന്നതിനു് തടസ്സമൊന്നുമില്ല. ആ പ്രദേശത്തിന്റെ ഭരണം ഗവർണ്ണർ നടത്തുന്നതു് അദ്ദേഹത്തിൻെറ സംസ്ഥാനത്തിലെ മന്ത്രിമാരുടെ ഉപദേശം സ്വീകരിച്ചായിരിക്കുകയില്ല.[2] ആൻഡമാൻ, നിക്കോബർദ്വീപുകൾ, ലക്ഷദ്വീപ്, മിനിക്കോയ് അമിനിഡിവി ദ്വീപുകൾ എന്നിവയുടെ ഭരണത്തിനുവേണ്ടി രാഷ്ട്രപതി ആവശ്യമായ റെഗുലേഷൻപുറപ്പെടുവിക്കുന്നതായിരിക്കും. ഇങ്ങനെയുള്ള റെഗുലേഷനു് നിലവിലുള്ള ഏതുനിയമത്തെയും ഭേദപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനും ശക്തിയുണ്ടു്. അവയ്ക്കു് പാർലിമെൻറു് പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തെപ്പോലെയുള്ള പ്രാബല്യവും ഉണ്ടെന്നു് അംഗീകരിച്ചിരിക്കുന്നു.[3]

---

1. Article: 290 A-inserted by Constitution (Seventh Amendment) Act 1956 Section 19.
2. Article: 239 as Substituted by Constitution (Seventh Amendment) Act 1956 S 17.
3. Article: 240 as Substituted by Constitution (Seventh Amendment) Act 1956 S. 17.

അദ്ധ്യായം പതിനേഴ്.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ

ലോകത്തിലെ ഇതരസംയുക്തഭരണഘടനകളിൽകേന്ദ്രവും ഘടകങ്ങളും തമ്മിൽ ഉള്ള ബന്ധം എങ്ങിനെ വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നതിനെപ്പററി ഈ സന്ദർഭത്തിൽ ചിന്തിക്കുന്നതു് അനുചിതമായിരിക്കുകയില്ലല്ലോ. ഭാരതഭരണഘടനയുടെ പ്രത്യേകതകൾ വ്യക്തമാകുവാൻ അതു് കൂടുതൽ സഹായിക്കുകയും ചെയ്യും.

അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയിൽ കേന്ദ്രവും ഘടകങ്ങളും തമ്മിൽ ഭരണാധികാരങ്ങൾ വീതിച്ചിട്ടിരിക്കുന്നു. ഇവ നാലു വിഭാഗങ്ങളിൽ ആയിട്ടാണ് തിരിച്ചുനിർത്തിയിട്ടുള്ളതു്. കേന്ദ്രത്തിൻെറ അധികാരപരിധിയിൽ പെടുന്ന വിഷയങ്ങൾ; കേന്ദ്രം ചെയ്യുവാൻ പാടില്ലെന്നു വിലക്കിയിട്ടുള്ള വിഷയങ്ങൾ ഘടകങ്ങൾക്കു് അധികാരം നിരോധിച്ചിട്ടുള്ള കാര്യങ്ങൾ; കേന്ദ്രത്തിനു് നല്കിയിട്ടുള്ള കാര്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഘടകങ്ങളെ നിരോധിച്ചിട്ടില്ലാത്തതും ആയ അവശിഷ്ടാധികാരങ്ങൾ—ഇവ ഘടകങ്ങൾക്കു് വേണ്ടി നീക്കിവച്ചിരിക്കുന്നു. അവിടുത്തെ ഫെഡറൽ കോൺഗ്രസ്സിനു് ജനങ്ങൾക്കായി നിയമം ഉണ്ടാക്കുന്നതിനുള്ള പൊതുവായ അധികാരമൊന്നുമില്ല. അതിനു് നിയമനിർമ്മാണം നടത്തുവാൻ അധികാരമുണ്ടെന്നു് എണ്ണിപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു മാത്രമേ നിയമനിർമ്മാണശക്തിയുള്ളു. സംസ്ഥാനഗവമ്മെൻറാണ് സാധാരണമായുള്ള ഭരണാധികാരികൾ. ഫെഡറൽഗവർമ്മെൻറു് (കേന്ദ്രം) ചില ഉദ്ദേശങ്ങൾക്കായി മാത്രം ഉള്ളതാണ്.[1] അമേരിക്കൻ ഐക്യനാട്ടിലെ ഏതൊരു

---

1. Woodrow Wilson-Constitutional Government.

സംസ്ഥാനത്തിലേയും ജനങ്ങൾ രണ്ടു് ഗവമ്മെൻറുകൾക്കു് വിധേയരാണു്. ഒന്നു് കേന്ദ്രഗവമ്മെൻറു്, മറേറതു് സംസ്ഥാനഗവമ്മെൻറു്. അവ തമ്മിൽ കലഹത്തിനു കാര്യമില്ല. കാരണം ഒന്നിനുള്ള അധികാരം മറേറതിനില്ല. അവ രണ്ടും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുതന്നെ വിഭിന്നങ്ങളായ ലക്ഷ്യങ്ങൾക്കും അധികാരപ്രയോഗങ്ങൾക്കും ആയിട്ടാണു്. അവ രണ്ടും ചേരുമ്പോൾ ഒരു സമ്പൂർണ്ണത കൈവരുന്നു. അങ്ങിനെ പൂർണ്ണമായ ഗവമ്മെൻറു് സാംജാതമായിത്തീരുകയും ചെയ്യുന്നു. ആഭ്യന്തരവും ബാഹ്യവും ആയ എല്ലാ അവകാശസംരക്ഷണത്തിനും അതു് ധാരാളം മതിയാവും.

ആസ്ത്രേലിയായിലെ ഭരണഘടനയിൽ ഇതിൽനിന്നു് കുറെ വ്യത്യാസങ്ങളുണ്ടു്. കോമൺവെൽത്തു് പാർലിമെന്റിനു് (കേന്ദ്രം) തിരഞ്ഞെടുത്തു് പട്ടികയിൽ ചേർത്തിട്ടുള്ള വിഷയങ്ങളിൽ മാത്രമേ അധികാരമുള്ളൂ. കേന്ദ്രപാർലിമെൻറിന്റെ വിഷയങ്ങൾ മാത്രമേപട്ടികയായി ചേർത്തിട്ടുമുള്ളൂ. മിച്ചമുള്ള വിഷയങ്ങളെല്ലാം സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ പെടുന്നവയാണു്. കേന്ദ്രനിയമവും സംസ്ഥാനനിയമവും തമ്മിൽ പൊരുത്തപ്പെടാതെ വരുമ്പോൾ കേന്ദ്രനിയമമായിരിക്കും നിലനില്ക്കുന്നതു്. എത്രമാത്രം പൊരുത്തക്കേടുണ്ടോ അത്രത്തോളം സംസ്ഥാനനിയമം ശക്തിഹീനമായിത്തീരും.[1] കേന്ദ്രപാർലിമെൻറിനു് നിയമനിർമ്മാണം നടത്തുന്നതിനു് മററു് വിഷയങ്ങളെ സ്പർശിച്ചുകൂടെന്നില്ല. സംസ്ഥാനവിഷയങ്ങളിൽ ചിലതു് സായുക്തവിഷയങ്ങളായി കണക്കാക്കി അതിനു് നിയമനിമ്മാണം നടത്താവുന്നതാണു്. ആ വിഷയങ്ങൾ ഏതൊക്കെയെന്നു് നിശ്ചയിക്കുന്നതു് വ്യാഖ്യാനം അനുസരിച്ചായിരിക്കുമെന്നു മാത്രം. മറെറാരുവിധത്തിൽ പറഞ്ഞാൽ സംയുക്തവിഷയ

1. **Australian Constitution Act-Section 109**

ങ്ങളുംകൊള്ളുന്ന മണ്ഡലം ആസ്ത്രേലിയൻ ഭരണഘടനയിൽ വളരെ വിശാലമായിട്ടുള്ളതത്രേ!

മുകളിൽപ്രസ്താവിച്ചതിൽനിന്നു് ഭിന്നമായ രീതിയാണു് ക്യാനഡാ സ്വീകരിച്ചിരിക്കുന്നതു്. നിയമനിർമ്മാണവിഷയങ്ങളെല്ലാം ഡൊമിനിയൻ പാർലിമെന്റിനും (കേന്ദ്രം) സംസ്ഥാനനിയമസഭയ്ക്കും ആയി വീതിച്ചിരിക്കുന്നു.[1] ഇവ രണ്ടും കൈകാര്യം ചെയ്യുന്ന സംയുക്ത വിഷയങ്ങൾ കൃഷി കുടിയേറ്റം എന്നിവമാത്രമാണു്. പതിനാറുവിഷയങ്ങളിൽ സംസ്ഥാനനിയമസഭയ്ക്കുമാത്രമേ നിയമം നിർമ്മിക്കുവാൻപാടുള്ളു. ഇതുപോലെ കേന്ദ്രത്തിനു മാത്രം അവകാശമുള്ള ഇരുപത്തിയൊൻപതു കാര്യങ്ങളും ഉണ്ടു്. അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയിലെപ്പോലെ, ഇവിടെയും കേന്ദ്രനിയമസഭയുടെയും സംസ്ഥാന നിയമസഭയുടെയും മേൽ ചില നിയന്ത്രണങ്ങൾ വ്യക്തമാക്കിയിട്ടുണ്ടു്.[2]

ബർമ്മയുടെ ഭരണഘടനയിലും നിയമനിർമ്മാണ വിഷയങ്ങളെ രണ്ടു് പട്ടികകളിലായി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ആയി വീതിച്ചു് നിർത്തിയിരിക്കുന്നു. കേന്ദ്രത്തിനും സംസ്ഥാനത്തിനും അധികാരമുള്ള സംയുക്തവിഷയങ്ങൾ അതിലില്ല. കേന്ദ്രനിയമവും സംസ്ഥാന നിയമവും തമ്മിൽ പൊരുത്തക്കേടുണ്ടായാൽ കേന്ദ്രനിയമം നിലനില്ക്കും.[3]

ഇനി നമ്മുടെ ഭരണഘടനയിലേക്കു് തിരിയാം. ഇതിൽ നിയമനിർമ്മാണവിഷയങ്ങൾ ക്രോഡീകരിച്ചിട്ടുള്ളതു് മൂന്നു് പട്ടികകളിലായിട്ടാണു്. കേന്ദ്രത്തിനുമാത്രമുള്ളതെന്നും, സം

---

1 British North American Act–1867 Sections 91 & 92.

2. Br. North American Act-Sections 51; 99; 100; 114; 115.

3. Constitution of Burma–Section 92

സ്ഥാനങ്ങൾക്ക് പ്രത്യേകമായിട്ടുള്ളതെന്നും, രണ്ടിനും അധികാരം നഷേധിച്ചിട്ടില്ലാത്തതെന്നും മൂന്ന് വിഭാഗങ്ങളുണ്ട്. കേന്ദ്രപട്ടിക, സംസ്ഥാനപട്ടിക, സംയുക്തപട്ടിക എന്നിങ്ങനെ അവയെ നാമകരണം ചെയ്തിരിക്കുന്നു. അവശിഷ്ടാധികാരം കേന്ദ്രത്തിനാണ് നിശ്ചയിച്ചിട്ടുള്ളത്.[1]

ഭരണഘടനയിലെ വ്യവസ്ഥകൾക്ക് വിധേയമായി പാർലിമെൻറിന് ഭാരതരാജ്യത്തിന്നാകമാനമോ ഏതെങ്കിലും ഭാഗത്തിനുവേണ്ടിയോ നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. അതുപോലെ ഒരു സംസ്ഥാനത്തിലെ നിയമസഭയ്ക്ക് സംസ്ഥാനത്തിന്നാകമാനമോ അതിൻെറ ഏതെങ്കിലും ഭാഗത്തിനുവേണ്ടിയോ നിയമനിർമ്മാണം നടത്താം.[2] പാർലിമെൻറിനു കേന്ദ്രപട്ടികയിൽപെടുന്ന വിഷയങ്ങൾക്കുവേണ്ട നിയമം നിർമ്മിക്കുന്നതിന് അനന്യമായ ശക്തിഉണ്ട്. അതുപോലെ സംസ്ഥാനപട്ടികയിലെ കാര്യങ്ങൾക്ക് സംസ്ഥാനനിയമസഭകൾക്ക് അധികാരം നല്കിയിരിക്കുന്നു. കേന്ദ്രത്തിനും സംസ്ഥാനത്തിനും സംയുക്തപട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങൾക്ക് നിയമമുണ്ടാക്കുവാൻ ശക്തിയുണ്ട്.[3] പാർലിമെൻറ് ഉണ്ടാക്കുന്ന യാതൊരു നിയമവും രാജ്യാന്തിരാധികാരവ്യാപ്തി ഉണ്ടെന്ന കാരണത്താൽ അസാധുവായി പരിഗണിക്കപ്പെടുകയില്ല. കേന്ദ്രത്തിന് വിട്ടുകൊടുത്തിട്ടുള്ള വിഷയങ്ങൾ തൊണ്ണൂററിഏഴ് എണ്ണമാണ്. ഏതെങ്കിലും വിധത്തിൽ സംസ്ഥാനനിയമസഭ നിർമ്മിച്ച നിയമം കേന്ദ്രത്തിൻെറ മേഖലയിലേക്ക് വ്യാപിക്കുവാൻ ഇടവരുന്നപക്ഷം, അതിക്രമിച്ചിട്ടുള്ള അംശങ്ങൾ അസാധുവായിത്തീരും; കേന്ദ്രനിയമംമാത്രം സാധുവായിശേഷിക്കുന്നതുമാണ്. സംസ്ഥാനനിയമസഭയുടെ അധി

1. Article: 248. 2. Article: 245.
3. Article: 246.

കാരത്തിൽ പെടുത്തിയിട്ടുള്ളതു് അറുപത്താറു വിഷയങ്ങ ളാണു്. സംയുക്തപട്ടികയിൽ നാല്പത്തിയേഴവിഷയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. സംയുക്തവിഭാഗങ്ങളിൽപ്പെട്ട നിയ മങ്ങളും സംസ്ഥാനനിയമങ്ങളും തമ്മിൽ സംഘട്ടനത്തിനിടയാ യാൽ സംയുക്തവിഭാഗത്തിൽപെട്ട നിയമങ്ങളായിരിക്കും സാധു വായി ശേഷിക്കുന്നതു്. എന്നാൽ രാഷ്ട്രപതിയുടെ അംഗീകാര ത്തിനായി നീക്കിവച്ചു് അദ്ദേഹത്തിൻെറ അനുമതി നേടിയിട്ടു ണ്ടെങ്കിൽ സംസ്ഥാനനിയമം സംയുക്തവിഷയത്തിൽപ്പെടുന്ന നിയമവുമായി പൊരുത്തപ്പെടാതിരുന്നാലും സാധുവായി തുടരു ന്നതായിരിക്കും.

സംയുക്തവിഷയങ്ങളെന്നൊരു വിഭാഗം ആവശ്യമുള്ള താണോ എന്നൊരു ചോദ്യമുണ്ടാകാം. മററു രാജ്യങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ചില സംഗതികൾ വ്യക്ത മായിട്ടുണ്ടു്. രാജ്യഭരണകാര്യങ്ങളിൽ ചില വിഷയങ്ങൾ കേന്ദ്രത്തിനെന്നോ സംസ്ഥാനങ്ങൾക്കെന്നോ വ്യവച്ഛേ ദിച്ചു് നിറുത്തുവാൻ കഴിയുന്നവയല്ല. അവയെ സൗകര്യമായി ഇങ്ങനെയൊരു വിഭാഗത്തിൽ ചേർക്കുന്നതാണു് ഉത്തമം. നാടൊട്ടാകെയുള്ള നിയമത്തിനു ഐകരൂപ്യം കൈവരുത്തു വാൻ ഇതു സഹായിക്കുകയും ചെയ്യും. അതുപോലെ സംസ്ഥാ നങ്ങളിലെ നിയമനിർമ്മാണയത്നങ്ങളെ സ്വാഗതാർഹമായ സരണികളിലേയ്ക്കു പ്രേരിപ്പിച്ചു പ്രോത്സാഹിപ്പിക്കുന്നതിനു് ഈ ഏർപ്പാടു് സഹായിക്കും.

ഒരു സംയുക്ത ഭരണഘടനയുടെ ശക്തിയും വിജയവും സ്ഥിതിചെയ്യുന്നതു് സംസ്ഥാനസർക്കാരുകളുടെ പരസ്പരസഹ കരണത്തിലും സന്മനോഭാവത്തിൽ ഇണക്കത്തിലും ആണു്. പരസ്പരം മത്സരത്തിൻ മുഴുകിയിരിക്കുന്ന ഘടകങ്ങളെ കൂട്ടി ച്ചേർത്തു് കേന്ദ്രഭരണകൂടം രൂപീകരിക്കുന്നതായാൽ ആ ഭരണ

ത്തിന് അന്തസ്സു പുലർത്തുവാൻ സാധിക്കാതെവരും. നിയമപരിപാലനത്തിനും മററുമായി കേന്ദ്രത്തിന് ക്രമംകെട്ട കൈകടത്തലുകൾ നടത്തേണ്ടതായിട്ടും വരും. അങ്ങിനെയാകുമ്പോൾ ജനായത്തഭരണത്തിൻെറ പ്രശാന്തതയും സുഖവും നഷ്ടപ്രായമായിത്തീരും.

നമ്മുടെ ഭരണഘടനയനുസരിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം എന്തായിരിക്കുമെന്ന് ചെറുതായി നമുക്ക് ഇനി പരിശോധിക്കാം. അടിയന്തിരകാലഘട്ടങ്ങളിൽ നമ്മുടെ കേന്ദ്രഭരണകൂടം ഒരു ഏകചക്രഭരണകൂടമായി രൂപാന്തരപ്പെടുത്തുവാൻ സാധിക്കുമെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ സംസ്ഥാനങ്ങളുടെ ശക്തിമുഴുവൻ കേന്ദ്രം ഗ്രസിച്ചുകളയുന്നതാണ്. സാധാരണകാലത്തു് കേന്ദ്രത്തിൻെറ നിയമനിർമ്മാണകാര്യത്തിലും നിർവ്വഹണത്തിലും സംസ്ഥാനങ്ങൾക്ക് സ്വാധീനം ചെയ്യുന്നതിന് സാധിക്കുകയില്ല. എങ്കിലും സംസ്ഥാനഭരണകൂടത്തിൻെറ അന്തസ്സും അനുവദിച്ചിട്ടുള്ള ശക്തിയും നഷ്ടപ്രായമാകാതെയിരിക്കുവാൻ വളരെ കരുതിയിട്ടുമുണ്ട്. ഇതിനൊക്കെ സ്വീകരിച്ചിട്ടുള്ള രീതികളും ഉപാധികളും ചിലതു് സൂചിപ്പിക്കാം.

സംസ്ഥാനസർക്കാരിന് നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രത്തിനു ചില കാര്യങ്ങളിൽ കഴിവുണ്ട്. പാർലിമെൻറു നിർമ്മിച്ചിട്ടുള്ള നിയമങ്ങളും, നിലവിലുള്ള സംസ്ഥാനനിയമങ്ങളും സുനിശ്ചിതമായി പ്രയോഗത്തിൽ കൊണ്ടുവരുന്നതിലേയ്ക്കാണ് ഇങ്ങനെ നിർദ്ദേശങ്ങൾ നൾകുന്നതു്. ഇതിലേക്ക് കേന്ദ്രഗവമെൻറിന് ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാം.[1] കേന്ദ്രനിയമങ്ങൾ ഭാരതത്തിനു പൊതുവെ ഉള്ള

1. Article 256.

വയാണല്ലോ. അതിനാൽ അവ പ്രയോഗത്തിൽ വരുത്തുവാൻ ഭരണഘടനാപരമായ ഉത്തരവാദിത്വം എല്ലാ ഘടകങ്ങൾക്കും ഉണ്ടു്. ഇതിലേയ്ക്കു് ഉള്ള നടപടികളെക്കുറിച്ചു് വേണ്ട ഉപദേശം സംസ്ഥാനങ്ങൾക്കു് നൽകുന്നതിനു് കേന്ദ്രത്തിന്റെ നിർവ്വഹണവിഭാഗത്തിനു് സാധിക്കും.

കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നിർവ്വഹണവിഭാഗങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായിക്കൂടാ. ഓരോ സംസ്ഥാനത്തിന്റെയും നിർവ്വഹണശക്തി പ്രയോഗിക്കപ്പെടുന്നതു്, കേന്ദ്രത്തിന്റെ നിർവ്വഹണശക്തിയുടെ പ്രയോഗത്തെ പ്രതികൂലിക്കുകയോ കാലുഷ്യപ്പെടുത്തുകയോ ചെയ്യുന്നവിധത്തിൽ ആയിരിക്കരുതു്. ഇതു് പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് കേന്ദ്രഗവമ്മെൻറിനു നിർദ്ദേശങ്ങൾ സംസ്ഥാനങ്ങൾക്കു് കൊടുക്കുകയും ചെയ്യാം. ദേശീയപ്രാധാന്യമർഹിക്കുന്ന ഗതാഗതങ്ങളുടെ കാര്യം പ്രത്യേകം പ്രാമാണ്യമുള്ളവയാണു്. എങ്കിലും ദേശീയമോ സൈനികമോ ആയ പ്രാധാന്യമുണ്ടെന്നു് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഗതാഗതങ്ങളുടെ നിർമ്മാണസംരക്ഷണങ്ങളെപ്പററി സംസ്ഥാനത്തിനു വേണ്ട നിർദ്ദേശങ്ങൾ നല്കുവാൻ കേന്ദ്രത്തിന്റെ നിർവ്വഹണ വിഭാഗത്തിനു കഴിയും. തീവണ്ടിഗതാഗതം കേന്ദ്രവിഷയമാണു്. അതിന്റെ സംരക്ഷണത്തിലേർപ്പെട്ടിരിക്കുന്ന പോലീസു് സംസ്ഥാനത്തിന്റേയും. ഒരു സംസ്ഥാനത്തിനുള്ളിലെ റയിൽപ്പാതകളുടെ സാരക്ഷണത്തിനുവേണ്ടി കൈക്കൊള്ളേണ്ട ഉപായങ്ങളെക്കുറിച്ചു് സംസ്ഥാനത്തിനു് ഉപദേശങ്ങൾ കൊടുക്കുന്നതിനും കേന്ദ്രത്തിനു് സാധിക്കും. ഒരു ഗതാഗതമാർഗ്ഗത്തിന്റെ നിർമ്മാണത്തിനോ സംരക്ഷണത്തിനോ വേണ്ടി, സംസ്ഥാനത്തിനു് നൾകപ്പെട്ടിട്ടുള്ള ഒരു നിർദ്ദേശം നിറവേറ്റിയതിൽ, പതിവിൻപടിയുള്ളതിനെക്കാൾ കൂടുതൽ ചെലവു് വന്നിട്ടുണ്ടെങ്കിൽ, ആ വിശേഷച്ചിലവു് കേന്ദ്രഗവണ്മെൻറു്

സംസ്ഥാനത്തിന് നല്കേണ്ടതാണ്. ഈ തുകയെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടായാൽ സുപ്രീംകോടതി ചീഫ്ജസ്റ്റീസ് നിയമിക്കുന്ന ഒരു മദ്ധ്യസ്ഥന് അത് വിധിക്കുവാൻ വിട്ടുകൊടുക്കേണ്ടതാണെന്നാണു വ്യവസ്ഥ.[1] ഏതെങ്കിലും സംസ്ഥാനം, ഭരണഘടനയനുസരിച്ച് കേന്ദ്രം നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ പ്രയോഗത്തിൽ കൊണ്ടുവരാതിരിക്കുകയോ ചെയ്യുന്നതായാൽ, അവിടെ ഭരണഘടനയനുസരിച്ചുള്ള ഗവണ്മെന്റ് നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാത്ത ഒരു ദുർഘടഘട്ടം ഉണ്ടായിരിക്കുന്നതായി രാഷ്ട്രപതി കരുതുന്നതു് നിയമാനുസാരമായിരിക്കും.[2] അപ്പോൾ രാഷ്ട്രപതി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യും.[3] ഇതു് കാശ്മീർസംസ്ഥാനത്തിന് ബാധകമല്ല.

കേന്ദ്രത്തിൻെറ ശക്തി വ്യാപിക്കുന്ന ഏതെങ്കിലും കാര്യത്തെസംബന്ധിക്കുന്ന കൃത്യങ്ങൾ സോപാധികമായോ നിരുപാധികമായോ സംസ്ഥാനത്തെ ഏല്പിക്കുവാൻ വ്യവസ്ഥയുണ്ട്.[4] ഇതു് ചെയ്യുന്നതു് സംസ്ഥാനഗവർമ്മെൻറിൻെറ സമ്മതത്തോടുകൂടിവേണം. ഈ വ്യവസ്ഥമൂലം സംസ്ഥാനം കേന്ദ്രത്തിൻെറ ഒരു ഏജൻറ് ആയിത്തീരുന്നതിന് സാദ്ധ്യതയുണ്ടാകുന്നു. ഇതു് നമ്മുടെ ഭരണഘടനയുടെ ഒരു പ്രത്യേകതയാണെന്നു് വിസ്മരിക്കരുതു്.[5]

അഖിലഭാരതസർവ്വീസുകളുടെ സൃഷ്ടിയുടെ കാര്യവും ഇവിടെ പ്രസക്തമായ മറെറാരു സംഗതിയാണ്. കേന്ദ്ര

---

1. Article : 257. 2. Article: 365. 3. Article: 356 as amended.
4. Article: 258 A as inserted by Constitution (Seventh Amendment) Act 1956 Section: 18.
5. Article: 258.

ത്തിനും സംസ്ഥാനങ്ങൾക്കും അവരവരുടെ ഉത്തരവാദിത്വ ങ്ങൾ നിറവേററുവാൻ പ്രത്യേകം പ്രത്യേകം ഉദ്യോഗസ്ഥ ന്മാർ ഉണ്ടായിരിക്കുന്നതാണെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഇതു് സംയുക്തഭരണരീതിയുടെ പ്രത്യേകതയുമാണ്. നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകൾപ്രകാരം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വെവ്വേറെ ഉദ്യോഗസ്ഥന്മാരുണ്ടെങ്കിലും ചില ഉദ്യോഗങ്ങൾ അവയ്ക്കു രണ്ടിനും ഒന്നിച്ചുള്ളതായിരിക്കും. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്, ഇന്ത്യൻ പോലീസ് സർവ്വീസ് തുടങ്ങിയവ ഇങ്ങനെയുള്ളവയാണ്. ഇത്തരത്തിലുള്ള കൂടുതൽ സർവ്വീസുകൾ സൃഷ്ടിക്കുവാൻ പാർലിമെൻറിനു കഴിവുണ്ട്. അങ്ങനെ ചെയ്യുന്നതു് ദേശീയതാല്പര്യത്തിനു് ഉചിതമാണെന്നോ ആവശ്യമാണെന്നോ പ്രഖ്യാപിക്കുന്ന ഒരു പ്രമേയം പാർലിമെൻറിന്റെ ഉപരിസഭ പാസ്സാക്കേണ്ടതാണ്. ആ പ്രമേയത്തോട്, അതിൽ സന്നിഹിതരായി വോട്ടുചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗം യോജിക്കുകയും ചെയ്തിരിക്കണം. ഈ വിധത്തിൽ പാസ്സാക്കപ്പെടുന്ന പ്രമേയത്തിൻെറ അടിസ്ഥാനത്തിൽ കൂടുതൽ അഖിലഭാരത സർവ്വീസുകൾ സൃഷ്ടിക്കാം.[1]

ഏതൊരു ഭരണകൂടത്തിൻെറ ഭരണസംവിധാനത്തിലും ചില ഔദ്യോഗികസ്ഥാനങ്ങൾ അതിപ്രധാനങ്ങളായി കരുതപ്പെടുന്നുണ്ട്. അവയെ അങ്ങിനെ കരുതാനുള്ള കാരണങ്ങൾ പലതാണ്. ഭരണകാര്യത്തിൽ ഉന്നതമായ മാനദണ്ഡം പുലർത്തുവാൻ അതിനുള്ള കഴിവാണ് ഇതിൽ പ്രധാനം. അതിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥന്മാരുടെ കെല്പിനെ ആശ്രയിച്ചാണ് സ്ഥാനത്തിൻെറ പരിപാവനത സംരക്ഷിക്കപ്പെടുന്നതെന്നുള്ളതു് വിസ്മരിച്ചുകൂടാ. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ

1. Article: 312.

ധ്വംസിക്കാതെ, ഇത്തരത്തിലുള്ള ഭരണനിപുണന്മാരെ സമ്പാദിച്ചു നിയമിക്കുവാനുള്ള മാർഗ്ഗമാണു്, അഖിലേന്ത്യാടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുള്ള ഉദ്യോഗങ്ങൾമൂലം തുറന്നിട്ടുള്ളതു്. അമേരിക്കൻ ഐക്യനാട്ടിൽ ഉള്ളതിനെക്കാൾ ദൃഢത, ഭാരതത്തിൻെറ സംയുക്തഭരണക്രമത്തിനു നല്കുവാൻ ഇതുകൊണ്ടു് സാധിക്കും. കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും ഭരണത്തിനു് കൂടുതൽ കാര്യക്ഷമത കൈവരുത്തുവാനും ഇതു സഹായിക്കുമെന്നുള്ളതു് തീർച്ചതന്നെ.

കേന്ദ്രത്തിനു്, സംസ്ഥാനങ്ങൾക്കു് സഹായധനം നല്കാവുന്നതാണു്. സഹായം ആവശ്യമാണെന്നു് പാർലിമെൻറു് നിശ്ചയിക്കുന്ന സംസ്ഥാനങ്ങൾക്കു് കേന്ദ്രസഞ്ചിതനിധിയിൽനിന്നു് സഹായധനം കൊടുക്കുന്നു. സംസ്ഥാനങ്ങൾ തമ്മിൽ ഇക്കാര്യത്തിൽ വിവേചനം കാണിക്കുന്നതു് ഭരണഘടനാവിരുദ്ധമായി വ്യാഖ്യാനിക്കാവുന്നതല്ല.[1] രണ്ടു കാര്യങ്ങളിൽ ഈ ധനസഹായദാനം ഖണ്ഡിതമാക്കിയിരിക്കുന്നു. ഒരു സംസ്ഥാനത്തിലെ പട്ടികജാതിക്കാരുടെ നില അഭിവൃദ്ധിപ്പെടുത്തുവാനോ, ആ സംസ്ഥാനത്തിലെ പട്ടികപ്രദേശങ്ങളുടെ പരിപാലനത്തോതു് ബാക്കി പ്രദേശങ്ങളുടേതുപോലെ ഉയർത്തുവാനോ, കേന്ദ്രം അംഗീകരിച്ചിട്ടുള്ള പരിപോഷണപദ്ധതികളുടെ ചെലവുകൾ നിർവ്വഹിക്കുവാൻ ആ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിനു് ആവശ്യമായ മൂലധനവും ആവർത്തിതച്ചെലവിനങ്ങളും സഹായധനമായി നൽകേണ്ടതാണു്. മറെറാന്നു് ആസ്സാമിലെ ഗോത്രവർഗ്ഗങ്ങളുടെ ഉദ്ധാരണത്തിനായിട്ടുള്ളതാണു്.

സംയുക്ത ഭരണത്തിനു് വിധേയമായിട്ടുള്ള സംസ്ഥാനങ്ങൾ, പരസ്പരം ബഹുമാനിക്കേണ്ടതു് പുരോഗതിക്കു് ആവ

---

1. Article: 275

ശ്യമാണല്ലോ. അതിനാൽ കേന്ദ്രത്തിന്റെയും ഓരോ സംസ്ഥാനത്തിന്റെയും പൊതുവേയുള്ള കർമ്മങ്ങൾക്കും രേഖകൾക്കും നിയമപരമായ നടപടികൾക്കും ഭാരതത്തിലാകമാനം പൂർണ്ണമായ വിശ്വാസ്യതയും മാന്യതയും കല്പിക്കപ്പെട്ടിരിക്കുന്നു. ഭാരതത്തിലെ ഏതെങ്കിലും ഭാഗത്തുള്ള സിവിൽകോടതി നൽകിയിട്ടുള്ള അവസാനവിധികളോ ഉത്തരവുകളോ രാജ്യത്തിനുള്ളിൽ എവിടെയും നിയമം അനുസരിച്ച് നിർവ്വഹണയോഗ്യമായിരിക്കുകയും ചെയ്യും.[1] എന്തെങ്കിലും അന്തഃസംസ്ഥാനീയമായ നദീജലങ്ങളുടെയൊ നദീതടത്തിന്റെയൊ ഉപയോഗമോ, നിയന്ത്രണമോ, സംബന്ധിച്ചുള്ള ഏതെങ്കിലും വിവാദം അഡ്ജുഡിക്കേഷനു സമർപ്പിക്കുവാൻ പാർലിമെന്റിന് നിയമം മുഖേന വ്യവസ്ഥചെയ്യാം.[2]

സംസ്ഥാനങ്ങൾ തമ്മിൽ ഉണ്ടായേക്കാവുന്ന അഭിപ്രായഭിന്നതകൾ ഒതുക്കുന്നതിലേയ്ക്കായി അന്തഃസംസ്ഥാനീയസമിതി (ഇന്റർ സ്റ്റേററ് കൗൺസിൽ) രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അങ്ങിനെ ഒരു സമിതി ഏർപ്പെടുത്തുന്നതുകൊണ്ട് പൊതുതാല്പര്യങ്ങൾ നിറവേറുമെന്ന് രാഷ്ട്രപതിക്കു വിശ്വാസമുണ്ടെങ്കിൽ മാത്രം അതു ചെയ്താൽമതി. ഈ സമിതി സംസ്ഥാനങ്ങൾ തമ്മിൽ ഉണ്ടായേക്കാവുന്ന വിവാദങ്ങളെപ്പറ്റി അന്വേഷിക്കുവാനും ഉപദേശിക്കുവാനും സംഘടിപ്പിക്കാം. സംസ്ഥാനങ്ങളിൽ ചിലതിനോ എല്ലാററിനുമോ, യൂണിയനും ഒന്നോ അതിലധികമോ സംസ്ഥാനത്തിനുമോ ഒരു സമാനതാല്പര്യമുള്ള വിഷയങ്ങൾ അനുസന്ധാനം ചെയ്യാനും ചർച്ച ചെയ്യാനും അതു രൂപീകൃതമാകാം. മുകളിൽ പറഞ്ഞ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ശുപാർശകൾ, വിശിഷ്യ, ആ വിഷയത്തെ സംബന്ധിച്ചുള്ള നയത്തിലും പ്രവൃത്തിയിലും

---

1. Article: 261. 2 Article: 262.

കൂടുതൽ സമന്വയത്തിനു വേണ്ടിയുള്ള ശുപാർശകഠം ചെയ്യാനും ഉത്തരവാദപ്പെട്ട സമിതി രൂപീകരിക്കാവുന്നതാണ്. ഈ സമിതിയുടെ കത്തവ്യങ്ങളുടെ സ്വഭാവം, ഘടന, നടപടിക്രമം എന്നിവ നിശ്ചയിക്കുവാൻ രാഷ്ട്രപതി ഉത്തരവിടുന്നതു് നിയമാനുസൃതമായിരിക്കും[1]

മേഖലാസമിതികഠം

സംസ്ഥാനപുന:സംഘടനയെത്തുടന്നു് പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു പുതിയ പരിഷ്കാരമാണു് മേഖലാസമിതികഠം.[2] ഇതനുസരിച്ചു് ഭാരതത്തിൽ ആകെ അഞ്ചു മേഖലകഠം വിഭാവനം ചെയ്തിരിക്കുന്നു. പഞ്ചാബു്, രാജസ്ഥാൻ, ജമ്മു-കാശ്മീർ, ഡൽഹി, ഹിമാചലപ്രദേശ് എന്നിവ ഉഠംപ്പെട്ടതാണു് ഉത്തരമേഖല. മദ്ധ്യമേഖലയിൽ മദ്ധ്യപ്രദേശ്, ഉത്തരപ്രദേശ് എന്നിവ ചേത്തിരിക്കുന്നു. ബീഹാർ, പശ്ചിമബംഗാഠം, ഒറീസ്സാ, ആസ്സാം, മണിപ്പൂർ, ത്രിപുര എന്നിത്രയും പൂവ്വമേഖലയിൽ ഉണ്ടായിരിക്കുന്നതാണു്. പശ്ചിമമേഖലയിൽ ബോംബെ, മൈസൂർ എന്നീ സംസ്ഥാനങ്ങഠം ആണു് ഉള്ളതു്. ആന്ധ്രപ്രദേശ്, മദ്രാസ്, കേരളം, എന്നിവ ദക്ഷിണ മേഖലയിൽ പെടുന്നു.

ഓരോ മേഖലയ്ക്കും സ്ഥിരമായി ഓരോ മേഖലാസമിതി ഉണ്ടായിരിക്കുന്നതാണു്. അതിലെ അംഗങ്ങഠം താഴെ പറയുന്നവരാണു്: (1) രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന കേന്ദ്രമന്ത്രി. ഇദ്ദേഹം ആയിരിക്കും സമിതിയുടെ അദ്ധ്യക്ഷൻ. (2) മേഖലാസമിതിയിൽ ഉഠംപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ. കൂടാതെ ആ സംസ്ഥാനത്തിലെ രണ്ടു്

---

1. Article: 263.
2. States Reorganisation Act 1956-Part III.

മന്ത്രിമാരെക്കൂടി ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്നതാണ്. ജമ്മു-കാശ്മീരിൽ നാമനിർദ്ദേശം ചെയ്യുന്നതു് സർദാർ-ഇ-റിയാസത് ആയിരിക്കും. ഏതെങ്കിലും സംസ്ഥാനത്തിൽ മന്ത്രിസഭ ഇല്ലാതിരുന്നാൽ ആ സംസ്ഥാനത്തിൽനിന്നു് മൂന്നു് അംഗങ്ങളെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നതായിരിക്കും. മേഖലാസമിതികളിൽ അംഗമായിട്ടുള്ള മുഖ്യമന്ത്രിമാർ ഓരോ കൊല്ലവും മാറി മാറി മുറയ്ക്കു് സമിതിയുടെ ഉപാദ്ധ്യക്ഷനായിരിക്കുന്നതാണ്. സംസ്ഥാനത്തു് മന്ത്രിസഭ ഇല്ലാതിരുന്നാൽ അവിടെനിന്നു് നാമനിർദ്ദേശം ചെയ്തിട്ടുള്ള അംഗങ്ങളിൽ നിന്നു് ഒരാളെ ഉപാദ്ധ്യക്ഷനായിരിക്കുന്നതിനു് രാഷ്ട്രപതി നിർദ്ദേശിക്കുന്നതിനാണ് വ്യവസ്ഥ. (3) യൂണിയൻ പ്രദേശങ്ങളിൽ നിന്നു് ഈ സമിതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതു്, ആ പ്രദേശങ്ങളിൽനിന്നു് രണ്ടുപേരെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുായിരിക്കും. (4) പൂർവ്വമേഖലയിലെ സമിതിയുടെ കാര്യത്തിൽ ഒരു വ്യത്യാസം ഉണ്ടു്. ആസ്സാമിലെ ഗോത്രവർഗ്ഗങ്ങളുടെ ഭരണത്തെ സംബന്ധിച്ചു് അവിടത്തെ ഗവർണ്ണരെ ഉപദേശിക്കുന്നതിനു് നിയമിതനായിട്ടുള്ള ഉദ്യോഗസ്ഥൻകൂടി അതിൽ അംഗമായിരിക്കുന്നതാണ്.

മേഖലാസമിതികളിൽ ഉപദേശകന്മാരായും ചിലർ ഉണ്ടായിരിക്കും. സമിതിയുടെ കൃത്യങ്ങൾ വിജയകരമായും ഭംഗിയായും നിർവ്വഹിക്കുന്നതിനു ഇവർ സഹായിക്കുന്നതാണ്. ആസൂത്രണക്കമ്മിഷൻ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരാൾ, മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ, സംസ്ഥാനങ്ങളിലെ ഡെവലപ്പ്മെൻറു് കമ്മീഷണന്മാരോ അല്ലെങ്കിൽ അതിനുപകരം നാമനിർദ്ദേശംചെയ്തിട്ടുള്ള ആളുകളോ, ആയിരിക്കും ഉപദേശകന്മാർ. സമിതിയുടെ നടപടികളിൽ പങ്കുകൊള്ളാൻ ഇവക്ക്അവകാശം ഉണ്ടു്. എന്നാൽ വോട്ടെടുപ്പിൽ ഭാഗഭാക്കാകുവാൻ സാധിക്കുന്നതല്ല.

മേഖലാസമിതിയുടെ അദ്ധ്യക്ഷൻ നിശ്ചയിക്കുന്ന സമയത്തു് സമിതി സമ്മേളിക്കുന്നതാണു്. മററു വിധത്തിൽ തീരുമാനിക്കപ്പെട്ടിട്ടില്ലാത്തപക്ഷം അതു് കൂടുന്നതു്, മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തിൽ ഓരോന്നിലും ക്രമമനുസരിച്ചു് ആയിരിക്കും. കേന്ദ്രഗവർമ്മെൻറു് അംഗീകരിച്ചിട്ടുള്ള നടപടിച്ചട്ടങ്ങൾ അനുസരിച്ചായിരിക്കും സമിതിയുടെ ഔദ്യോഗികകൃത്യങ്ങൾ നിർവഹിക്കുന്നതു്. അദ്ധ്യക്ഷനോ, അദ്ദേഹത്തിൻെറ അഭാവത്തിൽ ഉപാദ്ധ്യക്ഷനോ, അവരുടെ രണ്ടുപേരുടേയും അഭാവത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്നു് തിരഞ്ഞെടുത്ത ഒരാൾക്കോ യോഗം നടത്താം. എല്ലാ തീരുമാനങ്ങളും ഹാജരുള്ളവരുടെ ഭൂരിപക്ഷം അനുസരിച്ചായിരിക്കും ചെയ്യുന്നതു്. വോട്ടിംഗു് സമബലമാണെങ്കിൽ അദ്ധ്യക്ഷൻ സ്വന്തം വോട്ടു രേഖപ്പെടുത്തി അതിനു് തീരുമാനമുണ്ടാക്കുന്നു. യോഗനടപടികളുടെ റിപ്പോർട്ടു് കേന്ദ്ര ഗവർമ്മെൻറിനും, മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാന ഗവമ്മെൻറുകൾക്കും അയച്ചുകൊടുക്കണമെന്നാണു് വ്യവസ്ഥ.

സമിതിയിലെ അംഗങ്ങളെയും ഉപദേശകന്മാരെയും ചേർത്തു് ആവശ്യമെന്നു തോന്നുന്ന സംഗതികൾക്കു് പ്രത്യേക കമ്മററികൾ സംഘടിപ്പിക്കാവുന്നതാണു്. മേഖലാസമിതി അതിലേയ്ക്കു പ്രമേയം പാസ്സാക്കിയിരിക്കണം. ഈ കമ്മററികളിൽ അംഗങ്ങളായിരിക്കുന്നതിനു കേന്ദ്രത്തിലെ മന്ത്രിമാരേയോ കേന്ദ്രത്തിൻേറയോ സംസ്ഥാനങ്ങളിലേയോ ഉദ്യോഗസ്ഥന്മാരെയോ നാമനിർദ്ദേശം ചെയ്യാനും കഴിവുണ്ടു്. ഇങ്ങനെ മേഖലാസമിതിയുടെ കമ്മററികളിൽ ബന്ധപ്പെടുത്തിയിട്ടുള്ള അംഗങ്ങൾക്കു് അതിൻെറ എല്ലാ നടപടികളിലും പങ്കുകൊള്ളാവുന്നതാണെങ്കിലും സമിതിയിൽ വോട്ടുചെയ്യാവുന്നതല്ല. കമ്മററി അവരുടെ നടപടിക്രമങ്ങൾ നിവ്വഹിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറു് യഥാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള നടപടിച്ചട്ടങ്ങൾ അനുസരിക്കേണ്ടതാണു്.

ഓരോ മേഖലാസമിതിക്കും അവരുടെ ഉദ്യോഗസംബന്ധമായ കാര്യങ്ങൾക്കായി ഉദ്യോഗസ്ഥമണ്ഡലം ഉണ്ടായിരിക്കും. ഈ ഉദ്യോഗസ്ഥമണ്ഡലത്തിലെ ഏററവും ഉയന്ന ഉദ്യോഗസ്ഥൻ ഒരു സെക്രട്ടറിയാണ്. മേഖലയിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങളിലെ ചീഫ്സെക്രട്ടറിമാർ മാറിമാറി ഓരോ കൊല്ലത്തേക്ക് ഈ ഉദ്യോഗം നോക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സെക്രട്ടറിയെക്കൂടാതെ ഒരു ജോയിൻറ് സെക്രട്ടറികൂടി ഉണ്ടായിരിക്കുന്നതാണ്. ഇദ്ദേഹം മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിൽനിന്ന് നിയമിക്കപ്പെടുന്ന ആളല്ല. ഇദ്ദേഹത്തെ നിയമിക്കുന്നത് സമിതിയുടെ അദ്ധ്യക്ഷനായിരിക്കും. സമിതിയുടെ ആഫീസ് മേഖലയിൽപ്പെടുന്ന ഏതു സ്ഥലത്ത് സ്ഥാപിക്കണമെന്ന് മേഖലാസമിതി തീരുമാനിക്കുന്നതാണ്. ഭരണകാര്യങ്ങൾക്കും ഉദ്യോഗസ്ഥമണ്ഡലത്തിനും മററും ഉള്ള ചിലവുകൾ, അതിലേയ്ക്കു നീക്കിവയ്ക്കുന്ന തുകയിൽ നിന്ന് കേന്ദ്രഗവർമ്മെൻറ് വഹിക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഇതിനു വേണ്ട തുകകൾ പാർലിമെൻറ് അനുവദിക്കുന്നതായിരിക്കും.

മേഖലാസമിതി ഒരു ഉപദേശസമിതിയാണ്. അവക്കു മേഖലയിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങളെ പൊതുവായുള്ളതോ ചിലതിനെ മാത്രമായി ബാധിക്കുന്നതോ, സംസ്ഥാനങ്ങളെയും കേന്ദ്രത്തെയും സംബന്ധിക്കുന്നതോ ആയ ഏതു പൊതുസംഗതിയും ചർച്ചചെയ്യാൻ കഴിവുണ്ട്. ചർച്ചാവിഷയമായ സംഗതിക്ക് സ്വീകരിക്കേണ്ട നടപടി എന്താണെന്ന് അവർക്ക് ഉപദേശംനല്കാം. പ്രത്യേകമായി സമിതിക്ക് താഴെപറയുന്ന കാര്യങ്ങൾ ചർച്ചചെയ്യാവുന്നതും നിർദ്ദേശങ്ങൾ നല്കാവുന്നതും ആയിരിക്കും. (1) പൊതുതാല്പര്യമുള്ള സാമ്പത്തികവും സാമൂഹ്യവും ആയ ആസൂത്രണം (2) അതിർത്തിത്തർക്കങ്ങൾ, ഭാഷാന്യൂനപക്ഷ പ്രശ്നങ്ങൾ, അന്തഃസംസ്ഥാനഗതാഗതം. (3) സംസ്ഥാ

നപുന:സംഘടനയിൽനിന്നു് ഉത്ഭവിച്ചിട്ടുള്ളതോ അതുമായി ബന്ധപ്പെട്ടതോ ആയ സംഗതികൾ. ഒരു മേഖലയിൽപ്പെട്ട ഏതു സംസ്ഥാനത്തിനും വേറെ ഏതെങ്കിലും മേഖലയിൽപ്പെട്ട മറ്റേതു സംസ്ഥാനത്തിനും അവക്കു് പൊതുവായി താല്പര്യമുള്ള കാര്യങ്ങൾ മേഖലാസമിതികളുടെ ഒരു സംയുക്തയോഗത്തിൽ ചർച്ചചെയ്യണമെന്നു് നിവേദനം നടത്താവുന്നതാകുന്നു. അങ്ങിനെയുള്ള നിവേദനം ലഭിച്ചാൽ ആ സംഗതിക്കായി മേഖലാസമിതികളുടെ അദ്ധ്യക്ഷന്മാർ പരസ്പരം ആലോചിച്ചു് നിശ്ചയിക്കുന്ന സ്ഥലത്തു് നിശ്ചിതസമയത്തു് സായുക്തയോഗം ചേരുന്നതായിരിക്കും. ആ യോഗത്തിൽ അഭ്യർത്ഥനയിൽ അടങ്ങിയിട്ടുള്ള വിഷയത്തെയോ വിഷയങ്ങളെയോ ചർച്ച ചെയ്യുന്നതും, ആവശ്യമെന്നുതോന്നുന്ന ശുപാർശകൾ തല്പരഗവണ്മെൻറുകൾക്കു് നല്കുന്നതുമാണു്. ആ ശുപാർശകളിൽ അവർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചു് സൂചിപ്പിച്ചിരിക്കും. മേഖലാസമിതികളുടെ സംയുക്തയോഗങ്ങളെ സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ ചട്ടങ്ങൾ കേന്ദ്രഗവർമ്മെൻറു് എഴുതിയുണ്ടാക്കുന്നതിനാണു് വ്യവസ്ഥചെയ്തിട്ടുള്ളതു്.

അദ്ധ്യായം പതിനെട്ട്

ധനകാര്യം

ഇംഗ്ലണ്ടിൽ വ്യവസ്ഥാപിതഭരണം ശക്തിപ്പെടുന്നതിനു് സഹായിച്ച ഒരു സുപ്രധാനമായ ആശയമാണു് "പ്രാതിനിധ്യമില്ലെങ്കിൽ നികുതിയുമില്ല"—എന്നുള്ളതു്. പാർലിമെൻറിൻെറ അനുമതി കൂടാതെ രാജാവിനു് നികുതി വസൂലാക്കാൻ അധികാരമില്ലെന്നു് 1215-ൽ മാഗ്നാ കാർട്ടായിൽ ഇതാരംഭിച്ചു. 1689-ലെ അവകാശപ്രമാണത്തിൽ (ബിൽ ആഫ് റൈറ്റ്സിൽ) ഇതു് സ്ഥിരമാകുകയും ചെയ്തു. എല്ലാക്കൊല്ലവും പാർലിമെൻറു വിളിച്ചുകൂട്ടി ധനവിനിമയാനുമതി നേടുന്നതു് ഇങ്ങനെ സാധാരണമായിത്തീൎന്നു.

കരം ചുമത്തുന്നതിനു മാത്രമല്ല അതു് ഈടാക്കുന്നതിനും നിയമം അനുസരിക്കേണ്ടതാണു്. അതു ചെയ്യുന്നതു് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കി വേണം എന്നു നിർബ്ബന്ധമുണ്ടു്. ഈ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ സ്പഷ്ടമാക്കിയിരിക്കുന്നു.[1]

മുതലെടുപ്പു് രാജ്യത്തിൻെറ ജീവരക്തമാണെന്നു പറയാം. ഭരണത്തിനു് അതില്ലാതെ കഴിയുകയില്ല. ഒരു സംയുക്തരാജ്യത്തിൻെറ വിജയകരമായ നടത്തിപ്പു്, കേന്ദ്രത്തിനും ഘടകങ്ങൾക്കും നീക്കിവച്ചിട്ടുള്ള മുതലെടുപ്പിനെ സംബന്ധിച്ചുള്ള വ്യവസ്ഥകളിൽ വളരെയേറെ സ്ഥിതി ചെയ്യുന്നു. ഇതു് വളരെ എളുപ്പമുള്ള സംഗതിയുമല്ല. അതതിനു് അനുവദി

1. Articles: 110; 117; 123; 199; 207; 213.

ച്ചിട്ടുള്ള മുതലെടുപ്പുമേഖലയിൽ കേന്ദ്രത്തിനും സംസ്ഥാന ത്തിനും തികഞ്ഞ സ്വാതന്ത്ര്യം ഉണ്ടായിരുന്നേ മതിയാവൂ. അതതിൻെറ ആവശ്യങ്ങൾ നിറവേററാൻ ഇതു് വേണ്ടിയി രിക്കുന്നു. കേന്ദ്രത്തിനും ഘടകങ്ങൾക്കുമായി അധികാരങ്ങളും കത്തവ്യങ്ങളും വീതിക്കുന്നതോടൊപ്പം മുതലെടുപ്പിനുള്ള വക കൾക്കൂടി വീതിച്ചിരിക്കണം.

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിയമനിമ്മാണാധി കാരങ്ങളുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള മുതലെടുപ്പുകൾ മിക്കവാറും അ തതിൻേറതായിരിക്കുമെന്നു് ഭരണഘടന പൊതുവിൽ വ്യവസ്ഥചെയ്യുന്നു. മറെറാരുതരത്തിൽ പറ ഞ്ഞാൽ കരം ചുമത്തലിനുള്ള അധികാരം നിയമനിർമ്മാണാ ധികാരത്തിൽ അന്തർലീനമായിരിക്കുന്നു. ചില നികുതികൾ കേന്ദ്രം ഏർപ്പെടുത്തുന്നതാണെങ്കിലും, പിരിക്കുന്നതും ചില വാക്കുന്നതും സംസ്ഥാനങ്ങളായിരിക്കും. വേറെ ചില നികുതി കൾ ഭാരതമൊട്ടുക്കു് ഐകരൂപ്യം ഉണ്ടായിരിക്കുന്നതിനു വേണ്ടി കേന്ദ്രം ചുമത്തുകയും പിരിക്കുകയും ചെയ്യും. അതിൽ നിന്നും ലഭിക്കുന്ന ആകെവരുമാനം സംസ്ഥാനങ്ങൾക്കു് കൊടു ക്കുകയുംചെയ്യുന്നു. വേറെ ചില നികുതികൾ കേന്ദ്രം ചുമത്തു കയും പിരിക്കുകയും ചെയ്തിട്ടു് ആകെവരുമാനം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വീതിക്കുന്നു. ഇങ്ങനെ വീതിക്കുന്ന വരുമാനത്തിൽ കേന്ദ്രത്തിനുവേണ്ടി ഒരു മേൽക്കരംചുമത്തുന്ന തിനു് വ്യവസ്ഥയുണ്ടു്. ആ മേൽക്കരമത്രയും കേന്ദ്രത്തിന്റെ സഞ്ചിതനിധിയിൽ ചെന്നുചേരുന്നു.

നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ചു് യാതൊരുവിധകരവും നിയമത്തിൻെറ പിൻബലമില്ലാതെ ചുമത്തുവാനോ പിരിക്കുവാനോ പാടുള്ളതല്ല.[1] ഇതു് ജനാ

1. Article: 265.

യത്തഭരണത്തിൻെറ അടിസ്ഥാനതത്വം അംഗീകരിക്കുക യാണു ചെയ്യുന്നതു്.

കേന്ദ്രഗവർമ്മെൻറിനുള്ള ആദായങ്ങളെല്ലാംകൂടി ഒന്നിച്ചു കൂട്ടി ഒരു കേന്ദ്രസഞ്ചിതനിധി സൃഷ്ടിക്കുന്നു. ഇൻഡ്യാഗവർമ്മെൻറു് കൈപ്പററുന്ന എല്ലാ രാജസ്വങ്ങളും, ട്രഷറിബില്ലുകൾ പുറപ്പെടുവിച്ചു് ആ ഗവർമ്മെൻറു് എടുക്കുന്ന എല്ലാ കടങ്ങളും, കടമെടുപ്പുകളും അർത്ഥോപായരൂപമുള്ള മുൻധനങ്ങളും, കടം തിരിച്ചടച്ചു ഇനത്തിൽ കൈപ്പററുന്ന എല്ലാധനങ്ങളും ഈ സഞ്ചിതനിധിയുടെ ഭാഗമായിത്തീരുന്നതാണു്. ഇതേ രീതിയിൽതന്നെ സംസ്ഥാനങ്ങൾക്കും ഒരു സഞ്ചിതനിധി ഉണ്ടായിരിക്കും. ഒരു സംസ്ഥാനഗവർമ്മെൻറു് കൈപ്പററുന്ന എല്ലാ രാജസ്വങ്ങളും, ട്രഷറിബില്ലുകൾ പുറപ്പെടുവിച്ചു എടുക്കുന്ന എല്ലാ കടങ്ങളും കടമെടുപ്പും, അത്ഥോപായരൂപത്തിലുള്ള മുൻധനങ്ങളും കടം തിരിച്ചടച്ചു ഇനത്തിലുള്ള വരുമാനങ്ങളും എല്ലാം സംസ്ഥാനസഞ്ചിതനിധിയുടെ അംശമായി പരിഗണിക്കുന്നതായിരിക്കും. നിയമപ്രകാരവും, ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിലും, അല്ലാതെ സഞ്ചിതനിധിയിൽനിന്നു് ധനം വിനിയോഗിക്കാവുന്നതല്ല. ഏതെങ്കിലും പൊതുജനോപകാരപ്രദമായ ഉദ്ദേശത്തിനു വേണ്ടി നിധിയിൽനിന്നു് പണം വിനിയോഗിക്കാം.[1] പാർലിമെൻറിനോ സംസ്ഥാനനിയമസഭകൾക്കോ നിയമനിർമ്മാണാധികാരം നിക്ഷിപ്തമായിട്ടില്ലാത്തതാണെങ്കിലും ഇതിനു തടസ്സമില്ല. സർവ്വകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കു് ധനസഹായം നൽകുന്നതിനു് ഇതുമൂലം ഇടവരുന്നു. അമേരിക്കൻ ഐക്യനാട്ടിലെ ഭരണഘടനയുടെ ഛായപിടിച്ചാണു് ഇതു ചെയ്തിരിക്കുന്നതു്.

---

1. Article: 282.

കേന്ദ്രഗവണ്മെൻറിനു്, കാർഷികാദായനികുതിയൊഴിച്ചു മററാദായങ്ങളിലെ നികുതി, കയററുമതിച്ചുങ്കങ്ങൾ ഉൾപ്പെടെയുള്ള ചുങ്കനികുതികൾ, പുകയില തുടങ്ങിയവയെ സംബന്ധിക്കുന്ന എക്സൈസ് ചുങ്കങ്ങൾ, കാർപ്പറേഷൻനികുതി, മൂലധനമൂല്യങ്ങളിലെ നികുതി, കൃഷിഭൂമിയൊഴിച്ചുള്ള സമ്പത്തിനെ സംബന്ധിച്ച മരണനികുതി, ടെർമിനൽടാക്സസ് തുടങ്ങിയവ, സ്റ്റാക്ക് എക്സ്ചേഞ്ചുകളിലും സാട്ടാക്കച്ചവടക്കമ്പോളങ്ങളിലും ഉള്ള ഇടപെടലുകളിലെ മുദ്രാംഗചുങ്കം ഒഴിച്ചുള്ള നികുതികൾ, ബില്ലുകൾ ചെക്കുകൾ തുടങ്ങിയവ സംബന്ധിച്ചുള്ള മുദ്രാംഗങ്ങളുടെ നിരക്ക്, വത്തമാനപ്പത്രങ്ങളുടെ ക്രയവിക്രയങ്ങളിലും അവയിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യങ്ങളിലും ഉള്ള നികുതികൾ, എന്നിവ അവകാശപ്പെട്ടതാണു്.[1] മുദ്രാംഗചുങ്കങ്ങളും ഔഷധക്കൂട്ടുകളിന്മേലും അംഗരാഗസാധനങ്ങളിന്മേലും ഉള്ള ചുങ്കങ്ങളും കേന്ദ്രഗവണ്മെൻറാണു് ചുമത്തുന്നതു് അതതു സാംസ്ഥാനങ്ങളായിരിക്കും അവ പിരിക്കുന്നതു്. ഇതിൽനിന്നുള്ള വരുമാനം കേന്ദ്രസഞ്ചിതനിധിയുടെ ഭാഗമാകുന്നതല്ല. കേന്ദ്രം ചുമത്തുന്നതും പിരിക്കുന്നതും എന്നാൽ സാംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടിട്ടുള്ളവയുമായ കരങ്ങൾ (നികുതികൾ) മററുചിലതും ഉണ്ടു്. അവയിൽനിന്നുണ്ടാകുന്ന അററ ആദായങ്ങൾ കേന്ദ്രസഞ്ചിതനിധിയുടെ ഭാഗം ആയിത്തീരുകയില്ല. അതു് നിയമപ്രകാരം പാർലിമെൻറു് നിർമ്മിക്കുന്ന തത്വങ്ങൾ അനുസരിച്ചു് സംസ്ഥാനങ്ങൾക്കായി വിതരണം ചെയ്യുന്നതാണു്.[2] കാർഷികാദായനികുതി ഒഴിച്ചുള്ള ആദായനികുതികൾ ചുമത്തുന്നതും പിരിക്കുന്നതും കേന്ദ്രഗവമ്മെൻറാണെന്നു് മുമ്പു പറഞ്ഞല്ലോ.

---

1. See List I 82-92; 92 A as amended by Constitution (Sixth Amendment) Act 1956.
2. Article: 269

ഇതു് ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളമാതിരി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി വിഭജിക്കുകയാണു ചെയ്യുക.[1] കേന്ദ്രത്തിന്റെ ചിലവിനായി ചില നികുതികളിൽ മേൽക്കരം ചുമത്താവുന്നതും അങ്ങിനെ ലഭിക്കുന്ന ആദായം ഭാരതസഞ്ചിത നിധിയുടെ ഭാഗമാകുന്നതു് ആണു്.[2] കേന്ദ്രത്തിനു് എക്സൈസ് ചുങ്കങ്ങൾ പിരിക്കുന്നതിനു് കടമയുണ്ടു്. എന്നാൽ അതിൽ നിന്നു് ഔഷധങ്ങൾ തുടങ്ങിയവയെ ബാധിക്കുന്ന ചുങ്കങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു. പാർലിമെന്റ് നിയമംമൂലം വ്യവസ്ഥ ചെയ്യുന്നപക്ഷം, കേന്ദ്രത്തിന്റെ ചുങ്കനിയമം പ്രയോഗത്തിലിരിക്കുന്ന സംസ്ഥാനങ്ങൾക്കു്, ചുങ്കത്തിൽനിന്നു ലഭിക്കുന്ന അറ്റാദായത്തിനു തുല്യമായതോ, അതിന്റെ ഭാഗത്തിനു തുല്യമായതോ ആയ തുകകൾ കേന്ദ്രസഞ്ചിതനിധിയിൽനിന്നു് നൽകേണ്ടതാണു്. അതിലേക്കു് പ്രത്യേക നിയമങ്ങൾ രൂപീകരിക്കുന്നു. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് സംസ്ഥാനങ്ങൾക്കായി തുകകൾ വീതിക്കുന്നതു്.[3] ചണത്തിലും ചണോല്പന്നങ്ങളിലുമുള്ള കയററുമതിച്ചുങ്കത്തിനു പകരമുള്ള ഗ്രാൻറു് ആസ്സാം, ബീഹാർ, ഒറീസ്സാ, പശ്ചിമബംഗാൾ എന്നീസംസ്ഥാനങ്ങൾക്കു് നൽകുന്നതിനു് പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. ചണത്തിലും ചണോല്പന്നങ്ങളിലും നിന്നുള്ള പ്രതിവർഷക്കയററുമതിച്ചുങ്കത്തിന്റെ അററാദായങ്ങളിൽ ഒരു ഭാഗം നീക്കിവയ്ക്കാതെ, മേൽപ്പറഞ്ഞ സംസ്ഥാനങ്ങൾക്കു് ഓരോ വർഷവും നിർദ്ദിഷ്ടമാകുന്ന തരത്തിലുള്ള തുകകൾ ഭാരതത്തിന്റെ സഞ്ചിതനിധിയിൽനിന്നു നൽകുന്നതിനാണു് ഏർപ്പാടു്. കേന്ദ്രഗവർമ്മെൻറിൽനിന്നു് ചണത്തിനും ചണോല്പന്നങ്ങൾക്കും കയററുമതിച്ചുങ്കം ചുമത്തുന്നതു തുടരുന്നിടത്തോ

1. Article: 270. 2. Article: 271

3. Article: 272.

ളമോ, ഭരണഘടന ഉൗജ്ജിതത്തിൽ വന്നതിനുശേഷം പത്തു വർഷം തികയുന്നതുവരെയോ, മാത്രമേ ഈ വ്യവസ്ഥ ഉണ്ടായിരിക്കു. തുകകൾ നിശ്ചയിക്കുന്നതു് ഫിനാൻസ് കമ്മിഷൻ സംഘടിപ്പിക്കുന്നതുവരെ രാഷ്ട്രപതിയുടെ ഉത്തരവനുസരിച്ചായിരിക്കും. ഫിനാൻസ് കമ്മിഷൻ സംഘടിപ്പിച്ചു കഴിഞ്ഞാൽ, ആ കമ്മിഷൻെറ ശുപാർശകളെക്കുറിച്ചു് പര്യാലോചിച്ചശേഷം രാഷ്ട്രപതി ഉത്തരവു പുറപ്പെടുവിക്കുന്നതാണു്.[1] ഈ വ്യവസ്ഥ ജമ്മു–കാഷ്മീർ സംസ്ഥാനത്തിനു് ബാധകമല്ല.[2]

സംസ്ഥാനനിയമസഭകൾക്കു് തൊഴിലുകളേയും വ്യാപാരങ്ങളേയും മററും സംബന്ധിച്ചുള്ള നികുതികൾ ചുമത്തുന്നതിനു് അധികാരം നല്കിയിട്ടുണ്ടു്. ഇതു് പാർലിമെൻറിനുള്ള അധികാരവുമായി പൊരുത്തക്കേടുണ്ടാകുന്നതിനു് സംഗതിയാകുകയില്ല. സംസ്ഥാനനിയമസഭ ഇതിലേയ്ക്കു് തുനിയുന്നതു് ആ സംസ്ഥാനത്തെ മുനിസിപ്പാലിററിയുടെയോ, ഡിസ്റ്റ്രിക്ടു്ബോർഡിൻെറയോ, ലോക്കൽബോർഡിൻെറയോ മററു് പ്രാദേശിക ഭരണസ്ഥാപനത്തിൻെറയോ ഗുണത്തിനുവേണ്ടി ആയിരിക്കും. നിയമസഭയുടെ ഈ ശ്രമം ആദായത്തിന്മേലുള്ള നികുതിയെ സംബന്ധിക്കുന്നതാണെന്നുള്ള കാരണത്താൽ അസാധുവായിത്തീരുന്നതുമല്ല.[3] ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇവയുടെ കീഴിൽ നികുതിയായി കൊടുക്കേണ്ടിവരുന്ന മൊത്തസംഖ്യ പ്രതിവർഷം ഇരുന്നൂററൻപതു രൂപയിൽ കവിയാൻ പാടുള്ളതല്ല. എന്നാൽ ഭരണഘടന ഉൗജ്ജിതത്തിൽ വരുന്നതിനു തൊട്ടു മുൻപുള്ള സാമ്പത്തികവർഷത്തിൽ മുകളിൽ പറഞ്ഞ തുകയിൽ കവിഞ്ഞ നികുതി പ്രാബല്യത്തിൽ ഇരുന്നിരുന്നുവെങ്കിൽ, പാർലിമെൻറു് മറിച്ചു് നിയമം നിമ്മിക്കുന്നതുവരെ അതു തുടരുന്നതാണു്.

1. Article 273.
2. Constitution (Application to Jammu & Kashmir) Order 1954.
3. Article 276.

സഞ്ചിതനിധികൂടാതെ മററു ചില ഏർപ്പാടുകൾകൂടി ഭരണഘടനയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള ഒന്നാണ് പൊതുധനക്കണക്ക്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇതു് ഉണ്ടായിരിക്കും.[1] സഞ്ചിതനിധിയിൽപെടാത്ത ധനങ്ങൾ ഇതിൽ ലയിക്കുന്നു. സഞ്ചിതനിധിയിൽനിന്നു് ധനം വിനിയോഗിക്കുന്നതിനു് ഭരണഘടനാപരമായ നിയന്ത്രണങ്ങൾ ഉണ്ട്. നിയമപ്രകാരവും നിയമം അനുശാസിക്കുന്ന രീതിയിലും മാത്രമേ സഞ്ചിതനിധിയിൽനിന്നു് ധനം വിനിയോഗിക്കുവാൻ കഴിയൂ. എന്നാൽ പൊതുധനക്കണക്കിൽനിന്നു് പണം പിൻവലിക്കുവാൻ ആ രീതിയിലുള്ള ക്ലിപ്തമായ വ്യവസ്ഥകളൊന്നും അനുസരിക്കണമെന്നില്ല. സർക്കാരിൻെറ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഉദ്യോഗസ്ഥന്മാരുടെ പക്കൽ നിക്ഷേപിക്കപ്പെടുന്ന പണം അവർ കൈവശം വച്ചുകൊണ്ടിരിക്കരുതു്. അതു് കേന്ദ്രത്തിൻെറ പൊതുകണക്കിലോ സംസ്ഥാനത്തിൻെറ പൊതുകണക്കിലോ യഥാവിധി നിക്ഷേപിക്കേണ്ടതാണു്.[2]

ഭരണനിർവ്വഹണവിഭാഗത്തിൻെറ അധീനതയിലുള്ള മറെറാരു നിധിയാണു് ആകസ്മികനിധിയെന്നപേരിൽ അറിയപ്പെടുന്നതു്. പാർലിമെൻറിനും, സംസ്ഥാനനിയമസഭയ്ക്കും നിയമപ്രകാരം ഇങ്ങനെ ഒരു നിധി സ്ഥാപിക്കാവുന്നതാണു്. അപ്രതീക്ഷിതമായ ചിലവുകൾ നേരിടുന്നതിനു് ഉതകത്തക്കവണ്ണം അതു് രാഷ്ട്രപതിയുടെയോ ഗവർണ്ണറുടെയോ അധീനതയിൽ വിട്ടുകൊടുക്കേണ്ടതുമാണു്. നിധിയിലേയ്ക്കുള്ള തുക നിശ്ചയിക്കുന്നതു് കേന്ദ്രത്തിൻെറ കാര്യത്തിൽ പാർലിമെൻറും സംസ്ഥാനത്തിൻെറ കാര്യത്തിൽ സംസ്ഥാനനിയമസഭയും ആയിരിക്കും.[3]

---

1. Article: 266.   2. Article 284.   3. Article: 267.

പാർലിമെൻറ് നിയമംമൂലം മററു വിധത്തിൽ വ്യവസ്ഥചെയ്യുന്നതിനു വിധേയമായി, സംസ്ഥാനസക്കാരിനാലോ സംസ്ഥാനത്തിനുള്ളിലുള്ള ഏതെങ്കിലും അധികാരസ്ഥാനത്താലോ ചുമത്തപ്പെടുന്ന നികുതികളിൽനിന്നു് കേന്ദ്രത്തിൻെറ ആസ്തികഠം ഒഴിവായിരിക്കുന്നതാണു്.[1] അതുപോലെതന്നെ സംസ്ഥാനത്തിൻെറ ആസ്തിയും ആദായവും യൂണിയൻെറ നികുതി ചുമത്തലിൽനിന്നു് ഒഴിവാക്കപ്പെട്ടിരിക്കുന്നു.[2] ഇതു് സംയുക്ത ഭരണരീതിയുടെ ആശയത്തിൽ അന്തർലീനമായിട്ടുള്ള തത്വത്തെ അടിസ്ഥാനമാക്കിയുള്ള സംഗതിയാണെന്നു് പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ലല്ലോ.

ഭാരതത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികപരിതസ്ഥിതികളുടെ അടിസ്ഥാനത്തിൽ, മുതലെടുപ്പിനുള്ള വിഭവങ്ങഠം കേന്ദ്രത്തിനും സംസ്ഥാനങ്ങഠംക്കുമായി വീതിച്ചു് ഇണക്കിയൊപ്പിക്കുന്നതു് അത്യാവശ്യമുള്ള കാര്യമാണു്. ഈ കത്തവ്യം നിറവേററുന്നതിലേയ്ക്കായി ഒരു ധനകാര്യകമ്മിഷനെ നിയമിക്കുന്നതിനു് ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്.[3] ഭരണഘടനയുടെ പ്രവത്തനാരംഭം മുതൽ രണ്ടു വർഷത്തിനകവും അതിനുശേഷം എല്ലാ അഞ്ചാംവർഷത്തിൻെറ അവസാനത്തിലോ, അല്ലെങ്കിൽ അതിനുമുമ്പു് ആവശ്യമെന്നു തോന്നുന്ന സമയത്തോ, രാഷ്ട്രപതി ഇങ്ങനെ ഒരു കമ്മിഷനെ സംഘടിപ്പിക്കുന്നതിനു് ഉത്തരവു പുറപ്പെടുവിക്കുന്നതാണു്. ഈ കമ്മിഷനിൽ ഒരു അദ്ധ്യക്ഷനും മററു് നാലു് അംഗങ്ങളും ഉണ്ടായിരിക്കും. അംഗങ്ങളുടെ യോഗ്യതകളേയും അംഗങ്ങളെ തിരഞ്ഞെടുക്കുന്ന വിധത്തേയും പററി പാർലിമെൻറ് നിയമം ഉണ്ടാക്കുന്നതാണു്. കേന്ദ്രത്തിനും സംസ്ഥാനങ്ങഠംക്കും ആയി വീതിക്കേണ്ടതോ വീതിക്കാവുന്നതോ ആയ നികുതികളിൽ

---

1. Article: 285. 2. Article: 289.
3. Article: 280 as amended

നിന്നുള്ള അററാദായങ്ങളെ വീതിക്കുന്നതും, സംസ്ഥാനങ്ങൾക്കുള്ള ഓഹരി നിശ്ചയിക്കുന്നതും സംബന്ധിച്ച് രാഷ്ട്രപതിയ്ക്ക് കമ്മിഷൻ ശുപാർശകൾ സമർപ്പിക്കുന്നു. ഇതുപോലെ തന്നെ ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്ന് സംസ്ഥാനങ്ങളുടെ രാജസ്വങ്ങളെ സംബന്ധിച്ചുള്ള സഹായധനകാര്യങ്ങളെ നിഷ്കർഷിക്കുന്ന തത്വങ്ങളെക്കുറിച്ചും കമ്മിഷൻ രാഷ്ട്രപതിയ്ക്ക് ശുപാർശകൾ നൽകുന്നു.

ഒരു സംയുക്തഭരണവ്യവസ്ഥയിൽ കേന്ദ്രത്തിനും സംയുക്തഘടകങ്ങൾക്കും തമ്മിലുള്ള ബന്ധങ്ങൾ വിശദമാക്കിയിരിക്കുമെന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. ധനപരമായ കാര്യങ്ങളിലും ഇതു് കാണാവുന്നതാണ്. ആകെയുള്ള വരുമാനം ഏതു വിധത്തിലാണ് രണ്ടുകൂട്ടർക്കുമായി വീതിക്കേണ്ടതു് എന്നുള്ളതു് അപ്രധാനമായ ഒരു സംഗതിയല്ല. എന്നാൽ ഭരണഘടനയിൽ ഒരിക്കൽ ചെയ്യുന്ന വ്യവസ്ഥകൾ വർദ്ധിച്ചു വരുന്ന ഉത്തരവാദിത്വത്തിൻെറ വെളിച്ചത്തിൽ പുനഃപരിശോധന ചെയ്യേണ്ടതു് കാലത്തിനൊത്തു പുരോഗമിക്കുവാൻ അത്യാവശ്യമാണെന്നു തീർച്ചതന്നെ. ഇതിലേയ്ക്കു് ഭരണഘടന അപ്പഴപ്പോൾ ഭേദഗതി ചെയ്യുന്ന ഏർപ്പാടു് അസ്വീകാര്യമാണ്. കാരണം ഭരണഘടന ഭേദഗതി ചെയ്യുകയെന്നതു് വളരെ പ്രാരബ്ധമേറിയ സംഗതിയാണെന്നുള്ളതുതന്നെ. ഇങ്ങനെ ധനപരമായ സംഗതികളെ പുനഃപരിശോധന ചെയ്യുന്നതിനുവേണ്ടിയും പരിഷ്കാരങ്ങൾ ശുപാശ് ചെയ്യുന്നതിലേയ്ക്കുമായി നമ്മുടെ ഭരണഘടനയിൽ ധനകാര്യക്കമ്മിഷനെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചരിത്രപരമായ ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുന്നതു് അനുചിതമായിരിക്കുകയില്ല. മൊൻടേഗു–ചെംസ്ഫോർഡ് ഭരണപരിഷ്കാരങ്ങൾക്കുമുമ്പ്, സക്കാർ തികഞ്ഞ കേന്ദ്രീകൃതസ്വഭാവത്തോടുകൂടിയതായിരുന്നു. കേന്ദ്രത്തിന്

സംസ്ഥാനങ്ങളുടെ റവന്യൂവിൻെറയും ചിലവിനങ്ങളുടെയുംമേൽ പൂർണ്ണമായ നിയന്ത്രണമുണ്ടായിരുന്നു. ഈ നിലയ്ക്കു് മാററംവ ന്നതു് വളരെ സാവധാനമായിട്ടുമാണു്. സാവകാശമായാണെ ങ്കിലും പുരോഗമനപരമായി ഇക്കാര്യത്തിൽ വികേന്ദ്രീകരണം നട ക്കുകയുണ്ടായി. ആദ്യമാദ്യം ഗ്രാൻറായും (സഹായധനം) പിന്നീടു് ചില റവന്യൂവിഭാഗങ്ങൾ ഭാഗികമായും, തുടന്നു് പൂർണ്ണമായും സംസ്ഥാനങ്ങളിലേയ്ക്കു് കേന്ദ്രം പകരുകയുണ്ടായി. 1919-ലെ ഭരണപരിഷ്ക്കാരങ്ങൾ ഇതു് കൂടുതൽ മുമ്പോട്ടുകൊണ്ടുപോയി കേന്ദ്രത്തിൻെറയും സംസ്ഥാനങ്ങളുടെയും ധനാഗമമാർഗ്ഗങ്ങൾ ഇന്നതിന്നതെന്നുള്ള വേർതിരിവു് ഈ ഭരണപരിഷ്കാരത്താൽ സംഭവിച്ചു. ഈ വീതംവയ്പുൽമൂലം കേന്ദ്രത്തിൻെറ സാമ്പ ത്തികനിലയിൽ നല്ല കുറവുണ്ടായി. ഇതു് കുറെ നികത്തുവാ നായി സംസ്ഥാനങ്ങളിൽനിന്നു് കേന്ദ്രത്തിൻെറ ആവശ്യ ത്തിലേക്കു് സഹായധനം നൽകുന്നതിനു് വ്യവസ്ഥചെയ്തു. സംസ്ഥാനങ്ങൾ ഈ രീതി വളരെ അനുകൂലമായി വീക്ഷിക്കു കയുണ്ടായിട്ടില്ല. പൊതുജനാഭിപ്രായവും വിപരീതമായിരുന്നു. ഇതു് 1928-29-ൽ നിർത്തലാക്കുകയാണു ചെയ്തതു്.

1935-ലെ ഭരണഘടനാനിയമംമൂലം സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുണ്ടയിരുന്ന ധനകാര്യബന്ധത്തിൽ അതിപ്ര ധാനങ്ങളായ വ്യത്യാസങ്ങൾ, സംഭവിക്കുകയുണ്ടായി. ആദായ നികുതിയിൽനിന്നു് ലഭിക്കുന്ന അററവരുമാനത്തിൽ അൻപതു ശതമാനം സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടു. കേന്ദ്ര ഭരണത്തിനു വിധേയമായിരിക്കുന്ന പ്രദേശങ്ങളിലെ വരവുകൂ ടാതെ കേന്ദ്രവിഷയങ്ങളിൽപ്പെടുന്ന തീരുവ ഇനങ്ങളും കേന്ദ്രം സ്വീകരിച്ചു. ചണം കയററുമതിയിൽനിന്നു ലഭിക്കുന്ന കയ ററുമതിത്തീരുവയിൽ ഒരു പങ്കു്, ചണം ഉല്പാദിപ്പിക്കുന്ന സംസ്ഥാനങ്ങൾക്കു നൽകുന്നതിനും ഏർപ്പാടുണ്ടായി. സഹായ ധനം ആവശ്യമാണെന്നു് കേന്ദ്രത്തിനു തോന്നുന്ന സംസ്ഥാ

നങ്ങൾക്ക്, സെൻട്രൽ എക്സൈസിൽ മുഴുവനുമോ, അംശമോ നീക്കിവയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തു. ആദായനികുതി, ചണക്കയററുമതിത്തീരുവ, സഹായധനം തുടങ്ങിയവ സംസ്ഥാനങ്ങൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ സർ ഓട്ടോ നീമിയറിന്റെ ഒരു റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ചെയ്തിട്ടുള്ളതു് എന്ന കാര്യം ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

രണ്ടാംലോകമഹായുദ്ധകാലമത്രയും 1935-ലെ ഭരണപരിഷ്കാരനിയമമനുസരിച്ചുള്ള ധനകാര്യവ്യവസ്ഥയാണ് നിലനിന്നതെന്നു പറയാം. എന്നാൽ അതിൽ രണ്ടു സുപ്രധാനമാററങ്ങൾ വരുത്തിയിട്ടുണ്ടെന്നുള്ളതും വിസ്മരിച്ചുകൂടാ. സംസ്ഥാനങ്ങളിൽനിന്നു ലഭിച്ചിരുന്ന ആദായനികുതിയിൽ നാലരക്കോടി ഉറുപ്പിക സ്ഥിരമായി കേന്ദ്രത്തിന്റെ ആവശ്യത്തിനായി നീക്കിവച്ചു. യുദ്ധം ശക്തിപ്പെട്ടതോടുകൂടി ആദായനികുതിയിനങ്ങളിൽ പല സർച്ചാർജ്ജുകൾ ഏർപ്പെടുത്തി അതു കേന്ദ്രം സ്വായത്തമാക്കുകയും ചെയ്തു. 1946-47-ൽ ഈ സർച്ചാർജ്ജുകൾ അടിസ്ഥാനനികുതിയിൽ ലയിപ്പിക്കുകയുണ്ടായി.

ഭാരതത്തിന്റെ വിഭജനംമൂലം പല വ്യത്യാസങ്ങളും വരുത്തേണ്ടതായിവന്നു. സംസ്ഥാനങ്ങൾക്ക് ലഭിക്കാവുന്ന വിഹിതങ്ങളിലും മാററം ഉണ്ടായി. 1949-ൽ ശ്രീ. സി. ഡി. ദേശ്മുഖ് ഇതു സംബന്ധിച്ചുള്ള ഒരു അന്വേഷണത്തിനു് നിയമിതനായി. അദ്ദേഹത്തിന്റെ ശുപാർശകൾ അനുസരിച്ചാണ് 1950-ഏപ്രിൽ 1-ാം തീയതിയ്ക്കും 1952-മാർച്ച് 31-ാം തീയതിയ്ക്കും ഇടയ്ക്കുള്ള കാലഘട്ടങ്ങളിലെ വിഹിതങ്ങൾ നിശ്ചയിച്ചിട്ടുള്ളതു്.

ഭരണഘടനയിലെ ധനകാര്യവ്യവസ്ഥകൾ മുമ്പുള്ള ആശയങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ചെയ്തിട്ടുള്ളതെന്ന്

പൊതുവെപറയാം. ആ ആശയങ്ങളിൽനിന്നു അതിപ്രധാനങ്ങളായ വ്യത്യാസങ്ങൾ ഉണ്ടുതാനും. ധനകാര്യങ്ങളെപ്പററി രാഷ്ട്രപതിയ്ക്കു് വേണ്ട ഉപദേശം നല്കുന്നതിലേക്കായി ഫിനാൻസ് കമ്മിഷനെ നിയമിക്കുന്നതിനുള്ള വ്യവസ്ഥയാണു് ഒന്നാമത്തേതു്. ചണക്കയററുമതിച്ചുങ്കത്തിൻെറ ഒരു പങ്കിനു് ചണാകൃഷിചെയ്യുന്ന സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അവകാശം നിർത്തലാക്കി. അതിനുപകരം പത്തുകൊല്ലക്കാലത്തേക്കു സഹായധനം നല്കുന്നതിനുള്ള വ്യവസ്ഥയുണ്ടായി. നാട്ടുരാജ്യങ്ങളുടെ സംയോജനം പുതിയ പരിതസ്ഥിതികൾ സൃഷ്ടിച്ചു. സംയോജനത്തിനുമുമ്പു്, കേന്ദ്രവിഷയത്തിൽപ്പെട്ട ചില വിഷയങ്ങളിൽ നിന്നുള്ള വരുമാനം ആ സംസ്ഥാനങ്ങൾക്കുതന്നെ ആയിരുന്നു. സംയോജനത്തിനുശേഷം ഇതു് അസാധ്യമായി. കേന്ദ്രവിഷയങ്ങൾ കേന്ദ്രം ഏറെറടുത്തു. ഇതുമൂലം നേരിട്ട സാമ്പത്തിക വൈഷമ്യങ്ങൾ സംസ്ഥാനങ്ങൾ തരണം ചെയ്യുന്നതിനു് കാലം ചെല്ലുംതോറും കുറഞ്ഞു കുറഞ്ഞു പോകുന്നസഹായധനം അഞ്ചുകൊല്ലത്തേക്കു് കേന്ദ്രം നൽകുന്നതിനു് വ്യവസ്ഥചെയ്തു.

ഒന്നാമത്തെ ഫിനാൻസ്കമ്മിഷൻ 1951-ൽ നിയമിതമായി. ഇതിൻെറ ശുപാർശകളിൽ പ്രധാനമായവ ആദായനികുതിയുടെ സംസ്ഥാനങ്ങൾക്കുള്ള പങ്കിൻെറ ശതമാനം 50-ൽനിന്നു് 55 ആയി വർദ്ധിപ്പിക്കുക, പുകയിലത്തീരുവയുടെ നാല്പതുശതമാനം സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുക, ഏഴു സംസ്ഥാനങ്ങൾക്കു് പൊതുക്കാര്യങ്ങൾക്കായി സഹായധനം നൽകുക തുടങ്ങിയവയാണു്. ബി സംസ്ഥാനങ്ങളുമായുള്ള ധനകാര്യക്കരാറുകളെക്കുറിച്ചു് കമ്മിഷൻ അന്വേഷണം നടത്തിയില്ല. അതു് ഭരണഘടന ഊർജ്ജിതത്തിൽ വന്നതിനുശേഷം അഞ്ചുകൊല്ലം കഴിയുമ്പോൾ മാത്രമേ ആവശ്യമുള്ളല്ലോ.

രണ്ടാമത്തെ ഫിനാൻസ് കമ്മിഷൻ അടുത്തകാലത്ത് സംഘടിപ്പിക്കുകയുണ്ടായിട്ടുണ്ട്. കഴിഞ്ഞ കമ്മിഷൻ അന്വേഷണത്തിനു വിധേയമാക്കിയ കാര്യങ്ങൾ പുതിയതായി പരിശോധിക്കുന്നതായിരിക്കും. അതുകൂടാതെ എസ്റ്റേററ് ഡ്യൂട്ടി സംസ്ഥാനങ്ങളുടെ ഇടയിൽ ഏതുവിധമായിരിക്കണം വീതിക്കേണ്ടതെന്നുള്ള കാര്യവും ഇവർ പരിശോധിക്കും. ജമ്മു-കാഷ്മീർ സംസ്ഥാനത്തിനെ സംബന്ധിക്കുന്ന കാര്യവും ഇദംപ്രഥമമായി അവർ അന്വേഷിക്കും. രണ്ടാമത്തെ കമ്മിഷൻെറ ശുപാർശകൾ 1957-ആഗസ്റ്റോടുകൂടി സമർപ്പിക്കപ്പെടുമെന്നാണ് പ്രതീക്ഷ.

ഭാരതത്തിൻെറ പൊതുവായ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി കമ്മിഷൻെറ പരിഗണനയ്ക്കായി രാഷ്ട്രപതി അയയ്ക്കുന്ന ഏതു വിഷയത്തെക്കുറിച്ചും കമ്മിഷൻ ശുപാർശകൾ സമപ്പിക്കേണ്ടതാണ്. കമ്മിഷൻ അവരുടെ നടപടിക്രമങ്ങൾ നിശ്ചയിക്കുന്നു. പാർലിമെൻറുനിയമംമൂലം അവക്ക് സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ, ഔദ്യോഗികകൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു് അവരെ സഹായിക്കുന്നു. കമ്മിഷൻ ചെയ്യുന്ന ശുപാർശയേയും അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളേയും വിശദീകരിക്കുന്ന കുറിപ്പോടുകൂടിയ റിപ്പോർട്ട് പാർലിമെൻറിൻെറ ഓരോ സഭയിലും സമപ്പിക്കുവാൻ രാഷ്ട്രപതി ഏപ്പാടു ചെയ്യുന്നതായിരിക്കും.[1]

ഒരു സംസ്ഥാനത്തിനു വെളിയിൽവച്ചു നടക്കുന്ന ക്രയവിക്രയങ്ങളിലും, ഭാരതത്തിലേക്കു് സാധനങ്ങളുടെ ഇറക്കുമതി, വെളിയിലേക്കുള്ള കയററുമതി എന്നീ കാര്യങ്ങളുടെ ഗതിയിലും ഒരു നികുതി ചുമത്തുകയോ ചുമത്തുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്. സംസ്ഥാനങ്ങൾ

1. Article 281.

തമ്മിൽ നടക്കുന്ന കച്ചവടത്തിൻെറയോ കൈമാററക്കച്ചവട ത്തിൻെറയോ മേൽ നികുതി ചുമത്തുന്നതും ചുമത്തുവാൻ അധി കാരപ്പെടുത്തുന്നതും നിരോധിച്ചിട്ടുണ്ട്. ഒരു കച്ചവടം സംസ്ഥാ നത്തിനു വെളിയിലോ, സാധനം ഇറക്കുമതി ചെയ്യുന്ന അവസരത്തിലോ നടക്കുന്നതെന്നു് നിശ്ചയിക്കുന്നതിനു് വേണ്ട ചട്ടങ്ങൾ പാർലിമെൻറിനു് ഉണ്ടാക്കാൻ സാധിക്കും.[1] സംസ്ഥാ നത്തിനു് നികുതിചുമത്തുന്നതിൽ ഇങ്ങനെയുള്ള പരിമിതികൾ ഉണ്ടെന്നുള്ളകാര്യം വിസ്മരിച്ചുകൂടാ.

പാർലിമെൻറിനു് നിയമനിർമ്മാണം മൂലം അന്തഃസംസ്ഥാ നവാണിജ്യത്തിനു് പ്രത്യേക പ്രാധാന്യമുള്ള ചരക്കുകളേതൊ ക്കെയെന്നു് പ്രഖ്യാപിക്കുവാൻ ശക്തിയുണ്ടായിരിക്കും. പ്രഖ്യാ പനത്തിൽതന്നെ ഈ ചരക്കുകളുടെ മേൽ കരം ഈടാക്കുന്ന രീതിയെപ്പററിയോ, മാനദണ്ഡത്തെക്കുറിച്ചോ മററു് ബന്ധ പ്പെട്ട കാര്യങ്ങളെ സംബന്ധിച്ചോ സംസ്ഥാനനിയമങ്ങൾ നിലവിലുണ്ടെങ്കിൽ എന്തിനെല്ലാം വിധേയമായിട്ടായിരിക്കും നടപ്പിൽ വരുന്നതു് എന്നും നിർണ്ണയിക്കാം. വിദ്യുച്ഛക്തി യുടെ മേലുള്ള നികുതിയീടാക്കുന്നതു സംബന്ധിച്ചു് ചില ഒഴി വുകൾ ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കാവുന്നതല്ല.[2]

കടമെടുപ്പു്

കേന്ദ്രത്തിൻെറ നിർവ്വഹണശക്തിക്കു് ഇൻഡ്യയുടെ സഞ്ചിതനിധിയുടെ ജാമ്യത്തിന്മേൽ കടം എടുക്കുവാൻ കഴിയു

---

1. Article 286. as amended by Constitution (Sixth Amendment) Act 1956. Section 4.

2. Article 287.

ന്നതാണ്. പാർലിമെൻറ് നിയമത്താൽ ഏതെങ്കിലും പരിധികഠം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിനു വിധേയമായിട്ടേ ഇതു ചെയ്യുവാൻ പാടുള്ളൂ.[1] സംസ്ഥാനങ്ങഠംക്കു പൊതുജനങ്ങളിൽ നിന്നു് കടം വാങ്ങാം. എന്നാൽ കേന്ദ്രത്തെ അപേക്ഷിച്ച് അവർക്ക് ചില പരിമിതികളെല്ലാമുണ്ട്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ജാമ്യത്തിന്മേലായിരിക്കും ഈ കടമെടുപ്പ് നിർവ്വഹിക്കുന്നതു്. സംസ്ഥാനനിയമസഭ അതതുകാലത്ത് ഏതെങ്കിലും പരിധികഠം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത്തരം പരിധികഠംക്ക് അതു വിധേയമായിരിക്കും. ഇൻഡ്യാഗവർമ്മെൻറിനു് ഏതെങ്കിലും സംസ്ഥാനത്തിനു് കടം കൊടുക്കുന്നതിനും കഴിവുണ്ട്. അതു് പാർലിമെൻറ് നിർമ്മിച്ചിട്ടുള്ള നിയമത്താലോ, അതു് അനുശാസിക്കുന്ന നിശ്ചയങ്ങഠംക്ക് വിധേയമായോ ആയിരിക്കും ചെയ്യുന്നതു്. കടം കൊടുക്കുന്നതു കൂടാതെ കേന്ദ്രത്തിനു് മറെറാരു കാര്യംകൂടി ചെയ്യാം. സംസ്ഥാനം എടുക്കുന്ന കടത്തിനുവേണ്ട ഉറപ്പുകഠം നഠംകാം. ഇതിലേക്കെല്ലാം കേന്ദ്രസഞ്ചിതനിധിയിൽ ബാദ്ധ്യത ചുമത്തുന്നതായിരിക്കും. കേന്ദ്രത്തിലേക്ക് കടംവായ്പവകയിൽ തുകകഠം കൊടുത്തുതീർക്കാനുണ്ടെങ്കിൽ പുതിയ ഏതെങ്കിലും കടം ആ സംസ്ഥാനം എടുക്കുന്നതിനു് കേന്ദ്രഗവമ്മെന്റിൻെറ അനുമതി നേടിയിരിക്കേണ്ടതാണ്. ഈ അനുവാദം കേന്ദ്രം നല്കുന്നതു് യുക്തമെന്നുതോന്നുന്ന വ്യവസ്ഥകഠംക്ക് വിധേയമായിട്ടാകാം.[2]

സ്വത്തുകഠം, കരാറുകഠം, അവകാശങ്ങഠം, തുടങ്ങിയവ.

1950-ജാനുവരി 26-ാം തീയതി മുതൽ ഭാരതഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുകളും യഥാക്രമം ഇൻഡ്യാ

1. Article: 292. 2. Article: 293.

ഡൊമിനിയൻെറയും, ഗവർണറന്മാരുടെ പ്രോവിൻസുകളുടെയും പിൻതുടർച്ചക്കാരായി കരുതപ്പെടുന്നു. ഇൻഡ്യാ ഡൊമിനിയനുവേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ ആസ്തികളും മുതലുകളും കേന്ദ്രഗവർമ്മെൻറിൽ നിക്ഷിപ്തമായി ഗവർണ്ണറന്മാരുടെ പ്രവിശ്യയിലെ ആവശ്യത്തിനായി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന ആസ്തികളും മുതലുകളും ഓരോ സംസ്ഥാനത്തിലും ചെന്നുചേർന്നു. അതുപോലെ മുൻഗവണ്മെൻറിനു് കരാറുകൾവഴിയോ മററുവിധത്തിലോ ഉണ്ടായിട്ടുള്ള അവകാശങ്ങളും ബാദ്ധ്യതകളും മററും പിന്നീടുണ്ടായ ഗവണ്മെൻറുകളുടെതായിത്തീർന്നിരിക്കുന്നു. മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ, ഈ ഭരണഘടനയുടെ പ്രവർത്തനാരംഭം മുതൽ ഈ ഭരണഘടനയുടെ ആരംഭത്തിനു മുൻപു്, പാകിസ്ഥാൻ ഡൊമിനിയൻെറയോ, പശ്ചിമബംഗാൾ, പൂർവ്വപഞ്ചാബു് എന്നീ പ്രവിശ്യകളുടേയോ, സൃഷ്ടിയുടെ ഫലമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതോ ഉണ്ടാക്കേണ്ടതോ ആയ ഏതെങ്കിലും ഒത്തുതീർപ്പിനു വിധേയമായിട്ടുള്ളവയാണു്.[1]

അന്യംനില്പൽ, വ്യതിക്രമണം തുടങ്ങിയ കാരണങ്ങളാൽ ഉടമസ്ഥൻെറ അഭാവം ഉളവാകുന്ന ഏതെങ്കിലും ആസ്തി ഒരു സംസ്ഥാനത്തിലാണെങ്കിൽ ആ സംസ്ഥാനത്തിനും മറ്റെല്ലാ അവസ്ഥകളിലും കേന്ദ്രത്തിലും നിക്ഷിപ്തമായിത്തീരുന്നു.[2] മുതൽ എവിടെ സ്ഥിതിചെയ്യുന്നു എന്നതാണു് ഇവിടെ നോക്കുന്നതു് ഭാരതത്തിന്റെ അധികാരപരിധിയിൽപെടുന്ന പ്രദേശങ്ങളിലെ. സമുദ്രാന്തർഭാഗത്തു നിക്ഷിപ്തങ്ങളായിട്ടുള്ള വിലപിടിപ്പുള്ള എല്ലാ സാധനങ്ങളും കേന്ദ്രത്തിൻേറതായിരിക്കും. തീരപ്രദേശത്തുനിന്നു് ആറു് നാവികമൈൽ വരെയുള്ള സമുദ്രം രാജ്യ

1. Article: 294. 2. Article: 296.

ത്തിൻെറ പ്രദേശമായിരിക്കുമെന്നു് രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടുള്ളതു് ഓർമ്മിക്കുമല്ലോ. ഇതുപോലെ എല്ലാ രാജ്യങ്ങളും ചില തത്വങ്ങൾ അംഗീകരിച്ചിട്ടുണ്ടു്. രാജ്യരക്ഷയ്ക്കും രാജ്യഭദ്രതയ്ക്കും ഇതു് അത്യന്താപേക്ഷിതമാണല്ലോ.[1]

കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും യഥാസ്ഥിതി അവരവരുടെ ആവശ്യത്തിനുവേണ്ടി ആസ്തിയുടെ ക്രയത്തിനും സമാർജ്ജനത്തിനും കൂടാതെ കരാറുകൾ ഉണ്ടാക്കുന്നതിനും സാധിക്കും. ഒരു വ്യക്തിക്കു ചെയ്യുവാൻ സാധിക്കുന്നതുപോലെ സ്വത്തു സംഭാവനയായോ, വിലയായോ, വിനിയോഗമായോ, ഒററിയായോ കൊടുക്കുന്നതിനും അതുപോലെ വിലയ്ക്കുവാങ്ങിക്കുകയോ സമ്പാദിക്കുകയോ ചെയ്യുന്നതിനും സക്കാരിനു് സാധിക്കുന്നതാണു്.[2] ഇതൊക്കെ സാധാരണ നിയമങ്ങൾക്കു് വിധേയമായിട്ടായിരിക്കുമെന്നു് പ്രത്യേകിച്ചു പറയണമെന്നില്ല. പ്രമാണങ്ങൾ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ നിർദ്ദിഷ്ടരീതിയിൽ ഒപ്പുവയ്ക്കേണ്ടതാണു്. കേന്ദ്രത്തിൻെറയോ സംസ്ഥാനത്തിൻെറയോ നിർവ്വഹണശക്തിയാൽ നടത്തപ്പെടുന്ന എല്ലാ കരാറുകളും യഥാവിധം രാഷ്ട്രപതിയോ ഗവർണ്ണറോ ചെയ്യുതായി കരുതപ്പെടേണ്ടതാണു്. അവർ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തികൾ അധികാരപ്പെടുത്തിയിട്ടുള്ള രീതിയിൽ അതു് നിർവ്വഹിക്കണം. ഇതിൽ ആക്കും വ്യക്തിപരമായ ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.[3] ഭാരതത്തിന്റെ പേരിൽ കേന്ദ്രഗവണ്മെൻറും സംസ്ഥാനത്തിൻെറ പേരിൽ സംസ്ഥാനഗവർമ്മെൻറും വ്യവഹരിക്കാവുന്നതും വ്യവഹരിക്കപ്പെടാവുന്നതും ആകുന്നു.[4]

---

1. Article: 297.
2. Article: 298. as Substituted by Constitution (Seventh Amendment) Act 1956-Section 20.
3. Article: 299.
4. Article: 300.

ഭാരതത്തിനുള്ളിലെ വാണിജ്യം മുതലായവ

സംയുക്തഭരണരീതി സ്വീകരിച്ചിട്ടുള്ള രാജ്യങ്ങളിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടതു് പ്രാദേശികവികസനപ്രവത്തനങ്ങളുടെ കാര്യത്തിൽ ഒരു ഭാഗവും അവഗണിക്കപ്പെട്ടുകൂടാ എന്നുള്ളതാണു്. അങ്ങിനെയായാൽ അതു് ദേശീയതാബോധത്തെ സാരമായി ബാധിക്കുമെന്നുള്ളതിനു സംശയമില്ല. സംയുക്തരാജ്യത്തിലെ ഘടകങ്ങൾ പരസ്പരം ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ഏററവും കുറവായിരിക്കണം. ജനങ്ങൾ ഏതുഭാഗത്തുള്ളവരായാലും അവർ ഒന്നാണെന്നുള്ള ബോധം അവരുടെ ഹൃദയങ്ങളിൽ ദൃഢമൂലമാകണം. ഇതിനു സഹായിക്കുന്ന പ്രധാനമായ കാര്യം രാജ്യത്തിനുള്ളിലെ സഞ്ചാരസ്വാതന്ത്ര്യമാണു്. ജനങ്ങൾക്കു് ഇഷ്ടമുള്ള ഏതുഭാഗത്തും സ്ഥിരതാമസം തുടങ്ങുവാനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഇവയെപ്പററി മുമ്പു് സൂചിപ്പിച്ചിട്ടുണ്ടു്. ഇതുപോലെ പ്രാധാന്യമർഹിക്കുന്ന മറെറാരു കാര്യമാണു് രാജ്യത്തിനുള്ളിൽ സ്വതന്ത്രമായ വ്യാപാരത്തിനുള്ള സാദ്ധ്യതകൾ. ഇതിനു് സംസ്ഥാനങ്ങളുടെ ഇടയിലുള്ള അതിരുകൾ അഗണ്യങ്ങളായിരിക്കണമെന്നു ചുരുക്കം. നിയന്ത്രണങ്ങൾ നിർമ്മിച്ചു് പൌരന്മാക്കുള്ള സ്വാതന്ത്ര്യത്തെ ചുരുക്കിക്കൂടാ. ഒരു സംസ്ഥാനത്തിനുള്ളിലുള്ളതായാലും രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ളതായാലും ഈ നിയന്ത്രണങ്ങൾ അരോചകങ്ങൾ തന്നെ. എങ്കിലും ദേശീയതാല്പര്യങ്ങൾക്കു വിധേയമായിട്ടുമാത്രമേ ഈ സ്വാതന്ത്ര്യങ്ങൾ അനുഭവിക്കുവാൻ സാധിക്കു എന്നു വിസ്മരിച്ചുകൂടാ.[1] ഇങ്ങനെയുള്ള വ്യവസ്ഥകൾക്കു വിധേയമായി ഭാരതത്തിനുള്ളിലാകമാനം വാണിജ്യവും മററും സ്വതന്ത്രമായി

---

1. **Article** : 301.

രിക്കുന്നതാണെ് എന്നു വ്യവസ്ഥചെയ്തിരിക്കുന്നു.[1] ഒരു സംസ്ഥാനത്തിന്ന് മറെറാരു സംസ്ഥാനത്തിൻെറ മേൽ ഏതെങ്കിലും പ്രത്യേക പരിഗണന നല്കുകയോ നല്കുവാൻ അധികാരപ്പെടുത്തുകയോ, അല്ലെങ്കിൽ ഒരു സംസ്ഥാനവും മറെറാരു സംസ്ഥാനവും തമ്മിൽ ഏതെങ്കിലും വിവേചനം ഉണ്ടാക്കുകയോ അതുണ്ടാക്കുവാൻ അധികാരപ്പെടുത്തുകയോ ചെയ്യുന്നതായ ഏതെങ്കിലും നിയമം നിർമ്മിക്കുന്നതിന്ന് അധികാരമുണ്ടായിരിക്കുന്നതല്ല.[2] എന്നാൽ മററു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതിചെയ്യുന്ന സാധനങ്ങളിൽ ആ സംസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന അതേ സാധനങ്ങൾക്ക് കല്പിതമാകുന്ന നികുതി, ഭേദമില്ലാത്തരീതിയിൽ ചുമത്താം. പൊതുതാല്പര്യങ്ങൾക്ക് ആവശ്യമാകാവുന്ന ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിന്നും തടസ്സമില്ല. എന്നാൽ അങ്ങിനെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയുള്ള ബില്ലോ ഭേദഗതിയോ രാഷ്ട്രപതിയുടെ പൂർവ്വാനുമതിയില്ലാതെ കൊണ്ടുവരാവുന്നതല്ലെന്ന് ഓർമ്മിക്കേണ്ടതാണ്.[3] നിലവിലിരിക്കുന്ന ഏതെങ്കിലും നിയമത്തെ അസാധുവാക്കുവാൻ ഇതിനൊന്നും കഴിവില്ല. രാഷ്ട്രപതിയുടെ ഉത്തരവുമുഖേന മററുവിഷയത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തോളമേ അവ ബാധകമാകൂ.[4] പൊതുജനതാല്പര്യത്തെ മുൻനിറുത്തി യുക്തമായ നിയന്ത്രണം ഏർപ്പെടുത്തുവാൻ നിലവിലുള്ള ഏതെങ്കിലും നിയമത്തിൻെറ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതു് ഇതിനെ ബാധിക്കുന്നതല്ല. അങ്ങിനെയുള്ള ഏതെങ്കിലും നിയമം ഉണ്ടാക്കുവാൻ ഇതു് തടസ്സപ്പെടുത്തുകയുമില്ല.[5] ഉദാഹരണമായി ഭാരതരാജ്യരക്ഷാവ്യവസ്ഥകളോ

---

1. Article 302. 2. Article: 303 3. Article: 304.
4. Article: 305 as Substituted by Constitution (Fourth Amendment) Act 1955 Section 4.
5. Motor Vehicles Act 1935.

മോട്ടോർവാഹന നിയമമോ ഇതിന്റെ മുമ്പിൽ അസാധുവായിത്തീരുന്നില്ല.[1]

മുകളിൽ പ്രസ്താവിച്ച പല സംഗതികളും മൗലികാവകാശ പ്രഖ്യാപനത്തിലെ തത്വങ്ങൾപോലെ ഉള്ളവയാണ്. അവയിലെ ഉദ്ദേശ്യങ്ങൾ നടപ്പിൽ വരുത്തുവാൻ ഉചിതമെന്നു തോന്നുന്ന അധികാരസ്ഥാനത്തെ സംഘടിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. നിയമംമൂലം പാർലിമെന്റ് ഇതു് രൂപീകരിക്കുന്നതാണ്. പാർലിമെന്റിനു് ആവശ്യമെന്നും യുക്തമെന്നും തോന്നുന്ന അധികാരങ്ങളും കൃത്യങ്ങളും അവയ്ക്കു് നല്കാവുന്നതും ആണ്.[2]

---

1. Article: 19 (6) (ii)
2. Article: 307.

അദ്ധ്യായം പത്തൊൻപതു്

കംപ്ട്രോളറും ആഡിററർ ജനറലും

നമ്മുടെ ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥകൾ ചെയ്തിട്ടുള്ളതനുസരിച്ചു് നിയമിതനാകുന്ന ഒരു ഉദ്യോഗസ്ഥനാണു് കംട്രോളർ ആഡിററർജനറൽ. ഈ ഉദ്യോഗസ്ഥൻെറ കത്തവ്യം പൊതുമുതലിൻെറ കർശനമായ സൂക്ഷിപ്പാണു്. പൊതുമുതലിൽനിന്നു് ഒരു പൈസപോലും പാർലിമെൻറിൻെറ അനുമതികൂടാതെ ചിലവാക്കിക്കൂട. അതു് പ്രയോഗത്തിൽ വരുത്തുന്നുണ്ടോ എന്നു് അദ്ദേഹം സൂക്ഷിക്കുന്നു. ഏററവും ഉത്തരവാദപ്പെട്ട ഈ ഉദ്യോഗസ്ഥൻെറ മേൽ നിർവ്വാഹക മണ്ഡലത്തിനു് ഒരു നിയന്ത്രണവും ഇല്ല. അദ്ദേഹത്തെ നിയമിക്കുന്നതു് രാഷ്ട്രപതിയുടെ അധികാരപത്രം മുഖേനയാണു്. അദ്ദേഹത്തെ സ്ഥാനത്തുനിന്നു് നീക്കംചെയ്യണമെങ്കിൽ, സുപ്രീംകോടതിയിലെ ഒരു ജഡ്ജിയെ നീക്കംചെയ്യുന്നതിനു് സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണു്.[1] അദ്ദേഹത്തിൻെറ സേവനവ്യവസ്ഥകൾ, ശമ്പളം തുടങ്ങിയ കാര്യങ്ങൾ പാർലിമെൻറു് നിയമം മുഖേന നിർണ്ണയിക്കുന്നു. അതു് ഉണ്ടാകുന്നതുവരെ കംട്രോളർ ആഡിററർജനറലിൻെറ ശമ്പളം പ്രതിമാസം നാലായിരം രൂപാ ആയിരിക്കും.[2] എന്നാൽ അദ്ദേഹത്തിൻെറ നിയമനത്തിനുശേഷം അദ്ദേഹത്തിനു പ്രതികൂലമായി സേവനവ്യവസ്ഥകളോ ശമ്പളമോ അവധി പെൻഷൻ തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളോ ഭേദപ്പെടുത്തിക്കൂട. തൻെറ ഉദ്യോഗത്തിൽനിന്നു് വിരമിച്ചശേഷം അദ്ദേഹത്തിനു് കേന്ദ്രഗവർമ്മെൻറിൻെറയോ സംസ്ഥാനഗവർമ്മെൻറിൻെറയോ

---

1. Article: 148 (1) & 124 (4).
2. Second Schedule: S. 12.

കീഴിൽ എന്തെങ്കിലും ഉദ്യോഗം വഹിക്കുന്നതിനു് യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ആഡിററർ ജനറലിൻെറയും അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെയും ശമ്പളം, ബത്ത,പെൻഷൻ തുടങ്ങിയ ചിലവുകൾ എല്ലാം ഭാരതത്തിൻെറ സഞ്ചിതനിധിയിൽനിന്നു് നടത്തുന്നതാണു്. അതു് പാർലിമെൻറിൻെറ വോട്ടിനു വിധേയമാക്കിയിട്ടുള്ള തുകയല്ല എന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ ഉദ്യോഗവ്യവസ്ഥകളുമായി കംട്രോളർ ആഡിററർ ജനറലിൻെറ ഉദ്യോഗവ്യവസ്ഥകൾക്കു് വളരെ സാമ്യമുണ്ടെന്നു് വ്യക്തമാണു്. കംട്രോളർ ആഡിററർ ജനറലിൻെറ ഉദ്യോഗകാലാവധി അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന നാൾ തൊട്ടു് ആറുകൊല്ലമായിരിക്കും.[1] എന്നാൽ അതിനു മുമ്പു് രാജി കൊടുക്കുന്നതിനു തടസ്സമില്ല. അതിനു സ്വന്തം കൈപ്പടയിൽ എഴുതിയ രാജിക്കത്തു് രാഷ്ട്രപതിക്കു് അയച്ചു കൊടുക്കണമെന്നാണു വ്യവസ്ഥ.[2]

കംട്രോളർ ആഡിററർജനറിലിൻെറ ഡിപ്പാർട്ടുമെൻറു് സർക്കാരിന്റെ ചിലവുകൾ ആഡിററു ചെയ്യുന്നു. അതുകൂടാതെ വിവിധവകുപ്പുകൾ ചിലവാക്കിയിട്ടുള്ള തുകകൾ സർക്കാർ ചട്ടങ്ങളെയും ഉത്തരവുകളെയും അനുസരിച്ചുതന്നെയാണോ എന്നു് ബോദ്ധ്യം വരുത്തുകയും ചെയ്യുന്നു. അതുപോലെ പണം ചിലവിടുന്നതിനു് ഉള്ള ഉത്തരവുകൾ പാസ്സാക്കിയിട്ടുള്ളതു്, അതിനു് അധികാരം ഉള്ളവർതന്നെയാണോ എന്നു് ഉറപ്പു വരുത്തുകയും ചെയ്യുന്നതാണു്.[3] രാഷ്ട്രപതിയുടെ അംഗീകാരം

---

1. Comptroller and Auditor General (Conditions of Service) Act 1953—S. 3.
2. Comptroller & Auditor General (Conditions of Service) Act 1953—Section 3.
3. Article: 149.

സിദ്ധിച്ചിട്ടുള്ള കംട്രോളറുടെ ശുപാർശകൾ അനുശാസിക്കുന്ന രൂപത്തിൽ കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും കണക്കുകൾ സൂക്ഷിക്കപ്പെടുന്നതായിരിക്കും.[1] എന്നാൽ ഈ വ്യവസ്ഥ ജമ്മു–കാശ്മീർ സംസ്ഥാനത്തെ ബാധിക്കുന്നതല്ല.

കേന്ദ്രത്തിലെ കണക്കുകൾ സംബന്ധിച്ചുള്ള കംട്രോളർ ആഡിററർ ജനറലിൻെറ റിപ്പോർട്ട് രാഷ്ട്രപതിക്ക് സമർപ്പിക്കപ്പെടുന്നു. അദ്ദേഹം (രാഷ്ട്രപതി) അതു് പാർലമെൻറിൻെറ അറിവിലേക്കായി ഓരോസഭയിലും വയ്ക്കുകയും ചെയ്യും. സംസ്ഥാനത്തിൻെറ കണക്കുകൾ സംസ്ഥാനഗവർണർക്ക് സമർപ്പിക്കേണ്ടതും അതു് അദ്ദേഹം സംസ്ഥാന നിയമസഭയിൽ വയ്ക്കേണ്ടതുമാണു്.[2] ഈ വ്യവസ്ഥകൾ ജമ്മു–കാശ്മീർ സംസ്ഥാനത്തെ ബാധിക്കുന്നതല്ല. കംട്രോളർ ആഡിററർ ജനറലിൻെറ റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ പിന്നീടുള്ള നടപടികൾ എന്താണെന്നു് സൂചിപ്പിക്കാം. പാർലിമെൻറിലെ ഓരോ സഭയും ആ റിപ്പോർട്ടിനെ കൂലങ്കഷമായി പഠിക്കുന്നതിനുവേണ്ടി പബ്ളിക്ക് അക്കൗണ്ട്സ് കമ്മററിയെന്നപേരിൽ ഓരോ കമ്മററി രൂപീകരിക്കുന്നതാണു്. ആ കമ്മററി കംട്രോളർ ആഡിററർ ജനറലിൻെറ റിപ്പോർട്ട് പരിശോധിക്കുന്നു.[3]

പബ്ളിക്ക് അക്കൗണ്ട്സ് കമ്മററിയിൽ പതിനഞ്ചിൽ കൂടുതൽ അംഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല. അംഗങ്ങളെ ഓരോ കൊല്ലവും പാർലിമെൻറു് സാമാജികന്മാരിൽ നിന്നു് തിരഞ്ഞെടുക്കുന്നു. അവരുടെ കാലാവധി ഒരു കൊല്ലമായിരിക്കും. കമ്മററിയുടെ കോറം നാലാണു്. കമ്മററിയുടെ

---

1. **Article: 150**
2. **Article: 151.**
3. **Rules of Procedure & Conduct of Business of Parliament Rules: 143 & 144.**

അദ്ധ്യക്ഷനെ സാധാരണരീതിയിൽ സ്പീക്കർ കമ്മററി അംഗങ്ങളിൽ നിന്നു് നിയമിക്കുന്നു. എന്നാൽ ഡെപ്യൂട്ടിസ്പീക്കർ കമ്മററി അംഗമാണെങ്കിൽ അദ്ദേഹമായിരിക്കും കമ്മററിയുടെ അദ്ധ്യക്ഷൻ.

സംസ്ഥാനങ്ങളെ സംബന്ധിക്കുന്ന റിപ്പോർട്ടു് പരിശോധിക്കുന്നതിനു് സംസ്ഥാനനിയമസഭ ഒരു സംസ്ഥാന പബ്ലിക്ക് അക്കൗണ്ട്സ് കമ്മററിയെ നിയോഗിക്കുന്നതായിരിക്കും. മുകളിൽ പറഞ്ഞരീതിയിൽതന്നെയാണു് സംസ്ഥാനത്തിലെ കമ്മററിയും കൃത്യങ്ങൾ നിർവ്വഹിക്കുന്നതു്.

കംട്രോളരുടെ റിപ്പോർട്ടു് എന്തിനെക്കുറിച്ചായിരിക്കണമെന്നു ഭരണഘടനയിൽ സൂചനകളുണ്ടു്. അതു് കണക്കുകൾ സൂക്ഷിക്കുന്നതു് നേരാംവണ്ണം നിയമങ്ങൾ അനുസരിച്ചു തന്നെയാണോ എന്നല്ലാതെ, പണം ചിലവഴിക്കുന്നതിൻെറ പിൻപിലുള്ള ഭരണനയങ്ങളെ സംബന്ധിച്ചു് ആയിരിക്കരുതു്.

ഓരോ സംസ്ഥാനങ്ങൾക്കു് പ്രത്യേകമായി ആഡിററർ ജനറലന്മാരെ നിയമിക്കുന്നതിനു വ്യവസ്ഥയില്ല. ആഡിററർ ജനറലിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർതന്നെ സംസ്ഥാനത്തിലേയും കാര്യങ്ങൾ നോക്കുന്നു. ഇതുമൂലം ഭാരതമൊട്ടുക്കു് ആഡിററു ചട്ടങ്ങളുടെ കാര്യത്തിൽ ഐകരൂപ്യം സംഭവിക്കുന്നു. ഒരേ മാനദണ്ഡംതന്നെ എല്ലായിടത്തും പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. ചിലവിനും ലാഭമുണ്ടു്.

ഭാരതത്തിൻെറ കംട്രോളർ ആഡിറ്റർ ജനറലായി ഒരാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പു് രാഷ്ട്രപതിയുടെയോ, അല്ലെങ്കിൽ അതിനുവേണ്ടി രാഷ്ട്രപതി നിയോഗിച്ചിട്ടുള്ള ഏതെങ്കിലും വ്യക്തിയുടെയോ മുമ്പിൽ ശപഥമോ സത്യപ്രതിജ്ഞയോ ചെയ്യണമെന്നു ഭരണഘടന അനുശാസി

ക്കുന്നു.[1] ഇതിൽ, നിയമമനുസരിച്ചു് സ്ഥാപിതമായ ഭാരത ഭരണഘടനയോടു് യഥാത്ഥവിശ്വാസത്തോടുകൂടി, തന്റെ പരമമായ കഴിവും പരിജ്ഞാനവും നിണ്ണയശക്തിയും ഉപയോഗിച്ചു്, ഔദ്യോഗികകൃത്യങ്ങൾ ഭീതിയോ പക്ഷപാതമോ കൂടാതെ നിവ്വഹിക്കാമെന്നു് ഏല്ക്കുകയാണു് ചെയ്യുന്നതു്. അതോടൊപ്പം ഭരണഘടനയും നിയമങ്ങളും നിലനിത്താമെന്നും പ്രതിജ്ഞാബദ്ധനാകുന്നു.[2]

കംട്രോളർ ആഡിററർ ജനറൽ ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചു് ഒരു സ്വതന്ത്രനായ അധികാരിയാണു്. പാഴ്ചിലവുകൾ പാർലിമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയെന്നതാണു് അദ്ദേഹത്തിന്റെ പ്രധാനമായ കത്തവ്യം. ഇക്കായ്യത്തിൽ അദ്ദേഹത്തിന്റെ കടമകളും ഇംഗ്ലണ്ടിലെ കാംട്രോളർ ജനറലിന്റെ കടമകളും തമ്മിൽ വളരെ സാമ്യമുണ്ടു്. അദ്ദേഹത്തിന്റെ പ്രധാനകത്തവ്യം ചിലവു നിയന്ത്രണമല്ല; ആഡിററു് ആണു്. അദ്ദേഹം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കണക്കുകൾ പരിശോധിച്ചു് പാർലിമെൻറു് അനുവദിച്ചിട്ടുള്ള തുകയുടെ വിനിമയം തീർച്ചപ്പെടുത്തുകയും പണം ചിലവഴിച്ചിട്ടുള്ളതു് പാർലിമെൻറു് ഉദ്ദേശിച്ചിട്ടുള്ള സംഗതികൾക്കുതന്നെയാണെന്നു് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അദ്ദേഹം നിയമപരമായ ക്രമക്കേടുകൾ മാത്രമല്ല, അപ്രാപ്തിയും ധാരാളിത്വവും കണ്ടുപിടിക്കുന്നു. എന്നാൽ സക്കാരിന്റെ നയങ്ങളെ സംബന്ധിച്ചുള്ള ഒരു കായ്യവും അതുമായി ബന്ധപ്പെടുത്തി അദ്ദേഹം വിലയിരുത്തിക്കൂടാത്തതാണു്.[3]

---

1. Article: 148.
2. Third Schedule: Oath No: IV
3. Treasury Control-by Prof: Samuel H. Beer. 1956.

അദ്ധ്യായം ഇരുപത്

കേന്ദ്രത്തിൻെറയും സംസ്ഥാനങ്ങളുടെയും കീഴിലുള്ള സർവ്വീസുകൾ

നമ്മുടെ ഭരണഘടനയിൽ സർക്കാരുദ്യോഗസ്ഥന്മാരുടെ സേവനത്തെ സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾമൂലം വിശാലമായ തത്വങ്ങൾ വ്യക്തമാക്കാനല്ലാതെ വിശദമായ നിയമാവലിയും നടപടി ക്രമവും ക്രോഡീകരിക്കുവാൻ യത്നിച്ചിട്ടില്ല. അത് നിയമ നിർമ്മാണസഭയ്ക്കായി നീക്കിവച്ചിരിക്കുന്നു. ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി നിയമനിർമ്മാണസഭയുടെ നിയമങ്ങളാൽ, കേന്ദ്രത്തിന്റെയോ സംസ്ഥാനത്തിൻെറയോ കീഴിൽ സേവനമനുഷ്ഠിക്കേണ്ടവരെ തിരഞ്ഞെടുക്കുന്നതും, അവരുടെ സേവനവ്യവസ്ഥകൾ ക്രമീകരിക്കുന്നതും ആയ സർവ്വീസ് നിബന്ധനകൾ നിയന്ത്രിക്കാവുന്നതാണ്.[1] നിർവ്വാഹകവിഭാഗത്തിലേക്കുള്ള ഉദ്യോഗസ്ഥനിയമനാധികാരം അങ്ങിനെ നിയമനിർമ്മാണസമിതിയുടെ നിയന്ത്രണത്തിനധീനമാണ്.

ഉത്തരവാദിത്വഭരണം പ്രായോഗികമായി വിജയിക്കണമെങ്കിൽ സ്വതന്ത്രവും കഴിവുള്ളതുമായ ഒരു സിവിൽസർവ്വീസ് അത്യന്താപേക്ഷിതമാണ്. ദീർഘകാലത്തെ ഭരണപരിചയത്തെ ആസ്പദമാക്കി, മാറിമാറിവരുന്ന മന്ത്രിമാർക്കെല്ലാം ഉപദേശം നൾകുവാൻ അവർക്ക് കഴിവുണ്ടായിരിക്കണം. അവരുടെ സ്ഥാനങ്ങളിൽ അവർ സുരക്ഷിതമായിരിക്കണം. നിയമസഭയും ഗവർമ്മെൻറും തീരുമാനിക്കുന്ന നയങ്ങൾ പ്രയോഗ

---

1. Article: 309

ത്തിൽ വരുത്തുവാൻ അവക്ക് പ്രാപ്തിയും കൂടിയേതീരൂ.[1] ഉദ്യോഗസ്ഥന്മാരായ പൗരന്മാരുടെ അവകാശങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ അവരുടെ (ഉദ്യോഗസ്ഥന്മാരുടെ) മൗലികാവകാശങ്ങളെ ബാധിക്കുമോ എന്നൊരു പ്രശ്നം ഉണ്ട്. പൗരന്മാരെന്ന നിലയിൽ അവക്ക് മൗലികാവകാശങ്ങൾ അനുഭവിക്കുവാൻ കഴിവില്ലേ? നിയമസഭയ്ക്ക് സക്കാരുദ്യോഗസ്ഥന്മാരുടെ മേൽ ന്യായവും ബോധപൂർവ്വവും ആയ നിയന്ത്രണങ്ങൾ ഏപ്പെടുത്തുവാൻ കഴിയുമെന്നു് ഇന്നു് ഏതാണ്ട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കക്ഷിപിടിച്ച് ഊജ്ജിതമായി രാഷ്ട്രീയ കാര്യങ്ങളിൽ പങ്കുകൊള്ളുവാൻ ഉദ്യോഗസ്ഥന്മാക്ക് കഴിവില്ല. രാഷ്ട്രീയകക്ഷിയിലൊന്നിലും അയാൾ പ്രവത്തിച്ചുകൂടാ.[2]

സംസ്ഥാനങ്ങളുമായി ആലോചിച്ച്, ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതും അവരുടെ സേവനവ്യവസ്ഥകൾ നിയന്ത്രിക്കുന്നതും ആയ ചട്ടങ്ങൾ ഉണ്ടാക്കുവാൻ കേന്ദ്രത്തെ അധികാരപ്പെടുത്തുന്ന നിയമം പാർലിമെൻറ് പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാസവ്വീസുകളെ സംബന്ധിച്ച് ഇതിനുതൊട്ടുമുമ്പുവരെ നിലവിലിരിക്കുന്ന ചില ചട്ടങ്ങൾ തുടന്നു ഊർജ്ജിതത്തിലിരിക്കുമെന്നും അവ ഈ ഭരണഘടനാവ്യവസ്ഥകളുടെ കീഴിൽ നിർമ്മിച്ചിട്ടുള്ളതായി പരിഗണിക്കുന്നതാണെന്നുംകൂടി അതിൽ പ്രസ്താവിച്ചിട്ടുണ്ട്.[3]

ഇംഗ്ലണ്ടിൽ ഉദ്യോഗസ്ഥന്മാർ രാജാവിനു തൃപ്തിയുള്ള കാലത്തോളമേ ജോലിയിൽ ഇരിക്കൂ. ഇതേ ആശയം നമ്മുടെ ഭരണഘടനയിലും സ്വീകരിച്ചിട്ടുണ്ട്. ഭരണഘടനയിൽ സ്പഷ്ടമായി വ്യവസ്ഥചെയ്തിട്ടുള്ളതൊഴിച്ച്, യൂണിയൻറ രാജ്യരക്ഷാ

1. Report of Joint Select Committee (1933-34) Vol I. Para 274.
2. Government Servant's Conduct Rules—23.
3. All India Services Act 1951.

സർവ്വീസിലേയോ സിവിൽസർവ്വീസിലേയോ അഖിലഭാരത സർവ്വീസിലേയോ അംഗമായിരിക്കുന്നതോ, അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരു വ്യക്തിയും രാഷ്ട്രപതിയുടെ തൃപ്തിയുള്ളിടത്തോളം കാലം ആ പദം വഹിക്കുന്നതാണു്. ഒരു സംസ്ഥാനത്തിലെ സിവിൽ സവ്വീസിലെ ഒരംഗമായിരിക്കുന്നതോ ഏതെങ്കിലും സിവിൽ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരു വ്യക്തിയും ഗവർണ്ണറുടെ തൃപ്തി ഉള്ളിടത്തോളം ആ പദം വഹിക്കുന്നതായിരിക്കും. പ്രത്യേകകരാറുകൾ അനുസരിച്ചു് സേവനമനുഷ്ഠിക്കുന്ന ഒരാൾ ആ പദം നിശ്ചിതമായ കാലാവധിക്കുമുമ്പു് നിറുത്തലാക്കപ്പെടുകയോ, നടപടിദൂഷ്യത്തെ സംബന്ധിച്ച കാരണങ്ങൾകൊണ്ടല്ലാതെ ആ പദം ഒഴിയുവാൻ നിർബ്ബന്ധിതനാകുകയോ ചെയ്യുകയാണെങ്കിൽ അദ്ദേഹത്തിനു് നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥ ചെയ്യാവുന്നതാണു്.[1]

ഒരു ഉദ്യോഗസ്ഥന്റെമേൽ നടപടി നടത്തുന്നതു സംബന്ധിച്ചു് പ്രത്യേക ചട്ടങ്ങൾ ഉണ്ടു്. യൂണിയനിലെ സിവിൽ സവ്വീസിലെയോ, അഖിലഭാരതസർവ്വീസിലെയോ ഒരു സംസ്ഥാനത്തിലെ സിവിൽ സവ്വീസിലെയോ അംഗമായിരിക്കുന്ന ഒരാളെ അദ്ദേഹത്തെ നിയമിച്ചിട്ടുള്ളതിൽ കുറഞ്ഞ ഒരധികാരസ്ഥാനത്താൽ നീക്കം ചെയ്യുവാൻ പാടുള്ളതല്ല. ഒരാളുടെ പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കുവാൻ പര്യാപ്തമായ അവസരം നൽകിയിട്ടല്ലാതെ ജോലിയിൽനിന്നു് നീക്കം ചെയ്യുകയോ തരംതാഴ്ത്തുകയോ ചെയ്യരുതു്. സമാധാനം ബോധിപ്പിക്കുവാനുള്ള അവസരം കൊടുക്കുന്നതു് പ്രയോജനപ്പെടുത്തുവാൻ സാദ്ധ്യതയുണ്ടോ എന്നതിനെക്കുറിച്ചു് പ്രശ്നം ഉദിക്കുന്നതായാൽ അധി

1. **Article: 310 as amended by Constitution (Seventh Amendment) Act-1956.**

കാരസ്ഥാനത്തിന്റെ അതിന്മേലുള്ള തീരുമാനം അവസാനത്തേതായിരിക്കുന്നതാണു്. ക്രിമിനൽ കുററാരോപണത്തിന്മേലോ, കാരണം കാണിക്കുവാൻ അവസരം നൽകുന്നതു് ന്യായമായി അപ്രായോഗികമായിരുന്നാലോ, അങ്ങിനെ അവസരം നൽകുന്നതു് പൊതുതാല്പര്യത്തിനു് വിപരീതമായിരുന്നാലോ, ആ ഉദ്യോഗസ്ഥനു് നടപടിക്കെതിരായി കാരണം ബോധിപ്പിക്കുവാൻ അവസരം നല്കേണ്ടതായിട്ടില്ല എന്നും ഭരണഘടന വിശദീകരിച്ചിരിക്കുന്നു.[1] സാധാരണയായി നിയമിക്കുന്നതിനുള്ള അധികാരത്തിൽ തന്നെ പിരിച്ചുവിടുന്നതിനുമുള്ള അധികാരം അന്തർലീനമായിരിക്കുന്നു.[2]

പബ്ളിക് സർവീസ്കമ്മിഷൻ

കേന്ദ്രത്തിനും, സംസ്ഥാനങ്ങൾക്കു് ഓരോന്നിനും ഓരോ പബ്ളിക്ക് സർവീസ്കമ്മിഷൻ വീതം ഉണ്ടായിരിക്കുന്നതാണു്. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്കു പൊതുവിൽ ഒരു കമ്മിഷൻ മതിയെന്നു തീരുമാനിച്ചു് കരാർ ഉണ്ടാക്കാം. അതിനുവേണ്ടി നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാനങ്ങളിലെ നിയമസഭകൾ നിശ്ചയം പാസ്സാക്കണം. അതിനെ അടിസ്ഥാനമാക്കി ആ സംസ്ഥാനങ്ങളുടെ ആവശ്യങ്ങളെ നിവർത്തിക്കുവാൻ സംയുക്തപബ്ളിക്ക്സർവീസ് കമ്മിഷന്റെ നിയമനത്തിനു് വ്യവസ്ഥ ചെയ്യാവുന്നതാണു്. കേന്ദ്രപബ്ളിക്ക്സർവീസ് കമ്മിഷൻ ഒരു സംസ്ഥാനത്തിലെ ആവശ്യങ്ങൾക്കൂടി നിർവഹിക്കുന്നതിനും വ്യവസ്ഥചെയ്യുവാൻ കഴിയും. ആവശ്യമുള്ള സംസ്ഥാനത്തിലെ ഗവർണ്ണർ അങ്ങിനെ ചെയ്യുന്നതിനു് അഭ്യർത്ഥിക്കണം. ആ അഭ്യർത്ഥ

---

1. Article: 311.
2. General Clauses Act (X of 1897) Section 16.

നയെ ആസ്പദമാക്കി രാഷ്ട്രപതിയുടെ അനുമതിയോടുകൂടി സംസ്ഥാനത്തിലെ മുഴുവനുമോ ഏതെങ്കിലുമോ ആവശ്യങ്ങൾ കേന്ദ്ര പബ്ളിക്ക്സർവ്വീസ്കമ്മിഷൻ ഏറെറടുക്കുന്നതായിരിക്കും.

കമ്മിഷനിലെ അംഗങ്ങളുടെ നിയമനകാര്യത്തെപ്പററി ഇനി ചിന്തിക്കാം. കേന്ദ്ര പബ്ളിക്ക്സർവ്വീസ് കമ്മിഷനിലെ അദ്ധ്യക്ഷനേയും അംഗങ്ങളേയും നിയമിക്കുന്നതു് രാഷ്ട്രപതിയാണു്. സംയുക്തകമ്മിഷന്റെ കാര്യത്തിലും നില ഇതുതന്നെ. ഗവർണ്ണർ ആയിരിക്കും സംസ്ഥാനകമ്മിഷനിലെ അദ്ധ്യക്ഷനേയും അംഗങ്ങളേയും നിയമിക്കുന്നതു്. കമ്മിഷനിലെ പകുതിയോളം ആളുകൾ കുറഞ്ഞതു് പത്തുകൊല്ലമെങ്കിലും കേന്ദ്രഗവമ്മെൻറിൻെറയോ സംസ്ഥാനസർക്കാരിൻെറയോ കീഴിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരായിരിക്കണം എന്നുകൂടി നിബ്ബന്ധമുണ്ടു്.[1] കമ്മിഷനിലെ ഒരംഗം തൻെറ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിമുതൽ ആറുവർഷക്കാലമോ, അല്ലെങ്കിൽ കേന്ദ്ര കമ്മിഷനെ സംബന്ധിച്ചാണെങ്കിൽ അറുപത്തിയഞ്ചുവയസ്സു തികയുന്നതുവരെയോ ആ പദം വഹിക്കുന്നതാണു്. സംയുക്ത കമ്മിഷൻെറയും സംസ്ഥാനകമ്മിഷൻെറയും കാര്യത്തിൽ അംഗത്തിനു് അറുപതുവയസ്സുതികയുന്നതുവരെയെ ഉദ്യോഗത്തിൽ തുടരുവാൻ സാധിക്കു. വയസ്സുതികയുന്നതോ ആറുവർഷം തികയുന്നതോ ഏതാണു് ആദ്യം സംഭവിക്കുന്നതു്, അതനുസരിച്ചു് ഉദ്യോഗത്തിൽനിന്നു് വിരമിക്കണം. അംഗങ്ങൾക്കു് സ്വപദം നേരത്തെ രാജിവയ്ക്കുവാൻകഴിവുണ്ടു്. രാജി യഥാവിധി രാഷ്ട്രപതിയെയോ ഗവർണ്ണറെയോ അഭിസംബോധന ചെയ്തു് സ്വന്താ കൈപ്പടയിൽ എഴുതി അറിയിക്കേണ്ടതാണു്. കാലാവധികഴിഞ്ഞാൽ പിന്നെ ജോലിയിൽ വീണ്ടും നിയമിതനാകുവാൻ ഒരംഗത്തിനു് യോഗ്യതയില്ല.[2]

---

1. Article 315. 2. Article 316.

തക്കതായ കാരണങ്ങളാൽ കമ്മിഷനിലെ ഒരംഗത്തെ സ്ഥാനത്തുനിന്നു് നീക്കംചെയ്യുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. നിർദ്ധനനെന്നു് വിധിക്കപ്പെട്ടാലോ പുറമെ സർക്കാരിൽ ശമ്പളംപററുന്ന എന്തെങ്കിലും ജോലിയിൽ ഏർപ്പെട്ടാലോ, മാനസികമോ ശാരീരികമോ ആയ ദൌർബല്യം കാരണം സ്വകൃത്യങ്ങൾ മുറപോലെ നിവ്വഹിക്കുവാൻ അപ്രാപ്തനാണെന്നു് രാഷ്ട്രപതിക്കു് ബോദ്ധ്യപ്പെട്ടാലോ ഒരു പബ്ളിക്കു് സവ്വീസ് കമ്മിഷൻ അദ്ധ്യക്ഷനെയോ അംഗത്തെയോ യാതൊരുവിധമുറയും നോക്കാതെ രാഷ്ട്രപതിക്കു് സ്ഥാനത്തുനിന്നു് നീക്കംചെയ്യാം. അതുപോലെ നടത്തദോഷത്തിൻെറ കാരണത്താലും ഉദ്യോഗത്തിൽ നിന്നു പിരിച്ചുവിടാവുന്നതാണു്. പബ്ളിക്കു് സവ്വീസ് കമ്മിഷനിലെ അദ്ധ്യക്ഷനോ അംഗമോ നിയമപ്രകാരം സംഘടിപ്പിക്കപ്പെട്ട ഒരു കമ്പനിയിൽ ഒരു അംഗമെന്നനിലയിൽ അസാധാരണമായ ഏതെങ്കിലും കരാറിലോ കമ്പനിയുടെ ലാഭത്തിലോ ആദായത്തിലോ പ്രതിഫലത്തിലോ പങ്കുള്ളവനായിരിക്കുന്നു എങ്കിൽ നടത്തപ്പിശകിനു് കുററക്കാരനായി പരിഗണിക്കാവുന്നതായിരിക്കും. ഒരംഗത്തിന്റെ മേൽ ആരോപിക്കപ്പെട്ട കുററങ്ങളെക്കുറിച്ചു് സുപ്രീംകോടതി അന്വേഷണം നടത്തേണ്ടതാണു്. ആ അന്വേഷണത്തിന്മേൽ തീപ്പു കല്പിക്കുന്നതു് രാഷ്ട്രപതിയായിരിക്കും. കുററാരോപണത്തെ അടിസ്ഥാനമാക്കി അന്വേഷണമോ റിപ്പോർട്ടോ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ആ അംഗത്തെ ഉദ്യോഗത്തിൽനിന്നു് വിട്ടത്തി നിത്തുവാൻ രാഷ്ട്രപതിക്കും സംസ്ഥാനത്തിലാണെങ്കിൽ ഗവർണ്ണർക്കും കഴിവുണ്ടു്.[1]

പബ്ളിക്കു് സർവ്വീസ് കമ്മിഷൻെറ കത്തവ്യങ്ങൾ പലതാണു്. കേന്ദ്രത്തിലെ സർവ്വീസുകളിലേക്കും സംസ്ഥാ

---

1. Article: 317.

നത്തിലെ സർവ്വീസുകളിലേയ്ക്കും നിയമനം നടത്തുന്നതിനു വേണ്ടി പരീക്ഷകൾ നടത്തുന്നതു് അതതു കമ്മിഷന്റെ കടമയാണു്. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ അഭ്യത്ഥിക്കുന്നപക്ഷം പ്രത്യേക യോഗ്യതകൾ ആവശ്യമായിരിക്കുന്ന സർവ്വീസുകളിലേക്കു് ഒന്നിച്ചു് ആളെടുക്കുന്നതിനുള്ള പദ്ധതികൾ രൂപവൽക്കരിക്കുന്നതിലും പ്രവത്തനക്ഷമമാക്കുന്നതിലും കേന്ദ്രപബ്ളിക്കു് സവ്വീസ് കമ്മിഷൻ സംസ്ഥാനങ്ങളെ സഹായിക്കുന്നതാണെന്നു് പ്രത്യേകിച്ചു പറയേണ്ടല്ലോ. സിവിൽ സവ്വീസുകളിലേയ്ക്കു് ഉള്ള ഉദ്യോഗങ്ങളിൽ ആളെടുക്കുന്ന രീതികളെക്കുറിച്ചു് കമ്മിഷനോടു് ആലോചിക്കേണ്ടിയിരിക്കുന്നു. സിവിൽ സർവ്വീസുകളിലേയ്ക്കും സിവിൽ ഉദ്യോഗങ്ങളിലേയ്ക്കും ഉള്ള നിയമനങ്ങൾ നടത്തുന്ന വിഷയത്തിലും, ഒരു സർവ്വീസിൽനിന്നു് മറെറാരു സവ്വീസിലേയ്ക്കുള്ള ഉദ്യോഗക്കയററങ്ങളും സ്ഥലംമാററങ്ങളും ചെയ്യുന്ന വിഷയത്തിലും അതിലൊക്കെയുള്ള സ്ഥാനാത്ഥികളുടെ യോഗ്യതാനിർണ്ണയത്തിലും ഉദ്യോഗക്കയററത്തിലും സ്ഥലംമാററത്തിലും അനുസരിക്കേണ്ട തത്വങ്ങളിലും കമ്മിഷനുമായി ആലോചിക്കുകതന്നെ വേണം. ഇതുപോലെ പ്രധാനമായ മറെറാരു കാര്യമാണു് അച്ചടക്ക നടപടികൾ. കേന്ദ്രഗവണ്മെന്റിന്റെയോ സംസ്ഥാനഗവണ്മെന്റിന്റെയോ കീഴിൽ സിവിൽ നിലയിൽ സേവനം അനുഷ്ഠിക്കുന്ന ഒരാളിനെ ബാധിക്കുന്ന ശിക്ഷണനടപടി സംബന്ധമായ എല്ലാക്കാര്യങ്ങളെപററിയും കമ്മിഷനു് ചുമതലയുണ്ടു്. കത്തവ്യനിർവ്വഹണത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചു് ഒരുദ്യോഗസ്ഥനെതിരായി നടത്തിയിട്ടുള്ള നിയമപരമായ നടപടികൾക്കു് പ്രതിരക്ഷചെയ്യുന്നതിൽ ആ ഉദ്യോഗസ്ഥനു് വഹിക്കേണ്ടതായിവന്ന ഏതെങ്കിലും ചിലവുകൾ തിരിച്ചുകിട്ടുന്നതിനു് നടത്തുന്ന അവകാശവാദത്തെപ്പററി പരിഗണിക്കേണ്ടതും കമ്മിഷൻ തന്നെ. ഗവണ്മെൻറിന്റെ കീഴിൽ സിവിൽനിലയിൽ സേവനം അനുഷ്ഠിക്കുമ്പോൾ ഉണ്ടായിട്ടുള്ള

ക്ഷതങ്ങളെ പരിഗണിച്ച് അടിത്തണിനായുള്ള അവകാശവാദങ്ങളിന്മേലും തീരുമാനമെടുക്കേണ്ടതു് അവർതന്നെ. മുകളിൽ പ്രസ്താവിച്ചവകൂടാതെ കമ്മിഷൻെറ പരിഗണനയ്ക്കും സൂചിന്തിതമായ അഭിപ്രായത്തിനും ആയി അറിയിച്ചിട്ടുള്ള ഏതു കാര്യങ്ങളിലും ഉപദേശം നല്കുവാൻ കടപ്പാടുണ്ട്. എങ്കിലും പൊതുവിലോ പ്രത്യേകം കാര്യത്തിലോ സന്ദർഭത്തിലോ കമ്മിഷനോട് ആലോചിക്കേണ്ട ആവശ്യമില്ലാത്ത കാര്യങ്ങൾ വിവരിക്കുന്ന റെഗുലേഷനുകൾ രാഷ്ട്രപതിക്കോ സംസ്ഥാനങ്ങളിൽ ഗവർണ്ണർക്കോ പുറപ്പെടുവിക്കുകയും ചെയ്യാം. അവ യഥാസ്ഥിതി പാർലിമെൻറിലോ, സംസ്ഥാനത്തിലെ നിയമസഭകളിലോ, കഴിയുന്നതും വേഗത്തിൽ പതിന്നാലു ദിവസങ്ങളിൽ കുറയാത്ത കാലത്തേക്ക് സമർപ്പിച്ചിരിക്കേണ്ടതാണ്. അവിടെ വേണ്ട ഭേദഗതികൾ വരുത്തുന്നതായാൽ അവയ്ക്കു് വിധേയമായിട്ടുമാത്രമേ ആ റെഗുലേഷനുകൾ ഊർജ്ജിതത്തിൽ വരു.[1]

ഉദ്യോഗത്തിൽ നിന്നു വിരമിച്ചു കഴിഞ്ഞാൽ കമ്മിഷനിലെ അംഗങ്ങൾക്ക് ചില പരാധീനതകൾ ഉണ്ടാകുന്നുണ്ട്. കേന്ദ്രപബ്ളിക്സർവ്വീസ്കമ്മിഷൻെറ അദ്ധ്യക്ഷൻ കേന്ദ്രഗവമ്മെൻറിൻെറ കീഴിലോ സംസ്ഥാനഗവണ്മെൻറുകളുടെ കീഴിലോ ഉദ്യോഗങ്ങൾ വഹിക്കുവാൻ അർഹതയുള്ളവനായിരിക്കുകയില്ല. എന്നാൽ സംസ്ഥാനകമ്മിഷൻെറ അദ്ധ്യക്ഷനായിരുന്നയാൾ കേന്ദ്രത്തിലെ കമ്മിഷൻെറ അദ്ധ്യക്ഷനായിട്ടോ അംഗമായിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും സംസ്ഥാനകമ്മിഷനിലെ അദ്ധ്യക്ഷനായിട്ടോ നിയമിക്കപ്പെടുവാൻ യോഗ്യനായിരിക്കും. കേന്ദ്രകമ്മിഷനിലെ അദ്ധ്യക്ഷനൊഴിച്ചുള്ള മറ്റംഗങ്ങൾക്ക് കേന്ദ്രത്തിലേയോ സംസ്ഥാനത്തിലേയോ

1. Article: 320

കമ്മിഷനിലെ അദ്ധ്യക്ഷനായി നിയമിതരാകുവാൻ യോഗ്യതയു ണ്ടായിരിക്കും. എന്നാൽ സക്കാരുദ്യോഗത്തിൽ പ്രവേശിക്കാവു ന്നതല്ല.[1]

കാലാവധികഴിഞ്ഞു് പിരിഞ്ഞുപോയിട്ടുള്ള പബ്ളിക്ക് സർവ്വീസ് അംഗങ്ങളുടെ സേവനങ്ങൾ ചില പ്രത്യേക വ്യവ സ്ഥയിൽ സക്കാരിനു് പിന്നീട് പ്രയോജനപ്പെടുത്താവു ന്നതാണെന്നു് കാണുന്നു.[2] സക്കാരിൽനിന്നു് പ്രതിഫലം പററുന്ന ഒരുദ്യോഗത്തിൽ അവരെ നിയമിക്കാവുന്നതല്ല. പ്രതിഫലം ഇല്ലാത്തുള്ള കാര്യങ്ങൾക്കു് സാധിക്കുമെ ന്നാണു് കരുതപ്പെടുന്നതു്. കാലാവധികഴിഞ്ഞു് പിരി ഞ്ഞുപോയിട്ടുള്ള ചെയർമാനേയോ അംഗത്തെയോ ഏതെ ങ്കിലും പ്രത്യേക സംഗതിക്കായി സക്കാർസംഘടിപ്പിച്ചിട്ടുള്ള കമ്മിഷനിലോ കമ്മററിയിലോ അദ്ധ്യക്ഷനായോ അംഗ മായോ നിയമിക്കുന്നതു്, അതിനു് ഏതെങ്കിലും രൂപത്തി ലുള്ള പ്രതിഫലം നൽകുന്നില്ലെങ്കിൽ, അനുവദനീയമാണെ ന്നാണു് വ്യാഖ്യാനം. ഈ ജോലിയിലിരിക്കുമ്പോൾ അദ്ദേഹ ത്തിനുള്ള അലവൻസുകൾ അനുവദിക്കുന്നതു് യഥാത്ഥത്തിൽ കൃത്യനിവ്വഹണത്തിനുവേണ്ടി ചിലവായിട്ടുള്ള തുകമാത്രമേ ആകാവൂ. ഈ വ്യാഖ്യാനമനുസരിച്ചുള്ള നിയമനങ്ങൾ നട ത്തുന്നതിനുമുമ്പു് ആഭ്യന്തരവകുപ്പുമായി ആലോചിക്കുന്നതു് ഉചിതമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ടു്.

പബ്ളിക്ക്സർവ്വീസ് കമ്മിഷൻ പ്രധാനമായി ഉപദേശ ങ്ങൾ നൽകുന്നതിനുള്ള ഒരു സമിതിയാണു്; ഉത്തരവുകൾ പുറപ്പെടുവിക്കുന്നതല്ല. രാഷ്ട്രപതിയ്ക്കോ ഗവർണ്ണർക്കോ കമ്മി

---

1 Article 319

2. Indian Express-New Delhi Special Correspondant's despatch dated 14, June 1956.

ഷൻ അവരുടെ അഭിപ്രായം നൽകുന്നു. ആ അഭിപ്രായം അപ്പാടെ സ്വീകരിക്കണമെന്നു നിർബ്ബന്ധമൊന്നുമില്ല. കമ്മിഷൻ ചെയ്തിട്ടുള്ള ജോലിയെക്കുറിച്ചു് ആണ്ടുതോറും ഒരു റിപ്പോർട്ടു് സമർപ്പിക്കേണ്ടതായിട്ടുണ്ടു്. കേന്ദ്രകമ്മിഷൻ അതു് രാഷ്ട്രപതിയ്ക്കാണു സമർപ്പിക്കുന്നതു്. ആ റിപ്പോർട്ടിന്മേൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നു് പാർലിമെൻറിലെ ഇരു സഭകളേയും അറിയിക്കേണ്ടിയിരിക്കുന്നു. കമ്മിഷൻെറ ഉപദേശം അസ്വീകാര്യമായിരുന്നെങ്കിൽ അതിനുള്ള കാരണങ്ങളും അറിയിപ്പോടുകൂടി ഉണ്ടായിരിക്കണം. സംസ്ഥാനകമ്മിഷനാണെങ്കിൽ മുകളിൽ പറഞ്ഞ രീതിയിൽ ഉള്ള റിപ്പോർട്ടു് ഗവർണ്ണർക്കു് സമർപ്പിക്കേണ്ടതാണെന്നാണു വ്യവസ്ഥ. സംയുക്തക്കമ്മിഷനായിരുന്നാൽ തല്പരസംസ്ഥാനങ്ങളുടെ ഓരോന്നിൻെറയും ഗവർണ്ണർക്കു് അതതു സംസ്ഥാനങ്ങളെ സംബന്ധിക്കുന്ന റിപ്പോർട്ടു സമർപ്പിച്ചാൽ മതി. ഗവർണ്ണർ രാഷ്ട്രപതി ചെയ്യുന്നതുപോലെ റിപ്പോർട്ടോടുകൂടി സംസ്ഥാനനിയമസഭകളിൽ അതു് അവതരിപ്പിക്കണം.[1] ഈ റിപ്പോർട്ടു് സഭയിൽ ചർച്ചാവിഷയമാക്കാം. അതിലെ ഉള്ളടക്കങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു് മന്ത്രിമാർ ഉത്തരം പറയുകയും വേണം. ഉദ്യോഗസ്ഥനിയമനകാര്യങ്ങളിലും മററും അതിരുകടന്ന കാര്യങ്ങളൊന്നും ചെയ്യാതിരിക്കുവാൻ ഇതുകൊണ്ടു് എല്ലാവരും ബാദ്ധ്യസ്ഥരായിത്തീരുന്നു. ഉദ്യോഗകാര്യങ്ങളിൽ യോഗ്യതയ്ക്കും സാമർത്ഥ്യത്തിനും മതിപ്പും അംഗീകാരവും സിദ്ധിക്കുകയും ചെയ്യും.

പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു് ഭരണഘടന ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. അംഗങ്ങളുടെ സംഖ്യയും സേവനവ്യവസ്ഥകളും

---

1. Article 323.

മററും കേന്ദ്രകമ്മിഷനായിരുന്നാൽ രാഷ്ട്രപതിയും, സംസ്ഥാന കമ്മിഷനായിരുന്നാൽ ഗവർണ്ണറും റെഗുലേഷൻസ് വഴി ക്ലിപ്തപ്പെടുത്തുന്നു. എന്നാൽ കമ്മിഷനിലെ ഒരംഗത്തിന്റെ സേവന വ്യവസ്ഥകൾ നിയമനത്തിനുശേഷം അദ്ദേഹത്തിനു ദോഷമായി ഭേദപ്പെടുത്തിക്കൂടാ.[1] കമ്മിഷന്റെ ചിലവുകൾ സഞ്ചിതനിധിയിലാണ് ബാദ്ധ്യതപ്പെടുത്തിയിട്ടുള്ളത്.[2] പബ്ളിക്ക് സർവ്വീസുകമ്മിഷന്റെ കൃത്യങ്ങളെ കൂടുതൽ വ്യാപ്തമാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനു യഥാസ്ഥിതി പാർലിമെന്റിന്റെയോ നിയമസഭയുടെയോ നിയമം മതിയായിരിക്കും.[3]

1. Article: 318
2. Article: 322.
3. Article: 321.

അദ്ധ്യായം ഇരുപത്തൊന്നു്

തിരഞ്ഞെടുപ്പ്

ജനായത്ത ഭരണവ്യവസ്ഥിതിയിൽ തിരഞ്ഞെടുപ്പുകൾ സർവ്വപ്രധാനങ്ങളായ കാര്യങ്ങളാണു്. പാർലിമെൻറിലേക്കും നിയമസഭകളിലേക്കും പ്രതിനിധികളെ അയയ്ക്കുന്നതു് ഇതു മൂലമാണല്ലോ. തിരഞ്ഞെടുപ്പുകളിൽ വിവിധകക്ഷികൾ പങ്കെടുക്കുന്നു. അതിനാൽ സ്ഥാനാർത്ഥികൾതമ്മിൽ അഭിപ്രായഭിന്നത ഉണ്ടാകുവാൻ സാദ്ധ്യതകളുണ്ടു്. ഇക്കാരണത്താൽ തിരഞ്ഞെടുപ്പു സംബന്ധമായ മേലന്വേഷണം, നിയന്ത്രണം, നിർദ്ദേശം തുടങ്ങിയ കാര്യങ്ങൾ സ്വതന്ത്രമായ ഒരു കമ്മിഷനിൽ നിക്ഷിപ്തമായിരിക്കേണ്ടതു് അത്യാവശ്യമാണു്. രാഷ്ട്രീയ സമ്മർദ്ദമോ കക്ഷിതാല്പര്യങ്ങളോ അതിനെ ബാധിച്ചുകൂടാ. ഇതിലേക്കു് ആവശ്യമായ വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിരിക്കുന്നു.

പാർലിമെൻറിലേക്കും സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കും ഉള്ള എല്ലാ തിരഞ്ഞെടുപ്പുകളുടെയും മേൽനോട്ടം തിരഞ്ഞെടുപ്പുകളിൽനിന്നോ തിരഞ്ഞെടുപ്പുകളെ സംബന്ധിച്ചോ ഉദിക്കാവുന്ന സംശയങ്ങളുടെയും തർക്കങ്ങളുടെയും നിശ്ചയം ചെയ്യുവാനുള്ള കോടതികളുടെ നിയമനം, തിരഞ്ഞെടുപ്പുകൾക്കും അവയുടെ നടത്തിപ്പിനും വേണ്ടിയുള്ള സമ്മതിദായകന്മാരുടെ പട്ടികയുടെ സജ്ജീകരണം, തുടങ്ങിയ ഉത്തരവാദിത്വങ്ങൾ തിരഞ്ഞെടുപ്പുകമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്നു.[1] രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും തിര

---

1 Article: 324

ഞ്ഞെടുപ്പും അതിൻെറ പരിധിയിൽപ്പെടുന്നതാണ്. പാർലി മെൻററിലേക്കുള്ള തിരഞ്ഞെടുപ്പ്, രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തിരഞ്ഞെടുപ്പ് എന്നീ കാര്യങ്ങളെ സംബന്ധി ക്കുന്ന വ്യവസ്ഥകൾമാത്രമേ ജമ്മു—കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളംബാധകമാകൂ.[1] കേന്ദ്രത്തിനും സംസ്ഥാ നങ്ങൾക്കും പൊതുവായി ഒരു കമ്മിഷൻ മാത്രമേയുള്ളൂ. ഈ കമ്മിഷനിൽ മുഖ്യതിരഞ്ഞെടുപ്പു കമ്മിഷണരും രാഷ്ട്ര പതി അതതു കാലത്തു നിശ്ചയിക്കുന്ന തിരഞ്ഞെടുപ്പു കമ്മി ഷണറന്മാരും ഉണ്ടായിരിക്കും. ഇവരുടെയെല്ലാം നിയമനം പാർലിമെൻറു നിർമ്മിക്കുന്ന നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി രാഷ്ട്രപതിയാണ് നിർവ്വഹിക്കുന്നതു്. തിരഞ്ഞെ ടുപ്പുകമ്മിഷണർ കമ്മിഷന്റെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്ന തായിരിക്കും. കമ്മിഷനു് നല്കിയിട്ടുള്ള ഉത്തരവാദിത്വങ്ങ ളുടെ നിർവ്വഹണത്തിൽ അവരെ സഹായിക്കുന്നതിനു് ആവശ്യ മെന്നുതോന്നുന്ന പ്രാദേശിക കമ്മിഷണർമാരെ രാഷ്ട്ര പതിയ്ക്കു് നിയമിക്കാം. അദ്ദേഹം കമ്മിഷനുമായി ആലോ ചിച്ചായിരിക്കും ഇതു് ചെയ്യുന്നതു്. കമ്മിഷനിലെ ഉദ്യോ ഗസ്ഥന്മാരുടെ സേവനവ്യവസ്ഥകളും ഉദ്യോഗകാലവും മററും രാഷ്ട്രപതി ചട്ടംമൂലം നിശ്ചയിക്കുന്നതാണു്. പാർലിമെന്റു് ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും അതു് നടത്തുന്നതു്. മുഖ്യതിരഞ്ഞെടുപ്പുകമ്മിഷണരെ, സുപ്രിംകോടതിയിലെ ഒരു ജഡ്ജിയെ ഉദ്യോഗത്തിൽ നിന്നു് ഏതു മാതിരിയും കാരണത്തിന്മേലും നീക്കാമോ അതേ രീതി യിലും കാരണത്തിന്മേലും മാത്രമേ നീക്കുവാൻപാടുള്ളൂ. അദ്ദേഹത്തിൻെറ നിയമനത്തിനുശേഷം സേവനവ്യവസ്ഥകൾ അദ്ദേഹത്തിനു ദോഷകരമായി ഭേദഗതിചെയ്യുവാൻ പാടി ല്ലാത്തതാകുന്നു. മുഖ്യതിരഞ്ഞെടുപ്പു കമ്മിഷണരുടെ ശുപാശ

---

1. Constitution (Application to Jammu & Kashmir Order) 1954.

കൂടാതെ ഒരു തിരഞ്ഞെടുപ്പുകമ്മിഷണറെയോ പ്രാദേശിക കമ്മിഷണറെയോ ഉദ്യോഗത്തിൽനിന്നു് നീക്കിക്കൂടാ. തിരഞ്ഞെടുപ്പുകൾ ജനായത്തഭരണത്തിൻെറ ഭ്രമണകേന്ദ്രമാണു്. അതിൻെറ നടത്തിപ്പിൽ ഉത്തരവാദപ്പെട്ട പങ്കു വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ സമ്പൂർണ്ണസ്വാതന്ത്ര്യരും അഭിന്ന നിഷ്ഠരും ആയിരിക്കണം. അതിലേക്കാവശ്യമായ ചില വ്യവസ്ഥകളാണു് ഇവിടെ ചെയ്തിട്ടുള്ളതു്. ആവശ്യപ്പെടുമ്പോൾ തിരഞ്ഞെടുപ്പുകമ്മിഷനു് ആവശ്യമായ ഉദ്യോഗസ്ഥവൃന്ദത്തെ ലഭ്യമാക്കിക്കൊടുക്കുവാൻ രാഷ്ട്രപതിയ്ക്കും ഗവർണ്ണർക്കും ചുമതലയുണ്ടു്.[1]

ലോക്സഭയിലേക്കും സംസ്ഥാനനിയമസഭകളിലേക്കും ഉള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിന്മേൽ ആയിരിക്കുന്നതാണു്. അതിനു് യോഗ്യതയുള്ളതു് ഭാരതീയപൗരന്മാക്കു മാത്രമാണു്. അയാൾ ഇരുപത്തിയൊന്നുവയസ്സിൽ കുറയാത്തവനും ഏതെങ്കിലും നിയമത്താലോ അധിവാസം, ചിത്തഭ്രമം, തുടങ്ങിയ കാരണങ്ങളാലോ അയോഗ്യത ആരോപിക്കപ്പെട്ടിട്ടില്ലാത്തവനും ആയിരിക്കണം. ഇങ്ങനെയുള്ള ഒരു ഭാരതീയനു് സമ്മതിദായകന്മാരുടെ പട്ടികയിൽ സമ്മതിദാനാവകാശമുള്ളവനായി പേരുചേക്കുവാൻ യോഗ്യതയുണ്ടു്.[2] എല്ലാ തിരഞ്ഞെടുപ്പുകൾക്കുമായി ഒരു പൊതു സമ്മതിദായകപട്ടിക ഉണ്ടായിരിക്കും. മതത്തിന്റെയോ വംശത്തിൻെറയോ ജാതിയുടെയോ ലിംഗത്തിന്റെയോ കാരണത്തിന്മേൽ ഒരു പ്രത്യേക സമ്മതിദായക പട്ടികയിൽ പേരു് ഉൾപ്പെടുത്തണമെന്നോ ഉൾപ്പെടുത്തുവാനോ അവകാശപ്പെടുവാൻ യാതൊരാളിനും സാധിക്കുകയില്ല. അവയെ ആസ്പദമാക്കി യാതൊരാളിനും ഒരു പ്രത്യേക സമ്മതിദായകപ്പ

1. Article: 324. 2. Article: 326.

ട്ടികയിൽ പേരു് ചേക്കണമെന്നു് ആവശ്യപ്പെടാനും പാടില്ല.[1] ഒരു വിശേഷണവും ചേത്തിട്ടില്ലാത്ത പ്രായപൂത്തിവോട്ടവകാശമാണു് നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അക്ഷരജ്ഞാനമോ, സ്വത്തോ, കരംതീപ്പോ ഒന്നും നോക്കിയിട്ടില്ല. മററങ്ങും ഇത്ര വിപുലമായ ഒരു പരീക്ഷണം നടന്നിട്ടുമില്ല. കാരണം ഇത്രയധികം വോട്ടറന്മാർ അവരുടെ രാഷ്ട്രീയാവകാശം ഇത്ര സ്വാതന്ത്ര്യമായി കൈകാര്യം ചെയ്യുന്നതിനു് വേറൊരിടത്തും സൗകര്യം നൽകിയിട്ടില്ല. എണ്ണംകൊണ്ടു മാത്രമല്ല ഇതു ഇത്ര വമ്പിച്ചതായതു്; രാജ്യത്തിൻെറ വിസ്തൃതിയും അതിൻെറ പശ്ചാത്തലത്തിലുണ്ടു്.

ഒരു സമ്മതിദായകനു് ഉണ്ടാകാവുന്ന അയോഗ്യതകൾ പലതാണു്. ചിത്തഭ്രമം, സമ്മതിദായകന്മാരുടെ പട്ടികയിൽ പേരു് ഇല്ലായ്മ, ജയിൽവാസം, പ്രിവൻറീവ്ഡീറെറൻഷൻ അല്ലാതുള്ള തടങ്കൽവാസം, തിരഞ്ഞെടുപ്പുപെററിഷൻമൂലം ഉള്ള വിചാരണയാൽ കുററകരമായ പ്രവൃത്തിക്കു് ശിക്ഷാനുഭവം, തിരഞ്ഞെടുപ്പുചിലവുകൾ സമർപ്പിക്കാത്തതിനാലോ സമപ്പിച്ചവ തെററാണെന്നു തെളിഞ്ഞതിനാലോ ഉണ്ടായ അയോഗ്യത കല്പിക്കൽ തുടങ്ങിയ കാര്യങ്ങൾ അതിൽ പ്രധാനങ്ങളായവ തന്നെ.[2] സമ്മതിദായകന്മാരുടെ പട്ടിക തയ്യാറാക്കൽ, നിയോജകമണ്ഡലങ്ങളുടെ അതിത്തിനിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും പാർലിമെൻറിനു് നിയമംമൂലം അപ്പഴപ്പോൾ വ്യവസ്ഥയുണ്ടാക്കാവുന്നതാണു്.[3] ഇതനുസരിച്ചു് പാർലിമെൻറു് നിയമം പാസ്സാക്കിയിട്ടുണ്ടു്.[4] സംസ്ഥാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പു സംബന്ധമായി എന്തെ

1. Article: 325.
2. Representaion of Peoples Act, 1950 & 1951
3. Article: 327.
4. Representation of Peoples Act 1950& 1951.

ങ്കിലും വ്യവസ്ഥകൾ ചെയ്തിട്ടില്ലെങ്കിൽ അവ സുരക്ഷിതമാക്കു വാൻ ആവശ്യമായ മററെല്ലാക്കാര്യങ്ങളും സംസ്ഥാനനിയമ സഭയ്ക്കു ചെയ്യുവാൻ അധികാരം കൊടുത്തിരിക്കുന്നു. ഇതും ഭരണഘടനയിലെ മററു വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ളതു തന്നെ.[1] നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയ ത്തേയോ അതിലെ സ്ഥാനങ്ങളുടെ വിഭജനത്തേയോ സംബ ന്ധിച്ച് ഉണ്ടാക്കപ്പെടുന്നതോ ഉണ്ടാക്കപ്പെടുവാൻ ഉദ്ദേശിക്കു ന്നതോ ആയ ഏതെങ്കിലും നിയമത്തിൻെറ സാധുത്വം ഒരു കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ല. പാർലിമെൻറിലേയ്ക്കോ സംസ്ഥാനനിയമസഭയിലേയ്ക്കോ ഉള്ള തിരഞ്ഞെടുപ്പ്, അത്തരം അധികാരമുള്ള നിയമസഭയാൽ നിർമ്മിക്കപ്പെട്ട നിയമത്താലോ നിയമത്തിൻകീഴിലോ വ്യവസ്ഥ ചെയ്യപ്പെടാവുന്ന രീതിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഹർജികൊണ്ടല്ലാതെ ചോദ്യം ചെയ്യുവാൻ പാടില്ല.[2] തിരഞ്ഞെടുപ്പു ഹർജികൾ തിര ഞ്ഞെടുപ്പു ട്രൈബ്യൂണലുകൾ തീരുമാനിക്കണമെന്നാണ് ഇന്നത്തെ വ്യവസ്ഥ. അവരുടെ തീരുമാനങ്ങൾ അവസാന ത്തേതായിരിക്കും.[3] മേൽപ്പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ജമ്മു-കാശ്മീർ സംസ്ഥാനത്തെ സംബന്ധിക്കുന്നതല്ല.[4]

---

1. Article: 328.
2. Article: 329.
3. Representation of Peoples Act (XLIII of 1951) Section 105
4. Constitution (Application to Jammu & Kashmir) Order 1954.

അദ്ധ്യായം ഇരുപത്തിരണ്ട്

ഔദ്യോഗിക ഭാഷ

ഭാരതത്തിൻെറ ഔദ്യോഗികഭാഷ ദേവനാഗരിലിപിയിലുള്ള ഹിന്ദി ആയിരിക്കും. അക്കങ്ങൾ ഇൻഡ്യൻ അക്കങ്ങളുടെ അന്തർരാഷ്ട്രീയരൂപമായിരിക്കുന്നതുമാണ്. എന്നാൽ ഭരണഘടന നടപ്പിൽ വരുന്നതിനുമുമ്പ് ഏതെല്ലാം ഔദ്യോഗികകാര്യങ്ങൾക്ക് ഇംഗ്ലീഷ് ഉപയോഗിച്ചിരുന്നോ അക്കാര്യങ്ങൾക്കെല്ലാം തുടന്നു പതിനഞ്ചു സംവത്സരക്കാലത്തേക്ക് ആ ഭാഷ ഉപയോഗിക്കുന്നതാണ്. എന്നാൽ രാഷ്ട്രപതിക്ക് മേല്പറഞ്ഞ കാലയളവിനിടയ്ക്ക് ഏതെങ്കിലും ഔദ്യോഗികകാര്യങ്ങൾക്ക് ഇംഗ്ലീഷുഭാഷയോടൊപ്പം ഹിന്ദിയും അക്കങ്ങളും ഉപയോഗിക്കുന്നതിനു് ഉത്തരവുമൂലം അധികാരപ്പെടുത്താം. പതിനഞ്ചുകൊല്ലക്കാലാവധിക്കുശേഷം പാർലിമെൻറിന് നിയമത്താൽ അതിൽ നിർദ്ദേശിക്കുന്ന ആവശ്യങ്ങൾക്കു വേണ്ടി ഇംഗ്ലീഷുഭാഷയോ അക്കങ്ങളുടെ ദേവനാഗരിരൂപമോ തുടന്നു ഉപയോഗിക്കുവാൻ വ്യവസ്ഥചെയ്യാവുന്നതായിരിക്കും.[1]

ഭരണഘടന ഊർജ്ജിതത്തിൽ വന്നതിനുശേഷം അഞ്ചാം കൊല്ലവും പത്താംകൊല്ലവും രാഷ്ട്രപതി ഉത്തരവുമൂലേന, ആസ്സാമീസ്, ബംഗാളി, ഗുജറാത്തി, ഹിന്ദി, കണ്ണാടകം, കാശ്മീരി, മലയാളം, മറാത്തി, ഒറിയാ, പഞ്ചാബി, സംസ്കൃതം, തമിഴ്, തെലുങ്ക്, ഉറുദു എന്നീ പതിന്നാലുഭാഷകളെ പ്രതിനിധാനം ചെയ്യുന്ന ഒരു കമ്മിഷൻ സംഘടിപ്പിക്കേണ്ടതും അവരുടെ നടപടിക്രമങ്ങളെ വിശദീകരിക്കേ

---

1. Article: 343.

ണ്ടതും ആകുന്നു. കേന്ദ്രഗവൺമെന്റിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി, ഹിന്ദിയുടെ ക്രമപ്രവൃദ്ധമായ ഉപയോഗം, ഇംഗ്ലീഷു ഭാഷയുടെ ഉപയോഗത്തിന്മേലുള്ള നിബന്ധനകൾ, സുപ്രീം കോടതി ഹൈക്കോടതി നിയമങ്ങൾ, ബില്ലുകൾ മുതലായവയ്ക്കു് ഉപയോഗിക്കപ്പെടേണ്ടഭാഷ, കേന്ദ്രത്തിൻെറ നിർദ്ദിഷ്ട പ്രയോജനങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടതായ അക്കങ്ങളുടെ രൂപം, എന്നീകാര്യങ്ങളെപ്പററി ശുപാർശകൾ ചെയ്യുന്നതു് കമ്മിഷന്റെ കർത്തവ്യമായിരിക്കും. അതുപോലെതന്നെ യൂണിയൻെറ ഔദ്യോഗികഭാഷയേയും യൂണിയനും സംസ്ഥാനവും തമ്മിലോ സംസ്ഥാനങ്ങൾ തമ്മിലോ ഉള്ള വ്യവഹാര ഭാഷയേയും അവയുടെ ഉപയോഗത്തേയും സംബന്ധിച്ചു് കമ്മിഷൻെറ പരിചിന്തനത്തിനു് രാഷ്ട്രപതി അയച്ചിട്ടുള്ള മറേറതെങ്കിലും കാര്യത്തിനും ശുപാർശകൾ അയക്കുന്നതിനു് അവർക്കു കടമയുണ്ടു്. അവർ ശുപാർശകൾ ചെയ്യുമ്പോൾ ഭാരതത്തിൻെറ വ്യവസായപരവും സംസ്കാരപരവും ശാസ്ത്രപരവും ആയ പുരോഗതിയേയും പബ്ളിക്ക്സർവ്വീസിലെ അഹിന്ദിപ്രദേശക്കാരുടെ അവകാശങ്ങളെയും താല്പര്യങ്ങളെയും പററി പരിഗണന നല്കേണ്ടതാണു് എന്നു നിർബ്ബന്ധമുണ്ടു്. കമ്മിഷൻെറ ശുപാർശകളെ പരിശോധിക്കുന്നതിനായി ഒരു പ്രത്യേക കമ്മററിയെ സംഘടിപ്പിക്കുവാനും ഏർപ്പാടു ചെയ്തിരിക്കുന്നു. ആ കമ്മററിയിൽ മുപ്പതു് അംഗങ്ങളാണുണ്ടായിരിക്കുക. ലോക്സഭയിൽനിന്നു് ഇരുപതും രാജ്യസഭയിൽനിന്നു് പത്തും സാമാജികന്മാരെ, കൈമാറ്റം ചെയ്യാവുന്ന ഒററവോട്ടവകാശസമ്പ്രദായം മുഖേനയുള്ള ആനുപാതിക പദ്ധതി അനുസരിച്ചു് ഇതിനായി തിരഞ്ഞെടുക്കുന്നു. ഭാഷാകമ്മിഷൻെറ ശുപാർശകൾ പരിചിന്തനംചെയ്തു് കമ്മററി അവരുടെ നിർദ്ദേശങ്ങൾ രാഷ്ട്രപതിക്കു് സമർപ്പിക്കുന്നതായിരിക്കും. ആ നിർദ്ദേശങ്ങളിലടങ്ങിയിട്ടുള്ള കാര്യ

ങ്ങൾ മുഴുവനുമോ ഏതെങ്കിലുംഭാഗമോ യഥാവിധി സ്വീകരിച്ച് വേണ്ട ആജ്ഞകൾ രാഷ്ട്രപതിക്ക് പുറപ്പെടുവിക്കാവുന്നതാണ്.[1]

കേന്ദ്രത്തിലേയോ ഒരു സംസ്ഥാനത്തിലേയോ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ അധികാരസ്ഥാനത്തോടോ ഏതെങ്കിലും സങ്കടപരിഹാരത്തിനുവേണ്ടി കേന്ദ്രത്തിലോ സംസ്ഥാനത്തിലോ ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും ഭാഷകളിൽ നിവേദനം സമർപ്പിക്കുവാൻ ഏതൊരാൾക്കും അവകാശമുണ്ടായിരിക്കും.[2] ഹിന്ദിഭാഷയുടെ പ്രചാരത്തെ അഭിവൃദ്ധിപ്പെടുത്തുന്നതും അതിനെ ഭാരതത്തിൻെറ സംയുക്തസംസ്കാരത്തിന്റെ എല്ലാ ഘടകങ്ങൾക്കും ആശയപ്രകടനത്തിനുള്ള ഒരുപാധിയായി പ്രയോജനപ്പെടത്തക്കവണ്ണം സമ്പന്നമാക്കുന്നതും കേന്ദ്രഗവണ്മെൻറിൻെറ കർത്തവ്യമാണ്. ആ ഭാഷയുടെ വിശേഷപ്രവണതയിൽ കൈകടത്താതെ, അംഗീകൃതങ്ങളായ പതിന്നാലു് ഭാരതീയഭാഷകളിലും ഉപയോഗിക്കപ്പെടുന്ന രൂപങ്ങളും രീതികളും ശൈലികളും ഇണക്കിക്കലർത്തി ഹിന്ദിയുടെ ശബ്ദസമ്പത്തു് വർദ്ധിപ്പിക്കേണ്ടതാണ്. ശബ്ദസമുച്ചയത്തിനുവേണ്ടി പ്രധാനമായി സംസ്കൃതത്തിലും പിന്നെ മററു ഭാഷകളിലും നിന്നു് ആവശ്യവും അഭിലഷണീയവും ആയ ഇടങ്ങളിൽ പദങ്ങൾ സ്വീകരിക്കാം. ഇങ്ങനെ ഹിന്ദിഭാഷയുടെ പരിപുഷ്ടി സുരക്ഷിതമാക്കുന്നതു് കേന്ദ്രത്തിന്റെ കർത്തവ്യമായി പരിഗണിച്ചിരിക്കുന്നു.[3]

പ്രാദേശികഭാഷകളെ ഭരണഘടനയിൽ അവഗണിച്ചിട്ടില്ല. ഒരു സംസ്ഥാനത്തിൽ ഉപയോഗത്തിലിരിക്കുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ അല്ലെങ്കിൽ ഹിന്ദിയോ ആ

1. Article: 344. 2 Article: 350.

3. Article: 351.

സംസ്ഥാനത്തിലെ നിയമസഭ ഒരു നിയമം പാസ്സാക്കണം. എന്നാൽ അന്യഥാ വ്യവസ്ഥ ചെയ്യുന്നതുവരെ ഇംഗ്ലീഷ് തുടന്ന് ഉപയോഗത്തിൽ ഇരിക്കും.[1] കേന്ദ്രം ഔദ്യോഗികകാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭാഷതന്നെ സംസ്ഥാനവും കേന്ദ്രവും തമ്മിലും സംസ്ഥാനങ്ങൾ തമ്മിലും ഉള്ള കാര്യങ്ങൾക്ക് ഉപയോഗിക്കണം. എന്നാൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിൽ ഉള്ള എഴുത്തുകുത്തുകൾക്ക് ഹിന്ദി ഉപയോഗിക്കുന്നതാണെന്ന് കരാർ ചെയ്താൽ അങ്ങിനെ ഉപയോഗിക്കുന്നതിനു തടസ്സമില്ല.[2] ഒരു സംസ്ഥാനത്തിലെ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ അവരുടെ ഭാഷയുടെ ഉപയോഗം ആ സംസ്ഥാനത്തിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കാം. അതിന് രാഷ്ട്രപതി അനുമതി നൾകിയാൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്തോ, അതിലൊട്ടുക്കോ ആ ഭാഷകൂടി ഔദ്യോഗികഭാഷയായിത്തീരും.[3] അങ്ങിനെ അതുകൂടി അവിടുത്തെ വ്യവഹാരഭാഷയായിത്തീരുന്നതാണ്.

പാർലിമെൻറ് നിയമംമൂലം നിശ്ചയിക്കുന്നതുവരെ ചില കാര്യങ്ങൾക്ക് ഇംഗ്ലീഷ്ഭാഷ തുടന്ന് ഉപയോഗത്തിലിരിക്കും. സുപ്രീംകോടതിയിലേയും ഹൈക്കോടതികളിലേയും എല്ലാ നടപടികളും, ബില്ലുകളും അവയുടെ ഭേദഗതികളും, നിയമങ്ങളും, നിയമത്തിൻകീഴിലുള്ള എല്ലാ ഉത്തരവുകളും ചട്ടങ്ങളും റെഗുലേഷനുകളും, ഇംഗ്ലീഷിൽതന്നെ ആയിരിക്കണം. രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഒരു സംസ്ഥാനത്തിലെ ഗവർണ്ണർക്ക് ആ സംസ്ഥാനത്തിലെ ഹൈക്കോടതിയിൽ, അവിടുത്തെ ഒരു അംഗീകൃതഭാഷയുടെയോ ഹിന്ദിയുടെയോ ഉപയോഗം അധി

---

1. Article: 345. 2. Article: 346.
3. Article: 347.

കൃതമാക്കാൻ സാധിക്കും. എന്നാൽ അവിടുത്തെ വിധിയും ഡിക്രിയും മററും ഇംഗ്ലീഷിൽതന്നെ തുടരും. ഒരു സംസ്ഥാന നിയമസഭയിൽ ഇംഗ്ലീഷല്ലാതെ മറേറതെങ്കിലും ഭാഷ ഉപയോഗിക്കുന്നതിനു് അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ സംസ്ഥാനത്തിലെ ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ബില്ലുകളുടെയും നിയമങ്ങളുടേയും റെഗുലേഷനുകളുടേയും ഉപനിയമങ്ങളുടെയും ഇംഗ്ലീഷ് പരിഭാഷ, പ്രാമാണികരേഖയായി പരിഗണിക്കപ്പെടുമെന്നാണു വ്യവസ്ഥ.[1] സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഉപയോഗിക്കുന്ന ഭാഷയെപ്പററിയും, നിയമങ്ങൾ ബില്ലുകൾ തുടങ്ങിയ കാര്യങ്ങൾക്കു് സ്വീകരിക്കേണ്ട ഭാഷയെപ്പററിയും വ്യവസ്ഥയുണ്ടാക്കുന്ന ഏതൊരു ബില്ലും, ഭരണഘടനയുടെ പ്രവർത്തനാരംഭം മുതൽ പതിനഞ്ചുവർഷക്കാലത്തേയ്ക്കു്, രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതികൂടാതെ പാർലിമെൻറിൽ ഹാജരാക്കുകയോ ആലോചനയ്ക്കെടുക്കുകയോ ചെയ്തുകൂടാ. ഭാഷാകമ്മിഷൻെറ റിപ്പോർട്ടിനെപ്പററി പര്യാലോചിച്ചതിനുശേഷമല്ലാതെ അപ്രകാരമുള്ള ഏതെങ്കിലും ബില്ലു് ഹാജരാക്കുവാനോ, ഭേദഗതി ആലോചനയ്ക്കു് എടുക്കുവാനോ രാഷ്ട്രപതി അനുവാദം കൊടുക്കുവാൻ പാടില്ല.[2]

ഔദ്യോഗികഭാഷാകമ്മിഷൻ ഉദ്യോഗങ്ങൾക്കായുള്ള മത്സരപ്പരീക്ഷ ഹിന്ദിഭാഷയിൽകൂടി ആയിരിക്കേണ്ടതാണെന്നു് ശുപാർശ ചെയ്തിട്ടുണ്ടു്. 1965 വരെ ഹിന്ദിയോ ഇംഗ്ലീഷോ, പരീക്ഷയ്ക്കിരിക്കുന്ന ആളിന്റെ ഇഷ്ടംപോലെ തിരഞ്ഞെടുക്കാം.

---

1. Article: 348. 2. Article: 349.

അദ്ധ്യായം ഇരുപത്തിമൂന്ന്

അടിയന്തിരാവസ്ഥ

സമാധാനകാലത്തുള്ള സാധാരണ ഭരണസമ്പ്രദായത്തെക്കുറിച്ചാണ് ഇതുവരെ പറഞ്ഞതു്. അസാധാരണപരിതസ്ഥിതികളെ നേരിടുവാൻ ചിലപ്പോൾ അവ അപ്രായോഗികങ്ങളായിത്തീരാം. അതിനാൽ അസാധാരണാധികാരങ്ങൾ ആ അവസരങ്ങളിൽ പ്രയോഗിക്കുവാൻ വ്യവസ്ഥകൾചെയ്തിട്ടുണ്ടു്. മൂന്നുതരത്തിലുള്ള അടിയന്തിരാവസ്ഥകൾ സംജാതമാകാമെന്ന് ഭരണഘടന ഊഹിക്കുകയും അവയെ നേരിടുന്നതിന് മൂന്നു തരത്തിലുള്ള പ്രഖ്യാപനങ്ങൾ പുറപ്പെടുവിക്കുന്നതിന് രാഷ്ട്രപതിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു. യുദ്ധമോ ബാഹ്യാക്രമണമോ ആഭ്യന്തരകലാപമോ നിമിത്തം ഭാരതത്തിൻെറയോ ഭാരതത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ ഭദ്രത അപായത്തിലാക്കത്തക്ക ഗുരുതരമായ അടയന്തിരാവസ്ഥ നിലവിലിരിക്കുന്നതായി രാഷ്ട്രപതിക്ക് വിശ്വാസമാകുന്ന പക്ഷം, അദ്ദേഹത്തിന് വിളംബരംമൂലം അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്. ആപൽഘട്ടം സംഭവിക്കുന്നതുവരെ ഇതിനായി കാത്തിരിക്കേണ്ടതില്ല. അതു് അത്യാസന്നമെന്ന് ബോദ്ധ്യംവന്നാൽമതി. ഒരിക്കൽ പുറപ്പെടുവിച്ച വിളംബരം അതിനുശേഷം ഉള്ള ഒന്നിനാൽ റദ്ദുചെയ്യാം. അടിയന്തിരപ്രഖ്യാപനം പാർലിമെൻറിൻെറ ഓരോ സഭയിലും—ലോക്സഭയിലും രാജ്യസഭയിലും—സമർപ്പിക്കേണ്ടതാണ്. എന്നാൽ അതു പുറപ്പെടുവിപ്പിച്ചു് രണ്ടുമാസം തികയുന്നതിനുമുമ്പ് പാർലിമെൻറിൻെറ ഇരുസഭകളുടെയും അംഗീകാരം നേടാത്തപക്ഷം ആ കാലാവധികഴിയുമ്പോൾ പ്രഖ്യാപനത്തിൻെറ ശക്തി സ്വയമേവ ഇല്ലാതായിത്തീരും. ലോക്സഭ പിരിച്ചു വിട്ടിരിക്കുമ്പോഴോ, നേരത്തെ പ്രസ്താവിച്ച

രണ്ടുമാസക്കാലാവധിക്കുള്ളിൽ സഭയുടെ പിരിച്ചുവിടൽ സംഭവിക്കുമ്പോഴോ, ലോക്സഭയിൽ അടിയന്തിരാവസ്ഥാ പ്രഖ്യാപനം അവതരിപ്പിക്കുവാൻ കഴിയാതെ വരാം. ഈ അവസരത്തിൽ രാജ്യസഭയുടെ അംഗീകാരത്തിനായി അതു് അവതരിപ്പിക്കണം. അതിന്റെ അംഗീകാരം സിദ്ധിച്ചാൽ, അടുത്ത ലോക്സഭ സമ്മേളിച്ചു് മുപ്പതുദിവസം തികയുന്നതിനുമുമ്പു്, വിളംബരം അവിടെയുംകൂടി അംഗീകരിപ്പിച്ചും കൊള്ളണം. അങ്ങിനെചെയ്തില്ലെങ്കിൽ ആ വിളംബരത്തിന്റെ പ്രാബല്യം നഷ്ടപ്പെടും.[1] രാഷ്ട്രപതിയുടെ അടിയന്തിരപ്രഖ്യാപനത്തെ കോടതികൾക്കൊന്നിനും ചോദ്യം ചെയ്യുവാൻ അധികാരമില്ല. ആ പ്രഖ്യാപനം നടത്തുന്നതു് മന്ത്രിമാരുടെ ഉപദേശപ്രകാരമായിരിക്കുമെന്നു തീർച്ചയാണു്.

ഒരു സംസ്ഥാനത്തിലെ ഗവർണ്ണർ അയച്ച റിപ്പോർട്ടു് ലഭിച്ചതിന്റെ അടിസ്ഥാനത്തിലോ മററുവിധത്തിലോ സംസ്ഥാനത്തിൽ ഭരണഘടനയനുസരിച്ചുള്ള വ്യവസ്ഥാപിതഭരണം നടത്തുന്നതിനു് സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതി ആവിർഭവിച്ചിരിക്കുന്നതായി ബോദ്ധ്യമാകുകയാണെങ്കിൽ അടിയന്തിരപ്രഖ്യാപനം രാഷ്ട്രപതിക്കു് പുറപ്പെടുവിക്കാം. ആ വിളംബരത്താൽ സംസ്ഥാനത്തിന്റെ ഭരണച്ചുമതല രാഷ്ട്രപതി ഏറെറടുക്കുന്നു. സംസ്ഥാനഗവൺമെൻറിന്റെ കർത്തവ്യങ്ങളിൽ എല്ലാമോ ഏതെങ്കിലുമോ മാത്രമല്ല ഗവർണ്ണറുടെ കർത്തവ്യങ്ങളും ആവശ്യമെന്നു തോന്നുന്നപക്ഷം രാഷ്ട്രപതിക്കു് സ്വയം ഏറെറടുക്കാവുന്നതാണു്. അതുപോലെ ആ സംസ്ഥാനത്തിലെ നിയമനിർമ്മാണസഭയുടെ അധികാരങ്ങൾ നേരിട്ടു് പാർലിമെൻറിനാലോ പാർലിമെൻറിന്റെ അധികാരപ്പെടുത്തൽ മൂലമോ പ്രയോഗിക്കപ്പെടാം. സംസ്ഥാനത്തിലെ ഏതെങ്കിലും സ്ഥാപനത്തെയോ അധികാരസ്ഥാനത്തെയോ സംബന്ധിച്ചു്

1. Article 352

ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ സമ്പൂർണ്ണമായോ ഭാഗികമായോ നിറുത്തലാക്കാം. അതുപോലെ അടിയന്തിര പ്രഖ്യാപനത്തിൻെറ ഉദ്ദേശങ്ങൾക്കു് സാഫല്യം നല്കുവാൻ ആവശ്യമെന്നോ അഭിലഷണീയമെന്നോ തോന്നുന്ന ആനുഷംഗികമായ വ്യവസ്ഥകളും ഉണ്ടാക്കുവാൻ രാഷ്ട്രപതിക്കു കഴിയും. എന്നാൽ ഇവയൊന്നും ഒരു ഹൈക്കോടതിയിൽ നിക്ഷിപ്തമോ, അതിനാൽ പ്രയോഗിക്കപ്പെടാവുന്നതോ ആയ ഏതെങ്കിലും അധികാരങ്ങൾ ഏറ്റെടുക്കുവാൻ ഉതകുന്നതല്ല. ഹൈക്കോടതിയെ സംബന്ധിച്ചു് ഭരണഘടനയിൽ ചെയ്തിട്ടുള്ള വ്യവസ്ഥകളുടെ പ്രാബല്യം മുഴുവനുമായോ ഭാഗികമായോ തല്ക്കാലത്തേയ്ക്കു് നിറുത്തിവയ്ക്കുവാനും രാഷ്ട്രപതിക്കു സാധിക്കുന്നതല്ല. നേരത്തെപറഞ്ഞ അടിയന്തിരപ്രഖ്യാപനത്തിന്റെ കാര്യത്തിലെന്നതുപോലെ ഇതിലും, അതേകാലാവധിക്കുള്ളിൽ പാർലിമെൻറിൻെറ അംഗീകാരം നേടേണ്ടതാണെന്നു് അനുശാസിച്ചിരിക്കുന്നു. അങ്ങിനെ അംഗീകരിച്ച പ്രമേയങ്ങളിൽ രണ്ടാമത്തേതു് പാസ്സാക്കിയ തീയതിമുതൽ ആറുമാസംവരെ ഈ അടിയന്തിരപ്രഖ്യാപനം ഊർജ്ജിതത്തിലിരിക്കുന്നതായിരിക്കും. ഈ കാലാവധിക്കുമുമ്പു് റദ്ദാക്കുന്നതിനു് തടസ്സമൊന്നുമില്ലെന്നു് പ്രത്യേകിച്ചു പറയേണ്ടല്ലോ. ആറുമാസം തികഞ്ഞു കഴിഞ്ഞാൽ അതു് സാധാരണഗതിയിൽ ദുർബ്ബലപ്പെടുകയും ചെയ്യും. എന്നാൽ അങ്ങിനെ ദുർബ്ബലപ്പെടുന്നതിനുമുമ്പു് ആ പ്രഖ്യാപനം തുടർന്നു് ഊർജ്ജിതത്തിൽ നില്ക്കുന്നതിനു് പാർലിമെൻറിൻെറ ഇരുസഭകളും പ്രമേയം പാസ്സാക്കി അംഗീകാരം നല്കുന്നപക്ഷം, ആറുമാസത്തേക്കുകൂടി അതിന്റെ ആയുസ്സ് നീട്ടാവുന്നതായിരിക്കും. ഇങ്ങനെ അംഗീകാരംവഴി പരമാവധി മൂന്നു സംവത്സരത്തിൽ കൂടുതൽ ഒരു അടിയന്തിരാവസ്ഥാ പ്രഖ്യാപനം ഊർജ്ജിതത്തിൽ ഇരിക്കുകയില്ല..[1]

---

1. Article: 356.

രാഷ്ട്രീയമായ തകർച്ചകാരണം ഉൽഭൂതമാകുന്ന ദുർഘട ഘട്ടങ്ങൾ തരണം ചെയ്യുന്നതിനാണ് പ്രധാനമായി മുകളിൽ പറഞ്ഞ അടിയന്തിരാവസ്ഥ പ്രയോജനപ്പെടുന്നതു്. ഒരു കക്ഷിക്കും തികഞ്ഞ ഭൂരിപക്ഷമില്ലാതെയും കക്ഷികൾ ചേൎന്ന് സംയുക്തഭരണകക്ഷി രൂപീകരിക്കാതെയും ഇരിക്കുമ്പോൾ ഇതു് പ്രയോഗിക്കപ്പെട്ടേക്കാം. സംസ്ഥാനസർക്കാർ ഭരണഘടന നൽകിയിട്ടുള്ള അധികാരങ്ങളെ മനഃപൂൎവ്വം ദുൎവ്വിനിയോഗംചെയ്തു് തികഞ്ഞ ദുർഭരണം നടത്തിയാലും ഇതേ ശരണമായിട്ടുള്ളു. ഭരണനിർദ്ദേശങ്ങൾ, മുന്നറിയിപ്പുകൾ, തിരഞ്ഞെടുപ്പു്, തുടങ്ങി എല്ലാ വ്യവസ്ഥാപിതമാൎഗ്ഗങ്ങളും അടഞ്ഞതിനു ശേഷമേ, അവസാനമായി അടിയന്തിരാവസ്ഥാപ്രഖ്യാപനായുധം സ്വീകരിക്കു എന്നു തന്നെ വിചാരിക്കാം.[1] ഭരണഘടനയിലെ ഈ വ്യവസ്ഥയനുസരിച്ചു് 1951-ജൂൺ ഇരുപതാംതീയതി പഞ്ചാബിൽ, ഇദംപ്രഥമമായി നടപടികൾ എടുത്തതു് ഈ അവസരത്തിൽ സ്മരണീയമാണു്. ഡാ. ഗോപിചന്ദ്ഭാൎഗ്ഗവായുടെ നേതൃത്വത്തിലുണ്ടായിരുന്ന മന്ത്രിസഭയുടെ രാജിയെ തുടൎന്നുണ്ടായ പരിതസ്ഥിതികളാണു് അതിനു വഴിതെളിച്ചതു്.

സാമ്പത്തികമായ കാരണങ്ങളാലും അടിയന്തിരാവസ്ഥ സംഭവിക്കാം. അതിനേയും ഫലപ്രദമായി നേരിടുന്നതിനു് അടിയന്തിരനടപടികൾ സ്വീകരിക്കുവാൻ രാഷ്ട്രപതിക്കു് അധികാരം നൽകിയിട്ടുണ്ടു്. ഭാരതത്തിൽ പൊതുവേയോ അല്ലെങ്കിൽ ഏതെങ്കിലും ഭാഗത്തോ സാമ്പത്തികഭദ്രതയോ മതിപ്പോ ഇല്ലാതാകുകയോ അവ ഉലവാക്കുന്ന പരിതഃസ്ഥിതി അത്യാസന്നമാകുകയോ ചെയ്തിരിക്കുന്നുവെന്നു് രാഷ്ട്രപതിക്കു് ബോദ്ധ്യമായാൽ, ഒരു അടിയന്തിരാവസ്ഥ അദ്ദേഹത്തിനു പ്രഖ്യാപിക്കാം. മുമ്പു പറഞ്ഞ രണ്ടു അടിയന്തിരാവസ്ഥകളെ

1. Constituent Assembly Proceedings Vol IX p. 177.

പ്പോലെ ഇതിനും പാർലിമെൻറംഗീകാരം ആവശ്യമാണ്. അതു നേടേണ്ടുന്നതിനുള്ള കാലാവധിയും അവയുടേതു പോലെതന്നെ. സാമ്പത്തികാടിയന്തിരാവസ്ഥാപ്രഖ്യാപനത്തിൻെറ പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കുമെന്നു നോക്കാം. ഈ അടിയന്തിരാവസ്ഥ നിലവിലിരിക്കുന്ന കാലത്തു് ധനപരമായ കാര്യങ്ങളിൽ ദീക്ഷിക്കേണ്ട സാമ്പത്തികപ്രമാണങ്ങളേയും തത്വങ്ങളേയും കുറിച്ചു് നിർദ്ദേശം നൽകുവാൻ കേന്ദ്രത്തിനു് അധികാരമുണ്ടായിരിക്കും. അതു സംസ്ഥാനം അനുസരിക്കണം. അതിലേയ്ക്കു ആശാസ്യങ്ങളായ നടപടികൾ രാഷ്ട്രപതിക്കു് സ്വീകരിക്കുകയും ചെയ്യാം. അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളിൽ, ധനവിനിയോഗബില്ലുകളും ധനവിനിയോഗവ്യവസ്ഥകളുള്ള ബില്ലുകളും സംസ്ഥാന നിയമസഭ പാസ്സാക്കിയശേഷം തൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും, കേന്ദ്രത്തിലേയോ സംസ്ഥാനത്തിലേയോ സർക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും കുറവു ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതാണ്.[1]

അടിയന്തിരപ്രഖ്യാപനത്തോടുകൂടി സംജാതമാകുന്ന പരിതസ്ഥിതികളെക്കുറിച്ചു് ഇനി ചിന്തിക്കാം. യുദ്ധം, പുറമേ നിന്നുള്ള ആക്രമണം, ആഭ്യന്തരകലാപം എന്നീ ഗുരുതരാവസ്ഥകളെ നേരിടുന്നതിനു വേണ്ടിയുള്ള അടിയന്തിരാവസ്ഥാപ്രഖ്യാപനത്തെപ്പററി ആദ്യമായി പരിശോധിക്കാം. ഈ സന്ദർഭത്തിൽ കേന്ദ്രത്തിലെ നിർവ്വഹണവിഭാഗത്തിൻെറ അധികാരപരിധി സംസ്ഥാനമണ്ഡലങ്ങളിലേക്കു് വ്യാപിക്കുന്നു. കേന്ദ്രം നിർദ്ദേശങ്ങൾമൂലം സംസ്ഥാനത്തിലെ നിർവ്വഹണവിഭാഗം ഏതുരീതിയിൽ അധികാരം പ്രയോഗിക്കേണ്ടതാണെന്നു് ഉത്തരവുകൊടുക്കുന്നതാണ്.[2] ഏതു വിധത്തിൽ ആ ഉത്തരവുകൾ നടപ്പിലാക്കണമെന്നും കേന്ദ്രത്തിനു് അനു

1. Atiole: 360   2. Article: 353 (a)

ശാസിക്കാം. സാധാരണകാലങ്ങളിൽ ഇങ്ങനെ നിർദ്ദേശങ്ങൾ കേന്ദ്രം നൽകുന്നതു് ചില പ്രത്യേക കാര്യങ്ങൾക്കു മാത്രമാണല്ലോ.[1] അടിയന്തിരകാലങ്ങളിൽ ഏതു വിഷയത്തെ സംബന്ധിച്ചും അങ്ങിനെ ചെയ്യുന്നതിനു തടസ്സമില്ല. ചുരുക്കത്തിൽ സംസ്ഥാനങ്ങളിലെ ഭരണകൂടവും കേന്ദ്രത്തിൻെറ നിയന്ത്രണത്തിലായിരിക്കുമെന്നു ചുരുക്കം. ഭാരതമൊട്ടുക്കു് ഏകഛത്രഭരണം സംജാതമാകുകയാണു് ചെയ്യുന്നതു്.

അടിയന്തിരാവസ്ഥ നിലവിലിരിക്കുന്ന കാലത്തു് ലോക്സഭയുടെ കാലാവധി ദീർഘിപ്പിക്കുവാൻ രാഷ്ട്രപതിക്കു് കഴിയുന്നതാണു്. ഒരു പ്രാവശ്യം ഒരു വർഷത്തിൽക്കൂടുതൽ ദീർഘിപ്പിക്കുവാനും പാടില്ല. അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിൻെറ പ്രാബല്യം അവസാനിച്ചതിനുശേഷം ആറു മാസത്തിൽക്കൂടുതൽ ലോക്സഭ ദീർഘിപ്പിച്ചു കൂടാത്തതാണു്.[2] പാർലിമെൻറിൻെറ നിയമനിർമ്മാണാവകാശപരിധി അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തോടുകൂടി താനെതന്നെ വിപുലീകൃതമായിത്തീരുന്നു. ഭരണഘടനയിലെ ചില വ്യവസ്ഥകൾമൂലം സംഭവിച്ചിട്ടുള്ള പരാധീനതകൾ പാർലിമെൻറിനു് ഇല്ലാതാകുകയാണപ്പോൾ.[3] മറെറാരുവിധത്തിൽ പറഞ്ഞാൽ സംസ്ഥാനവിഷയങ്ങൾ കൂടി കേന്ദ്രത്തിനു് അധീനമായിത്തീരുന്നു.[4] സംസ്ഥാനവും കേന്ദ്രവും തമ്മിൽ നിയമനിർമ്മാണാധികാരങ്ങൾ വീതിച്ചിട്ടുള്ളതു് നിർത്തിവയ്ക്കുന്നതായിരിക്കും. അടിയന്തിരാവസ്ഥയെ നേരിടുവാൻ വേണ്ട ഏതു നിയമനിർമ്മാണവും നടത്തുന്നതിനു് പാർലിമെൻറിനു് കഴിവുണ്ടാക്കുന്നതിനാണു് ഇവിടെ ഏർപ്പാടുചെയ്തിരിക്കുന്നതു്; ഏകഛത്രഭരണത്തിലെ നിയമനിർമ്മാണംപോലെയെന്നു ചുരുക്കം. നിയമനിർമ്മാണംകൊണ്ടുമാത്രം സംഗതി പൂർത്തിയാകുകയി

1. Articles: 256, 257.
2. Article: 83 (2)
3. Article: 246 (3)
4. Article: 250 (1)

ല്ലല്ലോ. കൂടുതൽ വിശാലമാക്കപ്പെട്ട നിയമനിർമ്മാണാധികാര പ്രകാരം നിർമ്മിക്കുന്ന നിയമങ്ങൾ പ്രയോഗത്തിൽ കൊണ്ടു വരുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പാർലിമെൻറിനു് അധികാരം നല്കിയിട്ടുണ്ടു്. അതോടൊപ്പം കേന്ദ്രനിർവ്വഹണവിഭാഗത്തിനു് വേണ്ട അധികാരം കൊടുത്തു് അവരുടെ ചുമതലകൾ വർദ്ധിപ്പിക്കുവാൻ പാർലിമെൻറിനു് സാധിക്കുമെന്നുള്ളതും വിസ്മരിച്ചുകൂട.[1]

ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ചു് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ധനകാര്യബന്ധങ്ങളെ ആവശ്യമായവിധം മാററുന്നതിനു് അടിയന്തിരാവസ്ഥ നിലവിലിരിക്കുന്ന കാലത്തു് രാഷ്ട്രപതിക്കു് അധികാരം നല്കിയിട്ടുണ്ടു്. അതിനുവേണ്ടി അദ്ദേഹത്തിനു് ഉത്തരവു പുറപ്പെടുവിക്കാം. അടിയന്തിരാവസ്ഥതീരുന്ന സാമ്പത്തികവർഷത്തിൽക്കവിഞ്ഞു് അതിൻെറ ശക്തി നിലനില്ക്കുകയില്ല എന്നതു് മറന്നുകൂടാ. അതുപോലെതന്നെ അവ പാർലിമെന്റിന്റെ അംഗീകാരത്തിനു വിധേയമായിട്ടുള്ളതുമാണു്. ആ ഉത്തരവു് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്രനേരത്തെ പാർലിമെൻറിൻെറ ഇരുസഭകളിലും സമർപ്പിക്കുവാൻ ഏർപ്പാടു ചെയ്യണമെന്നാണു വ്യവസ്ഥ.[2]

പൗരന്മാർക്കു് ഭരണഘടനയിൽ ഉറപ്പുചെയ്തിട്ടുള്ള മൗലികാവകാശങ്ങളെ ഏതുവിധത്തിലാണു് അടിയന്തിരാവസ്ഥാ പ്രഖ്യാപനം ബാധിക്കുന്നതെന്നുകൂടി പരിശോധിക്കുന്നതു് രസകരമായിരിക്കുമല്ലോ. ഈ പ്രഖ്യാപനം പ്രാബല്യത്തിലിരിക്കുമ്പോൾ സർക്കാരിൻെറ നിയമനിർമ്മാണപരവും, നിർവ്വഹണപരവും, പ്രാദേശികാധികാരപരവും ആയ എല്ലാ അധികാരങ്ങളും, ഭരണഘടനയിലെ പത്തൊൻപതാം വകുപ്പിൽ ഉറപ്പു

1 Article: 353 (b)   2. Article: 354.

ചെയ്തിട്ടുള്ള സ്വാതന്ത്ര്യങ്ങൾ വരുത്തിയിരിക്കുന്ന നിയന്ത്രണങ്ങളിൽനിന്നു് സ്വതന്ത്രമാകുന്നതാണു്. അപ്പോൾ നിയമനിർമ്മാണസഭയ്ക്കു് ഏതു നിയമം നിർമ്മിക്കുന്നതിനും നിർവ്വഹണവിഭാഗത്തിനു് ഏതു നടപടി എടുക്കാനും കഴിയും. അഭിപ്രായപ്രകടനം, സമ്മേളനം, സംഘടന, സഞ്ചാരം, സ്ഥിരവാസം, വസ്തുസമ്പാദ്യം, അതിൻെറ വിനിയോഗം, തുടങ്ങിയവയ്ക്കുള്ള സ്വാതന്ത്ര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന കാരണത്താൽ നിയമനിർമ്മാണവും നിർവ്വഹണവിഭാഗത്തിൻെറ നടപടികളും അസാധുവായിത്തീരുകയില്ല, പൗരന്മാർക്കു് ഇവയിൽനിന്നു് സിദ്ധിക്കുന്നതാണെന്നു് ഭരണഘടനയിൽ ഉറപ്പുചെയ്തിട്ടുള്ള അവകാശങ്ങളെല്ലാം അടിയന്തിരകാലഘട്ടങ്ങളിൽ അപ്രായോഗികങ്ങളായി പരിണമിക്കുന്നു. അടിയന്തിരാവസ്ഥയുടെ അസ്തമനത്തോടുകൂടി ആ അവകാശങ്ങളെല്ലാം അപ്പാടെ തടസ്സങ്ങൾ നീങ്ങി പൂർവ്വസ്ഥിതിയിൽ തെളിയുന്നതാണു്.[1]

മൗലികാവകാശങ്ങൾ ഉറപ്പുചെയ്തുകിട്ടുവാൻവേണ്ടി കോടതിയോടപേക്ഷിക്കുന്നതിനുള്ള അവകാശത്തെ നിർത്തിവയ്ക്കുവാനും അടിയന്തിരകാലത്തു വ്യവസ്ഥയുണ്ടു്.[2] രാഷ്ട്രപതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള കാലത്തോളം അതു് നിലവിലിരിക്കും. പാർലിമെൻറിനു് ആ ഉത്തരവു് റദ്ദുചെയ്യുന്നതിനോ, മററുവിധത്തിൽ അതിനെതിരായി അഭിപ്രായം രേഖപ്പെടുത്തുന്നതിനോ കഴിവുണ്ടു്. എന്നാൽ ഏതുകാലയളവിനകം ആ ഉത്തരവു് പാർലിമെൻറിൽ അവതരിപ്പിക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ വേണമെങ്കിൽ പാർലിമെൻറിൻെറ അഭിപ്രായം രേഖപ്പെടുത്തുവാൻ ഇടനല്കാതെ അതു് ദീർഘിപ്പിച്ചുകൊണ്ടുപോകുവാൻ രാഷ്ട്രപതിക്കു് സാധിക്കും.

---

1. Article 358. 2 Article 359.

അദ്ധ്യായം ഇരുപത്തിനാല്

ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

സംയുക്തഭരണഘടന സാധാരണമായി അയവോ വഴക്കമോ ഉള്ളതല്ല. ഭരണഘടനയിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ പ്രയോഗത്തിൽ കൊണ്ടുവരുവാനുള്ള എളുപ്പത്തെ ആസ്പദമാക്കി പൊതുവിൽ അവയെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. മററ് ഏതൊരു നിയമം ഭേദഗതിചെയ്യുന്നതുപോലെ ഭരണഘടനയും മാററുന്നതിനു സാധിക്കുമെങ്കിൽ അത്തരം ഭരണഘടനയെ അയവുള്ളത് അല്ലെങ്കിൽ വഴക്കമുള്ളത് എന്നു പറയാം. ഈ അയവ് വളരെ കുറവായിട്ടുള്ള ഭരണഘടനകളാണ് മററുള്ളവ. ഭേദഗതികൾ പ്രയോഗത്തിൽ വരുത്തുന്നതിന് വളരെ കർക്കശങ്ങളായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് അനുശാസിക്കുന്നവയാണിവ. ഇതര നിയമങ്ങളെക്കാൾ ഭരണഘടനാപ്രമാണത്തിന് കൂടുതൽ പവിത്രതയും അലംഘ്യതയും ഇവിടെ കല്പിക്കപ്പെടുന്നു.

നമ്മുടെ ഭരണഘടനാനിർമ്മാതാക്കൾ ഇതരരാജ്യങ്ങളുടെ അനുഭവങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയശേഷമാണ് ഭേദഗതിക്കുള്ള വ്യവസ്ഥകൾ രൂപീകരിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ ഭരണഘടന അമേരിക്കൻ ഐക്യനാട്ടിലേയും ആസ്ത്രേലിയായിലേയുംപോലെ അയവില്ലാത്തതും, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലെപ്പോലെ വളരെ അയഞ്ഞതും അല്ല. ഇതിന്റെ രണ്ടിന്റെയും ഏതാണ്ടൊരു മദ്ധ്യമാർഗ്ഗം കാമ്യമായി കരുതി അതിനുതകുന്ന വ്യവസ്ഥകൾ നമ്മുടെ ഭരണഘടനയിൽ ചെയ്തിരിക്കുന്നു.

അമേരിക്കൻ ഭരണഘടനയിൽ ഭേദഗതി വരുത്തണമെങ്കിൽ ആ ഭേദഗതിക്കു് അവിടത്തെ കാൺഗ്രസ്സിൻെറ ഓരോ സഭയിലും മൂന്നിൽ രണ്ടുഭാഗം അംഗങ്ങളുടെ ആനുകൂല്യം സിദ്ധിക്കണം. അതു് അംഗീകരിക്കപ്പെട്ടു് ഊർജ്ജിതത്തിൽ വരുന്നതിനു് സംയുക്തരാഷ്ട്രത്തിൻെറ ഘടകങ്ങളായ സംസ്ഥാനങ്ങളിൽ കുറഞ്ഞതു് നാലിൽ മൂന്നെണ്ണത്തിലെ നിയമസഭകളുടെ അംഗീകാരംകൂടി നേടേണ്ടിയിരിക്കുന്നു. ഇതുപോലെ ഭരണഘടനാഭേദഗതിക്കായി നടപടി നടത്തുന്നതിനു് മറ്റൊരു വഴികൂടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു്. സംയുക്തരാഷ്ട്രത്തിലെ ഘടകങ്ങളായ സംസ്ഥാനങ്ങളിൽ കുറഞ്ഞതു് മൂന്നിൽ രണ്ടു് എണ്ണം, ഭേദഗതിക്കു് ആവശ്യപ്പെടുന്നപക്ഷം ആ അഭിപ്രായത്തെക്കുറിച്ചു് പരിചിന്തിക്കുവാൻ മൂന്നിൽ രണ്ടു് സംസ്ഥാനങ്ങളിലെയെങ്കിലും നിയമസഭകളുടെ ഒന്നിച്ചുള്ള ഒരു കൺവെൻഷൻ വിളിച്ചുകൂട്ടേണ്ടതാണു്. ആ കൺവെൻഷനിൽ അംഗീകരിക്കുന്ന തത്വങ്ങൾ ആകെയുള്ളതിൽ നാലിൽ മൂന്നു ഭാഗം സംസ്ഥാനങ്ങളിലെ നിയമസഭകളോ അല്ലെങ്കിൽ അവയുടെ ഒരു സംയുക്തസമ്മേളനമോ സ്വീകരിക്കുന്നതായി പ്രഖ്യാപിക്കണം. മുകളിൽ പ്രസ്താവിച്ച രണ്ടു രീതികളിൽ മാത്രമേ അമേരിക്കൻഐക്യനാടുകളുടെ ഭരണഘടനയിൽ ഭേദഗതികൾ വരുത്തുവാൻ കഴിയൂ. ഇവ അത്ര എളുപ്പമേറിയ നടപടിക്രമങ്ങളാണെന്നു തോന്നുന്നില്ല. 1787-നു ശേഷം 1955-വരെ ആകെ ഇരുപത്തിരണ്ടു ഭേദഗതികൾ മാത്രമാണു് വരുത്തിയിട്ടുള്ളതെന്നു് അറിയുന്നതു് രസകരമായിരിക്കുമല്ലോ.[1]

ഇംഗ്ലണ്ടിലെ നില മുകളിൽപ്രസ്താവിച്ചതിൽനിന്നു ഭിന്നമാണു്, ബ്രിട്ടീഷ് പാർലിമെൻറിനു് ഏതു നിയമവും സൃഷ്ടിക്കാം. അതുപോലെ നിലവിലുള്ള ഏതു നിയമവും റദ്ദാക്കുകയും ചെയ്യാം. ഒരു സ്ത്രീയെ പുരുഷനോ, പുരുഷനെ

1. The American and Indian Experiments by William O. Douglas. 1956.

സ്ത്രീയോ ആക്കാനുള്ളതൊഴിച്ച് എന്തും ചെയ്യുവാൻ അതിന് അധികാരമുണ്ടെന്നു പറയാവുന്നു.

ഭാരതത്തിൻെറ ഭരണഘടന ഭേദഗതി ചെയ്യുന്നതിന് മൂന്നു രീതികൾ അനുശാസിക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴുള്ള ഭരണഘടനയിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് പാർലിമെൻറിലെ സാധാരണ ഭൂരിപക്ഷം മാത്രമേ ആവശ്യമുള്ളൂ. പുതിയ സംസ്ഥാനങ്ങളുടെ സൃഷ്ടി, പുനഃസ്സംഘടന,[1] സംസ്ഥാനങ്ങളിൽ പുതിയ ഉപരിസഭ സംഘടിപ്പിക്കുക നിറുത്തലാക്കുക,[2] കേന്ദ്രത്തിൻെറ ഭരണത്തിൻകീഴിൽ ഇരിക്കുന്ന പ്രദേശങ്ങളിലെ ഭരണം,[3] പട്ടിക പ്രദേശങ്ങളുടെയും പട്ടികജാതിക്കാരുടെയും ഭരണവ്യവസ്ഥകൾ, എന്നിങ്ങനെയുള്ള സംഗതികൾക്ക് ഭേദഗതിവരുത്തുവാൻ പ്രയാസം കുറവാണ്. ഇവ തികഞ്ഞ അർത്ഥത്തിൽ ഭരണഘടനാ ഭേദഗതികളായിത്തന്നെ കണക്കാക്കുകയുമില്ല. സംയുക്തഭരണത്തിൻെറ ചട്ടക്കൂട്ടിനെ സാരമായി ബാധിക്കുന്ന കാര്യങ്ങൾ വ്യത്യാസപ്പെടുത്തുന്നതിന് ചില പ്രത്യേക രീതികളാണ് സ്വീകരിക്കേണ്ടതു്. രാഷ്ട്രപതിയുടെ തിരഞ്ഞെടുപ്പുരീതി,[4] കേന്ദ്രത്തിൻെറയും സംസ്ഥാനങ്ങളുടെയും അധികാരപരിധി,[5] അവയുടെ നിയമനിർമ്മാണാധികാരവിഭജനം[6], സുപ്രീംകോടതിയും ഹൈക്കോടതികളും,[7] പാർലിമെൻറിൽ

---

1. Article: 4 (2)
2. Article: 169 (3)
3. Para 7 of Fifth Schedule & Para 21 of Sixth Schedule.
4. Articles: 51 & 55.
5. Articles: 73 & 162
6. Chapter I of Part XI; Seventh Schedule.
7. Article: 241.

സംസ്ഥാനങ്ങൾക്കുള്ള പ്രാതിനിധ്യം, ഭരണഘടനാഭേദഗതി സംബന്ധിച്ച സംഗതികൾ[1] ഇവയൊക്കെ വ്യത്യാസപ്പെടുത്തുന്നതിന് പാർലിമെൻറിൽ പ്രത്യേക ഭൂരിപക്ഷത്തിൻെറ അംഗീകാരം ലഭിക്കേണ്ടിയിരിക്കുന്നു. പാർലിമെൻറിലെ ഇരുസഭകളിലും മൂന്നിൽ രണ്ടു ഭാഗം ഭൂരിപക്ഷത്തോടുകൂടി പാസ്സായ ഇത്തരത്തിലുള്ള ഭേദഗതി ആകെയുള്ള സംസ്ഥാനങ്ങളിൽ പകുതി എണ്ണത്തിലെ നിയമസഭകളെങ്കിലും ശരിവയ്ക്കുകയും വേണം. എങ്കിൽ മാത്രമേ അതു് സാധുവായ ഭേദഗതിയായിത്തീരു. മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് ഒഴിച്ച് മററതെങ്കിലും ഭേദഗതികൾ വരുത്തുവാൻ പാർലിമെൻറിൽ ഹാജരായി വോട്ടുചെയ്യുന്ന മൂന്നിൽ രണ്ടുഭാഗം സാമാജികന്മാരുടെ ആനുകൂല്യം നേടിയാൽമതി. എന്നാൽ ആ മൂന്നിൽ രണ്ടു ഭൂരിപക്ഷം സഭകളിലെ ആകെയുള്ള അംഗസംഖ്യയുടെ പകുതിയിൽ കവിഞ്ഞിരിക്കുകയും വേണം. ഇവ സംസ്ഥാന നിയമസഭകൾ അംഗീകരിക്കണമെന്നില്ല. പാർലിമെൻറിൽ അവതരിപ്പിക്കുന്ന ഭേദഗതി ബില്ലിലെവകുപ്പുകൾ ഓരോന്നായി ചർച്ചചെയ്തു് വോട്ടിനിട്ട് ഓരോ പ്രാവശ്യവും നിർദ്ദിഷ്ട ഭൂരിപക്ഷത്തോടെ പാസ്സാക്കണമെന്നാണ് വിധിച്ചിട്ടുള്ളതു്. സംസ്ഥാനങ്ങൾ ഭേദഗതി ശരിവയ്ക്കുന്നതിന് വ്യവസ്ഥയുള്ളിടത്തു് പ്രത്യേക സമയക്ലിപ്തത നിശ്ചയിച്ചിരിക്കുന്നു.[2] ഓരോന്നിനും നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ നേരാംവണ്ണം പരിപാലിച്ചിട്ടില്ലെങ്കിൽ, ഭേദഗതിയ്ക്ക് രാഷ്ട്രപതി അംഗീകാരം നിഷേധിക്കാവുന്നതാണ്.

പ്രധാനമന്ത്രി ശ്രീ. നെഹ്റു ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണ്. "നമുക്ക് നിർമ്മിക്കുവാൻ കഴിവുള്ളത്ര ശാശ്വതവും ദൃഢവും ആയിരി

---

1. Article: 368
2. Constitution (Fifth Amendment) Act.

ക്കണം നമ്മുടെ ഭരണഘടന. എന്നാൽ ഭരണഘടനയിൽ അന ശ്വരമായിട്ടൊന്നുമില്ലെന്നു നാം ഓർമ്മിക്കണം. അതിനു കുറെ അയവ് ആവശ്യമാണു്. ഉറച്ചതും അയവില്ലാത്തതും ആയ എന്തെങ്കിലും സൃഷ്ടിച്ചാൽ, രാഷ്ട്രത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയായിരിക്കും ചെയ്യുക—രാഷ്ട്ര ത്തിന്റെ എന്നുവച്ചാൽ ജീവസ്സുള്ള, വീറുള്ള ഒരു ജനസംഘ ത്തിന്റെ വളർച്ചയെന്നർത്ഥം....മാറുന്ന പരിതസ്ഥിതികൾ ക്കനുസരണമായി രൂപഭേദം വരുത്തുവാനാവാത്തതായി ഈ ഭരണഘടനയെ നിർമ്മിച്ചുകൂടാ.”

അദ്ധ്യായം ഇരുപത്തിയഞ്ച്

നമ്മുടെ ദേശീയഗാനവും ദേശീയപതാകയും

ഒരു സ്വാതന്ത്ര്യരാഷ്ട്രത്തിന്റെ സുപ്രധാന ഘടകമാണ് അതിന്റെ ദേശീയഗാനം. രാഷ്ട്രത്തിന്റെ അഭിമാനത്തേയും ആദർശങ്ങളേയും സംരക്ഷിക്കുവാനും പരിപാലിക്കുവാനും രാജ്യവാസികളെ ഒന്നടങ്കം ആഹ്വാനം ചെയ്യുന്ന ഈ ഗാനം ദേശഭക്തിക്കായുള്ള ഒരു ഉപാസനാമന്ത്രമെന്നു പറയുന്നതിൽ തെററില്ല. അതു ദേശാഭിമാനദ്യോതകമായിരിക്കുന്നു. ഏതൊരു ഗാനത്തിനും ദേശീയഗാനമെന്ന മഹനീയപദവി നേടാവുന്ന തല്ല. അതിന്റെ യോഗ്യത സാഹിത്യപരമായ മൂല്യത്തെ ആസ്പദമാക്കിയിരിക്കുന്നില്ല. ലോകത്തിലെ ചില രാഷ്ട്രങ്ങളുടെ ദേശീയഗാനങ്ങൾ ഇതിനുദാഹരണംതന്നെ. ഗാനം പാടുന്നതിനുള്ള എളുപ്പം—ജനങ്ങൾ സംഘം ചേർന്നു പാടുന്നതിനുള്ള സൗകര്യം—പ്രധാനമാണ്. പാടാനുള്ള സൌെകര്യം കൊണ്ടു മാത്രം ഒരു ഗാനത്തെ ദേശീയഗാനമെന്ന നിലയിൽ അംഗീകരിക്കാവുന്നതല്ല. അതു ദേശീയ വികാരതരളിതയാൽ വിശിഷ്ടമായിരിക്കണം. ഈ പറഞ്ഞ ഗുണങ്ങളെല്ലാം തികഞ്ഞ രണ്ടു ഗാനങ്ങൾ തമ്മിൽ ഭാരതത്തിന്റെ ദേശീയഗാനങ്ങളായിത്തീരുന്നതിനു് തികഞ്ഞ ഒരു മത്സരം തന്നെ നടന്നെന്നു പറയാം. ഇവ ബങ്കിംചന്ദ്രചാററർജിയുടെ വന്ദേമാതരവും രവീന്ദ്രനാഥടാഗോറിന്റെ ജനഗണമനയും ആയിരുന്നു. ഈ രണ്ടു ഗാനങ്ങൾക്കും അവയുടേതായ പ്രത്യേക പ്രാധാന്യവും മഹത്വവും ഉണ്ട്. ഭൂതകാലചരിത്രസംഭവങ്ങളുമായി അവയ്ക്കു് മാററിയാൽ മാറാത്ത ബന്ധവും ഉണ്ടുതാനും. ഈ രണ്ടു ഗാനങ്ങളിൽ വന്ദേമാതര

മാണു് കൂടുതൽ പഴക്കമുള്ളതു്. ബങ്കിംചന്ദ്രൻെറ 'ആനന്ദമഠം' എന്ന നോവലിൽ അതു് കാണപ്പെടുന്നു. ഈ നോവൽ 1882-ൽ ആണു് പ്രസിദ്ധപ്പെടുത്തിയതു്. എന്നാൽ വന്ദേമാതരത്തിനു് അതിലേറെ പഴക്കമുണ്ടെന്നാണു് പറയപ്പെടുന്നതു്. ഒരു രാഷ്ട്രീയസമ്മേളനത്തിൽ അതു് ആദ്യമായി ഗാനം ചെയ്യപ്പെട്ടതു് 1896-ലെ കാൺഗ്രസ്സിൽ ആണു്.

ജനഗണമന ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു് 1912-ൽ "തത്വബോധിനി പത്രിക"യിൽ ആണു്. 'ഭാരതവിധാതാ'-എന്ന പേരിലാണു് അതു് അന്നു പുറത്തുവന്നതു്. 'തത്വബോധിനി പത്രിക' യുടെ പത്രാധിപർ ടാഗോർതന്നെ ആയിരുന്നു. അദ്ദേഹംതന്നെ ഈ ഗാനം 1919-ൽ ഇംഗ്ലീഷിൽ തർജ്ജമചെയ്തിട്ടുണ്ടു്. മഹാത്മജി ജനഗണമനയെ ഒരു "ഭക്തിമന്ത്രം" എന്നാണു് വിവരിച്ചിട്ടുള്ളതു്. ഇതു് ഒരു രാഷ്ട്രീയസമ്മേളനത്തിൽ ആദ്യമായി പാടിയതു് 1911 ഡിസംബർ 27-ാംതീയതിയാണു്. സുബാഷ്ചന്ദ്രബോസിൻെറ നേതൃത്വത്തിൽ സ്ഥാപിച്ച ആസാദ്ഹിന്ദ് ഗവണ്മെൻറു് ഈ ഗാനത്തെ ദേശീയഗാനമായി സ്വീകരിക്കുകയുണ്ടായി എന്നുള്ള സംഗതിയും സ്മരണീയമാണു്.

1950 ജാനുവരി 24-ാം തീയതി ഭരണഘടനാനിർമ്മാണസമിതി ജനഗണമനയെ ഭാരതദേശീയഗാനമായി അംഗീകരിച്ചു. അതോടൊപ്പം വന്ദേമാതരഗാനത്തിനും സ്ഥാനമുണ്ടായിരിക്കുന്നതാണു്.[1]

ദേശീയഗാനം പാടുന്നതിനു് ചില പ്രത്യേക നിബന്ധനകൾ ഉണ്ടു്. ഏതു സമയത്തും ഏതു കാര്യത്തിനും വേണ്ടി

---

1. Our National Anthem: Publications Division.

അതു പാടുവാൻ പാടില്ല. അതുപാടുമ്പോൾ കേൾക്കുന്നവർ എഴുന്നേററുനിന്നു് ആദരവു് പ്രദർശിപ്പിക്കണം. ഈ സമയത്തു് എല്ലാവരും നിശ്ചലമായി നില്ക്കുകയും വേണം. മററു കൃത്യങ്ങളിലൊന്നിലും ഏർപ്പെടരുതു്.

നമ്മുടെ സേനാവിഭാഗങ്ങൾക്കു് ദേശീയഗാനത്തിന്റെ ഉപയോഗക്രമങ്ങളെക്കുറിച്ചു് വിശദമായ നിർദ്ദേശങ്ങളുണ്ടു്. അതിൽ പറഞ്ഞിട്ടുള്ള സന്ദർഭങ്ങളിൽ മാത്രമേ ദേശീയഗാനം ആലപിക്കാവൂ.

ദേശീയ ഗാനത്തിന്റെ സാരം എന്താണെന്നുകൂടി പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കുമല്ലോ. സർവ്വജനങ്ങളുടെയും മനസ്സിന്റെ അധിപതിയും നായകനുമായവനേ, ഭാരതത്തിന്റെ ഭാഗ്യം വിധാനം ചെയ്യുന്നവനേ, അവിടുന്നു ജയിച്ചാലും. പഞ്ചാബു്, സിൻധു്, ഗുജറാത്തു്, മഹാരാഷ്ട്രം, ദ്രാവിഡം, ഒറീസ്സാ, ബംഗാൾ എന്നീ പ്രദേശങ്ങളും വിന്ധ്യൻ ഹിമാലയം എന്നീ പർവ്വതങ്ങളും, യമുനാ ഗംഗാ എന്നീ നദികളും ഇന്ത്യാസമുദ്രത്തിലെ കുതിച്ചുയരുന്ന തിരമാലകളും അവിടുത്തെ ശുഭകരമായ നാമം ശ്രവിച്ചു് ഉന്മേഷഭരിതങ്ങളാകുന്നു. അവിടുത്തെ ശുഭാശംസകൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവിടുത്തെ വിജയഗീതങ്ങൾ ഗാനം ചെയ്യുന്നു. സർവ്വജനങ്ങൾക്കും മംഗളം പ്രദാനം ചെയ്യുന്നവനേ, ഭാരതഭാഗ്യം വിധാനം ചെയ്യുന്നവനേ, അവിടുന്നു ജയിച്ചാലും, ജയിച്ചാലും ജയിച്ചാലും![1]

---

1. ഭാരതദേശീയഗാനം—ഡാക്ടർ പി. കെ. നാരായണപിള്ള Page. 9.

ദേശീയഗാനം സ്വരപ്പെടുത്തിയിട്ടുള്ളതുകൂടി സൂചിപ്പിക്കാം:-

സരിഗഗ | ഗഗഗഗ ഗാഗമ | രിഗമാ

ജനഗണ മനഅധി നായക ജയഹേ

[മ]ഗാഗഗ രീരിരി [സ]നിരിസാ ;സാ

ഭാരത | ഭാഗ്യവി ധാ-താ ; പ

× ×

[സ]പാപപ | ,പപപ പാപമ പമ [ധ]പാ

ഞ്ജാപസി ന്ധുഗുജ രാട്ടമ രാ—ട്ടാ

മാമമ മാമഗ രിമഗാ ; ;

ദ്രാവിഡ ഉത്കല വംഗ ; ;

ഗാഗഗ ഗാരി പപപമ മാ മാ

വിന്ധ്യഹി മാചല യമുനാ | ഗംഗാ

ഗാഗഗ രിരിരിരി സനിരിസാ ; ;

ഉച്ഛല ജലധിത രംഗാ ; ;

ഗഗഗഗ ഗാഗമ [മ]രിഗമാ ; ;

തവശുഭ നാമേ ജാ—ഗേ ; ;

[മ]ഗമപപ | പാമഗ [ഗ]രിമഗാ ; ;

തവശുഭ | ആശിസ മാ—ഗേ | ; ;

ഗാഗാ | രിരിരിരി [സ]നിരിസാ | ; ;

ഗാഹേ തവജയ ഗാ—ഥാ ; ;

പപപപ പാപപ പാപപ [പ]മധപാ

ജനഗണ മംഗള ദായക ജയഹേ

മാമമ ഗാഗഗമ [ഗ]രിമഗാ ; നിനി

ഭാരത ഭാഗ്യവി ധാ—താ ; ജയ

സ ; ; നിധ നീ ; ; പപ

ഹേ ; ജയ ഹേ ; ; ജയ

ധാ ; ; ; സസരിരി ഗഗരിഗ

ഹേ ; ; ; ജയജയ ജയജയ

മാ ;

ഹേ ;

ദേശീയപതാക

നമ്മുടെ പതാക ഭാരതത്തിന്റെ ഐക്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ചിഹ്നമാണല്ലോ. ഇന്നു നമുക്കുള്ള ഈ പതാകയുടെ പുറകിലെ ചരിത്രം രസകരമായിട്ടുള്ളതാണ്. 1906-ൽ ആഗസ്റ്റ് 6-ാം തീയതി കല്ക്കട്ടായിൽ ഭാരതത്തിന്റെ ചിഹ്നമായി ഒരു പതാക ആദ്യമായി ഉയർത്തുകയുണ്ടായി. അതു് ചുവപ്പും മഞ്ഞയും പച്ചയും ചേർന്ന ത്രിവർണ്ണപതാകയായിരുന്നു. അതിൽ താമരയും ചന്ദ്രക്കലയും നക്ഷത്രവും സൂര്യനും വന്ദേമാതരവും അങ്കിതമായിരുന്നു. ഭാരതത്തിന്റെ നാമധേയത്തിൽ 1907-ൽ, മാഡം കാമാ ഭാരതത്തിൽ നിന്നു നാടുകടത്തപ്പെട്ട വിപ്ലവകാരികളുടെ പ്രതിനിധിയെന്നനിലയിൽ പാരീസ്സിൽ ഒരു പതാക ഉയർത്തുകയുണ്ടായി. ഇതും ത്രിവർണ്ണപതാകയായിരുന്നു. സപ്തർഷികളെ പ്രതിനിധീകരിക്കുന്ന ഏഴുനക്ഷത്രചിഹ്നങ്ങൾ അതിൽ ഉണ്ടായിരുന്നു. ഹോംറൂൾ പ്രസ്ഥാനകാലത്തു് മറെറാരു രൂപത്തിലുള്ള പതാക ലോകമാന്യതിലകനും ഡാക്ടർ ആനിബസൻറുംകൂടി ഉയർത്തിയിട്ടുണ്ടു്. ചുവപ്പും പച്ചയും വരകൾ ഇടകലർന്നതും ചന്ദ്രക്കലയും നക്ഷത്രങ്ങളും ഉള്ളതും ആയിരുന്നു അതു്. കൂടാതെ ആ പതാകയുടെ കോണിൽ യൂണിയൻ ജാക്കു് ചെറിയരൂപത്തിൽ ഉൾപ്പെടുത്തിയിരുന്നു. മറെറല്ലാററിലും എന്നതുപോലെ പതാകയുടെ കാര്യത്തിലും ചില പരിവർത്തനങ്ങൾ വരുത്തുവാൻ ഗാന്ധിജിയുടെ നേതൃത്വം ഇടയാക്കി. 1921-ൽ ആന്ധ്രയിൽവച്ചു് അഖിലേന്ത്യാ കാൺഗ്രസ്സു് കമ്മററി കൂടുകയുണ്ടായി. ആ സന്ദർഭത്തിൽ ചുവപ്പും പച്ചയും നിറമുള്ള ഒരു കൊടി ഗാന്ധിജിക്കു് ഒരാൾ സമർപ്പിച്ചു. അതിന്റെ മദ്ധ്യത്തിൽ വെള്ളനിറവും ചർക്കയും ഗാന്ധിജികൂട്ടിച്ചേർത്തു. ഇങ്ങനെ ചർക്കാങ്കിതമായ ത്രിവർണ്ണപതാക രൂപം പ്രാപിച്ചു. ഇതു്

ഔപചാരികമായി 1931-ൽ ദേശീയപതാകയായി കാൺഗ്രസ്സ് അംഗീകരിക്കുകയും ചെയ്തു.

1947-ജൂലൈ 22-ാം തീയതി ഭാരതഭരണഘടനാനിർമ്മാണസഭ നമ്മുടെ ദേശീയപതാകയെപ്പറ്റി ഒരു പ്രമേയം അംഗീകരിച്ചു.[1] കടും കേസരിയും (അതായത് ചുവപ്പും മഞ്ഞയും കലർന്നത്.–) വെള്ളയും കടുംപച്ചയും വർണ്ണങ്ങളിൽ തുല്യാനുപാതത്തിൽ വിലങ്ങനെയുള്ള പീത്തവരകളും അതിൻെറ മദ്ധ്യത്തിൽ അശോകചക്രവും അങ്കിതമായിട്ടുള്ളതാണ് നമ്മുടെ പതാക. പതാകയെ നെടുകെ മൂന്നു തുല്യഭാഗങ്ങളായിഭാഗിച്ച്, മുകളിലത്തേതു് കേടുംകേസരി നടുവിലത്തേതു വെള്ളം താഴത്തേതു പച്ച എന്നിങ്ങനെ നിറങ്ങൾ കൊടുത്തിരിക്കുന്നു, പതാകയുടെ ഒത്തനടുവിലാണ് അശോകചക്രം. ഇതിനു് ഇരുപത്തിനാലു് ആരക്കാലുകൾ ഉണ്ട്. അതിന്റെ നിറം നീലമാണ്. അശോകചക്രവത്തി സാരനാഥം എന്ന സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള സ്തംഭത്തിന്റെ മകുടത്തിൽ കൊത്തിയിട്ടുള്ളതാണിതു്. സത്യവും അഹിംസയും ധർമ്മവും മുൻനിറുത്തി പ്രവത്തിച്ച് പുരോഗതി പ്രാപിക്കുകയാണ് ഭാരതത്തിൻെറ ആദർശമെന്നു് കുറിക്കുകയാണ് അശോകചക്രം ചെയ്യുന്നതു്. ഭാരതീയരുടെ ധീരതയുടെയും ത്യാഗമനസ്ഥിതിയുടെയും ചിഹ്നമാണ് കുങ്കുമനിറം. വെളുപ്പ് സത്യത്തെയും പരിശുദ്ധിയേയും കുറിയ്ക്കുന്നു. പച്ച സസ്യശ്യാമളമായ ഭാരതഭൂമിയുടെ ഐശ്വര്യത്തെയും അനുസ്മരിപ്പിക്കുന്നു. പതാകയ്ക്കു് സ്വീകരിച്ചിട്ടുള്ളതു് നീളത്തിൻെറ മൂന്നിൽ രണ്ടുഭാഗം വീതി എന്ന അളവാണ്.

ദേശീയപതാക ഉപയോഗിക്കുന്നതിനെക്കുറിച്ച് ചില പ്രത്യേക ചട്ടങ്ങൾ ഉണ്ട്. അതിനെ മറേറതൊരു പതാക

---

1. Specification for The National Flag of India—Indian Standard Institution-1951.

യെക്കാളും ഉപരിയായിക്കരുതേണ്ടതും അപ്രകാരം ബഹുമാനി ക്കേണ്ടതും ആണു്. ഉദാഹരണമായി, മററു പതാകകളോ ടൊപ്പം അതു പ്രദശിപ്പിക്കപ്പെടുന്നപക്ഷം മററുള്ളവയെല്ലാം ആ വരിയിൽ അതിൻെറ ഇടത്തുവശത്തെ ആകാവൂ. ഉയത്തു മ്പോൾ മററുള്ളവയെക്കാൾ ഏററവും ഉയന്നായിരിക്കണം അതു നില്ക്കേണ്ടതു്. പതാകയെ താഴ്ത്തിപ്പിടിച്ചോ വില ങ്ങനെ പിടിച്ചോ കൊണ്ടുനടക്കരുതു്. പാറിപ്പറക്കത്തക്ക വണ്ണം ഉയത്തിപ്പിടിച്ചുകൊണ്ടേ നടക്കാവൂ. പതാക കയ്യിലെ ടുക്കുമ്പോൾ അതിൻെറ യാതൊരുഭാഗവും തറയിൽക്കിടന്നിഴയു വാൻ ഇടയാകരുതു്. ഒരു ഘോഷയാത്രയിലെ പതാകവാഹ കൻ ഏററവും മുന്നണിയിലായിരിക്കണം നടക്കേണ്ടതു്. അയാൾ പതാക വഹിക്കുന്നതു് വലത്തു തോളിൽ ആയിരി ക്കണം. കേസരിവർണ്ണം മുകളിൽ വരുന്നവിധമായിരിക്കണം പതാക ധ്വജാഗ്രത്തിൽ എത്തിക്കുവാൻ. ഉയത്തുന്നതു് ചൊടി പ്പോടുകൂടി ആയിരിക്കണം. താഴ്ത്തുന്നതു് മന്ദമായിട്ടും. ഒരു സമ്മേളനസ്ഥലത്തു് പതാക പ്രദശിപ്പിച്ചിരിക്കുന്നതു് അദ്ധ്യ ക്ഷപീഠത്തിന്റെ പിറകിൽ ഉയത്തിവേണം. ദുഃഖാചരണാവസര ങ്ങളിൽ പതാക ധ്വജത്തിന്റെ പകുതിവരെ ഇറക്കിക്കെട്ടണമെ ന്നാണു നിയമം. കൊടി മുഴുവൻ പൊക്കിയശേഷം വേണം താഴ്ത്തി കെട്ടുവാൻ. വൈകുന്നേരം കൊടി ഇറക്കുമ്പോഴും മുഴുവൻ പൊക്കി യശേഷമേ താഴ്ത്താവൂ. ദേശീയപതാകയെ ഒരിക്കലും ഒരു അല ങ്കാരവസ്തുവായോ പ്രചാരണോപാധിയായോ ഉപയോഗിക്കരുതു്. അതിനെ ദുവ്വിനിയോഗം ചെയ്യുന്നതു് നിയമവിരുദ്ധമാണു താനും.[1] ഹൈക്കോടതി, സെക്രട്ടേറിയേററു് തുടങ്ങിയ ഏററവും പ്രധാനപ്പെട്ട മന്ദിരങ്ങളുടെ മുകളിൽ പതാക പറത്താവുന്ന താണു്; പറത്തേണ്ടതുമാണു്. കീറിയതോ അഴുക്കുപുരണ്ടതോ

1, **Emblems and Names (Prevention of Improper use) Act 1950**

ആയ പതാക പ്രദർശനയോഗ്യമല്ല. അങ്ങനെയുള്ളവ ഉപചാരപൂർവ്വം നശിപ്പിച്ചുകളയാം. പതാകയുടെമേൽ ഒന്നും എഴുതുകയോ അച്ചടിക്കുകയോ തുന്നിപ്പിടിക്കുകയോ ചെയ്യരുതു്. മേശവിരിപ്പായിട്ടോ, സാരിയുടെവക്കായിട്ടോ ഉൽഘാടനം ചെയ്യാൻ തുടങ്ങുന്ന പ്രതിമയുടെയോ മറേറാ പൊതിയായിട്ടോ അതു് ഒരിക്കലും ഉപയോഗിക്കരുതു്. അതിൻെറ മഹത്തായ ഉദ്ദേശങ്ങൾക്കല്ലാതെ മറെറാന്നിനുംവേണ്ടി അതു് പ്രയോജനപ്പെടുത്തരുതെന്നു ചുരുക്കം. അതു് അത്രമാത്രം പവിത്രമായിട്ടുള്ള ചിഹ്നമാണു്. മാതൃഭൂമിയോടു നടുക്കുതോന്നുന്ന സ്നേഹാദരങ്ങൾ ദേശീയപതാകയോടും തോന്നേണ്ടതാണു്. സ്വാതന്ത്ര്യദിനം, മഹാത്മജിയുടെ ജന്മനാൾ, ദേശീയവാരം, ദേശീയാഹ്ലാദകരങ്ങളായ മററു് അവസരങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ ദേശീയപതാക ഉപയോഗിക്കാം.[1] "രാജ്യസ്നേഹത്തിന്റെ കണികയെങ്കിലുമുള്ള ഓരോ ഭാരതീയനും ആത്മാഭിമാനത്തിന്റെ ലേശമെങ്കിലുമുള്ള ഓരോ ഭാരതീയനും, ദേശീയപതാകയെ ഹൃദയപൂർവ്വം സ്നേഹിക്കണം, ബഹുമാനിക്കണം, അമൂല്യസമ്പത്തായി സൂക്ഷിക്കണം. മരണത്തെപ്പോലും അവഗണിച്ചു് പതാകയുടെ അന്തസ്സു് സംരക്ഷിക്കണം." പ്രധാനമന്ത്രി നെഹ്രു.വിൻെറ ആ വാക്കുകൾ നമ്മുടെ സ്മരണയിൽ നിന്നു് മായാതിരിക്കട്ടെ.

---

1. Our Flag—Publications Division 1952.

അദ്ധ്യായം ഇരുപത്താറ്

കാശ്മീരിന്റെ ഭരണഘടനാവ്യവസ്ഥകൾ

കാശ്മീർസംസ്ഥാനം ഇന്ത്യായൂണിയന്റെ ഒരവിഭാജ്യഘടകമാണ്. 1947-ആഗസ്റ്റ് 15-ാം തീയതി അന്നത്തെ ഭരണാധികാരിയുടെ കീഴിൽ ഉണ്ടായിരുന്ന സംസ്ഥാനത്തിന്റെ അതേ വലിപ്പംതന്നെയായിരിക്കും അതിന് ഉള്ളതു്. എല്ലാ വിധത്തിലുമുള്ള ചൂഷണങ്ങളും അവസാനിപ്പിച്ച് ദേശീയജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയുടെ സ്വാധീനത്തോടുകൂടിയ സോഷ്യലിസ്റ്റുരീതിയിലുള്ള ഒരു സമുദായം സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ജനങ്ങളുടെ യോഗക്ഷേമം പുരോഗമിപ്പിക്കുകയും ആണ് ആ സ്റ്റേററിന്റെ പ്രധാനലക്ഷ്യം.

സംസ്ഥാനത്തിൽ സ്ഥിരമായി വസിക്കുന്ന എല്ലാവർക്കും സർവ്വകലാശാലാരംഗംവരെ ഫീസ്സിടാക്കാതുള്ള വിദ്യാഭ്യാസത്തിന് അവകാശമുണ്ട്. അതു് നല്കുന്നതിനുള്ള ഉത്തരവാദിത്വം സക്കാരിനുള്ളതാണ്. ഭരണഘടന ഉൗജ്ജിതത്തിൽ വന്ന് പത്തുകൊല്ലം പൂർത്തിയാകുന്നതിനുമുമ്പ് ഫീസ്സിടാക്കാനുള്ള നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം പതിന്നാലു വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും നല്കുന്നതിന് വേണ്ടതു ചെയ്യാൻ ഭരണഘടന അനുശാസിക്കുന്നു. അതുപോലെ എല്ലാ തൊഴിലാളികൾക്കും ജോലിക്കാക്കും മുതിന്നവക്കുള്ള വിഭ്യാഭ്യാസവും കുറെ സമയം സാങ്കേതികവും തൊഴിൽപരവും ആയ ശിക്ഷണവും നല്കുന്നതിന് സൗകര്യം കൊടുക്കേണ്ടതാകുന്നു.

സംസ്ഥാന ഭരണത്തലവന്റെ നാമധേയം സർദാർ-ഇ-റിയാസത്ത് എന്നാകുന്നു. അദ്ദേഹത്തെ സംസ്ഥാനഅസംബ്ളി

തിരഞ്ഞെടുക്കും. അസ്സംബ്ളിയിലെ ഭൂരിപക്ഷം തിരഞ്ഞെടുക്കുന്ന സർദാർ-ഇ-റിയാസത്തിൻെറ ഔദ്യോഗികകാലാവധി അഞ്ചുകൊല്ലക്കാലമാണ്. രാഷ്ട്രപതിയുടെ ഇച്ഛയ്ക്കു വിധേയമായി അദ്ദേഹം ഉദ്യോഗം വഹിക്കുകയാണു ചെയ്യുന്നതു്. ഇരുപത്തിയഞ്ചുവയസ്സുതികയാത്ത ഒരാളിനു് പ്രസ്തുത സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതല്ല. അദ്ദേഹത്തിൻെറ ശമ്പളം പ്രതിമാസം അയ്യായിരം ഉറുപ്പികയായിരിക്കും. ഔദ്യോഗികസ്ഥാനത്തുനിന്നു് സർദാർ-ഇ-റിയാസത്തിനെ നീക്കം ചെയ്യുന്നതിനു് അസ്സംബ്ളിയിലെ സാമാജികന്മാരിൽ മൂന്നിൽ രണ്ടു ഭാഗം അനുകൂലിച്ചു് പ്രമേയം പാസ്സാക്കിയാൽ മതി. സർദാർ-ഇ-റിയാസ്സത്തിനു് ഏതു കുററവും ഇളവുചെയ്യുന്നതിനും കുറയ്ക്കുന്നതിനും ക്ഷമിക്കുന്നതിനും ശക്തിയുണ്ടു്.

പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭ സംസ്ഥാനത്തിനു് വ്യവസ്ഥ ചെയ്തിരിക്കുന്നു. മന്ത്രിസഭയുടെ മുഖ്യമായ ഉദ്ദേശം സർദാർ-ഇ-റിയാസ്സത്തിനു് വേണ്ട ഉപദേശങ്ങൾ നല്കി ഭരണം ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ സഹായിക്കുകയാണു്. എന്നാൽ സംസ്ഥാനഭരണക്രമം തകരുമ്പോൾ ചെയ്യേണ്ടതൊഴിച്ചു് മററു എല്ലാക്കാര്യങ്ങളും സർദാർ-ഇ-റിയാസ്സത്തു് മന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചാണു് നിർവ്വഹിക്കുന്നതു്. മന്ത്രിമാരേയും ഡെപ്യൂട്ടിമന്ത്രിമാരേയും അദ്ദേഹം നിയമിക്കുന്നതു് പ്രധാനമന്ത്രിയുടെ ഉപദേശം അനുസരിച്ചായിരിക്കും. മന്ത്രിസഭ അസ്സംബ്ളിയോടു് കൂട്ടുത്തരവാദിത്വം വഹിക്കുന്നു.

കാശ്മീർസംസ്ഥാനത്തിനു് ദ്വിമണ്ഡലനിയമസഭയാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ഉപരിസഭയിൽ മുപ്പത്തിയാറു് അംഗങ്ങളുണ്ടായിരിക്കും. ഇതിലെ സാമാജികന്മാരിൽ മൂന്നിൽ

ഒരു ഭാഗം ഈരണ്ടുകൊല്ലം കൂടുമ്പോൾ സഭയിൽനിന്നു് പിന്മാറുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ആ സ്ഥാനങ്ങളിലേക്കു് പുതിയ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഉപരിസഭ ഒരിക്കലും പിരിച്ചു വിടപ്പെടുന്നില്ല.

അസ്സംബ്ലിയിൽ ആകെ നൂറു് അംഗങ്ങൾ ഉണ്ടായിരിക്കും. ഇവരെ ജനങ്ങൾ നേരിട്ടു തിരഞ്ഞെടുക്കുന്നു. അസ്സംബ്ലിയിലേക്കു് ആറു് സാമാജികന്മാരെ നാമനിർദ്ദേശം ചെയ്യുന്നതിനു് സർദാർ–ഇ–റിയാസ്സത്തിനു് സാധിക്കും. സ്ത്രീകൾ വേണ്ടവണ്ണം അസ്സംബ്ലിയിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടില്ലെന്നു് അദ്ദേഹത്തിനു തോന്നുന്നപക്ഷം ഒന്നോ രണ്ടോ സ്ത്രീകളെ നാമനിർദ്ദേശം ചെയ്തു് അവിടുത്തെ അംഗമാക്കിത്തീക്കാം. അസ്സംബ്ലിസാമാജികന്മാരെ തിരഞ്ഞെടുക്കുന്നതു് പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്നുമായിരിക്കും. ഇന്നു് പാകിസ്ഥാന്റെ അധീനതയിലിരിക്കുന്ന പ്രദേശങ്ങൾക്കുവേണ്ടി അസ്സംബ്ലിയിൽ ഇരുപത്തിയഞ്ചു സ്ഥാനങ്ങൾ ഒഴിച്ചുവച്ചിട്ടുണ്ടു്. അതുപോലെ പട്ടികജാതിക്കാർക്കും കുറെ സ്ഥാനങ്ങൾ നീക്കിവച്ചിരിക്കുന്നു. ഇരുപത്തിയഞ്ചു വയസ്സു പൂത്തിയാക്കിയിട്ടുള്ള ഒരു സ്ഥിരവാസിക്കു് അസ്സംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിനു് സ്ഥാനാത്ഥിയായി നില്ക്കാവുന്നതാണു്. ഉപരിസഭയിലേക്കു് ഉള്ള തിരഞ്ഞെടുപ്പിനുള്ള പ്രായം മുപ്പത്തിയഞ്ചുവയസ്സാണു്.

അസ്സംബ്ലിയുടെ കാലാവധി അഞ്ചു സംവത്സരമാണു്. ഭാരതപാർലിമെൻറിനു് നിയമനിമ്മാണാധികാരം വിട്ടുകൊടുത്തിട്ടുള്ള വിഷയങ്ങൾ ഒഴിച്ചു് മററുള്ള എല്ലാക്കാര്യങ്ങൾക്കും നിയമനിമ്മാണാധികാരം കാശ്മീർ നിയമസഭയ്ക്കുണ്ടു്. നിയമനിമ്മാണാധികാരത്തോടുകൂടി നിവ്വഹണാധികാരവും ഉണ്ടെന്നു് പ്രത്യേകിച്ചു പറയേണ്ടല്ലോ. നിയമസഭയിൽ അഭിപ്രായപ്രക

ടനസ്വാതന്ത്ര്യം ഉണ്ടായിരിക്കും. ധനബില്ലുകൾ ഉപരിസഭയിൽ അവതരിപ്പിക്കാവുന്നതല്ല. അസ്സംബ്ളി പാസ്സാക്കിയശേഷം അതു് ഉപരിസഭയിലേക്കു് അയക്കുന്നു. ഉപരിസഭ അതിന്മേൽചെയ്യുന്ന തീരുമാനങ്ങൾ അസ്സംബ്ളിക്കു് കുറച്ചോ മുഴുവനുമോ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. എന്നാൽ അസ്സംബ്ളി രണ്ടാം പ്രാവശ്യം പാസ്സാക്കിയിട്ടുള്ള ഒരു ബില്ലു് ഉപരിസഭയിലേക്കു് അയച്ചാൽ, അതു് നിരാകരിച്ചാൽ തന്നെ, നിയമമായി പരിണമിക്കുന്നതാണു്. ഉപരിസഭയിൽ അപ്രകാരമുള്ള ബില്ലു് കിട്ടിയിട്ടു് ഒരുമാസം കഴിയുമ്പോഴും അതു് നിയമമായിത്തീരുന്നതായിരിക്കും. നിയമസഭയിലെ നടപടികൾ സാധാരണയായി ഉർദുവിലോ ഇംഗ്ലീഷിലോ ആയിരിക്കും നടത്തുന്നതു്. എന്നാൽ അസ്സംബ്ളിയിലെ സ്പീക്കറോ ഉപരിസഭയിലെ അദ്ധ്യക്ഷനോ അവരുടെ സഭയിലെ ഒരംഗത്തിനെ ഹിന്ദിയിലോ അയാളുടെ മാതൃഭാഷയിലോ സംസാരിക്കുവാൻ അനുവദിക്കാവുന്നതാണു്. മുമ്പു പറഞ്ഞ ഭാഷകളിലൊന്നിലും അയാൾക്കു് ഇംഗിതങ്ങളറിയിക്കുന്നതിനു് കഴിയാത്ത സന്ദർഭങ്ങളിലായിരിക്കും ഇങ്ങനെ അനുവദിക്കുന്നതു്.

നിയമസഭയുടെ സമ്മേളനം നടക്കാത്ത സന്ദർഭങ്ങളിൽ സർദാർ-ഇ-റിയാസ്സത്തിനു് ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ സാധിക്കും. ഭരണക്രമം തകരുകയാണെങ്കിൽ സക്കാരിൻെറ എല്ലാമോ കുറച്ചോ അധികാരങ്ങൾ അദ്ദേഹത്തിനു് സ്വയം ഏറ്റെടുക്കാവുന്നതാണു്. എന്നാൽ ഹൈക്കോടതിയുടെ അധികാരങ്ങൾ ഇതിൽ പെടുത്തിയിട്ടില്ല. ഇങ്ങനെയുള്ള അടിയന്തിരപ്രഖ്യാപനം രാഷ്ട്രപതിയുടെ സമ്മതി കൂടാതെ സർദാർ-ഇ-റിയാസ്സത്തിനു് ചെയ്യുവാൻ കഴിവില്ല.

സംസ്ഥാനത്തിനു് ഒരു അഡ്വോക്കേററു് ജനറലിനെയും, തിരഞ്ഞെടുപ്പുകമ്മിഷണറെയും നിയമിക്കുന്നതിനു്

സർദാർ–ഇ–റിയാസ്സത്തിന് അധികാരം നല്കിയിട്ടുണ്ട്. അസ്സംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. സംസ്ഥാനത്തിലെ ഇരുപതുവയസ്സ് പ്രായപൂർത്തിയായ എല്ലാ സ്ഥിരവാസികൾക്കും വോട്ടവകാശമുണ്ട്. തിരഞ്ഞെടുപ്പുപരാതികൾ കേൾക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്തിരിക്കുന്നു.

ഒരു പബ്ളിക് സർവ്വീസ് കമ്മിഷനെ നിയമിക്കുന്നതിനും ഏർപ്പാടുണ്ട്. അതിലെ അംഗങ്ങളെ നിയമിക്കുന്നതു് ഭരണത്തലവനാണ്. അവർ അഞ്ചുകൊല്ലത്തേക്ക് ഉദ്യോഗത്തിലിരിക്കും. സംസ്ഥാനത്തിലെ സ്ഥിരവാസികളായ ഏതെങ്കിലും വിഭാഗം അവിടത്തെ ഉദ്യോഗങ്ങളിൽ വേണ്ട വണ്ണം പ്രതിനിധീകരിക്കപ്പെട്ടിട്ടില്ലെന്നു സർക്കാർ വിശ്വസിക്കുന്നെങ്കിൽ, അവരിൽനിന്നുള്ള ആളുകളെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതിനു് സർവ്വീസ് കമ്മിഷനോട്ട് ആലോചിക്കണമെന്നില്ല.

ഹൈക്കോടതിയിലെ ഒന്നാംജഡ്ജിയേയോ മററു് ജഡ്ജിയേയോ നീക്കം ചെയ്യുന്നതിനു് ചില പ്രത്യേക വ്യവസ്ഥക്ക് വിധേയമായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമസഭയുടെ രണ്ടു മണ്ഡലങ്ങളിലെയും സാമാജികന്മാരുടെ ഭൂരിപക്ഷം അനുകൂലിച്ചു പാസ്സാക്കിയിട്ടുള്ള പ്രമേയത്തെ ആസ്പദമാക്കി സർദാർ–ഇ–റിയാസ്സത്തു് ഉത്തരവു പുറപ്പെടുവിക്കേണ്ടതാണെന്നാണ് വ്യവസ്ഥ. നീതിനിർവ്വഹണവിഭാഗം, സംസ്ഥാനകാര്യനിർവ്വഹണ വിഭാഗത്തിൽ നിന്നു് സ്വതന്ത്രമായിരിക്കുന്നതാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. സംസ്ഥാന ഹൈക്കോടതിയിൽ ഒന്നാംജഡ്ജിയെക്കൂടാതെ രണ്ടോ അതിലധികമോ ജഡ്ജിമാരും ഉണ്ടായിരിക്കുന്നതാണ്. അവരെ നിയമിക്കുന്നതു് ഭരണത്തലവനായ സർദാർ–ഇ–റിയാസ്സത്തു് ആണ്.

കാശ്മീർ സംസ്ഥാനത്തിലെ ഔദ്യോഗികഭാഷ ഉർദ്ദു വാകുന്നു. എന്നാൽ നിയമസഭ നിയമനിർമ്മാണംകൊണ്ടു് മററുവിധത്തിൽ വ്യവസ്ഥചെയ്യുന്നില്ലെങ്കിൽ എല്ലാ ഔദ്യോഗികകാര്യങ്ങൾക്കും ഇംഗ്ലീഷുഭാഷ തുടന്നു് ഉപയോഗത്തിലിരിക്കും. ഒരു കലാസാംസ്കാരികഭാഷാ അക്കാഡമി സ്ഥാപിക്കുവാനും വ്യവസ്ഥയുണ്ടു്.

ഓരോ സഭയിലേക്കും ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ടുഭാഗത്തിൽ കുറയാത്ത ഭൂരിപക്ഷത്തോടെ പാസ്സാകുന്ന ബിൽമുഖേന ഭരണഘടന ഭേദഗതി ചെയ്യാവുന്നതാണു് എന്നാൽ ഇൻഡ്യൻയൂണിയനുമായുള്ള സംസ്ഥാനത്തിൻെറ ബന്ധത്തേയോ, സംസ്ഥാനത്തിന്റെ നിയമനിമ്മാണവും നിവ്വഹണവും സംബന്ധിച്ച അധികാരങ്ങളുടെ വ്യാപ്തിയെ സ്പർശിക്കുന്നതോ, സംസ്ഥാനത്തിനു ബാധകമാകുന്ന ഭാരതഭരണഘടനയിലെ വ്യവസ്ഥകളിലോ, മാററം വരുത്തുന്നതിനു് ഉദ്ദേശിക്കുന്ന ബില്ലോ ഭേദഗതിയോ സംസ്ഥാനനിയമസഭയുടെ ഒരു മണ്ഡലത്തിലും അവതരിപ്പിച്ചുകൂടാ. സംസ്ഥാനത്തിനു് ഒരു പ്രത്യേക പതാകയുണ്ടായിരിക്കുമെന്നും വ്യവസ്ഥചെയ്തിട്ടുണ്ടു്.

സംസ്ഥാനത്തിലെ എല്ലാ സിവിൽ ഉദ്യോഗസ്ഥന്മാരും സർദാർ-ഇ-റിയാസ്സത്തിനു് തൃപ്തിയുള്ളിടത്തോളം കാലം ഉദ്യോഗത്തിൽ തുടരുന്നതാണു്. ഏതൊരാളിനേയും പിരിച്ചുവിടുന്നതോ തരംതാഴ്ത്തുന്നതോ, ദണ്ഡം അനുഭവിച്ചവനു് ആ നടപടിക്കെതിരായി പറയാനുള്ളതു് പറയുന്നതിനു് യുക്തിയുക്തമായ അവസരം നൽകി അയാൾക്കു പ്രസ്താവിക്കുവാനുള്ളതു കേട്ടു് തീരുമാനിച്ചതിനുശേഷമേ ആകാവൂ. ഭാരതഭരണ ഘടനയിലെ വ്യവസ്ഥകൾക്കു സമാന്തരമായിട്ടുള്ളവയാണു് ഇവയെന്നു് ഓർമ്മിക്കുമെല്ലോ.

ഭരണഘടനയോടനുബന്ധിച്ചു് അഞ്ചു പട്ടികകൾ ഉണ്ടു്. സർദാർ-ഇ-റിയാസ്സത്തിൻെറ തിരഞ്ഞെടുപ്പു്,

അദ്ധ്യക്ഷൻറെയും സ്പീക്കർ ഡെപ്യൂട്ടി സ്പീക്കർ ഉപരിസഭാദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, എന്നിവരുടെയും ഹൈക്കോടതിയിലെ ജസ്റ്റിമാരുടെയും ശമ്പളം പടി തുടങ്ങിയ സംഗതികൾ, മന്ത്രിമാരുടെയും മററും സത്യപ്രതിജ്ഞാരൂപങ്ങൾ മുതലായ കാര്യങ്ങൾ അതിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥിരവാസി ആരാണെന്നതിനെപ്പററിയുള്ള വിശദീകരണവും നല്കിയിട്ടുണ്ട്. ഭാരതത്തിലെ പൗരനെ സംസ്ഥാനത്തിലെ പൗരനായി പരിഗണിക്കുന്നതാണ്. ഒന്നാമത് അയാൾ 1954-മേയ് 14-ാം തീയതി സംസ്ഥാനത്തിലെ ഒന്നാം ക്ലാസ്സോ രണ്ടാം ക്ലാസ്സോ പ്രജയായിരുന്നിരിക്കണം; അല്ലെങ്കിൽ നിയമവിധേയമായി സ്ഥാവരസ്വത്ത് സംസ്ഥാനത്ത് സമ്പാദിച്ചിരിക്കുകയും സംസ്ഥാനത്തിൽ സാധാരണമായി അതിനു മുമ്പ് പത്തു സംവത്സരം താമസിച്ചിരിക്കുകയുംവേണം. രണ്ടാമത് 1954-മേയ് 14-ാം തീയതിക്കുമുമ്പ് സംസ്ഥാനത്തിലെ ഒന്നാംക്ലാസ്സോ രണ്ടാംക്ലാസ്സോ പ്രജയായിരുന്നിരിക്കണം. 1947 മാർച്ച് 1-ാം തീയതിക്കുശേഷം ഇന്ന് പാകിസ്ഥാൻ കയ്യടക്കി വച്ചിരിക്കുന്ന പ്രദേശത്തേക്ക് കുടിയിളകിപ്പോകുകയും അവിടെ നിന്നു് പുനരധിവാസോദ്ദേശ്യത്തോടുകൂടി അനുമതിച്ചീട്ടും കൊണ്ടു് സംസ്ഥാനത്തിലേക്ക് മടങ്ങുകയും ചെയ്തിരിക്കണം. ഇവരെയെല്ലാം സ്ഥിരവാസികളായി കണക്കാക്കുന്നതിനാണ് വ്യവസ്ഥ. ഇവർക്ക് ഭാരതഭരണഘടന ഉറപ്പുചെയ്തിട്ടുള്ള എല്ലാ അവകാശങ്ങളും ലഭ്യമാകുകയും ചെയ്യും.

ജമ്മു-കാശ്മീർ സംസ്ഥാനത്തിൻെറ ഭരണഘടനയുടെ കരടു നിർദ്ദേശങ്ങളെ ആസ്പദമാക്കിയാണ് മുകളിൽ വിവരങ്ങൾ പ്രസ്താവിച്ചിട്ടുള്ളതു്. പ്രസ്തുത കരടുഭരണഘടന 1956 ഒക്ടോബർ പത്താംതീയതി സംസ്ഥാന ഭരണഘടനാനിർമ്മാണസഭയിൽ അവതരിപ്പിക്കപ്പെട്ടു. ഭാരതരാജ്യത്തിന്റെ അംശമായി

ആ സംസ്ഥാനം പ്രവേശനപ്രമാണത്തിലൊപ്പുവച്ചു ചേർന്നതു് സ്ഥിരീകരിക്കുന്നതിനും അതിന്റെ ഭരണഘടനയുടെ അവസാനരൂപം തീരുമാനിക്കുന്നതിനും ആയി ഭരണഘടനാ നിർമ്മാണസഭ 1951- ഒക്ടോബറിൽ ഉൽഘാടനം ചെയ്യപ്പെടുകയുണ്ടായി. സംസ്ഥാന പുന:സംഘടനാ കമ്മിഷൻ ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ വ്യവസ്ഥിതിക്കു് വലിയ വ്യത്യാസങ്ങൾ ശുപാർശചെയ്തെങ്കിലും കാശ്മീരിനെക്കുറിച്ചു് ഒന്നും പ്രസ്താവിക്കയുണ്ടായില്ല. ഇതിനു കാരണം ഭാരതം കാശ്മീരിനുവേണ്ടി പ്രത്യേക വ്യവസ്ഥകൾ അംഗീകരിക്കുന്നതാണെന്നുള്ള വാഗ്ദാനം ആണു്. 1951-ഒക്ടോബറിനുശേഷം ഈ സംസ്ഥാനത്തിൻെറ ഭാവിയെ സംബന്ധിച്ചു് ചില തർക്കങ്ങൾ ഉയർന്നുവരുകയുണ്ടായി. 1952-ലെ ഡൽഹിക്കരാറു് പ്രയോഗത്തിൽ വന്നതു് 1954-മേയ് 14-ാം തീയതി രാഷ്ട്രപതിയുടെ ഉത്തരവുമൂലമാണു്. തുടർന്നു് ഇതുവരെ അതിനെ ആസ്പദമാക്കിയാണു് കേന്ദ്രവും കാശ്മീർ സംസ്ഥാനവും തമ്മിലുള്ള ഭരണബന്ധങ്ങൾ നിലനിന്നുവരുന്നതു്.

മററു സംസ്ഥാനങ്ങളിലെ വ്യവസ്ഥകളിൽനിന്നു് ഈ കരട് ഭരണഘടനാ നിർദ്ദേശങ്ങളിൽ കാണുന്ന വ്യത്യാസങ്ങളിൽ ചിലവ സൂചിപ്പിക്കുന്നതു് സംഗതമായിരിക്കുമല്ലോ. മററു സംസ്ഥാനങ്ങളിലെ ഭരണത്തലവൻ രാഷ്ട്രപതി നിയമിക്കുന്ന ഗവർണ്ണർ ആണു്. അതിൽനിന്നു് അടിസ്ഥാനത്തിൽ തന്നെ ഭിന്നമായ രീതിയാണു് സർദാർ-ഇ-റിയാസ്സത്തിൻെറ തിരഞ്ഞെടുപ്പു്. 1954-ലെ രാഷ്ട്രപതിയുടെ ഉത്തരവിന്റെ പൊരുളിനെ ആദരിച്ചു് രാഷ്ട്രപതിക്കു് അദ്ദേഹത്തിന്റെ ഭരണം സംസ്ഥാനത്തിൽ ഊർജ്ജിതപ്പെടുത്തുവാൻ ഇടവരുന്ന സന്ദർഭം ആക്രമണംമൂലമോ ഭരണകൂടത്തെ തകിടംമറിക്കുന്നതുമൂലമോ സംഭവിക്കുന്ന അടിയന്തിരകാലത്തുമാത്രമായിരിക്കും. ഭരണകൂടത്തിൻെറ തകർച്ചയുണ്ടായാൽ സർദാർ-ഇ-

റിയാസ്സത്തിന്റെ ഭരണം ആയിരിക്കും ഉണ്ടാകുക. തിരഞ്ഞെടുപ്പുകമ്മിഷൻ, ഹൈക്കോടതി ജഡ്ജിമാർ എന്നിവരുടെ നിയമനം, ഭാരതഭരണഘടനയിൽനിന്നു ഭിന്നമായ നിർദ്ദേശകതത്വങ്ങൾ തുടങ്ങിയവയിലും വ്യത്യാസങ്ങൾ നമുക്കു ദർശിക്കാവുന്നതാണ്.

ജമ്മു–കാശ്മീരിനെ ബാധിക്കുന്ന അതിപ്രധാനമായ മറെറാരുനിയമംകൂടി അടുത്തകാലത്തു് പാർലിമെന്റ് അംഗീകരിച്ചിട്ടുണ്ട്.[1] ആ നിയമത്തിന്റെ പട്ടികയിൽ വിശദമാക്കിയിട്ടുള്ള നിയമങ്ങളെല്ലാം ജമ്മു–കാശ്മീർ സംസ്ഥാനത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനു വേണ്ടിയാണ് ഈ നിയമം പാസ്സാക്കിയിട്ടുള്ളതു്. ഇതനുസരിച്ച് മുപ്പത്തിനാലു കേന്ദ്രനിയമങ്ങളും ഒരു ആർഡിനൻസും ജമ്മു–കാശ്മീർ പ്രദേശത്തേക്കുകൂടി വ്യാപിപ്പിച്ചിരിക്കുന്നു.

---

1 Jammu and Kashmir (Extension of Laws) Act 1956

അദ്ധ്യായം ഇരുപത്തേഴ്

യൂണിയൻപ്രദേശങ്ങൾ

ഭരണഘടനയുടെ ഏഴാം ഭേദഗതിമൂലം പുതിയതായി രൂപംകൊണ്ടിട്ടുള്ള പ്രദേശങ്ങളാണ് കേന്ദ്രത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ഇരിക്കുന്ന യൂണിയൻപ്രദേശങ്ങൾ. ഇവ ദില്ലി, ഹിമാചൽപ്രദേശ്, മണിപ്പൂർ, ത്രിപുര, ആൻഡമാനും നിക്കോബറും ദ്വീപുകൾ, ലക്ഷദ്വീപ് മിനിക്കോയ് അമിനിദിവി ദ്വീപുകൾ എന്നിവയാണ്.[1] ഇതിനുമുമ്പ് സി സംസ്ഥാനങ്ങളിലും മററുമായി ഉൾപ്പെട്ടത്തിയിരുന്ന പ്രദേശങ്ങളാണ് ഇതിൽ മിക്കതും. എന്നാൽ ഇന്ന് ഭരണഘടന സ്വീകരിച്ചിട്ടുള്ള പേരു് യൂണിയൻപ്രദേശങ്ങൾ എന്നത്രേ.

യൂണിയൻപ്രദേശങ്ങളുടെ ഭരണം രാഷ്ട്രപതി നേരിട്ടു നടത്തുന്നു. ആവശ്യമെന്നു തോന്നുന്നത്ര കാര്യങ്ങൾക്ക് അദ്ദേഹം അതു നിർവ്വഹിക്കുന്നതു് ഒരു അഡ്മിനിസ്ട്രേററെ നിയമിച്ചായിരിക്കും.[2] സമീപസംസ്ഥാനത്തിലെ ഒരു ഗവർണ്ണറെ യൂണിയൻപ്രദേശത്തിന്റെ ഭരണംകൂടി നടത്തുന്നതിനു് അഡ്മിനിസ്ട്രേറററായി രാഷ്ട്രപതിക്കു് നിയമിക്കാവുന്നതാണ് എന്നു് മുമ്പൊരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് ഓർമ്മിക്കുമല്ലോ.

ആൻഡമാനും നിക്കോബറും ദ്വീപുകൾ, ലക്ഷദ്വീപ് മിനിക്കോയ്ദ്വീപ്, അമിനിദിവിദ്വീപുകൾ, എന്നിവയുടെ സൽഭരണത്തിനുവേണ്ടി രാഷ്ട്രപതിക്കു് വേണ്ട ചട്ടങ്ങൾ നിർമ്മിക്കാൻ കഴിയും. അങ്ങനെയുള്ള ചട്ടങ്ങൾക്കു പാർലി

---

1. Constitution (Seventh Amendment) Act 1956: Section 2 (2)
2. Article: 239 as Substituted.

മെൻറു് പാസ്സാക്കിയിട്ടുള്ളതും നടപ്പിലിരിക്കുന്നതും യൂണിയൻ പ്രദേശത്തെ ബാധിക്കുന്നതും ആയ നിയമത്തെ റദ്ദാക്കാനോ ഭേദഗതി ചെയ്യുവാനോ ശക്തിയുണ്ടു്. രാഷ്ട്രപതി പുറപ്പെടുവിക്കുന്ന അത്തരം ചട്ടങ്ങൾക്കു് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം പാർലിമെൻറു പാസ്സാക്കിയിട്ടുള്ള നിയമങ്ങളെപ്പോലെ പ്രാബല്യവും അംഗീകരിച്ചിരിക്കുന്നു.[1]

ഹിമാചലപ്രദേശം, മണിപ്പൂർ, ത്രിപുര എന്നീ പ്രദേശങ്ങളുടെ ഭരണത്തിനു് ആഭ്യന്തരവകുപ്പുമായി സഹകരിക്കുന്നതിനായി ഉപദേശകസമിതികൾ രാഷ്ട്രപതി സംഘടിപ്പിച്ചിട്ടുണ്ടു്. ഹിമാചലപ്രദേശത്തെ പാർലിമെൻറിൽ പ്രതിനിധീകരിക്കുന്ന എല്ലാ സാമാജികന്മാരും അവിടത്തെ ലെഫ്റ്റനൻറു് ഗവർണ്ണറും കൂടാതെ ഭക്ഷ്യനിയന്ത്രണസമിതിയിലെ ഒരു പ്രതിനിധിയും ഉൾപ്പെട്ടതാണു് ഹിമാചലപ്രദേശത്തെ ഉപദേശകസമിതി. മണിപ്പൂരിനെ പാർലിമെൻറിൽ പ്രതിനിധീകരിക്കുന്ന എല്ലാ സാമാജികന്മാരും, അവിടത്തെ ചീഫ് കമ്മിഷണറും, ഭരണകാര്യത്തിൽ ചീഫ് കമ്മിഷണറെ സഹായിക്കുന്ന അവിടത്തെ ഉപദേശക സമിതി അംഗങ്ങളും ചേർത്തു് സംഘടിപ്പിച്ചിട്ടുള്ള ഒരു സമിതിയായിരിക്കും മണിപ്പൂരിലെ ഭരണകാര്യങ്ങൾക്കു് ആഭ്യന്തരവകുപ്പിനെ സഹായിക്കാനുള്ള ഉപദേശകസമിതി. ത്രിപുരയുടെ കാര്യവും മണിപ്പൂരിനെപ്പോലെതന്നെയാണു്.

സംസ്ഥാനമേഖലയിൽപ്പെടുന്ന ഭരണവിഷയങ്ങളെ സംബന്ധിച്ചു് പൊതുവായ നയരൂപീകരണങ്ങളും മററും ഉപദേശകസമിതിയുമായി ആലോചിച്ചായിരിക്കും തീരുമാനിക്കുന്നതു്. ഈ പ്രദേശത്തിനു താല്പര്യമുള്ള നിയമനിർമ്മാണനിർദ്ദേശങ്ങളിലും അവരുടെ ഉപദേശം സ്വീകരിക്കാവുന്ന

1. Article 240 as Substituted.

താണു്. ബഡ്ജററു നിർദ്ദേശങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുന്നതും അവരുമായി ആലോചിച്ചുവേണം. ഇതുകൂടാതെ രാഷ്ട്രപതി നിർമ്മിക്കുന്ന ചട്ടങ്ങളിൽ വ്യക്തമാക്കുന്ന ധനകാര്യവിഷയങ്ങളും അവരുമായി ആലോചിച്ചുചെയ്യേണ്ടതാണു്. ആഭ്യന്തരവകുപ്പുമന്ത്രിക്കു് ആവശ്യമെന്നു തോന്നുന്ന മറെറതൊരു വിഷയവും ഇതിൻെറ പരിധിയിൽ ഉൾപ്പെടുത്താം. മന്ത്രിയുടെ യുക്തംപോലെ പൊതുതാല്പര്യത്തെ ലാക്കാക്കി ഏതെങ്കിലും സംഗതിസംബന്ധിച്ചു് വിവരങ്ങൾ സമിതിയിൽ വെളിപ്പെടുത്തുവാൻ കൂട്ടാക്കാതെയിരിക്കാം. അക്കാര്യങ്ങളെക്കുറിച്ചു് ചർച്ചചെയ്യുന്നതു് വിരോധിക്കാനും വിഷമമില്ല. സംസ്ഥാനങ്ങളിലെ നിയമസഭകളിലെപ്പോലെ ഉപദേശകസമിതിയിൽ അതിലെ അംഗങ്ങൾക്കു് ചോദ്യങ്ങൾ ചോദിക്കാനും ചർച്ചകൾ ആരംഭിച്ചു നടത്താനും കഴിവുണ്ടു്.

ഉപദേശകസമിതി മൂന്നുമാസത്തിൽ ഒരിക്കൽ സമ്മേളിക്കേണ്ടതാണു്. സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതു് കേന്ദ്രത്തിലെ ആഭ്യന്തരവകുപ്പുമന്ത്രിയായിരിക്കും. സമിതിയുടെ നടപടിക്രമങ്ങൾ ആഭ്യന്തരവകുപ്പുമന്ത്രി ഉപദേശകസമിതികളുമായി ആലോചിച്ചു് എഴുതിയുണ്ടാക്കുന്നതാണു്.[1]

ശുഭം

---

1. **Press Information Bureau. 850/22-11-56/10233**

ശുദ്ധിപത്രം

തെറ്റ്	ശരി	പേജ്	വരി
ചെസ്സുന്നപറയാം	ചെയ്യുന്നപറയാം	2	11
ഉണ്ടായിരിക്കുകയെന്നോ	ഉണ്ടായിരിക്കണമെന്നോ	16	23
ആയതതിന്റ.	ആയിത്തിന്റ	11	14
സ്റ്റോറ്സ്	സ്റ്റോറ്	24	23
Bluntschl	Bluntschli	32	Footnote
രാഷ്ട്രീയസ്വാധാനമേ	രാഷ്ട്രീയസ്വാധീനമോ	60	1 & 2
രൂപവൽകരിക്കാനുള്ള	രൂപവൽക്കരിക്കാനുള്ള	70	4
Disceasss	Diseases	72	Footnote
അതാതിന്റെ	അതതിന്റെ	86	11
സർവകലാശാലകൾ	സർവ്വകലാശാലകൾ	99	10
ടുപ്പിന്നാസ്പദമായി	തിരഞ്ഞെടുപ്പിന്നാസ്പദമായി	117	22
സ്വയം അല്ലേഹം ഒഴിഞ്ഞതായി	സ്വയം ഒഴിഞ്ഞതായി	130	18
എകസിക്യൂട്ടിവ്	എക്സിക്യൂട്ടിവ്	134	6
അസ്സാം-6.	അസ്സാം-7	142	12
ബീഹാർ-21	ബീഹാർ-22	142	13
ഒറീസ്സാ-9.	ഒറീസ്സാ-10	142	16
ഉത്തരപ്രദേശ്-31	ഉത്തരപ്രദേശ്-34.	142	17
പശ്ചിമബംഗാൾ-14	പശ്ചിമബംഗാൾ-16	142	18
ദില്ലി-1; മണിപ്പൂർ-— ഹിമാചൽപ്രദേശ്-2;	ദില്ലി-3; മണിപ്പൂർ-1; ഹിമാചൽപ്രദേശ്-2;	142	20
ത്രിപുര-—	ത്രിപുര-1	142	21
കറയത്തു	കറയത്തു്.	143	14
അതാത്തും.	അതത്തു	144	24

തെറ്റ്	ശരി	പേജ്	വരി
ഏകക അംഗങ്ങളുടെ	ഏകകമേരിട്ടതിരഞ്ഞെടുക്കുന്ന അംഗങ്ങളുടെ	146	23
അവിടത്തെ	ആ	146	24
ഇരുപത്തിയഞ്ചിൽ	ഇരുപതിൽ	147	3
ഭാരതത്തിൽ	ഭാരതത്തിൽ	147	6
സ്വീകരിക്കാം.1	സ്വീകരിക്കാം.3	154	20
ചെയ്യപ്പെടേണ്ട	ചെയ്യപ്പെടേണ്ട	178	21
അതൃത്തി	അതിർത്തി	243	23
സമപ്പിക്കേണ്ടതാണ്1	സമപ്പിക്കേണ്ടതാണ്3	245	22
3· Article: 226	3. Article: 340	245	Footnote
പ്രസ്താവിക്കേണ്ടിയിരിക്കുന്ന2	പ്രസ്താവിക്കേണ്ടിയിരിക്കുന്ന1	246	15
1· Article: 340	Omit	246	Footnote
2. Article: 338	1. Article: 338	257	Footnote
മത്സരത്തിൽ	മത്സരത്തിൽ	246	26
അംഗീകരിപ്പിച്ചും	അംഗീകരിപ്പിച്ച	316	8
ചുരുക്ക	ചുരുക്കം	320	6
സൗയ്യം	സൗകര്യം	328	12
വെള്ളം	വെള്ള	333	10
പ്രചരണോപധി	പ്രചരണോപാധി	334	22